പിണറായി വിജയൻ സർക്കാരിന്റെ

പ്രോഗ്രസ് റിപ്പോർട്ട്

2016 മേയ് 24 – 2019 മേയ് 23

എൽ.ഡി.എഫ്.
പ്രകടനപത്രികയിലെ
വാഗ്ദാനങ്ങളുടെ
നിർവ്വഹണ
പുരോഗതി



ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരളസർക്കാർ

പിണറായി വിജയൻ സർക്കാരിന്റെ

പ്രോഗ്രസ് റിപ്പോർട്ട്

2016 മെയ് 24 – 2019 മെയ് 23

എൽ.ഡി.എഫ്. പ്രകടനപത്രികയിലെ
വാഗ്ദാനങ്ങളുടെ നിർവ്വഹണപുരോഗതി

ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ്
കേരളസർക്കാർ



Malayalam

Pinarayi Vijayan Sarkkarinte Progress Report 2019
(Progress of implementation of programmes promised by the Government)

Chief Editor:
T.V. Subhash, IAS
Director, I&PRD

Coordinating Editor:
P.S. Rajasekharan
Additional Director, I&PRD

Deputy Chief Editor:
K.P. Saritha
Deputy Director (Publications)

Editor:
Manoj K. Puthiyavila
Information Officer (Research & Referance)

Cover:
Godfrey's Graphics

Layout & Design:
Maya Santhosh

Distribution:
Unnikrishnan Kunnath
Information Officer, (Circulation & Distribution)


Printing:
Orange Printers Pvt. Ltd. , Thiruvananthapuram

Printer & Publisher:
Director, I&PRD, Govt. of Kerala

Copies: 5000

For free distribution
2019 June 1

മുഖക്കുറിപ്പ്



തെരഞ്ഞെടുപ്പുഘട്ടത്തിൽ നൽകിയ വാഗ്ദാനങ്ങൾ എത്രത്തോളം നടപ്പിലാക്കി എന്ന കാര്യം ഒരോ വർഷവും പരിശോധിച്ച് ജനങ്ങൾക്കു മുമ്പാകെ അവതരിപ്പിക്കുമെന്ന് എൽഡിഎഫിന്റെ പ്രകടനപത്രികയിൽ ഉറപ്പുനൽകിയിരുന്നു. അത് നിറവേറ്റുന്നതിന്റെ ഭാഗമായാണ് ഈ പ്രോഗ്രസ്സ് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത്. സർക്കാരിന്റെ ഒരോ വാർഷികത്തിലും ഇത്തരം പ്രോഗ്രസ്സ് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നുണ്ട്.

തെരഞ്ഞെടുപ്പു വാഗ്ദാനങ്ങൾ എത്രത്തോളം നടപ്പിലാക്കി എന്നത് അറിയാനുള്ള അവകാശം ജനങ്ങൾക്കുണ്ട്. ഈ ജനാധിപത്യകാഴ്ചപ്പാട് ഉയർത്തിപ്പിടിച്ചുകൊണ്ടാണ് പ്രോഗ്രസ്സ് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത്. ഇന്ത്യയ്ക്കു പല രംഗത്തും മാതൃക കാട്ടിയ കേരളം ഇതിലൂടെ മറ്റൊരു ചുവടുവെയ്പാണ് നടത്തിയത്. ജനങ്ങളിൽനിന്ന് അഭിപ്രായങ്ങൾ സ്വീകരിച്ചു രൂപവത്ക്കരിച്ച പ്രകടനപത്രികതന്നെ പുതിയ കാൽവെയ്പായിരുന്നു. അന്നത്തെ സാഹചര്യത്തിൽ രൂപപ്പെട്ടുവന്ന കാഴ്ചപ്പാടുകളായിരിക്കും ഇതിനെ നയിച്ചത് എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. വർഷങ്ങൾ കൊഴിയുന്നതിനിടയിൽ പല പുതിയ പ്രശ്നങ്ങളും ഉയർന്നുവന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ ചിലതു വിപുലീകരിച്ചും ആവശ്യമായ മാറ്റങ്ങൾ വരുത്തിയുമാണു നടപ്പിലാക്കിയിട്ടുള്ളത്.

സർക്കാരിനെ സംബന്ധിച്ചിടത്തോളം അപ്രതീക്ഷിതമായ നിരവധി പ്രതിസന്ധികൾ ഈ കാലയളവിൽ നേരിടേണ്ടിവന്നിട്ടുണ്ട്. കേരളത്തിന്റെ കടലോരമേഖലയെ തകർത്തെറിഞ്ഞ ഓഖി ദുരന്തവും നിപ്പ വൈറസ് ബാധയും കഴിഞ്ഞ വർഷങ്ങളിലാണ് ഉണ്ടായത്. എന്നാൽ മൂന്നാംവർഷത്തിലാണ് കേരളത്തെയാകമാനം ദുരിതത്തിലാഴ്ത്തിയ ഈ നൂറ്റാണ്ടു കണ്ട എറ്റവും വലിയ പ്രളയദുരന്തത്തിനു കേരളം സാക്ഷ്യംവഹിച്ചത്. ഈ കാലയളവിൽത്തന്നെയാണ് സംസ്ഥാനത്തിന്റെ വിഭവസമാഹരണത്തിനു തിരിച്ചടിയായ നോട്ടുനിരോധനവും വികലമായ ജി.എസ്.റ്റി. നടപ്പാക്കലും ഉണ്ടായത്. ഈ പ്രതിസന്ധികൾക്കിടയിലും ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാനസർക്കാർ നടത്തിയത്. ഈ പ്രോഗ്രസ്സ് റിപ്പോർട്ട് പരിശോധിച്ചാൽ അക്കാര്യം വ്യക്തമാകും.

മതനിരപേക്ഷവും അഴിമതിരഹിതവും വികസിതവുമായ കേരളം സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പ്രകടനപത്രികയിലൂടെ മുന്നോട്ടുവച്ചത്. അതു നടപ്പിലാക്കുന്നതിന് ആത്മാർത്ഥമായ പരിശ്രമം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. കേരളത്തിന്റെ നവോത്ഥാനമൂല്യങ്ങളെയും മതനിരപേക്ഷപാരമ്പര്യങ്ങളെയും സംരക്ഷിച്ചു മുന്നോട്ടുപോകുന്നതിനുള്ള ഇടപെടൽ സർക്കാർ നടത്തിയിട്ടുണ്ട്. ലോകത്തെമ്പാടുമുള്ള അറിവുകൾ സ്വാംശീകരിച്ച് ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അതിലൂടെ ഉണ്ടാകുന്ന ഉത്പാദനത്തെ നീതിയുക്തമായി വിതരണം ചെയ്തുകൊണ്ട് ജനജീവിതം മുന്നോട്ടുകൊണ്ടുപോകാനും സർക്കാർ ലക്ഷ്യമിടുന്നു.

പ്രകടനപത്രികയിൽ നൽകിയ 600 വാഗ്ദാനങ്ങൾ എത്രത്തോളം നടപ്പിലാക്കി എന്നതാണ് വിലയിരുത്തിയിട്ടുള്ളത്. അതുകൊണ്ടുതന്നെ പ്രകടനപത്രികയിൽ പറഞ്ഞ കാര്യങ്ങൾ മാത്രമേ ഇതിന്റെ പരിധിയിൽ വരുന്നുള്ളൂ. അതിലേറെ പ്രവർത്തനങ്ങൾ സർക്കാർ നടത്തിയിട്ടുണ്ട്. അത്തരം ചില കാര്യങ്ങൾ അനുബന്ധമായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ സർക്കാരിന് ഇനിയും രണ്ടു വർഷക്കാലമുണ്ട്. ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ ഈ കാലാവധിക്കുള്ളിൽ നിറവേറ്റി മുന്നോട്ടുപോകാനാവുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ. അതിനുള്ള കർമ്മപദ്ധതികളും സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. അതിനുള്ള തയ്യാറെടുപ്പും ഏകദേശം പൂർത്തിയായിട്ടുമുണ്ട്.

പ്രോഗ്രസ്സ് റിപ്പോർട്ട് പൊതുജനങ്ങളാകെ അറിയേണ്ട ഒന്നാണ്. അതുകൊണ്ടു തന്നെ സർക്കാർ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കും. പ്രോഗ്രസ്സ് റിപ്പോർട്ട് സംബന്ധിച്ച അഭിപ്രായങ്ങൾ ഇ-മെയിൽ മുഖാന്തരമോ തപാൽ മുഖേനയെയോ അയച്ചാൽ അവകൂടി പരിഗണിച്ച് കൂടുതൽ കാര്യക്ഷമമായി പൂർത്തീകരിക്കാനാവും. ഇക്കാര്യത്തിൽ എല്ലാ സഹകരണവും പ്രതീക്ഷിക്കുന്നു.

സ്നേഹപൂർവ്വം,

പിണറായി വിജയൻ
മുഖ്യമന്ത്രി

24-05-2019

ഉള്ളടക്കം

കൃഷി	7
തോട്ടവിള	15
മൃഗപരിപാലനം	17
മത്സ്യമേഖല	20
പരിസ്ഥിതി	26
പരമ്പരാഗതവ്യവസായങ്ങൾ	32
കയർ	32
കശുവണ്ടി	34
കൈത്തറി	36
ഖാദി, ഗ്രാമവ്യവസായം	37
മറ്റു പരമ്പരാഗതവ്യവസായങ്ങൾ	38
ആധുനികവ്യവസായങ്ങൾ	41
നിർമ്മാണമേഖല	44
വാണിജ്യമേഖല	45
പൊതുമേഖലാവ്യവസായം	46
വിവര-വിവരവിനിമയസാങ്കേതികവിദ്യാവ്യവസായങ്ങൾ	47
ജൈവസാങ്കേതികവിദ്യാവ്യവസായം	52
നാനോസാങ്കേതികവിദ്യ	53
ടൂറിസം	54
വൻകിടനഗരവികസനം	57
മലബാറിന്റെ വികസനം	58
വൈദ്യുതി	60
ഗതാഗതം	64
ജലസേചനം	70
കുടിവെള്ളം	75
മാലിന്യനിർമ്മാർജ്ജനം	78
ആരോഗ്യം	81
പൊതുവിദ്യാഭ്യാസം	95
ഉന്നതവിദ്യാഭ്യാസം	101
സാമൂഹികസുരക്ഷ	105
ശിശുസംരക്ഷണം	107
പാർപ്പിടം	108
പൊതുവിതരണം	109
ഇതരസംസ്ഥാനത്തൊഴിലാളികൾ	111
വയോജനങ്ങൾ	112

ട്രാൻസ്ജെൻഡർ വിഭാഗം 113
ഭിന്നശേഷിക്കാർ 114
പട്ടികജാതിക്ഷേമം 115
പട്ടികവർഗ്ഗക്ഷേമം 118
പരിവർത്തിതക്രൈസ്തവർ 121
പിന്നാക്കസമുദായക്ഷേമം 122
ന്യൂനപക്ഷക്ഷേമം 122
മുന്നാക്കവികസനകോർപ്പറേഷൻ 122
സ്ത്രീപദവിയും വികസനവും 123
കുടുംബശ്രീ 126
സഹകരണമേഖല 128
യുവജനക്ഷേമം 130
ജനാധിപത്യ അധികാര വികേന്ദ്രീകരണം 131
പ്രവാസീക്ഷേമം 134
കല,സംസ്കാരം, മാദ്ധ്യമം 139
മലയാളവും ഭാഷാസാങ്കേതികവിദ്യയും 142
കായികരംഗം 144
അഴിമതിവിമുക്തകേരളം 148
ക്രമസമാധാനപാലനവും പൊലീസും 149
മദ്യനയം 152
ധനകാര്യം 154
തൊഴിൽനയം 159
സംവരണനയം 159
ഭരണപരിഷ്കാരം 160
ഈ സർക്കാർ പ്രഖ്യാപിച്ച നയങ്ങൾ 163
വാഗ്ദാനങ്ങൾക്കപ്പുറം 164
രക്ഷാപ്രവർത്തനവും പ്രളയാനന്തരപുനർനിർമ്മാണവും 164
അടിയന്തരസഹായങ്ങൾ 164
കേരളപുനർനിർമ്മാണപദ്ധതി 167
ലോകപുനർനിർമ്മാണസമ്മേളനം – മുഖ്യമന്ത്രിയുടെ പ്രസംഗം 169
വിഭവസമൃദ്ധിക്കു കിഫ്ബി 172
ഉറച്ച കാൽവെപ്പ് 173
മറ്റുചില പ്രധാന പദ്ധതികൾ, പ്രവർത്തനങ്ങൾ 173
മികവിനുകിട്ടിയഅംഗീകാരങ്ങൾ 175
ഉപസംഹാരം 176



പിണറായി വിജയൻ സർക്കാരിന്റെ

പ്രോഗ്രസ് റിപ്പോർട്ട്

കൃഷി

1 **a. പച്ചക്കറിയിൽ സ്വയംപര്യാപ്തി കൈവരിക്കും. ഇതിനായി ജൈവപച്ചക്കറിയിൽ ഊന്നിയുള്ള ജനകീയകാമ്പയിൻ ആരംഭിക്കും.**

കൃഷിവകുപ്പും ഹരിതകേരള മിഷനും ജൈവപച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കാനുള്ള ജനകീയ ക്യാമ്പയിൻ നടത്തിവരുന്നു. തരിശുഭൂമിയിൽ പച്ചക്കറിക്കൃഷി വ്യാപിപ്പിച്ചു. ഉത്സവകാലങ്ങളിൽ ജൈവപച്ചക്കറി ലഭ്യമാക്കാൻ പ്രത്യേകപദ്ധതി നടപ്പിലാക്കി. 'ഓണത്തിന് ഒരുമുറം പച്ചക്കറി', 'വിഷുക്കണി' എന്നീ പേരുകളിൽ പച്ചക്കറി ച്ചന്തകൾ വിപുലമായി സംഘടിപ്പിച്ചു. പച്ചക്കറി ഉത്പാദനം 6.5 ലക്ഷം മെട്രിക് ടണ്ണിൽ നിന്നു 10.12 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചു. 2015-16-മായി താരതമ്യം ചെയ്യുമ്പോൾ 22,500 ഏക്കർ സ്ഥലത്ത് കൃഷി വർദ്ധിപ്പിക്കാനും 3.5 ലക്ഷം ടൺ പച്ചക്കറി അധികമായി ഉത്പാദിപ്പിക്കാനും കഴിഞ്ഞു.

സംസ്ഥാനത്തെ പ്രധാന പച്ചക്കറിയുത്പാദനമേഖലയായ കാന്തല്ലൂർ, വട്ടവട പ്രദേശത്ത് പ്രത്യേക കാർഷിക മേഖല രൂപവത്കരിച്ചു. ഉത്പാദനത്തിനനുസരിച്ച് ഇൻസെന്റീവും ഏർപ്പെടുത്തി. വട്ടവടയിൽ കേരള ഗ്രാമീൺ ബാങ്ക് ശാഖ തുടങ്ങി. കർഷകർക്കു കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കാൻ 'ഹരിതകാർഡ്' പുറത്തിറക്കി. 2018-19-ൽ രണ്ടു കോടി വിത്തുപാക്കറ്റുകളും പച്ചക്കറിത്തൈകളും വിതരണം ചെയ്തു.

b. 50,000 ഹെക്ടറിൽ ജൈവപച്ചക്കറിക്കൃഷി ആരംഭിക്കും. കൃഷിക്കാരുടെ പ്രൊഡ്യൂസർ കമ്പനികൾ, ഹോർട്ടികൾച്ചർ കോർപ്പറേഷൻ എന്നിവ വഴി പച്ചക്കറിക്ക് തറവില നല്കും.

ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും പാലിച്ചുകൊണ്ട് 50,000 ത്തിലധികം ഹെക്ടറിൽ പച്ചക്കറികളും വാഴയും കൃഷിചെയ്തുവരുന്നു. 460 ൽപ്പരം ഇക്കോഷോപ്പുകൾ ജൈവകൃഷി പ്രോത്സാഹനത്തിനായി ആരംഭിച്ചു. സംസ്ഥാനത്ത് പൂർണ്ണമായും ജൈവരീതിയിൽ ഉത്പാദിപ്പിക്കുന്ന പച്ചക്കറി ഉയർന്ന വിലയ്ക്കു സംഭരിച്ച് 'കേരള ഓർഗാനിക്' ബ്രാൻഡിൽ വിതരണം ചെയ്തു. ഇതിന്റെ ഭാഗമായി നാല്പലക്ഷം മെട്രിക് ടൺ പച്ചക്കറി അധികമായി ഉത്പാദിപ്പിച്ചു. സമഗ്ര പച്ചക്കറിക്കൃഷി വികസനപദ്ധതിയിൻകീഴിൽ പച്ചക്കറിയുത്പാദന കമ്പനികൾ സ്ഥാപിക്കാൻ ഫീൽഡ് സർവ്വേ പൂർത്തികരിച്ച് പ്രാഥ

മിക പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

പച്ചക്കറികൾക്കു ന്യായവില ഉറപ്പുവരുത്താൻ ഓണസമൃദ്ധി എന്ന പദ്ധതി കൃഷിവകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ കഴിഞ്ഞ 3 വർഷം ഓണക്കാലത്തു നടപ്പിലാക്കി. കൂടാതെ വിഷുക്കാലത്ത് വിഷുക്കണി എന്ന പേരിൽ പഴം-പച്ചക്കറി വിപണികൾ സംഘടിപ്പിച്ചു. നാടൻ പച്ചക്കറികൾ 10 ശതമാനവും ജൈവപച്ചക്കറികൾ 20 ശതമാനവും അധികവില കർഷകർക്ക് നല്കി ഇതുവഴി സംഭരിച്ചു. അതുപോലെ, ഉണഭോക്താക്കൾ നൽകേണ്ട വിപണിയിലെ അധികവില നിയന്ത്രിക്കാൻ പൊതുവിപണയിൽനിന്നും 30 ശതമാനം വരെ വില കുറച്ച് പച്ചക്കറികൾ വിതരണം ചെയ്യുകയും ചെയ്തുവരുന്നു.

c. പച്ചക്കറിയുത്പാദനകേന്ദ്രങ്ങളിൽ സംഭരണത്തിന് ചില്ലർ സ്റ്റോറേജുകൾ ഏർപ്പെടുത്തും.

സമഗ്ര പച്ചക്കറിക്കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചക്കറി സംഭരണത്തിനുള്ള, വൈദ്യുതി ആവശ്യമില്ലാത്ത, ശീതീകരണയറകൾക്കായി യൂണിറ്റൊന്നിന് 15,000 രൂപ വരെ എന്ന നിരക്കിൽ 1736 യൂണിറ്റുകൾക്ക് ധനസഹായം നല്കി നടപ്പിലാക്കി. വട്ടവടയിൽ ശീതീകരിച്ച പച്ചക്കറി സ്റ്റാളുകൾ ആരംഭിച്ചു. പച്ചക്കറി സംഭരണത്തിനായി ശീതീകരിച്ച വാനുകൾ വാങ്ങി. സെൻടലൈസ്ഡ് പേയിംഗ് സംവിധാനവും ഏർപ്പെടുത്തി.

2 a. സംയോജിത ബഹുവിള പുരയിടകൃഷി വികസനത്തിന് വീട്ടുവളപ്പ് അയൽക്കൂട്ടങ്ങളുടെ ക്ലസ്റ്റർ രൂപവത്ക്കരിച്ച് ഉത്പാദനോപാധികളുടെ വിതരണം, ചെറുകിടയന്ത്രവൽക്കരണം, സസ്യസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമാക്കും.

കാർഷികവിജ്ഞാനവ്യാപനം, ശക്തിപ്പെടുത്തൽ എന്ന പദ്ധതിയിൽ, കർഷകർക്കു ലഭ്യമായ ഭൂമിയുടെ വിസ്തൃതിക്കനുസരിച്ച് 2300 സംയോജിത മാതൃകാ കൃഷിത്തോട്ടങ്ങൾ സ്ഥാപിച്ചു. 5330 സസ്യസംരക്ഷണ ഉപകരണങ്ങൾ കർഷകർക്ക് വിതരണം ചെയ്തു. രണ്ടു കോടി പച്ചക്കറിത്തൈകളും 1.5 കോടി വിത്തുപായ്ക്കറ്റുകളും 2018-19 ൽ വിതരണം ചെയ്തു.

b. നഗരകൃഷിക്കു പ്രോത്സാഹനം നല്കും.

നഗരങ്ങളിൽ ഹരിതനഗരി പദ്ധതി നടപ്പിലാക്കി. ടെറസ്സു കൃഷിക്കു പ്രോത്സാഹനവും പ്രചാരവും നല്കി. റസിഡൻഷ്യൽ അസോസിയേഷനുകൾ കേന്ദ്രീകരിച്ച് 74 ഹരിത ഗ്രൂപ്പുകൾ രൂപവത്ക്കരിച്ചു. മാലിന്യ സംസ്കരണത്തിനായി 4859 ഗാർഹിക മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിച്ചു. ഇതിന്റെ ഭാഗമായി 63 ലക്ഷം കുടുംബങ്ങൾക്കു പച്ചക്കറിപായ്ക്കറ്റുകൾ വിതരണം ചെയ്തു 1,20,918 ഗ്രോബാഗ് യൂണിറ്റുകൾ (ഒരു യൂണിറ്റ് 25 ഗ്രോബാഗ്) സബ്സിഡി നിരക്കിൽ വിതരണം ചെയ്തു. മുൻവർഷങ്ങളിൽ നല്കിയ 1,12,271 ഗ്രോബാഗ് യൂണിറ്റുകളിൽ നിന്നും വീണ്ടും കൃഷി ചെയ്യാനായി വിത്ത്, തൈകൾ, മറ്റ് ഉത്പാദനോപാധികൾ എന്നിവ വിതരണം ചെയ്തു. പച്ചക്കറിക്കൃഷിയ്ക്കുതകും വിധം മലിനജല പുനഃചംക്രമണം (10 ലക്ഷം രൂപ) - ഫ്ളാറ്റ് സമുച്ചയങ്ങളിലും വീടുകളിലും മലിനജലം ശുദ്ധീകരിച്ച് പച്ചക്കറിക്കൃഷിയ്ക്ക് ഉപയോഗിക്കാൻ-പ്രോജക്ട് നടപ്പിലാക്കി.

3 a. നെൽക്കൃഷിഭൂമിയുടെ വിസ്തൃതി മൂന്നുലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കും. ഉത്പാദനം 10 ലക്ഷം ടണ്ണാക്കും. റിയൽ എസ്റ്റേറ്റുകാർ വാങ്ങി തരിശ്ശിടുന്ന പാടശേഖരങ്ങൾ ഏറ്റെടുത്ത് കർഷകഗ്രൂപ്പുകൾ വഴി കൃഷി ചെയ്യാനുള്ള അധികാരം പഞ്ചായത്തുകൾക്കു നല്കും.

നെൽക്കൃഷിഭൂമിയുടെ വിസ്തൃതി ഈ പഞ്ചവത്സരപദ്ധതിക്കാലം പൂർത്തിയാകുമ്പോൾ മൂന്നുലക്ഷം ഹെക്ടറായി വർദ്ധിക്കുന്ന തരത്തിൽ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. സമഗ്ര നെൽക്കൃഷിവികസനപദ്ധതി പ്രകാരം സുസ്ഥിര കൃഷിവികസനം, സവിശേഷ നെല്ലിനങ്ങളുടെ വ്യാപനം, കരനെൽക്കൃഷി, തുടർച്ചയായി മൂന്നുവർഷം ആനുകൂല്യം നല്കുന്ന തരിശുനിലക്കൃഷി, ഒരുപൂ കൃഷി ഇരുപൂവും ഇരുപൂ കൃഷി മൂപ്പും ആക്കാനുള്ള ധനസഹായം, പദ്ധതിയധിഷ്ഠിതമായി നഗരപ്രദേശങ്ങളിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ കൃഷി, നൂതന കൃഷിസമ്പ്രദായങ്ങൾ നടപ്പാക്കാനുമുള്ള പദ്ധതി, ബ്ലോക്കുതലത്തിൽ നടപടികളുടെ സംയോജനം, മൂല്യവർദ്ധനയ്ക്കും മില്ലുകൾ സ്ഥാപിക്കാനുമുള്ള പദ്ധതി, ഗ്രൂപ്പ് ഫാമിങ് പ്രോത്സാഹിപ്പിക്കൽ, നെൽക്കൃഷി വികസന ഏജൻസികൾക്ക് ധനസഹായം എന്നിങ്ങനെ വിവിധ പരിപാടികൾ നടപ്പാക്കിയതിലൂടെ നെൽക്കൃഷിവിസ്തൃതി വർദ്ധിപ്പിക്കാൻ സാധിച്ചു. തരിശുനിലക്കൃഷിക്ക് അവാർഡും പ്രഖ്യാപിച്ചിട്ടുണ്ട്. തിരിശായി കിടന്നിരുന്ന ആറൻമുള, മെത്രാൻകായൽ ആവളപ്പാണ്ടി, തഴവ കായൽ പുഞ്ച, കീഴാൽ പാടശേഖരം, റാണി- ചിത്തിര കായൽ എന്നീ പ്രദേശങ്ങളിൽ കർഷകഗ്രൂപ്പുകളുടെ സഹായത്തോടെ നെൽക്കൃഷി പ്രാവർത്തികമാക്കാൻ സാധിച്ചു. രൂക്ഷമായ വരൾച്ചയിൽ പതിനായിരക്കണക്കിന് ഹെക്ടർ കൃഷി നശിച്ചിട്ടും 2016-17 വർഷത്തിൽ 1,71,398 ഹെക്ടറിൽ നെൽക്കൃഷി ചെയ്തിരുന്നു. 2017-18 വർഷം 2,20,449 ഹെക്ടർ നെൽക്കൃഷി ചെയ്തു. ഇതിൽ നിന്ന് 6 ലക്ഷത്തിലധികം മെടിക് ടൺ അരി ഉത്പാദിപ്പിച്ചു. ഈ നൂറ്റാണ്ടിലെ ഏറ്റവും രൂക്ഷമായ വെള്ളപ്പൊക്കത്തിൽ പതിനായിരക്കണക്കിനു ഹെക്ടർ കൃഷി നശിച്ചിട്ടും പുനർജ്ജനി പ്രവർത്തനങ്ങളിലൂടെ ശക്തമായി തിരിച്ചുവരികയും ആകെ 2 ലക്ഷം ഹെക്ടർ നെൽക്കൃഷി ചെയ്യുകയും ചെയ്തു. ഇത്തവണ ഉത്പാദനക്ഷമതയിൽ ഗണ്യമായ വർദ്ധന ഉണ്ടായി. തരിശ്ശിടുന്ന പാടശേഖരങ്ങൾ ഏറ്റെടുത്ത് കർഷകഗ്രൂപ്പുകൾ വഴി കൃഷിചെയ്യാനുള്ള അധികാരം പഞ്ചായത്തു

കൾക്കു നല്കിയിട്ടുണ്ട്. കൂടുതൽ ഫലപ്രദമാക്കാൻ തണ്ണീർത്തടസംരക്ഷണ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്. 16,000 ഹെക്ടർ തരിശുനിലം കതിരണിഞ്ഞു.

b. ഗ്രൂപ്പ് ഫാമിങ് പ്രോത്സാഹിപ്പിക്കും. നെൽകൃഷിയിൽ മൾട്ടിലെവൽ പാർട്ടിസിപ്പേറ്ററി ഫാമിങ് സമ്പ്രദായം ഏർപ്പെടുത്തും. റൈസ് ബയോപാർക്ക് സ്ഥാപിക്കും.

ഗ്രൂപ്പ് ഫാമിങ് പ്രോത്സാഹിപ്പിക്കാൻ പാടശേഖരസമിതികൾ മുഖാന്തരം നടപ്പാക്കുന്ന സുസ്ഥിരകൃഷി വികസനം, സവിശേഷനെല്ലിനങ്ങളുടെ വ്യാപനം, കര നെൽകൃഷി എന്നിവ നടപ്പാക്കി. പാടശേഖരാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഗ്രൂപ്പ് ഫാമിങ് സമിതികൾക്കുള്ള ധനസഹായം, നെൽകൃഷി വികസന ഏജൻസികൾക്കു ധനസഹായം എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. റൈസ് അഗ്രോപാർക്ക് തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

നെൽകൃഷിയിൽ ഉത്തമ കൃഷിമുറകൾ പാലിക്കുന്നതിനായി കുട്ടനാട് ജി.എ.പി പദ്ധതിയിൽ കുട്ടനാട്ടിലെ വരിനെല്ലിന്റെ നിയന്ത്രണം, കുട്ടനാട് കരിമണ്ണിന്റെ പരിപാലനം, ജൈവ ഉപാധികളുടെ നിർമ്മാണം, കള നിയന്ത്രണം, മാർക്കറ്റ് ഇന്റർവെൻഷൻ, മറ്റ് ജൈവകാർഷിക മുറകൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. സംയോജിത റൈസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇത്തവണത്തെ ബജറ്റിൽ പ്രഖ്യാപിച്ചു കഴിഞ്ഞു. അതിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

4 എല്ലാ കാർഷികോത്പന്നങ്ങൾക്കും ആദായകരമായ വില ഉറപ്പാക്കും. ഉത്പാദനച്ചെലവിനനുസൃതമായി നെല്ലിന്റെ സംഭരണവില ഉയർത്തും. കാർഷിക സഹകരണസംഘങ്ങളുമായി ബന്ധപ്പെടുത്തി ഒരാഴ്ചകം കൃഷിക്കാർക്കു പണം ലഭ്യമാക്കും.

എല്ലാ കാർഷികോൽപന്നങ്ങൾക്കും ആദായകരമായ വില ഉറപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. പച്ചക്കറിക്കൃഷിയിൽ സ്വയംപര്യാപ്തി ലക്ഷ്യമിട്ട് ജൈവകൃഷി ആസ്പദമാക്കിയുള്ള ജനകീയ കാമ്പയിൻ കൂടുതൽ മേഖലകളിലേക്കു വ്യാപിപ്പിച്ചു. കൂടുതലായുള്ള ഉത്പന്നങ്ങൾ മെച്ചപ്പെട്ട വിലയ്ക്ക് കർഷകരിൽ നിന്നും സംഭരിച്ച് ന്യായവിലയ്ക്ക് ഉപഭോക്താക്കളിലെത്തിക്കുന്നതിനുള്ള വിപണിയിടപെടലുകൾ സജീവമായി തുടർന്നു വരികയും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്തു. സംഭരിച്ച നെല്ലിന്റെ വില സിവിൽ സപ്ലൈസ് കോർപറേഷൻ മുഖേന കർഷകർക്കു നല്കുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെൽവില നല്കാൻ കാലതാമസം നേരിടുമ്പോൾ കർഷകർക്കു തുക ലഭിക്കാൻ പി. ആർ. എസ് ലോൺ സമ്പ്രദായം ബാങ്കുകൾ മുഖേന നടപ്പിലാക്കി. പലിശ വഹിക്കുന്നതു സംസ്ഥാനസർക്കാരാണ്. ഈ സർക്കാർ അധികാരത്തിൽ എത്തുമ്പോൾ 22.50 രൂപ ആയിരുന്ന നെല്ലിന്റെ സംഭരണവില കിലോഗ്രാമിന് 26.30 രൂപ ആക്കി ഉയർത്തിയിട്ടുണ്ട്.

5 a. പ്രകൃതിദത്ത ജലസംഭരണിയായ നെൽവയലുകൾ സംരക്ഷിക്കുന്നത് പ്രകൃതി, ആവാസവ്യവസ്ഥ സംരക്ഷണമായി കണ്ട് വിസ്തൃതിക്കനുസരിച്ച് നിലമുടമസ്ഥർക്കു റോയൽറ്റി നല്കും.

നെൽവയലുടമകൾക്കു റോയൽറ്റി നല്കാനുള്ള ഘടകം 2018-19 -ലെ വാർഷിക പ്ലാൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിരുന്നു എന്നാൽ നിലവിലുണ്ടായിരുന്ന നെൽകൃഷി സബ്സിഡി(ആർ.കെ.വി.വൈ.)യിൽനിന്ന് കേന്ദ്ര സർക്കാർ പിൻവാങ്ങിയതിനാൽ ഈ തുക പൂർണ്ണമായും സംസ്ഥാനപദ്ധതിയിൽനിന്നു വകയിരുത്തേണ്ട സ്ഥിതിയായി. ഈ പശ്ചാത്തലത്തിൽ റോയൽറ്റി എന്ന ആശയം കഴിഞ്ഞ വർഷത്തെ ബജറ്റിൽനിന്നു തൽക്കാലം മാറ്റിവയ്ക്കുകയായിരുന്നു. റോയൽറ്റി നല്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

b. ഉടമസ്ഥരുടെ അവകാശം സംരക്ഷിച്ച് നെൽവയലുകളെ സംസ്ഥാനത്തെ സംരക്ഷിതനെൽപ്രദേശങ്ങളായി പ്രഖ്യാപിക്കും.

നെൽവയലുകൾ സംരക്ഷിക്കുവാനും തരിശിടുന്ന പ്രദേശങ്ങളിൽ ഉടമസ്ഥരുടെ അവകാശം സംരക്ഷിച്ച് കൃഷി ചെയ്യുന്നതിനുമുള്ള വ്യവസ്ഥകൾ 2018-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണനിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

c. കേരളത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകതകൾമൂലം നീർത്തടാധിഷ്ഠിത ആസൂത്രണം കാർഷികാഭിവൃദ്ധിക്ക് അത്യന്താപേക്ഷിതമാണ്. ഇതിനാവശ്യമായ ജലസംഭരണികളും ജലനിർഗ്ഗമനച്ചാലുകളും മണ്ണുസംരക്ഷണനിർമ്മിതികളും സൃഷ്ടിക്കുകയും പരിപാലിക്കുകയും വേണം. ഇതിനായി തൊഴിലുറപ്പുപദ്ധതിയെ വിപുലമായ തോതിൽ ഉപയോഗപ്പെടുത്തും. അതുവഴി 100 ദിവസത്തെ തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തും.

കേരളത്തിലെ മലനാട്, ഇടനാട്, തീരപ്രദേശം എന്നിവിടങ്ങളിൽ ഘട്ടംഘട്ടമായി എൻ.ഇ.റ്റി (NET) പ്ലാൻ അടിസ്ഥാനത്തിൽ നീർത്തട മാസ്റ്റർപ്ലാൻ പരിഷ്ക്കരിക്കാനുള്ള മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചു.

6 കാർഷികമേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കും. കാർഷികമേഖലയ്ക്കുള്ള സർക്കാർചെലവ് കഴിഞ്ഞ രണ്ടു ദശാബ്ദമായി സംസ്ഥാനവരുമാനത്തിന്റെ 35 ശതമാനമാണ്. അഖിലേന്ത്യാടിസ്ഥാനത്തിൽ ഇത് 6-10 ശതമാനമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ മുൻകാല ത്തുണ്ടായിരുന്ന ഉത്പാദന മേഖലയ്ക്കുള്ള മിനിമം വകയിരുത്തൽ നി

ബന്ധന പുനഃസ്ഥാപിക്കും. പൊതുനിക്ഷേപം പത്തു ശതമാനമായി ഉയർത്തും. ഫാമുകളിൽ സമഗ്രമായ വൈവിദ്ധ്യവൽക്കരണവും ആവശ്യമുള്ളിടങ്ങളിൽ യന്ത്രവൽക്കരണവും നടപ്പിലാക്കും.

കാർഷികമേഖലയിലെ നിക്ഷേപം ക്രമാനുഗതമായി വർദ്ധിപ്പിക്കുന്നു. 2018-19 ൽ കാർഷിക മേഖലയ്ക്കുള്ള സർക്കാർച്ചെലവ് 9.91 ശതമാനമായിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് ഉത്പാദനമേഖലയ്ക്കുള്ള വകയിരുത്താൻ ഉറപ്പാക്കിയിട്ടുണ്ട്. ഫാമുകളിൽ സമഗ്രമായ വൈവിദ്ധ്യവൽക്കരണവും യന്ത്രവൽക്കരണവും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7 **a. സംസ്ഥാനത്തെ വിളകൾ സംരക്ഷിക്കാനും കർഷകരെ രക്ഷിക്കാനും വാല്യൂ ആഡഡ് പ്രോഡക്ട് ഓഫ് കേരള (പാർക്കുകൾ) സ്ഥാപിക്കും. സാദ്ധ്യമായ എല്ലാ മേഖലകളിലും മൂല്യവർദ്ധിതവസ്തുക്കൾ നിർമ്മിക്കുന്ന കമ്പനികൾ സ്ഥാപിക്കും.**

സംസ്ഥാനത്തെ വിളകൾ സംരക്ഷിക്കാനും കർഷകരെ രക്ഷിക്കാനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപാദനത്തിനുമായി വിവിധ വിളകളെ അടിസ്ഥാനപ്പെടുത്തി 17 അഗ്രോപാർക്കുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. നെല്ല്, തെങ്ങ്, റബ്ബർ, തേയില, സുഗന്ധവ്യഞ്ജനവിളകൾ, കാപ്പി, സവിശേഷ നെല്ലിനങ്ങൾ, പച്ചക്കറി, ചക്ക, മാങ്ങ, തേൻ എന്നിവയ്ക്കായി അഗ്രോപാർക്കുകൾ ആരംഭിക്കാൻ പ്രീ-ഫീസിബിലിറ്റി പഠനം, നാബ്കോൺസ് (NABCONS) എന്ന ഏജൻസി വഴി നടത്തിയിട്ടുണ്ട്.

തേൻ-തേനുല്പന്നങ്ങൾ എന്നിവയുടെ മൂല്യവർദ്ധനയും വിപണനവും ലക്ഷ്യമിട്ട് മാവേലിക്കരയിൽ ആദ്യത്തെ ഹണിപാർക്ക് സ്ഥാപിച്ചു. തേനീച്ചക്കർഷകരിൽനിന്നു നേരിട്ട് തേൻ സംഭരണം ആരംഭിച്ചു. തേൻ വിപണനത്തിൽ വർദ്ധന ഉണ്ടായി.

കാർഷികോത്പന്നസംസ്കരണം - മൂല്യവർദ്ധന ലക്ഷ്യമിട്ട് 'വൈഗ' എന്ന പേരിൽ അന്താരാഷ്ട്ര ശില്പശാലയും പ്രദർശനവും നടത്തിവരുന്നു. വിവിധ വിളകളെ ആസ്പദമാക്കി മൂന്നു വർഷം ഇതു നടത്തുകയും നിരവധി യുവസംരംഭകരെ സൃഷ്ടിക്കുകയും ചെയ്തു.

b. കൃഷിരംഗത്തേക്കു വരുന്ന യുവാക്കളെ പരിശീലിപ്പിച്ച് അവരുടെ കഴിവിനനുസൃതമായി പ്രോത്സാഹിപ്പിക്കും.

കൃഷിരംഗത്തേക്കു വരുന്ന യുവാക്കൾക്ക് അവർക്ക് താൽപ്പര്യമുള്ള കാർഷികവൃത്തിയിൽ പ്രാവീണ്യം ലഭിക്കാൻ കൃഷിവകുപ്പിന്റെ ഒൻപതു പരിശീലനകേന്ദ്രങ്ങൾ മുഖേന പരിശീലനം നല്കിവരുന്നു.

8 **a. കർഷകക്ഷേമബോർഡിന്റെ പ്രവർത്തനം യാഥാർത്ഥ്യമാക്കും. കർഷക പ്രോവിഡന്റ് ഫണ്ട് ആശയം പ്രാവർത്തികമാക്കി അതിൽ അംഗങ്ങളാകുന്ന കർഷകർക്ക് ഇ.എസ്.ഐ മോഡൽ ചികിത്സ നല്കും.**

കർഷകക്ഷേമ നിധി ബിൽ നിയമസഭയിൽ അവതരിപ്പിച്ചു.

b. ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കുടുംബത്തെ സംരക്ഷിക്കാൻ പ്രത്യേക സ്കീം കൊണ്ടുവരും.

നേരത്തെത്തന്നെ കർഷകരുടെ കടങ്ങൾക്ക് പലിശ ഇളവ് ഉൾപ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിരുന്നു. കർഷകരുടെ പ്രയാസം പരിഹരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായാണ് ഇടുക്കി, വയനാട് ജില്ലകൾക്കും കുട്ടനാടിനും വേണ്ടി പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചത്. കാർഷികോത്പന്നങ്ങളിൽനിന്നു മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കാനുള്ള ഇടപെടലും ഇതിന്റെ ഭാഗമാണ്.

പൊതുമേഖലാ, വാണിജ്യ, സഹകരണ ബാങ്കുകളിൽ നിന്ന് കർഷകർ എടുത്തിട്ടുള്ള കാർഷികവായ്പകളിന്മേലുള്ള ജപ്തിനടപടികൾക്ക് നേരത്തെ പ്രഖ്യാപിച്ച മൊറട്ടോറിയം ദീർഘിപ്പിക്കുവാൻ തീരുമാനിച്ചു. ഇത് കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും 2019 ഡിസംബർ 31-വരെ ബാധകമായിരിക്കും.

കാർഷികകടാശ്വാസക്കമ്മിഷൻ മുഖേന നിലവിൽ വയനാട് ജില്ലയിൽ 2014 മാർച്ച് 31 വരെയുള്ള കാർഷിക വായ്പകൾക്കും മറ്റു ജില്ലകളിൽ 2011 ഒക്ടോബർ 31 വരെയുള്ള കാർഷിക വായ്പകൾക്കുമാണ് ആനുകൂല്യം ലഭിക്കുന്നത്. പ്രസ്തുത തീയതി ഇടുക്കി, വയനാട് ജില്ലകളിലെ കൃഷിക്കാരുടെ 2018 ആഗസ്റ്റ് 31 വരെയുള്ള വായ്പകൾക്ക് ദീർഘിപ്പിച്ചു നല്കാൻ തീരുമാനിച്ചു. മറ്റു ജില്ലകളിൽ 2014 മാർച്ച് 31 വരെയുള്ള വായ്പകൾക്കാവും ഈ ആനുകൂല്യം ബാധകമാവുക.

കാർഷിക കടാശ്വാസ കമ്മിഷൻ 50,000 രൂപയ്ക്കുമേലുള്ള കടിശികയ്ക്ക് നല്കുന്ന ആനുകൂല്യം ഒരു ലക്ഷം രൂപയിൽ നിന്ന് രണ്ടുലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു.

9 **a. കർഷകത്തൊഴിലാളിമേഖല കൂടുതൽ ആകർഷകമാക്കാൻ നിശ്ചിതദിവസം തൊഴിലുറപ്പും വരുമാനവും ആരോഗ്യസംരക്ഷണം, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയവയ്ക്കുവേണ്ട സഹായങ്ങളും ഉറപ്പുവരുത്തും. ആധുനിക കൃഷിസങ്കേതങ്ങളിൽ തൊഴിലാളികൾക്കു പരിശീലനം നല്കുകയും വേണം. മെച്ചപ്പെട്ട സേവനം കൃഷിക്കാർക്കു ലഭ്യമാക്കാനും ആവശ്യമെങ്കിൽ നേരിട്ടു കൃഷി ചെയ്യാനുമുള്ള ഹരിതസേനയും ലേബർ ബാങ്കും പോലുള്ള ഏജൻസികൾ എല്ലാ പഞ്ചായത്തിലും രൂപവത്ക്കരിക്കും.**

കർഷകത്തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനും കർഷകത്തൊഴിലാളിക്ക് നിശ്ചിത വേതനം ലഭിക്കത്തക്ക വിധത്തിലും പഞ്ചായത്ത് തലത്തിൽ 297 കാർഷിക കർമ്മസേനകളും ബ്ലോക്ക് തലത്തിൽ 97 അഗ്രോ സർവ്വീസ് സെന്ററുകളും രൂപവത്ക്കരിക്കുകയും ആധുനിക സാങ്കേതിക വിദ്യകളിലും മെച്ചപ്പെട്ട യന്ത്രങ്ങളുടെ ഉപയോഗത്തിലും ഉള്ള പരിശീലനം നല്കുകയും ചെയ്യുന്നു. അഗ്രോ സർവ്വീസ് സെന്ററുകളുടെയും കാർഷിക കർമ്മ സേനകളുടെയും പ്രവർത്തനം സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിനായി കേരള സംസ്ഥാന കാർഷിക യന്ത്രവത്ക്കരണ മിഷൻ രൂപവത്ക്കരിച്ച് പ്രവൃത്തിക്കുന്നു. ഇതിന്റെ കീഴിൽ മെച്ചപ്പെട്ട സേവനം കർഷകത്തൊഴിലാളികൾക്കും കൃഷിക്കാർക്കും ഉറപ്പുവരുത്തുന്നതിന് നടപടി ആരംഭിച്ചു.

b. തെങ്ങുകയറ്റത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കും.

തെങ്ങുകയറ്റത്തിനുള്ള ഉപകരണങ്ങളും പരിശീലനവും ലഭ്യമാക്കുന്നു. തെങ്ങിൽ നിന്നുള്ള വിളവെടുപ്പ് സുഗമമാക്കാനും ഉത്പാദനം വർദ്ധിപ്പിക്കാനും കുറിയ ഇനം തെങ്ങിൻതൈകളും സങ്കരഇനം തെങ്ങിൻതൈകളും ഉത്പാദിപ്പിച്ച് വിതരണം ചെയ്യുവരുന്നു.

10 പ്രായാധിക്യംകൊണ്ടും രോഗകീടബാധമൂലവും ഉത്പാദനക്ഷമത തീരെ കുറഞ്ഞ തെങ്ങുകൾ മുറിച്ചുമാറ്റി മെച്ചപ്പെട്ട ഇനങ്ങളുടെ തൈകൾ നടുന്നതിനുള്ള പുനരുദ്ധാരണപദ്ധതികൾ നാളികേരവികസനബോർഡുമായി സഹകരിച്ച് സംസ്ഥാനത്തെ എല്ലാ പ്രധാന ജില്ലകളിലും നടപ്പിലാക്കും.

ശാസ്ത്രീയ സംയോജിത കൃഷിപരിപാലനമുറകൾ സ്വീകരിച്ചുള്ള തെങ്ങിൻതോട്ടങ്ങളുടെ പുനരുദ്ധാരണം അടങ്ങുന്ന മൂന്നു ഘട്ടങ്ങൾ നാളികേരവികസന ബോർഡിന്റെ സഹായത്തോടെ നടപ്പിലാക്കി. നടപ്പുവർഷവും ഈ പദ്ധതി തുടരുന്നു.

കേരകൃഷിയുടെ നഷ്ടപ്രതാപം വീണ്ടുക്കാൻ 2019-2029 വരെ 10 വർഷം നീണ്ടുനിൽക്കുന്ന ഒരു ബൃഹദ്പദ്ധതിയ്ക്ക് രൂപം നല്കുന്നതിനായി കൃഷിവകുപ്പ് മന്ത്രി ചെയർമാനായി കേരള നാളികേരവികസന കൗൺസിലിന് രൂപം നല്കി. എല്ലാ വാർഡുകളിലും ഗുണമേന്മയുള്ള 75 തെങ്ങിൻതൈകൾ വിതരണം ചെയ്യുന്ന പദ്ധതി ഉടൻ ആരംഭിക്കും. ഉത്പാദനശേഷി കുറഞ്ഞ തെങ്ങിൻ തോട്ടങ്ങളുടെ പുനർജ്ജീവനത്തിന് 5 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. തെങ്ങിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുതിന് പ്രത്യേക പദ്ധതി ആരംഭിക്കുന്നു.

11 കേരകർഷകകൂട്ടായ്മകളുടെ നേതൃത്വത്തിൽ കേരോത്പന്നമൂല്യവർദ്ധന, വൈവിദ്ധ്യവൽക്കരണ സംരംഭങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കാൻ എല്ലാ ജില്ലയിലും നാളികേര ഉത്പാദക ഫെഡറേഷനുകളുടെയും പ്രൊഡ്യൂസർ കമ്പനികളുടെയും ആഭിമുഖ്യത്തിൽ നാളികേരപാർക്കുകൾ ആരംഭിക്കും. നീരയും വെളിച്ചെണ്ണയും മാത്രമല്ല, അവയിൽനിന്നുള്ള മൂല്യവർദ്ധിതോത്പന്നങ്ങളും ഈ പാർക്കുകളിൽ ഉത്പാദിപ്പിക്കും. ഉത്പാദനച്ചെലവുമായി ബന്ധപ്പെടുത്തി സംഭരണവില കാലോചിതമായി പരിഷ്കരിക്കും.

നാളികേരത്തിന്റെ മൂല്യവർദ്ധന, വൈവിദ്ധ്യവൽക്കരണ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ നാളികേര അഗ്രോപാർക്കുകൾ ഉടനെ സ്ഥാപിക്കുന്നതാണ്. ഇവ നിലവിൽ വരുന്നതോടെ നാളികേരത്തിന്റെ വിവിധ മൂല്യവർദ്ധിതോല്പന്നങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുകയും അതിലൂടെ കർഷകരുടെ വരുമാനം കൂടുകയും ചെയ്യും. അഗ്രോപാർക്കുകളുടെ സ്ഥാപനത്തിനും അവയുടെ പ്രവർത്തനേകോപനത്തിനുമായി കേരള അഗ്രോ ബിസിനസ് കമ്പനി രൂപവൽക്കരിച്ച് രജിസ്റ്റർ ചെയ്യാനുള്ള നടപടികൾ കെയ്കോ (KAICO) യുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

നീരയുടെ ഗുണനിലവാരമാനദണ്ഡങ്ങൾ നിഷ്കർഷിച്ച് സർക്കാർ ഉത്തരവിറക്കി. വാണിജ്യാടിസ്ഥാനത്തിൽ നീര വിപണിയിലെത്തിക്കുന്നതിന് നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു.

കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി പാളയത്ത് ഒരു കോക്കനട്ട് ഷോപ്പും എറണാകുളത്ത് ഇടപ്പള്ളിയിൽ ഒരു അഗ്രോ ബസാറും പ്രവർത്തനം ആരംഭിച്ചു. ആറ്റിങ്ങൽ മാമത്ത് സ്ഥാപിച്ചിട്ടുള്ള വെർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റും പ്രവർത്തനം ആരംഭിച്ചു. കോഴിക്കോട് ഏലത്തൂരിൽ നീര പ്ലാന്റ് പ്രവർത്തനം ആരംഭിച്ചു. ആറളം ഫാമിൽ നീര ഉത്പാദനം ആരംഭിക്കുന്നതിനും സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചു. തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങലിൽ 30 മെടിക് ടൺ കപ്പാസിറ്റിയുള്ള വെളിച്ചെണ്ണ പ്ലാന്റ് 5 മാസത്തിനകം പ്രവർത്തനക്ഷമമാകും. കോഴിക്കോട് ഏലത്തൂരിൽ കോക്കനട്ട് മിൽക്കും ചിപ്സും നിർമ്മിക്കുന്നതിനുള്ള പ്ലാന്റ് 6 മാസത്തിനകം പ്രവർത്തനം ആരംഭിക്കും.

12 നെൽക്കൃഷി മേഖലയിലാണ പരിമിതമായ യന്ത്രവൽക്കരണം നടപ്പായിട്ടുള്ളത്. മറ്റ വിളകൾക്ക് ആവശ്യമായ യന്ത്രങ്ങൾ ഇനിയും കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. പൊക്കാളിപ്പാടങ്ങൾക്ക് അനുയോജ്യമായ ഉഴവ്, കൊയ്ത്ത് യന്ത്രങ്ങൾ ലഭ്യമല്ല. യുദ്ധകാലാടിസ്ഥനത്തിൽ കാർഷികമേഖലയിലെ യന്ത്രവൽക്കരണം തൊഴിലാളിസംഘടനകളുമായി ചർച്ചചെയ്ത നടപ്പിലാക്കും. ബ്ലോക്കടിസ്ഥാനത്തിൽ

അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കും.

പൊക്കാളിപ്പാടങ്ങൾക്ക് യോജിച്ച യന്ത്രങ്ങൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലം ഒരുക്കുന്നതുമുതൽ കൊയ്ത്തുവരെ എല്ലാ കാർഷിക വൃത്തികൾക്കും യന്ത്രങ്ങൾ കൃഷിക്കാർക്ക് നിലവിൽ ലഭ്യമാണ്. കർഷകർക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ഓഫീസുമായി ബന്ധപ്പെട്ട കസ്റ്റം ഹയറിംഗ് സെന്റർ, ബ്ലോക്കുതലത്തിലുള്ള കൃഷിവകുപ്പിന്റെ അഗ്രോ സർവ്വീസ് സെന്ററുകൾ, പഞ്ചായത്ത് തലത്തിലുള്ള കാർഷിക കർമ്മസേനകൾ എന്നിവ വഴി ഈ യന്ത്രങ്ങളുടെ സേവനം ലഭ്യമാക്കാം. അഗ്രോ സർവ്വിസ് സെന്ററുകളുടെയും കാർഷിക കർമ്മസേനകളുടെയും പ്രവർത്തനം സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിനായി കേരള കാർഷിക യന്ത്രവത്കരണ മിഷൻ രൂപവത്ക്കരിച്ചു.

13 കാർഷികസർവ്വകലാശാലയിലെ സാമ്പത്തികപ്രതിസന്ധി ഗവേഷണത്തെയും എക്സ്റ്റൻഷൻ പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കുന്നു. സർവ്വകലാശാല സമഗ്രമായി പുനഃസംവിധാനം ചെയ്യും.

പുനഃസംഘാടന നടപടികൾ വകുപ്പിനും സർവകലാശാലയ്ക്കും ബന്ധപ്പെട്ട ഏജൻസികൾക്കും ആരംഭിച്ചിട്ടുണ്ട്.

14 മത്സ്യക്കൃഷി, താറാവുവളർത്തൽ തുടങ്ങിയവ ഉൾപ്പെടുന്ന സംയോജിതകൃഷിരീതി പ്രോത്സാഹിപ്പിക്കും.

ഫിഷറീസ് വകുപ്പ് പദ്ധതി പ്രകാരം കർഷകർക്ക് ആനുകൂല്യം നല്കി. കൃഷിവിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ എന്ന പദ്ധതിയിൽ കൃഷിയോടൊപ്പം അനുബന്ധ മേഖലകളായ മൃഗസംരക്ഷണം, കോഴി/താറാവ് വളർത്തൽ, മത്സ്യക്കൃഷി, ക്ഷീരകൃഷി, തേനീച്ചക്കൃഷി മുതലായവ പരസ്പരപൂരകമായി സംയോജിപ്പിച്ച് കർഷകർക്ക് പരമാവധി വരുമാനം നേടിക്കൊടുക്കുന്ന സംയോജിതകൃഷിരീതി നടപ്പിലാക്കി.

15 a. നിലവിലുള്ള മണ്ണപരിശോധന, ജലപരിശോധന ലാബുകൾ ശക്തിപ്പെടുത്തുകയും എല്ലാ ജില്ലയിലും സൂക്ഷ്മമൂലകങ്ങൾ ഉൾപ്പെടെ പരിശോധിക്കാൻ കഴിയുന്ന തരത്തിലുള്ള ലാബുകൾ വ്യാപിപ്പിക്കുകയും ചെയ്യും.

കൃഷി വകുപ്പിന്റെ കീഴിൽ 14 ജില്ലാ മണ്ണ് പിശോധന ലാബുകളും 11 സഞ്ചരിക്കുന്ന മണ്ണ് പരിശോധന ലാബുകളും നിലവിലുണ്ട്. ഇവയിൽ എല്ലാ ജില്ലാ മണ്ണ് പരിശോധനാ ലാബുകളിലും 7 സഞ്ചരിക്കുന്ന മണ്ണപരിശോധനാ ലാബുകളിലും മണ്ണിലെ സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടെ പരിശോധിക്കാനുള്ള സംവിധാനം വന്നുകഴിഞ്ഞിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം പാറോട്ടുകോണത്തുള്ള മണ്ണ് സസ്യ ആരോഗ്യകേന്ദ്രത്തിലും ഇത്തരം സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്.

മണ്ണ് പര്യവേഷണ-മണ്ണസംരക്ഷണ വകുപ്പിന്റെ മൂന്നു ലബോറട്ടറികളിലും പരിശോധനാ സംവിധാനം ഉണ്ട്.

വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൈമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ രണ്ട് പരിശോധനാ ലാബുകൾ ആലപ്പുഴ ജില്ലയിലെ തുറവൂരും, മലപ്പുറം ജില്ലയിലെ തിരുവാലിയിലും പ്രവർത്തനസജ്ജമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

b. തനതുഫലവൃക്ഷങ്ങളുടെ ഉത്പാദനവർദ്ധനയ്ക്കായി അതിസാന്ദ്രതാകൃഷി പ്രോത്സാഹിപ്പിക്കും.

വയനാടിനെ ഫലവർഗങ്ങളുടെ പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിച്ച് വികസനപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനഹോൾട്ടിക്കൾച്ചർ മിഷൻ, വി.എഫ്.പി.സി.കെ എന്നിവ മുഖാന്തരം വാഴയിൽ അതിസാന്ദ്രതാകൃഷി പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതി നടപ്പിലാക്കി. കൂടാതെ കൃഷിവകുപ്പ് നടപ്പിലാക്കുന്ന ആത്മ പദ്ധതിയിലും അതിസാന്ദ്രതാകൃഷിയുടെ പ്രദർശനത്തോട്ടങ്ങൾ നടപ്പിലാക്കി.

16 a. സാദ്ധ്യമായ മിച്ചഭൂമിയും പാട്ടക്കരാർ ലംഘിക്കുന്ന തോട്ടം ഭൂമിയും ഏറ്റെടുത്ത് അടിയന്തരമായി ഭൂരഹിതർക്കു വിതരണം ചെയ്യും.

വിവിധ ഭൂമിപദ്ധതി ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്ത് 1,06,000 പേർക്ക് പട്ടയം നല്കി. ലാൻഡ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടന്ന 1,19,004 കേസുകൾ തീർപ്പാക്കി. ലാൻഡ് ബോർഡുകളിൽ കെട്ടിക്കിടക്കുന്ന മിച്ചഭൂമിക്കേസുകൾ തീർപ്പാക്കി ചട്ടപ്രകാരം പതിച്ചു നല്കുന്നതിനുള്ള നടപടി വേഗത്തിൽ നടക്കുന്നു.

b. ആദിവാസികൾക്കു കൃഷിഭൂമി ഉറപ്പുവരുത്താൻ വനാവകാശനിയമം ഊർജ്ജിതമായി നടപ്പാക്കും.

ആദിവാസികൾക്കു കൃഷിഭൂമി ഉറപ്പുവരുത്തുവാൻ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടുതൽ ആദിവാസികുടുംബങ്ങൾക്ക് ഇതിനകം ഭൂമി നല്കി. വനാവകാശനിയമം ഊർജ്ജിതമായി നടപ്പാക്കി.

17 a. തേനീച്ചവളർത്തൽ പ്രോത്സാഹിപ്പിച്ച് കർഷകരുടെ ആദായം വർദ്ധിപ്പിക്കാനായി തേൻഗ്രാമങ്ങൾ സ്ഥാപിക്കും. ഇതു കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുക മാത്രമല്ല, തേനീച്ച വഴി പരാഗണം നടത്തുന്ന വിളകളുടെ ഉത്പാദനവും വർദ്ധിപ്പിക്കും.

തേനീച്ചവളർത്തൽ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്ത് തേനിന്റെയും തേനധിഷ്ഠിത ഉത്പന്നങ്ങളുടെയും ഉത്പാദന വർദ്ധനയ്ക്കുമായി സ്റ്റേറ്റ് ഹോൾട്ടിക്കൾച്ചർ




മൂന്നുകൊല്ലത്തിനകം ഒരുലക്ഷത്തിലേറെ കുടുംബങ്ങളെ മണ്ണിന്റെ ഉടമകളാക്കിയ പട്ടയമേളകളിൽ ഒന്ന്.

മിഷൻ, ഹോൾട്ടികോർപ്പ് എന്നിവ മുഖാന്തരം ഹണി മിഷൻ പദ്ധതി നടപ്പിലാക്കി. മാവേലിക്കരയിൽ സം സ്ഥാനത്തെആദ്യത്തെ ഹണിപാർക്ക് സ്ഥാപിച്ചു.

b. ക്ഷീകൃഷി, പുഷ്പകൃഷി എന്നിവ പ്രോത്സാഹിപ്പിക്കും.

സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന ക്ഷീകൃഷി പ്രോത്സാഹിപ്പിച്ചുവരുന്നു. ഇടുക്കി, വയനാട് ജില്ലകളിൽ പുഷ്പകൃഷിക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വയനാടിനെ പുഷ്പകൃഷിയുടെ പ്രത്യേക കാർഷികമേഖലയായി പ്രഖ്യാപിച്ച് വികസന പ്രവർത്തനങ്ങൾ ആരംഭിച്ചു.

18 കാർഷികമേഖലയ്ക്കുള്ള വായ്പാസൗകര്യങ്ങൾ വർദ്ധിപ്പിക്കും. നെൽകൃഷിക്കാർക്കും പച്ചക്കറികൃഷിക്കാർക്കും പലിശരഹിതവായ്പ ലഭ്യമാക്കും.

നിലവിൽ കാർഷികവായ്പകൾ 7% പലിശനിരക്കിലാണ് കർഷകർക്ക് നല്കിവരുന്നത്. ഇതിൽ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് 3% പലിശയിളവ് കേന്ദ്രസർക്കാർ നല്കിവരുന്നു. ഫലത്തിൽ 4% പലിശനിരക്കിൽ കർഷകർക്ക് വായ്പ ലഭ്യമാണ്. കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾ യഥാർത്ഥമാകുന്നതോടുകൂടി പലിശരഹിത വായ്പാ കാര്യങ്ങൾ തീരുമാനമെടുക്കുന്നതാണ്. കർഷകർക്ക് പലിശരഹിതവായ്പ നല്കുന്നതിന് 4% പലിശ സർക്കാർ വഹിക്കുന്ന രീതിയിൽ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രളയ ബാധിത പ്രദേശങ്ങളിലെ കാർഷികവായ്പകൾക്ക് 31.07.2018 മുതൽ ഒരു വർഷത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു.

19 കാർഷികമേഖലയിലെ പൊതുമേഖലാസ്ഥാപനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പും കൃത്യമായ മേൽനോട്ടവും ഉറപ്പുവരുത്തും. മാനേജ്മെന്റ്സംവിധാനം പ്രൊഫഷണൽ രീതിയിലാക്കി കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കും.

പൊതുമേഖലാസ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നുണ്ട്. മാനേജ്മെന്റ് സംവിധാനത്തിൽ പ്രൊഫഷണലിസം കൊണ്ടുവന്നിട്ടുണ്ട്. നഷ്ടത്തിലായിരുന്ന കേരഫെഡ്, വെയർഹൗസിംഗ് കോർപ്പറേഷൻ മുതലായ സ്ഥാപനങ്ങൾ പ്രവർത്തനലാഭം കൈവരിച്ചിട്ടുണ്ട്.

20 കൃഷി സ്കൂൾ സിലബസിന്റെ ഭാഗമാക്കും. കൃഷിവകുപ്പുമായും മൃഗമണ്ണുസംരക്ഷണ വകുപ്പുമായും ചേർന്നു പ്രവർത്തിപ്പിക്കാനുള്ള സംവിധാനമുണ്ടാക്കും.

കൃഷി സ്കൂൾ സിലബസിന്റെ ഭാഗമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ സ്കൂളിലും ജൈവവൈവിദ്ധ്യ പാർക്കുകൾ ആരംഭിക്കുവാൻ നടപടിയായി. സ്കൂളികളിൽ കൃഷി പ്രോത്സാഹിപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

21 പച്ചക്കറികളുടെ വിഷാംശം ശാസ്ത്രീയമായി നിരീക്ഷിക്കാനുള്ള സംവിധാനം സൃഷ്ടിക്കും. ഏതെങ്കിലും കാരണവശാൽ വിഷാംശമുള്ള പച്ചക്കറി കണ്ടെത്തിയാൽ കർശനനടപടി സ്വീകരിക്കും.

കാർഷികസർവകലാശാലയുടെ കീടനാശിനിയവശിഷ്ട പരിശോധനാലാബുകൾ മുഖാന്തരം കൃഷിസ്ഥലങ്ങളിൽ നിന്നും കമ്പോളങ്ങളിൽനിന്നും പച്ചക്കറികളുടെയും പഴവർഗങ്ങളുടെയും 1341 സാമ്പിളുകൾ 2017-18 വർഷം ശേ

ഖരിച്ച് അവയിലെ അവശിഷ്ടകീടനാശിനികളുടെ പരിശോധന നടത്തി.

22 മൂല്യവർദ്ധനഫാക്ടറികൾക്ക് 'മെയ്ഡ് ഇൻ ഗോഡ്സ് ഓൺ കണ്ട്രി കേരള' എന്ന ബ്രാൻഡ് നെയിം നിൽകി ഉപയോഗിക്കാൻ അനുമതി നല്കും. അമുൽ മാതൃകയിൽ റബ്ബർമേഖലയിൽ ഇടപെടാൻ പരിശ്രമിക്കും.

കാർഷികോത്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനയ്ക്കും കർഷകർക്ക് പരമാവധി വരുമാനം നേടിക്കൊടുക്കാനുമായി പ്രധാന വിളകളെ അടിസ്ഥാനപ്പെടുത്തി 14 ചെറുകിട-ഇടത്തരം അഗ്രോപാർക്കുകളുടെ ശൃംഖല സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

ഈ സംരംഭം ഏകോപിപ്പിക്കാനായി സംസ്ഥാനസർക്കാരിന്റെ ഉടമസ്ഥതയിൽ 'കേരള അഗ്രോ ബിസിനസ് കമ്പനി' രൂപവത്കരിച്ച് രജിസ്റ്റർ ചെയ്യാനുള്ള നടപടികൾ കെയ്കോ (KAICO)യുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതോടെ കേരളത്തിന്റെ കാർഷിക മൂല്യവർദ്ധിതോത്പന്നങ്ങൾ ഏകീകൃത ബ്രാൻഡ് നെയിമിൽ പുറത്തിറക്കാൻ സാധിക്കും.

കൂടാതെ റബ്ബർ ഉത്പന്നങ്ങൾ നിർമ്മിക്കാൻ CIAL (സിയാൽ) മാതൃകയിൽ കമ്പനി സർക്കാർ രൂപവത്കരിച്ചിട്ടുണ്ട്.

23 a. വന്യമൃഗങ്ങളെ സംരക്ഷിക്കുന്നതോടൊപ്പം, ഇവയുടെ ആക്രമണത്തിൽനിന്നു കൃഷി സംരക്ഷിക്കാനുള്ള നടപടികളും സ്വീകരിക്കും.

വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം യഥാസമയം അറിയുവാനും അവ ജനവാസകേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങാതിരിക്കുവാനുള്ള മുൻകരുതൽ കൈകൊള്ളാനും സഹായകരമാകുന്ന തരത്തിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുതിന് വൈൽഡ് വാച്ച് (Wild Watch) എന്ന മൊബൈൽ ആപ് വികസിപ്പിച്ചു.

സൗത്ത് വയനാട്, നോർത്ത് വയനാട്, പാലക്കാട് എന്നീ വനഡിവിഷനുകളിൽ വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ സൗരോർജ്ജവേലി നിർമ്മാണം പൂർത്തീകരിച്ചു. 13.7 കി.മീറ്റർ ദൂരത്തിൽ ആനപ്രതിരോധമതിലും 13.07 കി.മീറ്റർ ആനപ്രതിരോധ കിടങ്ങും 313.7 കി.മീ. വനാതിർത്തിയിൽ സൗരോർജ്ജ വേലിയും പൂർത്തിയാക്കി.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്നുള്ള 204 ജനജാഗ്രതാ സമിതികൾ രൂപവത്ക്കരിച്ചു. ജനവാസമേഖലയിൽ വന്യജീവികൾ എത്തിയാൽ പ്രദേശവാസികൾക്ക് എസ്.എം.എസിലൂടെ മുന്നറിയിപ്പ് നല്കുന്നതിനുള്ള സംവിധാനം വനസമീപ്യമുള്ള 65 ജനവാസമേഖലകളിൽ നടപ്പിലാക്കി. ഇവയുടെ പ്രവർത്തനം ഫലപ്രദമാക്കാൻ ആറളം, സുൽത്താൻ ബത്തേരി, മണ്ണാർക്കാട്, മലയാറ്റൂർ, മൂന്നാർ, പുനലൂർ എന്നീ സ്ഥലങ്ങളിൽ കൺട്രോൾ റൂമുകൾ തുറന്ന് പ്രവർത്തനം ഏകോപിപ്പിക്കുന്നു.

വന്യജീവികളുടെ ആരോഗ്യപരിപാലനം, നാട്ടാനസംരക്ഷണം, വന്യജീവികളുടെ ആക്രമണം നേരിടൽ എന്നിവയ്ക്കായി വനംവകുപ്പിൽ അധികമായി ഒരു ചീഫ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസറുടെയും 12 അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്റേറിനറി ഓഫീസർമാരുടെയും തസ്തികൾ സൃഷ്ടിച്ച് എല്ലാ ജില്ലകളിലും ഫോറസ്റ്റ് വെറ്റേറിനറി ഓഫീസർമാരുടെ സേവനം ഉറപ്പാക്കി.

നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങളെ കാട്ടിനുള്ളിലേയ്ക്ക് മടക്കിയയ്ക്കാൻ കുങ്കിയാനകളുടെ സേവനം ലഭ്യമാക്കാൻ വനം വകുപ്പിലെ ആനകൃാമ്പുകളിലുള്ള അനുയോജ്യരായ ആനകളെ തമിഴ്നാട്ടിൽ എത്തിച്ച് കുങ്കിപരിശീലനം നല്കുന്ന പരിപാടി തുടങ്ങി. മൂന്ന് ആനകൾ കുങ്കിപരിശീലനം പൂർത്തീകരിച്ച് മടങ്ങിയെത്തിയിട്ടുണ്ട്. ഇവയുടെ സേവനം സംസ്ഥാനത്തെ 14 ദ്രുതകർമ്മ സേനകളിൽ പ്രയോജനപ്പെടുത്തിവരുന്നു. കൂടാതെ മറ്റ 3 ആനകൾക്ക് കുങ്കി പരിശീലനം നടന്നുവരുന്നു.

റെയിൽ ഫെൻസിംഗിനേക്കാളും ചെലവു കുറഞ്ഞതും എന്നാൽ ഫലപ്രദവുമായ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിങ് സംവിധാനം രാജ്യത്ത് ആദ്യമായി കേരളത്തിൽ മാങ്കുളത്ത് നിലവിൽവന്നു. കാട്ടാനകൾ ജനവാസമേഖലയിലേയ്ക്ക് ഇറങ്ങുന്നത് തടയുന്നതിനുള്ള ഈ സംവിധാനം മാങ്കുളം വനം ഡിവിഷനിലെ ആനക്കുളം മുതൽ വലിയപറക്കുട്ടി വരെയുള്ള 1.2 കിലോമീറ്റർ നീളത്തിലാണ് സ്ഥാപിച്ചിട്ടുള്ളത്.

നോർത്ത് വയനാട് ഡിവിഷനിലെ കൂടക്കടവ് മുതൽ പാൽവെളിച്ചം വരെ 6 കിലോമീറ്ററും വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ ഉൾപ്പെടുന്ന സത്രം കടവ് മുതൽ മൂടക്കൊല്ലിവരെ 10 കിലോമീറ്ററും റെയിൽ ഫെൻസിംഗ് നടത്തുന്നതിനുള്ള പ്രവൃത്തികൾ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്നു.

വന്യജീവി കണക്കെടുപ്പ്, വനനിരീക്ഷണം, വനവന്യജീവി സംരക്ഷണം എന്നിവ കൂടുതൽ കാര്യക്ഷമമാക്കുതിനായി വനമേഖലയെ പത്ത് ലാൻഡ് സ്കേപ്പുകളായി തിരിച്ച് 1500 ക്യാമറകൾ സ്ഥാപിച്ച് വിവരശേഖരണം നടത്തിവരുന്നു. ഒരു സമയം രണ്ട് ലാന്റ്സ്കേപ്പുകളിൽ ക്യാമറകൾ സ്ഥാപിച്ച് രണ്ട് മാസം വിവരം ശേഖരിക്കും. ഈ ക്യാമറകൾ മറ്റ ലാൻഡ് സ്കേപ്പുകളിലേക്ക് പുനർവിന്യസിച്ച് ഒരു വർഷംകൊണ്ട് എല്ലാ മേഖലകളിലും നിരീക്ഷണവും കണക്കെടുപ്പും പൂർത്തിയാക്കും.

കണ്ണൂർ ഡിവിഷനിലെ വളയംച്ചാൽ മുതൽ കരിയംകാപ്പു

വരെയുള്ള 9.25 കി.മീ. ആനപ്രതിരോധമതിൽ നിർമ്മാണത്തിന്റെ തുടർച്ചയായി 2.13 കി.മീ. മതിൽകൂടി നിർമ്മിക്കാൻ നടപടി സ്വീകരിച്ചു. 'പെരിയാർ ഡിക്ലറേഷൻ 2017' പ്രഖ്യാപനം നടത്തി. ടൈഗർ റിസർവ്വുകൾക്ക് പുറത്തുള്ള കടുവകളുടെ സംരക്ഷണം ഉറപ്പാക്കുക, സംരക്ഷിത വനങ്ങളിലെ വനവാസികളുടെ സ്വമേധയാ ഉള്ള പുനരധിവാസം ത്വരിതപ്പെടുത്തുക തുടങ്ങി പത്ത് നിർദ്ദേശങ്ങളാണ് പ്രഖ്യാപനത്തിനുള്ളത്.

b. കൃഷിനാശത്തിന നഷ്ടപരിഹാരം നല്കം.

വന്യജീവിയാക്രമണം മൂലം ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിനു പുറത്ത് പാമ്പുകടിയേറ്റ് മരിക്കുവരുടെ ആശ്രിതർക്ക് രണ്ടു ലക്ഷം രൂപയും വന്യജീവി ആക്രമണത്തിൽ സ്ഥിരം അംഗവൈകല്യം സംഭവിക്കുന്നവർക്ക് രണ്ടു ലക്ഷം രൂപയും പരുക്കിനും മറ്റ് നാശനഷ്ടങ്ങൾക്കും നഷ്ടപരിഹാരമായി ഒരു ലക്ഷം രൂപയുമാക്കി നഷ്ടപരിഹാരത്തുക ഉയർത്തി. വന്യജീവിയാക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം എത്രയും വേഗം ലഭ്യമാക്കാൻ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി.

കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ സ്വന്തം പുരയിടത്തിൽവച്ച് ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് കർഷകർക്കു നല്കിയിരുന്ന അനുമതിയിലെ അപ്രായോഗികത കണക്കിലെടുത്ത് പ്രശ്നപരിഹാരത്തിനുള്ള പുതിയ ഉത്തരവിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പ്രളയത്തിൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നല്കുന്ന നടപടിയും സ്വീകരിച്ചിട്ടുണ്ട്. കർഷകർക്ക് 176 കോടി രൂപ നഷ്ടപരിഹാരമെന്ന നിലയിൽ വിതരണം ചെയ്തിട്ടുണ്ട്. വിള ഇൻഷുറൻസ് പദ്ധതിയിൽ നിന്നു 18.4 കോടി രൂപയും പാടങ്ങൾ കൃഷിയോഗ്യമാക്കാനും ജലസേചനസൗകര്യങ്ങൾ പുനസ്ഥാപിക്കാനും 197.78 കോടി രൂപയും നല്കിയിട്ടുണ്ട്. നെൽവിത്തുകളും പച്ചക്കറിവിത്തുകളും സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.

തോട്ടവിള

24 **റബറിന്റെ റീപ്ലാന്റിങ് സബ്സിഡി ഹെക്ടറിന് ഒരു ലക്ഷം രൂപയായി ഉയർത്തും. വിലയോടു ബന്ധപ്പെടുത്തി റബർകൃഷിക്കാർക്കു വരുമാനം ഉറപ്പുവരുത്താൻ ഏക്കർ അടിസ്ഥാനത്തിൽ സബ്സിഡി നല്കും. ഇതിനായി കേന്ദ്രസർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തും. ആവശ്യമെങ്കിൽ വമ്പിച്ച ജനകീയപ്രക്ഷോഭത്തിനു സംസ്ഥാനസർക്കാർ തന്നെ മുൻകൈയെടുക്കും. ഈ സബ്സിഡിയുടെ ഭാരത്തിൽ ഒരു ഭാഗം സംസ്ഥാനസർക്കാരും വഹിക്കും.**

റബ്ബർ ബോർഡുമായി ബന്ധപ്പെട്ട് സബ്സിഡി വർദ്ധിപ്പിക്കണമെന്ന കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരളസർക്കാരിന്റെ സമ്മർദ്ദത്തെ തുടർന്ന് റബ്ബർ മേഖലയിലെ പ്രശ്നങ്ങൾക്കു പ്രത്യേകപരിഹാരം നിർദ്ദേശിക്കാൻ കേരള ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി കമ്മിറ്റി രൂപവത്കരിച്ച് പഠനം നടത്തി റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

25 **a. റബ്ബർ ലാറ്റക്സും റബ്ബർ ഷീറ്റും കാർഷികോത്പന്നമായി പ്രഖ്യാപിക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തും. റബ്ബർ ഇറക്കുമതി നിയന്ത്രിക്കാനുള്ള ഇടപെടൽ നടത്തും. മൂല്യവർദ്ധിതോത്പന്നത്തിന്റെ അന്തിമവിലയുടെ ഒരംശം കർഷകർക്കു ലഭിക്കത്തക്ക വിധത്തിൽ ആവശ്യമായ നിയമപരിരക്ഷ ഉറപ്പുവരുത്താൻ ഇടപെടും.**

റബ്ബറിനെ കാർഷികവിളയാക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിവരുന്നു. ഇറക്കുമതി നിയന്ത്രിക്കണമെന്ന കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

b. തോട്ടവിളകൃഷിക്കാരുടെ പ്രൊഡ്യൂസർ കമ്പനികൾ രൂപവത്കരിക്കുകയും അവയുടെ ആഭിമുഖ്യത്തിൽ മൂല്യവർദ്ധിതോത്പാദനം നടത്തുകയും ചെയ്യും. ഇതിനാവശ്യമായ ഉദാരമായ ധനസഹായം സർക്കാർ നല്കും. ഇതിനായി പ്രത്യേകം വ്യവസായപാർക്കുകൾ സ്ഥാപിക്കും.

ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ രൂപവത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനകം രൂപവത്കരിച്ച കമ്പനികൾക്കു ധനസഹായം നല്കിവരുന്നു. റബ്ബറിന്റെ മൂല്യവർദ്ധിതോത്പന്നങ്ങൾ ഉണ്ടാക്കാൻ കോട്ടയം ജില്ലയിൽ അഗ്രോപാർക്ക് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. റബ്ബറുല്പന്ന നിർമ്മാണത്തിനായി സിയാൽ മോഡലിൽ ഒരു കമ്പനി രൂപവത്കരിച്ചുവരുന്നു.

c. റബ്ബർമരങ്ങളെ വില്പനനികുതിയിൽനിന്നു മൂന്നു വർഷത്തേക്ക് ഒഴിവാക്കും.

ജി.എസ്.റ്റി കൗൺസിലിൽ ഈ ആവശ്യം നിരന്തരമായി ഉന്നയിച്ചു സമ്മർദ്ദം ശക്തിപ്പെടുത്തുന്നു. റബ്ബർത്തടിയുടെ സീനിയറേജ് ഒഴിവാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

26 **a. തോട്ടവിളയുത്പന്നങ്ങളുടെ പ്രചാരവും ഡിമാൻഡും വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാവണം.**

മൂല്യവർദ്ധനയിലൂടെ പ്രചാരവും കർഷകരുടെ വരുമാന

വും വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

b. റോഡുനിർമ്മാണത്തിലും ഇതര നിർമ്മാണപ്രവർത്തനങ്ങളിലുമുള്ള റബ്ബറിന്റെ ഉപയോഗം വർദ്ധിപ്പിക്കും.

പുതിയ റോഡുകളിലും ഹെവി മെയിന്റനൻസിൽ ഏറ്റെടുക്കുന്ന സംസ്ഥാനപാതകളിലും പ്രധാന ജില്ലാറോഡുകളിലും സ്വാഭാവികറബ്ബർ ഉപയോഗിച്ചുള്ള നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഈ സർക്കാർ വന്നശേഷം 1480 കിലോമീറ്റർ റോഡിൽ റബ്ബർ ഉപയോഗിച്ചു.

c. വൻകിടറബ്ബർവ്യവസായം കേരളത്തിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കും.

പത്തനംതിട്ട, കോട്ടയം ജില്ലകളിൽ റബ്ബർ പാർക്കിനായി സ്ഥലമെടുപ്പിനുള്ള നടപടി ത്വരിതഗതിയിൽ നടന്നുവരുന്നു. റബ്ബറുല്പന്നനിർമ്മാണത്തിനായി സിയാൽ മോഡലിൽ ഒരു കമ്പനി രൂപവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

27 **പ്ലാന്റേഷൻ മേഖലയിലെ മുഖ്യപ്രശ്നം പഴക്കമേറിയ മരങ്ങളാണ്. ഇവ അടിയന്തരമായി റീപ്ലാന്റ് ചെയ്യേണ്ടതുണ്ട്. ഇതിനൊരു ഫലപ്രദമായ മാർഗ്ഗം തൊഴിലുറപ്പുപദ്ധതിയെ ഇതിനായി ഉപയോഗപ്പെടുത്തുകയാണ്. എന്നാൽ, ഇതൊരു ആവർത്തനക്കൃഷിപ്രവർത്തനമായി കണ്ട് കേന്ദ്രം അനുമതി നിഷേധിച്ചിരിക്കുകയാണ്. ഇതു തിരുത്തിക്കാൻ സർക്കാർ മുൻകൈയെടുക്കും.**

തൊഴിലുറപ്പുപദ്ധതിയുമായി ബന്ധപ്പെട്ട ഈ പ്രശ്നം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്. പഴക്കമേറിയ മരങ്ങൾ റീപ്ലാന്റിങ്ങിനായി മുറിച്ചുമാറ്റുമ്പോൾ ഈടാക്കിവന്നിരുന്ന സീനിയറേജ് പൂർണ്ണമായി ഒഴിവാക്കി.

28 **തോട്ടം മേഖലയിൽ മണ്ണ്-ജലസംരക്ഷണത്തിനും ജൈവവൈവിദ്ധ്യം നിലനിർത്താനും ആസൂത്രിതമായ പരിശ്രമം വേണം. ജൈവവൈവിദ്ധ്യം സംരക്ഷിക്കപ്പെടണം. ഇതിനായുള്ള സമഗ്രപരിപാടി പ്രാദേശികതലത്തിൽ തയ്യാറാക്കും.**

മണ്ണ് സംരക്ഷണ പര്യവേഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മണ്ണ സംരക്ഷണപ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. തോട്ടം മേഖലകളിൽ ജൈവ വൈവിധ്യത്തിന് ഭീഷണി ഉയർത്തിയിരുന്ന ഗ്ലൈഫോസേറ്റ് എന്ന കളനാശിനിയുടെ ഉപയോഗം നിരോധിച്ചു.

29 **a. മരവൽക്കരണത്തിനുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം.**

ലോകപരിസ്ഥിതിദിനത്തോടനുബന്ധിച്ച് സാമൂഹികവനവത്ക്കരണവിഭാഗം 'എന്റെ മരം' പദ്ധതിവഴി സ്കൂൾക്കുട്ടികൾക്കും 'ഹരിതകേരളം മിഷ'ന്റെ ഭാഗമായി പഞ്ചായത്തുകൾ വഴിയും ലക്ഷക്കണക്കിന് വൃക്ഷത്തൈകൾ വിതരണം ചെയ്തുവരുന്നു. കഴിഞ്ഞ വർഷം 78.15 ലക്ഷം വൃക്ഷത്തൈകളാണ് വിതരണം ചെയ്തത്.

ഹരിതകേരളം പദ്ധതിയിലൂടെ കേരളത്തിലുടനീളം 2016-17-ൽ വിതരണം ചെയ്ത് നട്ട 65.29 ലക്ഷം വൃക്ഷത്തൈകളുടെയും 2017-18-ൽ വിതരണം ചെയ്ത 66.12 ലക്ഷം വൃക്ഷത്തൈകളുടെയും അതിജീവന കണക്കെടുപ്പ് ആദ്യമായി സംസ്ഥാനസർക്കാർ നടത്തുകയുണ്ടായി. കേരളത്തിലുടനീളമുള്ള 20-ഓളം കോളെജുകളിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കണക്കെടുപ്പ് നടത്തിയതിൽ 2016-17-ൽ നട്ട തൈകളിൽ 55.24% വും 2017-18-ൽ നട്ട തൈകളിൽ 62.53% തൈകളും വളർച്ച എത്തിയതായി കണ്ടെത്തിയിട്ടുണ്ട്.

ഭൂവിസ്തൃതി കുറവായിട്ടുപോലും വനാവരണവർദ്ധന വരുത്തിയതിൽ സംസ്ഥാനം മൂന്നാം സ്ഥാനം കൈവരിച്ചു.

b. മരത്തിന്റെ ഈടിന്മേൽ പ്രതിമാസം ദീർഘകാലവായ്പയായി ഓരോ ഇനം മരത്തിനും നിശ്ചിതതുക സഹകരണബാങ്കുകളിൽനിന്നു ലഭ്യമാക്കാനുള്ള സ്കീം ആവിഷ്കരിക്കും. ബാങ്കിന്റെ വായ്പയും പലിശയും മരം വെട്ടുമ്പോൾ നല്കിയാൽ മതിയാകും.

ഇതിനായി സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. വയനാട് ജില്ലയിൽ മരങ്ങൾ നടുന്നതിനു ജിയോടാഗ് നല്കുന്നതടക്കമുള്ള ഡോക്യുമെന്റേഷൻ കൃത്യമായി നടത്തി അന്തർദേശീയ മാർക്കറ്റിൽ കാർബൺ ക്രെഡിറ്റ് നേടുന്നതിനുള്ള സംവിധാനമൊരുക്കും. മരം ഒന്നിന് 50 രൂപവരെ വർഷംതോറും ബാങ്ക് വായ്പയായി ലഭിക്കും. ഇതിനുള്ള ഗ്യാരണ്ടി ബാങ്കുകൾക്ക് സർക്കാർ നല്കുന്നതിനുള്ള പദ്ധതി ഇത്തവണത്തെ ബജറ്റിൽ മുന്നോട്ടുവച്ചിട്ടുണ്ട്.

30 **a. വിലയിടിവിന്റെ പേരുപറഞ്ഞ് വൻകിടതോട്ടമുടമകൾ തൊഴിലാളികളുടെ കൂലിയും മറ്റ് ആനുകൂല്യങ്ങളും വെട്ടിക്കുറയ്ക്കുന്നത് അനുവദിക്കാനാവില്ല. കൂലിയും ആനുകൂല്യങ്ങളും വെട്ടിക്കുറയ്ക്കുന്നത് പ്രതിസന്ധിയുടെ പരിഹാരമല്ല. ഉത്പാദനക്ഷമത വർദ്ധിപ്പിക്കാൻ ബദൽമാർഗ്ഗങ്ങൾ കണ്ടെത്തുകയേ നിവൃത്തിയുള്ളൂ.**

ശാസ്ത്രീയപരിചരണമുറകളിലൂടെ ഉത്പാദനക്ഷമത ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തോട്ടം തൊഴിലാളികളുടെ മിനിമം കൂലി സംരക്ഷിച്ചിട്ടുണ്ട്.

b. തോട്ടംതൊഴിലാളികൾക്കു മിനിമം ജീവിതസൗകര്യങ്ങൾ ഉറപ്പുവരുത്തും. പ്രത്യേക പാർപ്പിടപദ്ധതി നടപ്പാക്കും. ഇതിനു തദ്ദേശഭരണസ്ഥാപനങ്ങൾ വഴി പ്രത്യേക സ്കീമുകൾ ആവിഷ്കരിക്കും.

തോട്ടംതൊഴിലാളികളുടെ വേതനപരിഷ്കരണം അന്തിമഘട്ടത്തിൽ. തൊഴിലാളികൾക്ക് 2019 ഫെബ്രുവരിമാസം മുതൽ പ്രതിദിനം 50 രൂപ ഇടക്കാലാശ്വാസം അനുവദിച്ചു. തോട്ടംതൊഴിലാളികളുടെ ഭവനപദ്ധതിക്ക് മൂന്നാറിൽ തുടക്കം കുറിച്ചു.

c. മുഴുവൻ തോട്ടംതൊഴിലാളികളെയും ബി.പി.എൽ ആയി കണക്കാക്കി റേഷനും മറ്റ് ആനുകൂല്യങ്ങളും നല്കും.

പരിശോധിച്ചുവരുന്നു

31 **നിയമവിരുദ്ധമായി ഭൂമി കൈവശം വയ്ക്കുകയും സർക്കാർഭൂമി കൈയ്യേറുകയും ചെയ്തിട്ടുള്ള വൻകിട തോട്ടമുടമകൾക്കെതിരെ കർശനനടപടി സ്വീകരിക്കും. അവരുടെ കൈവശമുള്ള അത്തരം ഭൂമി പൊതു ആവശ്യങ്ങൾക്കും ഭൂരഹിതർക്കു വിതരണം ചെയ്യാനും ഉപയോഗിക്കും.**

നടപടി സ്വീകരിച്ചുവരുന്നു

32 **a. 01.01.1977 നു മുമ്പുള്ള മുഴുവൻ കുടിയേറ്റകർഷകർക്കും റവന്യൂ, വനം വകുപ്പുകളുടെ സംയുക്തവെരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുള്ള ഭൂമിയിൽ നാല് ഏക്കറിനുവരെ ഉപാധിരഹിതമായി പട്ടയം നല്കും.**

01.01.1977നു മുമ്പുള്ള മുഴുവൻ കുടിയേറ്റ കർഷകർക്ക് 1993-ലെ വനഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ പ്രകാരം ഉപാധിരഹിതമായി പട്ടയം നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

b. പട്ടയം ലഭിക്കാനുള്ള ഒരു ലക്ഷത്തോളം കുടുംബങ്ങൾക്കു പട്ടയം നല്കാനുള്ള നടപടി സമയബന്ധിതമായി സ്വീകരിക്കും.

1,06,000 പേർക്ക് പട്ടയം നല്കിക്കഴിഞ്ഞു. ഇടുക്കിയിലെ പത്തു ചങ്ങല പ്രദേശത്ത് മൂന്നു ചങ്ങല വിട്ടുള്ള ഭൂമിക്ക് പട്ടയം നല്കി. പെരിഞ്ഞാംകുട്ടിയിൽ 158 കുടുംബങ്ങൾക്ക് പട്ടയം നല്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു.

c. ഭൂരഹിതരായ ആദിവാസികൾക്കു ഭൂമിയും അനുബന്ധരേഖകളും നല്കും.

ആദിവാസി പട്ടയവിതരണം സമയബന്ധിതമായി നടത്താനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. പട്ടികവർഗവിഭാഗങ്ങളിലെ 1105 പേർക്ക് 1446 ഏക്കർ ഭൂമി വിതരണം ചെയ്തു. 164 പേർക്ക് 757 ഏക്കർ ഭൂമിയുടെ വനാവകാശരേഖ നല്കി. നിക്ഷിപ്തവനഭൂമി വിതരണ പ്രകാരമുള്ള ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ കൊണ്ടുവന്ന ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 428 ഏക്കർ ഭൂമി വാങ്ങി വിതരണം ചെയ്യാൻ നടപടിയായി.

33 **a. കസ്തൂരി രംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് പരിസ്ഥിതിലോലപ്രദേശമായി (ഇ.എസ്.എ) നോട്ടിഫൈ ചെയ്യുന്ന പ്രദേശങ്ങളിൽ ജനവാസകേന്ദ്രങ്ങൾ, കൃഷിഭൂമികൾ, തോട്ടങ്ങൾ എന്നിവ ഒഴിവാക്കും.**

ഇക്കാര്യത്തിൽ ശക്തമായ സമ്മർദ്ദം സർക്കാർ ചെലുത്തുന്നുണ്ട്.

b. യു.ഡി.എഫ് സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിനു നല്കിയിട്ടുള്ള രേഖകളിൽ ഇതിനാവശ്യമായ മാറ്റം വരുത്തും.

നടപടി സ്വീകരിച്ചുവരുന്നു.

മൃഗപരിപാലനം

34 **a. പാലുത്പാദനത്തിൽ സ്വയംപര്യാപ്തി കൈവരിക്കും.**

സംസ്ഥാനത്തെ പ്രതിവർഷ പാലുൽപാദനം 2016-17-ൽ 25.2 ലക്ഷം ടണ്ണായിരുന്നത് 2017-18-ൽ 25.75 ലക്ഷം ടണ്ണായി വർദ്ധിച്ചു (കേന്ദ്രസർക്കാർ അവസാനം അംഗീകരിച്ച കണക്കു പ്രകാരം). പാലുൽപാദനത്തിൽ 2018-19 സാമ്പത്തികവർഷം ആദ്യം പ്രകടമായ കുതിപ്പ് ഉണ്ടായിരുന്നെങ്കിലും ആഗസ്റ്റ് മാസം സംഭവിച്ച പ്രളയത്തിൽ ഇതിന് തിരിച്ചടി നേരിട്ടു. 2018-19 ൽ പുതുതായി ആവിഷ്ക്കരിച്ച അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് (എ.ആർ.ഡി) എന്ന പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഈ പദ്ധതിയിൽ 4.5 കോടി രൂപ ചെലവഴിച്ചു. പ്രസ്തുത പദ്ധതി വഴി പുതുസംരംഭകരെ ആകർഷിക്കാനും, മൃഗസംരക്ഷണരംഗത്തെ കർഷകരുടെ ലോണുകൾക്ക് പലിശയിനത്തിൽ സബ്സിഡി നല്കുവാനും സാധിച്ചു.

b. ഇതിനായി മിൽമയുടെ പ്രവർത്തനങ്ങളെ യഥാർത്ഥ ആനന്ദ് മാതൃകയിൽ പുനഃസംഘടിപ്പിക്കും.

മിൽമയുടെ ഘടനയെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി റിട്ടയേർഡ് ഐ.എ.എസ് ഓഫീസർ ശ്രീമതി. ലിഡ ജേക്കബ്ബിന്റെ അദ്ധ്യക്ഷതയിൽ സർക്കാർ നിയോഗിച്ച പഠന കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും അതനുസരിച്ചുള്ള നടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

c. ക്ഷീരക്ഷേമസംഘങ്ങൾക്ക് സ്കിമുകളുടെ അടിസ്ഥാനത്തിൽ കൂടുതൽ ധനസഹായം നല്കും.

ക്ഷീരസഹകരണസംഘങ്ങൾക്ക് 2,281.61 ലക്ഷം

രൂപയുടെ ധനസഹായപദ്ധതികൾ നടപ്പിലാക്കി. ക്ഷീര സഹകരണസംഘങ്ങളിലെ ജീവനക്കാർക്ക് മാനേജീരിയൽ സബ്സിഡി കൊണ്ടുവന്നു. 105 ക്ഷീര സംഘങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തു. 150 സംഘങ്ങളുടെ പ്രവർത്തനം പുനരുജ്ജീവിപ്പിച്ചു.

35 a. കന്നുകുട്ടിപരിപാലനം സ്കീം സാർവ്വത്രികമാക്കും.

ശാസ്ത്രീയ കന്നുകുട്ടി പരിപാലനം ഉറപ്പു വരുത്തുന്നതിനായി പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി, ഗോവർദ്ധിനി എന്നീ പദ്ധതികളാണ് മൃഗസംരക്ഷണവകുപ്പ് വഴി നടപ്പിലാക്കുന്നത്. 2016-17 ൽ ഈ രണ്ട് പദ്ധതികളിലുമായി 73,538 കന്നുകുട്ടികളെ എൻറോൾ ചെയ്തു. 2017-18-ൽ 35,070 കന്നുകുട്ടികൾക്ക് സഹായം നല്കി. 2018-19-ൽ ഇരുപദ്ധതികളിലുമായി 83,554 പശുക്കുട്ടികളെ എൻറോൾ ചെയ്തു.

b. കുടുംബശ്രീ പശു, ആട് ഗ്രാമം പദ്ധതികൾ ശക്തിപ്പെടുത്തും.

കുടുംബശ്രീ ക്ഷീരസാഗരം - പദ്ധതി പ്രകാരം ഡയറി യൂണിറ്റുകൾ ആരംഭിക്കുന്നതിന് 5 സ്ത്രീകൾ ഉൾപ്പെടുന്ന സംഘങ്ങൾക്ക് 2.18 ലക്ഷം രൂപയുടെ സബ്സിഡി നല്കുന്നു. അഞ്ച് ആളുകൾ ചേർന്ന് രണ്ടുവീതം പശുക്കളെയാണ് (ആകെ 10) വളർത്തുന്നത്. 608 ക്ഷീരസാഗരം യൂണിറ്റുകൾ തുടങ്ങി. ആടുഗ്രാമം പദ്ധതിയിൽ കുടുംബശ്രീ 530 യൂണിറ്റുകൾ ആരംഭിച്ചു. 1000 യൂണിറ്റുകൾ തുടങ്ങാൻ ആണ് ലക്ഷ്യം

36 a. കറവക്കാരുടെ ദൗർലഭ്യമാണ് ഒരു പ്രധാനപ്രശ്നം. ചെറുകിടയൂണിറ്റുകളിൽ പാൽ കറക്കാൻ സഹായകരമായ രീതിയിൽ കറവയന്ത്രങ്ങൾ മെച്ചപ്പെടുത്തേണ്ടത് ആവശ്യമാണ്.

കഴിഞ്ഞ മൂന്നു വർഷംകൊണ്ട് നടപ്പിലാക്കിവരികയാണ്. 1000 കർഷകർക്ക് ഇക്കാലയളവിൽ പ്രയോജനം ലഭിച്ചു. ചെറുകിട കറവയന്ത്രങ്ങൾ 38,000 രൂപ മുതൽ മാർക്കറ്റിൽ ലഭ്യമാണ്.

b. ക്ഷീരസംഘങ്ങളുടെ കീഴിൽ മൊബൈൽ കറവ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കും.

മേഖലാ സഹകരണയൂണിയനുകളുടെ ആഭിമുഖ്യത്തിൽ ക്ഷീരസംഘങ്ങളുടെ കീഴിൽ മൊബൈൽ കറവ യൂണിറ്റുകൾ സ്ഥാപിച്ചുവരുന്നുണ്ട്.

37 a. കന്നുകാലിമേഖല നേരിടുന്ന ഏറ്റവും വലിയ പ്രശ്നം കാലിത്തീറ്റയുടെ ദൗർലഭ്യവും വിലയുമാണ്. പൊതുമേഖലയിൽ കാലിത്തീറ്റ ഉത്പാദനശേഷി ഇരട്ടിയാക്കുകയും ന്യായവിലയ്ക്ക കൃഷിക്കാർക്ക ലഭ്യമാക്കുകയും ചെയ്യും.

മിൽമ, കേരള ഫീഡ്സ് എന്നീ സ്ഥാപനങ്ങൾ മുഖാന്തരം പൊതുമേഖലയിൽ കാലിത്തീറ്റ ഉല്പാദനശേഷി വർദ്ധിപ്പിച്ചു.

b. തീറ്റപ്പുൽക്കൃഷിക്കായി തൊഴിലുറപ്പുപദ്ധതി ഉപയോഗപ്പെടുത്തും.

തീറ്റപ്പുൽക്കൃഷിക്കായി തൊഴിലുറപ്പുപദ്ധതിയിൽ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ 2947 പ്രവൃത്തികൾ ഏറ്റെടുത്തുകൊണ്ട് 2730.02 ഏക്കർസ്ഥലത്ത് കൃഷിയിറക്കി.

തീറ്റപ്പുൽ കൃഷിയ്ക്കായി മൃഗസംരക്ഷണവകുപ്പു വഴി ഹെക്ടർ ഒന്നിന് 30,000 രൂപ നിരക്കിൽ 1119 കർഷകർക്ക് സഹായം ലഭ്യമാക്കിവരുന്നു.

c. തൊഴിലുറപ്പുപദ്ധതിയിൽ കന്നുകാലിവളർത്തൽ കൂടി ഉൾപ്പെടുത്താൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തും.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കന്നുകാലിവളർത്തൽപദ്ധതി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരുന്നു. എന്നാൽ, സംസ്ഥാനസർക്കാർ നടപ്പിലാക്കുന്ന അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയിൽ കറവയുള്ള രണ്ടോ അതിലധികമോ പശുക്കളെ വളർത്തി പരിപാലിക്കുന്ന ക്ഷീരകർഷകർക്ക് ഒരു ദിവസത്തെ വേതനം നല്കുന്ന കാര്യം അംഗീകരിച്ചിട്ടുണ്ട്.

38 വിവിധ വലുപ്പത്തിലുള്ള ആധുനിക അറവുശാലകൾക്കു ശാസ്ത്രീയമായ മോഡലുകൾ തയ്യാറാക്കി അനുയോജ്യമായവ സമയബന്ധിതമായി എല്ലാ മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും സ്ഥാപിക്കും.

11 നഗരസഭകളിൽ ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിനായി 116 കോടി രൂപ കിഫ്ബി വഴി സർക്കാർ അനുവദിച്ചിട്ടുണ്ട്. മുഖ്യമന്ത്രി അധ്യക്ഷനായ കമ്മിറ്റി ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നു. കൂടാതെ, വകുപ്പ തലത്തിൽ അറവുശാലകളുമായി ബന്ധപ്പെട്ട വിഷയത്തിൽ മൃഗസംരക്ഷണവകുപ്പിലെ വെറ്ററിനറി സർജൻമാരുടെ ഒരു സാങ്കേതികവിദഗ്ധസമിതി രൂപവത്ക്കരിച്ചു പ്രവർത്തനം നടത്തിവരുന്നു.

39 മൂല്യവർദ്ധിതോത്പന്നങ്ങളിലൂടെ വൈവിദ്ധ്യവത്ക്കരണം നടപ്പിലാക്കുന്നതുവഴി കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കാനാവും.

കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കുള്ള വിവിധ പദ്ധതികൾ പുരോഗമിച്ചുവരുന്നു. ഇതുവഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും. കാപ്പിക്കുരുവിൽ നിന്ന് മലബാർ കാപ്പിപ്പൊടി എന്ന ബ്രാൻഡ്, നാളികേരത്തിൽനിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ, പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ റൈസ് പാർക്ക് വഴി നെല്ലിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവയ്ക്ക് ഇത്തവണ ബജ

റ്റിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

40 **വാക്സിനുകൾ, വിരമരുന്നുകൾ, രോഗനിർണ്ണയ ക്കിറ്റുകൾ തുടങ്ങിയവ പാലോട് വെറ്ററിനറി ബയോ ളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ആവശ്യാധിഷ്ഠിതമായി ഉത്പാദിപ്പിക്കുകയും മെഡിക്കൽ സർവ്വീസ് കോർ പ്പറേഷന്റെ ഗുണനിലവാരമുള്ള മരുന്നുകൾ വാങ്ങാൻ തദ്ദേശഭരണസ്ഥാപനങ്ങളെ സഹായി ക്കുകയും ചെയ്യും.**

വിവിധതരം വാക്സിനുകൾ, രോഗ നിർണയകിറ്റുകൾ തുടങ്ങിയവ തിരുവനന്തപുരം ജില്ലയിലെ പാലോട് പ്രവൃ ത്തിക്കുന്ന വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉത്പാദിപ്പിച്ചു വിതരണം നടത്തിവരുന്നു. ആടു വസന്ത, എന്ററോടോക്സീമിയ വാക്സിനുകൾ പുതുതായി ഉത്പാദനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ, പേവിഷപ്രതി രോധ വാക്സിൻ ഉത്പ്പാദിപ്പിക്കാനുള്ള നടപടികളുമാ യി മുന്നോട്ട് പോകുകയാണ്.

41 **a. അന്യസംസ്ഥാനങ്ങളിൽനിന്നു വരുന്ന പാൽ അടക്കമുള്ള ഉത്പന്നങ്ങളുടെ ഗുണനിലവാരപരി ശോധന കർശനമായി നടപ്പാക്കും.**

അന്യസംസ്ഥാനങ്ങളിൽനിന്നു വരുന്ന പാൽ അടക്കമു ള്ള ഉൽപ്പന്നങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്ക് 2 ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുകയും അതി ൽ മീനാക്ഷി പുരം ചെക്ക്പോസ്റ്റിൽ സ്ഥിരം പാൽപരിശോധനാ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

b. കേരളത്തിൽ മിൽമയെ കൂടാതെ മാതൃകാ ക്ഷീര സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പ്രൊ ഡ്യൂസർ കമ്പനികൾ ആരംഭിക്കും. അവ തീർത്തും പാലിന്റെ മൂല്യവർദ്ധിതോത്പന്നങ്ങൾ നിർമ്മിക്കു ന്നതായിരിക്കും.

മാതൃകാ ക്ഷീരസഹകരണ സംഘങ്ങളുടെ നേതൃത്വ ത്തിൽ പ്രൊഡ്യൂസർ കമ്പനി ആരംഭിക്കുന്ന നടപടികൾ ആരംഭിച്ചിട്ടില്ല.

42 **കോഴിവളർത്തൽമേഖലയിൽ അന്യസംസ്ഥാന ഹാച്ചറിയുടമസ്ഥരുടെ നീരാളിപിടുത്തം കുറയ്ക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. പുറത്തുള്ള കച്ച വടക്കാർക്കു കോണ്ട്രാക്ട് അടിസ്ഥാനത്തിലാണ് കേരളത്തിലെ നല്ലപങ്ക് കൃഷിക്കാരും പ്രവൃത്തിക്കുന്നത്. പോൾട്രി ഡെവലപ്മെന്റ് കോർ പ്പറേഷന്റെ ഈ മേഖലയിലെ ഇടപെടൽ കൂടുതൽ ശക്തിപ്പെടുത്തും.**

മൃഗസംരക്ഷണ വകുപ്പ്, കുടുംബശ്രീ, പൗൾട്രി ഡെവല പ്മെന്റ് കോർപ്പറേഷൻ എന്നിവയുടെ സംയുക്തസംരംഭ മായ കേരളാ ചിക്കൻ പദ്ധതി നടപ്പിലാക്കിവരുന്നു. 45 ദിവസം കൊണ്ട് 45,000 രൂപവരെ പദ്ധതിവഴി കർഷ കർക്ക് ആദായം ലഭിക്കുന്നുണ്ട്. പദ്ധതി വിപുലീകരിക്കു ന്നതിന്റെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനി രൂപവത്ക്കരിച്ചു. ഇതേ ആവശ്യത്തിനായി കുടുംബശ്രീയുടെ കീഴിൽ ഒരു ഹാച്ചറി നിർമ്മിക്കുന്നതിനുള്ള നടപടികളും പ്രാരംഭ ഘട്ടത്തിലാണ്.

43 **കേരളത്തിൽ ഒരു വൻകിട കോഴിത്തീറ്റഫാക്ടറി സ്ഥാപിക്കും. നമ്മുടെ നഗരങ്ങളിലെ ഇറച്ചിമാലി ന്യവും മീനവശിഷ്ടങ്ങളും അസംസ്കൃതവസ്തുക്കളാ യി ഉപയോഗിക്കാം. മലിനീകരണമില്ലാതെ ഇത്ത രമൊരു ഫാക്ടറി പ്രവർത്തിപ്പിക്കാൻ കഴിയും എന്നാണ് വിദേശരാജ്യങ്ങളുടെ അനുഭവങ്ങൾ കാ ണിക്കുന്നത്.**

ഇക്കാര്യം പരിശോധിച്ചുവരികയാണ്.

44 **ഓമനപ്പക്ഷി വളർത്തൽ, വ്യാവസായികാടിസ്ഥാ നത്തിൽ നായ്ക്കളുടെ ബ്രീഡിംഗ്, പരിശീലനം, ഫാം ടൂറിസം, തുടങ്ങിയ തൊഴിൽസാദ്ധ്യതകൾ വർദ്ധി പ്പിക്കും. ഓമനപക്ഷികളുടെയും നായ്ക്കളുടെയും മറ്റും വാണിജ്യാടിസ്ഥാനത്തിലുള്ള ബ്രീഡിങ് വികേന്ദ്രീ കൃതമായി വലിയതോതിൽ നടക്കുമ്പോൾ വിപണി ഉറപ്പുവരുത്തണം. ഇതിനായി ഓൺലൈൻ വിപ ണനസൈറ്റുകൾ ആരംഭിക്കും.**

ഓമനപ്പക്ഷിവളർത്തൽ, വ്യാവസായികാടിസ്ഥാന ത്തിൽ നായ്ക്കളുടെ ബ്രീഡിങ്, പരിശീലനം, ഫാം ടൂറിസം തുടങ്ങിയ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കും. ഈ വിഷയം സംബന്ധിച്ച് മൃഗസംരക്ഷണവകുപ്പിനു കീഴിലു ള്ള പരിശീലനകേന്ദ്രങ്ങളിൽ വിവിധ പരിശീലനപരിപാ ടികൾ നടത്തുന്നുണ്ട്. പരിശീലനത്തിനായുള്ള സിലബ സിൽ ഈ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. മൃഗസംരക്ഷണമേഖലയിലെ കർഷകർക്ക് സഹായകമാ കുന്ന രീതിയിൽ സമഗ്രമായൊരു വെബ്സൈറ്റ് ആരംഭി ക്കുന്നതിനുള്ള നടപടി പ്രാരംഭഘട്ടത്തിലാണ്.

45 **a. സംസ്ഥാനത്തെ സ്കൂളുകൾ കേന്ദ്രീകരിച്ച് പഠന ത്തോടൊപ്പം വരുമാനവും എന്ന പദ്ധതിയിലൂടെ കോഴിവളർത്തൽ സ്കീം വിപുലപ്പെടുത്തും. റബ്ബർ ത്തോട്ടങ്ങളിൽ സുരക്ഷിതവലയം ഒരുക്കി തുറ സ്സായ സ്ഥലത്ത് വലിയതോതിൽ നാടൻകോഴിവ ളർത്തൽ പ്രോത്സാഹിപ്പിക്കും.**

സംസ്ഥാനത്തെ സ്കൂളുകൾ കേന്ദ്രീകരിച്ച് പഠനത്തോടൊ പ്പം വരുമാനവും എന്ന പദ്ധതിയിലൂടെ കോഴി വളർ ത്തൽ സ്കീം വിപുലപ്പെടുത്തും. സ്കൂൾ പൗൾട്രി ക്ലബ്ബ് പദ്ധതി മൃഗസംരക്ഷണവകുപ്പു വഴി പ്രാവർത്തികമാക്കി. ഒരു വിദ്യാലയത്തിലെ 50 വിദ്യാർത്ഥികൾക്ക് 5 കോഴി ക്കുഞ്ഞുങ്ങൾ വീതവും തീറ്റയും നല്കുന്നതാണ് പദ്ധതി. 2016-17-ൽ 701 വിദ്യാലയങ്ങളിലും 2017-18-ൽ 905 വി

ദ്യാലയങ്ങളിലും ഇത് നടപ്പിലാക്കി. 2 വർഷം കൊണ്ട് 80,300 വിദ്യാർത്ഥികൾക്ക് 4,01,500 കോഴിക്കുഞ്ഞുങ്ങളെ വളർത്തുന്നതിന് നല്കി. 2018-19 സാമ്പത്തിക വർഷം പദ്ധതി വിപുലീകരിച്ച് 1304 വിദ്യാലയങ്ങളിൽ നടപ്പിലാക്കി.

b. കോഴിഗ്രാമം പദ്ധതി വ്യാപകമാക്കും.

കെപ്കോ മുഖാന്തരം കോഴിഗ്രാമം പദ്ധതി വ്യാപകമായി നടപ്പിലാക്കിവരുന്നു.

46 **a. മൃഗസംരക്ഷണമേഖലയ്ക്കുള്ള വായ്പകൾ കാർഷികവായ്പകളായി കണക്കാക്കാൻ ബാങ്കുകൾക്കു നിർദ്ദേശം നല്കാനുള്ള നടപടി കൈക്കൊള്ളും.**

നടപടി സ്വീകരിച്ചുവരുന്നു.

b. മൃഗസംരക്ഷണമേഖലയ്ക്കുള്ള സർക്കാർച്ചെലവ് സംസ്ഥാനവരുമാനത്തിന്റെ ഒരു ശതമാനമായി ഉയർത്തും.

മൃഗസംരക്ഷണമേഖലയ്ക്കുള്ള സർക്കാർച്ചെലവ് ഉയർത്തിയിട്ടുണ്ട്. 450 കോടി രൂപയാണ് ഈ മേഖലയ്ക്കായി നീക്കിവെച്ചിട്ടുള്ളത്.

47 **a. കന്നുകാലികൾക്ക് സമഗ്ര ഇൻഷ്വറൻസ് ഉറപ്പാക്കും.**

മൃഗസംരക്ഷണവകുപ്പിന്റെ സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയായ 'ഗോസമൃദ്ധി' പുതുതായി കൊണ്ടുവന്നു. ഇതിന്റെ കീഴിൽ 65,000-ത്തോളം പശുക്കളെ ഇൻഷ്വർ ചെയ്തു. കൂടാതെ, കേന്ദ്രഫണ്ട് ലഭ്യമാക്കി 19,000 ത്തോളം പശുക്കളെ ഇൻഷ്വർ ചെയ്തു. നടപ്പു സാമ്പത്തികവർഷം പദ്ധതിയ്ക്കായി അഞ്ചുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2018-19 വർഷം സമഗ്ര ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി 195 ലക്ഷം രൂപ വിവിധ ജില്ലകളിലായി ചെലവഴിച്ചു.

b. തദ്ദേശഭരണസ്ഥാപനങ്ങൾ നല്കിയവ കന്നുകാലികൾ ചത്തുപോയതിന്റെയും കറവ ശുഷ്ക്കമായതിന്റെയും ഫലമായി കടക്കെണിയിലാവുകയും ജപ്തിനടപടികൾ അഭിമുഖീകരിക്കുകയും ചെയ്ത കൃഷിക്കാരുണ്ട്. ഇവരെ സഹായിക്കാൻ പദ്ധതി ആവിഷ്കരിക്കും.

കന്നുകാലികൾ ചത്തുപോയ ക്ഷീരകർഷകരെ സഹായിക്കാൻ 76.34 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി.

c. ഇന്ത്യയിലെ തനതു ജനുസ്സുകൾക്കു പ്രാധാന്യം നല്കി സംരക്ഷിക്കുന്ന തരത്തിൽ ഇടപെടും.

ഇന്ത്യയിലെ തനതു ജനുസ്സുകൾക്കു പ്രാധാന്യം നല്കിവരുന്നുണ്ട്.

d. എല്ലാ കന്നുകാലികൾക്കും ഹെൽത്ത് കാർഡ് പദ്ധതി നടപ്പിലാക്കും.

പശുക്കൾക്ക് ഹെൽത്ത് കാർഡ് നല്കാനുള്ള നടപടി പുരോഗമിച്ചുവരുന്നു.

മത്സ്യമേഖല

48 **കാർഷികമേഖലയിൽ ഭൂപരിഷ്കരണം കൊണ്ടുവന്ന് കൃഷിഭൂമി കൃഷിക്കാർക്കു വിതരണം ചെയ്തതുപോലെ മത്സ്യമേഖലയിൽ കടലിന്റെ അവകാശം കടലിൽ മീൻ പിടിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പുവരുത്തുന്ന സമഗ്രമായ ജലപരിഷ്കരണ നിയമം ആവിഷ്കരിച്ചുനടപ്പിലാക്കും. അതുവഴി മത്സ്യബന്ധനോപകരണങ്ങളുടെ ഉടമാവകാശം, കടലിലെ മത്സ്യവിഭവങ്ങളുടെ ഉടമാവകാശം, കടലിലേക്കുള്ള പ്രവേശനാധികാരം എന്നിവ മത്സ്യത്തൊഴിലാളികൾക്കു മാത്രമായി പരിമിതപ്പെടുത്താനും പിടിച്ചുകൊണ്ടുവരുന്ന പച്ചമത്സ്യത്തിന്റെ ആദ്യ വില്പനാവകാശം മത്സ്യത്തൊഴിലാളികൾക്കു മാത്രമായി നിജപ്പെടുത്താനും അക്വേറിയൻ റിഫോംസിൽ വ്യവസ്ഥ ചെയ്യും.**

അക്വേറിയം റിഫോംസിന്റെ അന്തസത്ത ഉൾക്കൊണ്ടു മത്സ്യത്തൊഴിലാളി അവകാശസംരക്ഷണ നിയമം എന്ന പേരിൽ പുതിയ നിയമം കൊണ്ടുവരുന്നതിന് നടപടി എടുത്തുവരുന്നു. കടലിൽനിന്നു പിടിച്ചെടുത്ത മത്സ്യത്തിന്റെ ആദ്യവിൽപനാവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കുന്നതിനും മത്സ്യത്തിന് ന്യായവില ലഭ്യമാകുന്നതിനും ഉതകുന്ന തരത്തിൽ തയ്യാറാക്കിയ ഫിഷ് മാർക്കറ്റിംഗ് ആൻഡ് ഓക്ഷനിങ് ബിൽ നിയമസഭയിൽ അവതരിപ്പിക്കാനുള്ള നടപടിക്രമത്തിലാണ്.

49 **a. ഫിഷറീസുമായി ബന്ധപ്പെട്ട നിലവിലുള്ള നിയമങ്ങളും നിയന്ത്രണങ്ങളും മത്സ്യസമ്പത്തിന്റെ സുസ്ഥിരത ഉറപ്പാക്കാൻ പര്യാപ്തമാകുന്നില്ല. 1995ലെ ഉത്തരവാദിത്വപര മത്സ്യബന്ധന പെരുമാറ്റച്ചട്ടത്തിന്റെ (സി.സി.ആർ.എഫ്) അടിസ്ഥാനത്തിൽ കേരളത്തിന്റെ തീരക്കടൽമത്സ്യസമ്പത്ത് സുസ്ഥിരമായ തോതിൽ പരിപാലിക്കാൻ 1980ലെ കെ.എം.എഫ്.ആർ. ആക്ടിൽ പങ്കാളിത്തവിഭവപരിപാലനത്തിലും നിയന്ത്രണത്തിലും ഊന്നിയുള്ള കാലോചിതമായ ഭേദഗതികൾ വരുത്തും.**

പിടിച്ചെടുക്കാവുന്ന ചുരുങ്ങിയ വലിപ്പം 58 ഇനം മത്സ്യങ്ങൾക്ക് നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ഇതിലൂടെ ചെറുമീനുകളുടെ മത്സ്യബന്ധനം വലിയ തോതിൽ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുമുണ്ട്. മത്സ്യസമ്പത്തിന്റെ സുസ്ഥിരത ഉറപ്പാക്കാൻ ഉതകുന്ന തരത്തിൽ കെ.എം.എഫ്.ആർ

ആകൂിൽ കാലോചിതമായ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതിന് ആവശ്യമായ ചട്ടങ്ങൾ തയ്യാറാക്കി അംഗീകാരം നല്കി നിയമം കർക്കശമായി നടപ്പാക്കിവരുന്നു. തത്ഫലമായി സമുദ്രമത്സ്യോല്പാദന ത്തിൽ 12 ശതമാനം വർദ്ധന കൈവരിക്കാനായി.

b. വിദേശട്രോളറുകൾ മത്സ്യബന്ധനം നടത്തുന്ന രീതി ഇല്ലാതാക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തും.

കേന്ദ്ര സർക്കാരിന് നിവേദനങ്ങൾ സമർപ്പിച്ചതിനെ തുടർന്ന് വിദേശട്രോളറുകളെ മത്സ്യബന്ധനം നടത്താൻ അനുവദിക്കുന്ന എൽ.ഒ.പി സമ്പ്രദായം നിർത്തലാക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ട്.

50 മത്സ്യത്തൊഴിലാളികൾ, അനുബന്ധത്തൊഴിലാളികൾ, ബോട്ടുടമകൾ, ഉദ്യോഗസ്ഥർ, ശാസ്ത്രജ്ഞർ, സന്നദ്ധസംഘടനകൾ തുടങ്ങി മത്സ്യമേഖലയുമായി ബന്ധപ്പെട്ട എല്ലാവരുടെയും പങ്കാളിത്തത്തോടുകൂടി പങ്കാളിത്തവിഭവമാനേജ്മെന്റ് നയങ്ങളും കർമ്മപരിപാടികളും ആവിഷ്കരിക്കും. പ്രാദേശിക, ജില്ലാ, സംസ്ഥാന തലങ്ങളിൽ മത്സ്യവിഭവമാനേജ്മെന്റ് കൗൺസിലുകൾക്കു രൂപം നല്കും.

കെ.എം.എഫ്.ആർ നിയമത്തിൽ ഭേദഗതി വരുത്തി പ്രാദേശിക, ജില്ലാ, സംസ്ഥാന തലങ്ങളിൽ മത്സ്യത്തൊഴിലാളിപ്രതിനിധികൾ, ബോട്ടുടമാ പ്രതിനിധികൾ, ശാസ്ത്രജ്ഞർ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ എന്നിവരെ ഉൾപ്പെടുത്തി സംസ്ഥാനതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ രൂപവത്ക്കരിച്ചു. ജില്ലാ-ഗ്രാമതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപവത്ക്കരിക്കുന്ന നടപടികളും അന്തിമഘട്ടത്തിലാണ്. ഇതിനായി കെ.എം.എഫ്.ആർ നിയമം ഭേദഗതി ചെയ്തു. പ്രാദേശിക സംസ്ഥാന-ജില്ലാ-പ്രാദേശിക തലങ്ങളിൽ മത്സ്യവിഭവമാനേജ്മെന്റ് കൗൺസിലുകൾ രൂപവത്ക്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞു.

51 മൺസൂൺകാല മത്സ്യബന്ധന നിരോധനം തുടർന്നും നടപ്പിലാക്കും.

2018 വർഷത്തിലും ജൂൺ 10 മുതൽ ജൂലൈ 31 വരെ 52 ദിവസം ട്രോളിങ് നിരോധനം നടപ്പിലാക്കി.

52 a. മുരാരിക്കമ്മിറ്റിശുപാർശകൾ നടപ്പിലാക്കാൻ സമ്മർദ്ദം ചെലുത്തും.

വിദേശക്കപ്പലുകൾക്കും സംയുക്തസംരംഭങ്ങൾക്കും ആഴക്കടൽ മത്സ്യബന്ധനത്തിന് നല്കുന്ന എൽ.ഒ.പി നിർത്തലാക്കണമെന്നും കേന്ദ്രത്തിൽ പ്രത്യേക ഫിഷറീസ് മന്ത്രാലയം രൂപവത്ക്കരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ഇതേ ആവശ്യം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഫിഷറീസ് മന്ത്രിമാരുടെ യോഗം വിളിച്ചുചേർത്ത് ഉന്നയിക്കുകയും തുടർന്ന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്തതിന്റെ ഫലമായി ഫിഷറീസിന് കേന്ദ്രതലത്തിൽ ഒരു പ്രത്യേക വകുപ്പ് അനുവദിച്ച് ഉത്തരവായി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. എങ്കിലും ഒരു സ്വതന്ത്ര ഫിഷറീസ് മന്ത്രാലയം എന്ന ആവശ്യം നേടിയെടുക്കുന്നതിന് ഇനിയും ശ്രമിക്കുന്നതാണ്.

b. വംശനാശഭീഷണി നേരിടുന്ന തദ്ദേശീയമത്സ്യങ്ങളുടെ സംരക്ഷണത്തിനായി സംയോജിതപദ്ധതികൾ നടപ്പിലാക്കും.

തദ്ദേശീയമത്സ്യക്കുഞ്ഞുങ്ങളുടെ ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിനായി പീച്ചി, പോളച്ചിറ എന്നിവിടങ്ങളിൽ ഹാച്ചറികൾ ആരംഭിക്കുകയും തദ്ദേശീയമത്സ്യങ്ങളുടെ സംരക്ഷണത്തിനായി മത്സ്യസങ്കേതങ്ങൾ ആരംഭിക്കുകയും ചെയ്തു. കാരി, കല്ലേമുട്ടി, വരാൽ, കരിമീൻ, മഞ്ഞക്കൂരി എന്നിവയുടെ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് പൊതു ജലാശയങ്ങളിൽ നിക്ഷേപിച്ചുവരുന്നു.

c. പൊതുജലാശയങ്ങളിൽ വിപുലമായ തോതിൽ മത്സ്യവിത്തു നിക്ഷേപിക്കും.

2016-17 സാമ്പത്തികവർഷം 99.43 ലക്ഷം രൂപയും 2017-18 വർഷം 253 ലക്ഷം രൂപയും 2018-19 സാമ്പത്തികവർഷം 295 ലക്ഷം രൂപയും നീക്കിവെച്ച് പദ്ധതിപ്രവർത്തനങ്ങൾ പൂർത്തകരിച്ചു. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി കഴിഞ്ഞ 3 വർഷങ്ങളിലായി 14 ജില്ലകളിലെ ഉൾനാടൻ പൊതുജലാശയങ്ങളിൽ ആകെ 640 ലക്ഷം മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്.

d. മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനന, ആവാസ കേന്ദ്രങ്ങൾ സംരക്ഷിക്കും.

മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനന ആവാസ കേന്ദ്രങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷം അഷ്ടമുടി, വേമ്പനാട് കായലുകളിലും കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ കായലുകളിലും പ്രജനനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 20 ലക്ഷം രൂപയും 2018-19 സാമ്പത്തികവർഷം കൊല്ലം, കോട്ടയം എന്നീ ജില്ലകളിലേയ്ക്കായി 20 ലക്ഷം രൂപയും നീക്കിവെച്ച് ഈ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു.

53 ആഴക്കടൽ മത്സ്യബന്ധനമേഖലയിൽ എൽ.ഒ.പി. സ്കീമിൽ വിദേശക്കപ്പലുകളുടെ കടന്നുകയറ്റം ചെറുക്കാൻബദൽ നടപടിയായി മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിൽ വിദഗ്ധപരിശീലനം നൽകാനും ആഴക്കടൽമത്സ്യബന്ധനത്തിനു പോകുന്ന തദ്ദേശീയയാനങ്ങളെ ആധുനികീകരിക്കാനും പുതിയ

യാനങ്ങൾ സ്വായത്തമാക്കാനും സബ്സിഡികളും ഉദാരമായ വായ്പാനയങ്ങളും ആവിഷ്ക്കരിച്ചു നടപിലാക്കും.

ബദൽസംവിധാനം എന്ന നിലയിൽ തദ്ദേശീയയാനങ്ങളെ ആധുനികീകരിക്കാനും ആഴക്കടൽ മത്സ്യബന്ധനം സാദ്ധ്യമാക്കാമുള്ള 600 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി കേന്ദ്രസർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. പരമ്പരാഗതമത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് പരിശീലനം നല്കാനും പദ്ധതി വിഭാവനം ചെയ്യുന്നു. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പരമ്പരാഗതമത്സ്യത്തൊഴിലാളികളുടെ യാനങ്ങൾ ആധുനികീകരിക്കരിക്കരിക്കുന്നതിന്റെ ഭാഗമായി 320 എഫ്.ആർ.പി. ആഴക്കടൽ മത്സ്യബന്ധനയാനങ്ങൾ മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നല്കുന്നതിനുള്ള പദ്ധതിയക്ക് ഭരണാനുമതി നല്കി നിർവ്വഹണം ആരംഭിച്ചു.

54 a. കടൽഭിത്തിനിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ വിപുലപ്പെടുത്തും.

കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ സംരക്ഷണഭിത്തി ഉൾപ്പെടെ നിർമ്മിക്കണമെന്നത് ജലസേചനവകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ട്. ജിയോ ട്യൂബ് പോലുള്ള ആധുനിക സാങ്കേതികവിദ്യയും പരിശോധിച്ചവരുന്നു. പൂന്തുറയിൽ കടൽത്തീരത്തു നിന്ന് 500 മീറ്റർ കടൽത്തട്ടിൽ ഒരു ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മിച്ച് കടലാക്രമണം തടയുന്നതിനുള്ള പദ്ധതിക്ക് കിഫ്ബി ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ മുതലപ്പൊഴി, കായംകുളം, തോട്ടപ്പള്ളി, ചേറ്റുവ, തലായി, മഞ്ചേശ്വരം എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ സമീപതീരങ്ങളിൽ കടലാക്രമണം തടയുന്നതിന് പുലിമുട്ടുകൾ സ്ഥാപിക്കുവാൻ 46.94 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ച് കിഫ്ബി ധനസഹായം ലഭ്യമാക്കി പദ്ധതി നിർവ്വഹണം ആരംഭിച്ചു. കൊല്ലം ബീച്ച് മുതൽ താന്നിവരെയുള്ള തീരസംരക്ഷണ പ്രവർത്തനങ്ങൾക്കായി കിഫ്ബി ധനസഹായമായി 35 കോടി രൂപയുടെ പദ്ധതിയ്ക്കും അംഗീകാരം ലഭ്യമാക്കി നിർവ്വഹണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

b. കടലാക്രമണഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക്, അവർക്കു താത്പര്യമുണ്ടെങ്കിൽ, നിലവിലുള്ള ഭൂമിയുടെ അവകാശം നിലനിർത്തിക്കൊണ്ടുതന്നെ അനുയോജ്യമായ സുരക്ഷിതമേഖലയിലേക്കു മാറിത്താമസിക്കാൻ പത്തുലക്ഷം രൂപ വീതം ധനസഹായം നല്കും.

കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനും വേലിയേറ്റ രേഖയിൽനിന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു. കടലാക്രമണഭീഷണി നേരിടുന്ന തീരദേശജില്ലകളിലെ 998 മത്സ്യത്തൊഴിലാളികുടുംബങ്ങളെ 10 ലക്ഷം രൂപ ധനസഹായം അനുവദിച്ച് മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടി ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ വേലിയേറ്റരേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ അധിവസിച്ചതും സുരക്ഷിതമേഖലയിൽ സ്വന്തമായി ഭൂമിയുണ്ടായിരുന്നതുമായ 400 കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് 4 ലക്ഷം രൂപ ധനസഹായം അനുവദിച്ച് മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടി ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. മുട്ടത്തറയിൽ 192 മത്സ്യത്തൊഴിലാളികുടുംബങ്ങൾക്ക് ഫ്ളാറ്റ് നിർമ്മിച്ചു നൽകി. കേരളത്തിലെ വിവിധ ജില്ലകളിലായി 772 മത്സ്യത്തൊഴിലാളികുടുംബങ്ങൾക്ക് ഫ്ളാറ്റ് നിർമ്മിച്ചു നല്കുന്നതിനുള്ള 78.20 കോടി രൂപയുടെ പദ്ധതിക്കു ഭരണാനുമതിയും നല്കിയിട്ടുണ്ട്.

c. കടലോരത്തുള്ള ഭൂമിയിൽ വച്ചുപിടിപ്പിക്കുന്ന കാറ്റാടിമരങ്ങളുടെയും മറ്റും വരുമാനവും മത്സ്യത്തൊഴിലാളിക്കായിരിക്കും.

ഇതു സംബന്ധിച്ചുള്ള പദ്ധതി തയ്യാറാക്കി അംഗീകാരത്തിനായി നബാർഡിന് സമർപ്പിച്ചെങ്കിലും അംഗീകാരം ലഭിക്കാത്തതിനാൽ പുതുക്കിയ പദ്ധതിരൂപരേഖ തയ്യാറാക്കിവരുന്നു.

d. മത്സ്യത്തൊഴിലാളിവീടുകൾക്ക് സി.ആർ.ഇസെഡിൽനിന്ന് ഇളവു നല്കി താൽക്കാലിക നമ്പർ നല്കും.

കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല തീരദേശ മാനേജ്മെന്റ് സമിതികളുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന തീരദേശ മാനേജ്മെന്റ് അതോറിറ്റി മത്സ്യത്തൊഴിലാളി ഭവനങ്ങൾക്ക് തീരദേശ നിയന്ത്രണ നിയമം ബാധകമായ മേഖലകളിൽ ഭവന നിർമ്മാണത്തിന് ഇളവുകൾ നല്കാൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി തീരദേശ നിയന്ത്രണ നിയമത്തിലെ വികസന രഹിത മേഖലയുടെ വ്യാപ്തി 200 മീറ്ററിൽ നിന്ന് 50 മീറ്റർ ആയി കുറച്ചുകൊണ്ട് സി.ആർ.ഇസഡ് നിയമം ഭേദഗതി ചെയ്യപ്പെട്ടത് മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിന് സഹായകമായിട്ടുണ്ട്.

55 മത്സ്യമേഖലയിൽ വരുമാനവർദ്ധനയ്ക്ക് പുത്തൻ സാങ്കേതികവിദ്യകളുടെ സഹായത്താൽ മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിതോത്പന്നങ്ങളാക്കി മാറ്റുന്നതിനും വൈവിദ്ധ്യവൽക്കരണം കൊണ്ടുവരുന്നതിനും അടിസ്ഥാനസൗകര്യമൊരുക്കുകയും വൈദഗ്ധ്യപോഷണത്തിലൂടെ മത്സ്യത്തൊഴിലാളിവനിതകൾക്ക് ആ മേഖലയിൽ പുതിയ തൊഴിലവ

സരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

മത്സ്യഫെഡ്, സാഫ്, തീരദേശവികസന കോർപ്പറേഷൻ എന്നിവ മുഖാന്തരം പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഓഖി ദുരന്തബാധിതരുടെ കുടുംബങ്ങൾക്ക് ജോലി നല്കുവാൻ കഴിയുമാറ് വിഴിഞ്ഞത്ത് 4 കോടി രൂപ ചെലവിൽ ഒരു പ്രീ പ്രോസ്സസ്സിംഗ് സെന്റർ സ്ഥാപിക്കുന്നതിനും ഭരണാനുമതി നല്കിയിട്ടുണ്ട്.

56 ഫിഷിങ് ഹാർബറുകൾ, ലാൻഡിങ് സെന്ററുകൾ, മത്സ്യമാർക്കറ്റുകൾ എന്നിവയും അവയെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന തീരദേശറോഡുകളും വികസിപ്പിക്കുകയും ഗ്രാമീണമേഖലയിൽ കൂടി സംരക്ഷിക്കുകയും ചെയ്യും. സമഗ്രമായ കോസ്റ്റൽ മാനേജ്മെന്റ് പ്ലാനിന്റെ ഭാഗമായിട്ടുവേണം പുതിയ ഹാർബറുകൾക്ക് അംഗീകാരം നൽകേണ്ടത്. ആധുനികീകരണം ശക്തിപ്പെടുത്തും.

ഹാർബറുകളെ അന്തർദേശീയനിലവാരത്തിലേക്ക് ഉയർത്തുന്നതിന് പദ്ധതിരൂപരേഖ തയ്യാറാക്കിവരുന്നു. ഫിഷറീസ് വകുപ്പ് മുൻകൈ എടുത്ത് ഒരു ദേശീയ ശില്പശാല നടത്തി. അതിൽനിന്ന് ലഭിച്ച നിർദ്ദേശങ്ങൾ പ്രകാരം ഇന്റഗ്രേറ്റഡ് കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ ആവിഷ്കരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. വിശദമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി പുതിയ ഹാർബർ നിർമ്മാണത്തിനായി 112.2 കോടി രൂപയുടെ ഭരണാനുമതി കിഫ്ബിയിൽ ഉൾപ്പെടുത്തി നല്കുകയും ദർഘാസ് ക്ഷണിച്ച് നിർവ്വഹണം ആരംഭിക്കുകയും ചെയ്തു. കൂടാതെ തിരുവനന്തപുരം ജില്ലയിൽ പൊഴിയൂരിൽ ഹാർബർ നിർമ്മിക്കുന്നതിനുള്ള പഠനം ആരംഭിച്ചു.

57 മീൻപിടിത്തഹാർബറുകളുടെ പരിപാലനത്തിന് മത്സ്യത്തൊഴിലാളികൾക്കുകൂടി പങ്കാളിത്തമുള്ള ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾക്കു രൂപം നല്കും. ഫിഷിംഗ് ഹാർബറുകളിൽ ശീതീകരിച്ച സ്റ്റോറേജ് സൗകര്യങ്ങൾ ഒരുക്കും. മത്സ്യബന്ധന തുറമുഖങ്ങൾ നവീകരിക്കുകയും അവിടെയെല്ലാം പശ്ചാത്തലസൗകര്യം ഏർപ്പെടുത്തുകയും ചെയ്യും.

നിലവിൽ മുനമ്പം ഹാർബറിൽ പ്രവർത്തിക്കുന്ന പങ്കാളിത്ത മാനേജ്മെന്റ് സൊസൈറ്റി മാതൃകയിൽ വിഴിഞ്ഞം, തങ്കശ്ശേരി, നീണ്ടകര, കായംകുളം, ചേറ്റുവ, ബേപ്പൂർ, പുതിയാപ്പ, കൊയിലാണ്ടി, ചോമ്പാൽ, തലായി, മാപ്പിളബേ, ചെറുവത്തൂർ എന്നീ 12 ഹാർബറുകളിൽക്കൂടി ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ രൂപവത്കരിച്ചു. ഹാർബറുകളെ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിച്ചു. ഇതിന്റെ ഭാഗമായി എല്ലാ മത്സ്യബന്ധനതുറമുഖങ്ങളിലും ശീതീകരണസംവിധാനങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു. നിർമ്മാണം പൂർത്തിയായ തലായി, ചേറ്റുവ, തുറമുഖങ്ങൾ കമ്മിഷൻ ചെയ്തു. നീണ്ടകര, കായംകുളം, തോട്ടപ്പള്ളി, മുനമ്പം, കാസർഗോഡ് മത്സ്യബന്ധനതുറമുഖങ്ങളുടെ രണ്ടാംഘട്ടവികസനത്തിനായി 54.7 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തി നിർവ്വഹണം ആരംഭിച്ചു. അർത്തുങ്കൽ, താനൂർ, വെള്ളയിൽ എന്നീ മത്സ്യബന്ധനതുറമുഖങ്ങളുടെ വികസനത്തിനായി 45.3 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി നബാർഡിന്റെ അനുമതിക്കായി സമർപ്പിച്ചു.

58 അപകടം നിറഞ്ഞ സാഹചര്യങ്ങളിൽ മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾക്കു കടൽസുരക്ഷ ഉറപ്പാക്കാൻ മത്സ്യബന്ധനമേഖലയിൽ ഐ.സി.ടി. സാദ്ധ്യതകൾ പ്രയോജപ്പെടുത്തി സമഗ്രമായ കടൽസുരക്ഷാപാക്കേജിനു രൂപം നല്കും.

മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിനും അപകടത്തിൽപ്പെട്ട മത്സ്യതൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിനുമായി മറൈൻ ആംബുലൻസുകൾ, സീ റസ്ക്യൂ സ്ക്വാഡുകൾ, രക്ഷാ ഉപകരണങ്ങളും, കമ്മ്യൂണിക്കേഷൻ ഉപകരണങ്ങളും നല്കുന്നതിനുള്ള പദ്ധതികൾ എന്നിവ നടപ്പാക്കിവരുന്നു. കൂടാതെ മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് സാഗരമൊബൈൽ ആപ്പും പ്രയോജനപ്പെടുത്തിവരുന്നു. യഥാസമയം വിവരങ്ങൾ കൈമാറാൻ കഴിയുമാറ് സാറ്റലൈറ്റ് ഫോൺ, നാവിക് എന്നിവയും മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 300 യാനങ്ങളിൽ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

59 മത്സ്യക്ഷേമസംഘങ്ങളുടെ പ്രവർത്തനം പുനഃസംഘടിപ്പിക്കും.

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ മത്സ്യക്ഷേമ സഹകരണ സംഘങ്ങളുടെയും പ്രവർത്തനം ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നതിന്റെ ഭാഗമായി 200 സംഘങ്ങളിൽ പെയ്ഡ് സെക്രട്ടറിമാരെ നിയമിക്കുന്നതിനും സഹകരണസംഘങ്ങൾ കമ്പ്യൂട്ടർവത്കരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

60 മത്സ്യത്തൊഴിലാളികൾക്കുള്ള പട്ടയവിതരണം സമയബന്ധിതമായി പൂർത്തീകരിക്കും.

തീരദേശവാസികൾക്കുള്ള പട്ടയവിതരണവും ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി ഭൂമി വിട്ടുനല്കുന്ന നടപടികളും ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഭൂരഹിതരായ മത്സ്യതൊഴിലാളികൾക്ക് ഭൂമി വാങ്ങുന്നതിന് സംസ്ഥാനത്ത് ആദ്യമായി പദ്ധതി ആവിഷ്കരിച്ചു. കുടുംബം ഒന്നിന് ആറു ലക്ഷം രൂപ നിരക്കിൽ മൂന്ന് സെന്റ് വരെ ഭൂമി വാങ്ങുന്നതിന് 48 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. 800 കുടുംബങ്ങൾക്ക് ധനസഹായം അനുവദിച്ചു.

61 **എ.പി.എൽ, ബി.പി.എൽ പരിഗണന കൂടാതെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും സാമൂഹികസുരക്ഷാപദ്ധതികളുടെ പ്രയോജനം ലഭ്യമാക്കും.**

എല്ലാ മത്സ്യതൊഴിലാളികൾക്കും ബി.പി.എൽ. റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

62 **കയറ്റുമതിക്കാരിൽനിന്ന് ക്ഷേമനിധിയിലേക്കു വിഹിതം പിരിക്കാൻ നിലവിലുള്ള തടസ്സങ്ങൾ നീക്കം ചെയ്ത് ക്ഷേമനിധിബോർഡിന്റെ സാമ്പത്തികപ്രതിസന്ധി പരിഹരിക്കും.**

സെസ്സ് പിരിക്കുന്നതിനെതിരായി കയറ്റുമതിക്കാർ ഫയൽ ചെയ്തതും മുൻ സർക്കാരിന്റെ കാലത്തുതന്നെ ഹൈക്കോടി വാദം കേട്ട് വിധിന്യായം പറയാൻ മാറ്റിവെച്ചിരുന്നതുമായ കേസ്സിൽ ഉണ്ടായ തീർപ്പിനെതിരെ അപ്പീൽ നല്കി ഹൈക്കോടതിയിൽനിന്ന് അനുകൂല ഉത്തരവ് നേടിയെടുക്കാൻ ശ്രമം നടത്തിവരുന്നു.

63 **സമ്പാദ്യസമാശ്വാസപദ്ധതിയുടെ ആനുകൂല്യം 3600 രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ എടുത്ത തീരുമാനം അടിയന്തരമായി നടപ്പിലാക്കും.**

4500 രൂപയായി വർദ്ധിപ്പിച്ച് ആനുകൂല്യം വിതരണം ചെയ്യു കഴിഞ്ഞു. കേന്ദ്ര സർക്കാരിൽനിന്ന് ആനുകൂല്യം ലഭിക്കാതിരുന്നിട്ടും സംസ്ഥാനവിഹിതം പ്രയോജനപ്പെടുത്തി പദ്ധതി യഥാസമയം നടപ്പാക്കിവരുന്നു.

64 **a. മത്സ്യമേഖലയിലെ പാർപ്പിടപ്രശ്നം പരിഹരിക്കാൻ എല്ലാവർക്കും വീട്, സാനിട്ടറി-കക്കൂസ് സൗകര്യങ്ങൾ, കുടിവെള്ളം, വൈദ്യുതി, ആരോഗ്യകരമായ പരിസരം എന്നിവ ഉറപ്പുവരുത്താൻ സമഗ്രമായ തീരദേശപാർപ്പിടപദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കും.**

ലക്ഷ്യസാക്ഷാത്കാരത്തിനായി വിവിധ പദ്ധതികളെ കൂട്ടിയോജിപ്പിച്ചുള്ള പ്രവർത്തനം നടത്തിവരുന്നു. ഇതിന്റെ ഭാഗമായി വകുപ്പു മുഖേന വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 5419 കുടുംബങ്ങൾക്ക് സുരക്ഷിതഭവനം ഒരുക്കുന്നതിനും 4000 ഭവനനവീകരണത്തിനും 1700 സാനിറ്ററി കക്കൂസുകൾ സ്ഥാപിക്കുന്നതിനും 4000 ഭവനങ്ങളുടെ പുനർവൈദ്യുതിവത്ക്കരണം നടപ്പാക്കുന്നതിനും കഴിഞ്ഞു. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 192 മത്സ്യത്തൊഴിലാളികൾക്ക് നിർമ്മിച്ച നല്കിയ ഫ്ളാറ്റിന്റെ അതേ മാതൃകയിൽ തിരുവനന്തപുരം ജില്ലയിലെ വലിയതുറ, കാരോട്, കൊല്ലം ജില്ലയിലെ കൃ. എസ്.എസ് കോളനി, ആലപ്പുഴ ജില്ലയിലെ മണ്ണപ്പുറം, മലപ്പുറം ജില്ലയിലെ പൊന്നാനി, കണ്ണൂർ ജില്ലയിലെ ഉപ്പാലവളപ്പ് എന്നിവിടങ്ങളിലായി 772 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നല്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

b. മാതൃകാമത്സ്യഗ്രാമം പദ്ധതി പുനരാവിഷ്ക്കരിക്കും. മത്സ്യഗ്രാമത്തിൽ ഉണ്ടാകേണ്ട മിനിമം സൗകര്യങ്ങളുടെ മുൻഗണനാപട്ടിക തയ്യാറാക്കുകയും അവ ഉറപ്പുവരുത്തുകയും ചെയ്യും.

ഓഖി പാക്കേജിന്റെ ഭാഗമായി ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ്, ആനന്ദ് എന്നീ ഗവേഷണസ്ഥാപനങ്ങളുടെ സഹായത്താൽ വിപുലമായി പഠനങ്ങൾ നടത്തി, ഒരു സമഗ്രതീരദേശവികസനപദ്ധതി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു

c. മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിന് നിർമ്മാണച്ചെലവിന്റെ കാലാനുസൃതമായ വർദ്ധനയുടെ അടിസ്ഥാനത്തിൽ ധനസഹായം പുതുക്കി നിശ്ചയിക്കും.

ഭവനനിർമ്മാണത്തിനുള്ള ധനസഹായം രണ്ട് ലക്ഷം രൂപയിൽനിന്നു നാലു ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്.

d. മത്സ്യത്തൊഴിലാളികളുടെ പാർപ്പിടനിർമ്മാണത്തിന് നിയമപരമായി നിലനിൽക്കുന്ന തടസ്സങ്ങൾ ഇല്ലാതാക്കാൻ ഇടപെടും.

കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തി തീരദേശനിയന്ത്രണനിയമത്തിൽ മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിന് അനുകൂലമായ ഭേദഗതികൾ വരുത്താൻ സംസ്ഥാനസർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

65 **a. ആരോഗ്യ വിദ്യാഭ്യാസരംഗങ്ങളിൽ മത്സ്യമേഖല നേരിടുന്ന പിന്നാക്കാവസ്ഥ മാറ്റിയെടുക്കാൻ തീരദേശമേഖലയ്ക്ക് പ്രത്യേകപാക്കേജ് ആവിഷ്ക്കരിച്ചു നടപ്പാക്കും.**

തീരദേശത്തെ 127 വിദ്യാലയങ്ങളുടെയും 16 ആരോഗ്യകേന്ദ്രങ്ങളുടെയും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 102.66 കോടി രൂപ അനുവദിച്ചു കഴിഞ്ഞു. തീരദേശസ്കൂളുകൾ സെന്റർ ഓഫ് എക്സലൻസ് ആക്കുന്ന പദ്ധതിയും ആരംഭിച്ചുകഴിഞ്ഞു. തീരദേശത്തെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് എം.ബി.ബി.എസ് അടക്കമുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നതിനായി പരിശീലനം ലഭ്യമാക്കുകയും ഇതിനകം 24 വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ് അഡ്മിഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

b. തീരദേശസ്കൂളുകളിലെ സൗകര്യങ്ങൾ വിപുലീകരിക്കും. ലൈബ്രറികൾ പഠനവീടുകളാക്കി മാറ്റാൻ പദ്ധതി തയ്യാറാക്കും.

തീരദേശവിദ്യാലയങ്ങളിലെ അടിസ്ഥാനസൗകര്യവികസനത്തിന് സമഗ്രപദ്ധതി തയ്യാറാക്കിവരുന്നു. തീരദേശത്തെ 71 വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ

ങ്ങൾക്ക് 294.72 കോടി രൂപയുടെ പദ്ധതിക്ക് കിഫ്ബിയുടെ ഭാഗമായി അംഗീകാരമായിട്ടുണ്ട്.

c. സ്വാശ്രയകോളെജുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളിക്കുട്ടികളുടെ പഠനച്ചെലവ് സർക്കാർ പൂർണ്ണമായും വഹിക്കും.

സ്വാശ്രയകോളെജുകളിൽ മെറിറ്റ് സീറ്റിൽ അഡ്മിഷൻ നേടുന്ന കുട്ടികളുടെ പഠനച്ചെലവ് സർക്കാർ വഹിച്ചുവരുന്നു. 2018-19-ൽ ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള അർഹതയുള്ള എല്ലാ വിദ്യാർത്ഥികൾക്കും ഇതിനകം ആനുകൂല്യം അനുവദിച്ചുകഴിഞ്ഞു.

d. പട്ടികവിഭാഗങ്ങൾക്കുള്ള എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും മത്സ്യത്തൊഴിലാളിക്കുട്ടികൾക്കും ലഭ്യമാക്കും.

ലഭ്യമാക്കിയിട്ടുണ്ട്.

e. മത്സ്യത്തൊഴിലാളികുടുംബങ്ങളുടെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് ബി.പി.എൽ. മാനദണ്ഡം അനുവദിക്കാൻ ഇടപെടും.

നടപടി സ്വീകരിച്ചു.

66 മത്സ്യത്തൊഴിലാളികളെ കടബാദ്ധ്യതയിൽനിന്നു മോചിപ്പിക്കാൻ എൽ.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന കടാശ്വാസനടപടികൾ പൂർത്തീകരിക്കും.

കടാശ്വാസത്തിന്റെ കാലാവധി 2007 ഡിസംബർ 31-ൽ നിന്ന് 2008-ഡിസംബർ 31-എന്ന് ഒരു വർഷംകൂടി ദീർഘിപ്പിച്ചു കൊണ്ടുള്ള നിയമഭേദഗതി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ പ്രകൃതിക്ഷോഭംമൂലം മത്സ്യബന്ധനയാനങ്ങൾ നഷ്ടപ്പെടുന്നവരുടെ കടങ്ങൾക്ക് മേൽപ്പറഞ്ഞ കാലാവധി പരിഗണിക്കാതെതന്നെ കടാശ്വാസം അനുവദിക്കാനും അവർക്ക് പുനർവായ്പ ലഭ്യമാക്കാനും മത്സ്യത്തൊഴിലാളികടാശ്വാസകമ്മിഷനെ അധികാരപ്പെടുത്തിക്കൊണ്ടുള്ള നിയമഭേദഗതികൂടി കൊണ്ടുവന്നു.

67 തൊഴിലുപകരണങ്ങൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തും. ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കും.

പരമ്പരാഗതമത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനയാനങ്ങൾ ഇൻഷുർ ചെയ്യുന്നതിന് പ്രീമിയം തുകയുടെ 90% സർക്കാർവിഹിതമായുള്ള പദ്ധതി നടപ്പാക്കി. 2018-19 വർഷത്തിൽ 648 യാനങ്ങൾ ഇൻഷ്വർ ചെയ്തിട്ടുണ്ട്. മത്സ്യതൊഴിലാളികളുടെ അപകട ഇൻഷുറൻസ് 5 ലക്ഷം രൂപയിൽനിന്ന് 10 ലക്ഷം ആക്കി വർദ്ധിപ്പിച്ചു.

68 വിഴിഞ്ഞം തുറമുഖപദ്ധതി നടപ്പിലാക്കുന്നതിലൂടെ തൊഴിലും ഉപജീവനസൗകര്യങ്ങളും ആവാസവ്യവസ്ഥയും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അനുയോജ്യമായ പുനരധിവാസവും മതിയായ നഷ്ടപരിഹാരവും ഉറപ്പാക്കും. തുറമുഖനവികരണവുമായി ബന്ധപ്പെട്ട് ഇത്തരം പ്രശ്നങ്ങൾ ഉയർന്നുവരുന്ന പ്രദേശങ്ങളിൽ ഇതേ നടപടി സ്വീകരിക്കും.

പുനരധിവാസപാക്കേജ് നടപ്പാക്കുന്നതിനായി പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് രൂപവത്ക്കരിച്ച് പ്രവർത്തനം നടത്തിവരുന്നു.

69 a. മത്സ്യവിപണന മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് മാർക്കറ്റുകളിൽ കുടിവെള്ളം, ശൗചാലയം, വിശ്രമസൗകര്യങ്ങൾ, ശീതസംഭരണസൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തും. മത്സ്യവിപണന സംസ്കരണമേഖലകളിൽ തൊഴിലെടുക്കുന്ന സ്ത്രീത്തൊഴിലാളികൾ നേരിടുന്ന ചൂഷണം അവസാനിപ്പിക്കും.

മത്സ്യമാർക്കറ്റുകളിൽ പ്രാഥമികസൗകര്യം ഏർപ്പെടുത്തുന്നതിനും സ്ത്രീസൗഹൃദമാക്കുന്നതിനും മാർക്കറ്റുകളെ ആധുനികീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. മത്സ്യംസൂക്ഷിക്കുന്നതിന് ചിൽ റൂം സൗകര്യം, മത്സ്യവിപണനതൊഴിലാളികൾക്ക് വിശ്രമത്തിനും ഡ്രസിംഗിനും പ്രത്യേകസൗകര്യം, ശുചിമുറികൾ, ഫ്ലേക്ക് ഐസ് യൂണിറ്റുകൾ എന്നിവ നടപ്പിലാക്കി. സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ രജിസ്ട്രേഷൻ തുക സർക്കാർ വഹിക്കും.

b. മത്സ്യമാർക്കറ്റുകൾ നവീകരിക്കാനും അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്താനും നടപടി സ്വീകരിക്കും.

കരിക്കോട്, മയ്യനാട് എന്നീ മാർക്കറ്റുകൾ നവീകരിച്ചുവരുന്നു. കിഫ്ബിയിൽ ഉൾപ്പെടുത്തി 70 മാർക്കറ്റുകൾ നവീകരിക്കുന്നതിന് 193.47 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിന് ആവശ്യമായ ഡി.പി.ആർ തയ്യാറാക്കുന്ന നടപടികൾ നടന്നുവരുന്നു. തീരത്തുനിന്നു നേരിട്ട് സംഭരിക്കുന്ന പച്ചമത്സ്യം ഉപഭോക്താക്കളിലേക്ക് ഇടനിലക്കാരുടെ ചോരാതെ എത്തിക്കാൻ മത്സ്യഫെഡ് 'അന്തിപ്പച്ച' എന്ന പേരിൽ മൊബൈൽ ഫിഷ് മാർട്ടുകൾ ആരംഭിച്ച് വ്യാപകമാക്കിവരുന്നു.

70 a. മത്സ്യകേരളം പദ്ധതി പുനരാവിഷ്കരിക്കും. ഉൾനാടൻ മത്സ്യലഭ്യത അഞ്ചുവർഷംകൊണ്ട് ഇരട്ടിയാക്കാനാണ് ലക്ഷ്യമിടുന്നത്.

ഈ ലക്ഷ്യം കൈവരിക്കുന്നതിന് ജനകീയ മത്സ്യക്കൃഷി-II പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി 4600 ഹെക്ടർ കുളങ്ങളിൽ മത്സ്യക്കൃഷി പ്രവർത്തനം ഏർപ്പെടുത്തിയിട്ടുണ്ട്. 460 പുനഃപര്യയന മത്സ്യക്കൃഷി (ആർ.എ.എസ്) യൂണിറ്റുകൾ, 2600 കല്ലുമ്മേക്കായ കൃഷി യൂണിറ്റുകൾ, 670 കൂട് മത്സ്യക്കൃഷി യൂണിറ്റുകൾ എന്നിവ പുതുതായി ആരംഭിച്ചിട്ടുണ്ട്. 2019-20

വർഷം ജലക്കൃഷിപ്രവർത്തനങ്ങൾക്കായി 74.2 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുവഴി 40,000 മെട്രിക് ടൺ മത്സ്യം നടപ്പുസാമ്പത്തികവർഷത്തിൽ ഉൽപ്പാദിപ്പിക്കാനാകും.

b. കുളങ്ങളിലും ഡാമുകളിലും മാത്രമല്ല, വയലുകളിൽ സംയോജിതമത്സ്യകൃഷിയും പ്രോത്സാഹിപ്പിക്കും. കായലുകളിലും നദികളിലും മത്സ്യവംശവർദ്ധന ലക്ഷ്യമിട്ടു വലിയതോതിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കും.

6500 ഹെക്ടറോളം പാടശേഖരങ്ങളിൽ മത്സ്യക്കൃഷി ഏർപ്പെടുത്തുവാൻ ജനകീയമത്സ്യക്കൃഷി പദ്ധതിവഴി സാധിച്ചിട്ടുണ്ട്. കായലുകളിലും നദികളിലും 640 ലക്ഷം മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് അതു പഠന വിധേയവും ആക്കിവരുന്നു.

6500 ഹെക്ടർ പാടശേഖരത്തിൽ നെൽക്കൃഷിയുമായി സംയോജിപ്പിച്ച് മത്സ്യക്കൃഷി നടത്തിവരുന്നു. ഇതിനു പുറമെ 10 ഹെക്ടർ പ്രദേശത്ത് താറാവ്/കോഴി വളർത്തലുമായി സംയോജിപ്പിച്ചും മത്സ്യക്കൃഷി നടത്തിവരുന്നു.

പരിസ്ഥിതി

71 **a. സർക്കാർ അധികാരമേറ്റ് ആറുമാസത്തിനകം പരിസ്ഥിതിയുടെ ഇന്നത്തെ അവസ്ഥയെപ്പറ്റി ധവളപത്രം ഇറക്കും.**

പരിസ്ഥിതി ധവളപത്രം പുറത്തിറക്കി.

b. മുൻ സർക്കാരിന്റെ പരിസ്ഥിതിവിരുദ്ധവും ജനവിരുദ്ധവുമായ എല്ലാ ഉത്തരവുകളും പുനഃപരിശോധിക്കും.

അത്തരം എല്ലാ ഉത്തരവുകളും മന്ത്രിസഭ പുനപരിശോധിച്ചു. ചില ഉത്തരവുകൾ റദ്ദാക്കി. മറ്റുചിലത് ഭേദഗതി വരുത്തി.

72 **സംസ്ഥാന നെൽവയൽ നീർത്തട സംരക്ഷണനിയമം അനുശാസിക്കുന്ന പ്രകാരം ഉപഗ്രഹഭൂപടത്തിന്റെ സഹായത്തോടെ ഡേറ്റാ ബാങ്കുകൾ ആറുമാസത്തിനകം പ്രസിദ്ധീകരിക്കുകയും ജനകീയ പരിശോധനയ്ക്കുശേഷം ഒരു വർഷത്തിനുള്ളിൽ അന്തിമരൂപം നല്കുകയും ചെയ്യും. ഇതിനാവശ്യമായ അധിക ഉദ്യോഗസ്ഥരെ നിയമിക്കും.**

2017-ലെ കേരള നെൽവയൽ തണ്ണീർത്തടസംരക്ഷണച്ചട്ടങ്ങൾ (ഓർഡിനൻസ്) പുറപ്പെടുവിച്ചുകൊണ്ട് ഡാറ്റാ ബാങ്കിൽ ആക്ഷേപം ഉള്ളവർക്ക് അവ പരിശോധിച്ച് തിരുത്താനുള്ള നടപടികൾ സ്വീകരിച്ചു. ഡാറ്റാബാങ്കിൽ തെറ്റായി ഉൾപ്പെട്ട ഭൂമി ഒഴിവാക്കുന്നതിനുള്ള അപ്പീൽ വ്യവസ്ഥ 2018-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഉൾപ്പെടുത്തി.

73 **a. നെൽവയൽ സംരക്ഷണനിയമം, കേരള ഭൂവിനിയോഗ ഓർഡർ എന്നിവയിൽ വെള്ളം ചേർക്കാനുള്ള യു.ഡി.എഫിന്റെ നടപടികൾ ഉപേക്ഷിക്കും.**

2018-ൽ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ആക്ടിൽ ഭേദഗതി കൊണ്ടുവന്നുകൊണ്ട് നിയമം കൂടുതൽ ശക്തമാക്കുകയു ജനോപകാരപ്രദമാക്കുകയും പരിസ്ഥിതിക്കനുസൃതമാക്കുകയും ചെയ്തു.

b. നിയമവിരുദ്ധ നിലംനികത്തലുകൾക്കുനേരെ കർശന നടപടിയെടുക്കും. ഭൂപരിധിനിയമം ബിനാമി ഇടപാടുകളിലൂടെ ലംഘിക്കുന്നതിനു തടയിടും.

കർശനനടപടികൾ സ്വീകരിച്ചുവരുന്നു. നൂറുകണക്കിനു കേസുകൾ എടുത്തിട്ടുണ്ട്.

74 **കേരളത്തിന്റെ പരിസ്ഥിതിസംരക്ഷണത്തിൽ പശ്ചിമഘട്ടത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് പ്രാദേശികജനവിഭാഗങ്ങളുടെയും കർഷകരുടെയും പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് പശ്ചിമഘട്ടസംരക്ഷണപദ്ധതിക്കു രൂപം നല്കും.**

കേരളത്തിന്റെ തീരദേശം, ഉൾനാടൻജലാശയങ്ങൾ, പർവ്വതങ്ങൾ, കാടുകൾ, കൃഷിയിടങ്ങൾ, വലുതും ചെറുതുമായ ജലസ്രോതസ്സുകൾ എന്നിവയുടെ നഗര, ഗ്രാമീണ ഭൂപ്രകൃതിസംരക്ഷണം ലക്ഷ്യമിട്ടാണ് ഹരിതകേരളം മിഷൻ ആരംഭിച്ചിട്ടുള്ളത്. പശ്ചിമഘട്ടസംരക്ഷണം മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിലൊന്നാണ്.

75 **ശാസ്ത്രസാങ്കേതികവിദ്യകൾ മലിനീകരണം ഒഴിവാക്കാൻ ഉപയോഗപ്പെടുത്തുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കും. വ്യവസായസ്ഥാപനങ്ങളിൽ മലിനീകരണനിയന്ത്രണം ഉറപ്പുവരുത്തും.**

പരിസരമലിനീകരണം ഒഴിവാക്കുന്നവിധത്തിലുള്ള സാങ്കേതികവിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള വിവിധ പ്രോജക്ടുകൾക്ക് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ രൂപം നല്കിയിട്ടുണ്ട്. സാങ്കേതികവിദ്യകൾ ഇത്തരത്തിൽ ഉപയോഗപ്പെടുത്തിക്കൊണ്ട് സ്വയംപര്യാപ്തത നേടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. വിവിധ സാങ്കേതികവിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള മാലിന്യപ്ലാന്റുകൾ നഗരപ്രദേശങ്ങളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തുതുടങ്ങിയിട്ടുണ്ട്. ഇത് പ്രാവർത്തികമാക്കുന്നതിനുള്ള സാങ്കേതികതടസ്സങ്ങൾ നീക്കിക്കൊണ്ട് ഇടപെടുകയും ചെയ്യുന്നുണ്ട്. ആലപ്പുഴ ഉറവിട മാലിന്യസംസ്കരണ പദ്ധതിക്ക് യുഎൻഡിപിയുടെ പ്രത്യേക പരാമർശം ലഭിക്കുകയും ചെയ്തിട്ടുണ്ട്. മാലിന്യ സംസ്കരണത്തിനായി വിവിധ പദ്ധതികൾ സംസ്ഥാ

നത്തെമ്പാടും പുതിയ അറിവുകളുടെ പശ്ചാത്തലത്തിൽ ആരംഭിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 2019 മേയിൽ നടത്തിയ യൂറോപ്പുപര്യടനത്തിൽ ധാരാളം പുതിയ ആശയങ്ങളും സാദ്ധ്യതകളും കൈവന്നിട്ടുമുണ്ട്.

76 **ശാസ്ത്രീയമായ പഠനത്തിന്റെയും സാമൂഹികനിയന്ത്രണത്തിന്റെയും അടിസ്ഥാനത്തിലേ പാറ, മണൽ ഖനനം നടത്താൻ അനുമതി നല്കുകയുള്ളൂ. നദീതടമണലിന്റെ അമിതമായ ചൂഷണം ഒഴിവാക്കാൻ ശേഷിപഠനവും നിയന്ത്രണവും കൊണ്ടുവരും.**

ജനങ്ങളുടെ ജീവനോപാധികൾ സംരക്ഷിച്ചുകൊണ്ട് പാരിസ്ഥിതികസംരക്ഷണ പ്രവർത്തനത്തിൽ അവരെക്കൂടി ഭാഗഭാക്കാക്കിക്കൊണ്ടുള്ള കാഴ്ചപ്പാടോടെയാണ് ഈ രംഗത്ത് സർക്കാർ ഇടപെടൽ നടത്തുന്നത്.

ഇതിന്റെ ഭാഗമായി പുതിയ മണൽനയം രൂപവത്ക്കരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തുകൊണ്ട് മണൽഖനനത്തിനുള്ള ഇടപെടലാണ് നടത്തിയത്. ഡാമുകളിലെ മണലും കളിമണ്ണും പ്രയോജനപ്പെടുത്തുന്നതിനുള്ള സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ തയ്യാറാക്കിയിട്ടുണ്ട്. ഈ പൈലറ്റ് പദ്ധതി മംഗലം ചുള്ളിയാർ ഡാമുകളിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഉറമുഖങ്ങളിൽ മാന്വൽ ഡ്രജിംഗ് നടത്തി മണൽ ശേഖരിച്ച് ഉറമുഖവകുപ്പ് വഴി വിതരണം ചെയ്യുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു. പാറഖനനത്തിൽ നടപടിക്രമം പാലിച്ചുകൊണ്ട് ഖനനാനുമതി നല്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചത്. മണൽ സംസ്കരണ സംവിധാനം പൊന്നാനിയിൽ ആരംഭിച്ചിട്ടുണ്ട്.

77 **കേരളത്തിന്റെ ഖനിജങ്ങൾ പൊതുഉടമസ്ഥതയിലാക്കുകയും ഖനനത്തിനു ശക്തമായ സാമൂഹിക നിയന്ത്രണസംവിധാനം കൊണ്ടുവരികയും ചെയ്യും. ആവശ്യമായ പാരിസ്ഥിതികസംരക്ഷണം ഉറപ്പുവരുത്തി, പൊതുമേഖലയുടെ മുൻകൈയിൽ മൂല്യവർദ്ധിതോത്പാദനത്തിനുവേണ്ടി കരിമണൽ ഖനനം നടത്താനുള്ള നടപടി സ്വീകരിക്കും.**

കരിമണലിൽനിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനായി ചവറയിൽ 180 ഏക്കർ സ്ഥലം ഏറ്റെടുക്കുകയാണ്. ഇവിടെ പുതിയ പ്ലാന്റ് ആരംഭിക്കുന്നതിനുള്ള നടപടികളും തുടങ്ങിക്കഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ മൂല്യവർദ്ധിത ഉത്പാദനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

78 **കേരളം നേരിടുന്ന ഒരു പ്രധാന പ്രശ്നമായ ജലമലിനീകരണം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കും. ഇതിന്റെ ഭാഗമായി നിശ്ചിത ഇടവേളകളിൽ ജലഗുണനിലവാര പരിശോധനയും അതിനനുസരിച്ചുള്ള ജലസ്രോതസ് പരിപാലനവും ഉറപ്പാക്കാനാവശ്യമായ സംവിധാനം തദ്ദേശഭരണസ്ഥാപനങ്ങൾക്കു കീഴിൽ ഉണ്ടാക്കും. എല്ലാത്തരത്തിലുമുള്ള നീർത്തടങ്ങളും പൗരാണികകെട്ടിടങ്ങളും സംരക്ഷിക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ പദ്ധതികൾ ആവിഷ്കരിക്കും.**

നദീപുനരുജ്ജീവനപ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിടയിൽ വളരെ പ്രാധാന്യം നല്കി ഏറ്റെടുത്തു വരുന്ന പ്രവൃത്തിയാണ്. സംസ്ഥാനത്ത് പുനരുജ്ജീവനം ആവശ്യമായ നദികളെ ജില്ലാതലത്തിൽ തെരഞ്ഞെടുക്കുകയും അവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. വരട്ടാർ (പത്തനംതിട്ട), കിള്ളിയാർ (തിരുവനന്തപുരം), കൂട്ടംപേരൂരാർ (ആലപ്പുഴ), മീനച്ചിലാർ (കോട്ടയം), കരുമാത്തൂർ (കണ്ണൂർ), ചാലിയാർ (മലപ്പുറം), കണ്ണാടിപ്പുഴ (പാലക്കാട്), ഗായത്രിപ്പുഴ (പാലക്കാട്), കോരയാർപ്പുഴ (പാലക്കാട്) എന്നീ നദികളുടെ പുനരുജ്ജീവനം ഇതിന്റെ ഉദാഹരണങ്ങളാണ്. കൂട്ടൻപേരൂരാർ, കരുമാത്തൂർ പുഴ, കണ്ണാടിപ്പുഴ, കോരയാർപ്പുഴ എന്നീ നദികളുടെ പുനരുദ്ധാരണ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു.

നദികളുടെ പാർശ്വഭിത്തികൾ ഇടിഞ്ഞ് നദികൾ നികന്നു പോകുന്നതിനാൽ പാർശ്വഭിത്തികൾ ബലപ്പെടുത്തുന്നതിന് സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്തു വരുന്നുണ്ട്. രാമച്ചം, കയർ ഭൂവസ്ത്രം എന്നിവ ഉപയോഗിച്ച് ബലപ്പെടുത്തൽ, നദീതീരങ്ങളിൽ ആറ്റുവഞ്ചി ചെടി, മുള മുതലായവ വച്ചു പിടിപ്പിക്കൽ എന്നിവയാണ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത്.

കൈവഴികളിൽ നീരൊഴുക്ക് ഉറപ്പാക്കാൻ തടയണകളുടെ നിർമ്മാണവും വൃഷ്ടിപ്രദേശങ്ങളിൽ മഴവെള്ളം ഭൂമിയിൽ ഇറക്കുന്നതിനുള്ള മഴക്കുഴി നിർമ്മാണം ഉൾപ്പെടെയുള്ള പ്രവൃത്തികളും ഏറ്റെടുത്തു നടപ്പിലാക്കിവരുന്നുണ്ട്.

സംസ്ഥാനത്തെ പ്രധാന പരമ്പരാഗതജലസ്രോതസ്സായ പൊതുകുളങ്ങളുടെ പുനരുദ്ധാരണത്തിന് തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. 2018-19 ൽ 5250 പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ, കൃഷിയ്ക്ക് ജലം ലഭ്യമാക്കുന്നതിനായി പുതുതായി 3301 കുളങ്ങളും 2018-19ൽ കുഴിച്ചിട്ടുണ്ട്.

79 **ചെറുനീർത്തടങ്ങളെ അടിസ്ഥാനമാക്കിയുള്ള ജലസംരക്ഷണ, ജലവിനിയോഗ, വികസന, പരിപാലന കർമ്മപരിപാടികൾ തയ്യാറാക്കുകയും അവ സംയോജിപ്പിച്ചുകൊണ്ട് നദീതടതല ജലപരിപാലനപദ്ധതിയും സംസ്ഥാനതല ജലപരിപാലന**

പദ്ധതിയും നടപ്പിലാക്കുകയും ചെയ്യും. തേദ്ദേശഭരണസ്ഥാപനങ്ങളുടെ ഉത്തരവാദിത്തത്തിൽ ഇത്തരം നിർത്തടതല പരിപാടികൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും. ഗാർഹിക, സ്ഥാപന, വ്യാവസായികസംരംഭതലങ്ങളിലെല്ലാം മഴവെള്ളക്കൊയ്ത്ത്, ജലപുനരുപയോഗം തുടങ്ങിയ നടപടികൾ അടങ്ങുന്ന കർമ്മപരിപാടി നടപ്പിലാക്കും.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ പ്രകൃതിവിഭവപരിപാലന പ്രവർത്തനങ്ങൾ സമഗ്രനീർത്തടകാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ചെയ്യുന്നതിനായി 'ജലസംരക്ഷണ മിഷൻ'പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ആദ്യഘട്ടത്തിൽ ശുക്ഷമായ ജലദൌർലഭ്യം അനുഭവിക്കുന്ന ബ്ലോക്കുകളിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. ഹരിത കേരളം മിഷനുമായി ചേർന്ന് സംസ്ഥാനത്ത് പ്രകൃതിവിഭവപരിപാലനപ്രവർത്തനങ്ങൾ സമഗ്ര നീർത്തടകാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായി ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കി വരുന്നത്.

ഗ്രാമപ്പഞ്ചായത്തുകളുടെ നീർത്തടപ്ലാനുകൾ തയ്യാറാക്കി ഇപ്പോൾ സംസ്ഥാനത്തെ മലനാട്, ഇടനാട് പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന ഗ്രാമപ്പഞ്ചായത്തുകളുടെ മാസ്റ്റർ പ്ലാൻ പുതുക്കുന്നതിനുള്ള നിർദ്ദേശം നല്കിയിട്ടുണ്ട്.

നീർത്തട മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട് വരുന്ന പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷികകർമ്മപദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ട്.1,47,239 ഏക്കർ വൃഷ്ടിപ്രദേശപരിപാലനം പൂർത്തീകരിച്ചു.

പ്രവൃത്തികളുടെ ഫലമായി നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനും, കിണറുകളിലെ ജലനിരപ്പ് ഉയർത്തുന്നതിനും സാധിച്ചു. വരൾച്ച രൂക്ഷമായിരുന്ന പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം ഒരു പരിധിവരെ തടയുവാൻ കഴിഞ്ഞിട്ടുണ്ട്. ഭൂഗർഭജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനും കൃഷിക്ക് ആവശ്യമായ വെള്ളം എത്തിക്കുന്നതിനും പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്.

80 സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും നീർത്തടങ്ങളുടെ (കുളങ്ങൾ, ടാങ്ക്, കനാൽ, അരുവി, പുഴ) പട്ടിക തയ്യാറാക്കും. ഇതിന്റെ വ്യാപ്തി, ആഴം, ജൈവവൈവിദ്ധ്യം എന്നിവ പ്രതിപാദിക്കും. ഇങ്ങനെ സൂക്ഷിക്കുന്ന തണ്ണീർത്തടപ്പട്ടിക അതതു പഞ്ചായത്തിൽ സൂക്ഷിക്കും. അവയുടെ പരിപാലനോത്തരവാദിത്വം പഞ്ചായത്തുകളിൽ നിക്ഷിപ്തമായിരിക്കും.

സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങൾ നീർത്തടവിവരശേഖരണം പൂർത്തിയാക്കിവരുന്നു. 778 ഗ്രാമപ്പഞ്ചായത്തുകളിലും 63 മുനിസിപ്പാലിറ്റികളിലും രണ്ട് മുനിസിപ്പൽ കോർപ്പറേഷനുകളിലുമായി നീർത്തട പ്ലാനുകൾ തയ്യാറാക്കി. ബ്ലോക്ക് അടിസ്ഥാനത്തിൽ ഏകോപിപ്പിച്ച് നീർത്തടമാസ്റ്റർപ്ലാനുകൾ തയ്യാറായിവരുന്നു.

81 ഉത്പാദനവർദ്ധന ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു സമഗ്രതീരദേശമത്സ്യബന്ധനനയം കൊണ്ടുവരും. കായൽ, അഴിമുഖം, പൊഴി, കണ്ടൽ എന്നിവ സംരക്ഷിച്ചും ഈ ആവാസവ്യവസ്ഥകളിലേക്കുള്ള പുഴയുടെ നീരൊഴുക്ക് നിലനിർത്തി ക്കൊണ്ടും മലിനീകരണം ഒഴിവാക്കിക്കൊണ്ടുമുള്ള ഒരു നയം സ്വീകരിക്കും.

കടലിൽനിന്നു പിടിച്ചെടുത്ത മത്സ്യത്തിന്റെ ആദ്യ വില്പന നാവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കുന്നതിനും മത്സ്യത്തിന് ന്യായവില ലഭ്യമാകുന്നതിനും ഉതകുന്ന തരത്തിൽ തയ്യാറാക്കിയ ഫിഷ് മാർക്കറ്റിംഗ് ആൻഡ് ഓക്ഷണിംഗ് ബിൽ നിയമസഭ പ്രസിദ്ധീകരിച്ചുകഴിഞ്ഞു. തൊട്ടടുത്ത നിയമസഭാസമ്മേളനത്തിൽ അവതരിപ്പിക്കുന്നതാണ്.

ആവാസവ്യവസ്ഥകളുടെ സംരക്ഷണവും മലിനീകരണമൊഴിവാക്കലും ലക്ഷ്യമിട്ടുള്ള പദ്ധതികൾ ഓരോ മേഖലയ്ക്കും പ്രത്യേകമായി വിഭാവനം ചെയ്തിട്ടുണ്ട്.

82 ഒരു വിധത്തിലുള്ള വനം കയ്യേറ്റവും അനുവദിക്കുന്നതല്ല. വനമേഖലകളിലെ കാമ്പ് മേഖലകൾ അസ്പർശിത ഉൾവനങ്ങളായി നിലനിർത്തും. നിലവിലുള്ള വനമേഖലകളെ സംരക്ഷിക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെയും പ്രാദേശികസമൂഹത്തെയും പങ്കാളികളാക്കും.

വനംകൈയ്യേറ്റം പൂർണ്ണമായും തടയുന്നതിന് വനങ്ങളുടെ അതിർത്തിസർവ്വേ നടത്തി സ്ഥിരം ജണ്ടകൾ കെട്ടിവേർതിരിക്കുന്ന പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി മൂന്ന് വർഷത്തിനുള്ളിൽ (ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം) 41,856 ജണ്ടകൾ നിർമ്മിച്ചു. 2019-20 വർഷത്തിൽ 13,507 ജണ്ടകൾ നിർമ്മിച്ച് പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.

വനമേഖലകൾ സംരക്ഷിക്കാനും മനുഷ്യവന്യജീവി സംഘർഷം ലഘൂകരിക്കാനുമായി പഞ്ചായത്ത്/ മുൻസിപ്പാലിറ്റി തലത്തിൽ തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 204 ജനജാഗ്രതാ സമിതികൾ സംസ്ഥാനമൊട്ടാകെ രൂപവത്ക്കരിച്ചു.

വനസംരക്ഷണം ഉറപ്പു വരുത്തുന്നതിന് ഉൾവന പ്രദേശങ്ങളിൽ ജീവനക്കാർക്ക് ക്യാമ്പ് ചെയ്യാനായി 24 ഇന്റീരിയൽ പ്രൊട്ടക്ഷൻ ക്യാമ്പുകൾ സ്ഥാപിച്ചു. 8 എണ്ണത്തിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

വനം വകുപ്പിൽ വനസംരക്ഷണപ്രവർത്തനങ്ങൾക്ക് പ്രധാന വെല്ലുവിളിയായ ആശയവിനിമയ സംവിധാനങ്ങളുടെ അപര്യാപ്തി പരിഹരിക്കാനും വനമേഖല മുഴുവനായി ബന്ധിപ്പിക്കത്തക്ക രീതിയിലുള്ള പ്രവൃത്തികൾ

നിറവേറ്റുവാനും ഡിജിറ്റൽ വയർലെസ് കമ്മ്യൂണിക്കേഷൻ നെറ്റ് വർക്ക് (Digital Wireless Communication Network) നടപ്പാക്കാൻ നടപടി സ്വീകരിച്ചു.

ഹൈക്കോടതിയിലെ വനം കേസുകളുടെ നടത്തിപ്പ് അവലോകനം ചെയ്യുന്നതിലേയ്ക്കായി 'ഹൈക്കോർട്ട് കേസ് മോണിറ്ററിംങ് സിസ്റ്റം' എന്ന സോഫ്റ്റ്വെയർ തയ്യാറാക്കി കേസുകളുടെ വിവരം അപ്ഡേറ്റ് ചെയ്തു വരുന്നു.

വനകൃത്യവിവരങ്ങൾ ഏകീകൃതമാതൃകയിൽ ശേഖരിക്കുന്നതിനും തുടർന്നുള്ള കേസ് അന്വേഷണം, ചാർജ്ജ് സമർപ്പിക്കൽ, വിചാരണ എന്നിവ വിലയിരുത്തുന്നതിനുമായി നൂതനസാങ്കേതികവിദ്യ ഉപയോഗിച്ച് HAWK (Hostile Activity Watch Kernel) എന്ന ഓൺലൈൻ മോഡ്യൂൾ വികസിപ്പിച്ചു.

വന്യമൃഗങ്ങളുടെ മരണവിവരം അറിയുന്ന വേളയിൽത്തന്നെ മേലുദ്യോഗസ്ഥരെ എസ്.എം.എസിലൂടെ അറിയിക്കുന്നതിനും, തുടർന്ന് തയ്യാറാക്കുന്ന മഹസ്സർ, ഫോട്ടോകൾ, മറ്റു രേഖകൾ എന്നിവ യഥാസമയം മേലോഫീസിലേയ്ക്ക് ഇ-മെയിൽ മുഖാന്തരം ലഭ്യമാക്കുന്നതിനും ഉപയോഗപ്രദമായ 'വൈൽഡ് ലൈഫ് ഡെത്ത് റിപ്പോർട്ടിംഗ് മോഡ്യൂൾ' വികസിപ്പിച്ചു.

പുന്നല, ഏഴംകുളം, കടമാൻപാറ, കുംഭാവുരുട്ടി, കക്കയം, പെരുവണ്ണാമൂഴി, പുൽപ്പള്ളി, വൈത്തിരി, മുണ്ടക്കൽ, നരിക്കടവ് എന്നീ സ്ഥലങ്ങളിൽ പുതുതായി 10 ഫോറസ്റ്റ് സ്റ്റേഷനുകൾ നിലവിൽവന്നു. കൂടാതെ വേങ്കൊല്ല, ആനപ്പാറ, ഊന്നുകൽ, അരുവിക്കാട്, വരന്തരപ്പള്ളി, വാളയാർ, ആനക്കാംപോയിൽ, കട്ടിലപ്പാറ സത്രം, കരിപ്പൂർ, അമ്പലപ്പാറ എന്നീ സ്ഥലങ്ങളിൽ പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചു. പുതിയ സ്റ്റേഷനുകളുടെ നടത്തിപ്പിനായി 99 പുതിയ തസ്തികകൾ അനുവദിച്ചു.

319.50401 ഹെക്ടർ വനഭൂമി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വനനിയമം സെക്ഷൻ (4) പ്രകാരം പ്രൊപ്പോസ്ഡ് റിസർവ്വ് വനമായി പ്രഖ്യാപിച്ചു. വനം വകുപ്പ് പാട്ടത്തിന് നല്കിയ സ്ഥലങ്ങൾ സംബന്ധിച്ച് വിവര ശേഖരണം നടത്തി ക്രോഡീകരിക്കുതിനുള്ള ലീസ് മോഡ്യൂളിന് രൂപം നല്കി നടപ്പിലാക്കി. വനാതിർത്തി സർവ്വേ ചെയ്യുന്നതിന് ഉദ്യോഗസ്ഥരുടെ കുറവ് പരിഗണിച്ച് ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തലത്തിലുള്ള 240 ജീവനക്കാർ 8 ബാച്ചുകളിലായി പരിശീലനം വിജയകരമായി പൂർത്തിയാക്കി വനാതിർത്തിസർവ്വേ ജോലികൾ നിറവേറ്റുന്നു.

വനം വകുപ്പിലെ സംരക്ഷണവിഭാഗ ജീവനക്കാർക്ക് നല്കുന്ന വകുപ്പുതലപരിശീലനത്തിന്റെ സിലബസ് പരിഷ്ക്കരിച്ചുവരുന്നു. വനംവകുപ്പിന്റെ കൈവശമുള്ളതും കേരളത്തിന്റെ വനഭൂമിയെ സംബന്ധിച്ചുള്ളതുമായ സർവ്വെസ്കെച്ചുകളും അനുബന്ധരേഖകളും ഭദ്രമായി സൂക്ഷിക്കുന്നതിന് കോഴിക്കോട് ഒരു കേന്ദ്രീകൃതസർവ്വേരേഖാമുറി സ്ഥാപിച്ചു.

വനങ്ങളെ കാട്ടുതീയിൽനിന്ന് സംരക്ഷിക്കുന്നതിനായി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ഡെറാഡൂണിലെ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ ഫയർ അലർട്ട് സിസ്റ്റം നടപ്പിലാക്കി. കാട്ടുതീസാദ്ധ്യത മുൻകൂട്ടി അറിയുവാൻ ഫയർ വാണിംഗ് സിസ്റ്റം നടപ്പിലാക്കി. അഗ്നിപ്രതിരോധപ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാനതലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവൃത്തിക്കുന്ന ഫയർ മോണിറ്ററിങ് സെല്ലിന്റെ പ്രവർത്തനം ആരംഭിച്ചു. കാട്ടുതീയിൽനിന്നുള്ള വനസംരക്ഷണപ്രവൃത്തികൾ വിലയിരുത്തുന്നതിനും മറ്റു വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുന്നതിനുമായി സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി രൂപവത്ക്കരിച്ച് പ്രവർത്തനം നടത്തിവരുന്നു. കാട്ടുതീ ഉണ്ടായാൽ എത്രയും വേഗം അണയ്ക്കുന്നതിലേക്കായി വനംവകുപ്പിന് ഫോറസ്റ്റ് മിനി ഫയർ ടെന്റർ വാഹനങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു.

ജനങ്ങളെ ബോധവത്ക്കരിക്കുന്നതിലേക്ക് ക്ലാസ്സുകൾ, ഡോക്യുമെന്ററികളുടെ പ്രദർശനം, പോസ്റ്റർ, ബാനർ വിതരണം, റാലികൾ തുടങ്ങിയവ നടത്തുന്നു. കൂടാതെ അത്യാവശ്യം വേണ്ട പ്രദേശങ്ങളിൽ ഫയർലൈൻ തെളിച്ചും ഫയർ ഗ്യാങ്ങുകളെയും ഫയർ വാച്ചർമാരെയും നിയോഗിച്ച കാട്ടുതീയിൽനിന്നു വനമേഖലയെ സംരക്ഷിച്ചുവരുന്നു.

വയനാട് ജില്ലയിൽ പന്നൽച്ചെടികളുടെ സംരക്ഷണവും പ്രദർശനവും ലക്ഷ്യമാക്കിയുള്ള ഫേർണറിയുടെ പ്രവർത്തനം തുടങ്ങി. മനുഷ്യ-വന്യജീവിസംഘർഷം ലഘൂകരിക്കൽ, കാട്ടുതീ പ്രതിരോധം, മറ്റു വനസംരക്ഷണ/പരിപാലന പ്രവൃത്തികൾ എന്നിവയ്ക്കായുള്ള ജീവനക്കാരുടെ യാത്ര വേഗവും സുഗമവും ആക്കുക എന്ന ലക്ഷ്യത്തോടെ, ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 110 പുതിയ വാഹനങ്ങൾ നല്കി.

83 തടിയാവശ്യം നിറവേറ്റാൻ കാടിനു പുറത്ത് കാർഷികവനവല്ക്കരണം നടപ്പിലാക്കും. വനാവകാശനിയമം കർശനമായി നടപ്പിലാക്കും. തടിയിതരവനവിഭവങ്ങൾ ശേഖരിക്കാനും വിൽക്കാനുമുള്ള അവകാശം ആദിവാസികൾക്ക് ഉറപ്പാക്കും.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് വന്യജീവി സങ്കേതത്തിൽ അഞ്ച് സെറ്റിൽമെന്റുകളിലായി അർഹതയുള്ള 57 ആദിവാസികുടുംബങ്ങളെ പുനരധിവസിപ്പിച്ചു. വനാവകാശനിയമം കർശനമായി നടപ്പിലാക്കി. തടിയൊഴികെയുള്ള വനവിഭവങ്ങൾ ശേഖരിക്കാനും വില്ക്കാനുമുള്ള അവകാശം ആദിവാസികൾക്ക് ഉറപ്പാക്കി. 31-01-2018 വരെ വ്യക്തിഗതാവശ്യ

ങ്ങൾക്കായി വനാവകാശനിർണ്ണയക്കമ്മിറ്റി ശുപാർശ ചെയ്ത 35,387 അപേക്ഷകളിൽ 906 എണ്ണം പാസ്സാക്കി. ആകെ 25,109 വനാവകാശരേഖകൾ നല്കി. സാമൂഹികാവശ്യങ്ങൾക്കായി ലഭിച്ച 976 അപേക്ഷകളിൽ 7 എണ്ണത്തിന് ടൈറ്റിലുകൾ നല്കി. വികസനാവശ്യങ്ങൾക്കായി ലഭിച്ച 756 അപേക്ഷകളിൽ 464 എണ്ണത്തിൽ അവകാശം നല്കി. വനവാസികളുടെ ക്ഷേമം ലക്ഷ്യമാക്കി പങ്കാളിത്തവനപരിപാലനം ഊർജ്ജിതമായി നടപ്പിലാക്കി.

കുളത്തുപ്പുഴ, കോന്നി, വീട്ടൂർ, ചാലിയം, കണ്ണോത്ത്, പരപ്പ എന്നിവിടങ്ങളിലെ സർക്കാർ തടി ഡിപ്പോകളെ ചന്ദനത്തിന്റെ ചില്ലറ വിൽപ്പനകേന്ദ്രമായ അംഗീകൃത ഡിപ്പോകളായി ഉയർത്തി. ഗൃഹനിർമ്മാണത്തിനാവശ്യമായ തടി സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിന് സർക്കാർ തടി ഡിപ്പോകളിൽ ചില്ലറ വിൽപ്പന ആരംഭിച്ചു. വന്യജീവിസംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി വയനാട് ജില്ലയിലെ ചെട്ടിയാലത്തൂർ സെറ്റിൽമെന്റിലെ അർഹരായ 100 ഗുണഭോക്താക്കളെ പുനരധിവസിപ്പിച്ചു.

അട്ടപ്പാടിയിലെ ചന്ദനമരങ്ങളുടെ സ്വാഭാവികപുനരുജ്ജീവനം ഉറപ്പു വരുത്തുന്നതിന് മറയൂർ ചന്ദന റിസർവ്വിന് നല്കുന്ന രീതിയിൽ സംരക്ഷണം നല്കുന്നതിന് പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കി നടപ്പിലാക്കിവരുന്നു. തടിയധിഷ്ഠിതവ്യവസായങ്ങളുടെ ലൈസൻസിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം ആരംഭിക്കാനുള്ള പ്രവൃത്തികൾ ആരംഭിച്ചു.

84 വനങ്ങൾക്ക് പുറമെ കണ്ടൽക്കാടുകൾ, കാവുകൾ, നദിതീരസ്വാഭാവികസസ്യജാലങ്ങൾ, ജലാശയങ്ങളുടെ വാഹകപ്രദേശങ്ങൾ തുടങ്ങിയവയൊക്കെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കും. പൊതുവു ടമസ്ഥതയിൽ ലഭ്യമായ മറ്റ് എല്ലാ ഉചിതമായ പ്രദേശങ്ങളിലും വനവത്ക്കരണത്തിനും ഹരിതവത്ക്കരണത്തിനും തേദ്ദശഭരണസ്ഥാപനതലത്തിൽ പരിപാടി ആവിഷ്കരിക്കും.

അമൂല്യങ്ങളായ വനങ്ങളുടെ പ്രത്യേകതകൾ ജനങ്ങൾക്ക് അറിയുവാനും, വനാശ്രിതസമൂഹത്തിന്റെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാനും സഹായിക്കുന്ന പങ്കാളിത്ത ഇക്കോ ടൂറിസം പരിപാടികൾ വിജയകരമായി നടപ്പിലാക്കി. ഹരിതകേരളം മിഷന്റെ ഭാഗമായി വനത്തിനുള്ളിലെ ജലാശയങ്ങളും നദികളും മാലിന്യമുക്തമാക്കുതിനുള്ള നടപടികൾ കൈക്കൊണ്ടു. 169 കുളങ്ങൾ വൃത്തിയാക്കി. നൂറുകണക്കിന് ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കാനും സംരക്ഷിക്കാനും നടപടികളെടുത്തു.

വനത്തിനുള്ളിൽ 350 ചെക്ക് ഡാമുകൾ നിർമ്മിച്ചു. വൃക്ഷലതാദികളുടെ പുഷ്ടിയോടുള്ള വളർച്ചയ്ക്കും വന്യജീവികൾക്ക് ആവശ്യത്തിന് കുടിനീരിന്റെ ലഭ്യത വർദ്ധിപ്പിക്കാനും പുതിയ ചെക്ക്ഡാമുകൾ സഹായകരമായി.

72.05 ലക്ഷം വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്തു. കാസർകോട്, തൃശ്ശൂർ, പാലക്കാട്, ഇടുക്കി, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലായി 316 ഹെക്ടർ സ്ഥലം റിസർവ്വ് വനമായി പ്രഖ്യാപിച്ചു. ഇതിൽ 58 ഹെക്ടർ സ്ഥലം കണ്ടൽക്കാടുകളാണ്. കണ്ടൽക്കാടുകൾ സംരക്ഷിക്കാനായി 4000 രൂപ നിരക്കിൽ ധനസഹായം നല്കിവരുന്നുണ്ട്. കാവു സംരക്ഷണത്തിനായി തെരഞ്ഞെടുത്ത കാവുകൾക്ക് ധനസഹായം നല്കിവരുന്നു.

ജലായാനം എന്ന പദ്ധതിയിലൂടെ തണ്ണീർത്തടങ്ങളുടെ പുനരുജ്ജീവനത്തിനും നദീതീരസ്വാഭാവികസസ്യജലാങ്ങളുടെയും ജലജന്യസസ്യജാലങ്ങളുടെയും സംരക്ഷണത്തിനും തുടക്കം കുറിച്ചു. ഇതിനുപുറമെ, ശാസ്ത്രസാങ്കേതികവകുപ്പു മുഖാന്തരവും കാവുകളുടെ സംരക്ഷണത്തിന് ധനസഹായം നല്കിവരുന്നു.

നെടുമ്പാശ്ശേരിയിലെ 'സുവർണ്ണോദ്യാനം ബയോളജിക്കൽ പാർക്ക് താമരപ്പൂക്കൾ വിരിയുന്ന തണ്ണീർത്തടങ്ങൾ, ഉൾവനത്തിൽ നിന്നുള്ള ഓർക്കിഡ്, പന്നൽ ചെടികളുടെ (ഫേൺസ്) ശേഖരം, ഔഷധസസ്യങ്ങൾ, റോസ്ഗാർഡൻ, ബാംബൂ ഹട്ടുകൾ, വിവിധയിനം മുളകൾ എന്നിവ ഉൾപ്പെടുന്ന പശ്ചിമഘട്ടത്തിന്റെ തനതായ സസ്യവൈവിധ്യവിജ്ഞാനോദ്യാനം സജ്ജീകരിക്കുകയും പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തു. വനസംരക്ഷണസമിതികളുടെ സഹകരണത്തോടെ ഇക്കോ ടൂറിസം പ്രവർത്തനങ്ങളും ഇവിടെ ആരംഭിച്ചു.

'ഗ്രീൻ ഇന്ത്യ മിഷൻ' പദ്ധതിയിൽ അഗ്രോ ഫോറസ്ട്രി, തണ്ണീർത്തടസംരക്ഷണം, ശുദ്ധജലസുരക്ഷ എന്നിവയ്ക്ക് പ്രത്യേക പരിഗണന നല്കി പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഫീൽഡ് മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വനഭൂപടങ്ങൾ തയ്യാറാക്കുന്ന പദ്ധതി ആരംഭിച്ചു. 34 വനം ഡിവിഷനുകളുടെ വനഭൂപടം തയ്യാറാക്കി. സംരക്ഷണജീവനക്കാർക്ക് ഫീൽഡിൽ കൊണ്ടുപോകാൻ ഉതകുന്നതരത്തിലുള്ള പോക്കറ്റ് മാപ്പുകൾ നല്കി. വനമേഖലയിൽ ജല സംരക്ഷണത്തിനായി സ്വാഭാവികവും മനുഷ്യനിർമ്മിതവുമായ ജല സ്രോതസ്സുകൾ കണ്ടെത്തി, പരിചരണ/സംരക്ഷണപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി.

കുളത്തുപ്പുഴയിലെ സഞ്ജീവനി വനത്തിന്റെ പുനരുദ്ധാരണം നടത്തി പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. വനംവകുപ്പിന്റെ അധീനതയിലുള്ള എല്ലാ ഔഷധസസ്യത്തോട്ടങ്ങളും പുനരുദ്ധരിക്കുവാനുള്ള സമഗ്രപദ്ധതിയ്ക്ക് രൂപം നല്കി നടപ്പാക്കിവരുന്നു. ജൈവവൈവിദ്ധ്യം, വനസംരക്ഷണം എന്നീ മേഖലയിൽ ജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുക ലക്ഷ്യമാക്കി കാസർഗോഡ് പരപ്പയിൽ പ്രകൃതിപഠനകേന്ദ്രം പ്രവർത്തനം ആരംഭിച്ചു.

ഇക്കോ ടൂറിസം സെന്ററുകളെയും വനം ഉല്പന്നങ്ങളെയും

സംബന്ധിച്ച വിവരങ്ങൾ, നൂതനപദ്ധതികൾ, ജനങ്ങളുടെ പരാതികൾ, അഭിപ്രായങ്ങൾ എന്നിവ സ്വീകരിക്കുന്നതിനുള്ള സംവിധാനം, ഇ-ലേലം, ഇ-ടെണ്ടർ, വകുപ്പുതല വാർത്തകൾ, അറിയിപ്പുകൾ, വകുപ്പിന്റെ നിലപാടുകൾ എന്നിവ പ്രസിദ്ധീകരിക്കുന്നതിനുള്ള സംവിധാനം, ജീവനക്കാരുടെ വിവരം, ബന്ധപ്പെടേണ്ട ടെലിഫോൺ നമ്പരുകൾ, പ്രകൃതിപഠനക്യാമ്പ് സംബന്ധിച്ച വിവരങ്ങൾ, ജിയോ പോർട്ടൽ എന്നിവ ഉൾപ്പെടുത്തി കേരള വനം വകുപ്പ് വെബ്സൈറ്റ് പരിഷ്കരിച്ചു

കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനായി കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ 5001 ഹെക്ടർ കണ്ടൽക്കാടുകളെ കൂടി റിസർവ്വ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. നദികളുടെയും പുഴകളുടെയും മലിനീകരണം ഒഴിവാക്കാൻ ലക്ഷ്യമാക്കിയുള്ള 'പുഴയോരസംരക്ഷണപദ്ധതി' പ്രകാരം നദിയോരങ്ങളിൽ മുളവത്ക്കരണം നടപ്പിലാക്കി. 'മിഷൻ ഗ്രീൻ ശബരിമല' പദ്ധതിയുടെ ഭാഗമായി പൂങ്കാവനവും നടപ്പാതകളും മാലിന്യമുക്തമാക്കാൻ നടപടിയെടുത്തു.

ഇക്കോ ടൂറിസം കേന്ദ്രങ്ങൾ, വന്യജീവിസംരക്ഷണകേന്ദ്രങ്ങൾ എന്നിവ പ്ലാസ്റ്റിക് വിമുക്തമാക്കുവാൻ മാതൃകാപരമായ നടപടികളെടുത്തു. ശബരിമല പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനുള്ള നടപടികൾ വിജയത്തിലേക്ക്. 'മാലിന്യമുക്തകേരളം പദ്ധതി' യുടെ ഭാഗമായി ഇക്കോടൂറിസം മേഖലകളിലും മറ്റു വനമേഖലകളിലും മാലിന്യം നിക്ഷേപിക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി യഥാസമയം ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് 'പ്രോജക്ട് ഗ്രീൻ ഗ്രാസ് പദ്ധതി'-ക്കു രൂപരേഖ തയ്യാറാക്കി.

85 സംസ്ഥാനത്തെ എല്ലാ നിർമ്മാണവസ്തുക്കളുടെയും ആവശ്യവും ലഭ്യതയും കണക്കിലെടുക്കുന്ന ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കും. നിർമ്മാണവസ്തുക്കൾ കഴിയുന്നിടത്തോളം പുനരുപയോഗിക്കുന്ന രീതിയും പ്രോത്സാഹിപ്പിക്കും.

മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ല. നിർമ്മാണവസ്തുക്കൾ പരമാവധി പുനരുപയോഗിക്കുന്ന പദ്ധതികൾക്കു സംസ്ഥാനത്തു തുടക്കംകുറിച്ചു. നിലവിലുള്ള റോഡ് പൊളിച്ചെടുത്ത് അതേ സാധനങ്ങൾ വീണ്ടും ഉപയോഗിച്ച് അനിവാര്യമായ ടാർ മാത്രം കൂട്ടിച്ചേർത്തു നിർമ്മാണത്തിന് ഉപയോഗിക്കുന്ന രീതി നടപ്പാക്കി. ജർമ്മൻ സാങ്കേതികവിദ്യയായ ഫുൾ ഡെപ്ത് റിക്ലമേഷൻ യന്ത്രങ്ങൾ ഉപയോഗിച്ച് റീ സൈക്കിൾഡ് സോയിൽ സ്റ്റബിലൈസഡ് സബ്ബേസ് തയ്യാറാക്കി 5.90 കിലോമീറ്റർ റോഡ് പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിച്ചു. പ്ലാസ്റ്റിക് മാലിന്യം സംസ്കരിച്ച് ഉപയോഗിച്ച് 170 കിലോമീറ്റർ റോഡ് പണിതീർത്തു.

86 തീരനിയന്ത്രണനിയമം മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾകൂടി കണക്കിലെടുത്ത് പുതുക്കും. തീരദേശഅതോറിറ്റിയുടെ പ്രവർത്തനം വികേന്ദ്രീകരിക്കും. അവയുടെ പ്രവർത്തനം സുതാര്യമാകുമെന്ന് ഉറപ്പുവരുത്തും.

ജില്ലാകളക്ടർ അദ്ധ്യക്ഷനായ ജില്ലാതല തീരദേശ മാനേജ്മെന്റ് സമിതികളുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന തീരദേശ മാനേജ്മെന്റ് അതോറിറ്റി മത്സ്യത്തൊഴിലാളിഭവനങ്ങൾക്ക് തീരദേശനിയന്ത്രണനിയമം ബാധകമായ മേഖലകളിൽ ഭവനനിർമ്മാണത്തിന് ഇളവുകൾ നല്കാൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തി തീരദേശനിയന്ത്രണനിയമത്തിലെ വികസനരഹിതമേഖലയുടെ വ്യാപ്തി 200 മീറ്ററിൽ നിന്ന് 50 മീറ്റർ ആയി കുറച്ചുകൊണ്ട് സി.ആർ.ഇസഡ് നിയമം ഭേദഗതി ചെയ്യപ്പെട്ടത് മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിന് സഹായകമായിട്ടുണ്ട്.

87 പബ്ലിക് ട്രാൻസ്പോർട്ട് സംവിധാനം പ്രോത്സാഹിപ്പിക്കും. സുസ്ഥിരഗതാഗതസംവിധാനങ്ങൾക്കു മുൻഗണന നല്കും.

സ്വകാര്യവാഹനങ്ങളുടെ പെരുപ്പം നിയന്ത്രിക്കുന്നതിനായി കൂടുതൽ സ്റ്റേജ് കാര്യേജ് ബസ്സുകൾ ഓടിക്കുന്നതിനുള്ള വിവിധ നടപടികൾ സ്വീകരിച്ചു. പൊതുഗതാഗതത്തിനുള്ള വാഹനങ്ങൾക്ക് നികുതി വർദ്ധിപ്പിക്കാതെ പഴയ നിരക്ക് തുടരുകയും സ്വകാര്യവാഹനങ്ങളുടെ നികുതി വർദ്ധിപ്പിക്കുകയും ചെയ്തു.

2018-ലെ കേരളാ മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ നിയമസഭയിൽ അവതരിപ്പിച്ചു. സംസ്ഥാനത്തെ പ്രധാന നഗരപ്രദേശങ്ങളെ അർബൻ മൊബിലിറ്റി പ്രദേശങ്ങളായി കണക്കാക്കുന്നതിനും നഗരഗതാഗതത്തിന്റെ ആസൂത്രണം, മേൽനോട്ടം, ഏകോപനം, വികസനം, നിയന്ത്രണം എന്നിവയ്ക്കും നഗരപ്രദേശങ്ങളിലുള്ള ഗതാഗതവുമായി ബന്ധപ്പെട്ട മറ്റ് സേവനങ്ങൾക്കും വേണ്ടി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റികൾ രൂപവത്ക്കരിക്കുക എന്നതാണ് ബില്ലിന്റെ ഉദ്ദേശ്യം. ബിൽ വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയമസഭയുടെ സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്.

പൊതുഗതാഗതസംവിധാനം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജ് ബസ്സുകളുടെ കാലദൈർഘ്യം 15 വർഷത്തിൽനിന്ന് 20 വർഷം ആക്കുകയും അവ ഇലക്ട്രിക് ബസ്സുകളാക്കി മാറ്റുന്നതിനുള്ള സാവകാശം നല്കുകയും ചെയ്തു. കെ.എസ്.ആർ.ടി.സിയുടെ ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് സർവ്വീസിന് ഉപയോഗിക്കാവുന്ന ബസ്സുകളുടെ കാലദൈർഘ്യം 5 വർഷത്തിൽനിന്ന് 7 വർഷമായി വർദ്ധിപ്പിച്ചു.

ഇലക്ട്രിക് വാഹന നയം സർക്കാർ അംഗീകരിച്ചു. ഓട്ടോറിക്ഷ, ബസ്സുകൾ, ബോട്ടുകൾ എന്നിവ വൈദ്യുതവാഹന

ങ്ങളായി ഘട്ടംഘട്ടമായി മാറ്റുന്നതിന് ലക്ഷ്യമിടുന്നു. ആദ്യഘട്ടമായി തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം ജില്ലകളിൽ പുതിയ ഓട്ടോ പെർമിറ്റുകൾ വൈദ്യുതഓട്ടോകൾക്ക് മാത്രമായി ഇനി നല്കുക. വൈദ്യുതവാഹനങ്ങൾ ചാർജ് ചെയ്യാനുള്ള അടിസ്ഥാന സൗകര്യം കെ.എസ്.ഇ.ബി ഏർപ്പെടുത്തുകയും ഒരു യൂണിറ്റ് വൈദ്യുതി ചാർജ് 5.50 ആയി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി 10 വൈദ്യുത ബസുകൾ പമ്പ-നിലയ്ക്കൽ റൂട്ടിൽ വിജയകരമായി പരീക്ഷിച്ചു. തിരുവനന്തപുരം നഗരത്തിലെ മൊത്തം കെ.എസ്.ആർ.ടി.സി ബസുകളും ഈ വർഷം വൈദ്യുത ബസുകളായി മാറും.

88 ശബ്ദമലിനീകരണത്തിനെതിരെ സമഗ്രമായ നിയന്ത്രണങ്ങൾ കൊണ്ടുവരും.

ഇതു സംബന്ധിച്ച് വിശദമായ കാമ്പയിൻ നടത്തിയിട്ടുണ്ട്. ശബ്ദമലിനീകരണം നിയന്ത്രിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തുടർനടപടികളും സ്വീകരിച്ചുവരുന്നു.

89 എല്ലാ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും ജൈവവൈവിദ്ധ്യരജിസ്റ്റർ തയ്യാറാക്കും. നിലവിലുള്ളവ ശാസ്ത്രീയമായി പുതുക്കി സമ്പൂർണ്ണമാക്കും. ഇതിന്റെ അടിസ്ഥാനത്തിൽ ജൈവവൈവിദ്ധ്യം വർദ്ധിപ്പിക്കാൻ സമയബന്ധിതപരിപാടി തയ്യാറാക്കും.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ജനപങ്കാളിത്തത്തോടെ ജൈവവൈവിദ്ധ്യരജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്.

90 എൻഡോസൾഫാൻ ദുരിതബാധിതരെ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കും.

എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സജീവ ഇടപെടൽ ഉണ്ടായി. എൻഡോസൾഫാൻ ദുരിതബാധിതരുടെ 50,000 മുതൽ 3 ലക്ഷം രൂപവരെയുള്ള കടബാധ്യതകൾ എഴുതിത്തള്ളാൻ നടപടി സ്വീകരിച്ചു. ഇതിനായി 7 കോടിയോളം രൂപയാണ് അനുവദിച്ചത്. എൻഡോസൾഫാൻ ദുരിതബാധിതർക്ക് ധനസഹായത്തിന് 9.35 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2017 ൽ നടത്തിയ മെഡിക്കൽ ക്യാമ്പ് വഴി ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തിയ 279 പേർക്ക് ഈ തുക ലഭിക്കും. ഈ ക്യാമ്പിൽനിന്നു കണ്ടെത്തിയ ദുരിതബാധിതപട്ടികയിൽ ഉൾപ്പെടാത്ത 657 പേർക്ക് സൗജന്യചികിത്സാ സഹായം അനുവദിച്ചിട്ടുണ്ട്. ദുരിതബാധിതർക്കുള്ള മൂന്നാം ഗഡു അനുവദിക്കുന്നതിനായി 56.76 കോടി രൂപ സർക്കാർ അനുവദിച്ചിരുന്നു.

എൻഡോസൾഫാൻ ദുരിതബാധിതർക്ക് വൈദ്യുതി സൗജന്യമാക്കി. ഈ മേഖലയിൽ കൂടുതൽ ബഡ്സ് സ്കൂളുകൾ ആരംഭിച്ചു. കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളെജ് നിർമ്മാണപ്രവർത്തനവും ആരംഭിച്ചു. രണ്ടു വർഷത്തിനകം മെഡിക്കൽ കോളെജ് യാഥാർത്ഥ്യമാക്കാനാണ് ശ്രമം. എൻഡോസൾഫാൻ ദുരിതബാധിതർക്ക് പുനരധിവാസഗ്രാമം നിർമ്മിക്കാനുള്ള പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോവുകയാണ്. കാസർകോട് ജില്ലയിലെ മുളിയാർ വില്ലേജിൽ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. നിർമ്മാണപ്രവർത്തനങ്ങൾക്കായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സാമൂഹികസേവന മേഖലയിൽ അടിസ്ഥാനസൗകര്യങ്ങളൊരുക്കാൻ 233 പദ്ധതികൾക്ക് ഭരണാനുമതി നല്കി. ഇതിൽ 199 എണ്ണം പൂർത്തിയാക്കിക്കഴിഞ്ഞു. എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കാൻ 20 കോടി രൂപ ഈ ബജറ്റിൽ സർക്കാർ നീക്കിവച്ചിട്ടുമുണ്ട്.

91 പ്ലാച്ചിമടയിലെ ജലചൂഷണവുമായി ബന്ധപ്പെട്ട് സംസ്ഥാനനിയമസഭ അംഗീകരിച്ച നിയമം നടപ്പിലാക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തും.

സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്.

പരമ്പരാഗത വ്യവസായങ്ങൾ

കയർ

92 a. രണ്ടാം കയർ പുനഃസംഘാടനസ്കീമിനു രൂപം നല്കും.

രണ്ടാം കയർ പുനഃസംഘാടനം ആരംഭിച്ചു. യന്ത്രവത്കരണത്തിനും പരമ്പരാഗതതൊഴിൽസംരക്ഷണത്തിനും ഊന്നൽ. കയർ സംഭരണവും കയർ വിൽപ്പനയും ഇരട്ടിയാക്കി. 2015-16 ൽ കയർഫെഡിന്റെ കയർ സംഭരണം 78,820 ക്വിന്റൽ ആയിരുന്നത് 2019 മാർച്ചിൽ 1,55,000 ക്വിന്റലായി ഉയർന്നു. കയറിന്റെ വിൽപ്പന 59,738 ക്വിന്റലിൽനിന്ന് 1,49,319 ക്വിന്റലായി ഉയർന്നു. കയർ ഭ്രവസ്തുനിർമ്മാണത്തിൽ പുത്തൻ ഉണർവ്.

എൻസിഡിസി സഹായത്തോടെയുള്ള കയർ പുനഃസംഘാടനപരിപാടി ഊർജ്ജിതമായി മുന്നേറുന്നു. 200 കോടിയുടെ സഹായം ലഭിച്ചു. മൂന്ന് ഘടകങ്ങളാണ് എൻസിഡിസി പദ്ധതിയുടെ ഭാഗമായി നടക്കുന്നത്. ഒന്ന്, ചകിരി ഉൽപ്പാദനത്തിൽ വലിയ തോതിൽ സ്വാശ്രയത്വം കൈവരിക്കുക. രണ്ട്, കയർപിരി മേഖല ഇലക്ട്രോണിക് റാട്ടുകളുടെയും ഓട്ടോമാറ്റിക് സ്പിന്നിംഗ് മില്ലുകളുടെയും അടിസ്ഥാനത്തിൽ സമ്പൂർണ്ണമായി പുനഃസംഘടിപ്പിക്കുക. മൂന്ന്, കയർ വ്യവസായത്തെ പുത്തൻ ഉൽപ്പന്നങ്ങളിലേയ്ക്ക് കൈപിടിച്ച് ഉയർത്തുക.

ഈ മൂന്ന് മേഖലകളിലും പ്രവർത്തനം ഊർജ്ജിതമായി മുന്നേറുകയാണ്.

b. കയർ സംഘങ്ങളുടെയും നാളികേര ഉത്പന്ന പ്രൊഡ്യൂസർ കമ്പനികളുടെയും ആഭിമുഖ്യത്തിൽ കേരളത്തിലെ 30 ശതമാനം തൊണ്ടെങ്കിലും സംഭരിച്ച് ചകിരി ഉത്പാദിപ്പിക്കും. ഇതിന് ആവശ്യമായ സബ്സിഡി നല്കും.

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 100 പുതിയ ചകിരിമില്ലുകൾ കേരളത്തിനകത്ത് സ്ഥാപിച്ചു. സഹകരണസംഘങ്ങൾ, നാളികേര ഉൽപ്പാദന കമ്പനികൾ, സ്വകാര്യസംരംഭകർ, കയർ സംഘങ്ങളുടെ കൺസോർഷ്യം തുടങ്ങി എല്ലാ സാധ്യതകളും ചകിരിമില്ലുകൾ സ്ഥാപിക്കുന്നതിന് ഉപയോഗപ്പെടുത്തിവരുന്നു. പിരിസംഘങ്ങൾക്കായി കയർഫെഡ് വിതരണം ചെയ്യുന്ന ചകിരിയുടെ 22 ശതമാനം ഈ മില്ലുകളിലൂടെയുള്ള ആഭ്യന്തരോൽപ്പാദനമാണ്. 2019-20 സാമ്പത്തികവർഷത്തിൽ ഇത് 50-60 ശതമാനമാക്കി ഉയർത്താനാണ് ലക്ഷ്യമിടുന്നത്.

93 **സമൂലമായ മാറ്റം വരേണ്ടുന്ന മേഖല കയർപിരി സംഘങ്ങളുടെ പ്രവർത്തനമാണ്. നിലവിലുള്ള സംഘങ്ങൾ പരിശോധിച്ച് പുനരുജ്ജീവിപ്പിക്കാൻ സാദ്ധ്യമല്ലാത്തവ അവസാനിപ്പിക്കും. ദുർബ്ബലമായ സംഘങ്ങളെ സംയോജിപ്പിക്കാനുള്ള നടപടി സ്വീകരിക്കും. അവരുടെ വായ്പകൾ ഷെയറാക്കും. പലിശ എഴുതിത്തള്ളും. വിനിയോഗിക്കപ്പെടാത്ത ആസ്തികൾ ഫലപ്രദമായി ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യം നല്കും.**

കയർ സഹകരണസംഘങ്ങളുടെ പുനഃസംഘാടനം ആരംഭിച്ചു. പ്രവർത്തനമൂലധനം, മാനേജീരിയൽ സബ്സിഡി, സഹകരണസംഘം ജീവനക്കാർക്കുള്ള വിരമിക്കൽ ആനുകൂല്യം എന്നിവ ലഭ്യമാക്കി.

94 **കയർമേഖലയിൽ യന്ത്രവൽക്കരണം നടപ്പാക്കും. ആധുനിക ഡീഫൈബറിങ് യന്ത്രങ്ങൾ, ഓട്ടോമാറ്റിക് സ്പിന്നിങ് യന്ത്രങ്ങൾ, ടഫ്റ്റിംങ് തുടങ്ങിയ യന്ത്ര സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കും. നിലവിലുള്ള തൊഴിലാളികൾക്ക് സർക്കാർ സമ്പൂർണ്ണസുരക്ഷ ഉറപ്പുവരുത്തും.**

കയർ പുനഃസംഘാടത്തിന്റെ സുപ്രധാനഘടകം യന്ത്രവത്കരണവും ആധുനികീകരണവുമാണ്. ഡീഫൈബറിങ് മില്ലുകൾ വ്യാപകമായി സ്ഥാപിച്ചുതുടങ്ങി. 100 എണ്ണം പ്രവർത്തനം ആരംഭിച്ചു. 500 എണ്ണമാണ് ലക്ഷ്യമിടുന്നത്. കയർ സഹകരണസംഘങ്ങളിൽ ഓട്ടോമാറ്റിക് കയർപിരിയന്ത്രങ്ങൾ ഫാക്ടറിയടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് തുടക്കമായിട്ടുണ്ട്. പരമ്പരാഗത റാട്ടുകൾ മുഴുവൻ മാറ്റി ഇലക്ട്രോണിക്ക് റാട്ടുകളാക്കി മാറ്റുന്ന പ്രവർത്തനം അതിദ്രുതം പുരോഗമിക്കുന്നു. 10,000 ഇലക്ട്രോണിക് റാട്ടുകളും 5,000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മില്ലുകളും ലക്ഷ്യംവച്ചാണ് പ്രവർത്തനം പുരോഗമിക്കുന്നത്. യന്ത്രങ്ങളുടെ ഉയർന്ന ആവശ്യകത പരിഗണിച്ച് കയർ യന്ത്രനിർമ്മാണ ഫാക്ടറിയുടെ ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. മെഷീൻ ഫാക്ടറി ഡിസൈൻ ചെയ്ത ചകിരിമില്ലുകളുടെയും ഓട്ടോമാറ്റിക് സ്പിന്നിംഗ് മില്ലുകളുടെയും ഉണനിലവാരം മെച്ചപ്പെടുത്തുന്നതിനും സ്റ്റാൻഡേർഡൈസേഷനുമുള്ള നടപടികളും ഇതിനോടൊപ്പം പുരോഗമിക്കുന്നു. വ്യാവസായികാടിസ്ഥാനത്തിൽ കയർ പിത്ത് ഉപയോഗിക്കുന്നതിനുള്ള പരിശ്രമങ്ങളും ഫലം കണ്ടുതുടങ്ങി. കയർ കോമ്പോസിറ്റ് നിർമ്മാണം അത്യധികം പ്രതീക്ഷാനിർഭരമായ ദിശയിലേയ്ക്ക് വളരുകയാണ്. ഈ വർഷം അത് ഫലപ്രാപ്തിയിലെത്തും. അതുവഴി സാമൂഹ്യസുരക്ഷ ഉറപ്പാക്കാനാവും.

95 **സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന കയർ മിനിമം കൂലി ഉറപ്പുവരുത്തി കയർ ഫെഡും കയറുൽപന്നങ്ങൾ കയർ കോർപ്പറേഷനും വാങ്ങും. ഈ കയർ കയറ്റുമതിക്കാർക്കും ആഭ്യന്തരവ്യാപാരികൾക്കും വ്യവസായികൾക്കും വിൽക്കുമ്പോഴുണ്ടാകുന്ന നഷ്ടം സർക്കാർ വഹിക്കും. ഇതുവഴി കൈത്തൊഴിലുകാരുടെ വരുമാനം ഉറപ്പുവരുത്താനാകും.**

കയർ കയർ ഫെഡ്സും കയറുല്പന്നങ്ങൾ കയർ കോർപറേഷനും സംഭരിക്കുന്നു. കയർ സംഭരണത്തിൽ യുഡിഎഫ് കാലത്തേതിൽനിന്നു 100 ശതമാനം വളർച്ച കൈവരിച്ചു. കയറുൽപ്പന്നസംഭരണത്തിൽ കയർ കോർപ്പറേഷൻ 70 ശതമാനം വളർച്ച കൈവരിച്ചു. കയർ കോർപ്പറേഷന്റെ വിറ്റുവരവ് 175 കോടി രൂപയായി കുതിച്ചുയർന്നു.

96 **കയർ ഫെഡിന്റെ തകർച്ചയാണ് വ്യവസായത്തിന്റെ സ്ഥിതി ഇതുപോലെ പരിതാപകരമാകാൻ വഴിയൊരുക്കിയത്. കയർ ഫെഡിന്റെ കടബാദ്ധ്യതകൾ എഴുതിത്തള്ളി പുതിയ ധർമ്മങ്ങൾ നിർവ്വഹിക്കാൻ പര്യാപ്തമാക്കും.**

കയർ ഫെഡ് തെരഞ്ഞെടുപ്പു നടത്തി പുതിയ ഭരണസമിതി അധികാരമേറ്റു. കയർ ഫെഡിന്റെ പുനഃസംഘാടനത്തിന് എൻസിഡിസി പദ്ധതിയിൽ പ്രത്യേക സഹായം അനുവദിച്ചു. ജില്ലാ സഹകരണബാങ്കിൽ കയർ ഫെഡിന് ഉണ്ടായിരുന്ന കടിശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ സർക്കാർ കൊടുത്തു ബാധ്യത ഒഴിവാക്കിയിട്ടുണ്ട്.

97 **a. വിദേശവിപണിയോടൊപ്പം ഇന്ന് ആഭ്യന്തര വിപണിയും പ്രധാനമാണ്. എൽ.ഡി.എഫ്. സർക്കാർ ആവിഷ്കരിച്ച "ഒരു വീട്ടിൽ ഒരു കയറുല്പന്നം" ക്യാമ്പയിനിനു വലിയ പ്രോത്സാഹനമാണു ലഭിച്ചത്. കയർ ജിയോടെക്സ്റ്റൈലിനെ ഒരു നിർ**

മ്മാണസാമഗ്രിയായി പൊതുമരാമത്ത് മാന്വലിൽ അംഗീകരിച്ചത് പ്രായോഗികമായി നടപ്പാക്കും.

ഹരിതകേരളം മിഷനുമായി ബന്ധപ്പെടുത്തി മണ്ണ -ജലസംരക്ഷണ പ്രവർത്തനങ്ങൾക്കു വ്യാപകമായി കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നു. 2017 'കയർ കേരള'യിൽ 120 കോടി രൂപയുടെ കയർ ഭൂവസ്ത്രത്തിന് ഓർഡർ ലഭിച്ചു. 2019 കയർ കേരളയിൽ പരമ്പരാഗത കയറുൽപ്പന്നങ്ങളുടെ ആഭ്യന്തരവിപണനം സംബന്ധിച്ച് ഫലപ്രദമായ കരാറിലേയ്ക്ക് എത്തും.

b. കയർ കയറ്റുമതി പ്രോത്സാഹിപ്പിക്കാൻ ക്വാളിറ്റി കണ്ട്രോൾ പുനഃസ്ഥാപിക്കാൻ കയർ ബോർഡും കേന്ദ്രസർക്കാവരും തയ്യാറാകണം. അതിനാവശ്യമായ സമ്മർദ്ദം ചെലുത്തും.

കയർ കയറ്റുമതി പ്രോത്സാഹിപ്പിക്കാൻ ക്വാളിറ്റി കൺട്രോൾ പുനഃസ്ഥാപിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിവരുന്നു.

കശുവണ്ടി

98 **a. കശുവണ്ടിത്തൊഴിലാളികൾക്കു വർഷം മുഴുവൻ തൊഴിൽ ഉറപ്പവരുത്താനുള്ള ഇടപെടൽ നടത്തും.**

കാഷ്യു കോർപ്പറേഷന്റെയും കാപ്പക്സിന്റെയും കീഴിലുള്ള നാൽപ്പത് ഫാക്ടറികളിൽ ജോലി ചെയ്യുന്ന മുഴുവൻ തൊഴിലാളികൾക്കും തൊഴിൽ ഉറപ്പു വരുത്തിയിട്ടുണ്ട്. അടഞ്ഞുകിടക്കുന്ന സ്വകാര്യഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിച്ച് തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

b. അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്നുപ്രവർത്തിക്കാനുള്ള നടപടികൾ കൈക്കൊള്ളും.

പൊതുമേഖലയിൽ അടഞ്ഞു കിടന്നിരുന്ന ഫാക്ടറികൾ തുറന്നിട്ടുണ്ട്. സ്വകാര്യ ഫാക്ടറികൾ മുഴുവനും തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള കാഷ്യു ഫാക്ടറീസ് അക്വിസിഷൻ ആക്ട് പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചതിനെ തുടർന്ന് ചില സ്വകാര്യ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

സ്വകാര്യവ്യവസായികളുടെ നിലവിലുള്ള വായ്പ പുനഃക്രമീകരിക്കുന്നതിന് പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കാനും നിലവിലുള്ള വായ്പ ദീർഘകാലവായ്പയാക്കി നിശ്ചയിക്കാനും പലിശ 9 ശതമാനമാക്കി ഏകീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രവർത്തനമൂലധനമായി നല്കുന്ന വായ്പയുടെ പലിശ ഒരു വർഷത്തേക്ക് സർക്കാർ ഏറ്റെടുക്കാനും വ്യവസായികൾ സർക്കാരിലടയ്ക്കേണ്ട നികുതി ബാദ്ധ്യതയ്ക്ക് ഒരു വർഷം മോറട്ടോറിയം പ്രഖ്യാപിക്കാനും തീരുമാനിച്ചിട്ടുണ്ട്. വ്യവസായത്തിനാവശ്യമായ തോട്ടണ്ടി കേരള കാഷ്യു ബോർഡ് എക്സ്ക്ലൂ അക്കൗണ്ട് അടിസ്ഥാനത്തിൽ ലഭ്യമാക്കാനും പരമാവധി വ്യവസായങ്ങൾക്ക് പ്രവർത്തനമൂലധനം ലഭ്യമാക്കാനും തീരുമാനിച്ചിട്ടുണ്ട്. ആസ്തിപുനരുദ്ധാരണ കമ്മിറ്റിക്ക് കൈമാറിയ വ്യവസായങ്ങളുടെയും ഒറ്റത്തവണ തീർപ്പാക്കാൻ നിശ്ചയിച്ച വ്യവസായങ്ങളുടെയും കാര്യത്തിൽ പുനഃപരിശോധന നടത്താനും തീരുമാനിച്ചിട്ടുണ്ട്.

2019 ഫെബ്രുവരി 26-ന് 30 സ്വകാര്യവ്യവസായികൾക്ക് അധികവായ്പയുടെ അനുമതിപത്രം വിതരണം ചെയ്തിട്ടുണ്ട്. മറ്റു വ്യവസായങ്ങൾക്കുള്ള പുനരുദ്ധാരണ പാക്കേജ് നടപ്പാക്കിവരികയാണ്. പുനരുദ്ധാരണ ത്തെക്കുറിച്ച് വിലയിരുത്തി റിപ്പോർട്ട് ചെയ്യാൻ നിയോഗിക്കപ്പെട്ട കമ്മിറ്റി വ്യവസായങ്ങളെ നേരിൽ കേൾക്കുന്ന നടപടിയും തുടർന്നുവരികയാണ്. വ്യവസായികളുടെ വായ്പയിന്മേൽ പലിശ നല്കുന്നതിനായി 2019-20 ബജറ്റിൽ 25 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്.

99 **കേരളത്തിലെ തോട്ടണ്ടിയുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കാതെ വ്യവസായത്തെ നിലനിർത്താനാവില്ല. ഇതിന് ഉത്പാദനക്ഷമത കൂടിയതും പന്തലിച്ചു വളരാത്തതുമായ കശുമാവിനങ്ങൾ പ്രോത്സാഹിപ്പിക്കും.**

കേരള സംസ്ഥാന കശുമാവു കൃഷി വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ ഉത്പാദനക്ഷമത കൂടിയതും പന്തലിച്ച് വളരാത്തതുമായ കശുമാവിനങ്ങൾ കൃഷി ചെയ്യുന്നതിനുള്ള വിപുലമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൃഷി, വനം, പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം, തദ്ദേശസ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളുമായി ചേർന്ന് എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങളാണ് നടത്തിവരുന്നത്. പ്രകൃതിക്ക് ദോഷകരമായ അക്കേഷ്യ ഉൾപ്പെടെയുള്ള മരങ്ങൾക്കു പകരം കശുമാവ് കൃഷി ചെയ്യുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട്. കാഷ്യു കോർപ്പറേഷന്റെയും കാപ്പക്സിന്റെയും അധീനതയിലുള്ള സ്ഥലങ്ങളിലും പൊതുമേഖലയിലും സ്വകാര്യമേഖലയിലുള്ള തരിശുഭൂമികളിലും നല്ലയിനം കശുമാവ് കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിൽ ഉത്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിച്ച് കാപ്പക്സിനും കാഷ്യു കോർപ്പറേഷനും ലഭ്യമാക്കാനും 2017 മുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി കേരളത്തിലെ കശുമാവ് കൃഷിക്കാർക്ക് അവരുടെ തോട്ടണ്ടിക്ക് നല്ല വില ലഭ്യമാക്കാനും സാധിച്ചിട്ടുണ്ട്.

100 **a. ഇറക്കുമതിയിലുണ്ടായിട്ടുള്ള അനാരോഗ്യപ്രവണതകൾ ഒഴിവാക്കും.**

പൊതുമേഖലയിലും സ്വകാര്യമേഖലയിലുമുള്ള ഫാക്ടറികൾക്ക് ആവശ്യമായ തോട്ടണ്ടി, തോട്ടണ്ടി ഉത്പാദക

രാജ്യങ്ങളിൽനിന്ന് ഇടനിലക്കാരില്ലാതെ നേരിട്ട് ഇറക്കുമതി ചെയ്യുന്നതിനും സംസ്കരിച്ച പരിപ്പ് വിപണനം ചെയ്യുന്നതിനും ഉദ്ദേശിച്ചുകൊണ്ട് കേരള കാഷ്യു ബോർഡ് ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപവത്ക്കരിച്ചിട്ടുണ്ട്. കമ്പനിയുടെ നേതൃത്വത്തിൽ തോട്ടണ്ടി ലഭ്യമാക്കിവരുന്നു.

ഇതിനകം 6000 മെടിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തു. വരുംമാസങ്ങളിൽ തുടർച്ചയായി തോട്ടണ്ടി ഇറക്കുമതി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ തുക കേരള കാഷ്യു ബോർഡിന് സർക്കാർ ഷെയർ ക്യാപ്പിറ്റൽ വിഹിതമായും 100 കോടി സർക്കാർ ഗ്യാരന്റിയിൽ സംസ്ഥാന സഹകരണബാങ്കിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. അധികമായി 250 കോടി രൂപ കൂടി സർക്കാർ ഗ്യാരന്റിയിൽ ബോർഡിന് ലഭ്യമാക്കാനും നടപടിയെടുത്തിട്ടുണ്ട്.

b. പൊതുമേഖലയിലെ തോട്ടണ്ടി ഇറക്കുമതിയിലെ നടപടിക്രമങ്ങൾ സമഗ്രമായി പരിശോധിച്ച് അവ കൂടുതൽ സുതാര്യവും അഴിമതിരഹിതവുമാക്കും. അഴിമതിക്കെതിരെ കർശന നടപടി സ്വീകരിക്കും.

കോർപ്പറേഷനും കാപ്പക്സിനും വേണ്ട തോട്ടണ്ടി സുതാര്യമായ രീതിയിലും ടെണ്ടർ നടപടിക്രമങ്ങൾ കർശനമായി പാലിച്ചുമാണ് ലഭ്യമാക്കിവരുന്നത്. എന്നാൽ പൊതുമേഖലാസ്ഥാപനങ്ങൾക്ക് ആവശ്യമായ തോട്ടണ്ടി ഇപ്പോൾ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച് കേരള കാഷ്യു ബോർഡ് ലഭ്യമാക്കിവരുന്നുണ്ട്. എം.ഒ.യു അടിസ്ഥാനത്തിൽ ഐവറി കോസ്റ്റിൽനിന്നും സെനഗലിൽനിന്നും അതാതിടത്തെ സർക്കാരുകൾ മുഖാന്തരം (G to G) തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളും അതിന്റെ അവസാനഘട്ടത്തിലാണ്.

c. തോട്ടണ്ടി ഇറക്കുമതി ചെയ്യ കച്ചവടം മാത്രം നടത്തുന്ന ട്രേഡേഴ്സിനെ വ്യവസായത്തിൽനിന്ന് ഒഴിവാക്കാനുള്ള കർശനനടപടി സ്വീകരിക്കും.

തോട്ടണ്ടിദൗർലഭ്യംമൂലം ഉണ്ടാകുന്ന അനിശ്ചിതാവസ്ഥ ബോർഡിന് പരിഹരിക്കാൻ കഴിയുമ്പോൾ മാത്രമേ കച്ചവടം മാത്രം നടത്തുന്ന ട്രേഡേഴ്സിനെ ഈ വ്യവസായത്തിൽനിന്ന് ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട തന്നെ പൊതുമേഖലാവ്യവസായങ്ങൾക്കും ചെറുകിടസ്വകാര്യവ്യവസായസ്ഥാപനങ്ങൾക്കും തടസ്സമില്ലാതെ ന്യായവിലയിൽ തോട്ടണ്ടി ലഭ്യമാക്കുന്നതിന വേണ്ടിയാണ് കേരള കാഷ്യു ബോർഡ് രൂപവത്ക്കരിച്ചത്. ബോർഡിന്റെ പ്രവർത്തനം പൂർണ്ണതോതിൽ എത്തിക്കുന്നതിലൂടെ ഇത് പരിഹരിക്കാൻ സാധിക്കും.

101 a. ലൈസൻസ് പുതുക്കി നല്കുമ്പോൾ തൊഴിലാളികൾക്ക് ആവശ്യമായ പശ്ചാത്തലസൗകര്യങ്ങളും സേവന-വേതനവ്യവസ്ഥകളും നടപ്പാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തും.

ആരോഗ്യകരമായ അന്തരീക്ഷത്തിൽ ജോലി ചെയ്യുന്നതിനവേണ്ട പശ്ചാത്തലസൗകര്യങ്ങളും മറ്റ് ക്ഷേമനടപടികളും ഉറപ്പ് വരുത്തുന്നതിന തുടക്കംമുതലേ തുടർച്ചയായി സർക്കാർ ഇടപെടുന്നുണ്ട്.

b. പി.എഫ് കാർഡുകളും ഇ.എസ്.ഐ. സ്മാർട്ട് കാർഡുകളും എല്ലാ തൊഴിലാളിക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ പരിശോധന ഊർജ്ജിതപ്പെടുത്തും.

പൊതുമേഖലയിലെ 40 ഫാക്ടറികളിലും ഇ.പി.എഫ്. കാർഡുകളും ഇ.എസ്.ഐ. സ്മാർട്ട് കാർഡുകളും ഉറപ്പു വരുത്തിയിട്ടുണ്ട്. സ്വകാര്യമേഖലയിലെ തൊഴിലാളികൾക്ക് ഇവ ഉറപ്പു വരുത്തുന്നതിനുള്ള പരിശോധനകളിലൂടെ ഇത് നടപ്പിലാക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നുണ്ട്.

c. അനധികൃതസംസ്ക്കരണയൂണിറ്റുകൾ, കുടിവറുപ്പ് എന്നിവ ഇല്ലാതാക്കാനുള്ള കർശനനടപടികൾ സ്വീകരിക്കും.

അനധികൃതസംസ്കരണയൂണിറ്റുകൾ, കുടിവറുപ്പ് എന്നിവ ഇല്ലാതാക്കുന്നതിനുള്ള നടപടികൾ കാഷ്യു സ്പെഷ്യൽ ഓഫീസ് മുഖാന്തരവും ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് മുഖാന്തരവും തുടർച്ചയായി സ്വീകരിച്ചുവരുന്നുണ്ട്.

102 മൂല്യവർദ്ധിതോൽപന്നങ്ങളുടെ ഉത്പാദനവും വിപണനവും പരമാവധി പ്രോത്സാഹിപ്പിക്കും.

മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും പരമാവധി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വയം സഹായസംഘങ്ങൾ മുഖേന ചെറുകിടയൂണിറ്റുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാഷ്യു കോർപ്പറേഷന്റെ നേതൃത്വത്തിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനായി ഒരു പ്രത്യേക യൂണിറ്റ് തന്നെ പ്രവർത്തിച്ചുവരുന്നുണ്ട്. വിവിധ തരത്തിലുള്ള ഉത്പന്നങ്ങൾ ഇത് വിപണനം ചെയ്യുന്നു. ഇത് മെച്ചപ്പെടുത്തുന്നതിനും സർക്കാർ തുടർച്ചയായി ഇടപെടുന്നുണ്ട്. ഇവിടെ കാഷ്യുവിറ്റ, കാഷ്യു പൗഡർ, കാഷ്യു സൂപ്പ്, ചോക്കോ കാജു എന്നിവ ഉത്പാദിപ്പിച്ച് വിപണനം ചെയ്തുവരുന്നു. ഈ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

103 നിലവിലുള്ള മുഴുവൻ തൊഴിലാളികൾക്കും തൊഴിൽ നല്കുമെന്ന ഉറപ്പ് രേഖാമൂലം നല്കുന്ന തൊഴിലുടമയ്ക്ക് ഷെല്ലിങ് മേഖലയിൽ പരിമിതമായ രൂപത്തിൽ യന്ത്രവൽക്കരണം ഏർപ്പെടുത്താൻ അംഗീകാരം നല്കും.

യന്ത്രവത്ക്കരണം തൊഴിലാളികളുടെ തൊഴിലിനെ ബാധിക്കാത്ത വിധം നടപ്പിലാക്കുന്നതിനുള്ള ഇടപെടലാണ് സർക്കാർ നടത്തുന്നത്. ഇത്തരം നിലപാടിന്റെ

തുടർച്ചയായി ഭാഗികമായ യന്ത്രവത്ക്കരണം നടപ്പിലാക്കുമ്പോഴും കോർപ്പറേഷനിലും കാപ്പക്സിലും നിരവധി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

കൈത്തറി

104 ഉത്പാദനരീതികളുടെ നവീകരണവും ഉൽപന്ന വൈവിദ്ധ്യവത്ക്കരണവും ഉറപ്പുവരുത്തും.

കേരള ഹാൻഡ്ലൂംസിനെ ഒരു പൊതു ബ്രാൻഡിന്റെ കീഴിൽ കൊണ്ടുവരാൻ പുതിയ 75 ഡിസൈനുകൾ വികസിപ്പിച്ച് ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്നതിനുള്ള് പ്രൊപ്പോസലുകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, കണ്ണൂർ വികസിപ്പിച്ച ഡിസൈനുകൾ ഐ.ഐ.എച്ച്.ടിയുടെയും കൈത്തറിഡയറക്ടറുടെയും നേതൃത്വത്തിൽ നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള ബ്രാൻഡിനുവേണ്ട പുതിയ ലോഗോ, ക്യാപ്ഷൻ എന്നിവ തയ്യറാക്കിവരുന്നു. കണ്ണൂരിലും തിരുവനന്തപുരത്തും ഡിസൈൻ സെന്ററുകൾ ആരംഭിക്കുകയും ആവശ്യമായ ഡിസൈനർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ വിവിധ കൈത്തറിസംഘങ്ങളിലെ വിദഗ്ധനെയ്ത്തുകാരെക്കൊണ്ട് ആധുനിക ഡിസൈനുകളിൽ കൈത്തറിത്തുണികൾ ഉൽപ്പാദിപ്പിച്ച് മാർക്കറ്റ് ചെയ്യുന്നതിനുള്ള പദ്ധതി 'കൈത്തറിസുരക്ഷ' എന്ന പേരിൽ ഹാൻടെക്സ് ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ കൈത്തറി മേഖലയിൽ 'കാൻലൂം' എന്ന പേരിൽ ഓൺലൈൻ മാർക്കറ്റിംഗ് ആരംഭിച്ചിട്ടുണ്ട്. പ്രകൃതിദത്തചായങ്ങൾ ഉപയോഗിച്ച നൂലുകൾ ഡൈ ചെയ്ത് ഉൽപ്പാദനവും ആരംഭിച്ചിട്ടുണ്ട്.

105 a. നൂലിന്റെ അമിതമായ വിലക്കയറ്റമാണ് കൈത്തറിമേഖല നേരിടുന്ന മറ്റൊരു മുഖ്യപ്രശ്നം. അസംസ്കൃതവസ്തുവായ കഴിനൂലിന്റെ ദൗർലഭ്യം പരിഹരിക്കാൻ കേരളത്തിലെ സഹകരണസ്പിന്നിങ് മില്ലുകളോടനുബന്ധിച്ച് കഴിനൂൽ നിർമ്മാണകേന്ദ്രങ്ങൾ സ്ഥാപിക്കാൻ സർക്കാർ ധനസഹായം നല്കും.

കേരളത്തിലെ സ്പിന്നിംഗ് മില്ലുകളിൽ ഉൽപ്പാദിപ്പിക്കുന്ന വിവിധതരം നൂലുകൾ കൈത്തറിമേഖലയ്ക്ക് ആവശ്യമായ വിധത്തിൽ ഹാൻക്യാണും കോൺയാണും ഉപയോഗപ്രദമാക്കുന്നുണ്ട്. കൈത്തറി സ്ക്കൂൾ യൂണിഫോമിനാവശ്യമായ നൂൽ കോണിലാണ് നല്കിവരുന്നത്. ഇതിൽ ഭൂരിഭാഗവും കേരളത്തിലെ സ്പിന്നിംഗ് മില്ലുകളിൽ ഉൽപ്പാദിപ്പിച്ച് എൻ.എച്ച്.ഡി.സി വഴി നല്കിവരുന്നു. കേരളത്തിലെ സ്പിന്നിംഗ് മില്ലുകൾക്ക് കഴിനൂൽ ഉൽപ്പാദനത്തിന് ആവശ്യമായ ധനസഹായം നല്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

b. ഒരു നൂൽസംസ്കരണശാല സ്ഥാപിക്കും. സ്പിന്നിങ് മില്ലുകളിൽ ഹാങ്ങിയാണ് (കഴിനൂൽ) ഒരു നിശ്ചിതശതമാനം ഉത്പാദിപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും.

കൈത്തറിമേഖലയ്ക്കാവശ്യമായ കഴിനൂൽ ഉൽപ്പാദനം കണ്ണൂർ, ആലപ്പുഴ സ്പിന്നിംഗ് മില്ലുകളിൽ നടപ്പിലാക്കിവരുന്നു. കണ്ണൂർ നാടുകാണിയിൽ നൂൽ സംസ്ക്കരണശാല ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാസർകോട് ഉദുമ സ്പിന്നിംഗ് മിൽ, ആലപ്പുഴ കോമളപുരം സ്പിന്നിംഗ് മിൽ എന്നിവിടങ്ങളിൽ നൂൽ ഉൽപ്പാദനം ആരംഭിച്ചുകഴിഞ്ഞു.

106 a. സഹകരണസംഘങ്ങളുടെ പുനഃസംഘാടനത്തിനു കൂടുതൽ പണം ലഭ്യമാക്കുന്നതോടൊപ്പം ബിനാമി സംഘങ്ങളെ നിക്കം ചെയ്യാനുള്ള നടപടികളും സ്വീകരിക്കും.

സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ടുവരികയാണ്. ചില സഹകരണ സംഘങ്ങളെ ഐ.എസ്.ഒ നിലവാരത്തിലേയ്ക്ക് ഉയർത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രവർത്തനരഹിതമായി കിടന്നിരുന്ന വിവിധ സംഘങ്ങൾ സ്ക്കൂൾ യൂണിഫോം ഉൽപ്പാദനം ആരംഭിച്ചതിനെത്തുടർന്ന് വീണ്ടും തുറന്നു പ്രവൃത്തിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിൽ അടഞ്ഞുകിടന്നിരുന്ന 15 കൈത്തറിസഹകരണസംഘങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുവാനും 6,805 തൊഴിലാളികൾക്ക് പുതുതായി ജോലി നല്കുവാനും കഴിഞ്ഞു. 4,567 നെയ്ത്തുകാർ പുതുതായി പ്രവർത്തനസജ്ജമാക്കുകയുണ്ടായി. ബിനാമിസംഘങ്ങളെ കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

b. ഹാന്റെക്സിന്റെയും ഹാൻവീവിന്റെയും പുനഃസംഘാടനം പൂർത്തിയാക്കും.

ഹാൻവീവിന്റെ വികസനത്തിനായുള്ള പുതിയ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരത്തും എറണാകുളത്തും പുതിയ റീജിയണൽ ഓഫീസ് കം ഷോറൂമുകൾ പ്രവർത്തനം ആരംഭിക്കുന്നതിന് തറക്കല്ലിട്ട ഹാൻടെക്സ് പുനഃസംഘാടനത്തിനുള്ള നടപടികൾ സ്വീകരിച്ച വരികയാണ്. ഹാൻടെക്സ് മാർക്കറ്റിംഗ് വിപുലപ്പെടുത്തുന്നതിന് ഓൺലൈൻ മാർക്കറ്റിംഗ് ഉൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ഹാൻടെക്സ്, ഹാൻവീവ് ഷോറൂമുകളുടെ ആധുനികീകരണവും നടപ്പിലാക്കിവരികയാണ്. ഹാൻവീവിന്റെ നേതൃത്വത്തിൽ നേമത്ത് സിൽക്ക് വീവിംഗ് ഉൾപ്പെടെയുള്ള പദ്ധതിയ്ക്ക് രൂപം നല്കി.

c. റിബേറ്റ് പുനഃസ്ഥാപിക്കും.

2010-11 മുതൽ 2016-17 വരെയുള്ള

റിബേറ്റ് കടിശ്ശിക നല്കിക്കഴിഞ്ഞു. കേന്ദ്രസർക്കാർ നിർത്തലാക്കിയ റിബേറ്റ് എൽ.ഡി.എഫ് സർക്കാർ പുനഃസ്ഥാപിച്ചിട്ടുണ്ട്. കൈത്തറി റിബേറ്റ് കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന കൈത്തറി ഉൽപ്പന്നങ്ങൾക്ക് മാത്രമായി നടപ്പിലാക്കിവരുന്നു. വർഷം 41 ദിവസം 20 ശതമാനം നിരക്കിലും സ്കൂൾ യൂണിഫോമിന് 15 ദിവസം 30 ശതമാനം നിരക്കിലും റിബേറ്റ് അനുവദിക്കുന്നു. ഇക്കഴിഞ്ഞ മൂന്ന് വർഷം സർക്കാർ റിബേറ്റ് ഇനത്തിൽ 42.35 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.

107 a. വരുമാന ഉറപ്പ് പദ്ധതിയുടെ ഭാഗമായി 100 ദിവസത്തെയെങ്കിലും ഉത്പാദനം മിനിമം കൂലി ഉറപ്പു വരുത്തുന്ന നിലയ്ക്ക് സർക്കാർ വാങ്ങി സംഭരിക്കും.

സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 5,300 ഓളം നെയ്ത്തുതൊഴിലാളികൾക്കും അതിലേറെ അനുബന്ധ തൊഴിലാളികൾക്കും വർഷം 100 മുതൽ 300 വരെ ദിവസങ്ങളിൽ തൊഴിൽ നല്കാൻ കഴിഞ്ഞിട്ടുണ്ട്. സ്കൂൾ യൂണിഫോം നിർമ്മാണത്തിന്റെ കൂലി ഇനത്തിൽ 103 കോടി രൂപയും പ്രൊഡക്ഷൻ ഇൻസെന്റീവ് ഇനത്തിൽ 16.69 കോടി രൂപയും ഈ മൂന്ന് വർഷക്കാലത്തിനുള്ളിൽ നല്കിയിട്ടുണ്ട്. സ്കൂൾ യൂണിഫോം പദ്ധതി തുടർന്നുവരികയാണ്. 2019-20 അദ്ധ്യായനവർഷം 1 മുതൽ 7 വരെയുള്ള സർക്കാർ സ്കൂളുകൾക്ക് പുറമേ എയ്ഡഡ് മേഖലയിലെ 1 മുതൽ 4 വരെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്കും യൂണിഫോം വിതരണം നടന്നുവരികയാണ്. നൂലും കൂലിയും സർക്കാർ നല്കി ഉൽപ്പാദിപ്പിക്കുന്ന യൂണിഫോം തുണി പൂർണ്ണമായും കൈത്തറി സംഘങ്ങളിൽനിന്നു സംഭരിച്ച് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുവരികയാണ്.

b. സർക്കാർ വകുപ്പുകൾക്ക് ആവശ്യമായ പുതപ്പുകളും വിരികളും തൊഴിലുറപ്പുകാർക്കുള്ള ഓണസമ്മാനമായ സാരികളും കുട്ടികൾക്കുള്ള സ്കൂൾ യൂണിഫോമുകളുമെല്ലാം ഇത്തരത്തിൽ ഉത്പാദിപ്പിക്കാനാവും. സ്കൂൾ യൂണിഫോമുകൾക്കെല്ലാം കഴിയാവുന്നിടത്തോളം കൈത്തറിത്തുണി ഉപയോഗിക്കാൻ നിർദ്ദേശം നല്കും.

സർക്കാർ വകുപ്പുകൾക്കാവശ്യമായ പുതപ്പുകളും മറ്റ് തുണിത്തരങ്ങളും ഹാൻടെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾ പരിമിതമായ തോതിൽ വിതരണം നടത്തിവരുന്നുണ്ട്. ഈ കാര്യത്തിൽ വിവിധ വകുപ്പുകൾക്ക് ആവശ്യമായ കൈത്തറി ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിന് സ്ഥാപനങ്ങളെ സമീപിച്ചുവരുന്നുണ്ട്. സ്കൂൾ യൂണിഫോമിനു കഴിഞ്ഞ 3 വർഷമായി ഏകദേശം 70 ലക്ഷത്തോളം മീറ്റർ തുണി ഉൽപ്പാദിപ്പിച്ച് വിതരണം നടത്തിയിട്ടുണ്ട്.

ഖാദി, ഗ്രാമീണവ്യവസായം

108 സിൽക്ക് തുണി നെയ്ത്ത്, റെഡിമെയ്ഡ് വാർഷിങ് യൂണിറ്റുകൾ, റെഡിമെയ്ഡ് വസ്ത്രനിർമ്മാണയൂണിറ്റുകൾ, നെയ്ത്തുപകരണങ്ങളുടെ നവീകരണം, ഖാദി ക്ലസ്റ്റർ പരിപാടി തുടങ്ങിയ സ്കീമുകൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. കൈത്തറിയിലെന്നപോലെ ഖാദിയുടെ വിപണനത്തിനും സ്വീകരിച്ചിരിക്കുന്ന പ്രത്യേക പ്രചാരണപരിപാടികൾ ശക്തിപ്പെടുത്തും. വരുമാന ഉറപ്പുപദ്ധതി നടപ്പാക്കും.

ഖാദിമേഖലയിൽ പുതുതായി 5,000 പേർക്ക് തൊഴിൽ സൃഷ്ടിക്കുന്നതിനുവേണ്ടി ഖാദി ഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നു. അതിനായി 250 ചർക്കകളും 10 തറികളും അതിന്റെ സ്പെയർപാർട്ടുകളും പുതുതായി വാങ്ങുകയും ഗോഡൗൺ, ചർക്ക, തറി റിപ്പയർ സെന്റർ എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് സിൽക്ക് നെയ്ത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി പയ്യന്നൂർ, പാലക്കാട്, തിരുവനന്തപുരം തുടങ്ങിയ ജില്ലകളിലെ വിവിധ കേന്ദ്രങ്ങളിൽ 100 തറികളിൽ നെയ്ത്ത് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാപ്പിനിശ്ശേരിയിൽ പരിശീലനത്തിനുള്ള സെന്ററും കോട്ടയം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിൽ റെഡിമെയ്ഡ് പാവ് നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. നൂൽനൂൽപ്പ് മേഖലയിൽ സെമി ഓട്ടോമേഷൻ നടപ്പിലാക്കുന്നതിനുള്ള പഠനറിപ്പോർട്ട് നല്കുന്നതിന് തമിഴ്നാട്ടിലുള്ള റ്റാഗിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. ഏറ്റുകുടുക്ക കോട്ടൺ പ്രോസസ്സിംഗ് യൂണിറ്റിൽ പുതിയ കാർഡിംഗ് മെഷീനും ഡ്രോയിംഗ് മെഷീനും സ്ഥാപിച്ച് ഉൽപ്പാദനം വർദ്ധിപ്പിച്ചു. കൂടാതെ ബ്ലോറൂം വിത്ത് ചൂട് ഫീഡിംഗ് മെഷീൻ സ്ഥാപിക്കുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികളുടെ മിനിമം കൂലി പരിഷ്ക്കരിച്ച് പ്രഖ്യാപിച്ച് അവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. നിലവിലുള്ള നിരക്കിൽ മിനിമം കൂലി നടപ്പിലാക്കുന്നതിന് ഇൻകം സപ്പോർട്ട് ഇനത്തിൽ 81.76 കോടി രൂപ 3 വർഷമായി 13,600 ഓളം തൊഴിലാളികൾക്ക് വിതരണം നടത്തിയിട്ടുണ്ട്. ഖാദിത്തൊഴിലാളികൾക്ക് ഉൽപ്പാദന ഇൻസെന്റീവ് ഇനത്തിൽ 18 കോടിയോളം രൂപയും ഖാദി വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിന് ഖാദി റിബേറ്റ് ഇനത്തിൽ 42.35 കോടി രൂപയും നല്കിയിട്ടുണ്ട്. നിലവിലുള്ള ഖാദി ഉൽപ്പന്നങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിന് പ്രത്യേക നടപടി സ്വീകരിച്ചു.

109 ഖാദി ഗ്രാമീണവ്യവസായ സംരംഭകർക്ക് ഒരു ഒറ്റത്തവണ തീർപ്പാക്കൽപദ്ധതിയിലൂടെ കടാശ്വാസം

നല്കാനുള്ള നടപടി സ്വീകരിക്കും. സംഘങ്ങളെ പുനഃസംഘടിപ്പിക്കും.

ഖാദിമേഖലയിൽ ഒറ്റത്തവണതീർപ്പാക്കൽ നടപ്പിലാക്കി. ഗാന്ധിജിയുടെ 150-ാം ജന്മവാർഷികം പ്രമാണിച്ച് ഗാന്ധി സ്മൃതിസദസ്സും ഖാദി മേളയും സംഘടിപ്പിച്ചിട്ടുണ്ട്.

110 പട്ടുനൂൽ സംസ്കരണകേന്ദ്രങ്ങൾ മൾബറികൃഷി പ്രദേശങ്ങളിൽ സ്ഥാപിക്കും.

പ്രായോഗികമായ പ്രശ്നങ്ങളാൽ നടപടി സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

മറ്റ പരമ്പരാഗത വ്യവസായങ്ങൾ

111 സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനം സമഗ്രമായി അവലോകനം ചെയ്യ പുനഃസംഘടിപ്പിക്കും. തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തി മുള വ്യാപകമായി വച്ചുപിടിപ്പിക്കും.

സംസ്ഥാന ബാംബൂ കോർപ്പറേഷൻ പുനഃസംഘടിപ്പിച്ചു. പ്രൊഫഷണൽ ഡയറക്ടറെ നിയമിച്ചു. കേന്ദ്ര ബാംബൂ മിഷൻ മുമ്പാകെ അവതരിപ്പിച്ച പദ്ധതികൾക്ക് അംഗീകാരം നേടാനും അവ നടപ്പിലാക്കാനും കഴിഞ്ഞിട്ടുണ്ട്. മുള വ്യാപകമായി വെച്ചുപിടിപ്പിക്കുക എന്ന കാഴ്ചപ്പാടിന്റെ ഭാഗമായി 500 ഹെക്ടറിലധികം ഭൂമിയിൽ അവ കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനങ്ങളിൽനിന്ന് യഥാസമയം ഈറ്റ, മുള എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികളും ഒപ്പം സ്വീകരിച്ചിട്ടുണ്ട്. പനമ്പ നെയ്ത്ത് തൊഴിലാളികൾക്ക് ജോലിഭാരം ലഘൂകരിച്ച് ഉൽപ്പാദനത്തിന് നേരിട്ട് ഉപയോഗിക്കുവാൻ കഴിയുന്ന വിധത്തിൽ അസംസ്കൃതസാധനങ്ങൾ ഭാഗികമായി സംസ്ക്കരിച്ച് നല്കാനും കഴിഞ്ഞിട്ടുണ്ട്. ഇതുവഴി തൊഴിലാളികൾക്ക് കൂടുതൽ ഉൽപ്പാദനവും വരുമാനവും വർദ്ധിപ്പിക്കാൻ കഴിയുന്നു. പ്രകൃതിദത്തമായ മുള ഉപയോഗിച്ചുണ്ടാക്കിയ ബാംബൂ ടൈൽ കണ്ണൂർ, കോഴിക്കോട് എയർപോർട്ടിന് ആവശ്യമായ തോതിൽ നല്കാൻ കഴിഞ്ഞിട്ടുണ്ട്. ആറളം ഫം ഉൾപ്പെടെയുള്ള വിവിധ സ്ഥലങ്ങളിൽ വ്യാപകമായി മുള വച്ചുപിടിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

112 സംസ്ഥാനത്ത് മുള വ്യാവസായികോത്പന്നമായി വിപണനം ചെയ്യുന്ന സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകണം. പരമ്പരാഗതതൊഴിലാളികളുടെ സംരക്ഷണത്തിനു കോട്ടം തട്ടാതെ കോർപ്പറേഷന്റെ കീഴിലുള്ള നല്ലളം ഹൈടെക് ഫ്ലോറിങ് ടൈൽ ഫാക്ടറി വിപുലീകരിക്കും. മരത്തിനു പകരം മുള എന്ന സമീപനം പ്രോത്സാഹിപ്പിക്കും.

മുള ഉത്പന്നങ്ങളുടെ വികസനം ലക്ഷ്യംവച്ചു ബാംബൂ ഇന്നവേഷൻ സെന്റർ പ്രവർത്തിപ്പിക്കുന്നു. മുളയെ ഒരു വ്യാവസായിക നിർമ്മാണവസ്തുവായി ഉയർത്താനുള്ള പദ്ധതികളുടെ ഭാഗമായി മുള ഉപയോഗിച്ച് വിവിധ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തറയോട്, ബാംബൂപ്ലൈ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾ നല്ലളം ആസ്ഥാനമായും മാനന്തവാടി, നാദാപുരം, പാലക്കാട് തുടങ്ങിയ അനുബന്ധ യൂണിറ്റുകളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

113 തെങ്ങിൻതടി വീടുനിർമ്മാണത്തിനും വീട്ടുപകരണനിർമ്മാണത്തിനുമായി ഉപയോഗിക്കാൻ സഹായിക്കുന്ന വ്യവസായശാലകൾ സ്ഥാപിക്കാൻ സംരംഭകരെ പ്രോത്സാഹിപ്പിക്കും.

തെങ്ങിൻതടി ഉപയോഗിച്ചുള്ള വിവിധ ഉൽപ്പന്നനിർമ്മാണത്തിന്റെ സാധ്യതാപഠനം കേരള ആർട്ടിസാൻസ് ഡവലെപ്മെന്റ് കോർപ്പറേഷന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. അത്തരം പഠനത്തിൽനിന്ന് ഉൾക്കൊള്ളാൻ കഴിയാവുന്ന കാര്യങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്.

114 കൂട്ട, പായ, പനമ്പ് നെയ്ത്ത് തുടങ്ങിയ കൈത്തൊഴിലുകൾ സംരക്ഷിക്കുന്ന നടപടി സ്വീകരിക്കും.

ബാംബൂ കോർപ്പറേഷൻ അംഗീകൃത ഈറ്റ വെട്ട്, പനമ്പ് നെയ്ത്ത തൊഴിലാളികൾക്ക് മിനിമം വേജസ്സ് നടപ്പിലാക്കിയതുവഴി കൂടുതൽ തൊഴിലാളികളെ ഈ മേഖലയിൽ നിലനിർത്തുവാൻ സാധിച്ചിട്ടുണ്ട്. പനമ്പ നെയ്ത്ത് തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കാൻ സാമൂഹിക യന്ത്രവൽക്കൃത പനമ്പ നെയ്ത്ത് കേന്ദ്രങ്ങൾ കൂടുതൽ ആരംഭിക്കാൻ പദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നു.

കൂട്ട, പായ, പനമ്പ്, നെയ്ത്ത് തൊഴിലാളികളുടെ ക്ഷേമം ഉറപ്പ് വരുത്താൻ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ആനുകൂല്യ വിതരണം. ഇൻകം സപ്പോർട്ട് സ്കീം പ്രകാരം തൊഴിലാളികൾക്ക് 10,38,37,250 രൂപയുടെ ആനുകൂല്യം.

115 a. കളിമൺ വ്യവസായത്തിന് ആവശ്യമായ ചെളി ഡാമുകളിൽനിന്നും മറ്റും ലഭ്യമാക്കാൻ നടപടി സ്വീകരിക്കും. മേൽമണ്ണ നഷ്ടപ്പെടാത്ത രീതിയിലും വയലുകളിൽ വെള്ളക്കെട്ട് ഒഴിവാക്കിയും ചെളി ലഭ്യമാക്കും

കളിമൺ വ്യവസായത്തിന് ആവശ്യമായ മണ്ണ ശേഖരി

ക്കുന്നതിന് നിയമത്തിൽ ഇളവ് വരുത്തിയിട്ടുണ്ട്. വിവിധ പ്രദേശങ്ങളിൽനിന്ന് മണ്ണ് ശേഖരിക്കുന്നതിനു വിദൂരസംവേദനസാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പഠനങ്ങളും നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഖനനാനുമതി നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

b. മൺപാത്രങ്ങളും മറ്റു കളിമണ്ണൽപന്നങ്ങളും ആധുനിക ഡിസൈനിൽ മൂല്യവർദ്ധിതോൽപന്നങ്ങളാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിക്കും.

കളിമൺ ശേഖരിക്കുന്നതിനും ഉത്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾ ന്യായമായ വില നല്കി ശേഖരിക്കുന്നതിനും വിപണി കണ്ടെത്തി വിൽപ്പന നടത്തുന്നതിനും സഹകരണാടിസ്ഥാനത്തിൽ കളിമൺ റോമെറ്റീരിയൽ ബാങ്ക് രൂപവത്ക്കരിച്ചിട്ടുണ്ട്. തൊഴിലാളികൾക്കാവശ്യമായ സാധനങ്ങൾ സെമി ഫിനിഷ്ഡ് ആക്കി വിതരണം നടത്തുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ട്.

c. ടൂറിസവുമായി ബന്ധപ്പെടുത്തി കരകൗശലമേഖലയിലെ ആസൂത്രിതമായ വികസനത്തിന് പരിപാടികൾ ആവിഷ്കരിക്കും. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻസിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തും.

കരകൗശല മേഖലയ്ക്ക് ടൂറിസവുമായി വളരെ അടുത്ത ബന്ധമാണുള്ളത്. വിനോദസഞ്ചാരമേഖലയിൽ വിപുലമായ വിപണനകേന്ദ്രങ്ങൾ സംഘടിപ്പിക്കാനും അർബൻഹാറ്റ് മാതൃകയിൽ വിപണനകേന്ദ്രങ്ങൾ ആരംഭിക്കുവാനും പ്രധാന ടൂറിസ്റ്റുകേന്ദ്രങ്ങളിൽ ക്രാഫ്റ്റ് വില്ലേജുകളും തീം പവലിയനുകളും നിർമ്മിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കരകൗശല ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്ന കിയോസ്കുകൾ സ്ഥാപിക്കുവാനും തീം ബെയ്സ്ഡ് സുവനീർ നിർമ്മിക്കുന്നതിനും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനുമായി ബന്ധപ്പെട്ട് പദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നു. കരകൗശലമേഖലയുടെ വികസനം ലക്ഷ്യംവെച്ച് സൂരജ്കുണ്ട് മാതൃകയിൽ 2018 ൽ പാലക്കാടും 2019 ൽ കണ്ണൂരിലും അന്തർദേശീയ കരകൗശലമേള സംഘടിപ്പിച്ചു. ശ്രീലങ്ക ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിൽനിന്നും ഇന്ത്യയിലെ 22 സംസ്ഥാനങ്ങളിൽനിന്നുമുള്ള സംരഭകരും സംസ്ഥാനത്തിനകത്തെ നൂറിൽപ്പരം യൂണിറ്റുകളും പങ്കെടുത്തു.

ടൂറിസവുമായി ബന്ധപ്പെട്ട് ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് പ്രശംസനീയമായ നിലവാരത്തിലേക്ക് ഉയർന്നിട്ടുണ്ട്. തിരുവനന്തപുരത്തും അതേരീതിയിൽ ക്രാഫ്റ്റ് വില്ലേജ് വികസിപ്പിച്ചെടുക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള ആർട്ടിസാൻസ് ഡെവലെപ്മെന്റ് കോർപ്പറേഷന്റെ കീഴിൽ വസ്തുഗ്രാമം, സർവ്വീസ് ആൻഡ് സപ്ലൈ സ്കീം തുടങ്ങിയ പദ്ധതികളിലൂടെ 33,000 ഓളം കരകൗശല തൊഴിലാളികൾക്ക് തൊഴിൽ നല്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഹാൻഡിക്രാഫ്റ്റ് ഡവലെപ്മെന്റ് കോർപ്പറേഷന്റെ കീഴിൽ കോയമ്പത്തൂരിലും കോഴിക്കോടും തിരുവനന്തപുരം മാസ്കോട്ട് ഹോട്ടലിലും പുതിയ ഷോറൂം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

116 കക്ക വ്യവസായത്തിൽനിന്നു സർക്കാരിനു ലഭിക്കുന്ന വരുമാനം ഈ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായിത്തന്നെ ഉപയോഗിക്കാനുള്ള നടപടി സ്വീകരിക്കും.

പരമ്പരാഗത രീതിതിൽ കക്ക വാരി ഉപജീവനം നടത്തി വരുന്ന തൊഴിലാളികൾക്ക് കക്ക വാരുന്നതിനുള്ള അനുമതി നൽകാൻ ത്വരിതഗതിയിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

117 ബീഡി, ചുരുട്ട് തൊഴിലാളികൾക്കുള്ള പ്രത്യേക സാമൂഹികസുരക്ഷാപെൻഷൻപദ്ധതി വിപുലപ്പെടുത്തും. പുതുതായി ഏർപ്പെപടുത്തിയ അധികനികുതി ഇല്ലാതാക്കാൻ നടപടി സ്വീകരിക്കും.

ബീഡി-ചുരുട്ട് തൊഴിലാളികൾക്കായി ക്ഷേമനിധി ബോർഡ് മുഖേന 20 കോടി രൂപയുടെ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നു.

സാമൂഹിക സുരക്ഷാപെൻഷനുകളും ക്ഷേമപെൻഷനുകളും 1,200 രൂപയായി ഉയർത്തി ഏകീകരിച്ചിട്ടുണ്ട്. ജി.എസ്.ടിയിലൂടെ ബീഡിയ്ക്ക് ചുമത്തുന്ന നികുതിയും സെസും തിരികെ നല്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനവിഹിതമായി 12 കോടി രൂപ ദിനേശ് കേന്ദ്രസംഘത്തിന് അനുവദിച്ചുനല്കിയിട്ടുണ്ട്.

118 a. ചെത്തുവ്യവസായത്തിന് അനുയോജ്യമായ പൊക്കം കുറഞ്ഞ സങ്കരയിനം തെങ്ങുകൾ നടാൻ പ്രത്യേകപ്രോത്സാഹനം നല്കും. കള്ളുഷാപ്പുകൾ നവീകരിക്കാനും ആധുനികീകരിക്കാനും പ്രോട്ടോക്കോളിന് രൂപം നല്കുകയും സംരംഭകർക്ക് ആവശ്യമായ വായ്പകൾ ലഭ്യമാക്കുകയും ചെയ്യും.

ഇത്തരം കാര്യങ്ങൾ നടപ്പിലാക്കുന്നതിന് സഹായിക്കാൻ ഉതകുന്ന 'ടോഡി ബോർഡി'ന്റെ രൂപവത്ക്കരണം മദ്യനയത്തിത്തന്നെ പ്രഖ്യാപിച്ച് തുടർനടപടികൾ സ്വീകരിച്ച വരികയാണ്.

b. വ്യാജമദ്യത്തിനെതിരെയുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തും.

പുതിയ മദ്യനയത്തിലൂടെ വ്യാജമദ്യം സംസ്ഥാനത്തുവൻതോതിൽ കുറയുകയും ഇത്തരം കേസുകൾക്കായി

എൻഫോഴ്സ്മെന്റ് നടപടികൾ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

c. ചെത്തുസഹകരണസംഘങ്ങളെ പ്രോത്സാഹിപ്പിക്കും.

ചെത്തുസഹകരണസംഘങ്ങൾക്ക് ലേലത്തിൽ മുൻഗണന നല്കിക്കൊണ്ട് അവയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

119 **കേരളത്തിൽ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ക്രാഫ്റ്റ് വില്ലേജുകൾ ആരംഭിക്കും. കൈവേലക്കാർക്ക് അവരുടെ കഴിവുകൾ പ്രദർശിപ്പിക്കാനും ഉൽപന്നങ്ങൾ വിപണനം നടത്താനും ഇതുവഴി കഴിയും.**

പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ക്രാഫ്റ്റ് വില്ലേജുകളും തീം പവലിയനുകളും നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

120 **a. സംസ്ഥാനത്തിന്റെ തനതു പാരമ്പര്യോൽപന്നങ്ങൾക്കു വിപണി ഉറപ്പാക്കാൻ 'മാർക്കറ്റ് കേരള' എന്ന പദ്ധതി കൊണ്ടുവരും.**

ഇതിനായി സംസ്ഥാനതലത്തിൽ ഒരു കൺസോർഷ്യം രൂപവത്ക്കരിച്ച് പ്രവൃത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. ഉത്പന്നങ്ങളുടെ വിപണിക്കായി രാജ്യത്തെമ്പാടും എക്സിബിഷൻ സംഘടിപ്പിച്ചുവരുന്നുണ്ട്. ഇവയ്ക്ക് പുറമെ മലബാർ ഫെസ്റ്റ്, ഇരിങ്ങൽ ക്രാഫ്റ്റ് ഫെയർ എന്നീ മേളകളിൽ കേരളത്തിലെ പരമ്പരാഗതോല്പന്നങ്ങൾക്കു പ്രാധാന്യം നല്കിക്കൊണ്ടുള്ള പ്രത്യേക പവലിയനുകൾ സജ്ജീകരിക്കുകയും ചെയ്യുന്നുണ്ട്.

b. കേരളത്തിൽനിന്നുള്ള ഉൽപന്നങ്ങൾ വിദേശത്തും സ്വദേശത്തും വിറ്റഴിക്കാനുള്ള സജ്ജീകരണങ്ങൾ ചെയ്യും. ഇതിലൂടെ കേരളത്തിന്റെ ഉൽപന്നങ്ങൾക്ക് ആഗോളതലത്തിലും ആഭ്യന്തരമായും വിപണി കണ്ടെത്തും.

കേരളത്തിൽനിന്നുള്ള ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്താനായി കയറ്റുമതി ചെയ്യുന്ന ഉല്പന്നങ്ങൾക്ക് നിശ്ചിതവിഹിതം ധനസഹായം ചെയ്യാനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരികയാണ്.

കേരളത്തിന്റെ തനത് പരമ്പരാഗത ഉല്പന്നങ്ങൾക്ക് പ്രത്യേക പ്രാധാന്യം നല്കിക്കൊണ്ടുള്ള പുതിയ വിപണന കേന്ദ്രം, ഐവറികാസ്റ്റ് പ്രദർശിപ്പിക്കാനുള്ള മ്യൂസിയം എന്നിവ എസ്സ്.എം.എസ്സ്.എം. ഇൻസ്റ്റിറ്റ്യൂട്ട് സെന്റിനറി ബിൽഡിങ്ങിൽ ഒരുക്കുന്നതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ഈ സാമ്പത്തിക വർഷം ഇത് പ്രവർത്തിച്ചു തുടങ്ങും. വാണിജ്യ മിഷൻ രൂപവത്ക്കരിച്ചിട്ടുണ്ട്. മിഷൻ പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നുവരുന്നുണ്ട്.

121 **പുതിയ സാഹചര്യങ്ങളുടെ വെല്ലുവിളി അതിജീവിക്കാനും സാദ്ധ്യതകൾ ഉപയുക്തമാക്കാനും ഫെയർ ട്രേഡ് കമ്മ്യൂണിറ്റി ട്രേഡ് പരിധിയിൽ പരമ്പരാഗതവ്യവസായത്തെയും ഉൾപ്പെടുത്തും. പ്രധാന പരമ്പരാഗതവ്യവസായങ്ങളെ ഹെറിറ്റേജ് സ്കിൽ ആയി പ്രഖ്യാപിച്ചു സംരക്ഷിക്കും.**

പ്രധാന ഉത്സവസീസണുകളിൽ പരമ്പരാഗത ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പ്രത്യേക വിപണനമേള സംഘടിപ്പിച്ചുവരുന്നു. ദേശീയതലത്തിലും ഇതരസംസ്ഥാനങ്ങളിലും നടക്കുന്ന മേളകളിലും പങ്കെടുത്ത് പ്രസ്തുത ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹെറിറ്റേജ് സ്കിൽ വികസിപ്പിക്കുന്നതിന്റെ ഭാഗമായി കരകൗശല മേഖലയിൽ ക്ലസ്റ്റർ വികസന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

122 **ആർട്ടിസാൻസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. സർക്കാരിന്റെ സഹായങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കും. കരകൗശലത്തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ചു പഠിച്ച ശങ്കരൻ കമ്മിറ്റി റിപ്പോർട്ടു പരിശോധിച്ച് ബന്ധപ്പെട്ട സംഘടനകളുമായി ചർച്ച ചെയ്ത് ആവശ്യമായ തീരുമാനങ്ങളെടുക്കും. കരകൗശലത്തൊഴിലാളികളെ പരമ്പരാഗതതൊഴിൽസമൂഹം എന്ന നിലയിൽ കണ്ടുകൊണ്ടുള്ള ആനുകൂല്യങ്ങൾ ലഭിക്കാനുള്ള ഇടപെടൽ നടത്തും.**

കരകൗശലതൊഴിലാളികൾക്ക് വിവിധ മേഖലകളിൽ അടിസ്ഥാനസൗകര്യവികസന സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങളും ചെയ്തുവരുന്നു. സർവ്വീസ് ആൻഡ് സപ്ലൈ സ്കീം പ്രകാരവും ആവശ്യമായ ധനസഹായം നല്കിവരുന്നു. മരപ്പണി, ഇരുമ്പ പണി ഗോൾഡ് സ്മിത്ത് തുടങ്ങിയ മേഖലകളിൽ കൊല്ലം, കോഴിക്കോട്, ആലപ്പുഴ കേന്ദ്രങ്ങളിൽ പൊതുസേവന കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. കോർപ്പറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തിയതിന്റെ ഫലമായി വിറ്റുവരവിലും വർദ്ധന ദൃശ്യമാണ്.

123 **വിനോദസഞ്ചാരവികസനവുമായി ബന്ധപ്പെട്ട് ആനുകൂല്യങ്ങളും ഇളവുകളും നേടുന്ന ഹെറിറ്റേജ് ഹോട്ടലുകളിൽ പരമ്പരാഗതവ്യവസായോല്പന്നങ്ങൾ മിനിമം തോതിലെങ്കിലും നിർബ്ബന്ധമാക്കും.**

ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

124 **a. എഫ്.എ.സി.ടി, എച്ച്.എം.ടി, എച്ച്.ഒ.സി, കൊച്ചിൻ ഷിപ്‌യാർഡ് തുടങ്ങിയ കേന്ദ്രപൊതുമേഖലാസ്ഥാപനങ്ങളുടെ നവീകരണത്തിനും വിപുലീകരണത്തിനുംവേണ്ടി ശക്തമായ സമ്മർദ്ദം ചെലുത്തും.**

കേന്ദ്രപൊതുമേഖലാസ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കരുതെന്നും പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്നും സംസ്ഥാനസർക്കാർ കേന്ദ്രസർക്കാരിനോട് കത്തുകൾ മുഖേനയും നിവേദനങ്ങൾ മുഖേനയും ആവർത്തിച്ച് അഭ്യർത്ഥന നടത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എം.പിമാർ മുഖേനയും ഈ ആവശ്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പൊതുമേഖലാസ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ പൊതുമേഖലയിൽ നിലനിർത്തുന്നതിനും വൈവിധ്യവൽക്കരണത്തിലൂടെ മുന്നോട്ട് കൊണ്ടുപോകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരള നിയമസഭ 13.03.2017 ൽ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി കേന്ദ്രസർക്കാരിന് നല്കിയിട്ടുണ്ട്.

b. പെട്രോകെമിക്കൽ കോംപ്ലക്സ് എത്രയും വേഗം പൂർത്തിയാക്കാൻ സമ്മർദ്ദം ചെലുത്തും.

ഇതിനുവേണ്ടി എഫ്.എ.സി.റ്റിയുടെ 481 ഏക്കർ സ്ഥലം ഏറ്റെടുക്കാനുള്ള ധാരണാപത്രം ഒപ്പുവെച്ചു കഴിഞ്ഞു. കേന്ദ്രസർക്കാരിന്റെ അനുമതിക്കായി കാത്തുനിൽക്കുകയാണ്.

c. 1970ൽ കേന്ദ്രനിക്ഷേപത്തിന്റെ 3.1 ശതമാനമാണ് കേരളത്തിൽ ഉണ്ടായിരുന്നതെങ്കിൽ ഇന്നത് 2.6 ശതമാനമായിട്ടുണ്ട്. കേന്ദ്രപൊതുമേഖലാനിക്ഷേപം ഉയർത്താനും നിലവിലുള്ള ഫാക്ടറികളുടെ നവീകരണത്തിനും കോച്ച് ഫാക്ടറി പോലുള്ള പുതിയവയുടെ സ്ഥാപനത്തിനും വേണ്ടി ശക്തമായ സമ്മർദ്ദം ഉയർത്തും.

എം.പി.മാരുടെ കോൺഫറൻസിൽ ഈ വിഷയം ചർച്ച ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച കേന്ദ്രപൊതുമേഖലാസ്ഥാപനങ്ങൾ ഏറ്റെടുക്കുന്നത് ഉൾപ്പെടെയുള്ള ഇടപെടലുകൾ നടത്തിയിട്ടുണ്ട്. തിരുവനന്തപുരം അന്താരാഷ്ട്രവിമാനത്താവളം സ്വകാര്യവൽക്കരിക്കാനുള്ള നടപടിയിൽ നിന്നും കേന്ദ്രസർക്കാർ പിൻമാറണമെന്നും പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്നും സംസ്ഥാനസർക്കാർ കേന്ദ്രത്തോട് ആവർത്തിച്ച് ആവശ്യപ്പെട്ടു. സ്വകാര്യവൽക്കരിക്കുവാനുള്ള നിർദ്ദേശവുമായി കേന്ദ്രസർക്കാർ മുന്നോട്ടുപോയ സാഹചര്യത്തിൽ വിമാനത്താവളത്തിന്റെ നടത്തിപ്പ് സംസ്ഥാനത്തെ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥിച്ചു. പ്രസ്തുത നിർദ്ദേശം തള്ളിക്കളഞ്ഞ സാഹചര്യത്തിൽ വിമാനത്താവളം സ്വകാര്യവൽക്കരിക്കാനായി പരസ്യപ്പെടുത്തിയ ടെൻഡറിൽ പൊതുമേഖലാസ്ഥാപനമായ കെ.എസ്.ഐ.ഡി.സി പങ്കെടുത്തു. എന്നാൽ ടെൻഡർ നേടാനായില്ല.

BHEL – EML എന്ന സംയുക്തസംരംഭസ്ഥാപനത്തിന് സംസ്ഥാനസർക്കാർ 6.5 കോടി രൂപ വായ്പയായി നല്കിക്കഴിഞ്ഞിട്ടുണ്ട്.

125 **a. കൊച്ചിയിലെ പ്രകൃതിവാതകടെർമിനലിൽ നിന്നു കുറഞ്ഞ ചെലവിൽ ധാരളമായി ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ ഒരു മെത്തനോൾ പ്ലാന്റ്, ക്ലോറിൻ സംയുക്തങ്ങൾ, പെട്രോകെമിക്കൽ ഉല്പന്നങ്ങൾ, വാതകാധിഷ്ഠിത വൈദ്യുതിനിലയങ്ങൾ, സിറ്റി ഗ്യാസ് പദ്ധതികൾ എന്നിവ നടപ്പിലാക്കും.**

FACTന്റെ 481 ഏക്കർ സ്ഥലം ഏറ്റെടുക്കാനുള്ള ധാരണാപത്രം ഒപ്പിട്ടു. പെട്രോകെമിക്കൽ പാർക്കിന്റെ സ്ഥാപനത്തിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

b. നിർദ്ദിഷ്ട പൈപ്പ് ലൈൻ പദ്ധതി അതിവേഗം പൂർത്തികരിച്ച് ദേശീയവാതകഗ്രിഡുമായി കൊച്ചി പ്രകൃതിവാതകടെർമിനലിനെ ബന്ധിപ്പിക്കും.

പദ്ധതി ത്വരിതഗതിയിൽ പുരോഗമിക്കുന്നു. കൊച്ചി - കൂറ്റനാട് ലൈനും കൂറ്റനാട്- മംഗലാപുരം ലൈനും 2019 ആഗസ്റ്റിൽ പൂർത്തിയാക്കാനുള്ള ശ്രമത്തിലാണ്. 2018ലെ പ്രളയം പൈപ്പ്ലൈൻ പദ്ധതിയുടെ പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ടെങ്കിലും അവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്.

126 **a. കേരളത്തിന്റെ അമൂല്യമായ ധാതുസമ്പത്താണ തീരപ്രദേശത്തെ ധാതുമണൽ. ഒരു കാരണവശാലും അത് അസംസ്കൃതവസ്തുവായി കയറ്റുമതി ചെയ്യാൻ പാടില്ല. മൂല്യവർദ്ധന ടൈറ്റാനിയത്തിൽ ഒതുക്കാതെ ടൈറ്റാനിയം മെറ്റലിലേക്കു നീങ്ങാനാവശ്യമായ വൻകിടപ്ലാന്റ് കൂടിയേതീരൂ. ഇതിനാവശ്യമായ സാങ്കേതികവിദ്യ ഈ രംഗത്തെ പ്രമുഖരുമായുള്ള കൂട്ടുസംരംഭങ്ങളിലൂടെ കണ്ടെത്താനാവും.**

ചവറയിൽ 180 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയാണ്. പുതിയ പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. ടൈറ്റാനിയം കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള മാർക്കറ്റ് സ്റ്റഡി റിപ്പോർട്ട് ലഭിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ അവ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കും തുടക്കംകുറിച്ചു.

b. പരിസ്ഥിതിക്കനുയോജ്യമായ രീതിയിൽ ബൃഹത്തായ ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ അതീവലോലമായ കടൽത്തീരത്തെ ലോഹമണൽഘനനം ഏകോപിപ്പിക്കുകയും വേണം.

ഇതിനായി KEMDEL നെ ശക്തിപ്പെടുത്താനുള്ള നീക്കം നടന്നുവരുന്നതിന്റെ ഭാഗമായി 11 പുതിയ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. നിയമനനടപടികൾ പുരോഗമിക്കുന്നു.

127 56 വർഷം മുൻപ് വിഭാവനം ചെയ്ത ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്കിനാവശ്യമായ സ്ഥലമെടുപ്പുപോലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. സോഫ്റ്റ്വെയർ രംഗത്തെ നമ്മുടെ വികസനത്തിന് അനുരൂപമായി ഇലക്ട്രോണിക് ഹാർഡ്വെയർ നിർമ്മാണത്തിന് ആവശ്യമായ പദ്ധതികൾ അടിയന്തരമായി ആവിഷ്ക്കരിക്കും.

2019 മാർച്ച് മാസം 1.58 ഏക്കർ ഭൂമി കെ.എസ്.ഐ.ഡി.സി. യുടെ പേരിൽ രജിസ്റ്റർ ചെയ്തു. ബാക്കിയുള്ള സ്ഥലത്തിന്റെ ആധാരത്തിന്റെ നക്കൽ തയ്യാറാക്കി സ്ഥലമെടുപ്പ് തഹസിൽദാരുടെ അനുമതിയോടെ സ്ഥലം കെ.എസ്.ഐ.ഡി.സി യുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

കെൽട്രോണും മറ്റുചില ഇലക്ട്രോണിക് കമ്പനികളുമായി ചേർന്ന് ലാപ്ടോപ്പും സർവ്വറുകളും നിർമ്മിക്കുവാനുള്ള സംയുക്തസംരംഭം ആരംഭിച്ചിട്ടുണ്ട്. ഈ കമ്പനിയുടെ കൊക്കോണിക്സ് എന്ന ബ്രാൻഡിലുള്ള ലാപ്ടോപ്പുകൾ 2019 ഫെബ്രുവരിയിൽ ഡൽഹിയിൽ പുറത്തിറക്കി. ഉൽപാദനം ശക്തിപ്പെടുത്താനുള്ള നടപടി എടുത്തുവരുന്നു.

128 a. സ്കിൽ ഡെവലപ്മെന്റ്, കരിയർ ഗൈഡൻസ് എന്നിവവഴി പത്തുലക്ഷം പുതിയ തൊഴിലവസരങ്ങൾ നല്കുന്നതിനുള്ള സംവിധാനമുണ്ടാക്കും.

എംപ്ലോയ്മെന്റ് എക്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ജില്ലാ എംപ്ലോയ്മെന്റ് എക്ചേഞ്ചുകളോട് അനുബന്ധിച്ച് എംപ്ലോയബിലിറ്റി സെന്ററും ഗ്രാമീണമേഖലയിൽ കരിയർ ഡവലപ്മെന്റ് സെന്ററുകളും ആരംഭിച്ചു. കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കാസർഗോഡ് എന്നീ 10 ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകളും പേരാമ്പ്ര, ചിറ്റൂർ, നെയ്യാറ്റിൻകര, പാലോട്, കായംകുളം, തൃപ്പൂണിത്തുറ എന്നിവിടങ്ങളിൽ കരിയർ ഡവലപ്മെന്റ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചു. KASE നെ സ്കിൽ ഡവലപ്മെന്റ് മിഷനായി ചുമതലപ്പെടുത്തി.

b. ഇലക്ട്രോണിക്സ് സാധനങ്ങൾ ഉത്പാദിപ്പിക്കുന്ന സംവിധാനമുണ്ടാക്കി ഉയർന്ന സാങ്കേതിക വൈദഗ്ധ്യമുള്ള രണ്ടുലക്ഷംപേർക്കും സാങ്കേതിക വൈദഗ്ധ്യം കുറഞ്ഞ രണ്ടുലക്ഷംപേർക്കും തൊഴിലവസരം ഉണ്ടാക്കും.

ഇതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

c. വർഷം ഒരുലക്ഷത്തോളം പുതിയ എൻജിനീയർമാർ പുറത്തുവരുന്നുണ്ട്. ഇവർക്കു തൊഴിലവസരം ഉറപ്പുവരുത്താൻ വിവിധ തുറകളിലെ സാദ്ധ്യതകൾ സംയോജിപ്പിച്ച് സംവിധാനമുണ്ടാക്കും.

സംസ്ഥാനത്തെ എഞ്ചിനിയറിംഗ് കോളെജ് വിദ്യാർത്ഥികളെ തൊഴിൽമേഖലയ്ക്ക് അനുയോജ്യരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം ആരംഭിച്ചു. എഞ്ചിനിയറിംഗ് കോളെജുകളെ ഹൈടെക് ക്ലാസ്റൂം വഴി ബന്ധിപ്പിക്കുന്നതാണ് ഈ പദ്ധതി. സംസ്ഥാനത്തെ 150 എഞ്ചിനിയറിംഗ് കോളെജുകളേയും ഇത്തരത്തിൽ ബന്ധിപ്പിച്ചിരിക്കുന്നു. ലൈവ് ക്ലാസറൂമുകളിലൂടെ പരസ്പരം ആശയവിനിമയം സാധ്യമാക്കി ഒരു കേന്ദ്രത്തിൽനിന്നു വിദഗ്ധർ ക്ലാസുകൾ കൈകാര്യം ചെയ്യുന്നതാണ് പദ്ധതി. തൊഴിൽസാധ്യത സംബന്ധിച്ച സെമിനാറുകളും ക്ലാസുകളും പദ്ധതിയുടെ ഭാഗമായി നടത്തുന്നു. വ്യവസായ മേഖലയിലെ പ്രമുഖരേയും പ്രൊഫഷണലുകളേയും പദ്ധതിയുടെ ഭാഗമാക്കുന്നുണ്ട്. പ്രായോഗിക അറിവ് കൂടി വിദ്യാർത്ഥികൾക്ക് പകർന്നുനല്കാൻ കഴിയുന്ന തരത്തിലാണ് പദ്ധതി നടപ്പാക്കുന്നത്.

129 സംസ്ഥാനത്ത് സുലഭമായ പൂക്കൾ, പഴങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ ഉപയോഗിച്ച് നാനാതരം ഉൽപന്നങ്ങൾ ഉണ്ടാക്കാൻ കഴിയും. ഇത്തരത്തിൽ പ്രകൃതിജന്യമായ റസിനുകൾ, ചായങ്ങൾ, പോഷകങ്ങൾ, ലേപങ്ങൾ എന്നിവ നിർമ്മിക്കാൻ പ്രോത്സാഹിപ്പിക്കും.

നടപടികൾ പുരോഗമിച്ചുവരുന്നു

130 സൂക്ഷ്മതൊഴിൽസംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാൻ വായ്പയോടൊപ്പം സാങ്കേതികവിദ്യ, പരിശീലനം, വിപണി തുടങ്ങിയവയെല്ലാം ഒരു പാക്കേജായി നല്കാൻ കഴിയണം. ബന്ധപ്പെട്ട വ്യവസായങ്ങൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സ്ഥാപിച്ച് ഉൽപന്നങ്ങൾക്കു ഗുണനിലവാരം ഉറപ്പാക്കി ബ്രാൻഡുനാമത്തിൽ കേന്ദ്രീകൃതമായി വിപണനം ചെയ്യാനുള്ള പദ്ധതികളാണ് അഭികാമ്യം.

വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംരംഭകത്വപരിശീലന പരിപാടികൾ, സെമിനാറുകൾ എന്നിവ ബ്ലോക്ക്, താലൂക്ക്, ജില്ലാ തലങ്ങളിൽ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ വിവിധ സാങ്കേതികവിദ്യാ മേഖലകളിൽ പ്രായോഗികപരിശീലനം, ടെക്നിക്കൽ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാം, നിക്ഷേപസംഗമം എന്നിവ എല്ലാ ജില്ലകളിലും നടത്തിവരുന്നുണ്ട്. എല്ലാ ജില്ലാ വ്യ



ജപ്പാൻ കമ്പനിയായ നിസാൻ കേരളത്തിൽ മുതൽ മുടക്കുന്നതുമായി ബന്ധപ്പെട്ട ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ദരുമ പാവയ്ക്ക് കണ്ണുവരയ്ക്കുന്നു.

വസായകേന്ദ്രങ്ങളിലും ബിസിനസ് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിനും വകുപ്പ് മുൻഗണന നല്കിയിട്ടുണ്ട്. യുവജനങ്ങളിൽ സംരഭകത്വം വളർത്തുന്നതിലേക്കായി വിദ്യാഭ്യാസസ്ഥാപനങ്ങളിൽ വകുപ്പിന്റെ ധന സഹായത്തോടെ ഇഡിക്ലബുകൾ രൂപവൽക്കരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവൃത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓന്ത്രപ്രെണെഴ്സ് ഡെവലപ്പെമെന്റ് മുഖേനയും സംരംഭകർക്ക് പരിശീലനം നല്കിവരുന്നുണ്ട്. കേരളത്തിലെ ചെറുകിട-സൂക്ഷ്മ മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് ദേശീയ, അന്തർദേശീയ വിപണി സജ്ജമാക്കുന്നതിലേക്കായി ഒരു വെബ് പോർട്ടൽ 2017-18 സാമ്പത്തിക വർഷത്തിൽ രൂപവത്ക്കരിച്ചിട്ടുണ്ട്. MSME മേഖലയിലെ വ്യവസായ സംരഭകരുടെ പൊതു ആവശ്യങ്ങൾ നിറവേറ്റാനും അതുവഴി അവയുടെ പ്രവർത്തനമേഖല വിപുലീകരിക്കാനുമുള്ള പൊതുസേവനകേന്ദ്രങ്ങൾ, ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതി പ്രകാരം നടപ്പിലാക്കാനുമുള്ള സജീവ ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. ഇപ്പോൾ എം.എസ്.ഇ -സി.ഡി.പി പദ്ധതി പ്രകാരം 11 ക്ലസ്റ്ററുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നുണ്ട്. 3 ക്ളസ്റ്ററുകൾ നിർവ്വഹണത്തിന്റെ അവസാന ഘട്ടത്തിലാണ്. ഇതിനു പുറമെ വിവിധ ജില്ലകളിലായി 26 ക്ലസ്റ്ററുകൾ കണ്ടെത്തിയിട്ടുണ്ട്. അവയുടെ പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്നു.

131 **എല്ലാ ജില്ലയിലും അനുയോജ്യമായ വ്യവസായമേഖലകളിൽ ചെറുകിട, ഇടത്തരം വ്യവസായശാലകളുടെ ക്ലസ്റ്ററുകൾ സ്ഥാപിക്കും. ഇപ്പോൾ ഇത്തരത്തിൽ ക്ലസ്റ്ററുകളായി പ്രവൃത്തിക്കുന്ന റബ്ബർ, പ്ലൈവുഡ്, നെല്ലുകുത്ത്, നാടൻ ഭക്ഷണം, സ്വർണ്ണാഭരണം, വജ്രം പോളിഷിങ്, പ്ലാസ്റ്റിക് വസ്തുക്കൾ, ടൈലുകൾ, കുപായങ്ങൾ, തോൽ, മുള, സിൽക്ക്, ഭക്ഷ്യസംസ്ക്കരണം, പെയിന്റ്, ജനറൽ എൻജിനിയറിങ് തുടങ്ങിയ വ്യവസായങ്ങളുടെ പ്രവർത്തനം പരിശോധിക്കുകയും പാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യും.**

പ്രിൻസിപ്പൽ സെക്രട്ടറി/ഡയറക്ടർ തലത്തിൽ ഉദ്യോഗസ്ഥരുടെ യോഗങ്ങൾ കൂടി ജില്ലാവ്യവസായകേന്ദ്രം ജനറൽ മാനേജർമാർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കി സംസ്ഥാനത്ത് പരമാവധി ക്ലസ്റ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 11 ക്ലസ്റ്ററുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നുണ്ട്.

132 **ചെറുകിടവ്യവസായങ്ങൾക്കുള്ള വായ്പകൾ സഹായപലിശയ്ക്ക് ലഭ്യമാക്കും. ഇതിനുള്ള ഏജൻസിയായി കേരള ഫിനാൻഷ്യൽ കോർപ്പറേഷനെ രൂപാന്തരപ്പെടുത്തും.**

സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ളതും ആരംഭിക്കുന്നതുമായ നാനോ വ്യവസായ യൂണിറ്റുകൾ ധനകാര്യസ്ഥാപനങ്ങളിൽനിന്ന് എടുക്കുന്ന വായ്പകൾക്ക് 6 മുതൽ 8 വരെ ശതമാനം പലിശ സബ്സിഡി നല്കിവരുന്നുണ്ട്. സ്റ്റാർട്ടപ്പുകൾക്ക് ചുരുങ്ങിയ പലിശനിരക്കിൽ വായ്പ നല്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. കെഎഫ്സിയാവട്ടെ പൊതുമേഖല, ചെറുകിടവ്യവസായങ്ങൾക്കുള്ള വായ്പയും പലിശനിരക്കും ഉദാരമാക്കി നടപടികൾ ലഘൂകരിച്ചിട്ടുമുണ്ട്.

133 a. കേരളത്തിലെ മറ്റൊരു സമ്പത്തായ കരിമണൽ മൂല്യവർദ്ധിതവസ്തുക്കളായി മാത്രമേ കേരളത്തിനു പുറത്തുപോകാവൂ എന്ന നിയമം കൊണ്ടുവരും.

കേന്ദ്രത്തിന്റെ നിയമത്തിൽ മാറ്റം വരുത്തുന്നതിനായി കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടുണ്ട്.

b. ഇതിനായി തൊഴിൽസാദ്ധ്യതകളുള്ള മൂല്യവർദ്ധനപദ്ധതി തുടങ്ങും.

ടൈറ്റാനിയം മെറ്റൽ ഉത്പാദിപ്പിക്കാൻ ഒരു പ്ലാന്റ് ചവറയിൽ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.

c. നാച്വറൽ റിസോഴ്സ് കോർപ്പറേഷന്റെ വരുമാനം ആശുപത്രികൾക്കും വിദ്യാഭ്യാസത്തിനും മാത്രമായി ഉപയോഗിക്കും.

നാച്വറൽ റിസേഴ്സ് കോർപ്പറേഷൻ ഇതുവരെ ആരംഭിച്ചിട്ടില്ലെങ്കിലും KEMDEL നെ ഇതിനായി സജ്ജമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി KEMDEL ൽ 11 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

134 a. സംരംഭകപ്രോത്സാഹനത്തിനു പ്രത്യേകപരിപാടി ആവിഷ്കരിക്കും. സ്റ്റാർട്ടപ് കമ്പനികൾക്കുള്ള ധനസഹായവും പ്രോത്സാഹനവും വർദ്ധിപ്പിക്കും.

സ്റ്റാർട്ടപ്പ് സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാൻ KSIDC ഒരു സെൽ രൂപവത്ക്കരിക്കുകയും ഇതിന്റെ പ്രവർത്തനങ്ങളുടെ മൂന്നാം ഘട്ടമായി യങ്ങ് ഓന്ത്രപ്രണേഴ്സ് സമ്മിറ്റ് എന്ന പരിപാടി ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

b. സംസ്ഥാന ഇന്നവേഷൻ പോളിസിക്കു രൂപം നല്കും.

നിലവിലുള്ള ഇന്നൊവേഷൻ കൗൺസിൽ പുനഃസംഘടിപ്പിച്ച് ദേശീയഅന്തർദേശീയതലത്തിൽ അറിയപ്പെടുന്ന വിദഗ്ധരെ ഉൾപ്പെടുത്തി കേരള ഡവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജി കൗൺസിൽ രൂപവത്കരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലുടർ നടപടികൾ പുരോഗമിക്കുകയാണ്.

c. പട്ടികജാതി, പട്ടികവർഗ്ഗ സ്റ്റാർട്ടപ്പ് സംരംഭകർക്കു പ്രത്യേക ധനസഹായവും പ്രോത്സാഹനവും നല്കുന്നതാണ്.

ധനസഹായം നല്കാൻ എസ്.സി., എസ്.റ്റി. വികസന കോർപറേഷൻ മുഖേന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

135 സ്പെഷ്യൽ ഇക്കണോമിക് സോൺ (സെസ്) പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്താൻ മുൻകൈ എടുക്കും.

KSIDC നടപടികൾ എടുത്തുവരുന്നു. SEZ നിയമത്തിന്റെ കാലാവധി 2021 ൽ കഴിയുന്നുണ്ട്. അതുകൊണ്ട് ദീർഘകാല പദ്ധതികൾ ആവിഷ്ക്കരിക്കേണ്ട സാഹചര്യമില്ല.

നിർമ്മാണമേഖല

136 മണൽ, കല്ല് തുടങ്ങിയ അവശ്യവസ്തുക്കൾ നാടിന്റെ സമ്പത്താണ്. കേരളത്തിലെ മണൽ, ക്വാറി തുടങ്ങിയ മേഖലകളിൽ സർക്കാരിടപെടലിലൂടെ അവ പൊതുജനങ്ങൾക്കു സഹായവിലയ്ക്കും വൻകിടനിർമ്മാണത്തിനു മാർക്കറ്റ് വിലയ്ക്കും നീതിപൂർവ്വം ലഭ്യമാക്കും. നാച്വറൽ റിസോഴ്സസ് കോർപ്പറേഷനെ ഇതിനായി ഇടപെടാൻ സജ്ജമാക്കും.

ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം വിളിച്ചുചേർത്ത് ഈ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. കൊൺഡലിനെ ഇതിനായി സജ്ജമാക്കിയിട്ടുണ്ട്.

137 a. നിർമ്മാണരംഗത്തെ പ്രതിസന്ധി പരിഹരിക്കാൻ അയൽസംസ്ഥാനങ്ങളിൽനിന്നു മണൽ ഇറക്കുമതി, റിസർവ്വോയറിലെ മണൽ വാരൽ, പരിസ്ഥിതിമാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള ക്വാറികളുടെ പ്രവർത്തനം, ബദൽസാമഗ്രികളുടെ ഉത്പാദനം തുടങ്ങിയ നടപടികൾ സ്വീകരിക്കും.

ക്വാറികൾക്ക് പാരിസ്ഥിതികകാര്യങ്ങൾ കൂടി പരിശോധിച്ച് അനുമതി നല്കാൻ സത്വരനടപടികൾ സ്വീകരിച്ചുവരുന്നു. മണൽ ഇറക്കുമതി ചെയ്യാൻ അനുമതി നല്കിയിട്ടുണ്ട്. പുതിയ മണൽനയം രൂപവത്ക്കരിച്ചു. പൊന്നാനിയിൽ സ്വകാര്യപങ്കാളിത്തത്തോടെ മണൽ സംസ്കരിക്കുന്ന സംവിധാനം ആരംഭിച്ചു. ഈ സംരംഭം നേരിട്ട പ്രശ്നങ്ങൾ പരിഹരിച്ച് മറ്റ് നുറമുഖങ്ങളിൽക്കൂടി തുടങ്ങുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. ലോവർ പെരിയാർ റിസർവോയറിലെ മണലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ എടുത്തുവരുന്നു.

b. ഊർജ്ജോപഭോഗം പരമാവധി കുറയ്ക്കുന്ന ഗ്രീൻ നിർമ്മാണസാങ്കേതികവിദ്യകൾക്കു പ്രോത്സാഹനം നല്കും.

ഹരിതനിർമ്മാണസാങ്കേതികവിദ്യകൾ മരാമത്തു വകുപ്പിൽ പരിശീലനം നല്കി നടപ്പിലാക്കി. മറ്റു നിർമ്മാണമേഖലകളിലും പ്രോത്സാഹനം നല്കിവരുന്നു. ഇത്തരം സാങ്കേതികവിദ്യകൾ വിവിധ പ്രവർത്തനങ്ങളിൽ ഉപയോഗിച്ചുവരുന്നുണ്ട്.

138 സിമന്റ്, കമ്പി, പെയിന്റുകൾ തുടങ്ങിയവയുടെ വില ഉത്പാദനച്ചെലവുമായി ബന്ധപ്പെടുത്താതെ ഏകപക്ഷീയമായി ഉയർത്തുന്ന കുത്തകനയങ്ങൾക്കെ

തിരെ ശക്തമായ നിലപാടു സ്വീകരിക്കും.

മുഖ്യമന്ത്രി, വ്യവസായമന്ത്രി, ധനമന്ത്രി എന്നിവരുടെ നേതൃത്വത്തിൽ പലതവണ യോഗം ചേർന്ന് എടുത്ത തീരുമാനങ്ങൾ നടപ്പാക്കാനുള്ള നടപടികൾ എടുത്തുവരുന്നു. 2019 ഫെബ്രുവരിയിൽ വ്യവസായമന്ത്രി സിമെന്റ് ഉത്പാദകരുടെ യോഗം വിളിച്ചുചേർക്കുകയും സംസ്ഥാനത്ത് സിമെന്റിന്റെ വില കുറയ്ക്കണമെന്ന് കർശനമായ നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

വാണിജ്യമേഖല

139 **കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീട്ടെയിൽ മാനേജ്മെന്റ് സ്ഥാപിക്കും. വ്യാപാരമേഖലയിൽ സംരംഭകത്വം വളർത്താനും ആധുനിക മാനേജ്മെന്റ് വിദഗ്ദ്ധരെ പരിശീലിപ്പിച്ചെടുക്കാനുമാണ് ഇതു സ്ഥാപിക്കുക.**

നടപടികൾ സ്വീകരിച്ചുവരുന്നു.

140 **വാണിജ്യമിഷൻ രൂപവത്കരിക്കും. ഈ മേഖലയിലെ സർക്കാരിന്റെ നോഡൽ ഏജൻസിയായായിരിക്കും വാണിജ്യമിഷൻ പ്രവൃത്തിക്കുക. 2025-നകം കൈവരിക്കേണ്ട കൃത്യമായ ലക്ഷ്യങ്ങളും റീട്ടെയിൽ നയവും പ്രഖ്യാപിക്കും. വാണിജ്യവുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും പ്രവർത്തനങ്ങൾ പ്രഖ്യാപിതലക്ഷ്യങ്ങൾക്ക് അനുസൃതമായി ഏകോപിപ്പിക്കുക വാണിജ്യമിഷനായിരിക്കും.**

വാണിജ്യമിഷൻ രൂപവത്കരിച്ച് ഉത്തരവായിട്ടുണ്ട്. ഇതിനകംതന്നെ മിഷന്റെ പ്രഥമയോഗം ചേരുകയും ഭാവി പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

141 **കേരള റീട്ടെയിൽ എന്നൊരു പുതിയ ബ്രാൻഡ് സൃഷ്ടിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ പ്രചാരണം ടൂറിസവുമായി ബന്ധപ്പെടുത്തി വേണം നടത്താൻ. കേരളത്തിലെ വാണിജ്യമേഖലയെക്കുറിച്ച് ആകർഷകമായ പ്രതിഛായ സൃഷ്ടിക്കുകയാണ് ഈ ബ്രാൻഡ് പ്രചാരണത്തിന്റെ ലക്ഷ്യം.**

നടപടികൾ സ്വീകരിച്ചുവരുന്നു.

142 **കേരളത്തിലെ റീട്ടെയിൽ മേഖല നേരിടുന്ന ഏറ്റവും പ്രധാന വെല്ലുവിളി ദേശീയവൈദേശിക ആഗോളഭീമന്മാരുടെ റീട്ടെയിൽ ശൃംഖലകളിൽ നിന്നാണ്. ഈ വിപത്തിനെതിരെയുള്ള പ്രക്ഷോഭം മുന്നോട്ടു കൊണ്ടുപോകുന്നതോടൊപ്പം നമ്മുടെ ചെറുകിടസ്ഥാപനങ്ങളുടെ മത്സരശേഷി ഉയർത്താനുള്ള നടപടി സ്വീകരിക്കുകയും വേണം. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് നാട്ടിൻപുറങ്ങളിലെയും നഗരങ്ങളിലെയും കമ്പോളങ്ങളിലെ സൗകര്യങ്ങൾ വികസിപ്പിക്കുകയും നാടൻ ചന്തയെ / ബസാറിനെ ഷോപ്പിങ് മോളുകൾക്കു ബദലായി ഉയർത്തുകയുമാണ്. ഷോപ്പിങ് മോളിലെന്നപോലെതന്നെ നിയന്ത്രിതഊണനിലവാരവും വിലയും ആസ്വാദ്യകരമായ അന്തരീക്ഷവും ഓരോ കമ്പോളത്തിലും ഉണ്ടാകണം. ഇത്തരം നവീകരണത്തിന സർക്കാരിന്റെ സഹായം നല്കും.**

വാണിജ്യ മിഷൻ ഇതിനോടകം തന്നെ രൂപവത്കരിച്ചിട്ടുണ്ട്. മേൽനടപടികൾ സ്വീകരിക്കുന്നതിനു വാണിജ്യ മിഷൻ മേൽനോട്ടം വഹിക്കും.

143 **കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആരംഭിച്ച വ്യാപാരിക്ഷേമനിധി ഇപ്പോൾ പ്രവർത്തനക്ഷമമല്ല. വർദ്ധിച്ച നികുതിയുടെ നിശ്ചിതശതമാനം ക്ഷേമനിധിയ്ക്കുവേണ്ടി നീക്കിവച്ചതിന്റെ ഫലമായാണ് പെൻഷൻപദ്ധതി നടപ്പാക്കാൻ കഴിഞ്ഞത്. എന്നാൽ, യു.ഡി.എഫ് സർക്കാർ ആവശ്യമായ ധനസഹായം നല്കാൻ വിസമ്മതിക്കുകയാണുണ്ടായത്.**

നടപടി സ്വീകരിച്ചുവരുന്നു.

144 **വ്യാപാരിസൗഹൃദസമീപനമായിരിക്കും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കൈക്കൊള്ളുക. യു.ഡി.എഫ് സർക്കാരിനു കീഴിൽ ഇന്നു വ്യാപാരികൾക്കുമേൽ നടക്കുന്ന ഉദ്യോഗസ്ഥപീഡനം അവസാനിപ്പിക്കും. ഇഗവേണൻസിലൂടെ ഈ രംഗത്തെ അഴിമതി കുറയ്ക്കാൻ കഴിയും. ജി.എസ്.ടി.യു.വിന്റെ നടത്തിപ്പു സംബന്ധിച്ചു വ്യാപാരികളുമായി വിശദമായി ചർച്ച ചെയ്തേ തീരുമാനങ്ങളെടുക്കൂ.**

സംസ്ഥാനത്ത് ജി.എസ്.റ്റി കൗൺസിൽ രൂപവത്കരിച്ചു. കൗൺസിലിന്റെ ഉപദേശനിർദ്ദേശങ്ങൾ സർക്കാരിന്റെ പ്രവർത്തനങ്ങൾക്കു മാർഗ്ഗനിർദ്ദേശമാകുന്നുണ്ട്.

145 **ടൈബ്യൂണൽ കേസുകൾക്കു ത്വരിതഗതിയിൽ തീർപ്പുണ്ടാക്കും.**

നടപടി സ്വീകരിച്ചിട്ടുണ്ട്.

146 **സ്റ്റാർട്ടപ്പ് ഇൻഡ്യയുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾക്കു കേന്ദ്രസർക്കാർ നല്കിയ ഇളവിനു പുറമെ സംസ്ഥാനത്ത് ഒരു വർഷംകൂടി ഇളവു നല്കും. സത്യസന്ധരായ വ്യാപാരികൾക്കു ഗ്രീൻ കാർഡ് നല്കും.**

സ്റ്റാർട്ടപ്പ് ഇന്ത്യയുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ

ക്ക സ്റ്റാർട്ടപ്പ് മിഷൻ മുഖേന വിവിധ ഇളവുകൾ ഇപ്പോൾ ത്തന്നെ നല്കിവരുന്നുണ്ട്. സത്യസന്ധരായ വ്യാപാരികൾ ക്ക ഗ്രീൻ കാർഡ് നല്കുക എന്നത് ജി.എസ്.റ്റി. വന്ന സാഹചര്യത്തിൽ പ്രസക്തമല്ലാതായിരിക്കുന്നു.

പൊതുമേഖലാവ്യവസായം

147 പൊതുമേഖലാവ്യവസായസ്ഥാപനങ്ങളെ മുഴുവൻ വീണ്ടും ലാഭത്തിലാക്കും. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്തു സ്വീകരിച്ച പുനഃസംഘാടനതന്ത്രം തന്നെയായിരിക്കും ഇതിനായി ഉപയോഗപ്പെടുത്തുക. ധനപരമായ പുനഃസംഘാടനം, സർക്കാർ വാങ്ങൽ നയത്തിലെ പരിഷ്കാരം, പൊതുമേഖലാസ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായുള്ള സംയോജനം, മാനേജ്മെന്റിലെ പൊളിച്ചെഴുത്ത്, തുടർച്ചയായ മോണിറ്ററിങ്, അഴിമതി ഒഴിവാക്കാനുള്ള സുതാര്യനടപടികൾ തുടങ്ങിയ ഒരു പാക്കേജാണ് കേരളത്തിലെ പൊതുമേഖലയെ പുനരുദ്ധരിച്ചത്.

2015-16 ൽ 8 പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രമാണ് ലാഭത്തിലായിരുന്നെങ്കിൽ 2016-17 ൽ 13 ഉം 2017-18 ൽ 14 ഉം 2018-19 ൽ 17 ഉം ആയി വർധിച്ചിട്ടുണ്ട്. 2018-19 ലെ മൊത്തം ലാഭം 258.29 കോടിരൂപയായി ഉയർന്നിട്ടുണ്ട്. 2016-17-ൽ 123 കോടി രൂപയായിരുന്ന പദ്ധതി വിഹിതം 2017-18-ൽ 270 കോടി രൂപയായും 2018-19 ൽ 297 കോടി രൂപയായും ഉയർത്തിയിട്ടുണ്ട്.

148 പൊതുമേഖല വിപുലീകരിക്കും. മൂന്നു വർഷംകൊണ്ട് സ്വന്തം ലാഭത്തിൽനിന്നു വിപുലീകരണത്തിനുള്ള മൂലധനം സ്വായത്തമാക്കാൻ പൊതുമേഖലയ്ക്കു കഴിയും എന്നാണു കരുതുന്നത്.

ഇപ്പോൾത്തന്നെ പൊതുമേഖല 258.29 കോടി രൂപ മൊത്തത്തിൽ ലാഭത്തിലെത്തുന്ന നിലയുണ്ടായിട്ടുണ്ട്. തുടർവർഷങ്ങളിൽ ലഭിക്കുന്ന വിഹിതംകൂടി ഉപയോഗപ്പെടുത്തി പൊതുമേഖല വിപുലീകരിക്കാൻ നടപടി സ്വീകരിക്കും.

149 ആഗോളവിപണിയിലേക്ക് ഇറങ്ങിച്ചെന്ന് മത്സരബുദ്ധിയോടെ പ്രവൃത്തിക്കാനുള്ള ശേഷിയും ഈ സ്ഥാപനങ്ങൾ കൈവരിക്കണം. വിപണിയുടെയും അസംസ്കൃതവസ്തുക്കളുടെയും സാമീപ്യവും ചെലവുകുറഞ്ഞ അനുബന്ധഘടകങ്ങളുടെ ലഭ്യതയും കണക്കിലെടുത്ത് പൊതുമേഖലാവ്യവസായങ്ങൾ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലേക്കും വേണമെങ്കിൽ രാജ്യത്തിനുപുറത്തേയ്ക്കും വ്യാപിപ്പിക്കണം.

പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിപണനസാദ്ധ്യതകൾകൂടി പരിശോധിച്ച വിപുലീകരണ പദ്ധതികളുടെ ഭാഗമായി മറ്റു സംസ്ഥാനങ്ങളിലേക്കു കൂടി പ്രവർത്തനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

150 പൊതുമേഖലയിലെ അഴിമതി വാങ്ങലും വിൽക്കലുമായി ബന്ധപ്പെട്ടാണ് ഉണ്ടാകുന്നത്. ഇതു സംബന്ധിച്ച എ.ജി.യുടെ റിപ്പോർട്ടുകളുടെയും ദ്രുതാന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ സുതാര്യത ഉറപ്പുവരുത്തുന്ന ഒരു പൊതുനയത്തിനു രൂപം നല്കും.

അഴിമതി തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

151 പൊതുമേഖലാസ്ഥാപനങ്ങൾക്കു ബാധകമായി ഒരു മാതൃകാകമ്പനി ഭരണചാർട്ടർ വികസിപ്പിച്ചെടുക്കേണ്ടതാണ്. ബോർഡുകൾ എങ്ങനെ തെരഞ്ഞെടുക്കണം, ബോർഡിന്റെ ചുമതലകൾ എന്തായിരിക്കണം, ബോർഡും മാനേജ്മെന്റും തമ്മിലുള്ള ബന്ധം തുടങ്ങിയവ ഈ മാതൃകാചാർട്ടറിൽ നിർവ്വചിക്കും. നിശ്ചിത വാണിജ്യമാനദണ്ഡങ്ങൾ പരിപാലിക്കുന്ന കമ്പനികൾക്കു പൂർണ്ണസ്വയംഭരണം അനുവദിക്കും.

നടപടികൾ സ്വീകരിക്കും.

152 കോർപ്പറേറ്റ് ഭരണത്തിൽ ജീവനക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ ബോർഡിൽ പ്രാതിനിധ്യം അനുവദിക്കും.

നടപടികൾ സ്വീകരിച്ചുവരുന്നു.

153 പൊതുമേഖലാസ്ഥാപനങ്ങളിലെ ശമ്പളപരിഷ്കരണം സമയബന്ധിതമായി നടപ്പിലാക്കും.

a. ചില പൊതുമേഖലാസ്ഥാപനങ്ങളിലെ ശമ്പളപരിഷ്കരണം ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങളിൽ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നീങ്ങുന്നുണ്ട്. ഇതിനകം ശമ്പളപരിഷ്കരണം നടപ്പിലാക്കാൻ കഴിയാത്ത സ്ഥാപനങ്ങളിൽ ഇടക്കാലാശ്വാസം നല്കാൻ ഉത്തരവായിട്ടുണ്ട്.

b. പൊതുമേഖലാസ്ഥാപനങ്ങളിലെ ജീവനക്കാർക്കുവേണ്ടി ജീവനക്കാർ, മാനേജ്മെന്റ്, ഗവണ്മെന്റ് എന്നിവ ചേർന്നുള്ള ഒരു പങ്കാളിത്തപെൻഷൻപദ്ധതി (കോണ്ട്രിബ്യൂട്ടറി പെൻഷൻ സ്കീം) രൂപവത്ക്കരിക്കും. ഇത്തരം പെൻഷൻ ഫണ്ടിലേക്കുള്ള മാനേജ്മെന്റുവിഹിതം സ്ഥാപനത്തിന്റെ ലാഭവും

കൂടി പരിഗണിച്ചായിരിക്കും.

ഇതിലേക്കായി പ്രാഥമികചർച്ചകൾ തുടങ്ങി.

154 **വ്യവസായവാണിജ്യാടിസ്ഥാനത്തിലല്ലാത്ത എല്ലാ പൊതുമേഖലാസ്ഥാപനങ്ങളെയും സോഷ്യൽ ഓഡിറ്റിനു വിധേയമാക്കും.**

നടപടി സ്വീകരിച്ചുവരുന്നു.

155 **കേന്ദ്രസർക്കാരിനുകീഴിലുള്ള സി.എസ്.ഐ.ആർ., ഡി.എ.ഇ., ഐ.എസ്.ആർ.ഒ. മുതലായ ഗവേഷണസ്ഥാപനങ്ങൾ വികസിപ്പിച്ചതും വ്യാപകമായി പ്രയോഗിക്കപ്പെടാത്തതുമായ നിരവധി സാങ്കേതികവിദ്യകളുണ്ട്. അവ വാങ്ങി പൊതുമേഖലയിൽ പല ഉപകരണങ്ങളും ഉത്പന്നങ്ങളും സേവനങ്ങളും നിർമ്മിക്കും.**

നടപടി ആരംഭിച്ചു. ഐ.എസ്.ആർ.ഒ. വികസിപ്പിച്ചെടുത്ത 'നാവിക്' എന്ന ഉപകരണം മത്സ്യബന്ധനയാനങ്ങളിൽ ഉപയോഗിക്കുന്നു.

വിവര-വിവരവിനിമയ സാങ്കേതികവിദ്യാവ്യവസായങ്ങൾ

156 **രണ്ടരലക്ഷം പേർക്ക് ഈ മേഖലയിൽ തൊഴിൽ നല്കാൻ ഒരുകോടി ചതുരശ്രയടി ഓഫീസ് സ്പേസ് സൃഷ്ടിക്കും. ഇതിനാവശ്യമായ വ്യവസായപാർക്കുകൾ നിർമ്മിക്കാൻ സ്മാർട്ട് സിറ്റി സമയബന്ധിതമായി പൂർത്തീകരിക്കും. ഇതുപോലുള്ള വൻകിടസംരംഭങ്ങളെ ഉപയോഗപ്പെടുത്തുന്നതോടൊപ്പം ഊരാളുങ്കൽ ലേബർ സഹകരണസംഘം പോലുള്ള സാമൂഹികസ്ഥാപനങ്ങളെയും പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് മാതൃകകളെയും ഉപയോഗപ്പെടുത്തും. 15 ഏക്കർ ഭൂപരിധി നിയമത്തിനകത്തു നിന്നുകൊണ്ടുതന്നെ സ്വകാര്യ ഐടി പാർക്കുകളുടെ ആവിർഭാവത്തിനു വഴിയൊരുക്കാനാകും. പ്രവാസിമൂലധനം പാർക്കുകളുടെ നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തും.**

2018-19 വർഷത്തോടെ 50 ലക്ഷം ചതുരശ്രയടി പുതിയ ഓഫീസ് സ്പെയ്സ് കേരളത്തിന്റെ ഐടി മേഖലയിൽ നിലവിൽവന്നു. ഇതിനുപരിയായി ഇന്ത്യയിലെ ഏറ്റവും വലിയ സ്റ്റാർട്ട് അപ് എക്കോസിസ്റ്റമായ ഇന്റഗ്രേറ്റഡ് സ്റ്റാർട്ട് അപ് കോംപ്ലക്സ് 1.80 ലക്ഷം ചതുരശ്രയടി പുതിയ ഓഫീസ് സ്പെയ്സുമായി 2019ൽ കൊച്ചിയിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

2019-21ൽ തിരുവനന്തപുരത്ത് ടോറസ് ഇൻവെസ്റ്റ്മെന്റ്സിന്റെ 57 ലക്ഷം ചതുരശ്രയടി ഓഫീസ് സ്പെയ്സും കൊച്ചിയിൽ സ്മാർട്ട് സിറ്റിയുടെ 88 ലക്ഷം ചതുരശ്രയടി ഓഫീസ് സ്പെയ്സും പുതുതായി പ്രവർത്തനക്ഷമമാകും. 2020-ഓടെ ഇന്റഗ്രേറ്റഡ് സ്റ്റാർട്ട് അപ് കോംപ്ലക്സിന്റെ ഓഫീസ് സ്പെയ്സിൽ രണ്ടു ലക്ഷം ചതുരശ്രയടിയുടെ വർദ്ധന കൂടിയുണ്ടാകും. ഇവയെല്ലാം ചേരുമ്പോൾ ലക്ഷ്യമിട്ടതിന്റെ ഇരട്ടിയോളം പുതിയ ഓഫീസ് സ്പെയ്സാണ് കൈവരിക്കപ്പെടുക.

പുതുതായി നിലവിൽവന്ന ഓഫീസ് സ്പെയ്സിൽ 50,000-ത്തിൽ അധികം നേരിട്ടുള്ള തൊഴിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. പരോക്ഷമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള തൊഴിൽ ഒന്നരലക്ഷത്തിലേറെയാണ്. ഇതിനുപുറമേ പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ട സ്റ്റാർട്ട്-അപ്പുകളിൽ 16,000-ത്തിലധികം യുവാക്കൾ തൊഴിലെടുക്കുന്നു. ഇതിനുപുറമേ, ഈ സ്റ്റാർട്ട്-അപ് കമ്പനികൾ പരോക്ഷമായി സൃഷ്ടിച്ചിട്ടുള്ള തൊഴിൽ മുപ്പതിനായിരത്തിനു മേലെയാണ്. കേരളത്തിൽ പ്രവർത്തനം ആരംഭിച്ച ബഹുരാഷ്ട്രകമ്പനികൾ സൃഷ്ടിച്ചിട്ടുള്ള ഐ.ടി തൊഴിലുകൾ മേൽപ്പറഞ്ഞവയ്ക്കുപരിയാണ്. ഇവ ആദ്യവർഷംതന്നെ 1300 പേർക്കു നേരിട്ടു തൊഴിൽ നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

നിസ്സാൻ 25,000ചതുരശ്രയടി ഓഫീസ് സ്പെയ്സിലായി 300 പേർക്കു ജോലി കൊടുത്തിട്ടുണ്ട്, ഇതു വരുംവർഷങ്ങളിൽ 1500 തൊഴിലാളികളായി ഉയരും. HR ബ്ലോക്ക് 40,000 ചതുരശ്രയടി ഓഫീസ് സ്പെയ്സിലായി 650 പേർക്കു ടെക് മഹീന്ദ്ര 12,000 ചതുരശ്രയടിയിലായി 200 പേർക്കും ടെറാനെറ്റ് 10,000 ചതുരശ്രയടി ഓഫീസ് സ്പെയ്സിലായി 150 പേർക്കും തൊഴിൽ നല്കിയിട്ടുണ്ട്.

ഇതിനോടൊപ്പം നാലായിരത്തോളം പരോക്ഷതൊഴിലുകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. വരുന്ന വർഷങ്ങളിൽ ഇതു നേരിട്ടുള്ള 5000 ഐ.ടി തൊഴിലുകളും പതിനയ്യായിരം പരോക്ഷതൊഴിലുകളുമായി വർദ്ധിക്കും.

157 **ടെക്നോപാർക്കുകൾ പുറത്തുള്ള ചെറുകിടസംരംഭങ്ങൾക്കു വേണ്ടത്ര പിന്തുണ നല്കുന്ന സമീപനം സ്വീകരിക്കും. ടെക്നോപാർക്കിലെ സ്ഥാപനങ്ങൾക്ക് ഇതിനായി ആനുകൂല്യങ്ങൾ നല്കുന്ന കാര്യം പരിഗണിക്കും. ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ ഗുണനിലവാരവർദ്ധനയും അവർക്ക് അന്താരാഷ്ട്രവിപണിയുമായി പരിചയപ്പെടുന്നതിനും ബന്ധങ്ങൾ സ്ഥാപിക്കാനുമുള്ള അവസരമൊരുക്കലും ഇതിന് അനിവാര്യമാണ്.**

സർക്കാർ ഐ.ടി പാർക്കുകളിലെ ചെറിയ സ്റ്റാർട്ട്-അപ്

കമ്പനികൾക്ക സഹായകമായ പുതിയ സ്കീം നടപ്പാക്കി. ഇതനുസരിച്ച് ഉയർന്ന വളർച്ചാക്ഷമതയുള്ള ചെറിയ സ്റ്റാർട്ട്-അപ്പുകൾക്ക് സർക്കാർ ഉടമസ്ഥതയിലുള്ള ഐ.ടി പാർക്കുകളിൽ പ്രവൃത്തിക്കുന്നതിന് ചതുരശ്രയടിക്ക് 20രൂപ വാടകസബ്സിഡി ലഭ്യമാണ്.

158 **നൂതനാശയങ്ങൾ വഴി ഉണ്ടാകുന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഒരു പ്രക്രിയ ആണ് ലോകത്തുടനീളം ഇന്നു കണ്ടുവരുന്നത്. സുസ്ഥിരസംരംഭകത്വം നവസംരംഭങ്ങളിൽ 10 ശതമാനം ആണ് വിജയത്തിൽ എത്തുന്നത് എന്നാണു പഠനങ്ങൾ സൂചിപ്പിക്കുന്നത്. തെരഞ്ഞെടുത്ത 1000 നൂതനാശയങ്ങളെ സർക്കാർ ഓരോ വർഷവും പ്രോത്സാഹിപ്പിക്കും. രണ്ടു ലക്ഷം രൂപ ഇവർക്ക സർക്കാർ ഗ്രാന്റായി നല്കും. ഈ പുതുസംരംഭകർക്ക് മെന്റർമാരെയും ഏർപ്പാടാക്കും. ഉന്നതവിദ്യാപീഠങ്ങളുമായി ഇവരെ ബന്ധപ്പെടുത്തും. ഇതെല്ലാം വഴി ഇപ്പോഴുള്ള വിജയശതമാനം 10ൽനിന്ന് 25ലേക്ക് ഉയർത്തുക എന്നതാണു നമ്മുടെ ലക്ഷ്യം. തെരഞ്ഞെടുക്കുന്ന 250 നൂതനാശയങ്ങൾക്ക് ഒരു കോടി രൂപ ഈടില്ലാത്ത വായ്പ നല്കും. ഇതിനായി സർക്കാരിന്റെയും സെബിയംഗീകൃത സ്വകാര്യനിക്ഷേപകരുടെയും ബാങ്കുകളുടെയും സഹായത്തോടെ ഫണ്ട് കണ്ടെത്തും.**

2019 മാർച്ച് 31 വരെ 1490 സ്റ്റാർട്ട്-അപ് കമ്പനികളാണ് വ്യവസായവകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. 2018-19 വർഷത്തിൽ ഭാരതസർക്കാർ നടപ്പിലാക്കിയ ആദ്യ ദേശീയതല സ്റ്റാർട്ട്-അപ് റാങ്കിങ്ങിൽ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംസ്ഥാനമെന്ന പദവി നേടാൻ കേരളത്തിനായി. 2016 മുതൽ ചിട്ടയായി നടപ്പാക്കിയ സ്കീമുകളുടെ തുടർച്ചയിലൂടെയാണ് ഇതു സാദ്ധ്യമായത്.

സ്റ്റാർട്ട്-അപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഉചിതമായ നൂതനാശയങ്ങൾ കണ്ടെത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 'ഐഡിയാ ഡേയ്സ്' എന്ന പേരിൽ നടപ്പാക്കുന്ന ഈ പദ്ധതിയിൽ കണ്ടെത്തുന്ന നവീനാശയങ്ങൾക്ക് അവയുടെ വികസനനിലവാരത്തിന്റെയും പക്വതയുടെയും അടിസ്ഥാനത്തിൽ 12 ലക്ഷം രൂപവരെ ഗ്രാന്റായി നല്കുന്നു. ഇതിലൂടെ, 246 ഇന്നൊവേറ്റർമാർക്കായി ഇതുവരെ 1281 ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ട്.

ഇത്തരത്തിൽ ആദ്യമായി 2017 ഓഗസ്റ്റിൽ തെരഞ്ഞെടുത്ത സാമ്പത്തികസഹായം നല്കിയ ജെൻറോബോട്ടിക്സ് എന്ന സ്റ്റാർട്ട്-അപ് ഇന്ന് 150കോടിയിലേറെ മൂല്യമുള്ള ആഗോളതലസംരംഭമായി വളർന്നു.

ആഗോളതല ആക്സിലറേറ്ററുകളേയും ഇൻകുബേറ്ററുകളേയും കേരളത്തിലേക്ക് ആകർഷിക്കുന്നതിനും അതോടൊപ്പം ഉയർന്ന നിലവാരം പുലർത്തുന്ന പ്രാദേശിക ഇൻകുബേറ്ററുകൾക്ക രൂപം നല്കുന്നതിനും നടപ്പാക്കിയ സ്കീമുകളുടെ ഫലമായി കണ്ണൂർ, പാലക്കാട്, കാസറഗോഡ് എന്നിവിടങ്ങളിൽ ഇൻകുബേറ്ററുകൾ വികസിപ്പിക്കാനായിട്ടുണ്ട്. 2020-ഓടെ കേരളത്തിൽ സ്റ്റാർട്ട്-അപ്പുകൾക്കായി ഒരു ദശലക്ഷം ചതുരശ്രയടി ഐ.ടി സ്പെയ്സ് ലഭ്യമായിരിക്കുമെന്നു കണക്കാക്കാം.

സ്റ്റാർട്ട്-അപ്പുകളിൽനിന്ന് 20ലക്ഷം രൂപ വരെയുള്ള ഉത്പന്നങ്ങളും സേവനങ്ങളും ഡയറക്ട് പർച്ചേസ് രീതിയിലും 100 ലക്ഷം രൂപ വരെയുള്ള ഉത്പന്നങ്ങളും സേവനങ്ങളും ലിമിറ്റഡ് ടെൻഡർ രീതിയിലും വാങ്ങുന്നതിന് അനുമതി നല്കി സർക്കാരുത്തരവായിട്ടുണ്ട്.

സ്റ്റാർട്ട്-അപ്പുകൾക്കായുള്ള എയ്ഞ്ചൽ ഫണ്ട് ലഭ്യത ഉയർത്തുന്നതിനായി, സമാനതകളില്ലാത്ത ഒരു 'ഫണ്ട് ഓഫ് ഫണ്ട്' സ്കീം നടപ്പിലാക്കി. ഇതുവഴി സർക്കാർ തെരഞ്ഞെടുത്ത നാല് എയ്ഞ്ചൽ ഫണ്ടുകളിൽ നിന്നായി കേരളത്തിലെ സ്റ്റാർട്ട്-അപ്പുകൾക്ക് 1000 കോടിരൂപയുടെ കോർപ്പസ് ഫണ്ട് നിക്ഷേപം ലഭ്യമാക്കാനായിട്ടുണ്ട്.

159 **ഇൻക്യുബേറ്ററുകൾ, വിവിധ കോളെജുകളിലെ ഫാബ്ലാബുകളുമായി ചേർന്ന് ലോകോത്തര ഡിസൈനുകൾ ഉണ്ടാക്കുന്ന ഒരു ഡിസൈൻ സ്റ്റുഡിയോ ആയി കൊല്ലത്തു നിലവിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിനെ വളർത്തിയെടുക്കും.**

കേരളത്തിന്റെ സ്റ്റാർട്ട്-അപ് ഇക്കോസിസ്റ്റത്തിൽ രൂപകല്പനാശേഷിമികവു കൈവരിക്കുന്നതിനായി, 2018 ഡിസംബറിൽ എറണാകുളത്തു വച്ച് ഡിസൈൻ കോൺഫറൻസ് നടത്തി. അതേത്തുടർന്ന് ഡിസൈൻ ഉച്ചകോടിയുടെ ഭാഗമായി, ലോകപ്രശസ്തമായ കോപ്പൻഹേഗൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ററാക്ടീവ് ഡിസൈന-മായി ചേർന്ന് അന്താരാഷ്ട്രശില്പശാലയും നടത്തുകയുണ്ടായി. ഡിസൈൻ ഉച്ചകോടിയിൽ വേൾഡ് ഡിസൈൻ ഓർഗനൈസേഷൻ (WDO) സജീവപങ്കാളിത്തം വഹിച്ചു. തുടർന്ന് WDO കേരളത്തിൽ ഡിസൈൻ അഥവാ രൂപകൽപന അടിസ്ഥാനമാക്കുന്ന മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിനു താത്പര്യം പ്രകടിപ്പിക്കുകയും WDOയുടെ അംഗമായ കമ്പനി കേരള സ്റ്റാർട്ട്-അപ് മിഷനുമായി അതിനുള്ള ധാരണാപത്രം ഒപ്പിടുകയും ചെയ്തു. കളമശേരിയിലെ ഇന്റഗ്രേറ്റഡ് സ്റ്റാർട്ട്-അപ് കോംപ്ലക്സിലാണ് ഈ മികവിന്റെ കേന്ദ്രത്തിനു സ്ഥലം നീക്കിവച്ചിട്ടുള്ളത്. ഇത് ആഗോളനിലവാരത്തിലുള്ള ഒരു ഡിസൈൻ സെന്ററായി വികസിപ്പിക്കുന്നതാണ്.

160 **ഉന്നതനിലവാരമുള്ള വിദ്യാഭ്യാസം ആണ് നൂതനാശയങ്ങളുടെ ആധാരം. ഉന്നതപഠനഗവേഷണകേന്ദ്രങ്ങളെയും പ്രായോഗികവിദ്യാഭ്യാസത്തിനു കൂടുതൽ ഊന്നൽ കൊടുക്കുന്ന പോളിടെക്നിക്ക**

കളെയും എൻജിനീയറിങ് കോളെജുകളെയും സെക്ടർ ഹബ്ബുകളുമായി നേരിട്ടു ബന്ധിപ്പിക്കും.

കൊച്ചിയിലെ ഇന്റഗ്രേറ്റഡ് സ്റ്റാർട്ട്-അപ് കോംപ്ലക്സിൽ ആധുനികസാങ്കേതികവിദ്യകൾ അടിസ്ഥാനമാക്കുന്ന മികവിന്റെ കേന്ദ്രങ്ങൾ (Centres of Excellence) സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നൂതനസാങ്കേതികവിദ്യകളിൽ ഉന്നതനിലവാരത്തിലുള്ള പ്രായോഗിക വിദ്യാഭ്യാസം നല്കാനാകുന്നവിധം എഞ്ചിനീയറിങ് കോളെജുകളേയും പോളിടെക്നിക്കുകളേയും ഈ കേന്ദ്രങ്ങളുമായി കൂട്ടിയിണക്കും.

എല്ലാ എഞ്ചിനീയറിങ് കോളജുകളിലും IEDCകൾ രൂപവത്ക്കരിച്ചു പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. മറ്റു പ്രോഫഷണൽ കോളജുകളിലേക്കും ബിരുദാനന്തരബിരുദ കോഴ്സുകളുള്ള മറ്റെല്ലാ കോളെജുകളിലേക്കും ഇതു വ്യാപിപ്പിക്കുന്നതാണ്. IEDCകൾ വിദ്യാർത്ഥി സ്റ്റാർട്ട്-അപ്കളിൽ രൂപപ്പെടുന്ന നൂതനാശയങ്ങളുടെ ടച്ച് പോയിന്റായും പൊതുവായ സംവിധാനത്തിൽ നവീനാശയങ്ങളുടെ പ്രോത്സാഹനത്തിനുമായാണ് പ്രവൃത്തിക്കുക.

161 **കേരളത്തിലെ ശാസ്ത്രസാങ്കേതിക ഗവേഷണവികസന സ്ഥാപനങ്ങളും സംസ്ഥാന ഐ.റ്റി മിഷനും ടെക്നോപാർക്കുമായി കൈകോർത്തു പ്രവൃത്തിക്കുന്ന ഒരു ഐസിടി ഇന്നൊവേഷൻ സംവിധാനത്തിനു രൂപം നല്കും. കേരളത്തിലെ വിവിധ ഉത്പാദനമേഖലകളിൽ ഐ.സി.റ്റി ഉൾച്ചേർക്കുന്നത് ആയിരിക്കും ഈ ഇന്നവേഷൻ കൂട്ടായ്മയുടെ മുഖ്യലക്ഷ്യം.**

ഗവേഷണസ്ഥാപനങ്ങളേയും ശാസ്ത്ര-സാങ്കേതികവിദ്യാസ്ഥാപനങ്ങളേയും കേരള സ്റ്റാർട്ട്-അപ് മിഷൻ, ടെക്നോ പാർക്കുകൾ, മറ്റ് ഐ.ടി പാർക്കുകൾ എന്നിവയുമായി കൂട്ടിയിണക്കുകയും അതുവഴി ഗവേഷണനേട്ടങ്ങളിലേക്കു നീങ്ങാവുന്ന നൂതനാശയങ്ങളുടെ പരിപോഷണം സാദ്ധ്യമാക്കുകയും ചെയ്യാനാകുന്ന ഓൺലൈൻ നെറ്റ് വർക്കായ റിസർച്ച് ഇന്നൊവേഷൻ നെറ്റ് വർക്ക് കേരള (RINK) വികസിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. ഇത് ഉത്ഘാടനത്തിനും വിന്യസനത്തിനും തയ്യാറാണ്.

എഞ്ചിനീയറിങ് കോളജുകൾ മറ്റൊരു ഓൺലൈൻ നെറ്റ് വർക്കായ സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള (SDPK) വഴിയായി പരസ്പരവും എല്ലാ ഐ.ടി പാർക്കുകളുമായും ബന്ധിപ്പിക്കപ്പെട്ടിട്ടുണ്ട്.

162 **അടുത്തതലമുറ വിജ്ഞാനാധിഷ്ഠിതവ്യവസായങ്ങൾ, ക്ലൗഡ് കമ്പ്യൂട്ടിങ്, ഇന്റർനെറ്റ് ഓഫ് തിങ്സ്, ബയോ ഇൻഫൊമാറ്റിക്സ്, കൊഗ്നിറ്റിവ് കമ്പ്യൂട്ടിംഗ് എന്നിവയിൽ ഊന്നിയുള്ള ടെക്നോളജി ഹബ്ബുകൾ സ്ഥാപിക്കും. അതതു സെക്ടർ ഹബ്ബുകളിൽ ഉപയോഗിക്കുന്ന ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉത്പാദനം, അനുബന്ധചെറുകിടകേന്ദ്രങ്ങളിൽ നടത്തും.**

ഡിജിറ്റൽ ഫാബ്രിക്കേഷൻ, AR / VR-ഉം ഗെയിമിങ്ങും, ബ്ലോക്ക് ചെയിൻ, 5G കമ്മ്യൂണിക്കേഷൻ, കമ്പ്യൂട്ടർ എയ്ഡഡ് മെഷീനിങ്, മെഡിക്കൽ AI തുടങ്ങിയ വിഷയങ്ങളിലുള്ള മികവിന്റെ കേന്ദ്രങ്ങൾ (Centres of Excellence) മുൻനിരസ്ഥാപനങ്ങളായ MIT, യൂണിറ്റി, ഇന്റൽ, തേജസ് നെറ്റ് വർക്ക്സ്, അൾട്ടയർ, യൂണിവേഴ്സിറ്റി ഓഫ് ഇല്ലിനോയിസ് എന്നിവയുമായി ചേർന്ന് സ്ഥാപിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. അടുത്ത വർഷം, വൈജ്ഞാനികസമ്പദ് വ്യവസ്ഥയുടെ ഭാവിവികസനമേഖലകളായ ഇലക്ട്രിക് മൊബിലിറ്റി, സ്പെയ്സ് ആപ്ലിക്കേഷൻ എന്നീ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ രൂപവത്ക്കരിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വൈജ്ഞാനികവെർട്ടിക്കലുകളെ നയിക്കാനാകുന്ന ക്രോസ് ഫങ്ഷണൽ ടീമുകൾ രൂപവത്ക്കരിക്കാനും ധാരണയായിട്ടുണ്ട്.

163 **a. ഗുരുതരമായ മനുഷ്യവിഭവദൗർലഭ്യം ഐടി മേഖല നേരിടുന്നുണ്ട്. ഇതു പരിഹരിക്കാൻ എൻജിനീയറിങ് കോളെജുകൾ, പോളിടെക്നിക്കുകൾ, ഇതര സാങ്കേതികസ്ഥാപനങ്ങൾ എന്നിവ കേന്ദ്രമാക്കി പദ്ധതികൾ ആവിഷ്കരിക്കും. സോഫ്റ്റ്വെയർ എൻജിനീയറിങ്, ആർക്കിടെക്ചർ, ടെസ്റ്റിംഗ്, ക്വാളിറ്റി എന്നിവയിൽ കഴിവുകൾ വികസിപ്പിക്കാനുതകുന്ന സ്കിൽ അക്കാദമികൾ സ്ഥാപിക്കും.**

കേരളത്തിലെ 150 സ്ഥാപനങ്ങളെ ടെലി പ്രസൻസ് ക്ലാസ് റൂമിലൂടെ പരസ്പരം ബന്ധിപ്പിച്ച് ഡിജിറ്റൽ നൈപുണ്യവികസന ഉള്ളടക്കം എത്തിക്കുന്നതിലൂടെ വിദ്യാർത്ഥികളുടെ തൊഴിൽ ഉപയോഗ്യതാ നിപുണത വർദ്ധിപ്പിക്കാൻ പര്യാപ്തമായ സ്കിൽ ഡെലിവറി പ്ലാറ്റ്ഫോംകേരള(SDPK)പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. നിലവിൽ 25 ക്ലാസ് റൂമുകളാണ് ഈ പ്ലാറ്റ് ഫോമിലുള്ളത്. 2019 ജൂൺ മാസത്തോടെ ഇത് ഏകദേശം 85 ആയി ഉയരും.

b. ഐ.ഐ.ഐ.റ്റി.എം.കെ.യെ ഉന്നതഗവേഷണസ്ഥാപനമായി പരിവർത്തിപ്പിക്കും.

ICT അക്കാഡമിയുമായി ചേർന്നും K-DISCന്റെ സഹായത്തോടെയും പുതുതലമുറ സാങ്കേതികവിദ്യയായ ബ്ലോക്ക് ചെയിനിൽ 20,000 പേർക്കു പരിശീലനം നല്കാനുള്ള വളരെ ആശാവഹമായ പരിപാടി IIITMK ആരംഭിച്ചിട്ടുണ്ട്. IIITMK യെ ഡിജിറ്റൽ സയൻസ് വിഷയത്തിന് ഊന്നൽ കൊടുക്കുന്ന സർവ്വകലാശാലയാക്കി മാറ്റുന്നതിനുള്ള തീരുമാനം ഗവർണർ 2018-ൽ നിയമസഭയെ അഭിസംബോധന ചെയ്യുമ്പോൾ പ്രഖ്യാപിച്ചിട്ടുണ്ട്.

164 **ചിപ്പ് ഉൾപ്പെടെയുള്ള ഐറ്റി ഹാർഡ്‌വെയർ നിർമ്മാണത്തിനു സംവിധാനങ്ങളുണ്ടാക്കണം. അവികസിത ജില്ലകളായ മലപ്പുറം, പാലക്കാട്, കാസർഗോഡ് തുടങ്ങിയ ഇടങ്ങൾ കേന്ദ്രമാക്കി ഇതുചെയ്യാനാകും. ഇന്ത്യയെ ഇലക്ട്രോണിക് സിസ്റ്റംസ് & ഡിസൈൻ മാനുഫാക്ചറിങ് വ്യവസായത്തിന്റെ ആഗോളഹബ്ബാക്കി മാറ്റാനുള്ള ശ്രമങ്ങളുടെ പശ്ചാത്തലത്തിൽ ഇതിനു പ്രത്യേക കേന്ദ്രഫണ്ടുകൾ കണ്ടെത്താനാകും.**

ഒറിജിനൽ ഡിസൈൻ മാനുഫാക്ചറിങ് വിഭാഗത്തിൽപെടുന്ന ലാപ് ടോപ്പുകളും സർവ്വറുകളും പ്രാദേശികമായി ഉത്പാദിപ്പിക്കാനാകുന്ന കേരളത്തിന്റെ സ്വന്തമായ "കോക്കോണിക്സ്" ഉത്പാദനസംവിധാനം സ്ഥാപിച്ചു പ്രവർത്തനക്ഷമമാക്കി. കെൽട്രോണിന്റെ മൺവിളയിലുള്ള പൂട്ടിപ്പോയ ഫാക്ടറി സ്ഥലവും സൗകര്യങ്ങളും പുനരുജ്ജീവിപ്പിച്ചുകൊണ്ടാണ് ഇതിനായി ഉപയോഗപ്പെടുത്തിയിട്ടുള്ളത്.

മലപ്പുറം ജില്ലയിൽ കാലിക്കട്ട് സർവ്വകലാശാലയുടെ സ്ഥലത്ത് ഒരു ഫാബ് ലാബ് സ്ഥാപിക്കാനും പാലക്കാട് സർക്കാർ പോളിടെക്നിക് കോളജിൽ ഫാബ് ലാബും ഇൻകുബേഷൻ സെന്ററും സ്ഥാപിക്കാനും നടപടിയായിട്ടുണ്ട്. വയനാടു ജില്ലയിൽ അടുത്തവർഷം സമാനമായ പ്രവർത്തനങ്ങൾ സ്വീകരിക്കും.

165 **സർക്കാർമുൻകൈയ്യിൽ ബി.ടു.ബി രംഗത്ത് ഇകോമേഴ്സ് സംരംഭങ്ങൾ തുടങ്ങിയ ചെറുകിടഉത്പാദകരുടെ ചരക്കുകൾ കൂടുതൽ ചലനാത്മകമാക്കും. അവർക്കു പുതിയ വിപണികൾ തുറന്നു കൊടുക്കണം. ഇതിനായി ബി.റ്റു.ബി. മേളകളെ ഉപയോഗപ്പെടുത്തും.**

ചെറുകിട ഉത്പാദകരുടെ ചരക്കുകൾക്ക് വിപണിലഭ്യത വിപുലമാക്കാൻ സഹായകമായ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ സ്റ്റാർട്ട്-അപ്പുകൾ വഴിയായി ലഭ്യമാക്കിയിട്ടുണ്ട്. ബി-ടു-ബി മേഖലയിൽ പ്രവൃത്തിക്കുന്ന സർക്കാർ ഏജൻസികൾക്ക് ഈ സ്റ്റാർട്ട്-അപ്പുകളുടെ സേവനം ഉപയോഗപ്പെടുത്താം. ഇതിനു പുറമേ വിവിധ സർക്കാർ ഏജൻസികൾക്ക് ഇത്തരത്തിലുള്ള ഐടി ആവശ്യങ്ങൾ മുന്നോട്ടു വയ്ക്കുന്നതിന് 'ഡിമാൻഡ് ഡേ' എന്ന വേദിയൊരുക്കുകയും സ്റ്റാർട്ട്-അപ്പുകൾ വികസിപ്പിച്ച നല്കുന്ന ഐടി സങ്കേതങ്ങൾ നടപടിക്രമങ്ങളിലെ നൂലാമാലകളൊഴിവാക്കി വാങ്ങാൻ സഹായകമായ സർക്കാരുത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കുടുംബശ്രീ അവരുടെ ഉത്പന്നങ്ങളുടെ വിപണനത്തിന് ഓൺലൈൻ പ്ലാറ്റ്ഫോം നടപ്പിലാക്കിക്കഴിഞ്ഞു.

166 **ഊർജ്ജസംരക്ഷണത്തിൽനിന്നുള്ള ലാഭം ഉപയോഗിച്ച് വരുമാനവും മൂലധനവും കണ്ടെത്തുന്ന എനർജി സർവ്വീസ് കമ്പനികളുടെ മാതൃകയിൽ കാര്യക്ഷമതാവർദ്ധിനവിൽനിന്നുള്ള മൂല്യസൃഷ്ടി ലക്ഷ്യമിടുന്ന ബിസിനസ് പ്രോസസ് മാനേജ്മെന്റ് കമ്പനികൾ രൂപവത്ക്കരിക്കും. കെ.എഫ്.സി, കെ.എസ്.ഐ.ഡി.സി തുടങ്ങിയ സ്ഥാപനങ്ങൾ ഈ കമ്പനികൾക്ക് ധനസഹായം നിൽകണം.**

നടപടിയായിട്ടില്ല.

167 **നെറ്റ് ന്യൂട്രാലിറ്റിക്കുവേണ്ടി നിലപാടെടുക്കും. സൈബർ ക്രൈം തടയും. അക്ഷയകേന്ദ്രങ്ങൾ ശക്തിപ്പെടുത്തും. ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയറി (ഐസിഫോസ്-ICFOSS)നെ പൊതുകമ്മ്യൂണിറ്റി ഉടമസ്ഥതയിൽ നിലനിറുത്തിക്കൊണ്ട് പ്രവർത്തനം വിപുലമാക്കാൻ കേരളത്തിലുടനീളം സ്റ്റുഡന്റ് ചാപ്റ്ററുകൾക്കു രൂപം നല്കും. ഓപ്പൺ സോഴ്സ് ആപ്ലിക്കേഷനുകളുടെ വികസനം, പരിശീലനം എന്നിവയ്ക്ക് സംസ്ഥാനതലത്തിൽ നേതൃത്വം നല്കാൻ ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയറിനു കഴിയുന്നവിധം സജ്ജമാക്കും.**

നെറ്റ് ന്യൂട്രാലിറ്റിയെ പിന്തുണയ്ക്കുന്ന സമീപനം സ്വീകരിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ പുനരുജ്ജീവിപ്പിച്ചു. വിവിധ സർക്കാർസേവനങ്ങൾക്കുള്ള നിരക്കുകൾ നിശ്ചയിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അക്ഷയ നടത്തിപ്പുകാർക്കായി കസ്റ്റമർ മാനേജ്മെന്റ് പരിശീലനവും ഗ്രഡ് വിൽ കാമ്പെയിനും ഉടനെ ആരംഭിക്കുന്നതാണ്.

ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയറി (ICFOSS) ന്റെ പ്രവർത്തനത്തിൽ പൊതുപങ്കാളിത്തം ഉറപ്പാക്കി. ഓപ്പൺ സോഫ്റ്റ്വെയറിലും ഹാർഡ് വെയറിലും FOSS ഇൻകുബേഷനിലും പരിശീലനത്തിലും പ്രായോഗികപ്രവർത്തനവും ഗവേഷണവികസനവും നടത്താനാകുന്ന ഗവേഷണകേന്ദ്രമായി ICFOSSനെ വികസിപ്പിക്കാനായിട്ടുണ്ട്.

FOSS സമൂഹത്തിൽ ലിംഗസമത്വം ഉറപ്പാക്കുന്നതിനായി വിമൻ ഹാക്കത്തോൺ സംരംഭം ICFOSS നടപ്പാക്കിയിട്ടുണ്ട്. 2018-19 വർഷത്തിൽ കേരളത്തിലെ 17 കോളെജുകളിൽനിന്നായി 504 വിദ്യാർത്ഥിനികളാണ് ഇതിൽ പങ്കാളികളായത്. അതിന്റെ തുടർപ്രവർത്തനമായി ICFOSS കേന്ദ്രമായി സഹവാസക്യാമ്പു നടത്താനുമായി.

168 **ടെക്നോലോഡ്ജിന്റെ പ്രവർത്തനം ഉദ്ദേശിച്ചരിതിയിൽ ഒരിടത്തും എത്തിയിട്ടില്ല. എന്നാൽ ഇത് ഈ ആശയത്തിന്റെ പ്രശ്നമല്ല. അവ നടപ്പിലാക്കിയതിൽ വന്ന പാളിച്ചയാണ്. ഇതു തിരുത്താൻ**

നടപടി വേണം. ടെക്നോലോഡ്ജിൽ മുതൽ മുടക്കാൻ വിദേശമലയാളികളെ പ്രോത്സാഹിപ്പിക്കും.

സ്റ്റാർട്ട്-അപ് സംരംഭങ്ങളുടെ പ്രോത്സാഹനത്തിനായി ടെക്നോ ലോഡ്ജുകൾ കേരള സ്റ്റാർട്ട്-അപ് മിഷനു കീഴിലാക്കി.

169 **മൊബൈൽ സ്മാർട്ട് ഫോൺ അധിഷ്ഠിതമായ സേവനങ്ങൾ സാധാരണജനങ്ങളെ ലക്ഷ്യമിട്ടു വികസിപ്പിക്കും. ഇതിനു സഹായകരമായ രീതിയിൽ ഒരു വീട്ടിൽ ഒരു സ്ത്രീക്ക് സ്മാർട്ട് ഫോൺ സൗജന്യനിരക്കിൽ നല്കും.**

ആരംഭിച്ചിട്ടില്ല.

170 **സമൂഹത്തിൽ സാർവ്വത്രികമായ ഐടി സാക്ഷരത വികസിപ്പിക്കാൻ സുപ്രധാന പങ്കുവഹിച്ച അക്ഷയകേന്ദ്രങ്ങൾക്കു സർക്കാരിന്റെ ഇ-ഗവേണൻസ് സംവിധാനത്തിൽ പുതിയ ഉത്തരവാദിത്തങ്ങൾ നല്കും.**

അക്ഷയ കേന്ദ്രങ്ങളുടെ പങ്കാളിത്തത്തോടെ ഡിജിറ്റൽ എംപവർമെന്റ് കാമ്പെയ്ൻ എന്ന വിപുലമായ ഡിജിറ്റൽ സാക്ഷരതാപരിപാടി ആസൂത്രണ ഘട്ടത്തിലാണ്. അക്ഷയ സംരംഭകർക്കായി 2650 ടാബ്ലെകൾ വിതരണത്തിനു തയ്യാറായിട്ടുണ്ട്. ഇവ ആധാർ എൻറോൾമെന്റിനും ഡിജിറ്റൽ സാക്ഷരതാ കാമ്പെയിനിനും ഉപയോഗിക്കപ്പെടും. സ്കൂൾവിദ്യാർത്ഥികളുടെ എൻറോൾമെന്റ് കാമ്പെയിൻ ഏകോപനവും അക്ഷയ കേന്ദ്രങ്ങൾ വഴിയായിരിക്കും നിർവ്വഹിക്കപ്പെടുക.

171 **പൊതുഭരണത്തിൽ സ്വതന്ത്രസോഫ്റ്റ്വെയർ ഉപയോഗിക്കണമെന്ന് 2007ലെ ഐടി നയം നിർദ്ദേശിച്ചിരുന്നെങ്കിലും അതു പൂർണ്ണമായും നടപ്പിൽ വന്നിട്ടില്ല. ഇതു പരിഹരിക്കാൻ ഭരണ, ഉദ്യോഗസ്ഥ സംവിധാനങ്ങളിൽ ബോധവത്ക്കരണം വേണം. ഉദ്യോഗസ്ഥർക്ക് മാറിമാറിവരുന്ന സാങ്കേതികവിദ്യകളെക്കുറിച്ചു കാലികമായ അറിവും പരിശീലനവും നല്കാൻ പരിപാടിയുണ്ടാകണം. ചെറുകിട, ഇടത്തരം വ്യവസായമേഖലയിൽ ഐടി ഉപയോഗം വ്യാപിപ്പിക്കാൻ ഓപ്പൺ സോഴ്സ് അധിഷ്ഠിതമായ ആപ്ലിക്കേഷനുകൾ പ്രോത്സാഹിപ്പിക്കും.**

ഫ്രീ സോഫ്റ്റ് വെയർ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ ജീവനക്കാർക്ക് വിപുലമായ പരിശീലന പരിപാടികൾ നടത്തി. SMEകൾക്കായി ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയറിലുള്ള ആപ്ലിക്കേഷനുകൾ വികസിപ്പിക്കുകയും (ഉദാ: GNU Khata, OODO - ICFOSS തയ്യാറാക്കിയ GST മോഡ്യൂൾ) അതവർക്കു പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്നു.

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും, എല്ലാ കളക്ടറേറ്റുകളിലും 15 സബ് കളക്ടറേറ്റുകളിലും രണ്ടു താലൂക്കുകളിലും മറ്റ് 52 സ്ഥാപനങ്ങളിലും ഇ-ഓഫീസ് ഫയൽ സംവിധാനം നടപ്പാക്കിക്കഴിഞ്ഞു.

വിവിധ സർക്കാർസേവനങ്ങളെ സമന്വയിപ്പിക്കുന്ന എം-കേരളം മൊബൈൽ ഗവേണൻസ് ആപ്പിൽ നിലവിൽ 42000 രജിസ്റ്റേർഡ് ഉപയോക്താക്കളും 76 ഓൺ ലൈൻ ട്രാൻസാക്ഷണൽ സേവനങ്ങളുമുണ്ട്. സ്റ്റേറ്റ് പോർട്ടലിൽ നിലവിൽ 60,000 രജിസ്റ്റേർഡ് ഉപയോക്താക്കളും 60 ഓൺ ലൈൻ ട്രാൻസാക്ഷണൽ സേവനങ്ങളുമുണ്ട്.

172 **കണക്ടിവിറ്റിച്ചെലവ് ഇന്നു ചെറുകിടസ്ഥാപനങ്ങൾക്കു താങ്ങാനാവാത്തതാണ്. ചുരുങ്ങിയ ചെലവിൽ നെറ്റ്കണക്ടിവിറ്റി ലഭ്യമാക്കാൻ പരിപാടി തയ്യാറാക്കും. തടസ്സമില്ലാത്ത വൈദ്യുതിക്ക് സൗരോർജ്ജസാദ്ധ്യതകൾ ഉപയോഗപ്പെടുത്താം. അതിനുള്ള വായ്പയോ സർക്കാർ സഹായമോ ലഭ്യമാക്കും.**

BEL, റെയിൽടെൽ എന്നിവരുടെ നേതൃത്വത്തിലുള്ള കൺസോർഷ്യത്തിലൂടെ KFON പ്രോജക്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

173 **മാനുഷികവിഭവശേഷിയുടെ വികസനം സ്വതന്ത്രവിജ്ഞാനാധിഷ്ഠിതമാകണം. പാഠ്യക്രമങ്ങൾ അതിനനുസൃതമായിരിക്കണം. ഐടി@സ്കൂൾ പദ്ധതിക്കു സമാനമായി സാങ്കേതിക, മെഡിക്കൽ വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസരംഗത്തും അക്കാദമികതലത്തിലും ഭരണതലത്തിലും ഐസിടി ഉപയോഗം വ്യാപിപ്പിക്കാൻ പദ്ധതി ആവിഷ്കരിക്കും.**

പദ്ധതി ആവിഷ്ക്കരിച്ചുവരുന്നു.

174 **സ്റ്റേറ്റ് ഡാറ്റാ സെന്ററിനെ കൂടുതൽ സുരക്ഷിതത്വവും ശേഷിയുള്ളതുമാക്കി മാറ്റും. എല്ലാ സർക്കാർ സ്ഥാപനങ്ങളുടെയും വിവരശേഖരം ഡാറ്റാ സെന്ററുമായി ബന്ധിപ്പിക്കും.**

സ്റ്റേറ്റ് ഡേറ്റാ സെന്ററിനെ ആഗോളനിലവാരത്തിലുള്ള സേവനം തടസ്സം കൂടാതെ ലഭ്യമാക്കാൻ കഴിയുന്ന രീതിയിൽ ശക്തിപ്പെടുത്തുകയും സുരക്ഷാസംവിധാനങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഡേറ്റാ സെന്ററിന്റെ SAN സ്റ്റോറേജ് ശേഷി 228TB ആയും കമ്പ്യൂട്ട് കപ്പാസിറ്റി 24 TB മെമ്മറിയോടെ 2560 കോർ ആയും ഉയർത്താനായിട്ടുണ്ട്. റിഡൻഡന്റ് വെബ് ആപ്ലിക്കേഷൻ ഫയർവോൾ, ആഗോള നേതൃന്നിരയിലുള്ള എന്റർപ്രൈസ് സെക്യൂരിറ്റി സൊല്യൂഷൻ തുടങ്ങിയ സുരക്ഷാസംവിധാനങ്ങളും നടപ്പാക്കിയിട്ടുണ്ട്. വിവരശേഖരണ-വിവരപരിപാലനദൗത്യങ്ങളുള്ള എല്ലാ പ്രധാന വകുപ്പുക

ളും നിലവിൽ വിവരസൂക്ഷിപ്പിനും വെബ്സൈറ്റുകൾ ഹോസ്റ്റു ചെയ്യുന്നതിനും സ്റ്റേറ്റ് ഡേറ്റാ സെന്ററിന്റെ സൗകര്യങ്ങളാണ് ഉപയോഗിക്കുന്നത്.

വരുന്ന രണ്ടു വർഷങ്ങൾക്കുള്ളിൽ ചേർത്തല ഇൻഫോ പാർക്ക് ഒരു ഡേറ്റാ സെന്റർ ഹബ്ബായി വികസിപ്പിക്കപ്പെടും. ക്ലൗഡ്, കണ്ടന്റ്, വൻകിടസംരംഭകർ എന്നിവയിൽ ഡേറ്റാ സെന്റർ പ്ലാറ്റ്ഫോം നടത്തുന്ന റാക്ബാങ്ക് എന്ന മുൻനിരസ്ഥാപനം കേരളത്തിൽ എന്റർപ്രൈസ് ഇൻഫ്രാസ്ട്രക്ചർ ഹോസ്റ്റ് ചെയ്യുന്ന ഡേറ്റാ സെന്ററുകൾ സ്ഥാപിക്കുന്നതിനു മുന്നോട്ടു വന്നിട്ടുണ്ട്. അടുത്ത എട്ടു വർഷം കൊണ്ട് 1000 കോടി രൂപയുടെ നിക്ഷേപമാണ് ഇതുവഴി കേരളത്തിലെത്തുക.

ജൈവസാങ്കേതികവിദ്യാവ്യവസായം

175 **കേരളാ ബയോടെക്നോളജി കമ്മിഷൻ പുറത്തിറക്കിയ സംസ്ഥാന ബയോടെക്നോളജി നയം ലക്ഷ്യമിടുന്നത് സംസ്ഥാനത്തു ലഭ്യമായ ജൈവവിഭവങ്ങളും ഉയർന്ന മാനവശേഷിയും ഉപയോഗപ്പെടുത്തി ആഗോളതലത്തിലുള്ള ബയോടെക്നോളജി ഉൽപന്നങ്ങളുടെ ആവശ്യം നിറവേറ്റുന്നതോടൊപ്പം കേരളത്തെ വികസനത്തിന്റെ പാതയിലെത്തിക്കാൻ ബയോടെക്നോളജി ഉപയോഗപ്പെടുത്തുക എന്നുള്ളതാണ്. ഇതിന്റെയൊപ്പംതന്നെ സംസ്ഥാനത്തിന്റെ ബയോടെക് നയം ലോകോത്തര ബയോടെക്നോളജി ഗവേഷണവികസനസ്ഥാപനങ്ങൾ തുടങ്ങുന്നതിനും നിലവിലുള്ളവ നവീകരിക്കാനും സ്വകാര്യപങ്കാളിത്തത്തോടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുമൊക്കെ ലക്ഷ്യമിടുന്നുണ്ട്. ബയോടെക്നോളജി പാർക്കുകൾ രൂപവത്ക്കരിക്കും.**

സംസ്ഥാന ജൈവസാങ്കേതികവിദ്യാബോർഡിന്റെയും കമ്മിഷന്റെയും നേതൃത്വത്തിൽ സംസ്ഥാനത്ത് ലഭ്യമായ ജൈവവിഭവങ്ങളെ ഉപയോഗപ്പെടുത്തി ജൈവസാങ്കേതികവിദ്യാവികാസത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ പ്രവർത്തനങ്ങൾ തുടർന്നുവരുന്നു. ഗവേഷണവികസനത്തിനായി യുവാക്കളായ ഗവേഷകർക്ക് Young Investigators Programmme in Biotechnology (YIPB) പദ്ധതിയും പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പും ഗ്രാമീണവിഭവവികസനത്തിനായി Biotechnology Innovations for Rural Development (BIRD) പദ്ധതിയും ഈ വർഷവും നടപ്പിലാക്കി. യുവജനങ്ങളെ ജൈവസാങ്കേതികവിദ്യയിലധിഷ്ഠിതമായ വാണിജ്യസംരംഭങ്ങളിൽ ആകൃഷ്ടരാക്കാൻ സമ്മേളനങ്ങൾ സംഘടിപ്പിച്ചു.

വിദ്യാർത്ഥികളിലും യുവജനങ്ങളിലും ജൈവസാങ്കേതികവിദ്യകളുടെ വ്യാപനത്തിനായി ബയോടെക്നോളജി ലെക്ചർ സീരീസ് സംഘടിപ്പിച്ചു. പ്രസ്തുത വിഷയത്തിൽ സിംഗപ്പൂരിലെ ഡ്യൂക് മെഡിക്കൽ സ്കൂളിലെ ഡോ. സോമൻ എബ്രഹാമും, നാഷ്ണൽ യൂണിവേഴ്സിറ്റി ഓഫ് സിംഗപ്പൂരിലെ ഡോ. ആഷ്ലിയും മീററ്റ് യൂണിവേഴ്സിറ്റിയിലെ ഡോ. ഡി.കെ. ഉപ്തയും വിഷയങ്ങൾ അവതരിപ്പിച്ചു.

സംരഭകർക്കായി നടത്തിയ സമ്മേളനത്തിൽ 61 ബയോടെക് ഇൻഡസ്ട്രികൾ പങ്കെടുത്തു. പ്രസ്തുത സമ്മേളനത്തിലൂടെ ഡോ. ജഗ്ഗു ജയിംസിന്റെ നേതൃത്വത്തിൽ ഹൈദരാബാദിലുള്ള സാമിയൻ ബയോസയൻസസും സിംഗപ്പൂരിലുള്ള എടിറ്റ്എക്സ്സും സംസ്ഥാനത്ത് സംരഭങ്ങൾ ആരംഭിക്കുന്നതിനുള്ള സന്നദ്ധത അറിയിച്ചു. സംരഭകർക്കായുള്ള സമ്മേളന ഡോ. എം.ഡി. നായറും, ഡോ. സി.എൻ. രാംചന്ദും നേതൃത്വം നല്കി.

വൈറസ് മൂലമുണ്ടാകുന്ന രോഗങ്ങളുടെ ആധിക്യവും കഴിഞ്ഞ, കുറേ നാളുകളായി സംസ്ഥാനത്ത് പടർന്നുപിടിച്ചിരുന്ന H1N1, ഡെങ്ഗു, ചിക്കൻ ഗുനിയ തുടങ്ങിയ സാംക്രമിക രോഗങ്ങളും, നിപ്പ പോലുള്ള മാരകശേഷിയുള്ള വൈറസ് രോഗവും ഇനി ഒരു പക്ഷേ മാറിമറിയുന്ന കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട് ഉണ്ടാകാനിടയുണ്ടെന്ന് ശാസ്ത്രജ്ഞർ പ്രവചിച്ചിരിക്കുന്ന മറ്റു വൈറസ് രോഗഹേതുക്കളേയും തടയുന്നതിനും, നിർമ്മാജ്ജനം ചെയ്യുന്നതിനും നിയന്ത്രണവിധേയമാക്കുന്നതിനും വേണ്ടി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് വൈറോളജി തിരുവനന്തപുരത്ത് തോന്നക്കൽ ലൈഫ് സയൻസസ് പാർക്കിൽ ഉദ്ഘാടനം ചെയ്തു. പ്രവർത്തനസജ്ജമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാനശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

176 **പതിറ്റാണ്ടുകളായി കേരളത്തിൽനിന്നു കയറും കശുവണ്ടിയും സുഗന്ധവ്യഞ്ജനങ്ങളും മത്സ്യോത്പന്നങ്ങളും പഴം, പച്ചക്കറി ഉത്പന്നങ്ങളും കയറ്റിയയ്ക്കുന്നുണ്ട്. എന്നാൽ ഈ രംഗത്ത് ആഗോളതലത്തിലുള്ള മത്സരം നേരിടാൻ നമ്മുടെ ഉത്പന്നങ്ങളുടെ ഗുണമേന്മ ബയോടെക്നോളജി ഉൾപ്പെടെയുള്ള നൂതനസാങ്കേതികവിദ്യകൾ ഉപയോഗിച്ച് വർദ്ധിപ്പിക്കും.**

പുതിയ സാങ്കേതികവിദ്യകളെക്കൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് പരമ്പരാഗതമേഖലകളെ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ഇടപെടലുകൾ സർക്കാർ നടത്തിയിട്ടുണ്ട്. സമഗ്രസാങ്കേതികവിജ്ഞാനം വ്യവസായികൾക്കിടയിൽ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ഉണ്ടാക്കിയിട്ടു

ള്ളതാണ് കയർമേള. മത്സ്യമേഖലയിൽ ഫിഷിംഗ് പ്രോസസിംഗിനുള്ള ഇടപെടലും ഇത്തരത്തിൽ നടത്തിയിട്ടുണ്ട്. പഴം, പച്ചക്കറി ഉത്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കാ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ടിഷ്യു കൾച്ചറിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി തെങ്ങിൻ തൈകളുൾപ്പെടെ നിർമ്മിക്കുന്നതിനുള്ള പദ്ധതികളും മുന്നോട്ടുവച്ചിട്ടുണ്ട്. തൃശ്ശൂരിൽ ആദ്യ അഗ്രോപാർക്ക് നിർമ്മിച്ചു.

177 **കേരളത്തിൽനിന്ന് ഇറങ്ങുന്ന ആയുർവ്വേദൗഷധങ്ങൾക്ക് അന്തർദ്ദേശീയ കമ്പോളത്തിലേക്ക് കടക്കാൻ കഴിയുന്നില്ല. ഇതിനു പ്രധാനകാരണം ആയുർവ്വേദൗഷധക്കൂട്ടുകളുടെ ഗുണനിലവാരത്തെയും ഉള്ളടക്കത്തെയും സംബന്ധിച്ച് വിദേശരാജ്യങ്ങൾക്കുള്ള സംശയങ്ങളാണ്. നിയന്ത്രിത ഫെർമന്റേഷനും മറ്റ് സങ്കേതങ്ങളും ഉപയോഗപ്പെടുത്തി ഈ രംഗത്ത് ഗുണനിലവാരം ഉറപ്പുവരുത്താൻ കഴിയും. ഉത്പന്നങ്ങളെ ശാസ്ത്രീയമായി അപഗ്രഥിച്ച് സജീവമൂലകങ്ങളെ തിരിച്ചറിഞ്ഞ് ഉള്ളടക്കം നിർവ്വചിക്കുന്നതോടെ ആയുർവ്വേദൗഷധങ്ങൾക്ക് അന്തർദ്ദേശീയവിപണി നേടാനാകും.**

ആയുർവ്വേദൗഷധക്കൂട്ടുകളുടെ ഗുണനിലവാരം ശാസ്ത്രീയമായി ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇക്കാര്യത്തിൽ സഹായകമാവുന്ന വിധത്തിലുള്ള ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവ്വേദ സ്ഥാപിക്കാനുള്ള നടപടി നടക്കുന്നു. വിവിധ ആയുഷ് വിഭാഗങ്ങളെ ഏകോപിപ്പിച്ച് അന്തർദേശീയ ആയുഷ് കോൺക്ലേവ് തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. ആയുർവ്വേദം ഇന്റർനാഷണൽ ആയുഷ് കോൺക്ലേവിന്റെ ആദ്യപതിപ്പ് 2018 സെപ്തംബറിൽ കൊച്ചിയിലും സംഘടിപ്പിച്ചിരുന്നു.

178 **ടിഷ്യൂകൾച്ചർ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഗുണമേന്മയുള്ള ഔഷധസസ്യങ്ങളുടെ കൃത്രിമപ്രജനനം സാദ്ധ്യമാക്കിക്കൊണ്ട് ഈ രംഗത്ത് വ്യവസായവികസനത്തിനും ഒപ്പംതന്നെ ജൈവവൈവിദ്ധ്യസംരക്ഷണത്തിനുമുള്ള സാദ്ധ്യത തെളിയിക്കാനാകും. അലങ്കാരസസ്യങ്ങളും നാണ്യവിളകളുമൊക്കെത്തന്നെ ഇത്തരത്തിൽ പ്രജനനം നടത്താമെന്നുള്ളത് കേരളത്തിലെ കർഷകർക്ക് കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള തൈകൾ ലഭ്യമാക്കാൻസഹായിക്കും.**

ടിഷ്യൂകൾച്ചർ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി വികസിപ്പിച്ചെടുക്കുന്ന വാഴ, അലങ്കാരസസ്യങ്ങളായ ഓർക്കിഡുകൾ, ഔഷധസസ്യങ്ങൾ മുതലായവയുടെ 15 ലക്ഷം തൈകൾ ഉത്പാദിപ്പിച്ചിട്ടുണ്ട്. ഇവയുടെ ലാബുകളുടെ നവീകരണത്തിനും പ്രത്യേകശ്രദ്ധ നല്കിയിട്ടുണ്ട്. ഇതിലൂടെ ഉത്പാദനം 50 ലക്ഷമാക്കി വർദ്ധിപ്പിക്കാനാണ് ശ്രമിക്കുന്നത്.

179 **ജീനോമിക്സ്/പ്രോട്ടിയോമിക്സ് സാങ്കേതികവിദ്യകളിലൂടെ രോഗങ്ങൾ തടയാനോ മുൻകൂട്ടി കണ്ടെത്താനോ ഉള്ള ഉത്പന്നങ്ങൾ വികസിപ്പിക്കാൻ കഴിയും. കേരളത്തിലെ ബയോടെക്നോളജിയധിഷ്ഠിത ഔഷധനിർമ്മാണരംഗത്ത് ഇത്തരം സംരംഭങ്ങൾക്കുള്ള ഉയർന്ന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തും.**

നടപടി കൈക്കൊണ്ടിട്ടില്ല.

180 **ഐ.ടിയും ബയോടെക്നോളജിയും കൈകോർത്തു മുന്നേറുന്ന പുത്തൻ സാങ്കേതികവിദ്യയാണ് ബയോഇൻഫോമാറ്റിക്സ്. ഈ രംഗത്തു ഗവേഷണസ്ഥാപനങ്ങളും മറ്റും ആരംഭിച്ച് പുറംജോലിക്കരാർ ഉൾപ്പെടെ കേരളത്തിനു ലഭിക്കാവുന്ന അവസരങ്ങൾ അനവധിയാണ്. അവ ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കും.**

നടപടി എടുത്തിട്ടില്ല.

നാനോ സാങ്കേതികവിദ്യ

181 **സർവ്വകലാശാലകളിൽ നാനോ സാങ്കേതികവിദ്യയ്ക്ക് പ്രത്യേകവകുപ്പുകളും ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്ഥാപിക്കുകയും നിലവിലുള്ളവയുടെ പ്രവർത്തനം വിപുലീകരിക്കുകയും ചെയ്യും. വ്യവസായം ഉൾപ്പെടെ വിവിധ മേഖലകളിൽ നാനോ സാങ്കേതികവിദ്യ ഉപയോഗിച്ച് നവീകരണത്തിനും വിപുലനത്തിനുമുള്ള സാദ്ധ്യതകൾ ഒട്ടേറെയുണ്ട്. അവ പ്രയോജനപ്പെടുത്തുന്നതാണ്. അതിനായി തൊഴിലധിഷ്ഠിത നാനോസാങ്കേതികവിദ്യാ കോഴ്സുകൾ ആവശ്യാനുസരണം വർദ്ധിപ്പിക്കുകയും ചെയ്യും.**

നാനോ സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ വിലയിരുത്തി കോഴ്സുകളുടെ വിപുലനം ലക്ഷ്യമിട്ടുള്ള പ്രവർത്തനം കേരള, മഹാത്മാഗാന്ധി, കണ്ണൂർ, കാലിക്കറ്റ് യൂണിവേഴ്സിറ്റികളിൽ നടന്നുവരുന്നുണ്ട്.

182 **കേരളത്തിലേക്കുള്ള ടൂറിസ്റ്റുകളുടെ വരവ് 2014-16 കാലത്ത് ഗണ്യമായി മന്ദീഭവിച്ചിട്ടുണ്ട്. ഇതിനുള്ള കാരണങ്ങൾ കണ്ടെത്തി പരിഹരിച്ച് അഞ്ചുവർഷത്തിനുള്ളിൽ കേരളത്തിലേക്കുള്ള വിദേശടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കും. വിദേശടൂറിസ്റ്റുകളുടെ എണ്ണം 12 ലക്ഷത്തിൽനിന്ന് (2016) 24 ലക്ഷമായി അഞ്ചുവർഷംകൊണ്ട് (2021) ഉയർത്തും. ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 1.3 കോടിയിൽനിന്ന് രണ്ടുകോടിയായി ഉയർത്തും.**

പ്രളയം, നിപ പോലുള്ള നിരവധി പ്രതികൂലസാഹചര്യങ്ങൾക്കിടയിലും സംസ്ഥാനത്തേക്കുള്ള വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധന ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2018-ൽ 10,96,407 വിദേശ ടൂറിസ്റ്റുകളും 1,56,04,661 ആഭ്യന്തര ടൂറിസ്റ്റുകളും കേരളം സന്ദർശിച്ചു. മുൻവർഷത്തെ അപേക്ഷിച്ച് വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 0.42 % ഉം ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ 6.34 % ഉം വർദ്ധന ഉണ്ടാക്കാൻ കഴിഞ്ഞു.

183 **ആഗോള വാർഷിക ലിറ്റററി ഫെസ്റ്റിവെൽ, സംഗീതോത്സവം, തിയേറ്റർ ഫെസ്റ്റിവൽ, നാടകോത്സവം എന്നിവ കേരളത്തിൽ സംഘടിപ്പിക്കും.**

ആഗോള വാർഷിക ലിറ്റററി ഫെസ്റ്റിവൽ, തിയേറ്റർ ഫെസ്റ്റിവൽ, നാടകോൽസവം എന്നിവ ടൂറിസം വകുപ്പ് നേരിട്ട് സംഘടിപ്പിക്കുന്നില്ല. എന്നാൽ ഇത്തരം ഫെസ്റ്റിവൽ സംഘടിപ്പിക്കുന്ന വിവിധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും സർക്കാർ ധനസഹായം നല്കിയാണ് ഇത്തരം മേളകൾ സംഘടിപ്പിക്കുന്നത്. എന്നാൽ നിശാഗന്ധി നൃത്തോൽസവത്തിന്റെ മാതൃകയിൽ 2017 മുതൽ അന്താരാഷ്ട്രസംഗീതോൽസവം സംഘടിപ്പിച്ചു വരുന്നു.

184 **a. കേരളത്തിലെ പ്രധാനപ്പെട്ട പൂരങ്ങളുടെയും ഉത്സവങ്ങളുടെയും വാർഷികകലണ്ടർ തയ്യാറാക്കും. ഈ കലണ്ടറിൽ സ്ഥാനം പിടിക്കണമെങ്കിൽ പാലിക്കേണ്ട മാനദണ്ഡങ്ങൾ രൂപപ്പെടുത്തും.**

കേരളത്തിലെ പ്രധാനപ്പെട്ട പൂരങ്ങളുടേയും ഉൽസവങ്ങളുടേയും വാർഷികകലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. ഇതിനായുള്ള മാനദണ്ഡങ്ങൾ തയ്യാറായി വരുന്നു.

b. കേരളത്തിലെ അനുഷ്ഠാനകലകളിൽ പ്രാവിണ്യം നേടിയിട്ടുള്ള കലാകാരർക്ക് അക്രെഡിറ്റേഷൻ നല്കുകയും അവ സംബന്ധിച്ച വിവരങ്ങൾ വെബ്സിൽ ലഭ്യമാക്കുകയും ചെയ്യും. ക്രാഫ്റ്റ് വില്ലേജുകളിൽ ടൂറിസ്റ്റുകളുടെ ഓർഡർ പ്രകാരം ഉത്പന്നങ്ങൾ ലഭ്യമാക്കുന്ന സംവിധാനമുണ്ടാക്കും.

കേരളത്തിലെ നാടൻകലാകാരന്മാർക്ക് അക്രഡിറ്റേഷൻ നല്കുന്ന നടപടി ഫോക് ലോർ അക്കാദമിയാണ് നടപ്പാക്കുന്നത്. ടൂറിസ്റ്റുകളുടെ ഓർഡർ പ്രകാരം ഉൽപന്നങ്ങൾ ലഭ്യമാക്കുന്ന സംവിധാനം ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

185 **മുസിരിസ്, തലശേരി പൈതൃകപദ്ധതികളുടെ തുടർച്ചയായി കേരളത്തിലെ പുരാതന തുറമുഖകേന്ദ്രങ്ങളെയും സുഗന്ധദ്രവ്യങ്ങളുടെ കൃഷികേന്ദ്രങ്ങളായ കാലടി, ആനക്കര തുടങ്ങിയ ഉത്പാദനമേഖലകളെയും പശ്ചിമേഷ്യയിലെയും യൂറോപ്പിലെയും തുറമുഖങ്ങളുമായി ബന്ധപ്പെടുത്തി സിൽക്ക് റൂട്ടിന്റെ മാതൃകയിൽ സ്പൈസസ് റൂട്ട് ആവിഷ്കരിക്കും.**

സ്പൈസസ് റൂട്ട് പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൾനറി ഫെസ്റ്റിവൽ കൊച്ചിയിൽ സംഘടിപ്പിച്ചു. കൂടാതെ സ്പൈസ് റൂട്ട് രാജ്യങ്ങളിലെ അമ്പാസഡർമാരുടെ യോഗം ചേർന്ന് പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ തീരുമാനിച്ചു. ആലപ്പുഴ, കേന്ദ്രമാക്കി പൈതൃകസംരക്ഷണ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തലശ്ശേരി പൈതൃകപദ്ധതി കണ്ണൂർ, വയനാട് ജില്ലയിലെ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാനുള്ള രൂപരേഖയും തയ്യാറാക്കിയിട്ടുണ്ട്. തിരുവനന്തപുരം ചാല പൈതൃകനഗരത്തെരുവ് പദ്ധതി, ആലപ്പുഴ ഹെറിറ്റേജ് പദ്ധതി തുടങ്ങിയവ പുരോഗമിക്കുന്നു. മിഠായി തെരുവ് പൈതൃകപദ്ധതി പൂർത്തിയാക്കി.

186 **നവംബർ മുതൽ മാർച്ച് പകുതിവരെ വിദേശസഞ്ചാരികളിലൂടെ ടൂറിസം സീസൺ വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏപ്രിൽ ഒക്ടോബർ കാലയളവും സമ്പൂർണ്ണ ടൂറിസം സീസൺ എന്ന നിലവാരത്തിലേക്ക് ഉയർത്തും. ഇതിനായി മൺസൂൺ ടൂറിസത്തിന്റെ സാദ്ധ്യത പ്രയോജനപ്പെടുത്തും.**

മൺസൂൺ കാലയളവിൽ കൂടുതൽ വിനോദസഞ്ചാരികളെആകർഷിക്കാനുള്ളവിവിധപ്രചരണക്യാമ്പയിനുകൾ നടപ്പാക്കിയിട്ടുണ്ട്. ഇതിനായി മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ ഓഫ് സീസൺ ക്യാമ്പയിൻ സംഘടിപ്പിച്ചു.

187 **അന്തർദ്ദേശീയ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽനിന്നു കേരളത്തിലേക്കു നേരിട്ടുള്ള വിമാനസർവ്വിസ് ആരംഭിക്കാൻ പരിശ്രമിക്കും. ടൂറിസ്റ്റുകഷ്ലുകളെയും ആകർഷിക്കാൻ ശ്രമിക്കും. വിമാനത്താവളങ്ങളിൽനിന്നു ടൂറിസം കേന്ദ്രങ്ങളിലേക്കു ഗുണനിലവാരമുള്ള യാത്രാസൗകര്യം ഉറപ്പുവരുത്തും.**

അന്തർദേശീയ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽനിന്നു കേരളത്തി

ലേക്ക് നേരിട്ട് വിമാനസർവീസ് ആരംഭിക്കാനുള്ള ശ്രമം കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് നടത്തിയിട്ടുണ്ട്. കൂടാതെ ലോകത്തിലെ പ്രധാന നഗരങ്ങളിൽ നിന്നും ചാർട്ടർ വിമാനങ്ങളിൽ വിനോദസഞ്ചാരികളെ എത്തിക്കാൻ പ്രമുഖ ടൂർ ഓപ്പറേറ്റർമാരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. റോഡുകളുടെ നിലവാരവും മെച്ചപ്പെടുത്തിയിട്ടുണ്ട്.

188 **ടൂറിസ്റ്റുകേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യങ്ങളായ റോഡ്, കുടിവെള്ളം, പൊതു ടോയ്‌ലറ്റുകൾ, മാലിന്യസംസ്ക്കരണസൗകര്യങ്ങൾ, കേബിൾ, ഇന്റർനെറ്റ് കണക്ടിവിറ്റി, സുരക്ഷിതവൈദ്യുതി തുടങ്ങിയവ ഉറപ്പുവരുത്താൻ ഓരോകേന്ദ്രത്തിനും പശ്ചാത്തലസൗകര്യ മാസ്റ്റർ പ്ലാൻ ഉണ്ടാക്കും. ഇവ മൂന്നുവർഷംകൊണ്ടു പൂർത്തീകരിക്കാൻ തദ്ദേശഭരണസ്ഥാപനങ്ങളും ഡിപ്പാർട്ടുമെന്റുകളും ഏജൻസികളും തമ്മിലുള്ള ഏകോപനം ഉറപ്പുവരുത്തും. മൂന്നാർ–ആലപ്പുഴ ടൂറിസം ഹൈവേ പോലുള്ള പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കും.**

ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്താനുള്ള ഗ്രീൻ കാർപറ്റ് പദ്ധതി എല്ലാ വർഷവും ടൂറിസം സീസണ് മുന്നോടിയായി നടപ്പാക്കിവരുന്നുണ്ട്. പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിലെ വികസനം ഉറപ്പ് വരുത്താൻ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിവരുന്നു. കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളെല്ലാം ഭിന്നശേഷി സൗഹൃദം ആക്കുന്നു. നൂറു കേന്ദ്രങ്ങൾ ഭിന്നശേഷിസൗഹൃദമായി പ്രഖ്യാപിച്ചു.

189 **ഹൗസ്ബോട്ടുകൾ, ഗ്രീൻ ഹൗസുകൾ, ആയൂർവ്വേദ റിസോർട്ടുകൾ, ഹോംസ്റ്റേകൾ, സ്റ്റാർ ഹോട്ടൽ റൂമുകൾ തുടങ്ങിയവയെല്ലാം ഓരോ ടൂറിസം കേന്ദ്രത്തിലേക്കുമുള്ള ടൂറിസ്റ്റുകളുടെ വരവു വിലയിരുത്തി അതിനായുള്ള സൗകര്യം സൃഷ്ടിക്കും.**

ഹൗസ് ബോട്ടുകൾ, ആയൂർവേദ റിസോർട്ടുകൾ, ഹോംസ്റ്റേകൾ എന്നിവയുടെ ഗുണനിലവാരം ഉറപ്പ് വരുത്താൻ ക്ലാസിഫിക്കേഷൻ സമ്പ്രദായം നടപ്പാക്കിവരുന്നു. ഹൗസ് ബോട്ടുകളുടെ സുരക്ഷ ഉറപ്പ് വരുത്താൻ ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. 800 ഹൗസ് ബോട്ടുകളിൽ ഈ സിസ്റ്റം ഇതുവരെ നടപ്പാക്കിയിട്ടുണ്ട്.

190 **കുറഞ്ഞത് 2000 പേർക്ക് ഒരുമിച്ചു സന്ദർശിക്കാൻ പാകത്തിലുള്ള വാട്ടർ തീം പാർക്ക് നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കും.**

സർക്കാർ വാട്ടർ തീം പാർക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഈ രംഗത്ത് പ്രവൃത്തിക്കുന്ന സ്വകാര്യമേഖലയെ പ്രോൽസാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

191 **പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് പൊലീസിനെ വിന്യസിക്കും. നീന്തലറിയാവുന്ന ടൂറിസ്റ്റ് വാർഡന്മാരെ ജലടൂറിസം കേന്ദ്രങ്ങളിൽ നിയോഗിക്കും.**

പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് പൊലീസിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ടൂറിസ്റ്റ് വാർഡർമാരെ നിയമിക്കുന്നത് സംബന്ധിച്ച് പ്രാരംഭപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

192 **പൊതുവായ പ്രചാരണത്തോടൊപ്പം കൃത്യമായ ടാർജറ്റ് ഓഡിയൻസിനെയും ലക്ഷ്യമിട്ട് ബന്ധപ്പെട്ട രാജ്യങ്ങളിൽ വിശേഷാൽ പ്രചാരണപ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അറബുരാജ്യങ്ങളിൽ നിന്നുള്ള ടൂറിസം വർദ്ധന അവരുമായി കൂടുതൽ വ്യക്തിബന്ധങ്ങൾ വളർത്താനും കൂടിയേറ്റത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കാനും സഹായിക്കും.**

കേരളത്തിലേക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ ആവശ്യമായ ക്യാമ്പയിൻ കേരള ടൂറിസം സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ബാധിച്ച പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ടൂറിസം വകുപ്പ് വിവിധ ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്. രാജ്യത്തിനകത്തേയും പുറത്തേയും ഇലക്ട്രോണിക്സ്, പ്രിന്റ്, മാധ്യമങ്ങൾ വഴിയും സിനിമാഹാളുകൾ, മാളുകൾ എന്നിവയിലൂടെയും പരസ്യക്യാമ്പയിനുകൾ സംഘടിപ്പിച്ചു. കൂടാതെ അറബ് രാജ്യങ്ങളിൽനിന്നുള്ള സഞ്ചാരികളെ ആകർഷിക്കാൻ യു.എ.ഇ, സൗദി അറേബ്യ, ഒമാൻ, കുവൈറ്റ്, ബഹറിൻ എന്നീ രാജ്യങ്ങൾ ഉൾപ്പെടുത്തി പ്രത്യേക മിഡിൽ ഈസ്റ്റ് ക്യാമ്പയിൻ സംഘടിപ്പിച്ചു.

193 **കേരള ടൂറിസം മാർട്ട് ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ ബിസിനസ് മീറ്റായി വികസിപ്പിക്കാനുള്ള ധനസഹായം സർക്കാർ നല്കും.**

കേരള ട്രാവൽ മാർട്ടിന് ധനസഹായം അനുവദിച്ചു.

194 **a. അന്താരാഷ്ട്ര ടൂറിസം മേളകളിൽ നമ്മുടെ സാന്നിദ്ധ്യം ഇനിയും ഉയർത്തണം.**

മുൻവർഷങ്ങളേക്കാൾ കൂടുതൽ ടൂറിസം മേളകളിൽ പങ്കെടുക്കുകയും കൂടുതൽ റോഡ് ഷോകൾ സംഘടിപ്പിക്കുകയും ചെയ്തു. 13 അന്താരാഷ്ട്ര ടൂറിസം മേളകളിൽ പങ്കെടുക്കുകയും 23 ലോകനഗരങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിക്കുകയും ചെയ്തു.

b. ഇത്തരം മേളകളിൽ പങ്കെടുക്കാൻ സ്വകാര്യമേഖലയ്ക്ക് ഉചിതമായ പ്രോത്സാഹനസഹായം നല്കും.

എല്ലാ മേളകളിലും സ്വകാര്യ മേഖലയുടെ സജീവപങ്കാളിത്തം ഉറപ്പാക്കിവരുന്നു. പ്രധാന ടൂറിസം മേളകളിൽ എല്ലാംതന്നെ കേരള ടൂറിസം പവലിയന്റെ ഭാഗമായിട്ടാണ് കേരളത്തിലെ സ്വകാര്യസംരംഭകർ പങ്കെടുക്കുന്നത്.

195 **ടൂറിസം മേഖലയെ ബാധിക്കുന്ന നികുതികൾ പുനഃപരിശോധനയ്ക്ക വിധേയമാക്കും. ചരക്കുസേവനനികുതി വരുന്നതോടെ ലക്ഷ്വറി ടാക്സ് ഇല്ലാതാകും.**

നടപടി സ്വീകരിച്ചിട്ടില്ല.

196 **a. ടൂറിസത്തിനുള്ള സർക്കാർ ബജറ്റവിഹിതം ഗണ്യമായി ഉയർത്തും.**

ഉയർത്തിയിട്ടുണ്ട്. ഈ വർഷം 372 കോടിയാണ് ടൂറിസം മേഖലക്ക് നീക്കിവച്ചിരിക്കുന്നത്.

b. ടൂറിസം മേഖലയുടെ തൊഴിൽസാദ്ധ്യതകൾ പരിഗണിച്ച് ഈ മേഖലയിൽനിന്നു സമാഹരിക്കുന്ന വിഭവങ്ങളുടെ നിശ്ചിതശതമാനം ഈ മേഖലയുടെതന്നെ വികസനത്തിനായി മുതൽമുടക്കും.

നടപ്പാക്കിയിട്ടുണ്ട്.

197 **കെ.ടി.ഡി.സി സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യക്ഷ വികസനയേജൻസിയാണ്. കെ.ടി.ഡി.സി.ക്ക് ആദ്യം വേണ്ടത് പ്രൊഫഷണൽ ബോർഡും മാനേജ്മെന്റുമാണ്. കെ.ടി.ഡി.സി.യുടെ പ്രവർത്തനം സമൂലമായി പരിഷ്കരിക്കും.**

കെ.ടി.ഡി.സിയുടെ പ്രവർത്തനം പ്രൊഫഷണലൈസ് ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

198 **a. കേരളത്തിലെ ടൂറിസത്തിനു പ്രതിവർഷം ഒരു ലക്ഷംപേരെങ്കിലും പുതുതായി ടൂറിസവുമായി ബന്ധപ്പെട്ട മേഖലകളിൽ ആവശ്യമുണ്ട്. എന്നാൽ പരിശീലനം ലഭിക്കുന്നത് ഏതാണ്ട് 15,000 പേർക്കാണ്. നിലവിലെ വളർച്ചയുടെ തോത് അനുസരിച്ച് ഓരോ വർഷവും അധികമാനവവിഭവശേഷി ടൂറിസംരംഗത്തു നമുക്ക് ആവശ്യമാണ്. നിലവിലുള്ള KITTS, KIHMS, IHMCT എന്നീ സ്ഥാപനങ്ങളിലെ കുട്ടികളുടെ എണ്ണവും പരിശീലനശേഷിയും ഉയർത്തും. സ്വാശ്രയപരിശീലനസ്ഥാപനങ്ങളും ഈ മേഖലയിൽ വരുന്നുണ്ട്. കരിക്കുലവും പരിശീലനവും പരിശോധിക്കാനും റേറ്റിങ് നടത്താനും പ്രത്യേക സംവിധാനം ഉണ്ടാക്കും.**

ടൂറിസം മേഖലയിൽ തൊഴിൽ നേടാൻ ആഗ്രഹിക്കുന്നവർക്ക് കൂടുതൽ അവസരം ഉറപ്പാക്കിയിട്ടുണ്ട്. കരിക്കുലവും റേറ്റിംഗും നടത്താൻ പ്രത്യേക സംവിധാനം ഉണ്ടാക്കാനുള്ള നടപടി ആയിട്ടുണ്ട്.

b. ടൂറിസ്റ്റ് ഗൈഡുകളുടെ പരിശീലനത്തിനു പ്രത്യേക ഊന്നൽ നല്കും. പൊതു ആർട്സ് ആൻഡ് സയൻസ് കോളജുകളിലും ടൂറിസവുമായി ബന്ധപ്പെട്ടുള്ള കോഴ്സുകൾ ആരംഭിക്കും.

കൂടുതൽ ടൂറിസ്റ്റ് ഗൈഡുകളെ പരിശീലിപ്പിക്കാൻ കിറ്റ്സ് പ്രത്യേക പരിശീലനപരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി അംഗീകാരമുള്ള കൂടുതൽ ഗൈഡുകളുടെ സേവനം ഇന്ന് സംസ്ഥാനത്തെ ടൂറിസം മേഖലയിൽ ലഭ്യമാണ്.

199 **a. ഉത്തരവാദിത്തടൂറിസം നയം തുടരും. കേരളത്തിലെ ടൂറിസംകേന്ദ്രങ്ങളുടെയെല്ലാം കാരിയിങ് കപ്പാസിറ്റി പഠനം അടിയന്തരമായി നടത്തും.**

ഉത്തരവാദിത്തടൂറിസം അടിസ്ഥാനമാക്കി പുതിയ ടൂറിസം നയം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഉത്തരവാദിത്തടൂറിസം മിഷൻ രൂപവത്ക്കരിച്ചു പ്രവർത്തനം ആരംഭിച്ചു. സംസ്ഥാനത്ത് 15,518 ടൂറിസം യൂണിറ്റുകൾ ഉത്തരവാദിത്തടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുവഴി പ്രത്യക്ഷമായും പരോക്ഷമായും 78,000 പേർക്ക് ടൂറിസം മേഖലയിൽ തൊഴിൽ നല്കുവാനും കഴിഞ്ഞു. പരമ്പരാഗതതൊഴിലുകൾ, കലാഗ്രൂപ്പുകൾ, കലാപ്രവർത്തനങ്ങൾ, ഉത്സവങ്ങൾ, തദ്ദേശീയഭക്ഷണം എന്നിവ അടിസ്ഥാനമാക്കി ടൂർ പാക്കേജുകൾ ആരംഭിച്ചു സാധാരണക്കാർക്കു വരുമാനം ലഭ്യമാക്കാൻ മിഷൻ മുഖേന കഴിഞ്ഞു. മിഷൻ മുഖാന്തരം ഒന്നരവർഷംകൊണ്ട് 10.9 കോടി രൂപയുടെ വരുമാനം ടൂറിസം മേഖലയിൽനിന്നു പാവപ്പെട്ട ആളുകൾക്കു ലഭ്യമാക്കി. ടൂറിസംവികസന പ്രക്രിയയിൽ പ്രാദേശിക പങ്കാളിത്തം ഉറപ്പാക്കാൻ ഉത്തരവാദിത്തടൂറിസം മിഷന്റെ ആഭിമുഖ്യത്തിൽ പെപ്പർ പദ്ധതി നടപ്പാക്കി.

b. ടൂറിസംമേഖലകളിലെ തദ്ദേശഭരണസ്ഥാപനങ്ങളുടെ ജനപ്രതിനിധികൾക്ക് ടൂറിസം വികസനത്തിനു സബ്പ്ലാൻ തയ്യാറാക്കാൻ കേന്ദ്രീകൃതമായ പരിശീലനം നല്കും.

പദ്ധതി ആയിട്ടില്ല.

200 **a. ടൂറിസം കേന്ദ്രങ്ങൾക്ക് ഗ്രീൻ പ്രോട്ടോക്കോൾ ഉണ്ടാക്കും. ഡിസ്പോസിബിൾ സാധനങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കും.**

ഉത്തരവാദിത്ത ടൂറിസം മിഷന്റെ ആഭിമുഖ്യത്തിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പാക്കുന്ന നടപടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

b. പ്ലാസ്റ്റിക് നിരോധിക്കും. ഹൗസ്ബോട്ടുകളുടെ മാലിന്യം സംസ്ക്കരിക്കാൻ ആധുനിക പൊതു സൗകര്യകേന്ദ്രങ്ങൾ സ്ഥാപിക്കും.

പ്രധാന ടൂറിസം കേന്ദ്രങ്ങളിലെല്ലാം പ്ലാസ്റ്റിക്കിന്റെ നിരോധനം നടപ്പാക്കിയിട്ടുണ്ട്. ഹൗസ് ബോട്ടുകളുടെ മാലിന്യം സംസ്കരിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

201 **a. തീർത്ഥാടനകേന്ദ്രങ്ങളെയും സാംസ്കാരിക പൈതൃകകേന്ദ്രങ്ങളെയും ബന്ധപ്പെടുത്തിയുള്ള പിൽഗ്രിംസ് ടൂറിസം നയം ആവിഷ്കരിക്കും.**

ടൂറിസം നയത്തിൽ പിൽഗ്രിം ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്വദേശി ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി ശബരിമല-പത്മനാഭസ്വാമിക്ഷേത്രം പദ്ധതി നടപ്പാക്കിവരുന്നു. പ്രസാദ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്രനഗരപദ്ധതി നടപ്പാക്കിവരുന്നു. കൂടാതെ കേരളത്തിലെ 117 ആരാധനാലയങ്ങളിൽ സ്വദേശി ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി തീരത്ഥാടകർക്കാവശ്യമായ അടിസ്ഥാനസൗകര്യപദ്ധതി കേന്ദ്രസർക്കാർ ധനസഹായത്തോടെ നടപ്പാക്കിവരുന്നു.

ശ്രീനാരായണഗുരുവിന്റെ ജന്മസ്ഥലമായ ചെമ്പഴന്തി ഗുരുകുലത്തിൽ ഗുരുവിന്റെ ജീവിതചരിത്രവും ദർശനവും ആസ്പദമാക്കിഡിജിറ്റൽ മ്യൂസിയവും കൺവെൻഷൻ സെന്ററും നിർമ്മിക്കുന്നു. ആദ്യഘട്ടത്തിനു 10 കോടി രൂപ അനുവദിച്ചു. നിർമ്മാണം ത്വരിതഗതിയിൽ. ശ്രീനാരായണഗുരു പിൽഗ്രിം ടൂറിസം പ്രോജക്ടിന് 70 കോടി രൂപയുടെ കേന്ദ്രസഹായം നേടി.

ഗുരുവായൂരിൽ 24 കോടി രൂപ ചെലവഴിച്ച് 56 മുറികളുള്ള പുതിയ ഗസ്റ്റ് ഹൗസിന്റെ നിർമ്മാണം ആരംഭിച്ചു. ഒരു വർഷംകൊണ്ടു പൂർത്തിയാകും. തിരുവനന്തപുരം പത്മനാഭസ്വാമിക്ഷേത്രപരിസരം 100 കോടി രൂപയുടെ സ്വദേശി ദർശൻ പദ്ധതിയിലൂടെ ആകർഷകമാക്കി.

b. കരകൗശലവ്യവസായത്തെ ടൂറിസവുമായി ബന്ധപ്പെടുത്തുന്ന ഗ്രാമീണ നഗര കരകൗശലമേളകൾ ടൂറിസത്തിന്റെ ഭാഗമായി സംഘടിപ്പിക്കും. ഫാം ടൂറിസം പ്രോത്സാഹിപ്പിക്കും.

കരകൗശലവ്യവസായത്തെ ടൂറിസവുമായി ബന്ധപ്പെടുത്തുന്നതിനായി ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് മാതൃകയിൽ വെള്ളാർ ക്രാഫ്റ്റ് വില്ലേജ് സ്ഥാപിച്ചിട്ടുണ്ട്.

202 **ആയുർവ്വേദടൂറിസത്തിന്റെ വികസനത്തിനായി ഈ മേഖലയിൽ കേരളത്തിൽ പ്രവൃത്തിക്കുന്ന സ്ഥാപനങ്ങളുടെ ഒരു കൺസോർഷ്യം രൂപവത്ക്കരിച്ച് വിദേശങ്ങളിലെ ട്രാവൽ മാർട്ടുകളിലൂടെ ഫലപ്രദമായി പ്രചരിപ്പിക്കും.**

ആയുർവേദം പ്രധാന തീം ആക്കി വിദേശങ്ങളിലെ ട്രാവൽ മാർട്ടുകളിൽ കേരള ടൂറിസം പങ്കെടുക്കുന്നുണ്ട്.

വൻകിടനഗരവികസനം

203 **തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ പ്രമുഖനഗരങ്ങളെ മെട്രോ സിറ്റിയാക്കി വളർത്തിയെടുക്കാനുള്ള ഇടപെടൽ നടത്തും. വിമാനത്താവളങ്ങളും മെട്രോ സംവിധാനങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കും. നഗരഗതാഗതക്കുരുക്കുകൾ അഴിക്കാൻ സിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമുകളും ജങ്ഷൻ നവീകരണവും ബൈപ്പാസുകളും നടപ്പാക്കും.**

സ്മാർട്ട് സിറ്റി പദ്ധതിയിൽ തിരുവനന്തപുരം നഗരവികസനപ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. 1538 കോടി രൂപയുടെ വികസനപ്രവർത്തനങ്ങളാണ് ഇതിലൂടെ നടപ്പാകുന്നത്. നഗരത്തിന് പുതിയ മാസ്റ്റർ പ്ലാൻ പ്രവർത്തനം ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിലെ ചാല പൈതൃകത്തെരുവ് നവീകരിച്ച് സംരക്ഷിക്കുന്ന പൈതൃകപദ്ധതി നടപ്പാക്കിവരുന്നു. തിരുവനന്തപുരത്ത് ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ ഫ്ലൈഓവർ നിർമ്മാണത്തിന്റെ ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ദേശീയപാതയിലെ കരമന - കളിയിക്കാവിള ഭാഗത്തെ രണ്ടാം റീച്ച് ടെണ്ടർ ചെയ്തു. പ്രവൃത്തി അതിവേഗത്തിൽ പുരോഗമിക്കുന്നു. നഗരത്തിലെ മാലിന്യസംസ്കരണത്തിനായി 45 സ്ഥലങ്ങളിൽ പുതിയ ഏയ്റോബിക് ബിന്നുകൾ, രണ്ട് കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്, കിള്ളിയാർ ശുചീകരണയജ്ഞം തുടങ്ങി നിരവധി പദ്ധതികൾ. കാൽനടയാത്രക്കാർക്കായുള്ള ആകാശനടപ്പാതയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇന്ത്യയിലെ ആദ്യത്തെ ഹൈടെക് വനിതാസൗഹൃദ ബസ് വെയിറ്റിംഗ്ഷെഡ് കഴക്കൂട്ടത്ത് ആരംഭിച്ചു.

കൊച്ചി നഗരത്തിൽ മെട്രോ റെയിൽ വികസനത്തിന്റെ ഭാഗമായി മഹാരാജാസ് പേട്ട മെട്രോ ലൈൻ നിർമ്മാണം അന്തിമഘട്ടത്തിലാണ്. തുടർവികസനപ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. മെട്രോ പദ്ധതിയുടെ ഭാഗമായി കാക്കനാട് ടൗൺഷിപ്പ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൊച്ചിമെട്രോയുടെ തുടർച്ചയായി സോളാർ ബോട്ടുകൾ ഉപയോഗിച്ച് കായലിലൂടെ ഗതാഗതസൗകര്യം ഉണ്ടാക്കുന്നതിനുള്ള വാട്ടർമെട്രോ പദ്ധതിയും മുന്നോട്ടുവച്ചിട്ടുണ്ട്. 744 കോടി രൂപയാണ് പദ്ധതി ചെലവ്. കൊച്ചിയിൽ വൈറ്റില, കുണ്ടന്നൂർ മേൽപ്പാലങ്ങളുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. അമൃത് പദ്ധതി പ്രകാരം ജോയിസ്തോട്, ബൗണ്ടറിതോട്, അതിർത്തിതോട് എന്നീ സ്റ്റോംവാട്ടർ ഡ്രൈനേജുകൾ പൂർത്തീകരിച്ചു. കൊച്ചി നഗരത്തിലെ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ ശൃംഖല വഴി എറണാകുളം ജില്ലയിൽ കൂടുതൽ വീടുകളിലേക്ക് കണക്ഷൻ എത്തിച്ചു. ഇതിനകം 37,033 ഗാർഹികോപഭോക്താക്കൾക്ക് പുതുതായി കണക്ഷൻ നല്കി. ഈ ദിവസങ്ങളിൽ അധികമായി 196 കി മീ പൈപ്പ്

ലൈനിട്ടു. നാല് സിഎൻജി സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തു. നാലെണ്ണം നിർമ്മാണം പുരോഗമിക്കുന്നു.

കോഴിക്കോട് നഗരവികസനവുമായി ബന്ധപ്പെട്ട് രാമനാട്ടുകര, തൊണ്ടയാട് ഫ്ലൈഓവർ പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. കോഴിക്കോട് പന്നിയങ്കര റെയിൽവേ മേൽപ്പാലം ഉദ്ഘാടനം ചെയ്തു. കോഴിക്കോട് കുഞ്ഞിപ്പള്ളി റെയിൽവേ മേൽപ്പാലം, ലാൻഡ് അക്വിസിഷൻ പ്രശ്നം കാരണം തടസ്സപ്പെട്ടിരിക്കുകയായിരുന്നു. കേസും തർക്കവും തീർപ്പാക്കി നാലു മാസം കൊണ്ട് ബാക്കി പ്രവൃത്തി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു. കോഴിക്കോട് ബൈപാസ് വീതി കൂട്ടാനുള്ള നടപടി പുരോഗമിക്കുന്നു. കോഴിക്കോട് മാലിന്യസംസ്കരണപ്ലാന്റ് വേസ്റ്റ് എനർജി പദ്ധതി മന്ത്രിസഭ അംഗീകരിച്ചു. ഇന്ത്യയിൽ ആദ്യമായി കുടുംബശ്രീയുടെ സംരംഭമായ മഹിളാമാൾ ആരംഭിച്ചു.

204 തലസ്ഥാനവികസനത്തിനായി തിരുവനന്തപുരത്ത് ഹൈക്കോടതിബഞ്ച് സ്ഥാപിക്കൽ, നേമം സാറ്റലൈറ്റ് ടെർമിനലായി വികസിപ്പിക്കൽ, ആറ്റുകാൽ ടൗൺഷിപ് വികസനം, വെള്ളക്കെട്ടിനു പരിഹാരം തുടങ്ങിയ നടപടികൾ സ്വീകരിക്കും.

ആമയിഞ്ചാൻതോടിന്റെയും പാർവതീപുത്തനാറിന്റെയും ഒഴുക്ക് തടയുന്ന എല്ലാ മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. തലസ്ഥാനത്തെ വെള്ളക്കെട്ടിനു പരിഹാരം കാണുന്നതിനുള്ള നടപടികൾ ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്. നേമം സാറ്റലൈറ്റ് ടെർമിനലായി വികസിപ്പിക്കൽ, ആറ്റുകാൽ ടൗൺഷിപ്പ് വികസനം എന്നിവ പരിശോധിച്ചുവരുന്നു.

മലബാറിന്റെ വികസനം

205 ചരിത്രപരമായ കാരണങ്ങളാൽ പുറകോട്ടുപോയിട്ടുള്ള മലബാറിന്റെ വികസനത്തിനായി പ്രത്യേക പാക്കേജ് നടപ്പിലാക്കും. കാസർഗോഡ്, വയനാട് പോലെ വികസനപരമായി പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങൾക്കു പ്രത്യേക പരിഗണന നല്കുന്നതുമാണ്.

ദേശീയപാതവികസനം കാസർഗോഡ് തലപ്പാടി മുതൽ കാലിക്കടവ് വരെയുള്ള ഭാഗം ടെണ്ടർ അംഗീകാരത്തിനായി കേന്ദ്രമന്ത്രാലയത്തിലാണ്. ഈ പദ്ധതി ഇപ്പോഴും കേന്ദ്രസർക്കാർ കാറ്റഗറി 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ നീലേശ്വരം പള്ളിക്കര റെയിൽവേ മേൽപ്പാലം പ്രോജക്ട് സ്റ്റാൻഡ് എലോൺ ആയി പ്രവൃത്തി ആരംഭിച്ചു. കാസർഗോഡ് ജില്ലയിൽ അമ്പലത്തറയിൽ സ്ഥാപിച്ച 50 മെഗാവാട്ട് സോളാർ പാർക്കിന് പുറമെ ഒരു 50 മെഗാവാട്ട് കൂടി നിർമ്മിക്കുവാൻ THDCILനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൈവെളിഗയിൽ 50 മെഗാവാട്ട് നടപ്പിലാക്കാൻ ഇപ്പോൾ 250 ഏക്കർ സ്ഥലം അനുവദിച്ച് കിട്ടിയതിനെ തുടർന്ന് ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. എൻഡോസൾഫാൻ ദുരിതബാധിതർക്കായി സ്നേഹസാന്ത്വനം പദ്ധതി, വിദ്യാഭ്യാസധനസഹായപദ്ധതി, സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു.

കാസർഗോഡ്, കണ്ണൂർജില്ലകളുടെ ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്താനുള്ള മലനാട് മലബാർ ക്രൂയിസ് പദ്ധതിയുടെ പ്രവർത്തനം പുരോഗമിക്കുന്നു. ഏഴു നദികൾ കേന്ദ്രീകരിച്ചുള്ള മലനാട് മലബാർ റിവർ

കണ്ണൂർ അന്താരാഷ്ട്രവിമാനത്താവളത്തിന്റെ ഉദ്ഘാടനച്ചടങ്ങ്



ക്രൂയീസ് ടൂറിസം പദ്ധതിയുടെ ഭാഗമായ പഴയങ്ങാടി ബോട്ട് ടെർമിനൽ 2019 ജൂൺ - 15 നുള്ളിൽ പൂർത്തീകരിക്കും. പറശ്ശനിക്കടവ് ബോട്ട് ടെർമിനൽ പൈലിംഗ് പൂർത്തീകരിച്ചു. മറ്റ 12 പദ്ധതികൾ പ്രവൃത്തി പുരോഗമിച്ചുവരുന്നു. റിവർ ക്രൂയിസ് പ്രോജക്ടിന് സംസ്ഥാനഗവൺമെന്റ് 50 കോടിയോളം രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം നല്കി. കേന്ദ്ര ഗവണ്മെളന്റിന്റെ സ്വദേശി ദർശൻ പദ്ധതിയിൽ 100 കോടി രൂപയുടെ പ്രൊജക്ട് സമർപ്പിച്ചു. 70 കോടി രൂപയ്ക്ക കേന്ദ്രാംഗീകാരം നേടി. അന്താരാഷ്ട്രവിമാനത്താവളം ഉദ്ഘാടനം ചെയ്യുകയും പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കു കയും ചെയ്തിട്ടുണ്ട്. കണ്ണൂർ എയർപോർട്ടിന് സമീപം വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനിലേക്കായി 110 ഏക്കർ ഏറ്റെടുക്കുന്നതിന് കിൻഫ്രയെ ചുമതലപ്പെടുത്തി. സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് പ്രകാരമുള്ള കണ്ണൂർ ജില്ലയുടെ പദ്ധതിക്ക് ഭരണാനുമതി നല്കിക്കഴിഞ്ഞു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ലാൻഡ് അക്വിസിഷൻ യൂണിറ്റ് രൂപവത്ക്കരിച്ചിട്ടുണ്ട്.

അഴീക്കൽ തുറമുഖ വികസനപദ്ധതിയുടെ സാമ്പത്തിക-സാങ്കേതിക സാദ്ധ്യതാപഠനം, വിശദമായ പദ്ധതി രേഖ, പാരിസ്ഥിതികപഠനം എന്നിവ പൂർത്തിയാക്കുന്നതിന് Technical consultant –നെ നിയമിച്ചിട്ടുണ്ട്. DPR തയ്യാറാക്കുന്നതിനാവശ്യമായ സാങ്കേതികപഠനങ്ങൾ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രാരംഭഘട്ടത്തിന്റെ വികസനത്തിനായി 500 കോടി രൂപാ KIIFB മുഖാന്തരം സംസ്ഥാനസർക്കാർ ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മലബാറിലെ സമഗ്രവികസനത്തിന് വഴിതെളിയിച്ച് 15/03/2019 മുതൽ EXIM കണ്ടെയ്നറുകൾ കൈകാര്യം ചെയ്ത് നിലവിലെ അഴീക്കൽ തുറമുഖത്ത് ഷിപ്പിംഗ് ഓപ്പറേഷനുകൾ സജീവമായിട്ടുണ്ട്. കൂടാതെ ലക്ഷദ്വീപ്, മാലിദ്വീപ് എന്നിവയുമായുള്ള ഷിപ്പിംഗ് ഓപ്പറേഷൻ സംബന്ധിച്ച ചർച്ചകൾ പുരോഗമിച്ചുവരുന്നു.

പരിയാരം മെഡിക്കൽ കോളെജ് സർക്കാർ ഏറ്റെടുത്തു. ഇതിനു വേണ്ട ഭരണപരമായ ആവശ്യങ്ങൾക്കുള്ള 11 തസ്തികകൾ സൃഷ്ടിച്ചു. മലബാർ കാൻസർ സെന്ററിനെ മറ്റ് 5 മെഡിക്കൽ കോളെജുകളോടൊപ്പം സമഗ്രവികസനത്തിനായി കിഫ്ബിയുടെ 5000 കോടി രൂപയുടെ പദ്ധതികൾക്കുള്ള ഭരണാനുമതി നല്കി. മാഹി-തലശേരി ബൈപ്പാസ് നിർമ്മാണം പുരോഗമിക്കുന്നു. തലശേരി -മൈസൂർ റെയിൽപ്പാതയുടെ പ്രവർത്തനം റെയിൽവികസനകോർപ്പറേഷനെ ഏൽപ്പിച്ചു. ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദയുടെ ശിലാസ്ഥാപനം നിർവഹിച്ചു.

വയനാട്ടിലേക്കുള്ള താമരശേരി ചുരം വീതി കൂട്ടുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുന്നു. വയനാട്, കോഴിക്കോട് ജില്ലകളെ ടണൽമാർഗ്ഗം ബന്ധിപ്പിക്കുന്ന പാതയെക്കുറിച്ചുള്ള പദ്ധതിയുടെ സാധ്യതാപഠനം നടത്താൻ കൊങ്കൺ റെയിൽവേയെ ഏൽപ്പിച്ചു. കാർബൺ ന്യൂട്രൽ വയനാട് പദ്ധതി 2019-20 ലെ ബജറ്റിലെ നവകേരളത്തിനുള്ള 25 പദ്ധതികളിലൊന്നായി പ്രഖ്യാപിച്ചിട്ടുണ്ട്. മരം നട്ടുപിടിപ്പിക്കലും മരങ്ങൾക്ക് ജിയോടാഗ് നല്കുന്നത് ഉൾപ്പെടെയുള്ള പദ്ധതികൾ മീനങ്ങാടി പഞ്ചായത്ത് മാതൃകയിൽ ആവിഷ്ക്കരിക്കും. വയനാട്ടിലെ 10 പഞ്ചായത്തുകളെ പുഷ്പ-ഫല വർഗങ്ങളുടെ കൃഷിക്കായുള്ള പ്രത്യേക മേഖലയായി പ്രഖ്യാപിച്ചു.

കോഴിക്കോട് രാമനാട്ടുകര, തൊണ്ടയാട് ഫ്ലൈഓവർ പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. കോഴിക്കോട് പന്നിയങ്കര റെയിൽവേ മേൽപ്പാലം ഉദ്ഘാടനം ചെയ്തു. കോഴിക്കോട് കുഞ്ഞിപ്പള്ളി റെയിൽവേ മേൽപ്പാലം, ലാൻഡ് അക്വസിഷൻ പ്രശ്നം കാരണം തടസ്സപ്പെട്ടിരിക്കുകയായിരുന്നു. കേസും തർക്കവും തീർപ്പാക്കി നാലു



മാസംകൊണ്ട് ബാക്കി പ്രവൃത്തി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യ. കോഴിക്കോട് ബൈപാസ് വീതി കൂട്ടാനുള്ള നടപടി പുരോഗമിക്കുന്നു. കോഴിക്കോട് മാലിന്യസംസ്കരണപ്ലാന്റ് വേയ്സ്റ്റ് എനർജി പദ്ധതി മന്ത്രിസഭ അംഗീകരിച്ചു.

മലപ്പുറത്ത് ദേശീയപാതാവികസനത്തിനു ഭൂമി ഏറ്റെടുക്കാനുള്ള നടപടി ത്വരിതഗതിയിൽ മുന്നോട്ടുനീങ്ങുന്നു. തീരദേശഹൈവേ പദ്ധതിയിൽ പടിഞ്ഞാറേക്കര-ഉണ്ണിയാൽ റോഡിന് അംഗീകാരം നല്കി. പരപ്പനങ്ങാടി തുറമുഖവികസനത്തിന് കിഫ്ബിവഴി തുടക്കമായി. പൊന്നാനി തുറമുഖം ഒരു All weather Port ആയി PPP വ്യവസ്ഥയിൽ വികസിപ്പിക്കുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. മഞ്ചേരി മെഡിക്കൽ കോളേജിൽ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ചു.

മെച്ചപ്പെട്ട വില നല്കി കർഷകരിൽനിന്ന് നേരിട്ട് നെല്ല് ശേഖരിക്കുന്നതിനും അവ സംഭരിരിച്ച് ഇടനിലക്കാരെ പൂർണമായും ഒഴിവാക്കി ഗുണമേന്മയോടെ നെല്ല് അരിയാക്കി സിവിൽ സപ്ലൈസ് വിപണന കേന്ദ്രങ്ങളിലൂടെ വിൽക്കുന്നതിനുമുള്ള പാലക്കാട് റൈസ് പാർക്കിന്റെ നിർമ്മാണ ഉദ്ഘാടനം നടന്നു. പാലക്കാട് പ്രവൃത്തിക്കുന്ന കേന്ദ്രപൊതുമേഖലാസ്ഥാപനമായ ഇൻസ്ട്രുമെന്റേഷന് ലിമിറ്റഡിനെ ഏറ്റെടുക്കുന്നതിന് നടപടി ക്രമങ്ങൾ തുടർന്നുവരുന്നു. കൊച്ചി-കോയമ്പത്തൂർ വ്യവസായകോറിഡോർ നിർമ്മിക്കാനുള്ള ചർച്ചകൾ പുരോഗമിക്കുന്നു.

206 **ടൂറിസം സർക്യൂട്ട് മാപ്പിൽ, വടക്കൻ കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഉൾപ്പെട്ടിട്ടില്ല. അന്തർദ്ദേശീയ ടൂർ ഓപ്പറേറ്റർമാർ വടക്കൻ കേരളത്തിലേക്കു ടൂറിസ്റ്റുകളെ അയയ്ക്കുന്നില്ല. ഈ പോരായ്മ പരിഹരിക്കും.**

വടക്കൻ കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ കൂടുതൽ പ്രചരിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുതി

207 **a. 2017ൽ മുഴുവൻ വീടുകളിലും വൈദ്യുതി എത്തിക്കും.**

2017 മെയ് മാസത്തോടെ എല്ലാ വീടുകളിലും വൈദ്യുതി എത്തിച്ച ആദ്യസംസ്ഥാനമായി കേരളം മാറി. ഈ സ്ഥിതി തുടർന്നും നിലനിർത്തിക്കൊണ്ട് പോകുന്നുണ്ട്. ഈ മൂന്നുവർഷത്തെ കാലയളവിൽ 11 ലക്ഷത്തോളം പുതിയ വൈദ്യുതികണക്ഷനുകൾ നല്കിയിട്ടുണ്ട്. പ്രതിമാസം ഇരുപത്തയ്യായിരത്തോളം പുതിയ കണക്ഷനുകൾ നല്കുന്നുണ്ട്. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് താമസമില്ലാതെ ഇപ്പോൾ കണക്ഷൻ നല്കുന്നുണ്ട്. വൈദ്യുത സേവനമേഖലയിൽ, ചട്ടങ്ങളും നടപടിക്രമങ്ങളും ലഘൂകരിച്ചും വിവരസാങ്കേതികവിദ്യ അടിസ്ഥാനപ്പെടുത്തി പുതിയ സേവനങ്ങൾ നടപ്പാക്കിയും ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തി.

b. കെ.എസ്.ഇ.ബി.യുടെ പ്രവർത്തനച്ചെലവുകളും വൈദ്യുതി വാങ്ങൽ ചെലവുകളും യുക്തിസഹമാക്കുന്നതുവഴി എല്ലാവർക്കും താങ്ങാവുന്ന നിരക്കിൽ വൈദ്യുതി ഉറപ്പാക്കും.

വൈദ്യുതിരംഗത്ത് ഉൽപാദന, പ്രസരണ, വിതരണ ശൃംഖലകളിൽ സാങ്കേതികമായി വലിയ കുതിച്ചുചാട്ടത്തിന് അടിത്തറ പാകിക്കഴിഞ്ഞു. നവീന സാങ്കേതികവിദ്യകൾക്ക് അനുസൃതമായി ഈ മേഖലയിൽ വലിയ മുന്നേറ്റം സൃഷ്ടിക്കാൻ കഴിയുംവിധം വലിയ തോതിൽ മൂലധന നിക്ഷേപം ആവശ്യമുള്ള ബൃഹത്പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

ഊർജകേരള മിഷനിൽ ഉൾപ്പെടുന്ന ദ്യുതി, ട്രാൻസ്ഗ്രിഡ്, സൗര തുടങ്ങിയവ ഇത്തരത്തിൽ വലിയ മുതൽ മുടക്ക് ആവശ്യമായ പദ്ധതികളാണ്. എന്നാൽ ചെലവുകളെ യുക്തിസഹമായി നിയന്ത്രിക്കുകയും പൊതുമേഖലയിൽ കെ.എസ്.ഇ.ബി.യെ നിലനിർത്തിക്കൊണ്ട് ജീവനക്കാരുടെ കാര്യക്ഷമതയിലൂന്നിയ പ്രവർത്തനത്തിലൂടെ സാങ്കേതികമായി മികവുറ്റതും സാമ്പത്തികമായി കെട്ടുറപ്പുള്ളതുമായ സ്ഥാപനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ഇ.ബി.യുടെ പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നത്.

1. കഴിഞ്ഞ കാലങ്ങളിൽനിന്നു വ്യത്യസ്തമായി മൂലധന നിക്ഷേപത്തിലെ വർദ്ധനയ്ക്ക് അനുസരിച്ച് വൈദ്യുതി നിരക്ക് കൂട്ടേണ്ടതായി വന്നിട്ടില്ല. സാമ്പത്തികസൂക്ഷ്മതയോടെ ആകെ പ്രവർത്തനങ്ങൾ നിയന്ത്രിച്ചതിനാലാണ് ഇത് സാധ്യമായത്.

2. പാരിസ്ഥിതികപ്രശ്നങ്ങൾ മൂലം ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിലെ ബുദ്ധിമുട്ടുകൾ മുന്നിൽകണ്ട്, മിതമായ നിരക്കിൽ ദീർഘകാലത്തേക്ക് വൈദ്യുതി വാങ്ങൽ കരാറുകളിൽ ഏർപ്പെട്ടുകൊണ്ട് വരുംനാളുകളിലും വൈദ്യുതിലഭ്യത ഉറപ്പാക്കാൻവേണ്ട നടപടികൾ സ്വീകരിച്ചു. ദീർഘകാലത്തേക്ക് വൈദ്യുതി കരാർ ചെയ്യുന്നതിനുള്ള DBFOO രീതിയിൽ വൈദ്യുതി കരാർ ചെയ്യുന്ന ആദ്യസംസ്ഥാനം ആകാൻ സാധിച്ചത് കുറഞ്ഞ വിലയ്ക്ക് വൈദ്യുതി ലഭിക്കാൻ സഹായിച്ചിട്ടുണ്ട്. വൈദ്യുതിവാങ്ങൽച്ചെലവുകൾ യഥാസമയം പരിശോധിച്ച് മെറിറ്റ് ഓർഡറിൽ ആസൂത്രിതമായി ക്രമീകരിക്കുന്നു.

3. ജീവനക്കാരുടെ കാര്യക്ഷമമായ പുനർവിന്യാസം നടപ്പിലാക്കുന്നു.

4. കൂടിയ നിരക്കിലുള്ള കടങ്ങൾ കുറഞ്ഞ പലിശനിരക്കിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നു.

208 **പാരിസ്ഥിതികസംരക്ഷണം ഉറപ്പുവരുത്തി 1200-1320 മെഗാവാട്ട് ശേഷിയുള്ള കൽക്കരിനിലയം സ്ഥാപിക്കാനുള്ള ഇടപെടൽ നടത്തും. പദ്ധതിപ്രദേശത്തെ സാമൂഹികവ്യവസായവികസനപരിപാടി സമാന്തരമായി ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്യും. കേരളത്തിൽ കഴിയുന്നില്ലെങ്കിൽ കൽക്കരിഖനനപ്രദേശത്ത് ഇതു സ്ഥാപിക്കും.**

നിലവിൽ കേരളത്തിന് കേന്ദ്രഗവൺമെന്റിന്റെ കൽക്കരി അലോക്കേഷൻ ഇല്ല. കൽക്കരി നിലയം സ്ഥാപിക്കുന്നതിനുള്ള സ്ഥലത്തിന്റെ ലഭ്യതയും വളരെ പരിമിതമാണ്. ഇക്കാരണങ്ങളാൽ കേരളത്തിൽ ഒരു പുതിയ കൽക്കരിനിലയം സ്ഥാപിക്കുന്നതിനുള്ള സാധ്യത ഇപ്പോൾ കുറവാണ്. കൽക്കരി ഖനനം ചെയ്യുന്ന മറ്റ് സംസ്ഥാനങ്ങളെ സമീപിച്ചെങ്കിലും ഇക്കാര്യത്തിൽ അനുകൂലപ്രതികരണം ലഭിച്ചിട്ടില്ല.

209 **a. ന്യായമായ പ്രകൃതിവാതകക്കരാറിനായി പരിശ്രമിക്കും. ഇതുവഴി കൊച്ചി എൽ.എൻ.ജി ടെർമിനൽ പ്രവർത്തനക്ഷമമാക്കാനും പ്രകൃതിവാതകപൈപ്പ് ലൈനിൽ ബന്ധിപ്പിച്ചിട്ടുള്ള ബ്രഹ്മപുരത്ത് വൈദ്യുതിനിലയം സ്ഥാപിക്കാനും കഴിയും.**

ന്യായമായ വിലയ്ക്ക് സ്ഥിരതയോടെ പ്രകൃതിവാതകം ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും ഫലവത്തായിട്ടില്ല. പെട്രോനെറ്റ് തുടങ്ങിയ കേന്ദ്രഗവൺമെന്റ് സ്ഥാപനങ്ങളെ സമീപിച്ചെങ്കിലും ആശാവഹമായ ഫലം ഉണ്ടായിട്ടില്ല. എന്നിരുന്നാലും ഈ നിലയ്ക്കുള്ള ശ്രമങ്ങൾ തുടരുന്നുണ്ട്.

b. കായംകുളം നിലയത്തിനു പ്രകൃതിവാതകലഭ്യത ഉറപ്പുവരുത്തും.

പ്രകൃതിവാതകം ലഭിക്കാത്തതുകാരണം കായംകുളം നിലയം പ്രകൃതിവാതകത്തിലേയ്ക്ക് മാറ്റുന്നത് സംബന്ധിച്ച് എൻ.റ്റി.പി.സി.യുമായി ചേർന്ന് നടത്തുന്ന ശ്രമങ്ങൾ ഇതുവരെ ഫലവത്തായിട്ടില്ല.

210 **a. പുനരുപയോഗ ഊർജ്ജസ്രോതസ്സുകളായ ചെറുകിടജലവൈദ്യുതിപദ്ധതികൾ കാറ്റ്, സൗരോർജ്ജം എന്നിവയിൽനിന്നുള്ള വൈദ്യുതിയുത്പാദനം ത്വരിതഗതിയിൽ വർദ്ധിപ്പിക്കും. 25 ശതമാനം തോതിൽ വാർഷികവളർച്ച കൈവരിച്ച് 2020ഓടെ കേരളത്തിന്റെ ആകെ വൈദ്യുതിയാവശ്യകതയുടെ കുറഞ്ഞത് 10 ശതമാനമെങ്കിലും ഇവയിൽനിന്നെന്ന് ഉറപ്പുവരുത്തും. ഇതിനായി പുനരുപയോഗ വൈദ്യുതിയുത്പാദനശേഷി 2020ഓടെ 1500 മെഗാവാട്ടായി വർദ്ധിപ്പിക്കും. പുരപ്പുറസൗരോർജ്ജവൈദ്യുതിനിലയങ്ങളും തരിശുഭൂമി ഉപയോഗപ്പെടുത്തിയുള്ള സൗരോർജ്ജനിലയങ്ങളും ഡാം റിസർവ്വോയറുകളും കനാലുകളും ഈ പരിപാടിയിലെ മുഖ്യഘടകമായിരിക്കും.**

കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 30 മെഗാവാട്ടിലധികം ചെറുകിട ജലവൈദ്യുത നിലയങ്ങളിൽനിന്നും 150 മെഗാവാട്ടോളം സൗരോർജ്ജത്തിൽനിന്നും 20 മെഗാവാട്ടോളം കാറ്റിൽനിന്നും അധികമായി സ്ഥാപിത ശേഷിയിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ആകെ 20-ഓളം MW ശേഷി വരുന്ന 30-ൽ അധികം പദ്ധതികൾ അടുത്ത രണ്ടു വർഷത്തിനകം പൂർത്തീകരിക്കത്തക്കവിധം സംസ്ഥാനത്തു നടന്നുവരുന്നു.

സംസ്ഥാനത്തിന്റെ നിലവിലുള്ള സൗരോർജ്ജോല്പാദനശേഷി 2021-ഓടെ 1000 മെഗാവാട്ട് ആയി വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ട് ഉർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തി സൗരപദ്ധതി പ്രവർത്തനം ആരംഭിച്ചു. ഇതിൽ 500 മെഗാവാട്ട് പുരപ്പുറനിലയങ്ങളിൽനിന്നാണ് ഉദ്ദേശിക്കുന്നത്. വീടുകൾ, സ്വകാര്യസ്ഥാപനങ്ങൾ, ഷോപ്പിംഗ് മാളുകൾ, സർക്കാർ ഓഫീസുകൾ തുടങ്ങിയ വിവിധങ്ങളായ കെട്ടിടങ്ങൾക്കു മുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ കഴിയും. സൗരപദ്ധതിയിൽ പുരപ്പുറസോളാർ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷകൾ ക്ഷണിക്കുകയും ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയും ചെയ്യുന്നു.

കേരളത്തിലെ റിസർവ്വോയറുകളിൽ പൊങ്ങിക്കിടക്കുന്ന സോളാർ പദ്ധതികളുടെ സാധ്യത ഉപയോഗപ്പെടുത്താൻ സോളാർ എനർജി കോർപ്പറേഷനുമായി ചേർന്ന് പ്രവൃത്തിക്കുവാൻ ധാരണയായിട്ടുണ്ട്. 50 മെഗാവാട്ട് ശേഷിയുള്ള കല്ലട ഫ്ളോട്ടിങ്ങ് സോളാർപ്ലാന്റ് പദ്ധതി 10 മെഗാവാട്ട് ആദ്യഘട്ടത്തിലും ശേഷമുള്ള 40 മെഗാവാട്ട് വിവിധഘട്ടങ്ങളിലായും നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

NTPC യുടെ കായംകുളം താപവൈദ്യുതിനിലയത്തിനോട് ചേർന്ന സ്ഥലത്ത് കരയിലും ജലോപരിതലത്തിലും സോളാർ പാനലുകൾ സ്ഥാപിച്ച് 170 മെഗാവാട്ട് ശേഷിയുള്ള സോളാർ നിലയം നിർമ്മിക്കുവാൻ NTPC യുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്.

പാലക്കാട് സ്വകാര്യമേഖലയിൽ കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ അനുവദിച്ച 10 മെഗാവാട്ട് ശേഷിയുള്ള വൈദ്യുതിനിലയത്തിന്റെ പണി നടന്നുവരുന്നു.

അഗളിയിൽ 8 മെഗാവാട്ട്, രാമക്കൽമേട്ടിൽ രണ്ടു പദ്ധതികളിലായി 4 മെഗാവാട്ട്, കഞ്ചിക്കോട്ട് 6 മെഗാവാട്ട് എന്നിങ്ങനെ പദ്ധതികൾ ഉദ്ദേശിക്കുന്നുണ്ട്.

b. പ്രസരണനഷ്ടം കുറയ്ക്കും.

പ്രസരണ-വിതരണ നഷ്ടം സംസ്ഥാനത്ത് 13% എന്ന സർവ്വകാല റെക്കോർഡിൽ എത്തിക്കാനായി. ഇതുമൂലം പ്രതിവർഷം 110 കോടി രൂപയുള്ള 276 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാനായിട്ടുണ്ട്.

പ്രസരണ ശൃംഖല ശക്തിപ്പെടുത്തി പ്രസരണനഷ്ടം കുറയ്ക്കുന്നതിനുള്ള നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. കഴിഞ്ഞ 3 വർഷത്തിനിടയിൽ രണ്ട് 220 കെ.വി. സബ്സ്റ്റേഷൻ, പത്ത് 110 കെ.വി. സബ്സ്റ്റേഷൻ എന്നിവയുൾപ്പെടെ 35 സബ്സ്റ്റേഷനുകൾ പുതിയതായി നിർമ്മിച്ചു. 5000 കിലോമീറ്റർ എച്ച്.റ്റി ലൈൻ, 12000 കിലോമീറ്റർ എൽ.റ്റി. ലൈൻ, 6000 ട്രാൻസ്ഫോർമറുകൾ എന്നിവ സ്ഥാപിച്ചു.

പ്രസരണമേഖലയിൽ നടപ്പാക്കിവരുന്ന 10,000കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് പദ്ധതിയും KIIFB യുടെ സഹായത്തോടുകൂടി ഈ മിഷന്റെ ഭാഗമായി നടപ്പാക്കുകയാണ്. പ്രസരണശൃംഖല മെച്ചപ്പെടുത്തി പ്രസരണശേഷി വർദ്ധിപ്പിക്കുകയും പ്രസരണനഷ്ടം ഗണ്യമായി കുറയ്ക്കുകയും ചെയ്യുന്നതിനാണ് ഈ പദ്ധതി. അധികമായി ഭൂമി ഏറ്റെടുക്കാതെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. രണ്ടു ഘട്ടങ്ങളിലായി നടപ്പാക്കുന്ന ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഒരു 400 കെ.വി സബ്സ്റ്റേഷൻ പന്ത്രണ്ട് 220 കെ.വി സബ്സ്റ്റേഷനുകൾ, 1214 സർക്യൂട്ട് കി.മീ EHTപ്രസരണലൈനുകൾ എന്നിവയുടെ നിർമ്മാണവും 2021-22 സാമ്പത്തികവർഷത്തിനുള്ളിൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഈ പദ്ധതികൾ പൂർത്തിയാകുന്നതോടു കൂടി പ്രസരണനഷ്ടത്തിൽ പ്രതിവർഷം 521 ദശലക്ഷം യൂണിറ്റിന്റെ കുറവുണ്ടാകുമെന്നും അതുവഴി പ്രതിവർഷം ഏകദേശം 200 കോടി രൂപയുടെ ലാഭം ഉണ്ടാകുമെന്നും കണക്കാക്കുന്നു.

കൂടംകുളം ആണവനിലയത്തിൽനിന്നു സംസ്ഥനത്തിനു ലഭിക്കേണ്ട വൈദ്യുതി സുഗമമായി എത്തിക്കാൻ ലക്ഷ്യമിട്ട് നടപ്പാക്കുന്ന തിരുനെൽവേലി - ഇടമൺ - കൊച്ചി - മാടക്കത്തറ 400 കെ.വി ലൈനിന്റെ ഇടമൺ മുതൽ കൊച്ചി വരെയുള്ള പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പതിറ്റാണ്ടുകളായി തടസ്സപ്പെട്ടിരിക്കുകയായിരുന്നു. സംസ്ഥാനസർക്കാരിന്റെ സജീവമായ ഇടപെടലുകളുടെ ഫലമായി തർക്കപരിഹാരത്തിനായി പ്രത്യേക നഷ്ടപരിഹാരപാക്കേജ് പ്രഖ്യാപിക്കുകയും മുടങ്ങിക്കിടന്ന നിർമ്മാണപ്രവൃത്തികൾ യുദ്ധകാലാടിസ്ഥാനത്തിൽ പുനരാരംഭിക്കുകയും ചെയ്തു. ഇതിനായി സംസ്ഥാനസർക്കാരും വൈദ്യുതിബോർഡും ചേർന്ന് 256 കോടി രൂപയുടെ അധികനഷ്ടപരിഹാരം നല്കും. ത്വരിതഗതിയിൽ പുരോഗമിക്കുന്ന പ്രസ്തുത ലൈനിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്.

തെക്കേ ഇന്ത്യ നേരിടുന്ന പീക്ക് സമയത്തെ വൈദ്യുതിയുടെ ലഭ്യതക്കുറവ് കണക്കിലെടുത്ത് ഹൈവോൾട്ടേജ് ഡയറക്ട് കറണ്ട് സാങ്കേതികവിദ്യ (HVDC) അടിസ്ഥാനമാക്കി സ്ഥാപിക്കുന്ന റായിഗർ - പുഗലൂർ പ്രസരണ ലൈനിന്റെ തുടർച്ചയായി 2000 മെഗാവാട്ട് ശേഷിയുള്ള പുഗലൂർ - തൃശ്ശൂർ പ്രസരണ ലൈനിന്റെ പണി കേരളത്തിൽ നടന്നുവരുന്നു. PGCIL- ആണ് ഇതിന്റെ നിർമ്മാണ ചുമതല ഏറ്റെടുത്തിട്ടുള്ളത്. ആധുനിക വോൾട്ടേജ് സോഴ്സ് കൺവെർട്ടർ (VSC) അടിസ്ഥാനമാക്കിയുള്ള ഈ HVDC ലൈൻ രാജ്യത്തെതന്നെ പ്രഥമസംരംഭമാണ്. പാലക്കാട്, തൃശ്ശൂർ ജില്ലകളിലായി സ്ഥാപിക്കുന്ന പ്രസ്തുത ലൈനിന് വേണ്ട സ്ഥലം ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2019 മാർച്ചിൽ ഈ പദ്ധതി പൂർത്തിയാക്കുന്നതോടുകൂടി കേരളത്തിലേക്ക് 2000 മെഗാവാട്ട് വൈദ്യുതി മറ്റ് സംസ്ഥാനങ്ങളിൽ നിന്നു തടസ്സരഹിതമായി പ്രസരണനഷ്ടം തീരെ കുറച്ച് കൊണ്ടുവരാൻ കഴിയും.

211 2021ഓടെ ജലവൈദ്യുതിപദ്ധതികളിൽനിന്ന് 500 മെഗാവാട്ട് അധികമായി ലക്ഷ്യമിടുന്നു. നിലവിലുള്ള പദ്ധതികളുടെ ശേഷി വർദ്ധിപ്പിക്കൽ, പുതിയവ നടപ്പാക്കൽ, നിലവിലുള്ളവയുടെ വൃഷ്ടിപ്രദേശത്തിന്റെ പുനരുദ്ധാരണം, സംഭരണശേഷി വർദ്ധിപ്പിക്കൽ എന്നിവയെല്ലാം ഈ പരിപാടിയുടെ ഭാഗമാക്കും.

30 മെഗാവാട്ടിലധികം ശേഷി വരുന്ന വിവിധ ചെറുകിട ജലവൈദ്യുതിപദ്ധതികൾ കഴിഞ്ഞ 3 വർഷത്തിനിടയിൽ കമ്മീഷൻ ചെയ്തു. 200 മെഗാവാട്ടോളം ഉല്പാദനശേഷിയുള്ള വിവിധ ജലവൈദ്യുതിപദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നു. നിർമാണം മുടങ്ങിക്കിടന്ന പള്ളിവാസൽപദ്ധതി (60 മെഗാവാട്ട്), തോട്ടിയാർ (60 മെഗാവാട്ട്) ചാത്തൻകോട്ടുനട (6 മെഗാവാട്ട്) 85 ദശലക്ഷം യൂണിറ്റ് വാർഷികഉല്പാദനശേഷി വർദ്ധിപ്പിക്കാൻ കഴിയുന്ന ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി എന്നിവ പുനരാരംഭിച്ചു.

24 മെഗാവാട്ടിന്റെ ഭൂതത്താൻകെട്ട് SHEP, 24 മെഗാവാട്ടിന്റെ ചിന്നാർ, 24 മെഗാവാട്ടിന്റെ പെരിങ്ങൽകുത്ത് SHEP, 7.5 മെഗാവാട്ടിന്റെ പഴശ്ശി സാഗർ, 6 മെഗാവാട്ടിന്റെ പെരുവണ്ണാമൂഴി, 2 മെഗാവാട്ടിന്റെ അപ്പർ കല്ലാർ SHEP എന്നീ പദ്ധതികളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

സ്വകാര്യമേഖലയിൽ ആകെ 47.4 MW ശേഷി വരുന്ന 20 ചെറുകിട ജലവൈദ്യുതിപദ്ധതികൾ അനുവദിച്ചിട്ടു

ണ്ട്. ഇടുക്കി ജലവൈദ്യുതിപദ്ധതിയുടെ 750 മെഗാവാ ട്ടോളം ശേഷിവരുന്ന രണ്ടാംഘട്ടത്തിന്റെ സാധ്യതാപഠ നം നടന്നുവരുന്നു. പൊരിങ്ങൽകുത്ത്, ഷോളയാർ, ഇടുക്കി എന്നീ പദ്ധതികളുടെ നടന്നുവരുന്ന നവീകരണ -പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഉടൻ പൂർത്തിയാകും. കുറ്റ്യാടി പദ്ധതിയുടെ നവീകരണപ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും.

212 വൈദ്യുതിവിതരണശൃംഖലയുടെ വിശ്വാസ്യത (റിലയബിലിറ്റി) വർദ്ധിപ്പിക്കാനും അസ്ഥിരസ്രോതസ്സുകൾ സ്വാംശീകരിക്കാനും സ്മാർട്ട് ഗ്രിഡ് സംവിധാനം ഘട്ടം ഘട്ടമായി നടപ്പാക്കും. പ്രസരണശൃംഖല ശക്തിപ്പെടുത്തും.

സംസ്ഥാനത്തെ വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് അടുത്ത 3 വർഷത്തിനുള്ളിൽ പൂർത്തീകരിക്കത്തക്ക നിലയിൽ 5 പ്രധാന പദ്ധതികൾക്ക് രൂപം നല്കി ഊർജ്ജ കേരള മിഷൻ എന്ന പേരിൽ നടപ്പാക്കുന്നു. വൈദ്യുതിവിതരണശൃംഖല നവീകരിക്കുന്നതിനും വൈദ്യുതിതടസ്സങ്ങൾ കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് 4000കോടി രൂപയുടെ ബൃഹത്തായ പദ്ധതി 'ദ്യുതി 2021' എന്ന പേരിൽ തയ്യാറാക്കി 2 വർഷത്തിനകം പൂർത്തിയാക്കുന്ന വിധത്തിൽ പ്രവർത്തനം നടന്നുവരുന്നു.

വൈദ്യുതിസുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള വിപുലമായ കാമ്പയിൻ പദ്ധതിയാണ് ഇ-സേഫ് വൈദ്യുതിയപകട രഹിതകേരളം എന്നതാണ് പ്രധാന ലക്ഷ്യം. ബി.പി.എൽ./ എസ്.സി.എസ്.ടി. വിഭാഗങ്ങളുടെ വീടുകൾക്ക് സുരക്ഷിതമായ പുനർവൈദ്യുതീകരണത്തിനുള്ള സംവിധാനം ഒരുക്കും. ഉണമേന്മയുള്ള വൈദ്യുതിയുടെ നിരന്തരലഭ്യത ഉറപ്പാക്കുന്നതിനു പുറമേ വൈദ്യുതി വിതരണനഷ്ടം 2021 വർഷത്തോടെ 10.58% ആയി കുറയ്ക്കുന്നതിനും ഈ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നു.

213 a. വൈദ്യുതിയുടെ ഊർജ്ജക്ഷമത വർദ്ധിപ്പിക്കാനും അതുവഴി ആവശ്യകതയെ സ്വാധീനിക്കാനും ജനകീയകാമ്പയിൻ സംഘടിപ്പിക്കും.

ഫലപ്രദമായ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കുന്ന സംസ്ഥാനങ്ങൾക്ക് കേന്ദ്ര ഊർജ്ജ മന്ത്രാലയം നല്കിവരുന്ന ദേശീയ ഊർജ്ജസംരക്ഷണ അവാർഡ് 2016-17, 2017-18 വർഷങ്ങളിൽ കരസ്ഥമാക്കിയത് കേരളമാണ്. ഊർജ്ജ ഓഡിറ്റിംഗ്, ഊർജ്ജ സംരക്ഷണകാമ്പയിനുകൾ തുടങ്ങി ഒട്ടേറെ മികച്ച ഇടപെടലുകൾ നടത്താൻ കേരളത്തിന് കഴിഞ്ഞു. കാസർഗോഡ് ജില്ലയിലെ പിലിക്കോട് പഞ്ചായത്ത് ഫിലമെന്റ് ബൾബ് ഇല്ലാത്ത രാജ്യത്തെ ആദ്യത്തെ പഞ്ചായത്തായി മാറി. വലിയ ജനപങ്കാളിത്തത്തോടെയാണ് ഈ നേട്ടം കൈവരിച്ചത്. ഈ പ്രവർത്തനം സംസ്ഥാനമൊട്ടാകെ ഘട്ടംഘട്ടമായി വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്കും വിവിധ സ്ഥാപനങ്ങൾക്കും അനുയോജ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കുന്നതിനും അവ സ്ഥാപിക്കുന്നതിനും അവയുടെ പരിപാലനത്തിനും ആവശ്യമായ സാങ്കേതികസഹായം ലഭ്യമാക്കുന്നതിനുതകുന്ന സേവനകേന്ദ്രങ്ങൾ അസംബ്ലി നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന കണക്കിന് 140 എണ്ണം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി.

b. ഊർജ്ജക്ഷമതയേറിയ വൈദ്യുതോപകരണങ്ങൾ പ്രോത്സാഹിപ്പിക്കും. ഇവയിൽ പലതും സൗജന്യമായി ജനങ്ങൾക്കു നല്കിയാലും, അതിൽനിന്നു ലാഭിക്കുന്ന വൈദ്യുതി ഉത്പാദിപ്പിക്കാൻ വേണ്ട സ്ഥാപനശേഷിയ്ക്കു വരുന്ന മുതൽമുടക്കു കണക്കാക്കുമ്പോൾ, ലാഭകരമായിരിക്കും. എല്ലാ സ്ഥാപനങ്ങളിലും ഊർജ്ജ ഓഡിറ്റ് നടത്തി ദുർവ്യയം ഒഴിവാക്കും.

സംസ്ഥാനത്ത് വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് അടുത്ത രണ്ട് വർഷത്തിനകം പൂർത്തീകരിക്കത്തക്കവിധം ഊർജ്ജ കേരള മിഷൻ എന്ന പേരിൽ രൂപം നല്കിയ 5 പ്രധാന പദ്ധതികളിൽ ഒന്നാണ് ഫിലമെന്റ് രഹിത കേരളം. എല്ലാ വീടുകളിലേയും ബൾബുകൾ മാറ്റി കാര്യക്ഷമതയും ഗുണമേന്മയുമുള്ള എൽ.ഇ.ഡി. ബൾബുകളും ട്യൂബുകളും സ്ഥാപിക്കുന്ന പ്രവർത്തനം സംസ്ഥാനതലത്തിൽ ഏറ്റെടുത്ത് നടത്തുകയാണ് ഫിലമെന്റ് രഹിത കേരളം കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നത് വഴി പ്രതിദിനം 2.5 ദശലക്ഷം ടൺ CO_2 വാതകവും 600 കിലോഗ്രാം മെർക്കുറിയും അന്തരീക്ഷത്തിലേക്ക് പുറം തള്ളുന്നത് ഒഴിവാക്കാനാകും, കൂടാതെ പീക്ക് ലോഡ് കുറയ്ക്കുന്നതിനും ഈ പദ്ധതി സഹായകരമാകും.

കാര്യക്ഷമത കുറഞ്ഞ വിളക്കുകൾ, ഫാൻ തുടങ്ങിയ വൈദ്യുതോപകരണങ്ങൾ മാറ്റി കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. വിളക്കുകളും സ്റ്റാർ റേറ്റഡ് വൈദ്യുതോപകരണങ്ങളും മറ്റും സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള സർവ്വേകൾ പരിശീലനപരിപാടികൾ, ബോധവൽക്കരണ ക്ലാസ്സുകൾ തുടങ്ങിയവ പൊതുജനപങ്കാളിത്തത്തോടെ നടത്തിവരുന്നു.

214 വ്യാവസായികസംരംഭങ്ങൾക്ക് ഉദാരമായ വ്യവസ്ഥകളിൽ ക്യാപ്റ്റീവ് അടിസ്ഥാനത്തിൽ വൈദ്യുതിനിലയങ്ങൾക്ക് അനുമതി നല്കും.

2.1 മെഗാവാട്ടിന്റെ കാറ്റാടി നിലയം ക്യാപ്റ്റീവ് അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കാപ്ടീവ് അടിസ്ഥാനത്തിലുള്ള 10 മെഗാവാട്ടിന്റെ മറ്റൊരു സംരംഭത്തിന് പാലക്കാട് ജില്ലയിൽ അനുമതി നല്കിയിട്ടുണ്ട്.



ദശാബ്ദങ്ങൾക്കൊടുവിൽ എൽ.ഡി.എഫ്. സർക്കാർ നിർമ്മാണം പൂർത്തിയാക്കിയ കൊല്ലം ബൈപാസ്

215 എൻ.എച്ച് 47ഉം എൻ.എച്ച് 17ഉം നാലുവരിപ്പാതയുടെ നിലവാരത്തിൽ ശക്തിപ്പെടുത്തുകയും വീതികൂട്ടുകയും ചെയ്യും. എം.സി. റോഡ് നവീകരണം പൂർത്തിയാക്കും.

കാസർഗോഡ് - തിരുവനന്തപുരം പാത നാലുവരി വികസനം.

(എ). ഇതിൽപ്പെട്ട തലശ്ശേരി - മാഹി ബൈപ്പാസ് ടെണ്ടർ അംഗീകരിച്ച് കരാർ വെച്ച് പ്രവൃത്തി ആരംഭിച്ചു. കോഴിക്കോട് ബൈപ്പാസ് ടെണ്ടർ അംഗീകരിച്ചു കരാർ വെച്ചു. കാസർഗോഡ് ജില്ലയിലെ നീലേശ്വരം പള്ളിക്കര റെയിൽവേ മേൽപ്പാലം പ്രോജക്ട് സ്റ്റാൻഡ് എലോൺ ആയി പ്രവൃത്തി ആരംഭിച്ചു. കഴക്കൂട്ടം ഫ്ലൈ ഓവറും പ്രവൃത്തി തുടങ്ങി. കാസർഗോഡ് തലപ്പാടി മുതൽ കാലിക്കടവ് വരെയുള്ള ഭാഗം ടെണ്ടർ അംഗീകാരത്തിനായി കേന്ദ്രമന്ത്രാലയത്തിലാണ്. മറ്റു ഭാഗങ്ങളിൽ അതിരുകൾ നിശ്ചയിച്ച കല്ലിടുന്ന നടപടികൾ പുരോഗമിക്കുന്നു. എൻ.എച്ച്.എ.ഐയുടെ ഭാഗത്തു നിന്നുള്ള പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്.

കാസർഗോഡ് മുതൽ കഴക്കൂട്ടം വരെയുള്ള മുഴുവൻ ഭാഗങ്ങളിലും 3(അ) വിജ്ഞാപനം ഇറങ്ങിക്കഴിഞ്ഞു. സർവ്വേയും ഭൂമിയെടുക്കൽ നടപടിയും പുരോഗമിക്കുന്നു. നവംബർ 2018-ഓടെ മുഴുവൻ ഭാഗങ്ങളിലും പ്രവൃത്തികൾ ടെണ്ടർ ചെയ്യാനാകുമെന്നാണു ദേശീയപാത അതോറിറ്റി അറിയിച്ചിരുന്നതെങ്കിലും അത് പ്രാവർത്തികമാക്കാൻ എൻ.എച്ച്.എ.ഐ ക്കു സാധിച്ചിട്ടില്ല.

ദേശീയപാത അതോറിറ്റി നേരിട്ട് ചെയ്യുന്ന വടക്കഞ്ചേരി - തൃശ്ശൂർ നാലുവരിപ്പാത (കുതിരാൻ ടണൽ ഉൾപ്പെടെ) പ്രവൃത്തി അന്തിമഘട്ടത്തിലാണ്. സംസ്ഥാന ഫണ്ട് ഉപയോഗിച്ച് ദേശീയപാതയിലെ കരമന - കളിയിക്കാവിള ഭാഗത്തെ രണ്ടാം റീച്ച് ടെണ്ടർ ചെയ്തു. പ്രവൃത്തി അതിവേഗത്തിൽ പുരോഗമിക്കുന്നു.

(ബി). എം.സി റോഡിലെ കഴക്കൂട്ടം - അടൂർ റോഡ് മാതൃകാകോറിഡോറായി കെ.എസ്.റ്റി.പി വഴി പ്രവൃത്തി നടക്കുന്നു. നിർമ്മാണോദ്ഘാടനം ഈ സർക്കാർ ചെയ്തു. നല്ല പുരോഗതിയിലാണ്.

ചെങ്ങന്നൂർ മുതൽ മുവാറ്റുപുഴ വരെ 86.36 കിലോമീറ്റർ റോഡ് കെ.എസ്.റ്റി.പി പൂർത്തിയാക്കി. 2019 ഫെബ്രുവരിയിൽ നാടിനു സമർപ്പിച്ചു.

കാലങ്ങളായി സാങ്കേതികപ്രശ്നങ്ങളിൽ കുരുങ്ങിക്കിടക്കുന്ന 699 കോടിയുടെ പുനലൂർ - പൊൻകുന്നം റോഡ് കെ.എസ്.റ്റി.പി മുഖേന മൂന്ന് റീച്ചുകളായി ടെണ്ടർ ചെയ്തു. ഈ സാമ്പത്തികവർഷം പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

തിരുവല്ല ബൈപ്പാസ്, തിരുവല്ല ടൗൺ നവീകരണം എന്നിവയും കെ.എസ്.റ്റി.പി മുഖേന ഏറ്റെടുത്തു ടെണ്ടർ കഴിഞ്ഞു.

(സി). ആലപ്പുഴ ജില്ലയിലെ പുറക്കാട് - പാതിരപ്പള്ളി റോഡ് കോൾഡ് ഇൻ പ്ലേസ് റീസൈക്ലിംഗ് ജർമ്മൻ സാങ്കേതികവിദ്യ പ്രകാരം പുനർനിർമ്മിച്ചു. നിലവിലുള്ള റോഡ് പ്രതലം പൊളിച്ചെടുത്തു പുനരുപയോഗിക്കുന്ന

രീതിയാണിത്. ശബ്ദമലിനീകരണം, വായുമലിനീകരണം, നിർമ്മാണമാലിന്യങ്ങൾ എന്നിവ പരമാവധി കുറയ്ക്കുന്ന പരിസ്ഥിതിസൗഹൃദ രീതിയാണിത്. ഇതു മറ്റു മേഖലകളിലേക്കു വ്യാപിപ്പിക്കുന്നത് പരിഗണനയിലാണ്.

216 a. കേരളത്തിലെ എല്ലാ സംസ്ഥാനപാതകളും ജില്ലാറോഡുകളും ബി.എം.&ബി.സി. റോഡുകളായി നവീകരിക്കും.

സംസ്ഥാനപാതകളും പ്രധാന ജില്ലാപാതകളും പടിപടിയായി ബി.എം&ബി.സി യായി ഉയർത്തിവരുന്നു. 2621 കിലോമീറ്റർ റോഡ് ഇത്തരത്തിൽ ബി.എം& ബി.സി നിലവാരത്തിൽ സംസ്ഥാനബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നവീകരിച്ചു. 147 റോഡുകൾ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്നതിനായി 4499.20 കോടി രൂപയ്ക്കുള്ള സാമ്പത്തികാംഗീകാരം ലഭിച്ചു.

റോഡുകളുടെ നവീകരണത്തിനായി സംസ്ഥാനത്തെ 140 മണ്ഡലങ്ങളിൽ ഒരേ പരിഗണന നല്കി. 2016-17, 2017-18, 2018-19 വർഷത്തിൽ പ്ലാനിൽ ഉൾപ്പെടുത്തി യഥാക്രമം 1224.64 കോടി രൂപ, 1788.44 കോടി രൂപ, 1671 കോടി രൂപ അടക്കം ആകെ 4684.54 കോടി രൂപയ്ക്കുള്ള ഭരണാനുമതി നല്കി.

നബാർഡിൽ ഉൾപ്പെടുത്തി 2016-17, 2017-18, 2018-19 വർഷത്തിൽ യഥാക്രമം 177.80, 146.68, 484.16 കോടി രൂപയ്ക്കും കേന്ദ്ര റോഡ് ഫണ്ടിൽനിന്നു 2016-17, 2017-18, 2018-19 വർഷത്തിൽ യഥാക്രമം 397, 214.93, 801 കോടി രൂപയ്ക്കുമുള്ള ഭരണാനുമതി ലഭ്യമാക്കി.

b. അപൂർണ്ണമായ എല്ലാ ബൈപ്പാസുകളും എല്ലാ റെയിൽവേ മേൽപ്പാലങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കും.

റെയിൽവേ മേൽപ്പാലങ്ങൾ : കോഴിക്കോട് പന്നിയങ്കര റെയിൽവേ മേൽപ്പാലം, എറണാകുളം എൂർ റെയിൽവേ മേൽപ്പാലം എന്നിവ ഉദ്ഘാടനം ചെയ്തു. കോഴിക്കോട് കുഞ്ഞിപ്പള്ളി റെയിൽവേ മേൽപ്പാലം, ലാൻഡ് അക്വസിഷൻ പ്രശ്നം കാരണം തടസ്സപ്പെട്ടിരിക്കുകയായിരുന്നു. കേസും തർക്കവും തീർപ്പാക്കി നാലു മാസംകൊണ്ട് ബാക്കി പ്രവൃത്തി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു. കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ആർ.ഒ.ബി നിർമ്മാണം ആരംഭിച്ചു. 18 മാസത്തിനകം പൂർത്തീകരിക്കും. കിഫ്ബി വഴി 15 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് അംഗീകാരമായി. ലാൻഡ് അക്വസിഷൻ നടപടികൾ പുരോഗതിയിലാണ്. ഈ സാമ്പത്തികവർഷം ആരംഭിക്കും.

പാലാരിവട്ടം ഫ്ളൈഓവർ പൂർത്തിയായി. നാലു മേൽപ്പാലങ്ങൾക്ക് ഭൂമിയെടുക്കൽ പുരോഗമിക്കുന്നു. കേരളത്തിലെ ഏറ്റവും തിരക്കേറിയ ജംഗ്ഷനുകളായ വൈറ്റില, കുണ്ടന്നൂർ ഫ്ളൈ ഓവറുകൾ കിഫ്ബി വഴി ഏറ്റെടുത്തു പണി വേഗതയിൽ പുരോഗമിക്കുന്നു. എടപ്പാൾ മേൽപ്പാലം ആരംഭിച്ചു. കൊടുമുണ്ട മേൽപ്പാലം ലാൻഡ് അക്വസിഷൻ നടക്കുന്നു.

ബൈപ്പാസ് : കൊല്ലം, ആലപ്പുഴ എൻ.എച്ച് ബൈപ്പാസുകൾ തടസ്സപ്പെട്ടു കിടക്കുകയായിരുന്നു. കൊല്ലം ബൈപ്പാസ് പ്രവൃത്തി പൂർത്തീകരിച്ച് നാടിനു സമർപ്പിച്ചു. ആലപ്പുഴ ബൈപ്പാസ് പ്രവൃത്തി അവസാനഘട്ടത്തിലാണ്. റെയിൽവേയുടെ അനുമതി ലഭിക്കാത്തതാണ് കാലതാമസത്തിനു കാരണം. മലപ്പുറം ജില്ലയിലെ കോട്ടപ്പടി, മലപ്പുറം ബൈപ്പാസ് വർഷങ്ങളായി കേസും തർക്കവുമായി തടസ്സപ്പെട്ടിരുന്നു. ഇപ്പോൾ പരിഹരിച്ചു തുറന്നു കൊടുത്തു. ബാക്കി പ്രവൃത്തി ഉടൻ ആരംഭിക്കും. കഞ്ഞിപ്പുര - മൂടാൽ ബൈപ്പാസ് പ്രവൃത്തിക്കു ഭൂമിയെടുപ്പിനുള്ള ബാക്കി തുക അനുവദിച്ചു. മുടങ്ങിയ പ്രവൃത്തി പുനരാരംഭിച്ചു. കിഫ്ബി അംഗീകാരം ലഭിച്ച മൂന്നു ബൈപ്പാസുകളുടെ ലാൻഡ് അക്വിസിഷൻ പുരോഗമിക്കുന്നു.

c.മെയിന്റനൻസ് കോണ്ട്രാക്ടോടുകൂടി ആയിരിക്കും ഇവ ടെൻഡർ വിളിക്കുക. റബ്ബറൈസ്ഡ് റോഡുകൾ പ്രോത്സാഹിപ്പിക്കും.

ശബരിമലയിലേയ്ക്കുള്ള റോഡുകൾ, കെ.എസ്.റ്റി.പി റോഡുകൾ, ആർ.ഐ.സി.കെ ഏറ്റെടുക്കുന്ന റോഡുകൾ എന്നിവ മെയിന്റനൻസ് കോൺട്രാക്ടോടുകൂടിയാണ് നടപ്പാക്കിവരുന്നത്. 590 കിലോമീറ്റർ റോഡ് ഇത്തരത്തിൽ നവീകരിച്ചു. ഇതിൽ 410 കിലോമീറ്റർ റോഡിൽ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചു.

217 a. കഴിഞ്ഞ ഇടതുമുന്നണിസർക്കാർ സംസ്ഥാനപാതയായി പ്രഖ്യാപിച്ച തിരുവനന്തപുരം മുതൽ കാസർഗോഡുവരെയുള്ള ഹിൽ ഹൈവേ വികസനം പൂർത്തിയാക്കും.

സംസ്ഥാനത്ത് കാസർഗോഡ് നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം പാറശ്ശാല വരെ 13 ജില്ലകളിലായി 1251 കിലോമീറ്റർ നീളത്തിൽ മലയോരഹൈവേ പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി 3500 കോടി രൂപ ചിലവഴിച്ച് ഏറ്റെടുക്കാൻ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ 110 കിലോമീറ്റർ മലയോരഹൈവേ പദ്ധതി ഏറ്റെടുത്ത് പുരോഗമിച്ചുവരുന്നു. മറ്റു ജില്ലകളിൽ സ്ഥലം ലഭ്യമായ ഒന്നാംഘട്ട പ്രവർത്തനങ്ങളിൽ 23 റീച്ചുകളുടെ ഡി.പി.ആർ കിഫ്ബിക്കു സമർപ്പിച്ചു. ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി 18 റീച്ചുകളിലായി 453.015 കിലോമീറ്റർ റോഡുകൾ മലയോര ഹൈവേയായി ഉയർത്തുന്നതിന് 1517.07 കോടി രൂപയ്ക്കുള്ള സാമ്പത്തികാനുമതി കിഫ്ബയിൽനിന്നു ലഭ്യമാക്കി. മലയോര ഹൈവേ പ്രവൃത്തികമാക്കുന്നതിനായി റോഡ് വികസനത്തിന് ആവശ്യമായി വരുന്ന സ്ഥലം റോഡിന് ഇരുവശമുള്ള സ്ഥലമുടമകൾ സൗജന്യമായി സർക്കാരിന് വിട്ട് നൽകേണ്ടതുണ്ട്.

സ്ഥലം സൗജന്യമായി ലഭ്യമായ തിരുവനന്തപുരം ജില്ലയിലെ 2 റീച്ചുകളിലായി 36.58 കിലോമീറ്റർ നീളത്തിൽ 108.55 കോടി രൂപയുള്ള പ്രവൃത്തികളും കൊല്ലം ജില്ലയിൽ 48.10 കിലോമീറ്റർ നീളത്തിൽ 201.67 കോടി രൂപയും കാസർഗോഡ് ജില്ലയിൽ 2 റീച്ചുകളിലായി 47.40 കിലോമീറ്റർ നീളത്തിൽ 147.10 കോടി രൂപയുമുള്ള പ്രവൃത്തികളും പുരോഗമിച്ചുവരുന്നു. (ആകെ 5 റീച്ചുകളിലായി 132.08 കിലോമീറ്റർ നീളത്തിൽ 457.29 കോടി രൂപയുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു). മറ്റു റീച്ചുകളിൽ സ്ഥലം സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വനഭൂമി ആവശ്യമുള്ള സ്ഥലങ്ങളിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വനം വകുപ്പുമായി ചേർന്ന് നടത്തിവരുന്നു.

b. പൊന്നാനി മുതൽ കോഴിക്കോടു വരെയുള്ള തീരദേശഹൈവേയും അതിവേഗം പൂർത്തിയാക്കും.

പൊന്നാനി മുതൽ കോഴിക്കോട് വരെയുള്ള തീരദേശപാത സംസ്ഥാനഹൈവേയുടെ ഭാഗമായി ഡി.പി.ആർ സമർപ്പിച്ചു. ഇതിൽ വരുന്ന പാലത്തിന് ആർ.ബി.ഡി.സി.കെ ഇൻവെസ്റ്റിഗേഷൻ നടപടികൾ എടുത്തുവരുന്നു. ഇതു പ്രത്യേകമായി ചെയ്യുന്നു. തീരദേശഹൈവേ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ അലൈൻമെന്റ് അംഗീകരിച്ചു. കിഫ്ബിയിൽ 6500 കോടി നീക്കി വെച്ചിട്ടുണ്ട്. വ്യത്യസ്ത റീച്ചുകളിലായി 10 ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചു. മലപ്പുറം ജില്ലയിലെ പടിഞ്ഞാറെക്കര മുതൽ ഉണ്ണിയാൽ വരെ കി.മീ 0/000 - 15/000 വരെയുള്ള റീച്ചിന് 52.78 കോടി രൂപയുള്ള കിഫ്ബിയുടെ സാമ്പത്തികാംഗീകാരം ലഭ്യമാക്കി ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിച്ചു. ബാക്കി ഭാഗത്തുള്ള ഇൻവെസ്റ്റിഗേഷൻ നടപടികളും സ്ഥലം ലഭ്യമാക്കുന്ന നടപടികളും സ്വീകരിച്ചുവരുന്നു.

218 a. ഹൈവേകളുടെയും റോഡുകളുടെയും സംരക്ഷണവും അറ്റകുറ്റപ്പണികളും കാര്യക്ഷമമായി നടപ്പിലാക്കാനുള്ള സംവിധാനങ്ങൾ ആവിഷ്കരിക്കും.

ഒരു ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ മെയിന്റനൻസ് വിഭാഗം രൂപവത്ക്കരിച്ചു. പുതുതായി ഒരു ചീഫ് എഞ്ചിനീയർ തസ്തിക സൃഷ്ടിച്ചു.

സംസ്ഥാനത്തെ 140 മണ്ഡലങ്ങൾക്കും രാഷ്ട്രീയവേർതിരിവില്ലാതെ ഒരേ പരിഗണന നല്കി ഫണ്ടുകൾ നല്കിക്കൊണ്ട് ഉപരിതലം പുതുക്കലടക്കമുള്ള അറ്റകുറ്റപ്പണികൾ നടത്തി റോഡുകൾ യാത്രായോഗ്യമാക്കി. 2018 ജൂലൈ - ആഗസ്റ്റ് മാസങ്ങളിലുണ്ടായ കനത്ത മഴയും വെള്ളപ്പൊക്കവും മൂലം തകർന്ന റോഡുകൾ യുദ്ധകാലാടിസ്ഥാനത്തിൽ ഗതാഗതയോഗ്യമാക്കി. ഇതുവരെ ആകെ 6055 കിലോമീറ്റർ റോഡുകളുടെ പുനരുദ്ധാരണം നടപ്പിലാക്കി. ദീർഘകാലം നിലനിൽക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി 2621 കിലോമീറ്റർ റോഡുകൾ ബി.എം& ബി.സി നിലവാരത്തിൽ ഉയർത്തി.

അറ്റകുറ്റപ്പണികൾക്കായി നോൺ പ്ലാൻ ഇനത്തിൽ 2016-17, 2017-18, 2018-19 വർഷത്തിൽ യഥാക്രമം 386.96, 448.25, 882.78 കോടി രൂപയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നല്കി നടപ്പിലാക്കി. ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി 68.11 കോടി രൂപയുള്ള ഭരണാനുമതി നല്കി നടപ്പിലാക്കി.

b. സർക്കാരുടമസ്ഥതയിൽ മൊബൈൽ റോഡ് റിപയർ യൂണിറ്റ് എന്ന ആശയം നടപ്പിലാക്കിയാൽ റോഡിലുണ്ടാകുന്ന കുഴികൾ വേഗത്തിൽ നന്നാക്കാനും അതുവഴി അപകടങ്ങൾ കുറയ്ക്കാനും സാധിക്കും.

b. റോഡിന്റെ ഉപരിതലത്തിന്റെ റിപ്പയർ അടിയന്തിരമായി നടപ്പാക്കുന്നതിനായി കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ കന്താൾ മിക്സ് വിജയകരമായി പരീക്ഷിച്ചു. ഇതിന്റെ ഉപയോഗം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

c. ദീർഘകാലമെയിന്റൻസ് കോണ്ട്രാക്ട് വ്യവസ്ഥകൾ ഉൾപ്പെടുത്തിയായിരിക്കും പ്രധാന റോഡുകൾ ടെൻഡർ ചെയ്യുക.

ദീർഘകാല മെയിന്റനൻസ് കോൺട്രാക്ട് വ്യവസ്ഥകൾ ഉൾപ്പെടുത്തി പദ്ധതികൾ ടെണ്ടർ ചെയ്തുവരുന്നു. ഇത്തരത്തിൽ 590 കിലോമീറ്റർ റോഡ് ടെണ്ടർ ചെയ്ത പ്രവൃത്തികൾ നടന്നുവരുന്നു. RICK ന്റെ കീഴിൽ 25 കിലോമീറ്റർ റോഡ് 15 വർഷത്തെ മെയിന്റനൻസോടുകൂടി പൂർത്തീകരിച്ചു. കൂടാതെ ആലപ്പുഴ, എറണാകുളം, തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലായി 162.39 കിലോമീറ്റർ റോഡുകൾ 15 വർഷകാലാവധിയിൽ ഏറ്റെടുക്കാൻ അനുമതി നല്കിയിട്ടുണ്ട്. കെ.ആർ.എഫ്.ബി വഴി 15 വർഷ മെയിന്റനൻസ് കരാർ ഉൾപ്പെടെ ഏറ്റെടുത്ത കോഴിക്കോട് നഗരവികസനപദ്ധതി പൂർത്തീകരിച്ചു. ആലപ്പുഴ ജില്ലയിൽ ടെണ്ടർ പൂർത്തിയായി, പ്രോജക്ട് ആരംഭിച്ചു. കണ്ണൂർ സിറ്റി പ്രോജക്ട് ഭൂമിയെടുപ്പ് നടപടികൾ ആരംഭിച്ചു. കൊല്ലം ഡി.പി.ആർ തയ്യാറാക്കുന്നു.

219 a. സ്ഥലമേറ്റെടുക്കലിനു പൂർണ്ണമായ നഷ്ടപരിഹാരവും പുനരധിവാസപാക്കേജും നല്കും.

2013-ലെ കേന്ദ്ര സർക്കാരിന്റെ ഭൂമി ഏറ്റെടുക്കൽ നിയമമനുസരിച്ച് ദേശീയപാത നാലുവരി വികസനത്തിനു ഭൂമി ഏറ്റെടുക്കാനുള്ള തുക ദേശീയപാത അതോറിറ്റി നല്കിവരുന്നു.

സംസ്ഥാനസർക്കാർ ഏറ്റെടുത്ത കരമന - കളിയിക്കാവിള ഭാഗത്ത് സംസ്ഥാനസർക്കാർ ഫണ്ട് ഉപയോഗിച്ച് 2013 നിയമപ്രകാരം ഭൂമിക്കു നഷ്ടപരിഹാരം നല്കി



രാജ്യത്തെ ആദ്യ സോളാർ ബോട്ട് സർവ്വീസ്

വരുന്നു. സോഷ്യൽ ഇംപാക്ട് പഠനത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നല്കുന്നുണ്ട്. ഭൂമിയുടെ വിലയ്ക്കു പുറമെ അതിലെ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള ചമയങ്ങൾക്കും കൃത്യമായ നഷ്ടപരിഹാരം നല്കുന്നുണ്ട്.

b. ഇതിനുവേണ്ടി പ്രത്യേക കമ്പനി രൂപവത്ക്കരിക്കുകയും സഹകരണമേഖലയിൽനിന്നു വായ്പ ലഭ്യമാക്കുകയും ചെയ്യും.

നടപ്പാക്കിയിട്ടില്ല.

220 **പൊതുഗതാഗതകാര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട് സ്വകാര്യവാഹനങ്ങളുടെ പെരുപ്പംകൊണ്ട് ഉണ്ടാകുന്ന ഗതാഗതക്കുരുക്കുകളും അപകടങ്ങളും പരിസ്ഥിതിമലിനീകരണവും ഗണ്യമായ തോതിൽ കുറയ്ക്കാൻ ഇടപെടും. വൈദ്യുതി / ബാറ്ററികൊണ്ട് ഓടുന്ന വാഹനങ്ങൾ, സി.എൻ.ജി. ബസുകൾ, മെട്രോ / ലൈറ്റ് റെയിൽ സംവിധാനങ്ങൾ, മെമു സർവ്വീസ് തുടങ്ങിയുള്ള പരിസ്ഥിതി സൗഹൃദ ഗതാഗതമാർഗ്ഗങ്ങൾ ഘട്ടം ഘട്ടമായി അവലംബിക്കും.**

സംസ്ഥാന ഇലക്ട്രിക് വെഹിക്കിൾ നയം അംഗീകരിച്ചു. പരിസ്ഥിതിമലിനീകരണം കുറയ്ക്കുന്നതിനായി പരമ്പരാഗത ഫോസിൽ ഇന്ധനങ്ങൾ (പെട്രോൾ, ഡീസൽ) ഒഴിവാക്കികൊണ്ട് പരിസ്ഥിതിസൗഹൃദമായ ഇലക്ട്രിക് വാഹനങ്ങൾ ആരംഭിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. സാങ്കേതികരംഗത്തും തൊഴിൽരംഗത്തും വളർച്ച കൈവരിക്കുന്നതിന് ഇത് പ്രയോജനപ്പെടുന്നതാണ്. പരിസ്ഥിതിസൗഹൃദവാഹനങ്ങൾ നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി 10 ഇലക്ട്രിക് ബസ്സുകളും ഒരു സി.എൻ.ജി ബസ്സും കെ.എസ്.ആർ.ടി.സി സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഇലക്ട്രിക് ചാർജ്ജിംഗ് സെന്ററുകളും സി.എൻ.ജി ഫില്ലിംഗ് സ്റ്റേഷനുകളും ആരംഭിച്ചിട്ടുണ്ട്. എൽ.പി.ജി/ എൽ.എൻ.ജി/ സി.എൻ.ജി/ ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ പെർമിറ്റ് കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം ജില്ലകളിൽ 3000 ആയി നിശ്ചയിക്കുകയും അതിൽ 2000 പെർമിറ്റുകൾ ഇലക്ട്രിക് ഓട്ടോ റിക്ഷകൾക്ക് മാത്രമായി നിജപ്പെടുത്തുകയും ചെയ്തു. ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് 50 ശതമാനവും മറ്റ് ഇലക്ട്രിക് വാഹനങ്ങൾക്ക് 25 ശതമാനവും നികുതിയിളവ് പ്രഖ്യാപിച്ചു.

സേഫ് കേരള പ്രോജക്ട് : ശബരിമല സേഫ് സോൺ പദ്ധതിയുടെ വിജയത്തെത്തുടന്ന് പ്രസ്തുത പദ്ധതി സംസ്ഥാനവ്യാപകമായി നടപ്പിലാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രഖ്യാപിച്ച സേഫ് കേരള പ്രോജക്ടിനായി മോട്ടോർവാഹനവകുപ്പിൽ പുതുതായി 51 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപവത്ക്കരിക്കുകയും നിലവിലുള്ളത് ഉൾപ്പെടെ ആകെ 85 സ്ക്വാഡുകളിലേക്കായി 187 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, 65 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, 10 ആർ.ടി.ഒ. എന്നീ തസ്തികകൾ സൃഷ്ടിക്കുകയും പി.എസ്.സി. മുഖാന്തരം നിയമിക്കപ്പെട്ട എ.എം.വി. ഐ.മാർ ട്രെയിനിംഗ് പൂർത്തിയാക്കി ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ ധനസഹായത്തോടെ പദ്ധതിക്ക് ആവശ്യമായ വാഹനങ്ങൾ വെറ്റ് ലീസ് അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികളും കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതി നുമുള്ള നടപടികളും അന്തിമ ഘട്ടത്തിലാണ്.

കേരള റോഡ് സേഫ്റ്റി അതോറിറ്റി : ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡ് സുരക്ഷാപ്രവർത്തനങ്ങൾക്കായി കേരള റോഡ് സേഫ്റ്റി അതോറിറ്റി മുഖാന്തരം 2015-16 മുതൽ 2018-19 വരെ 50.61 കോടി

രൂപ വിനിയോഗിച്ചിട്ടുണ്ട്. ഇതിൽ പൊലീസ് വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ ശുഭയാത്രാപദ്ധതിക്കായി 7 കോടി രൂപയും ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുന്നതിനും ട്രാഫിക് നവീകരിക്കുന്നതിനുമായി 2.62 കോടി രൂപയും വിനിയോഗിക്കുകയുണ്ടായി. കൂടാതെ, ശബരിമല സേഫ് സോൺ പദ്ധതിക്കായി 2.82 കോടി രൂപയും ബ്ലാക്ക് സ്പോട്ടുകൾ പരിഹരിക്കുന്നതിനായി ഒരു കോടി രൂപയും ടോമാ കെയറിനായി 4.5 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

221 **a. സൈക്കിൾ യാത്രക്കാർക്കും കാൽനടക്കാർക്കുമുള്ള പ്രത്യേക പാതകൾ, പാർക്കുകളുടെ ശൃംഖല, ഫുട് ഓവർ ബ്രിഡ്ജുകൾ, ഫ്ളൈഓവറുകൾ, സബ്വേകൾ എന്നിവയ്ക്ക് ഒരു സമഗ്രപദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കും.**

കാൽനടയാത്രക്കാർക്കുള്ള പ്രത്യേകപാത സ്കൈവാക്ക് പദ്ധതി കോട്ടയം ജില്ലയിൽ നടപ്പിലാക്കിവരുന്നു. തിരുവനന്തപുരത്തെ കിഴക്കേക്കോട്ട, മെഡിക്കൽ കോളെജ്, കോട്ടൺഹിൽ എന്നീ മേഖലകളിൽ നടപ്പാതമേൽപ്പാലവും നിർമ്മിക്കാൻ പദ്ധതി രൂപവത്ക്കരിച്ചുവരുന്നു. പാർക്കുകളുടെ ശൃംഖല, ഫൂട് ഓവർ ബ്രിഡ്ജുകൾ, ഫ്ലൈ ഓവറുകൾ, സബ്വേകൾ എന്നിവ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തുവരുന്നു. തീരദേശ ഹൈവേയിൽ സ്ഥലലഭ്യതക്കനുസരിച്ച് സൈക്കിൾ പാത നിർമ്മിക്കുന്നതിന് തത്വത്തിൽ അംഗീകാരം നല്കിയിട്ടുണ്ട്.

b. സംസ്ഥാനസർക്കാർ നിർമ്മിക്കുന്ന ഒരു റോഡും പാലവും ടോൾ അധിഷ്ഠിതമായിരിക്കില്ല. അനധികൃതമായ ടോൾ പിരിവുകൾ നിർത്തലാക്കും.

ഈ സർക്കാർ പുതുതായി നിർമ്മിച്ച റോഡുകൾക്കും പാലങ്ങൾക്കും ടോൾ ഏർപ്പെടുത്തിയിട്ടില്ല. സംസ്ഥാനസർക്കാരിന്റെ നിയന്ത്രണത്തിലുള്ള 27 പാലങ്ങളിൽ ടോൾ ഈ സർക്കാർ നിർത്തലാക്കിയിട്ടുണ്ട്.

222 **a. കെ.എസ്.ആർ.ടി.സി.യുടെ കടഭാരം ഏറ്റെടുക്കലടക്കം സമഗ്രമായ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കും.**

സമഗ്രപുനരുദ്ധാരണപാക്കേജിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്ന സമർപ്പിച്ച പ്രാഥമികറിപ്പോർട്ട് തൊഴിലാളികളുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു. പുനരുദ്ധാരണപാക്കേജിന്റെ ഭാഗമായി ദേശസാൽകൃത ബാങ്കുകളുടെ കൺസോർഷ്യത്തിൽനിന്നു 3350 കോടി രൂപ 9.2 ശതമാനം പലിശനിരക്കിൽ 20 വർഷകാലാവധിയോടെ ലഭ്യമാക്കിയിട്ടുണ്ട്. ഈ ഇനത്തിൽ കെ.എസ്.ആർ.ടി.സിക്കു പ്രതിമാസം 60 കോടി രൂപ വായ്പാതിരിച്ചടവിൽനിന്നു ലാഭിക്കാം.

പുനരുദ്ധാരണപാക്കേജിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സിയിലെ ബസ്സ് ജീവനക്കാരുടെ അനുപാതം 8.37-ൽ നിന്നും 6.85 ആയി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. പുനരുദ്ധാരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾ വഴി 2019 ജനുവരി മാസത്തിൽ ആദ്യമായി ജീവനക്കാരുടെ ശമ്പളം കെ.എസ്.ആർ.ടി.സിയുടെ സ്വന്തം ഫണ്ടിൽനിന്നു നല്കാൻ സാധിച്ചു.

b. കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് സമയബന്ധിതമായി പെൻഷൻ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2246.15 കോടി രൂപ സർക്കാർ വായ്പയിനത്തിൽ കെ.എസ്.ആർ.ടി.സിക്കു നല്കിയിട്ടുണ്ട്. സഹകരണബാങ്കുകളുടെ കൺസോർഷ്യം മുഖേന പെൻഷൻ നല്കാൻ കോഓപ്പറേറ്റീവ് സൊസൈറ്റികൾ, സർക്കാർ, കെ.എസ്.ആർ.ടി.സി എന്നിവ ചേർന്നു ധാരണപത്രം ഒപ്പുവച്ചു. അതുപ്രകാരം 39,000 ലധികം പേർക്കു പെൻഷൻ മുടങ്ങാതെ നല്കിവരുന്നു.

c. കെ.എസ്.ആർ.ടി.സിയുടെ റൂട്ടുകൾ സംരക്ഷിക്കും.

കേരളവും തമിഴ്നാടും തമ്മിലുള്ള ബസ് റൂട്ട് സംബന്ധിച്ച സപ്ലിമെന്റൽ അന്തർസംസ്ഥാന കരാർ ഒപ്പുവെച്ചു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സിയ്ക്ക് 49 പുതിയ റൂട്ടുകളിലായി 8753 കി.മീ അധികം സർവ്വീസ് നടത്താൻ സാധിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി റൂട്ടുകൾ സംരക്ഷിക്കുന്നതിനായി സമാന്തരസർവ്വീസുകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ജനങ്ങൾക്ക് സുരക്ഷിതമായ യാത്രയ്ക്ക് പൊതുമേഖല ഇടപെടൽ ആവശ്യമാണെന്ന പൊതുബോധം ഉയർന്നുവന്നിട്ടുള്ള ഈ സാഹചര്യത്തിൽ ഈ രംഗത്ത് കൂടുതൽ ശ്രദ്ധയോടെ ഇടപെട്ടുവരികയാണ്.

223 **ജലപാതകളും ഉൾനാടൻ ജലഗതാഗതസംവിധാനങ്ങളും പുനരുദ്ധരിക്കും. ദേശീയജലപാത മൂന്ന് (കൊല്ലം-കോട്ടപ്പുറം) പൂർണ്ണമായും പ്രവർത്തനസജ്ജമാക്കും. മൊത്തം ഗതാഗതത്തിൽ ജലഗതാഗതത്തിന്റെ തോത് നിലവിലുള്ള ഒരു ശതമാനത്തിൽനിന്ന് അടുത്ത അഞ്ചുവർഷത്തിനകം അഞ്ചുശതമാനമായി ഉയർത്താനുള്ള കർമ്മപദ്ധതി രൂപവത്ക്കരിക്കും.**

കേരളത്തിലെ ആദ്യത്തെ അതിവേഗ എ.സി ബോട്ട് 'വേഗ 120' വൈക്കം - എറണാകുളം റൂട്ടിൽ സർവ്വീസ് ആരംഭിച്ചു. മണിക്കൂറിൽ 25 കിലോ മീറ്ററാണ് ഇതിന്റെ വേഗം. വേഗ 120-യിൽ വൈക്കത്തു നിന്നും കൊച്ചിയിലേക്കുള്ള 33 കി.മീ ദൂരം സഞ്ചരിക്കാൻ 1.45 മണിക്കൂർ മാത്രം മതി.

അത്യാധുനിക സ്റ്റീൽ ബോട്ടുകളായ 'ലക്ഷ്യ' നീറ്റിലിറ

ക്കി. 75 പേർക്ക് സഞ്ചാരിക്കാവുന്ന, ലോകോത്തര നില വാരമായ ഐ.ആർ.എസ് ക്ലാസിൽ പണി കഴിപ്പിച്ച, 5 ലക്ഷ്യ ബോട്ടുകളാണ് ആലപ്പുഴയിൽ സർവ്വീസ് ആരംഭി ച്ചത്. മലബാറിലെ ടൂറിസം സാധ്യതകൾ ഉപയോഗപ്പെ ടുത്തിക്കൊണ്ട് ജലഗതാഗതവകുപ്പ് കണ്ണൂർ ജില്ലയിലെ പറശ്ശിനിക്കടവിൽനിന്ന ടൂറിസ്റ്റ് ബോട്ട് സർവ്വീസ് ആരംഭിച്ചു. കൂടാതെ അഴീക്കൽ - മാട്ടൂൽ റൂട്ടിൽ പുതിയ ബോട്ട് സർവ്വീസും ആരംഭിച്ചു. രണ്ട് വാട്ടർ ടാക്സികൾ 2019 ജൂൺ മാസത്തോടെ സർവ്വീസ് ആരംഭിക്കുന്ന താണ്.

224 **വിഴിഞ്ഞം, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീ ക്കോട്, ബേക്കൽ തുടങ്ങിയ തുറമുഖങ്ങളെ ബന്ധി പിച്ച് ജലമാർഗ്ഗമുള്ള ചരക്കുഗതാഗതസംവിധാ നം ആരംഭിക്കും. തിരുവനന്തപുരം മുതൽ കാസർഗോഡുവരെ അതിവേഗ ഫെറി സർവ്വീസ് ആരംഭിക്കാൻ പഠനം നടത്തും. പ്രായോഗിക മാണെന്ന കണ്ടെത്തിയാൽ സ്വത്വരവേഗത്തിൽ നടപ്പിലാക്കി നിലവിലുള്ള ഗതാഗതപ്രശ്നത്തിന ശാശ്വതപരിഹാരമുണ്ടാക്കും.**

മാരിടൈം ബോർഡ് രൂപവത്കരിച്ചിട്ടുണ്ട്. കോസ്റ്റൽ ഷിപ്പിംഗ് പ്രോത്സാഹിപ്പിക്കാനുള്ള സബ്സിഡി ഒരു രൂപയിൽനിന്ന മൂന്ന് രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

225 **എൻ.ഡബ്ല്യു-3 വിപുലീകരണം (കൊല്ലം-വിഴി ഞ്ഞം, കോട്ടപ്പുറം-കാസർഗോഡ്) നടപ്പിലാ ക്കാൻ കേന്ദ്രസർക്കാരിന്റെ പ്രഖ്യാപനവും തുടർ നടപടികളും ആവശ്യമാണ്. ഇതിനായുള്ള കർമ്മപദ്ധതി ആവിഷ്കരിക്കും.**

കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ദേശീയ ജലപാത ഇൻലാൻഡ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇന്ത്യയു ടെ ചുമതലയിലാണ്. കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാതയുടെ ഡി.പി.ആർ ഇൻ ലാൻഡ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇന്ത്യ തയ്യാ റാക്കിവരികയാണ്. കോഴിക്കോട് മുതൽ നീലേശ്വരം വരെയുള്ള ജലപാത ഇൻലാൻഡ് നാവിഗേഷൻ ഡി പ്പാർട്ട്മെന്റും കേരള വാട്ടർവെയ്സ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡും ചേർന്നാണ് നിർമ്മിക്കുന്നത്. കൊല്ലം മുതൽ കോവളം വരെയുള്ള ദേശീയജലപാതാവികസനം ഇൻ ലാൻഡ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ കീഴിലാണ്. ഈ പദ്ധതി 2020-ൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കു ന്നത്. ഇതിന്റെ ഭാഗമായി പാർവ്വതി പുത്തനാറിന്റെ ശു ചീകരണം പൂർത്തിയാക്കിയിട്ടുണ്ട്. കോഴിക്കോട് ജില്ലയി ലെ കനോലി കനാലിന്റെ ശുചീകരണമാണ് ഇപ്പോൾ നടന്നുവരുന്നത്. ദേശീയജലപാതവഴി കൊച്ചിയിൽ നിന്ന കോട്ടയത്തേക്ക് ചരക്കുനീക്കം ആരംഭിച്ചു.

226 **a. കുടുംബാംഗങ്ങളുമായി യാത്ര ചെയ്യുന്നവരെ ഷോലും പ്രകോപനമില്ലാതെ തടഞ്ഞുനിർത്തി പരിശോധിക്കുന്ന സ്ഥിതിയുണ്ട്. ഇത് ഒഴിവാ ക്കാൻ ഘട്ടംഘട്ടമായി സ്മാർട്ട് റോഡ് പദ്ധതി നട പിലാക്കും.**

സ്മാർട്ട് റോഡ് പദ്ധതിയെ കുറിച്ച് പഠിക്കാനായി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്.

b. ഭിന്നശേഷിക്കാർക്കായി പ്രത്യേക പാർക്കിങ് തു ടങ്ങിയ സംവിധാനങ്ങൾ റോഡിന്റെ അനുബന്ധമാ യി ഏർപ്പെടുത്തും.

ഭിന്നശേഷിക്കാർക്കായി സർക്കാർ ഓഫീസുകൾ അട ക്കമുള്ള പൊതുവിടങ്ങളിലും റെയിൽവേ, ബസ് സ്റ്റേഷ നുകൾ, വിമാനത്താവളം എന്നിവിടങ്ങളിലും പ്രത്യേക പാർക്കിംഗ് സംവിധാനങ്ങൾ നടപ്പിലാക്കിവരുന്നു. കുട്ടി കൾക്കു വേണ്ടിയുള്ള വാഹനങ്ങൾക്കു പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ആളുകൾക്കു നിർദ്ദേശം നല്കിയിട്ടുണ്ട്. അത്തരം പ്രവർത്തനങ്ങൾ അതിന്റെ അടിസ്ഥാനത്തിൽ പുരോഗമിച്ചുവരുന്നുണ്ട്.

227 **ഡ്രൈവിംഗ് സ്കൂളുകളുടെ നിലവാരം ഉറപ്പുവരു ത്താൻ നടപടി സ്വീകരിക്കും.**

കേരളത്തിലുടനീളമുള്ള ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർ മാർക്ക് Quality Improvement ന്റെ ഭാഗമായി കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ സഹായത്തോടെ മല പ്പുറം ഇടപ്പാളിലുള്ള IDTR വഴി പരിശീലനപരിപാടികൾ നടത്തുന്നതിനുള്ള തീരുമാനം ഇതിനോടകം കൈക്കൊ ണ്ടിട്ടുണ്ട്. നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ സ്കൂൾ ബസുകളിലെ ഡ്രൈവർമാർക്ക് പ്രത്യേക പരിശീ ലനം നല്കിവരുന്നു. ഓട്ടോമാറ്റിക്ക് വെഹിക്കിൾ ടെസ്റ്റിം ഗ് സെന്റർ/ഡ്രൈവിംഗ് ടെസ്റ്റിംഗ് സെന്ററുകൾ ആരംഭി ച്ചു. ഇവ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

228 **ചെങ്ങന്നൂർ-പിറവം, ഹരിപ്പാട്-എറണാകുളം, തി രുവനന്തപുരം-നാഗർകോവിൽ പാത ഇരട്ടിപ്പി ക്കൽ മുൻഗണനാക്രമത്തിൽ പൂർത്തീകരിക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തും. ഷൊർ ണ്ണൂർ-മംഗലാപുരം പാത വൈദ്യുതിവത്കരണം മുൻഗണനാക്രമത്തിൽ പൂർത്തീകരിക്കാൻ ഇട പെടും.**

ചങ്ങനാശ്ശേരി-ചിങ്ങവനം വരെയും ഏറ്റുമാനൂർ മുതൽ കുറുപ്പുന്തറ വരെയും റെയിൽവേപാത ഇരട്ടിപ്പിക്കലിന് ആവശ്യമായ സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കി. ചങ്ങ നാശ്ശേരി-ചിങ്ങവനം പാത 2018 ഡിസംബറിൽ കമ്മീ ഷൻ ചെയ്തു. അമ്പലപ്പുഴ- ഹരിപ്പാട് പാത ഇരട്ടിപ്പിക്കലി നുള്ള ഭൂമി പൂർണ്ണമായും ഏറ്റെടുത്തു കൈമാറി. ഏറ്റുമാനൂർ- കോട്ടയം, കോട്ടയം - ചിങ്ങവനം പാത ഇരട്ടിപ്പിക്കലിനുള്ള ഭൂമി ഏറ്റെടുക്കൽ പുരോഗമിക്കുന്നു.

പുനലൂർ - ചെങ്കോട്ട മീറ്റർ ഗേജ് ബ്രോഡ്ഗേജ് ആക്കി മാറ്റുന്ന പ്രവൃത്തി പൂർത്തിയാക്കി ട്രെയിൻ സർവ്വീസ് തുടങ്ങി. ഷൊർണ്ണൂർ- മംഗലാപുരം പാത വൈദ്യുതിവത്ക്കരണം പൂർത്തീകരിച്ചു.

229 **കഞ്ചിക്കോട് റെയിൽ കോച്ച് ഫാക്ടറി പൂർത്തികരിച്ചു പ്രവർത്തനമാരംഭിക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തും.**

സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്.

230 **ഇന്നുള്ള തിരുവനന്തപുരം-മംഗലാപുരം പാത നാലുവരിപ്പാതയാക്കി മാറ്റുന്നതിന് ഇന്ത്യൻ റെയിൽവേയുമായി ചേർന്നു സംയുക്തകമ്പനി രൂപവത്ക്കരിക്കും. ഇരട്ടിപ്പിക്കുന്ന പാത അതിവേഗ ട്രെയിൻ ഓടിക്കാൻ സജ്ജമാക്കും. ഇതിനു റയിൽവേയുടെ സഹകരണവും പങ്കാളിത്തവും സാദ്ധ്യമാക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തും.**

സംസ്ഥാനത്തെ റെയിൽവെ വികസനത്തിനായി കേന്ദ്ര സർക്കാരിനുകൂടി പ്രാതിനിധ്യമുള്ള കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന് രൂപം നല്കി. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള സെമി ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതിയുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുകയാണ്.

231 **ഗുരുവായൂർ-തിരുനാവായ പാത, ശബരി പാത, തലശ്ശേരി-മൈസൂർ പാത, എരുമേലിയെയും പുനലൂർ-ചെങ്കോട്ട പാതയെയും ബന്ധിപ്പിക്കുന്ന പാത, നിലമ്പൂർ-നഞ്ചൻകോട് പാത നിർമ്മാണം ആരംഭിക്കൽ മുൻഗണനാക്രമത്തിൽ പൂർത്തീകരിക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തും.**

ശബരി റെയിൽ പാതയുടെ സർവ്വെ നടപടികൾ പുരോഗമിക്കുന്നു. തലശേരി- മൈസൂർ, നിലമ്പൂർ - നഞ്ചൻകോട് റെയിൽവെ ലൈനുകളുടെ ചുമതലയും കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട്-പാണത്തൂർ കാണിയൂർ പാത യാഥാർത്ഥ്യമാക്കാൻ സ്ഥലം ഏറ്റെടുത്തുനല്കുന്നതിലെ പകുതി ചെലവു വഹിക്കാനുള്ള സന്നദ്ധതയും സംസ്ഥാനം അറിയിച്ചിട്ടുണ്ട്.

232 **കൊച്ചി മെട്രോയുടെയും തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെയും പൂർത്തികരണവും കാര്യക്ഷമമായ പ്രവർത്തനവും ഉറപ്പാക്കും.**

കൊച്ചി മെട്രോ ആലുവ മുതൽ പാലാരിവട്ടം വരെയും പാലാരിവട്ടം മുതൽ മഹാരാജാസ് വരെയും പൂർത്തിയാക്കി. പേട്ട വരെ നീട്ടാനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. കാക്കനാട് മെട്രോ പാതയുടെ പദ്ധതിരേഖ കേന്ദ്രത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. കോഴിക്കോട് ലൈറ്റ് മെട്രോയുടെ ഭാഗമായി പന്നിയങ്കര മേൽപ്പാലം പൂർത്തീകരിച്ചു. തിരുവന്തപുരത്ത് ലൈറ്റ് മെട്രോയുടെ അനുബന്ധ വികസനപ്രവർത്തനങ്ങളായ ശ്രീകാര്യം ഫ്ലൈഓവർ ഭൂമി ഏറ്റെടുക്കൽ പുരോഗമിക്കുന്നു. പട്ടം, ഉള്ളൂർ ഫ്ലൈഓവറുകളുടെ ഭൂമി ഏറ്റെടുക്കൽ പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്.

233 **കൊച്ചിയിൽ മൾട്ടി മോഡ് ലോജിസ്റ്റിക് പാർക്ക്, പ്രധാന വ്യാപാരകേന്ദ്രങ്ങളിൽ ഏകീകൃത ചരക്കു ഗതാഗതസൗകര്യം എന്നിവ നടപ്പിലാക്കും. പ്രധാന നഗരങ്ങളിൽ ട്രാൻസിറ്റ് ഹബ്ബുകൾ ആരംഭിക്കും.**

ആരംഭിച്ചിട്ടില്ല.

234 **കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനത്തിന് സഹകരണമേഖലയെയും പ്രവാസികളെയും പങ്കെടുപ്പിച്ചു പ്രത്യേക വികസനപാക്കേജ് നടപ്പിലാക്കും.**

ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ മന്ത്രിസഭായോഗം അംഗീകാരം നല്കി. വലിയ വിമാനങ്ങൾ ഇറങ്ങാനാവശ്യമായ ഇടപെടൽ നടത്തി.

ജലസേചനം

235 **ജലവിഭവവകുപ്പിനെ നദീതടാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുകയും ഭൂഗർഭജലവകുപ്പിന്റെ പ്രവർത്തനങ്ങളെ അതുമായി ബന്ധിപ്പിക്കുകയും ചെയ്യും.**

River Basin Management Authority രൂപവത്ക്കരണം ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച ചെയ്യുകയും ഇക്കാര്യം തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം വകുപ്പിന്റെ പുനഃസംഘാടനം നടപ്പിലാക്കാനുള്ള ശ്രമങ്ങളും നടന്നുവരുന്നു.

236 **a. പ്രാദേശിക സർക്കാരുകളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ ചെറു നീർത്തടാടിസ്ഥാനത്തിൽ ജലസംരക്ഷണ ജലസുരക്ഷാപദ്ധതികൾ തയ്യാറാക്കുകയും അവ ഉചിതമായി സംയോജിപ്പിച്ച് നദീതടാടിസ്ഥാനത്തിലുള്ള ജലസുരക്ഷാപദ്ധതിക്കു രൂപം നല്കുകയും ചെയ്യും.**

ഹരിതകേരളമിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും ജലസംരക്ഷണത്തിനായുള്ള സാങ്കേതികസമിതികൾ രൂപവത്ക്കരിച്ചു. ഇതുവരെ 898 ഗ്രാമപഞ്ചായത്തുകളിലേയും 73മുനിസിപ്പാലിറ്റികളിലേയും 2 മുനിസിപ്പൽ കോർപ്പറേഷനകളിലേയും നീർത്തടപ്ലാനുകളും 69 ബ്ലോക്കുപഞ്ചായത്തുകളിലെ നീർത്തടമാസ്റ്റർപ്ലാനുകളും തയ്യാറാക്കിയിട്ടുണ്ട്. ഇനി പൂർത്തിയാക്കാനുള്ള പഞ്ചായത്തുകളിൽ മേയ് മാസത്തിനുള്ളിൽ പൂർത്തീകരിക്കും. തുടർന്ന് ജല സുരക്ഷാപ്ലാനുകൾ തയ്യാറാക്കുന്നതാണ്.

b. പുഴകളെത്തന്നെ ജലസംഭരണികളാക്കി മാറ്റുന്നതിനുവേണ്ടി ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ചെക്ക് ഡാമുകളുടെയും റെഗുലേറ്റേഴ്സിന്റെയും ശൃംഖല പണിയും. ഭൂഗർഭജലം റീചാർജ്ജിങ്ങിനു പദ്ധതികൾ ആവിഷ്കരിക്കും.

റഗുലേറ്ററുകളും തടയണകളും വഴി നദികളെത്തന്നെ ജല സംഭരണികളാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 20ഓളം നദികളിൽ 28 റഗുലേറ്റർ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 16 റഗുലേറ്ററുകളുടെ ഡി.പി.ആർ തയ്യാറാക്കി സമർപ്പിക്കുകയും അതിൽ ഒരെണ്ണത്തിന് KIIFBയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. മറ്റ് പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷനും ഡിസൈനും നടത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ കാർഷികാവശ്യങ്ങൾക്കുള്ള ജലലഭ്യത ഉറപ്പാക്കാനായി ആവശ്യാധിഷ്ഠിതമായി വിവിധ പ്ലാൻസ്കീമുകളിൽപ്പെടുത്തി ചെക്ക് ഡാമുകൾ, വി.സി.ബി, ആർ.സി.ബി എന്നിവയും നിർമ്മിച്ചുവരുന്നു.

ജലനിധിയുടെ രണ്ടാംഘട്ടപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പഞ്ചായത്തിനും ജലസുരക്ഷാരൂപരേഖ (Water Security Plan) തയ്യാറാക്കിയിട്ടുണ്ട്. ഓരോ പദ്ധതിപ്രദേശത്തും അനുയോജ്യമായ ഭൂഗർഭജലപരിപോഷണപദ്ധതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

ജലനിധി പദ്ധതിയിലൂടെ 1777 ഭൂജലപരിപോഷണ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. അതിൽ 1753പദ്ധതികൾ പൂർത്തീകരിച്ചു. 2018-19 വർഷത്തിൽ 203 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ഭൂജലവകുപ്പ് 2018-2019 സാമ്പത്തിക വർഷം 78 ഇറന്നകിണർ/റീ ചാർജ്ജ് പിറ്റ് പദ്ധതികൾ വിവിധ ജില്ലകളിലും 5 കഴൽക്കിണർ റീച്ചാർജ്ജ് കാസർഗോഡ് ജില്ലയിലും 2 എണ്ണം ഇടുക്കി ജില്ലയിലും പൂർത്തീകരിച്ചു. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പാലക്കാട് ജില്ലയിലെ ചിറ്റൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഇറന്നകിണർ വഴിയുള്ള ഭൂജലസംപോഷണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ കഴൽക്കിണർ വഴിയുള്ള കൃത്രിമഭൂജലസംപോഷണമാർഗ്ഗങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ പ്ലാച്ചിമടയിലും പരിസരപ്രദേശങ്ങളിലുംപ്രത്യേകം തയ്യാറാക്കിയ കഴൽക്കിണർ റീചാർജ്ജ് പദ്ധതി 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കും.

237 a. ജലസ്രോതസുകളുടെ മലിനീകരണത്തിനെതിരെ ശിക്ഷാനടപടികൾ കൂടുതൽ കർശനമാക്കും.

ജലാശയങ്ങളുടെയും നദികളുടെയും മലിനീകരണം തടയുന്നതിനായി കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ ആക്ട് 2003 ഭേദഗതി ചെയ്തു. ഇപ്രകാരം ജലാശയങ്ങൾ മലിനമാക്കുന്നവർക്ക് കുറഞ്ഞത് ഒരു വർഷവും പരമാവധി മൂന്ന് വർഷം വരെ തടവും ഒപ്പം പരമാവധി രണ്ട് ലക്ഷം രൂപ പിഴയും രണ്ടുംകൂടിയും ചുമത്താൻ കഴിയുംവിധമാണ് നിയമഭേദഗതി വരുത്തിയിട്ടുള്ളത്. (നോട്ടിഫിക്കേഷൻ നം. 24395/ Leg F2/2017 Law dt.03/07/2018 Act 16 of 2018 The Kerala Irrigation and Water Conservation (Ammendment) Act 2018)

b. വിസർജ്ജ്യമാലിന്യം സുരക്ഷിതമായി സംസ്കരിക്കാൻ സംവിധാനമുണ്ടാക്കും.

ഗുരുവായൂർ ടൗൺഷിപ്പിലെ മലിനജലനിർമ്മാർജ്ജന സംവിധാനത്തിന്റെ നിർമ്മാണം പുരോഗതിയിലാണ്. 2019 മേയ് മാസത്തോടുകൂടി നിർമ്മാണപ്രവർത്തനങ്ങൾ ഭാഗികമായി പൂർത്തീകരിക്കും. കൊല്ലം കോർപ്പറേഷനു വേണ്ടി കുരീപ്പുഴയിൽ 12 MLD സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണത്തിന് അമൃത് പദ്ധതിയിൽ 30 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. കൂടാതെ അമൃത് പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം, കൊച്ചി എന്നീ കോർപ്പറേഷനുകളിൽ വിസർജ്യമാലിന്യസംസ്കരണസംവിധാനം വിപുലീകരിക്കും.

238 a. ജലഗുണനിലവാരപരിശോധനയ്ക്ക് എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും അംഗീകൃതകേന്ദ്രങ്ങൾ സ്ഥാപിക്കും.

ജലനിധിയുടെ നേതൃത്വത്തിൽ നടപ്പു സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ ആശ, എൻ.എസ്.എസ് പ്രവർത്തകരുടെ സഹകരണത്തോടെ 60,000 ത്തോളം സാമ്പിളുകളിൽ ഫീൽഡ് ടെസ്റ്റ് കിറ്റുപയോഗിച്ച് പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്.

b. ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സഹായത്തോടെ സ്കൂൾ ലാബുകളിലും ഇതിനുള്ള പൊതുസംവിധാനം ഒരുക്കും.

അംഗീകൃത ജലഗുണനിലവാരപരിശോധനാകേന്ദ്രങ്ങൾ ഗവ.ഹയർസെക്കണ്ടറി സ്കൂളുകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഹരിതകേരളമിഷനുമായി ചേർന്ന് സ്വീകരിച്ചുവരുന്നു.

239 **a. നിലവിലുള്ള വൻകിലടജലസേചനപദ്ധതികൾ കർശനമായ പരിശോധനയുടെ അടിസ്ഥാനത്തിൽ വിലയിരുത്തും. അനിവാര്യമായവ സമയബന്ധിതമായി പൂർത്തീകരിക്കും. നിലവിലുള്ളവ പൂർത്തികരിച്ചേ പുതിയ പദ്ധതികൾ ഏറ്റെടുക്കുകയുള്ളൂ.**

വൻകിട ജലസേചനപദ്ധതികളായ മൂവാറ്റുപുഴ വാലി, ഇടമലയാർ, കാരാപ്പുഴ, ബാണാസുരസാഗർ എന്നിവയുടെ പ്രവർത്തനങ്ങൾ ആസൂത്രണബോർഡ് തയ്യാറാക്കിയ ടെക്നിക്കൽ കമ്മറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവലോകനം നടത്തി സമയബന്ധിതമായി പൂർത്തിയാക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. മൂവാറ്റുപുഴ ജലസേചനപദ്ധതി 2020 മാർച്ച് മാസത്തോടെ പൂർത്തിയാക്കി കമ്മിഷൻ ചെയ്യും.

b. കാർഷിക കലണ്ടറിനനുസരിച്ച് ജലസേചനപദ്ധതികളിലെ ജലവിതരണം കാര്യക്ഷമമാക്കും. കൂടുതൽ കൃഷിസ്ഥലങ്ങളിൽ ജലസേചനസൗകര്യം എത്തിക്കും. അതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് ഒരു കർമ്മപദ്ധതി ആവിഷ്കരിക്കും.

കൂടുതൽ കൃഷിസ്ഥലങ്ങളിൽ ജലസേചനം നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കാർഷികകലണ്ടറിന്റെ അടിസ്ഥാനത്തിലാണ് വൻകിട ജലസേചന പദ്ധതികളിൽ ജലവിതരണം നടത്തുന്നത്. കൂടുതൽ കൃഷിസ്ഥലങ്ങളിൽ ജലസേചന സൗകര്യം ഉറപ്പാക്കുന്നതിനായി ഇറിഗേഷൻ വകുപ്പിലെയും കൃഷിവകുപ്പിലെയും ഉദ്യോഗസ്ഥർ സംയുക്തമായി നടത്തുന്ന സ്ഥലപരിശോധന പൂർത്തിയായി വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജലസേചനപദ്ധതികൾക്കു മുൻഗണന നിശ്ചയിച്ച് കർമ്മപദ്ധതികൾ രൂപപ്പെടുത്തുന്നതാണ്.

240 **a. കാഡയുടെ പ്രവർത്തനം സമഗ്രമായി പുനഃസംഘടിപ്പിക്കും. ബ്രാഞ്ച് കനാലുകൾ, ഡിസ്ട്രിബ്യൂട്ടറിസ്, ഫീൽഡ് ബൂത്തികൾ, തലക്കുളങ്ങൾ, മഴവെള്ളനിർഗ്ഗമനത്തോടുകൾ തുടങ്ങിയവ സംരക്ഷിക്കാൻ വലിയതോതിൽ തൊഴിലുറപ്പപദ്ധതിയെ ഉപയോഗപ്പെടുത്താൻ പ്രാദേശിക മാസ്റ്റർ പ്ലാൻ ഉണ്ടാക്കും.**

ചിറ്റൂർ പുഴ, മലമ്പുഴ, പോത്തുണ്ടി, മംഗലം, ചേരാമംഗലം എന്നീ പദ്ധതികളിൽ കാഡ ചാനലുകളുടെ നവികരണത്തിനായി 2018-2019 വർഷത്തിൽ 7 കോടി രൂപ അനുവദിച്ചത് പ്രയോജനപ്പെടുത്തികൊണ്ട് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. മൂവാറ്റുപുഴ ജലസേചനപദ്ധതിയിൽ എ.ഐ.ബി.പിയിൽ ഉൾപ്പെടുത്തി കാഡാ പ്രവൃത്തികൾ നടന്നുവരുന്നു. 2018-19 വർഷത്തേയ്ക്ക് 2.90 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും പ്രസ്തുത പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ 2019-2020 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ കാഡ ചാനലുകളുടെ നവികരണത്തിനായി 10 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിലേക്കുള്ള പ്രവൃത്തികളുടെ ഡി.പി.ആർ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാഡ പദ്ധതി പ്രകാരമുള്ള വിവിധ കമ്മറ്റികളുടെ പ്രവർത്തനം കൂടുതൽ ഊർജിതമാക്കും.

b. ചെറുകിടജലസേചനപദ്ധതികളും ഡ്രിപ് ഫെർട്ടിഗേഷൻ, മൈക്രോ ഇറിഗേഷൻ, പ്രിസിഷൻ ഫാമിങ് പോലുള്ള ജലവിനിയോഗക്ഷമത കൂടിയ നവീന ജലസേചനപദ്ധതികളും കൂടുതൽ പ്രോത്സാഹിപ്പിക്കും.

Community Micro Irrigation പദ്ധതി പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി പദ്ധതി നടപ്പിലാക്കുന്നതിലെ സാധ്യത, ആയക്കട്ട് എന്നിവ സംബന്ധിച്ച് ജലവിഭവവകുപ്പ്, കൃഷി വകുപ്പ് മന്ത്രിതല ചർച്ചകൾ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ജലസേചന-കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ സംയുക്ത പരിശോധനയിലൂടെ മൈക്രോഇറിഗേഷൻ നടപ്പിലാക്കാൻ സാധ്യമായ പ്രദേശങ്ങൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. 2019-20 ബഡ്ജറ്റിൽ മൈക്രോ ഇറിഗേഷനുവേണ്ടി വിവിധ പ്ലാൻ സ്കീമുകളിൽ ഉൾപ്പെടുത്തി ജലസേചനവകുപ്പിനായി നാലുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മൈക്രോ ഇറിഗേഷനുമായി ബന്ധപ്പെട്ട ഡ്രിപ്പ് ഫെർട്ടിഗേഷൻ, പ്രിസിഷൻ ഫാർമിങ് പോലുള്ള ജലവിനിയോഗക്ഷമത കൂടിയ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ പ്രവൃത്തികൾ കൂടുതലായി നടപ്പാക്കുന്നതാണ്. തൃശ്ശൂർ, പാലക്കാട്, വയനാട്, കോഴിക്കോട്, ഇടുക്കി എന്നീ ജില്ലകളിൽ 10 പഞ്ചായത്തുകളിൽ വീതം പൈലറ്റ് പദ്ധതിയായി കൃഷിവകുപ്പിന്റെ സഹകരണത്തോടെ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ നടപ്പാക്കാനുള്ള ശ്രമങ്ങൾ പുരോഗമിച്ചുവരുന്നു.

c. ജലസേചനത്തിനായി സ്ഥാപിച്ച പല പദ്ധതികളും യന്ത്രത്തകരാർമൂലവും മറ്റു ചില പിഴവുകൾ മൂലവും നാശോന്മുഖമായ അവസ്ഥയിലാണ്. അവയെ പുനരുജ്ജീവിപ്പിക്കാനും കാര്യക്ഷമമായി നിലനിർത്താനുമുള്ള പദ്ധതികൾ ആവിഷ്കരിക്കും.

സംസ്ഥാനത്ത് നിലവിലുള്ള പ്രവർത്തനക്ഷമമല്ലാത്ത ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണം പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നുണ്ട്. ഇതിലേക്കായി വിവിധ ജില്ലകളിലായി 2018-19 സാമ്പത്തികവർഷത്തിൽ 14 കോടി രൂപയുടെ ഭരണാനുമതി നല്കി. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 2019-20 വർഷത്തിൽ ബഡ്ജറ്റിൽ 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

241 **a. മഴനിഴൽ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാൻ പ്രത്യേക പദ്ധതികൾക്കു രൂപം നല്കും.**

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട്, ചിറ്റൂർ ബ്ലോക്കുകളിലെ മഴനിഴൽ മേഖലയിൽ കുളങ്ങൾ നവീകരിക്കാനും തടയണകൾ, വി.സി.ബികൾ എന്നിവ നിർമ്മിക്കാനുമായി 1013.4 ലക്ഷം രൂപക്ക് ഈ 26 പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിൽ 4 പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. 5 പ്രവൃത്തികൾ പുരോഗതിയിലാണ്. ബാക്കിയുള്ളവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2018-19 വർഷത്തിൽ ഇടുക്കി, വയനാട് ജില്ലകളിലെ മഴനിഴൽ പ്രദേശങ്ങളിൽ Water storage structure കളുടെ നിർമ്മാണത്തിനായി എം.ഐ പ്രോജക്ട് കാവേരി ബേസിനിൽ ഉൾപ്പെടുത്തി 950 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ മഴ നിഴൽ പ്രദേശങ്ങളായ കൊഴിഞ്ഞാമ്പാറ, വടകരപ്പതി, എരുത്തേമ്പതി പഞ്ചായത്തുകൾക്കുവേണ്ടി കേരള ജല അതോറിറ്റിക്ക് 23.77 കോടി രൂപയുടെ പദ്ധതിക്ക് കിഫ്ബിയിൽനിന്ന് അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 8 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയും 9.8 ലക്ഷം ലിറ്ററും 11 ലക്ഷം ലിറ്ററും ശേഷിയുള്ള രണ്ട് ഉപരിതല ജലസംഭരണികളും ഉൾപ്പെട്ടിട്ടുണ്ട്. അവയിൽ എരുത്തേമ്പതി പഞ്ചായത്തിലെ 9.8 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതലജലസംഭരണിയും 8 ദശലക്ഷം ശേഷിയുള്ള ജല ശുദ്ധീകരണശാലയും ഉൾപ്പെട്ട നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വടകരപ്പതിയിലേക്കുള്ള 11 ലക്ഷം ലിറ്റർ ഉപരിതലജല സംഭരണിയ്ക്കുള്ള ഭൂമിയ്ക്ക് റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ അനുമതി ലഭ്യമാക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതിയും ടെണ്ടർ ചെയ്യുന്നതാണ്. മൂന്ന് പഞ്ചായത്തുകൾക്കുവേണ്ടിയുള്ള വിതരണശൃംഖലയ്ക്കുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് അന്തിമഘട്ടത്തിലാണ്.

b. ഏറ്റവും ജലദൗർലഭ്യമുള്ള പ്രദേശങ്ങളിൽ, ഉദാഹരണത്തിന് ചിറ്റൂർ താലൂക്കിലെ കൊഴിഞ്ഞാമ്പാറ, വടകരഷതി പോലുള്ള പ്രദേശങ്ങളിൽ, മുമ്പു സൂചിഷിച്ച ജലവിനിയോഗക്ഷമത കൂടിയ സ്കീമുകൾ പ്രത്യേകം മുൻഗണന നല്കി നടഷിലാക്കും.

ചിറ്റൂർപ്പുഴ ജലസേചനപദ്ധതിയുടെ മൂലത്തറ വലതുകര കനാൽ കോരയാർ മുതൽ വരട്ടയാർ വരെ ദീർഘിപ്പിക്കുന്നതിനുള്ള പ്രവൃത്തിയുടെ ഭാഗമായി സ്ഥലമേറ്റെടുപ്പ് നടപടികൾ നടന്നുവരുന്നു. കൂടാതെ വരട്ടയാർ മുതൽ വേലന്താവളം വരെ ദീർഘിപ്പിക്കുവാനുള്ള പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മഴനിഴൽ പ്രദേശങ്ങളിലെ ജലക്ഷാമത്തിന് പരിഹാരമാകുന്നതും വെള്ളപ്പൊക്കനിയന്ത്രണത്തിന് ഉതകുന്നതും വൈദ്യുതോൽപ്പാദനം സാദ്ധ്യമാകുന്നതുമായ കുറിയാർ കുറ്റി - കാരാപ്പാറ പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

242 **a. സംസ്ഥാനാന്തര നദീജലക്കരാറുകൾ സമയബന്ധിതമായും കാലോചിതമായും പുനരവലോകനം ചെയ്യാൻവേണ്ടി ഒരു സ്ഥിരം കർമ്മസേന രൂപവത്ക്കരിക്കും.**

നദീജല കരാറുകൾ സമയബന്ധിതമായും കാലോചിതമായും പുനരവലോകനം ചെയ്യുന്നതിനും സർക്കാറിനാവശ്യമായ അഭിപ്രായങ്ങളും ഉപദേശങ്ങളും ലഭ്യമാക്കുന്നതിനും വേണ്ടി ഒരു ഉപദേശകസമിതി രൂപവത്ക്കരിച്ചിട്ടുണ്ട്. സമിതിയുടെ പ്രവർത്തനം പരിശോധിച്ച് ആവശ്യമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

b. നദീസംയോജനപദ്ധതിയിൽ പമ്പ-അച്ചൻകോവിൽ ആറുകളെ ഉൾപ്പെടുത്താൻ അനുവദിക്കുന്നതല്ല. മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയാനുള്ള പരിശ്രമം തുടരും.

പമ്പ, അച്ചൻകോവിൽ, വൈപ്പാർ നദീസംയോജന പദ്ധതിയെ പൂർണ്ണമായി എതിർക്കുന്ന കേരള സർക്കാറിന്റെ നിലപാട് ഈ പദ്ധതിയുടെ സാധ്യതാപഠനറിപ്പോർട്ടു തയ്യാക്കിയ NWDA യുടെ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി, ഗവേണിംഗ് ബോഡി, വാർഷിക ജനറൽബോഡി മീറ്റിംഗുകൾ പങ്കെടുത്ത കേരളത്തിന്റെ പ്രതിനിധികൾ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. കേരളത്തിന്റെ സമ്മതമില്ലാതെ പമ്പ, അച്ചൻകോവിൽ, വൈപ്പാർ നദീസംയോജന പദ്ധതി സംബന്ധിച്ച് തുടർനടപടികൾ ഒന്നും ആരംഭിക്കുകയില്ല എന്ന് ദേശീയ ജലവികസന ഏജൻസിയുടെ വിവിധ യോഗങ്ങളിലൂടെ കേരളത്തിന് ഉറപ്പ് ലഭിക്കുകയുണ്ടായി. പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കുവാനുള്ള ഏതൊരു ശ്രമവും കേരളത്തിന്റെ ഭാഗത്തുനിന്നു തടയുവാൻ സാദ്ധ്യമായ എല്ലാ മുൻകരുതലുകളും വകുപ്പുതലത്തിലും സർക്കാർതലത്തിലും സ്വീകരിച്ചുവരുന്നുണ്ട്.

മുല്ലപ്പെരിയാർ ഡാമിന്റെ ബലക്ഷയം കണക്കിലെടുത്ത് കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനായി മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് പണിയുന്നതിനുള്ള അനുമതിയ്ക്കായുള്ള നടപടികൾ കേരളം സ്വീകരിച്ചുവരുന്നു. ഭാരതസർക്കാരിന്റെ പരിസ്ഥിതി-വനം-കാലാവസ്ഥാവ്യതിയാനമന്ത്രാലയം 2018 നവംബർ- 14ന Environmental Impact Assessment (EIA) പഠനത്തിനുള്ള Terms of reference നുള്ള അംഗീകാരം നിബന്ധനകളോടെ നല്കുകയുണ്ടായി. ഇതിൻപ്രകാരം പുതിയ അണക്കെട്ട് പണിയുന്നതിനുള്ള EIA പഠനവുമായി മുന്നോട്ട് പോകുന്നതിനുള്ള നടപടികൾ കേരളം സ്വീകരിച്ചുവരുന്നു. സമവായത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം നടപ്പിലാക്കാനാണ് ലക്ഷ്യംവയ്ക്കുന്നത്.

243 a. ജലമലിനീകരണം ഇല്ലാതാക്കാനും നദികളെ സംരക്ഷിക്കാനും പ്രത്യേക ആക്ഷൻ പ്ലാൻ രൂപ വത്ക്കരിക്കും.

വരട്ടാർ, കോലറയാർ, കട്ടമ്പേത്രാറാർ എന്നിവ പുനർജ നിപ്പിച്ച മാതൃകയിൽ കാനാപ്പുഴയാർ, പള്ളിക്കലാർ, പൂന്നറാർ തുടങ്ങിയ നിരവധി ഇടങ്ങളിൽ ഇത്തരം പ്രവൃ ത്തികൾ നടപ്പിലാക്കി. നിരവധി സ്ഥലങ്ങളിൽ വിജയ കരമായി ഈ ക്യാമ്പയിൻ നാശോന്മുഖമായ എല്ലാ നദി കളുടെയും പുനരുജ്ജീവനത്തിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ഹരിത മിഷനും ചേർന്ന് നടപ്പിലാക്കുന്നതാണ്.

ആമയിഴഞ്ചാൻ തോടിലെ കണ്ണമ്മൂല മുതൽ ആക്കുളം വരെയുള്ള ഭാഗത്ത് ചെളി നീക്കം ചെയ്ത് പുനർനിർമ്മിക്കുന്നതിന് 25കോടി രൂപയുടെ പദ്ധതി ക്ക് അനുമതി നല്കിയിട്ടുണ്ട്. പാണ്ടിവയൽതോട് പുനരു ജ്ജീവനപ്രവൃത്തികൾക്ക് 27 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

b. പമ്പ ആക്ഷൻ പ്ലാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കും.

പമ്പാ നദിയുടെ മാലിന്യനിർമ്മാർജ്ജനത്തിനും നദി സംരക്ഷണത്തിനുമായി പമ്പാ ആക്ഷൻ പ്ലാൻ രണ്ടാം ഘട്ടത്തിന്റെ Detailed Project report തയ്യാറാക്കുന്നതി നുള്ള നടപടികൾ പമ്പാ റിവർ ബേസിൻ അതോറിറ്റി സ്വീകരിച്ചു. ഇതിനായി ജനപ്രതിനിധികൾ, ജലസേച നവകുപ്പ് കേരള വാട്ടർ അതോറിറ്റി, കേരളസംസ്ഥാന മലിനീകരണനിയന്ത്രണബോർഡ്, വനം വകുപ്പ്, ദേവസ്വം ബോർഡ്, എൽ.എസ്.ജി.ഡി എന്നീ വകുപ്പുക ളിലെ ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി നിരവധി മീറ്റിംഗുകൾ നടത്തി. ഏകദേശം എല്ലാ വകുപ്പുകളും അവരുടെ കരട് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ക്രോ ഡീകരിച്ച 1607 കോടി രൂപയുടെ കരട് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

c. വേമ്പനാട് കായൽ പുനരുദ്ധാരണപദ്ധതി നട പിലാക്കും.

വേമ്പനാട് കായലിലെ പുനരുദ്ധാരണപദ്ധതി സ്റ്റേറ്റ് വെ റ്റ്‌ലാന്റ് അതോറിറ്റിയുടെ കീഴിൽ നടപ്പിലാക്കിവരുന്നു.

d. തോടുകളും ഇടത്തോടുകളും വൃത്തിയാക്കാനും പരിപാലിക്കാനും തദ്ദേശഭരണാടിസ്ഥാനത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കും.

ഹരിതകേരളമിഷന്റെ ആഭിമുഖ്യത്തിൽ 202 കി.മീ പുഴയും 18138 കി.മീ തോടും പുനരുജ്ജീവിപ്പിച്ചു. കുളങ്ങളു ടെ നവീകരണം, കുളങ്ങളും ജലസേചനകനാലുകളുമായി ബന്ധിപ്പിക്കൽ എന്നിവ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് 2019-20-ൽ 1311 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

244 കുട്ടനാട്പാക്കേജ് പൂർത്തീകരിക്കും. കുട്ടനാട്ടിലെ മലിനീകരണം കുറയ്ക്കാൻ പുതിയൊരു കാർഷിക കലണ്ടർ തയ്യാറാക്കി തണ്ണീർമുക്കം ഷട്ടറുകൾ അടച്ചിടുന്നതു പരമാവധി കുറയ്ക്കും. ഇത്തരമൊരു നടപടി സ്വീകരിക്കുന്നതോടൊപ്പം, കുടിവെള്ള ക്ഷാമം ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്താൻ കുട്ടനാട് കുടിവെള്ളപദ്ധതി പൂർത്തീകരിക്കും.

വെള്ളപ്പൊക്കനിവാരണപദ്ധതിയിൽ ഉൾപ്പെടുത്തി കെ.ഇ.എൽ-1, കെ.ഇ.എൽ-2, കെ.ഇ.എൽ-3, കെ.ഇ.എൽ-4, എന്നീ 4 സ്കീമുകൾ കേന്ദ്രധനസഹാ യത്തോടെ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ നെടുമുടി പഞ്ചായത്തിലെ 14 പാടശേഖരങ്ങൾ ഉൾപ്പെടുന്ന കെ.ഇ.എൽ-1 പൂർത്തീകരിച്ചിട്ടുണ്ട്. കെ.ഇ.എൽ-2 സ്കീമിൽപെട്ട റാണി, ചിത്തിര, സി&ഡി കായൽ നി ലങ്ങളിലെ പുറംബണ്ട് സംരക്ഷണം മറ്റ് അനുബന്ധപ്രവൃ ത്തികൾ വെള്ളപ്പൊക്കനിയന്ത്രണത്തിന് സഹായക രമാകുന്ന, വേമ്പനാട്ടുകായലിലേക്കുള്ള നേരിട്ടുള്ള കൊച്ചാർ എന്ന ചാനൽ എന്നിവ പൂർത്തീകരിക്കുകയും ഈ കായൽ നിക്ഷേപങ്ങളിൽ രണ്ട് പതിറ്റാണ്ടുകൾക്കു ശേഷം കൃഷി പുനരാരംഭിക്കുകയും ചെയ്തു.

കെ.ഇ.എൽ സ്കീമിൽപ്പെട്ട കുട്ടനാട് മേഖലയിലെ 231 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി 379.05 കോടി രൂപ വരുന്ന പദ്ധതിക്ക് കേന്ദ്രാംഗീകാ രം ലഭിക്കുകയും പതിനൊന്നാം പദ്ധതിയിൽ 106.13 കോടി രൂപ അനുവദിക്കുകയും ചെയ്തു. ഈ സ്കീമിൽ വരുന്ന 57 പ്രവൃത്തികളിൽ 48 പ്രവൃത്തികൾ പൂർത്തീക രിച്ചിട്ടുണ്ട്. 9 പ്രവൃത്തികൾ terminate ചെയ്തു. കെ.ഇ.എൽ 4 സ്കീമിൽപ്പെട്ട 21 പ്രവൃത്തികളിൽ 9 പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി 11 പ്രവൃത്തികൾ 2019 ജൂണിനുള്ളിലും ഒരു പ്രവൃത്തി-2019 ഒക്ടോബറിനുള്ളി ലും പൂർത്തീകരിക്കാൻ സാധിക്കും. ഇത് കൂടാതെ കുട്ടനാ ട് താലൂക്കിലെ പാടശേഖരങ്ങളുടെ ബണ്ട് നിർമ്മാണം, തണ്ണീർമുക്കം ബണ്ടിന്റെ നവീകരണം എന്നീ പ്രവൃത്തി കളും നടപ്പിലാക്കിവരുന്നു.

കിഫ്ബി 2017-18-ൽ ഉൾപ്പെടുത്തി കുട്ടനാട് പ്രദേശ ത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ വേണ്ടി 289 കോടി രൂപയുടെ പുതുക്കിയ വിശദമായ എഞ്ചിനീയറിം ഗ് റിപ്പോർട്ട് കേരള ജല അതോറിറ്റി തയ്യാറാക്കിയിട്ടു ണ്ട്. ജലശുദ്ധീകരണശാല, 13 പഞ്ചായത്തിലേക്കുള്ള ഉന്നതതലസംഭരണികളും വിതരണശൃംഖലയുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ കിഫ്ബിയുടെ പരിഗണനയിലാണ്. മേൽ പദ്ധതിവഴി തലവടി, എടത്വ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി,ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കു ന്ന്, കൈനകരി, വീയപുരം, വെളിയനാട് എന്നീ പഞ്ചാ യത്തുകളിലെ ഏകദേശം 1.9 ലക്ഷം ജനങ്ങൾക്ക് കുടി വെള്ളം എത്തിക്കാനാണ് ലക്ഷ്യമിടുന്നത്.

13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച 70 കോടി രൂപയുടെ കുട്ടനാട് കുടിവെള്ളപദ്ധതി 3 പാക്കേജുകളിലായി പുരോഗമിച്ചുവരുന്നു. ഒന്നാം പാക്കേജ് 100 ശതമാനം പൂർത്തീകരിച്ചു. 2-ാം പാക്കേജ് 98 ശതമാനവും 3-ാം പാക്കേജ് പൈപ്പ് ലൈൻ ജോലികൾ 79ശതമാനവും ഓവർഹെഡ് ടാങ്കിന്റെ പണികൾ 5 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്.

245 **ഉപയോഗിച്ചുകഴിഞ്ഞ വെള്ളം ശുദ്ധീകരിച്ചു പുനരുപയോഗിക്കാൻ സംവിധാനം ഉണ്ടാക്കും.**

സി.ഡബ്ലിയു.ആർ.ഡി.എമ്മിന്റെ മേൽനോട്ടത്തിൽ വിവിധകേന്ദ്രങ്ങളിൽ റീസൈക്ലിങ് യൂണിറ്റുകൾ സ്ഥാപിച്ചു.

246 **വിദഗ്ധപഠനങ്ങൾ കാണിക്കുന്നത് പല വിളകൾക്കും ആവശ്യമായതിന്റെ 23 ഇരട്ടി വെള്ളം ജലസേചനം ചെയ്യുന്നു എന്നാണ്. ജലോപയോഗം കുറയ്ക്കാനായി ചില വിളകൾക്കു സ്പ്രിങ്ളർ ജലസേചനം ഏർപ്പെടുത്തും.**

ഡ്രിപ് ജലസേചനം ഉൾപ്പെടുന്ന community micro Irrigation പദ്ധതി നടത്തുവാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

കുടിവെള്ളം

247 **a. വലിപ്പച്ചെറുപ്പമില്ലാതെ എല്ലാ ജലവിതരണപദ്ധതികളുടെയും സോഷ്യൽ ഓഡിറ്റിങ് നടത്തും. സ്രോതസിന്റെ ശേഷി, ലഭ്യത, യഥാർത്ഥത്തിലുള്ള ഗുണഭോക്താക്കളുടെ എണ്ണം, നിലവിലുള്ള ജലവിതരണക്ഷമത, പൈപ്പ്, ടാങ്ക്, ടാപ്പുകൾ തുടങ്ങിയവയുടെ യഥാർത്ഥസ്ഥിതി, ജലഗുണനിലവാരം, ശുദ്ധീകരണസംവിധാനത്തിന്റെ കാര്യക്ഷമത, നേരിടുന്ന പ്രശ്നങ്ങൾ തുടങ്ങിയവയൊക്കെ ഇതിലൂടെ വിലയിരുത്തപ്പെടും.**

ജലനിധി പദ്ധതികളെ സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് നടത്തിവരുന്നു. കേരള ജല അതോറിറ്റിയെ സംബന്ധിച്ച് ഇത് ആരംഭദശയിലാണ്.

b. പഴയ പദ്ധതികൾ ആവശ്യമെങ്കിൽ പുനരധിവസിപ്പിക്കും.

ജലനിധി രണ്ടാം ഘട്ടത്തിൽ 115 ഗ്രാമപ്പഞ്ചായത്തുകളിലായി 2176 പദ്ധതികളാണ് പൂർത്തീകരിച്ചു വരുന്നത്. പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപ്പഞ്ചായത്തുകളിൽ 74 ഗ്രാമപ്പഞ്ചായത്തുകളിലായി ഗ്രാമപ്പഞ്ചായത്തിന്റെതന്നെ 410 ചെറിയ പദ്ധതികൾ പൂർണ്ണമായോ ഭാഗികമായോ പ്രവൃത്തിക്കാതെ ആയിരുന്നു. ഇവ ജലനിധിയിലേക്ക് ഏറ്റെടുക്കുകയും ഇതുവരെ 406 സ്കീമുകൾ കമ്മിഷൻ ചെയ്യുകയും ഇതിലൂടെ 29,989 കുടുംബങ്ങൾക്ക് ജലവിതരണം നടത്തിവരികയും ചെയ്യുന്നു. ഇനിയും പൂർത്തീകരിക്കുവാനുള്ള 4 സ്കീമുകൾ 2019 ഏപ്രിൽ 30 നുള്ളിൽ പൂർത്തീകരിക്കും. ഇതിലൂടെ 147 കുടുംബങ്ങൾക്കുകൂടി കുടിവെള്ളം നല്കുവാൻ സാധിക്കും.

KWAയുടെ പൂർണ്ണമായും പ്രവർത്തനക്ഷമം അല്ലാതിരുന്ന 44 ഏകപഞ്ചായത്ത് സ്കീമുകളും പദ്ധതിയുടെ ഭാഗമാക്കി ഏറ്റെടുത്ത് നവീകരിച്ച് പൂർത്തിയാക്കുകയും 8817 കുടുംബങ്ങൾക്ക് ഇപ്പോൾ കുടിവെള്ളം നല്കി വരികയും ചെയ്യുന്നു.

248 **a. നഗരപ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ബൃഹദ്പദ്ധതികൾ അനിവാര്യമാണ്. കനേഷുമാരി കണക്കുപ്രകാരം 30 ശതമാനം കുടുംബങ്ങൾക്കാണു പൈപ്പുവെള്ളം ലഭിക്കുന്നത്. ഇത് 50 ശതമാനമായി ഉയർത്തും.**


ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 4.26 ലക്ഷം പുതിയ കുടിവെള്ളകണക്ഷനുകൾ നല്കിക്കഴിഞ്ഞു. നിലവിലുള്ള 1187 പദ്ധതികളിലൂടെ 23.97 ലക്ഷം ഗാർഹിക കണക്ഷനുകൾ, ഗാർഹികേതരകണക്ഷനുകൾ, 2.1 ലക്ഷം പൊതു ടാപ്പുകൾ എന്നിവ വഴി സംസ്ഥാനത്തെ 57 ശതമാനം ജനങ്ങൾക്കും ശുദ്ധജലവിതരണം നടത്തുന്നുണ്ട്.

b. പഴയ പദ്ധതികൾ പുനരുദ്ധരിക്കും. ശുദ്ധീകരണസംവിധാനങ്ങൾ കാര്യക്ഷമമാക്കും.

കിഫ്ബിയിൽ സമർപ്പിച്ച 124 പ്രോപ്പോസലുകളിൽ 108 എണ്ണത്തിന് കിഫ്ബി 382.64 കോടി രൂപയുടെ അനുമതി നല്കിയിട്ടുണ്ട്. 19 എണ്ണം കിഫ്ബിയുടെ പരിഗണനയിലാണ്.

കാലഹരണപ്പെട്തും കേടായതുമായ കുടിവെള്ള പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കാനായി അമൃത് പദ്ധതിയിൽ ഭരണാനുമതി ലഭിച്ച 143.45 കോടി രൂപയുടെ പ്രവൃത്തികളിൽ 10.68 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയായി. ബാക്കി 132.14 കോടി രൂപയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയും 0.63 കോടി രൂപയുടെ പ്രവൃത്തിയുടെ ടെണ്ടർ പരിശോധന നടന്നുവരികയും ചെയ്യുന്നു. അമൃത് പദ്ധതിയിലൂടെ അനുമതി ലഭിച്ച എല്ലാ പ്രവൃത്തികളും 2020 മാർച്ച് 31-ഓടെ പൂർത്തിയാക്കും.

2018-19 - ൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിലേക്കായി 89.97 കോടി രൂപയുടേയും ജലശുദ്ധീകരണശാലയുടെ പുനരുദ്ധാരണ



ആൾനുഴി വൃത്തിയാക്കാൻ രാജ്യത്ത് ആദ്യമായി നിയോഗിച്ച റോബോട്ട്.
നവീനാശയപ്രോത്സാഹനപദ്ധതി പ്രകാരം യുവ എഞ്ചിനീയർമാർ വികസിപ്പിച്ചത്.

ത്തിനായി 15.81 കോടി രൂപയുടെയും ഭരണാനുമതി നല്കിയിട്ടുണ്ട്.

249 കേരള വാട്ടർ അതോറിറ്റി പുനഃസംഘടിപ്പിക്കും. ദുർവ്വഹമായ കടബാദ്ധ്യത ഒഴിവാക്കും. വിതരണ നഷ്ടം ഗണ്യമായി കുറയ്ക്കും. സർക്കാരുമായുള്ള എം.ഒ.യു.വിന്റെ അടിസ്ഥാനത്തിൽ നഷ്ടം സബ്സിഡിയായി നല്കും.

വിതരണനഷ്ടം കുറയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം കൊച്ചി, നഗരപ്രദേശത്തും ചില ഗ്രാമങ്ങളിലും 24x7 ജലവിതരണസംവിധാനം നടപ്പാക്കുന്നതിന് ADB സഹായത്തോടെയുള്ള 2500 കോടി രൂപയുടെ പദ്ധതിക്ക് അനുമതിക്കായുള്ള നടപടികൾ പ്രാരംഭദശയിലാണ്. ഈ പദ്ധതി പ്രാവർത്തികമാകുമ്പോൾ 24 മണിക്കൂറും തടസ്സരഹിതമായി ആവശ്യമായ അളവിൽ ശുദ്ധമായ കുടിവെള്ളവിതരണം സാധ്യമാകും. അതോടൊപ്പം വിതരണനഷ്ടം 20% ആയി കുറയ്ക്കാനും ലക്ഷ്യമിടുന്നു. പദ്ധതി സംബന്ധമായി പ്രാരംഭപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതികൾ നടപ്പിലാകുന്നതോടെ 24 മണിക്കൂറും തടസ്സരഹിതമായി കുടിവെള്ളം ലഭിക്കുന്ന ഇന്ത്യയിലെതന്നെ ആദ്യനഗരങ്ങളിൽ തിരുവനന്തപുരം, കൊച്ചി നഗരങ്ങൾ ഇടംപിടിക്കും.

30.9.2018 വരെയുള്ള കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജിനത്തിലുള്ള കുടിശ്ശികയായി കെ.എസ്.ഇ.ബിയ്ക്ക് നല്കുവാനുള്ള 1326.69 കോടി രൂപ സർക്കാർ തലത്തിൽ 4 വർഷം കൊണ്ട് തീർപ്പാക്കാൻ ഉത്തരവായി. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കേരള വാട്ടർ അതോറിറ്റിയ്ക്ക് നല്കുവാനുള്ള വെള്ളക്കര കുടിശ്ശിക 6% പലിശയിനത്തിൽ പുനഃക്രമീകരിച്ച്, അതിന്റെ ആദ്യ മൂന്ന് ഗഡുവായി 84.95 കോടി രൂപ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഗ്രാന്റിൽ നിന്ന് കുറവു വരുത്തി വാട്ടർ അതോറിറ്റിയ്ക്ക് നല്കുകയും ആ തുക കെ.എസ്.ഇ.ബിയ്ക്ക് നല്കുവാനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത തുക കേരള വാട്ടർ അതോറിറ്റി കെ.എസ്.ഇ.ബിയ്ക്ക് നല്കുകയും ചെയ്തു. കേരള ജല അതോറിറ്റി പുനഃസംഘടിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

250 ജലനിധിപദ്ധതികളുടെ നിർവ്വഹണവും നടത്തിപ്പും പുനരവലോകനം ചെയ്യും. ഇവ പുനരുദ്ധരിക്കാൻ പ്രത്യേക സ്കീമിനു രൂപം നല്കും.

ജലനിധി ഒന്നാംഘട്ടത്തിൽ നടപ്പിലാക്കിയ കുടിവെള്ള വിതരണപദ്ധതികളിൽ പൂർണമായോ ഭാഗികമായോ പ്രവർത്തന രഹിതമായ പദ്ധതികളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും വേണ്ടി 2018-19 സാമ്പത്തികവർഷം പുതിയ ഭരണാനുമതി പ്രകാരം 12.95 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിരുന്നു. ഇതനുസരിച്ച് തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ 64 ഗ്രാമപ്പഞ്ചായത്തുകളിലെ ഏകദേശം 14,000 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്ന 211 പദ്ധതികളുടെ പുനരുദ്ധാരണത്തിനായി ആദ്യഘട്ടപദ്ധതികൾ ആവിഷ്ക്കരിച്ചു. ഗുണഭോക്തൃസമിതി, ഗ്രാമപ്പഞ്ചായത്ത് എന്നിവരുടെ പങ്കാളിത്തത്തോടെയും സാമ്പത്തികവിഹിതത്തോടെയും നടപ്പിലാക്കുന്ന പുനരുദ്ധാരണ, നവീകരണ പദ്ധതികളിൽ ഇതുവരെ 172 പദ്ധതികൾക്ക് സാങ്കേതികാനുമതി നല്കുകയും പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തു. എല്ലാ പ്രവൃത്തികളും 2019-മേയ് മാസം 31നുള്ളിൽ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

ഒന്നാം ഘട്ടത്തിൽ പദ്ധതി നടപ്പിലാക്കിയ 112 ഗ്രാമപഞ്ചായത്തുകളിലെയും കേടുവന്ന ബാക്കി പദ്ധതികളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും വേണ്ടി 2019 - 20 സാമ്പത്തികവർഷം 55 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ ബഡ്ജറ്റിലൂടെ അംഗീകാരം നല്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള സർവ്വേ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രവൃത്തികൾ 2019 ഡിസംബർ മാസത്തിനുള്ളിൽ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

251 കേരളത്തിലെ 60 ശതമാനത്തിലേറെ ജനങ്ങളും കുടിവെള്ളത്തിനായി ആശ്രയിക്കുന്ന സ്രോതസ്സെന്ന നിലയ്ക്ക് കിണറുകളുടെ സംരക്ഷണത്തിന പ്രത്യേക പ്രാധാന്യം നല്കും. കിണറുകളും കുളങ്ങളും സംരക്ഷിക്കാനും മഴക്കാലത്ത് റീച്ചാർജ്ജ് ചെയ്യാനും ഗുണനിലവാരപരിശോധന നടത്താനും എല്ലാ തദ്ദേശഭരണസ്ഥാപനത്തിലും സംവിധാനമുണ്ടാക്കും.

കുടിവെള്ളകവറേജ് കുറവുള്ള ഗ്രാമപ്പഞ്ചായത്തുകൾക്ക് മുൻഗണന നല്കികൊണ്ട് ജലനിധി നടപ്പിലാക്കുന്ന "മഴവെള്ളസംഭരണം ഭൂജലപരിപോഷണം" പരിപാടിയുടെ ഭാഗമായി നടപ്പു സാമ്പത്തികവർഷം പത്ത് ഗ്രാമപഞ്ചായത്തുകളിലെ 1526 കുടുംബങ്ങൾക്ക് 10,000 ലിറ്റർ ശേഷിയുള്ള മഴവെള്ളസംഭരണികൾ നിർമ്മിച്ച് നല്കി. ഇതോടെ പദ്ധതിയുടെ പ്രവർത്തനങ്ങൾ 34 ഗ്രാമപ്പഞ്ചായത്തുകളിലെ 7160 കുടുംബങ്ങളിൽ നടപ്പിലാക്കാൻ സാധിച്ചു.

കിണർ റീചാർജ്ജിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് നടപ്പു സാമ്പത്തികവർഷം പത്ത് ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുകയും തുടർന്ന് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ടെൻഡർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ പ്രളയത്തെ തുടർന്ന് കുടിവെള്ളവിതരണ പദ്ധതികൾക്ക് സംഭവിച്ച നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് ജലനിധി പ്രത്യേകം തുക കണ്ടെത്തേണ്ടതായി വന്നു. തുക പുനക്രമീകരിക്കുന്നതിന്റെ ഭാഗമായി കിണർ റീചാർജ്ജിംഗ് പദ്ധതിക്ക് വകയിരുത്തിയിരുന്ന വിഹിതത്തിൽനിന്ന് 5 കോടി രൂപ വക മാറ്റിയതിനാൽ കിണർ റീചാർജ്ജിംഗ് പദ്ധതി പുതിയ സാമ്പത്തികവർഷം നടപ്പിലാക്കുവാർ തീരുമാനിച്ചു.

2018-19 സാമ്പത്തികവർഷം ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൽ 13 ചെറുകിട കുടിവെള്ളപദ്ധതികൾ, 31 കുടിവെള്ളപദ്ധതി പുനരുദ്ധാരണം, 2044 ഹാൻഡ്പമ്പ് റിപ്പയർ, 15 കുഴൽക്കിണർ/ട്യൂബ് വെൽ നിർമ്മാണം എന്നിവ പ്ലാൻ ഫണ്ടുപയോഗിച്ച് പൂർത്തികരിച്ചിട്ടുണ്ട്. ഇതിലൂടെ 14 ജില്ലകളിലായി 25,558 കുടുംബങ്ങൾക്കും, 2 സ്ഥാപനങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. വിവിധ പഞ്ചായത്തുകൾ, സർക്കാർസ്ഥാപനങ്ങൾ, എം.എൽ.എ.എസ്.ഡി.എഫ്, എം.പി.ലാഡ് എന്നീപദ്ധതികളിലൂടെ283ചെറുകുടിവെള്ളപദ്ധതികൾ, 130 ബോർവെൽ/ട്യൂബ് വെൽ നിർമ്മാണം തുടങ്ങിയവ പൂർത്തീകരിച്ചു. ഇത് മൂലം 15,668 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കി.

ജലസേചനവകുപ്പ് കേരളത്തിലെ 536 കുളങ്ങളുടെ നവീകരണത്തിനായി ഭരണാനുമതി നൽകിയതിൽ 269 കുളങ്ങളുടെ പ്രവൃത്തികൾ പൂർത്തിയായി.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 8675 കുളങ്ങൾ പുതുതായി നിർമ്മിക്കുകയും 9889 കുളങ്ങൾ പുനഃരുദ്ധരിക്കുകയും 4625 കിണറുകൾ നവീകരിക്കുകയും 48936 കിണറുകളിൽ റീചാർജ്ജിംഗ് സംവിധാനമൊരുക്കുകയും ചെയ്തു.

കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പുതിയ 8675 കുളങ്ങളും 15000 കുടിവെള്ളകിണറുകളും നിർമ്മിച്ചു

252 സ്വീവേജിന്റെ പ്രവർത്തനം ഗ്രാമങ്ങളിലേക്കു വ്യാപിപ്പിക്കും.

അമൃത് പദ്ധതിയിലുൾപ്പെടുത്തി സ്വീവേജ് പദ്ധതികളുടെ പ്രയോജനം വ്യാപകമാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി കോർപ്പറേഷൻ ഭാഗത്തെ പ്രവർത്തനങ്ങൾ വിപുലീകരിക്കാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഗുരുവായൂർ മുനിസിപ്പാലിറ്റിയുടെ സ്വീവേജ് നെറ്റ്വർക്കിന്റെ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സംയുക്തപദ്ധതിയായ അമൃത് പദ്ധതിയിൽ തിരുവനന്തപുരം, കൊച്ചി,

കൊല്ലം നഗരങ്ങളിലേയ്ക്കുള്ള സ്വിവറേജ് സംവിധാനങ്ങൾക്കായി ഭരണാനുമതി ലഭിച്ച 203.36 കോടി രൂപയുടെ 115 പ്രവൃത്തികളാണ് കേരള ജല അതോറിറ്റി നടത്തിവരുന്നത്. കേരള ജല അതോറിറ്റി നാളിതുവരെ 2015-16, 2016-17, 2017-18 എന്നിങ്ങനെ മൂന്ന് ആക്ഷൻ പ്ലാനുകളായി ഭരണാനുമതി ലഭിച്ച 115 സ്വിവറേജ് പ്രവൃത്തികളിൽ (203.36 കോടി രൂപ) 113 പ്രവൃത്തികൾക്ക് (194.36 കോടി രൂപ) സാങ്കേതികാനുമതി നല്കുകയും ഈ പ്രവൃത്തികൾ എല്ലാംതന്നെ ടെൻഡർ ചെയ്യുകയും ചെയ്തു. ഇവയിൽ 88 പ്രവൃത്തികൾക്ക് (93.80 കോടി രൂപ) കരാർ നല്കി. ഇതിൽ 37 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. അമൃത് പദ്ധതിയിലൂടെ അനുമതി ലഭിച്ച എല്ലാ പദ്ധതികളും 2020 മാർച്ച് 31- ഓടെ പൂർത്തിയാക്കി ഈ പദ്ധതി കൊണ്ടുള്ള പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കാനാണ് ജല അതോറിറ്റി ഉദ്ദേശിക്കുന്നത്.

253 കൃഷിവെള്ളത്തിന്റെ വില നിയന്ത്രിക്കാൻ കുറഞ്ഞ ചെലവിൽ അവ ലഭ്യമാക്കാനുള്ള സർക്കാർ സംവിധാനങ്ങൾ വിപുലപ്പെടുത്തും.

'ഹില്ലി അക്വ' എന്ന പേരിൽ KWDC കുപ്പിവെള്ളം വിതരണം ചെയ്യുന്നുണ്ട്. ബി.ഐ.എസ്സ്, എഫ്.എസ്. എസ്.എ.ഐ. എന്നീ വകുപ്പുകളിൽനിന്ന് അനുമതി ലഭിക്കുന്ന മുറയ്ക്കും ഉൽപ്പാദനം, പരിപാലനം, വിപണനം എന്നീ കാര്യങ്ങളിൽ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്കും കേരള വാട്ടർ അതോറിറ്റിയുടെ അരുവിക്കര കുപ്പിവെള്ള ഫാക്ടറി പ്ലാന്റിൽ നിന്നും വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കുന്നതാണ്.

മാലിന്യനിർമ്മാർജ്ജനം

254 ഉറവിടമാലിന്യസംസ്കരണം പ്രോത്സാഹിപിക്കാൻ വികേന്ദ്രീകൃതസംസ്കരണസാങ്കേതികവിദ്യകൾ വ്യാപകമാക്കും. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കാൻ പ്രോത്സാഹിപിക്കും. ഇതിനായി കമ്പോസ്റ്റിങ്, ബയോഗ്യാസ്, മണ്ണിര കമ്പോസ്റ്റിങ് എന്നീ സാങ്കേതികവിദ്യകളും ഉൾപ്പെടുത്തും. വീടുകളിലെ ജൈവ മാലിന്യ പരിപാലനവും അടുക്കളത്തോട്ടങ്ങളുമായി ബന്ധിപ്പിച്ച് സുരക്ഷിതഭക്ഷണം ഉറപ്പാക്കും.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതിവിഹിതത്തിൽനിന്ന് ഉറവിടമാലിന്യസംസ്ക്കരണത്തിനു പത്തു ശതമാനം തുക വകയിരുത്താൻ നിഷ്ക്കർഷിച്ചു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറവിടമാലിന്യസംസ്ക്കരണ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നു.

വീടുകളിൽ ഉറവിടമാലിന്യ സംസ്ക്കരണം ഉറപ്പാക്കുന്നതിനായി ബയോഗ്യാസ് പ്ലാൻറുകൾ, വെർമി കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ്, കിച്ചൻ ബിൻ കമ്പോസ്റ്റിംഗ് തുടങ്ങിയ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി സർക്കാർ 50% സബ്സിഡി നല്കിവന്നിരുന്നു.

നിലവിൽ 21.29ലക്ഷം വീടുകളിൽ മാലിന്യം തരംതിരിച്ച് ശേഖരിച്ചുവരുന്നു. കൂടാതെ 30.19ലക്ഷം വീടുകളിലും 29420സ്ഥാപനങ്ങളിലും 2003 കമ്മ്യൂണിറ്റി തലങ്ങളിലും ഉറവിടത്തിൽത്തന്നെ ജൈവമാലിന്യം കമ്പോസ്റ്റാക്കുന്ന സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ഇവയിലൂടെ ദിവസേന 3537.69 ടൺ ജൈവമാലിന്യം സംസ്കരിക്കപ്പെടുന്നു. കൂടാതെ 84531 വീടുകളിലും 1320 സ്ഥാപനങ്ങളിലും 98 കമ്മ്യൂണിറ്റിതലങ്ങളിലും ബയോഗ്യാസ് പ്ലാന്റുകൾ പ്രവൃത്തിക്കുന്നു.

255 അജൈവമാലിന്യങ്ങളുടെ ശേഖരണത്തിനും സുരക്ഷിതനിർമ്മാർജ്ജനത്തിനും കുടുംബശ്രീ സംരംഭങ്ങളായി തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ലാഭകരമായി പ്രവൃത്തിക്കാനാകുന്ന റിസോഴ്സ് റിക്കവറി സംരംഭങ്ങൾ സ്ഥാപിക്കും. ജൈവവള ഉത്പാദനവും വിപണനവും ഗാർഹിക സ്ഥാപനതലങ്ങളിൽ ഉണ്ടാകുന്ന ഹാനികരമായ മാലിന്യങ്ങളുടെയും ഇലക്ട്രോണിക് മാലിന്യങ്ങളുടെയും സുരക്ഷിതനിർമ്മാർജ്ജനവും കൈകാര്യം ചെയ്യാൻ ഈ സംരംഭങ്ങളെ പ്രാപ്തമാക്കും.

ജൈവമാലിന്യസംസ്കരണത്തിന്റെ ഭാഗമായി അജൈവമാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്നതിനും ജൈവമാലിന്യങ്ങൾ കൈകാര്യം ചെയ്യുവാൻ ആവശ്യപ്പെടുന്നവർക്ക് സേവനം നല്കുന്നതിലേക്കുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേനയുടെ സേവനം ലഭ്യമാണ്. അജൈവമാലിന്യങ്ങൾ സംഭരിക്കുന്നതിലേക്ക് 480 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) ആരംഭിച്ചു. പുനഃചംക്രമണസാധ്യത ഇല്ലാത്ത 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്ക് കവറുകൾ പൊടിക്കുന്നതിനും രണ്ടാംഘട്ട തരംതിരിവിനായി ബ്ലോക്ക് തലത്തിൽ 117 റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്.), എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

ഈ ഫെസിലിറ്റികളിൽ 646.39 മെട്രിക് ടൺ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ഉല്പാദിപ്പിക്കുകയും അതിൽനിന്നു 193.61 മെട്രിക് ടൺ പൊതുമരാമത്ത് വകുപ്പിനും 284.90 മെട്രിക് ടൺ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും റോഡ് നിർമ്മാണത്തിന് ലഭ്യമാക്കുകയുമുണ്ടായി. ക്ലീൻ കേരള കമ്പനി 1319 ടൺ ഇലക്ട്രോണിക് മാലിന്യങ്ങൾ

ശേഖരിച്ച് അംഗീകൃത റീസൈക്ലിംഗ് ഏജൻസികൾക്ക് കൈമാറി.

256 **ഖരമാലിന്യസംസ്കരണപരിപാലന പ്രവർത്തനങ്ങൾക്ക് സാങ്കേതികപിന്തുണ ഉറപ്പാക്കാൻ പരിശീലനം സിദ്ധിച്ച പരിപാലനസംഘങ്ങളെ തയ്യാറാക്കും. ഇത്തരം സംഘങ്ങളുടെ പ്രവർത്തനം തദ്ദേശഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമായിരിക്കും. റസിഡന്റ്സ് അസോസിയേഷനുകൾക്കു നേതൃത്വപരമായ പങ്കു നല്കും.**

സംസ്ഥാനത്ത് 36 ഹരിതസഹായ സ്ഥാപനങ്ങളെ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. ഹരിതസഹായസ്ഥാപനങ്ങൾ അവർക്ക് അനുവദിച്ച് നല്കിയിട്ടുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുന്നത് നടന്നുവരുന്നു. പ്രാരംഭ പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്.

257 **ഇലക്ട്രോണിക്, ബയോമെഡിക്കൽ മാലിന്യങ്ങൾ, അപകടകരമായ മാലിന്യങ്ങൾ എന്നിവ സംഭരിച്ച് കേന്ദ്രസർക്കാർ അംഗീകരിച്ച ഏജൻസികൾക്ക് കൈമാറും.**

ക്ലീൻ കേരള കമ്പനി ഇ- മാലിന്യങ്ങളിൽ അടങ്ങിയിട്ടുള്ള ആപൽക്കരമായ മാലിന്യങ്ങളായ ട്യൂബ് ലൈറ്റ്, സി.എഫ്. എൽ., പ്രിന്റർ കാട്രിഡ്ജുകൾ, സി ഡി., പൊട്ടിയ മോണിട്ടറുകൾ, ബൾബുകൾ എന്നിവ പ്രത്യേകമായി ശേഖരിച്ച് ശാസ്ത്രീയമായി സംസ്ക്കരിക്കുന്നുണ്ട്. ഈ പ്രവൃത്തിക്കായി അംഗീകാരം ലഭിച്ചിട്ടുള്ള സ്ഥാപനം വഴിയാണ് ഇത്തരത്തിലുള്ള ആപൽക്കരമായ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നത്. ക്ലീൻ കേരള കമ്പനി 1319 ടൺ ഇലക്ട്രോണിക മാലിന്യവും 47 ടൺ ആപൽക്കരമായ മാലിന്യവും അംഗീകൃത ഏജൻസിക്ക് കൈമാറിയിട്ടുണ്ട്.

258 **ആവശ്യമുള്ള പൊതുവിടങ്ങളിൽ ഉപയോഗക്ഷമവും സ്ത്രീസൗഹൃദവുമായ പൊതുശൗചാലയങ്ങൾ ഉറപ്പാക്കും. എല്ലാ 50 കിലോമീറ്ററുകളിലും ഹൈവേ കംഫർട് സ്റ്റേഷനുകൾ സ്ഥാപിക്കും. നിലവിലുള്ള പെട്രോൾ പമ്പുകൾ, ഹൈവേ ഭക്ഷണശാലകൾ എന്നിവയോടു ബന്ധപ്പെടുത്തിയായിരിക്കും ഈ ശൗചാലയശൃംഖല പ്രവൃത്തിക്കുക.**

നിലവിൽ നഗരസഭകളുടെ കീഴിലുള്ള 924 പൊതു ശൗചാലയങ്ങളിൽ 411എണ്ണം സ്ത്രീസൗഹൃദമാണ്. പഞ്ചായത്തുകളുടെ കീഴിലുള്ള 457 പൊതുശൗചാലയങ്ങളിൽ 83 എണ്ണം സ്ത്രീസൗഹൃദമാണ്. ഹൈവേ കംഫർട്ട് സ്റ്റേഷനുകളുടെ എണ്ണം 59 ഉം പെട്രോൾ പമ്പുകൾ, ഹൈവേ ഭക്ഷണശാലകധൾ എന്നിവിടങ്ങളിലെ പൊതുശൗചാലങ്ങളുടെ എണ്ണം 699 ഉം ആണ്.

259 **a. സുരക്ഷിതമായ മാലിന്യസംസ്കരണത്തിനും**



ജനീവയിലെ മാലിന്യസംസ്കരണപ്ലാന്റ് സന്ദർശിച്ച് മുഖ്യമന്ത്രിയും സംഘവും പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നു.

പാരിസ്ഥിതിക, ആരോഗ്യസംരക്ഷണത്തിനും സംസ്ഥാനമൊട്ടാകെ ജനകീയാസൂത്രണമാതൃകയിൽ ഒരു കാമ്പയിനിനു രൂപം നല്കും.

കേരളത്തിലെ മാലിന്യപ്രശ്നങ്ങൾക്ക് സുസ്ഥിരമായ പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെയാണ് ഹരിതകേരളം മിഷൻ മാലിന്യത്തിൽനിന്നു സ്വാതന്ത്ര്യം കാമ്പയിൻ നടപ്പിലാക്കുന്നത്. 2017ആഗസ്റ്റ് 15-ാം തീയതി എല്ലാ ജില്ലകളിലും കാമ്പയിന് തുടക്കം കുറിച്ചു.

ഓരോ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റേയും പരിധിയിൽ വരുന്ന പ്രദേശങ്ങൾ മാലിന്യരഹിതമാക്കി, ഇതിലൂടെ മാലിന്യത്തിൽനിന്നു സ്വാതന്ത്ര്യം നേടുക എന്നതാണ് ഈ യജ്ഞത്തിന്റെ ആത്യന്തിക ലക്ഷ്യം. വീടുകളിലേയും കോളനികളിലേയും ഫ്ലാറ്റ് സമുച്ചയങ്ങളിലേയും കച്ചവടസ്ഥാപനങ്ങളിലേയും കമ്പോളങ്ങളിലേയും വ്യവസായസ്ഥാപനങ്ങളിലേയും മാലിന്യം സംസ്കരിക്കുക എന്നതും ഇതിൽ ഉൾപ്പെടുന്നു. സ്ഥല പരിമിതിയുള്ള വീടുകളിലെ മാലിന്യം കമ്മ്യൂണിറ്റിതലത്തിൽ സംസ്കരിക്കുവാൻ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

തെരഞ്ഞെടുത്ത മൂവായിരത്തിലധികം ആളുകളെ സംസ്ഥാന - ജില്ലാതലങ്ങളിലും ഇരുപത്തി അയ്യായിരത്തോളം ആളുകളെ ബ്ലോക്ക് തലത്തിലും രണ്ടേമുക്കാൽ ലക്ഷം വോളണ്ടിയർമാരെ തദ്ദേശസ്ഥാപനവാർഡ് തലത്തിലും പരിശീലനം നടത്തി ഗൃഹതലസർവ്വേയും വിവര-വിജ്ഞാനവ്യാപന പ്രവർത്തനങ്ങളും കാര്യക്ഷമമായി നടത്തുകയുണ്ടായി. ഇവർ സംസ്ഥാനത്ത് 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലധിൽ നിന്നായി 68,66,332വീടുകൾ സന്ദർശിച്ച് വിവരശേഖരണ നടത്തുകയും ഉറവിടമാലിന്യസംസ്കരണം സംബന്ധിച്ച് അടിസ്ഥാനപാഠങ്ങൾ പറഞ്ഞു കൊടുക്കുകയും ചെയ്തു. സംസ്ഥാനത്ത് 7 ഇടങ്ങളിൽ മാലിന്യത്തിൽനിന്ന് ഊർജ്ജം ഉല്പാദിപ്പിക്കാനുള്ള പദ്ധതികൾക്ക് അംഗീകാരം നല്കി.

b. പ്ലാസ്റ്റിക് പോലുള്ള പരിസ്ഥിതിക്കു ദോഷം വരുത്തുന്ന ഉത്പന്നങ്ങളുടെ ഉപയോഗം കുറയ്ക്കാൻ ബദൽ ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കും.

പ്ലാസ്റ്റിക് പോലുള്ള അജൈവമാലിന്യങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി ശുചിത്വമിഷൻ 'ഗ്രീൻ പ്രോട്ടോക്കോൾ' പ്രോത്സാഹിപ്പിച്ചുവരുന്നു. സംസ്ഥാനത്ത് ഡിസ്പോസിബിളുകളുടെ ഉപയോഗം പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് നടക്കുന്ന എല്ലാ പൊതുപരിപാടികളിലും അതുപോലെ ഒട്ടു മിക്ക മതപരമായ ആഘോഷങ്ങളിലും ഉത്സവങ്ങളിലും ഹരിതചട്ടം നടപ്പിലാക്കിവരുന്നുണ്ട്.

260 **ശുചിത്വാരോഗ്യസംരക്ഷണപ്രവർത്തനങ്ങളെ ആഗോളതാപനത്തിനെതിരായ ദേശീയ-അന്തർദ്ദേശീയ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കും.**

ആഗോളതാപനത്തിനെതിരെ ദേശീയ, അന്തർദേശീയ സെമിനാർ പരിസ്ഥിതിവകുപ്പിന്റെ നേതൃത്വത്തിൽ നടന്നു. ആഗോളതാപനത്തിനെതിരെ സംസ്ഥാനത്ത് Reduse- Reuse എന്നീ തത്വങ്ങളെ ഊന്നിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

261 **വെള്ളം, വായു എന്നിവ മലിനപ്പെടുത്തുന്നവർക്കെതിരെ കടുത്ത നടപടി ഉണ്ടാകുന്നവിധം നിയമനിർമ്മാണം നടത്തും.**

മലിനീകരണം നടത്തുന്നവർക്കെതിരെ ഉയർന്ന പിഴ ഈടാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾക്കാവശ്യമായ നിയമനിർമ്മാണമാണ് തദ്ദേശസ്വയംഭരണ വകുപ്പ് നിർവ്വഹിക്കുന്നത്.

262 **നമ്മുടെ ജലസ്രോതസ്സുകളായ നദികളും തടാകങ്ങളും തണ്ണീർത്തടങ്ങളും അടക്കമുള്ള ജലസ്രോതസ്സുകൾ വീണ്ടെടുക്കാനും സംരക്ഷിക്കാനും ബൃഹദ്പദ്ധതികൾ കൊണ്ടുവരും. ഇതിനായി കേരളത്തിൽ ജലസ്രോതസ്സ് സംരക്ഷണസമിതികൾ ഉണ്ടാക്കും.**

കഴിഞ്ഞ മൂന്നുവർഷമായി നദീപുനരുജ്ജീവനപ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ വളരെ പ്രാധാന്യത്തോടെ ഏറ്റെടുത്തു വരുന്ന സംസ്ഥാനത്ത് പുനരുജ്ജീവനം ആവശ്യമായ നദികളെ ജില്ലാതലത്തിൽ തെരഞ്ഞെടുക്കുകയും അവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ പങ്കാളിത്തം ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. വരട്ടാർ (പത്തനംതിട്ട), കിളളിയാർ (തിരുവനന്തപുരം), കൂട്ടൻപേരുർ (ആലപ്പുഴ), മീനച്ചിലാർ (കോട്ടയം), കരുമാത്തൂർ (കണ്ണൂർ), ചാലിയാർ (മലപ്പുറം), കണ്ണാടിപ്പുഴ (പാലക്കാട്), ഗായത്രിപ്പുഴ (പാലക്കാട്), കോരയാർപ്പുഴ (പാലക്കാട്) എന്നീ നദികളുടെ പുനരുജ്ജീവനനടപടികളിൽ തൊഴിലുറപ്പ് പദ്ധതിയെ ഇപ്രകാരം പ്രയോജനപ്പെടുത്തുന്നുണ്ട്. ഇതിൽ കൂട്ടൻപേരുർ, കരുമാത്തൂർ പുഴ, കണ്ണാടിപ്പുഴ, കോരയാർപ്പുഴ എന്നീ നദികളുടെ പുനരുദ്ധാരണ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു.

നദികളുടെ പാർശ്വഭിത്തികൾ ഇടിഞ്ഞ് നദികൾ നികന്നു പോകുന്നതിനാൽ പാർശ്വഭിത്തികൾ ബലപ്പെടുത്തുന്നതിന് സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്തു വരുന്നുണ്ട്. രാമച്ചം, കയർ ഭൂവസ്ത്രം എന്നിവ ഉപയോഗിച്ച് ബലപ്പെടുത്തൽ, നദീതീരങ്ങളിൽ ആറ്റുവഞ്ചി ചെടി, മുള മുതലായവ വച്ച് പിടിപ്പിക്കൽ എന്നിവയാണ് നടപ്പിലാക്കിവരുന്നത്. കൈവഴികളിൽ നീരൊഴുക്ക് ഉറപ്പാക്കാൻ തടയണകളുടെ നിർമ്മാണവും വൃഷ്ടിപ്രദേശങ്ങളിൽ മഴവെള്ളം ഭൂമിയിൽ ഇറങ്ങുന്നതി നുള്ള മഴക്കുഴി നിർമ്മാണം ഉൾ

പ്പെടെയുള്ള പ്രവൃത്തികളും നടപ്പിലാക്കിവരുന്നുണ്ട്.

സംസ്ഥാനത്തെ പ്രധാന പരമ്പരാഗതജലസ്രോതസ്സായ പൊതുകളങ്ങളുടെ പുനരുദ്ധാരണത്തിന് തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സമിതികൾ രൂപവത്ക്കരിച്ചിട്ടുണ്ട്.

263 സംസ്കരിക്കപ്പെട്ട മാലിന്യം കൃഷിക്കു പ്രയോജനപ്പെടുത്തും.

കമ്പോസ്റ്റായി സംസ്ക്കരിക്കപ്പെടുന്ന മാലിന്യം ഇപ്പോൾ വ്യാപകമായി കൃഷിക്ക് ഉപയോഗിക്കുന്നുണ്ട്.

ആരോഗ്യം



അന്താരാഷ്ട്രനിലവാരത്തിൽ സമയബന്ധിതമായി നിർമ്മിച്ച വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്

264 a. സർക്കാരാശുപത്രികളുടെ വിപുലീകരണത്തിനും നവീകരണത്തിനും ആരോഗ്യനയത്തിൽ ഊന്നൽ നല്കും.

മൊത്തം ജനവിഭാഗങ്ങളുടെയും ആരോഗ്യാവശ്യങ്ങൾ നിറവേറ്റത്തക്ക രീതിയിൽ ആരോഗ്യരംഗത്ത് സമഗ്ര ഇടപെടൽ നടത്തുകയും അതോടൊപ്പം രോഗാതുരതയും മരണനിരക്കും കുറയ്ക്കാൻ ലക്ഷ്യമിട്ടുകൊണ്ടും പകർച്ച വ്യാധികളുടെ നിയന്ത്രണം, പ്രാഥമിക തലത്തിൽത്തന്നെ ജീവിതശൈലി രോഗങ്ങളുടെ നിയന്ത്രണം കാര്യക്ഷമമായ ആരോഗ്യ പരിപാലന സംവിധാനങ്ങൾ, പ്രാഥമിക ചികത്സാ സ്ഥാപനങ്ങളുടെ എണ്ണവും നിലവാരവും വർദ്ധിപ്പിക്കൽ, ദ്വിതീയ തലത്തിൽ രോഗസങ്കീർണതകളുടെ നിയന്ത്രണം, ദ്വിതീയ - ത്രിതീയ തല ചികിത്സാ സൗകര്യങ്ങളുടെ ആധുനികീകരണം, ത്രിതല റഫറൽ സമ്പ്രദായം നടപ്പിലാക്കൽ, ചികിത്സാരംഗത്ത് ആവശ്യമായ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തൽ എന്നിവയ്ക്ക് മുൻഗണന നല്കുകയും ചെയ്തുകൊണ്ടുള്ള സമഗ്രമായ ഒരു ആരോഗ്യ നയം സംസ്ഥാനത്ത് രൂപവത്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

b. സംസ്ഥാനസർക്കാരിന്റെ ആരോഗ്യച്ചെലവ് സംസ്ഥാനോത്പാദനത്തിന്റെ 0.6 ശതമാനത്തിൽനിന്നു വർഷം കണ്ട് ഒരു ശതമാനമായി വർദ്ധിപ്പിച്ച് അഞ്ചു ശതമാനത്തിൽ എത്തിക്കും.

നടപടി സ്വീകരിച്ചുവരുന്നു

265 ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വൻകിടകോർപ്പറേറ്റ് ആശുപത്രികളെ കഴിവതും ഒഴിവാക്കി സർക്കാർ, ഇടത്തരം സ്വകാര്യാശുപത്രികളിലേക്കായി പരിമിതപ്പെടുത്തും. ഇൻഷ്വറൻസ് പദ്ധതി വഴി ലഭിക്കുന്ന വിഹിതം പ്രയോജനപ്പെടുത്തി സർക്കാരാശുപത്രികളിലെ അടിസ്ഥാനസൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തും. അർബുദം, വൃക്കരോഗങ്ങൾ, കരൾ, തലച്ചോറിലെ ട്യൂമർ തുടങ്ങിയവയ്ക്കും ഇതുവഴി സൗജന്യചികിത്സ ഉറപ്പുവരുത്തും.

സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന RSBY, CHIS, CHIS PLUS, കാരുണ്യ എന്നീ പദ്ധതികൾ സംയോജിപ്പിച്ച് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) 01.04.2019 മുതൽ നടപ്പിലാക്കി. നടത്തിപ്പുചുമതല 'ചിയാക്' നാണ്. ഈ പദ്ധതിയിയുടെ ഗുണഭോക്താക്കളായ ഓരോ കുടുംബത്തിലെയും എല്ലാ അംഗങ്ങൾക്കും കൂടി വർഷം തോറും 5 ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ പരിരക്ഷയാണ് ഉറപ്പ് വരുത്തുന്നത്. സമഗ്രമായ ചികിത്സാ

പാക്കേജ് നിരക്കുകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അർബുദം, വൃക്കരോഗങ്ങൾ, കരൾ, തലച്ചോറിലെ ട്യൂമർ തുടങ്ങിയ രോഗങ്ങൾക്കുള്ള ചികിത്സയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

266 a. സർക്കാർ ആരോഗ്യസ്ഥാപനങ്ങളുടെ സൗകര്യങ്ങൾ വിപുലീകരിക്കും. പി.എച്ച്.സി.കളിൽ അടക്കമുള്ള സ്റ്റാഫ് പാറ്റേൺ ഉചിതമായ മാറ്റങ്ങൾ വരുത്തി ആവശ്യാനുസരണം പരിഷ്കരിക്കും.

ആർദ്രം പദ്ധതി വഴി ഘട്ടം ഘട്ടമായി സംസ്ഥാനത്തെ മുഴുവൻ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെയും കുടുംബാ രോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റി. രണ്ടാംഘട്ടത്തിൽ 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കുന്ന വിപുലമായ പ്രവർത്തനപരിപാടികളുമായാണ് മുന്നോട്ട് പോകുന്നത്. ഒരു കുടുംബത്തിലെ എല്ലാപേർക്കും എല്ലാവിധ അസുഖങ്ങളുടെയും പ്രാഥമിക ചികിത്സയും ആരോഗ്യ പരിചരണവും ആണ്. ഈ കേന്ദ്രങ്ങൾ ലക്ഷ്യമിടുന്നത്. കേരളത്തിൽ ഇന്നിപ്പോൾ വലിയൊരു ആരോഗ്യപ്രശ്നങ്ങളായി മാറിയ രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയ രോഗങ്ങൾക്കുള്ള ക്ലിനിക്കുകളും, ആസ്ത്മ, മാനസികാരോഗ്യപ്രശ്നങ്ങൾ തുടങ്ങിയവയ്ക്കുള്ള പ്രത്യേക സേവനങ്ങളും ഇവിടങ്ങളിൽ നിലവിൽ വന്നുകൊണ്ടിരിക്കുകയാണ്. ലബോറട്ടറി ടെക്നീഷ്യന്റെ തസ്തിക സൃഷ്ടിച്ച് ലാബ് സർവ്വീസുകൾ ലഭ്യമാക്കുകയും അധിക ഡോക്ടർമാരെയും സ്റ്റാഫ് നേഴ്സുമാരെയും പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി സേവനസമയം വൈകിട്ട് 6 മണി വരെ ദീർഘിപ്പിക്കുകയും സേവന മേഖലകൾ വിപുലപ്പെടുത്തുകയും ചെയ്തു. ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയുമൊക്കെ അധികമായി വേണ്ട സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുഖാന്തരവും ദേശീയ ആരോഗ്യ ദൗത്യം മുഖേനയും താല്ക്കാലികമായി നിയമിക്കുന്നുമുണ്ട്.

ടോക്കൺ സംവിധാനങ്ങൾ, രജിസ്ട്രേഷൻ കൗണ്ടർ രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, കുടിവെള്ളം, ടോയ്ലെറ്റ് സൗകര്യങ്ങൾ, ആരോഗ്യബോധവത്ക്കരണത്തിനുള്ള ആധുനിക സംവിധാനങ്ങൾ, നഴ്സുമാർ വഴിയുള്ള പ്രീ-ചെക്കപ്പ്, സ്വകാര്യതയുള്ള പരിശോധനമുറികൾ, ജീവിതശൈലീരോഗ ക്ലിനിക്, ശ്വാസ് (ശ്വാസം മുട്ടലിന്), ആശ്വാസ് (മാനസിക ആരോഗ്യപരിചരണം) ക്ലിനിക്കുകൾ തുടങ്ങിയവ വഴി വലിയൊരു മാറ്റത്തിന് തുടക്കമിട്ടുകഴിഞ്ഞു. രോഗചികിത്സക്ക് മാത്രമല്ല, ആരോഗ്യ വർദ്ധകപ്രവർത്തനങ്ങൾ, രോഗപ്രതിരോധം, സാന്ത്വന പരിചരണം, റീഹാബിലിറ്റേഷൻ എന്നിവയെല്ലാംഅടങ്ങുന്നസമഗ്രപ്രാഥമികാരോഗ്യപരിചരണമാണ് നടപ്പിലാക്കിവരുന്നത്.

എല്ലാ ജില്ലയിലെയും ഓരോ ആശുപത്രിയെ ജില്ലാതല ആശുപത്രിയായി സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ശക്തിപ്പെടുത്താനും ഓരോ താലൂക്കിലെയും ഓരോ ആശുപത്രിയെ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ വികസിപ്പിക്കാനുമുള്ള പ്രവർത്തനങ്ങളും ആർദ്രം മിഷന്റെ ഭാഗമായി നടന്നുവരികയാണ്. ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ കെട്ടിടസൗകര്യങ്ങളും ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. കിഫ്ബി, പ്ലാൻഫണ്ട്, നബാർഡ്, എം.എൽ.എ, എം.പി ആസ്തി വികസനഫണ്ട് തുടങ്ങിയ വഴി ഈ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഇവിടങ്ങളിലേക്ക് വേണ്ട അധിക ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയുണ്ടായി. ജില്ലാതല ആശുപത്രികളിൽ കാർഡിയോളജി, കാത്ത് ലാബ് സൗകര്യങ്ങളും നെഫ്റോളജി, ന്യൂറോളജി, യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളും നിലവിൽ വന്നുകൊണ്ടിരിക്കുകയാണ്. എട്ട് ജില്ലാതല ആശുപത്രികളിലും രണ്ട് ഗവൺമെന്റ് മെഡിക്കൽ കോളെജുകളിലും കിഫ്ബി വഴിയുള്ള കാത്ത് ലാബുകൾ സജ്ജമാക്കുന്ന പ്രക്രിയ നടന്നുവരികയാണ്. ഇതേ സ്കീമിൽ ഉൾപ്പെടുത്തി താലൂക്ക് തല ആശുപത്രികളിൽ 44 ഡയാലിസിസ് കേന്ദ്രങ്ങൾ അധികമായി സജ്ജമാക്കുന്ന പ്രക്രിയയും പൂർത്തിയായി വരികയാണ്. സ്ട്രോക്ക് ക്ലിനിക്കുകൾ, ജില്ലാ ക്യാൻസർ കെയർ പരിചരണം തുടങ്ങിയ വഴിയും ജില്ലാ/താലൂക്ക് തല ആശുപത്രികളുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തി വരികയാണ്.

കോട്ടയം, എറണാകുളം, തിരുവനന്തപുരം, വയനാട് , തൃശ്ശൂർ മെഡിക്കൽ കോളെജുകൾ, മലബാർ കാൻസർ സെന്റർ, കൊച്ചി കാൻസർ റിസേർച്ച് സെന്റർ, വിവിധ ജില്ലകളിലെ ജില്ലാ/ ജനറൽ/ താലൂക്ക് ആശുപത്രികൾ (21 എണ്ണം) എന്നിവയുടെ സമഗ്ര വികസനത്തിനായി കിഫ്ബിയുടെ ധനസഹായത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി അയ്യായിരം കോടി രൂപയിലധികം തുകയ്ക്കുള്ള ഭരണാനുമതി നല്കി തുടർപ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു.

മെച്ചപ്പെട്ട സൗകര്യങ്ങൾ നല്കുന്നതിന്റെ ഭാഗമായി ആർദ്രം പദ്ധതിയിലൂടെ മെഡിക്കൽ കോളെജുകളിലെ ഒ.പി. നവീകരിക്കാനുള്ള പദ്ധതികൾക്കു തുടക്കം കുറിച്ചു.

സംസ്ഥാനത്ത് ആരോഗ്യമേഖലയിൽ 'ഈ - ഹെൽത്ത്' പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇ- ഹെൽത്ത് സൗകര്യങ്ങൾകൂടി സജ്ജമാകുന്നതോടെ ഭാവിയിൽ രോഗികളുടെ വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്ത് രോഗികളുടെ വിവരങ്ങളും ലാബ് റിസൾട്ടുകളുമൊക്കെ എളുപ്പം ലഭ്യമാക്കാനും ആശുപത്രികൾക്ക് പരസ്പരം കൈമാറാനും രോഗചികിത്സകൾ കൂടുതൽ ശാസ്ത്രീയമാക്കാനും കഴിയും.

ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ,

താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ഓപ്പറേഷൻ തീയേറ്ററുകൾ, അനസ്തേഷ്യാ, ഡെർമ്മറ്റോളജി, ഇ.എൻ.ടി, ഗൈനക്കോളജി, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, റേഡിയോളജി, ലബോറട്ടറി, കാർഡിയോളജി, ന്യൂറോളജി, യൂറോളജി എന്നീ വിഭാഗങ്ങൾ പുതിയ ഉപകരണങ്ങൾ ഉൾപ്പെടുത്തി നവീകരിച്ചു വരുന്നുണ്ട്. കൂടാതെ ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജനറൽ / ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ അനസ്തീഷ്യ, ഇ. എൻ.ടി, ജനറൽ മെഡിസിൻ, ഗൈനക്കോളജി, ലബോറട്ടറി, ഓപ്പറേഷൻ തീയേറ്റർ, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, റേഡിയോളജി എന്നിവ തുടങ്ങുന്നതിനായുള്ള ഉപകരണങ്ങളും, ആശുപത്രി ഫർണീച്ചർ, കിടക്കകൾ, തലയിണകൾ തുടങ്ങിയ വാങ്ങുന്നതിനും, ജനറേറ്റർ,എയർകണ്ടീഷൻഎന്നിവസ്ഥാപിക്കുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ മേഖലയിൽ പുതുതായി താഴെപ്പറയുന്ന സ്ഥാപനങ്ങൾ ആരംഭിച്ചു .

1. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പൊന്നാനി
2. ജില്ലാ പബ്ലിക് ഹെൽത്ത് ലാബ്, മലപ്പുറം
3. ജില്ലാ പബ്ലിക് ഹെൽത്ത് ലാബ്, സുൽത്താൻ ബത്തേരി
4. റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ്, മലപ്പുറം

മാരകരോഗങ്ങൾ മൂലം വിഷമിക്കുന്ന, മൂന്ന് ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള, രോഗികൾക്ക് സാമ്പത്തികസഹായം നല്കുന്നതിനായി 'മെഡിക്കൽ അസിസ്റ്റൻസ് ടു പൂവർ' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

പക്ഷാഘാതം നിർണ്ണയിക്കുന്നതിനും, ചികിത്സിക്കുന്നതിനും സംസ്ഥാനത്തെ പ്രധാന ആശുപത്രികളിൽ സ്ട്രോക്ക് യൂണിറ്റുകൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത്യാധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി അഞ്ച് ജില്ലാ ആശുപത്രികളിൽ സ്ട്രോക്ക് യൂണിറ്റുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്.

അനിയന്ത്രിതപ്രമേഹം മൂലമുണ്ടാകുന്ന ഡയബറ്റിക് റെറ്റിനോപതി നിയന്ത്രിക്കുന്നതിന് 'നയനാമൃതം' എന്ന പേരിൽ ഡയബറ്റിക് റെറ്റിനോപതി ക്ലിനിക്കുകൾ ആരംഭിക്കുകയുണ്ടായി. എല്ലാ ജില്ലാ ആശുപത്രികളിലും Non mydriatic camera ഉപയോഗിച്ച് ഡയബറ്റിക് റെറ്റിനോപതി (നേത്രപടല അന്ധത) സ്ക്രീനിംഗ് ആരംഭിച്ചിട്ടുണ്ട്.

ഗുരുതരശ്വാസകോശ രോഗമായ COPD നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ചികിത്സിക്കുന്നതിനും വേണ്ടി 14 ജില്ലാ ആശുപത്രികളിലും 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും 'SWAAS' (Stepwise approach for airways diseases) എന്ന പേരിൽ COPD നിയന്ത്രണ പദ്ധതി ആരംഭിച്ചിട്ടുണ്ട്. സ്പൈറോമീറ്റർ ഉപയോഗിച്ച് ശ്വാസകോശത്തിന്റെ പ്രവർത്തനംരെക പരിശോധിച്ച ശേഷം വിദഗ്ധചികിത്സ നല്കുന്നതാണ് ഈ പദ്ധതി.

മൂർദ്ധന്യാവസ്ഥയിലുള്ള ക്യാൻസർ രോഗികളുടെ പരിചരണത്തിനായി 'അഭയം' എന്ന പേരിൽ ജില്ലാ ആശുപത്രികളിൽ പാലിയേറ്റീവ് കീമോതെറാപ്പി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമേ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ യൂണിറ്റുകൾ 20 ആശുപത്രികളിലേക്ക് വ്യാപിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഇന്ത്യയിലാദ്യമായി പാലിയേറ്റീവ് കെയറിന്റെ സെക്കണ്ടറിതലപരിരക്ഷ സാമൂഹികാരോഗ്യകേന്ദ്രങ്ങളിലേക്ക് വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 232 സാമൂഹികാരോഗ്യകേന്ദ്രങ്ങളിൽ ഫിസിയോതെറാപ്പിസ്റ്റിന്റെയും സ്റ്റാഫ് നഴ്സിന്റെയും ഓരോ തസ്തിക സൃഷ്ടിക്കുകയും ദേശീയ ആരോഗ്യ ദൗത്യം മുഖേന ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി 272 ക്ലിനിക്കുകൾ നടത്തുകയും 25000 ത്തോളം പേർക്ക് ചികിത്സ നല്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് 27 ഡേകെയർ സെന്ററുകളും പ്രവൃത്തിക്കുന്നുണ്ട്.

വിഷാദരോഗം കൈകാര്യം ചെയ്യുന്നതിന് 171 കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ആശ്വാസ് ക്ലിനിക്കുകൾ പ്രവൃത്തിക്കുന്നു. പരിശീലനം സിദ്ധിച്ച ജീവനക്കാരുടെ നേതൃത്വത്തിൽ 27210 പേരെ സ്ക്രീനിംഗിന് വിധേയമാക്കുകയും 4789 പേരിൽ വിഷാദം കണ്ടെത്തി വിവിധ തലങ്ങളിൽ ചികിത്സയ്ക്ക് വിധേയമാക്കുകയും ചെയ്തു.

സമ്പൂർണ്ണ മാനസികാരോഗ്യത്തിന്റെ ഭാഗമായി 124 കുടുംബാരോഗ്യകേന്ദ്രങ്ങളിലെ 3193 ആശമാർക്ക് പരിശീലനം നല്കാനും 124 പഞ്ചായത്തുകളിലായി 5701 മാനസികരോഗമുള്ളവരെ കണ്ടെത്തി ചികിത്സ നല്കാനും കഴിഞ്ഞു.

'അമ്മ മനസ്സ്' എന്ന നാമധേയത്തിൽ മാതൃശിശു മാനസികാരോഗ്യ പരിപാടി നടത്തിവരുന്നു. സംസ്ഥാനത്തെ മാതൃമരണനിരക്ക് കുറയ്ക്കുന്നതിനായി ആരോഗ്യവകുപ്പും നാഷണൽ ഹെൽത്ത് മിഷനും മെഡിക്കൽ വിദ്യാഭ്യാസവകുപ്പുമായി ചേർന്ന് KFOG (Kerala Federation of Obstetrics and Gynecology) യുടെ സാങ്കേതിക സഹകരണത്തോടെ ഒരു പദ്ധതി തയ്യാറാക്കി പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഗൈനക്കോളജിസ്റ്റുകൾ, നഴ്സുമാർ പ്രസവമുറിയിൽ ജോലി ചെയ്യുന്ന മറ്റ് ജീവനക്കാർ എന്നിവർക്ക് പരിശീലനം നല്കി. ഡിസ്പോസബിൾ ഡെലിവറി കിറ്റ്, ഡിസ്പോസബിൾ സിസേറിയൻ കിറ്റ് എന്നിവ ആശുപത്രികളിൽ ലഭ്യമാ

ക്കി. ആശുപത്രികൾക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങി നല്കി. മാതൃമരണത്തിന്റെ കാരണം കണ്ടുപിടിക്കുന്നതിനായി മാതൃമരണ ഓഡിറ്റ് നടപ്പിലാക്കി.

ആരോഗ്യവകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ, ആരോഗ്യവിദ്യഭ്യാസവകുപ്പ്, IAP (ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ്) എന്നിവ സംയുക്തമായി ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിൽ NBCC (Newborn Care Corner) തുടങ്ങി, തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ NBSU (Newborn Stabilization Unit), SNCU (Special Newborn Care Unit) എന്നിവ തുടങ്ങി. ശിശു ഓഡിറ്റ് സംവിധാനം നടപ്പിലാക്കിവരുന്നു. നവജാതശിശുക്കളിലെ മെറ്റബോളിക് അസുഖങ്ങൾ കണ്ടുപിടിക്കുന്നതിനായി Newborn Screening Programme നടപ്പിലാക്കിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ആർദ്രം പദ്ധതി പ്രകാരം സൃഷ്ടിച്ച 1721 തസ്തികകൾ ഉൾപ്പെടെ, ആരോഗ്യവകുപ്പിൽ മൊത്തം 2143 അധിക തസ്തികകൾ സൃഷ്ടിച്ചു.

സംസ്ഥാനത്ത് പുതുതായി 21 കാരുണ്യ ഫാർമസികൾ ആരംഭിച്ചു.

സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചുകൊണ്ട് അഞ്ച് മെഡിക്കൽ കോളെജുകളിലേക്ക് 721 സ്റ്റാഫ് നഴ്സ് തസ്തികകൾ സൃഷ്ടിച്ചു.

പാരിപ്പള്ളി മെഡിക്കൽ കോളെജ് ആരംഭിച്ചു. 100 എം.ബി.ബി.എസ്സ് സീറ്റുകൾ ലഭ്യമാക്കി. ഇതിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചു.

കണ്ണൂർ മെഡിക്കൽ കോളെജ് സർക്കാർ ഏറ്റെടുത്തു. ഇതിനു വേണ്ട ഭരണപരമായ ആവശ്യങ്ങൾക്കുള്ള 11 തസ്തികകൾ സൃഷ്ടിച്ചു. 100 എം.ബി.ബി.എസ്, 60 ബി.ഡി.എസ്, 35 മെഡിക്കൽ പി.ജി, 39 നേഴ്സിംഗ്, ഫാർമസി പി.ജി സീറ്റുകൾ, മറ്റ് നേഴ്സിംഗ്, പാരാമെഡിക്കൽ ഡിഗ്രി / ഡിപ്ലോമ സീറ്റുകൾ ഇവിടെ ലഭ്യമാണ്.

ഇടുക്കിയിൽ മെഡിക്കൽ കോളെജ് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു. അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി, ഹോസ്പിറ്റൽ ബ്ലോക്കിന്റെ പ്രവർത്തനം ത്വരിതഗതിയിൽ നടക്കുന്നു

ആരോഗ്യവിദ്യാഭ്യാസവകുപ്പിൽ ആകെ 1989 തസ്തികകൾ സൃഷ്ടിച്ചു.

b. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി സഹകരിച്ച് എല്ലാ പി.എച്ച്.സി.കളിലും രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ സജ്ജമാക്കും. പ്രൈമറി ഹെൽത്ത് സെന്ററുകളെ ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റും.

പ്രൈമറി ഹെൽത്ത് സെന്ററുകളെ ഫാമിലി ഹെൽത്ത് സെന്ററുകളാക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

267 സാന്ത്വനചികിത്സാസംവിധാനം സാർവ്വത്രികമാക്കും. ഇതിനായുള്ള പ്രവർത്തനങ്ങൾ പി.എച്ച്.സി. തലത്തിൽ ഏകോപിപ്പിക്കും.

സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന സാന്ത്വന പരിചരണപദ്ധതിയുടെ പ്രാഥമികതലം എല്ലാ ഗ്രാമപ്പഞ്ചായത്തുകളിലും പ്രവർത്തനസജ്ജമാണ്. ഇതിനായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടുകൂടി പാലിയേറ്റീവ് കെയർ സ്റ്റാഫ് നേഴ്സുമാരെ നിയമിക്കുകയും ഏകദേശം 48,000 രോഗികൾക്ക് പ്രതിമാസം സാന്ത്വനചികിത്സ നല്കിവരികയും ചെയ്യുന്നു.

സാന്ത്വനപരിചരണരംഗത്ത് വന്ന വിപ്ലവകരമായ മാറ്റം സെക്കന്ററിതലപരിചരണം സാമൂഹികാരോഗ്യകേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിച്ചു, ഇതിനായി 232 സ്റ്റാഫ് നേഴ്സുമാരെയും 232 ഫിസിയോതെറാപ്പിസ്റ്റുമാരെയും ദേശീയ ആരോഗ്യ ദൗത്യം വഴി നിയമിക്കുകയും സെക്കൻഡറി തലപരിചരണം എല്ലാ സാമൂഹികാരോഗ്യകേന്ദ്രങ്ങളിലും ആരംഭിക്കുകയും ചെയ്തു. എല്ലാ താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിലും ദേശീയ ആരോഗ്യ ദൗത്യം മുഖേന സെക്കൻഡറിതലസാന്ത്വനപരിചരണം നല്കിവരുന്നു. ഇതിന്റെ ഭാഗമായി കാൻസർ ഡിപ്രെഷൻ ക്ലിനിക്കുകൾ ആരംഭിച്ചു.

268 പകർച്ചവ്യാധികളുടെ നിരീക്ഷണസംവിധാനം ശക്തിപ്പെടുത്തും. സമ്പൂർണ്ണ സാർവ്വത്രിക ഇമ്മ്യൂണൈസേഷൻ പരിപാടി എല്ലാ ജില്ലയിലും കൃത്യതയോടെ നടപ്പിലാക്കും.

പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ പ്രത്യേക പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. രോഗനിരീക്ഷണം ശക്തമാക്കുന്നതിന്റെ ഭാഗമായി ഇന്റഗ്രേറ്റഡ് ഡിസീസ് സർവൈലൻസ് പ്രോഗ്രാം സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ആശുപത്രികളിൽനിന്ന് ആഴ്ചകളിലും ദിവസേനയുമുള്ള റിപ്പോർട്ടിംഗ് വഴി ജില്ലാ സർവൈലൻസ് വിഭാഗത്തിന് രോഗാവസ്ഥകൾ വിശകലനം ചെയ്യാൻ കഴിയുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ രോഗനിയന്ത്രണം ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നുണ്ട്. കൂടാതെ കൊതുകുജന്യരോഗനിരീക്ഷണത്തിനായി എൻ.വി.ബി.ഡി.സി.പി വഴി നിരീക്ഷണം നടത്തിവരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലങ്ങളിലും ടൈബൽ - തീരദേശ പ്രദേശങ്ങളിലും പ്രത്യേക നിരീക്ഷണവും നടത്തിവരുന്നു. സമഗ്ര പകർച്ചവ്യാധിനിയന്ത്രണ പരിപാടിയുടെ ഭാഗമായി ഹോട്ടലുകൾ, ബേക്കറികൾ, ലബോറട്ടറികൾ, ഭക്ഷണം പാചകം ചെയ്യുന്ന മറ്റ് സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ജില്ലയിലെ രോഗനിരീക്ഷണവിഭാഗം പരി

ശോധന നടത്തിവരുന്നു. സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി മലേറിയ, ക്ഷയരോഗം, മന്ത് രോഗം, കുഷ്ഠരോഗം, കാലാഅസാർ തുടങ്ങിയ രോഗങ്ങൾ സംസ്ഥാനത്തുനിന്നു പൂർണ്ണമായും ഇല്ലാതാക്കാനുള്ള നടപടികളുടെ ഭാഗമായുള്ള നിരീക്ഷണങ്ങളും ശക്തമായി നടന്നുവരുന്നു. കുഷ്ഠരോഗനിർമ്മാജ്ജന പരിപാടിയുടെ ഭാഗമായി എല്ലാ കുഷ്ഠരോഗ ബാധിതരെയും കണ്ടെത്തി ചികിത്സക്ക് വിധേയരാകുന്ന 'അശ്വമേധം' കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി ഊർജിതമായി നടപ്പിലാക്കിവരുന്നു. ഡെങ്കി, ചിക്കൻഗുനിയ തുടങ്ങിയ കൊതുകു പരത്തുന്ന രോഗങ്ങളുടെ നിരീക്ഷണത്തിനായി 30 സെന്റിനൽ സർവൈലൻസ് സെന്ററുകൾ വിവിധ ആശുപത്രികളിലായി പ്രവർത്തിച്ചുവരുന്നു.

സംസ്ഥാനത്തെ എല്ലാ പബ്ലിക് ഹെൽത്ത് ലാബുകളിലും ജില്ലാ ലാബുകളിലും ഡെങ്കിപ്പനി, എലിപ്പനി, സ്ക്രബ് ടൈഫസ്, ഹെപ്പറ്റൈറ്റസ് എ തുടങ്ങിയ സാംക്രമികരോഗങ്ങളുടെനിർണ്ണയത്തിനുള്ള എല്ലാ സംവിധാനങ്ങളും ലഭ്യമാണ്.

കോളറ, ടൈഫോയിഡ് തുടങ്ങിയ രോഗങ്ങൾ കണ്ടുപിടിക്കുന്നതിനായുള്ള ബാക്ടീരിയൽ കൾച്ചർ ആൻഡ് സെൻസിറ്റിവിറ്റി സംവിധാനം എല്ലാ മെഡിക്കൽ കോളെജുകളിലും പബ്ലിക് ഹെൽത്ത് ലാബുകളിലും നിലവിൽ ലഭ്യമാണ്. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും സാമൂഹികാരോഗ്യകേന്ദ്രങ്ങളിലും ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയവ കണ്ടെത്തുന്നതിനുള്ള റാപ്പിഡ് സ്ക്രീനിംഗ് ടെസ്റ്റും ലഭ്യമാണ്.

269 **ജീവിതരീതിരോഗങ്ങൾ തടയാനും പ്രാരംഭഘട്ടത്തിൽ കണ്ടെത്താനുമുള്ള ആരോഗ്യബോധവത്ക്കരണപരിപാടികൾ തദ്ദേശസ്വയംഭരണവകുപ്പിന്റെയും ആരോഗ്യവകുപ്പിന്റെയും മെഡിക്കൽ കോളെജുകളിലെ സാമൂഹാരോഗ്യവിദഗ്ദ്ധരുടെയും പ്രൊഫഷണൽ സംഘടനകളുടെയും സഹകരണത്തോടെ നടപ്പിലാക്കും. ഓരോ പൗരരുടെയും ആരോഗ്യനില മോണിറ്റർ ചെയ്യാനും ചികിത്സ ഉറപ്പുവരുത്താനും ജനകീയസംവിധാനം ഉണ്ടാക്കും.**

കുടുംബാരോഗ്യകേന്ദ്രങ്ങൾ വഴി ജീവിതശൈലീരോഗങ്ങൾ നിയന്ത്രിക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഈ വർഷം സൗജന്യമരുന്നുവിതരണം സാർവ്വത്രികമാക്കും.

തദ്ദേശസ്വയംഭരണവകുപ്പിന്റെയും ആരോഗ്യവകുപ്പിന്റെയും മെഡിക്കൽ കോളെജുകളിലെ സാമൂഹികാരോഗ്യവിദഗ്ധരുടെയും പ്രൊഫഷണൽ സംഘടനകളുടേയും കൂട്ടായ്മയോടെ പരിശീലനപരിപാടികൾ ആരംഭിച്ചു.

270 **പ്രമേഹത്തിനും രക്തസമ്മർദ്ദത്തിനുമുള്ള മരുന്നുകൾ കുറഞ്ഞ വിലയ്ക്ക ലഭ്യമാക്കും. മൂന്നുമാസം കൂടുമ്പോൾ റിവ്യൂ ചെക്കപ്പ് നിർബന്ധമാക്കും. മരുന്നു കഴിക്കാൻ വിസമ്മതിക്കുന്നവരെ കുടുംബശ്രീയുമായി ചേർന്നു ബോധവത്ക്കരിക്കാനുള്ള നടപടി സ്വീകരിക്കും. കിഡ്നി, കരൾ തുടങ്ങിയവ മാറ്റിവയ്ക്കാനുള്ള തുടർചികിത്സ മിതമായ ചെലവിൽ ഉറപ്പുവരുത്താനുള്ള നടപടിയും സ്വീകരിക്കും.**

പ്രമേഹത്തിനും രക്തസമ്മർദ്ദത്തിനുമുള്ള മരുന്നുകൾ എല്ലാ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും പൂർണ്ണമായും സൗജന്യമായാണ് നല്കിവരുന്നത്. നിലവിൽ ഒരു മാസത്തേക്ക് ആണ് മരുന്ന് വിതരണം ചെയ്യുന്നതെങ്കിലും മരുന്നിന്റെ ലഭ്യതയനുസരിച്ച് ഇത് മൂന്നു മാസത്തേക്ക് നല്കുന്നതാണ്.

മരുന്നു കഴിക്കാൻ വിസ്സമ്മതിക്കുന്നവരെ ചികിത്സയിലേക്ക് തിരികെയെത്തിക്കുന്നതിന് ആശ വോളന്റിയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന് പ്രത്യേക ഇൻസെന്റീവ് ആശമാർക്ക് നല്കിവരുന്നു. ജീവിതശൈലീരോഗനിർണ്ണയക്ലിനിക്കുകൾ കുടുംബക്ഷേമ ഉപകേന്ദ്രം മുതൽ ജില്ലാ ജനറൽ ആശുപത്രി വരെ വ്യാപിപ്പിച്ചിട്ടുണ്ട്. നാല് ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച പോപ്പുലേഷൻ ബേസ്ഡ് സ്ക്രീനിംഗ് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചു. ജീവിതശൈലീരോഗങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണം എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും നല്കിവരുന്നു. കരൾ, കിഡ്നി തുടങ്ങിയ രോഗങ്ങൾക്കുള്ള ചികിത്സ ആരോഗ്യവകുപ്പിന്റെ സ്ഥാപനങ്ങളിലൂടെ സൗജന്യനിരക്കിൽ നല്കിവരുന്നു.

271 **a. സ്കൂൾ, കോളെജ് പാഠ്യപദ്ധതികളിൽ പൊതുജനാരോഗ്യവിഷയങ്ങൾ ഉൾപ്പെടുത്തും.**

വിദ്യാഭ്യാസവകുപ്പ് സ്കൂളുകളിൽ ബോധവല്കരണപരിപാടികൾ നടത്തുന്നുണ്ട്. കുട്ടികൾവഴി ഇത്തരം കാര്യങ്ങൾ നടപ്പിലാക്കാനുള്ള 'കുട്ടിഡോക്ടർ' പദ്ധതി ആരംഭിച്ചിട്ടുണ്ട്.

b. സ്വകാര്യാശുപത്രികളുടെയും രോഗനിർണ്ണയ സെന്ററുകളുടെയും നിരീക്ഷണവും സാമൂഹികനിയന്ത്രണവും ഉറപുവരുത്താനായി കേന്ദ്രസർക്കാർ അംഗീകരിച്ച ദ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷൻ & റെഗുലേഷൻ) ആക്ട് ഉചിതമായ ഭേദഗതികളോടെ നടപ്പിലാക്കും.

സംസ്ഥാനത്ത് 2018- ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും & നിയന്ത്രണവും) ആക്ട് നിലവിൽ വന്നു. ആദ്യഘട്ടത്തിൽ മോഡേൺ മെഡിസിൻ സ്ഥാപനങ്ങൾ (ദന്തചികിത്സ ഉൾപ്പടെ) നിയന്ത്രിക്കുന്നതിനും, രജിസ്ട്രേഷൻ നടത്തുന്നതിനുമായി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം 01-01-2019 മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. പാലക്കാട്, മലപ്പുറം, തൃശ്ശൂർ, കൊല്ലം, കോട്ടയം, ഇടുക്കി, വയനാട്, പത്തനംതിട്ട, കാസർഗോ

ഡ് എന്നീ ജില്ലകളിൽ ഈ നിയമപ്രകാരം രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് ചികിത്സാസമ്പ്രദായങ്ങളെ അടിസ്ഥാനമാക്കി പ്രവൃത്തിക്കുന്ന സ്ഥാപങ്ങളുടെ രജിസ്ട്രേഷൻ നടപടികൾകൂടി എത്രയും പെട്ടന്ന് ആരംഭിക്കുന്നതാണ്. രജിസ്ട്രേഷന്റെ ഭാഗമായി ഓരോ ക്ലിനിക്കൽ സ്ഥാപനങ്ങളും പ്രസ്തുത സ്ഥാപനത്തിലെ ചികിത്സാനിരക്കുകളും, ടെക്നിക്കൽ സ്റ്റാഫ് ഉൾപ്പെടെയുള്ള ജീവനക്കാരുടെ യോഗ്യതയും അപ്ലോഡ് ചെയ്യേണ്ടതാണ്. ആദ്യഘട്ടത്തിൽ താത്ക്കാലിക രജിസ്ട്രേഷനാണ് നല്കിവരുന്നത്. രണ്ടു വർഷത്തിനു ശേഷമാണ് സ്ഥിരം രജിസ്ട്രേഷൻ നല്കുന്നത്. അതത് ജില്ലകളിലെ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനായി എല്ലാ ജില്ലകളിലും ജില്ലാ രജിസ്ട്രേഷൻ കമ്മിറ്റികൾ നിലവിൽ വന്നിട്ടുണ്ട്. സ്ഥിരം രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനങ്ങൾക്ക് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം പ്രവർത്തനാനുമതി ഉണ്ടായിരിക്കുന്നതല്ല.

272 **a. ഇ.എസ്.ഐ. ആശുപത്രികളുമായി സഹകരിച്ച് തൊഴിൽജന്യരോഗങ്ങളെ സംബന്ധിച്ച് പഠനം നടത്തി ഉചിതമായ പ്രതിരോധചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തും. പരമ്പരാഗതമേഖലയിലെ തൊഴിൽജന്യരോഗങ്ങൾ നിർണ്ണയിച്ച് അതിന് ആവശ്യമായ ചികിത്സാപദ്ധതികൾ നടപ്പിലാക്കാൻ പ്രത്യേക പ്രാധാന്യം നല്കും.**

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് (ഇ എസ് ഐ) ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പുമായി ചേർന്ന് എല്ലാ ജില്ലകളിലും തൊഴിൽജന്യരോഗനിർണ്ണയക്യാമ്പുകൾ സംഘടിപ്പിച്ചു. വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഉണ്ടാകാവുന്ന തൊഴിൽജന്യരോഗങ്ങളെക്കുറിച്ചുള്ള സർവ്വേ ക്യാമ്പുകളാണ് സംഘടിപ്പിച്ചിട്ടുള്ളത്.

തൊഴിൽജന്യരോഗങ്ങളെ സംബന്ധിച്ച് പഠനം നടത്താനായി വിദഗ്ധസമിതി രൂപവത്ക്കരിക്കാനാവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്.

b. കുട്ടികൾക്ക് ഉണ്ടാകുന്ന രോഗങ്ങൾ മുൻകൂട്ടി കണ്ടെത്താനുള്ള ഏർളി ഇന്റർവെൻഷൻ സെന്റർ സ്ഥാപിക്കുകയും വികസിപ്പിക്കുകയും ചെയ്യും.

കുട്ടികൾക്ക് ഉണ്ടാകുന്ന രോഗങ്ങൾ മുൻകൂട്ടി കണ്ടെത്താൻ കേരള സാമൂഹികസുരക്ഷാമിഷന്റെ സഹായത്തോടെ ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ സ്ഥാപിക്കാൻ മൂന്നു കോടി രൂപവീതം അനുവദിച്ചു. 25 മൊബൈൽ ക്ലിനിക്കുകൾ ആരംഭിച്ചു. ഇതിനു പുറമെ അഞ്ചു മെഡിക്കൽ കോളെജുകളിൽ റീജിയണൽ ഏർലി ചൈൽഡ് ഇന്റർവെൻഷൻ സെന്ററുകൾ ആരംഭിച്ചു.

അനുയാത്രാപദ്ധതിയുടെ ഭാഗമായി എല്ലാ കുട്ടികളെയും വൈകല്യരഹിതരാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

273 **a. കേരള പബ്ലിക് ഹെൽത്ത് ആക്ട്, പാരാമെഡിക്കൽ കൗൺസിൽ ആക്ട്, ഫാർമസി കൗൺസിൽ ആക്ട് എന്നിവ നടപ്പിലാക്കും.**

ഈ നിയമങ്ങളുടെ കരട് തയ്യാറാക്കി ബിൽ ആകുന്നതിന് നിയമവകുപ്പിന്റെ പരിഗണനയ്ക്ക സമർപ്പിച്ചിട്ടുണ്ട്.

b. കേരള നഴ്സസ് & മിഡ്വൈഫ് കൗൺസിൽ ആക്ട് ഭേദഗതി ചെയ്ത് കാലോചിതമായി പരിഷ്കരിക്കും.

ആക്ട് ഭേദഗതിചെയ്യാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

274 **നഴ്സിങ് വിദ്യാഭ്യാസരംഗത്ത് ഗുണനിലവാരം ഉറപ്പുവരുത്താനുള്ള കർശനനടപടികൾ സ്വീകരിക്കും.**

സ്പെഷ്യാലിറ്റി നഴ്സിങ് കോഴ്സുകൾക്ക് സർക്കാർ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ഡെപ്യൂട്ടേഷനും മറ്റു വിഭാഗക്കാർക്ക് സ്റ്റൈപെൻഡും അനുവദിച്ചു. പോസ്റ്റ് ബേസിക് നഴ്സിങ് ഡെപ്യൂട്ടേഷൻ അനുവദിച്ചു. എറണാകുളം നഴ്സിംഗ് കോളെജിലേക്ക് ആവശ്യമായ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചു.

275 **എല്ലാ അങ്കണവാടികൾക്കും തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ സ്വന്തം കെട്ടിടം ഉറപ്പുവരുത്തും. പൂരകപോഷകാഹാരം ശക്തിപ്പെടുത്തും.**

എല്ലാ അങ്കണവാടികൾക്കും കെട്ടിടം ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കുട്ടികൾക്ക് ടേക് ഹോം റേഷനായി വിതരണം ചെയ്തുവന്ന അമൃതം ന്യൂട്രിമിക്സ്, യുണൈറ്റഡ് നേഷൻസ് വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ സഹകരണത്തോടെ 11 മൈക്രോ ന്യൂട്രിയൻസ് ഉപയോഗിച്ചുള്ള ഫോർട്ടിഫിക്കേഷൻ, 2018-19 മുതൽ സംസ്ഥാന വ്യാപകമാക്കി.

ഒരു ജീവിതചക്രസമീപനത്തിലൂടെ തത്സമയവളർച്ചാനിരീക്ഷണവും യഥാസമയത്തുള്ള ഇടപെടലുകളും വഴി ന്യൂനപോഷണം തടയുന്നതിന് രൂപവത്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സമൃഷ്ടകേരളം' പദ്ധതി (NNM). കൗമാരപ്രായക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 6 വയസ്സിനു താഴെയുള്ള കുട്ടികൾ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. നിലവിൽ കണ്ണൂർ, വയനാട്, മലപ്പുറം, കാസർഗോഡ്, എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതി ഈ വർഷം എല്ലാ ജില്ലകളിലും വ്യാപിപ്പിക്കും. ന്യൂനപോഷണം തടയുന്നതിന് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ സമൃഷ്ടകേരളം വഴി ഏകോപിപ്പിക്കുന്നു.

276 **മെഡിക്കൽ പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് കാലതാമസം ഒഴിവാക്കി ഡോക്ടർമാർ, നഴ്സുമാർ തുടങ്ങിയവരെ സർക്കാരാശുപത്രികളിലും**

മെഡിക്കൽ കോളെജുകളിലും നിയമിക്കാൻ പി. എസ്.സി.യിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തും. ആവശ്യമെങ്കിൽ മെഡിക്കൽ സർവ്വീസ് റിക്രൂട്ട്മെന്റ് ബോർഡ് ആരംഭിക്കും.

കാലതാമസം കൂടാതെ നിയമനങ്ങൾ നടത്തേണ്ടതിന്റെ ആവശ്യകത പി.എസ്.സി.-യുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ഇപ്പോൾ നിയമനനടപടികൾ കാലതാമസം കൂടാതെ നടന്നുവരുന്നുണ്ട്.

277 ഹെൽത്ത് സർവ്വീസസിലെ സ്പെഷ്യാലിറ്റി കേഡർ, അഡ്മിനിസ്ട്രേറ്റീവ് കേഡർ സംവിധാനങ്ങളുടെ അപാകങ്ങൾ പരിഹരിക്കും.

മെച്ചപ്പെട്ട രീതിയിൽ രോഗപ്രതിരോധപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ പബ്ലിക് ഹെൽത്ത് കേഡർ നടപ്പിലാക്കാൻ തത്വത്തിൽ തീരുമാനിച്ചു. അഡ്മിനിസ്ട്രേറ്റിവ് കേഡറിനെ പബ്ലിക് ഹെൽത്ത് കേഡർ, ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കേഡർ എന്നു രണ്ടായി വിഭജിക്കാനാണ് ആലോചിക്കുന്നത്.

278 ആരോഗ്യസ്ഥാപനങ്ങളുടെ ഭരണത്തിൽ ആരോഗ്യവകുപ്പിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമുള്ള ദ്വിമുഖനിയന്ത്രണങ്ങളിലെ അപാകങ്ങൾ പരിഹരിക്കും.

ഇതിനെ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പുമായി ചർച്ചകൾ നടത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

279 a. ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങി പ്രാന്തവൽക്കരിക്കപ്പെട്ടവരുടെയും സ്ത്രീകളുടെയും പ്രായാധിക്യമുള്ളവരുടെയും ആരോഗ്യാവശ്യങ്ങൾ നേരിടുന്നതിനായി ഹെൽത്ത് സർവ്വീസിൽ പ്രത്യേക ഭരണസംവിധാനം ഏർപ്പെടുത്തും.

ചികിത്സാപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഭരണസംവിധാനം നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കും. ആദിവാസികേന്ദ്രങ്ങളിൽ 'ഊരുമിത്രം' പദ്ധതി ആരംഭിച്ചിട്ടുണ്ട്. വയോജനങ്ങൾക്കുള്ള 'വയോമിത്രം' പദ്ധതി വ്യാപിപ്പിച്ചു. എല്ലാ ജില്ലകളിലേയും ഒരു പ്രധാന ആശുപത്രിയിൽ വയോജനസൗഹൃദ വാർഡുകൾ സജ്ജീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വയോജന ക്ലിനിക്കുകളും പ്രത്യേക ഒ.പി യും മിക്ക ആശുപത്രികളിലും ആരോഗ്യകേന്ദ്രങ്ങളിലും നടപ്പിലാക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത വയോജന ആരോഗ്യ പദ്ധതിയായ നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് കെയർ ഓഫ് എൽഡേർലിയിലൂടെ 5 ജില്ലകളിൽ എല്ലാ സൗകര്യങ്ങളോടുംകൂടിയ വയോജനവാർഡുകളും സജ്ജീകരിച്ചിട്ടുണ്ട്. ഈ ജില്ലകളിലെ ജില്ലാ ആശുപത്രികളിൽ പ്രത്യേക വയോജന ഒ.പിയും ഫിസിയോതെറാപ്പി യൂണിറ്റും പ്രവർത്തിച്ചുവരുന്നു. കൃത്രിമദന്തങ്ങൾ, കൃത്രിമ ശ്രവണസഹായികൾ തുടങ്ങിയ മുതിർന്ന പൗരൻമാരുടെ പ്രധാന ആവശ്യങ്ങൾ ആരോഗ്യവകുപ്പിന്റെ പദ്ധതിയിലൂടെ വിതരണം ചെയ്തിട്ടുണ്ട്. വയോജന ആരോഗ്യ ക്യാമ്പുകളും ക്ലിനിക്കുകളും ഉപജില്ലാതലത്തിൽ സജീവമാണ്.

b. ഭിന്നശേഷിക്കാരുടെ ആരോഗ്യപ്രശ്നങ്ങൾക്കുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തും.

ഭിന്നശേഷിക്കാർക്കായി ആരോഗ്യ, സാമൂഹികനീതി വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ നിരവധി പ്രവർത്തനങ്ങൾ ആരംഭിച്ചു. വൈകല്യം നേരത്തേ കണ്ടെത്തി പരിഹരിക്കാനായുള്ള 'അനുയാത്ര' പദ്ധതി പ്രാരംഭ നടപടികൾ മുതൽ പുനരധിവാസം വരെയുള്ള 22 പ്രവർത്തനങ്ങൾ അടങ്ങിയതാണ്. പദ്ധതിയുടെ അംബാസിഡർമാരായി 23 കുട്ടികളുടെ (ഓട്ടിസം) മാജിക്ക് ടീം ഉണ്ടാക്കി (M-Power)

c. പുകയിലയുത്പന്നങ്ങളുടെ ഉപയോഗം കർശനമായി നിയന്ത്രിക്കാനുള്ള നടപടി സ്വീകരിക്കും. ഇക്കാര്യത്തിൽ നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കും.

ലോകാരോഗ്യസംഘടന നടത്തുന്ന Global Adult Tobacco Survey (GATS) യിൽ കേരള സംസ്ഥാനത്ത് പുകയിലയുടെ ഉപയോഗം 21%-ൽനിന്ന് 12%-ലേക്ക് താഴ്ന്ന എന്ന കണ്ടെത്തൽ ഉണ്ട്. ഈ നേട്ടത്തിന്റെ പിറകിൽ ആരോഗ്യവകുപ്പിന്റെ വലിയ ഇടപെടലുണ്ട്. പുകയില ഉത്പന്നങ്ങളുടെ ഉപയോഗം കർശനമായി നിയന്ത്രിക്കാനുള്ള നിയമങ്ങൾ നടപ്പിലാക്കുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കോർഡിനേഷൻ കമ്മിറ്റികൾ രൂപവത്ക്കരിച്ചു. ഈ കമ്മിറ്റികൾ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. പൊതുസ്ഥലങ്ങളിലെ പുകവലി നിയന്ത്രിക്കുന്നതിനായി നിയമങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി എൻഫോഴ്സ്മെന്റ് ഡ്രൈവുകൾ എല്ലാ ജില്ലകളിലും കൃത്യമായ ഇടവേളകളിൽ നടത്തിവരുന്നു. സ്കൂളുകളുടേയും കോളെജുകളുടേയും എൻ.എസ്.എസ് യൂണിറ്റ് വഴിയുള്ള പുകയിലവിരുദ്ധപ്രവർത്തനങ്ങൾ, യെല്ലോ ലൈൻ ക്യാമ്പയിൻ എന്നിവ നടപ്പിലാക്കിവരുന്നു. എല്ലാ ജില്ലകളിലേയും പ്രധാന സർക്കാരാശുപത്രികളിൽ Tobacco Cessation Centre കൾ ആരംഭിച്ചിട്ടുണ്ട്.

280 a. എയ്ഡ്സ് രോഗികളുടെ പുനരധിവാസത്തിനു പ്രത്യേക സ്കീം ഉണ്ടാക്കും.

നടപടി സ്വീകരിച്ചുവരുന്നു.

b. അവയവമാറ്റശസ്ത്രക്രിയ നടത്തിയിട്ടുള്ള രോഗികളുടെ പുനരധിവാസത്തിനു പ്രത്യേക സഹായം നല്കും.

തുടർചികിത്സയ്ക്കുള്ള മരുന്നുകൾ കുറഞ്ഞ നിരക്കിൽ

നല്കാനുള്ള നടപടികൾ സ്വീകരിച്ചു.

281 **a. താലൂക്കാശുപത്രിവരെ സ്പെഷ്യാലിറ്റി ഹോസ്പിറ്റലാക്കും. അവിടങ്ങളിൽ ഹൃദയ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യവും കാത്ത് ലാബും സ്ഥാപിക്കും.**

ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ഓപ്പറേഷൻ തീയേറ്ററുകൾ, അനസ്തേഷ്യാ, ഡെർമ്മറ്റോളജി, ഇ.എൻ.ടി, ഗൈനക്കോളജി, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, റേഡിയോളജി, ലബോറട്ടറി, കാർഡിയോളജി, ന്യൂറോളജി, യൂറോളജി എന്നീ വിഭാഗങ്ങൾ പുതിയ ഉപകരണങ്ങൾ ഉൾപ്പെടുത്തി നവീകരിച്ചുവരുന്നുണ്ട്. കൂടാതെ ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജനറൽ / ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ അനസ്തീഷ്യ, ഇ.എൻ.ടി, ജനറൽ മെഡിസിൻ, ഗൈനക്കോളജി, ലബോറട്ടറി, ഓപ്പറേഷൻ തീയേറ്റർ, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, റേഡിയോളജി എന്നിവ തുടങ്ങുന്നതിനായുള്ള ഉപകരണങ്ങളും ആശുപത്രി ഫർണീച്ചർ, കിടക്കകൾ, തലയിണകൾ എന്നിവ വാങ്ങുന്നതിനും, ജനറേറ്റർ, എയർകണ്ടീഷൻ എന്നിവ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ നടന്നു വരുന്നുണ്ട്.

എല്ലാ ജില്ലയിലെയും ഓരോ ആശുപത്രിയെ ജില്ലാതല ആശുപത്രിയായി സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ശക്തിപ്പെടുത്താനും ഓരോ താലൂക്കിലെയും ഓരോ ആശുപത്രിയെ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ വികസിപ്പിക്കാനുമുള്ള പ്രവർത്തനങ്ങളും ആർദ്രം മിഷന്റെ ഭാഗമായി നടന്നുവരികയാണ്. ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ കെട്ടിടസൗകര്യങ്ങളും ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. കിഫ്ബി, പ്ലാൻഫണ്ട്, നബാർഡ്, എം.എൽ.എ, എം.പി ആസ്തിവികസനഫണ്ട് തുടങ്ങിയവവഴി ഈ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഇവിടങ്ങളിലേക്ക് വേണ്ട അധികഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുകയുണ്ടായി. വരുംവർഷങ്ങളിലും കൂടുതൽ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തും. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാതല ആശുപത്രികളിൽ കാർഡിയോളജി, കാത്ത് ലാബ് സൗകര്യങ്ങളും നെഫ്രോളജി, ന്യൂറോളജി, യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളും നിലവിൽ വന്നുകൊണ്ടിരിക്കുകയാണ്. എട്ട് ജില്ലാതല ആശുപത്രികളിലും രണ്ട് ഗവൺമെന്റ് മെഡിക്കൽ കോളെജുകളിലും കിഫ്ബി വഴിയുള്ള കാത്ത് ലാബുകൾ സജ്ജമാക്കുന്ന പ്രക്രിയ നടന്നുവരികയാണ്. ഇതേ സ്കീമിൽ ഉൾപ്പെടുത്തി താലൂക്കുതല ആശുപത്രികളിൽ 44 ഡയാലിസിസ് കേന്ദ്രങ്ങൾ അധികമായി സജ്ജമാക്കുന്ന പ്രക്രിയയും പൂർത്തിയാകുന്നു. സ്ട്രോക്ക് ക്ലിനിക്കുകൾ, ജില്ലാ ക്യാൻസർ കെയർ പരിചരണം തുടങ്ങിയ വഴിയും ജില്ലാ/താലൂക്ക് തല ആശുപത്രികളുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുകയാണ്.

b. കാൻസർ ചികിത്സയ്ക്കുള്ള സൗകര്യം ഇരട്ടിയാക്കും. താലൂക്ക് അടിസ്ഥാനത്തിൽത്തന്നെ രോഗപ്രതിരോധന നടത്താനുള്ള സംവിധാനമുണ്ടാക്കും.

കാൻസർ ചികിത്സാരംഗത്ത് ആർ.സി.സി.-യിൽ ലഭ്യമാകുന്ന ചികിത്സ മെഡിക്കൽ കോളെജുകളിൽ ലഭ്യമാക്കുംവിധം അഞ്ചു മെഡിക്കൽ കോളെജുകളിൽ ഓങ്കോളജി, ഓങ്കോപത്തോളജി എന്നീ വിഭാഗങ്ങൾ തുടങ്ങാൻ 105 തസ്തികകൾ അനുവദിച്ചു. യോഗ്യരായവരെ ഈ വിഭാഗത്തിലേക് മാറ്റി നിയമിച്ചു. കാൻസർ രോഗപ്രതിരോധപ്രവർത്തനത്തിന്റെ ഭാഗമായി മെഡിക്കൽ കോളെജുകളിൽ രോഗനിർണയക്യാമ്പുകളും ബോധവത്കരണക്ലാസ്സുകളും നടത്തിവരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളെജിൽ ലീനിയർ ആക്സിലറേറ്ററും കൊബാൾട്ട് മെഷീനും സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആലപ്പുഴ മെഡിക്കൽ കോളെജിൽ സി.റ്റി. സിമുലേറ്റർ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, മെഡിക്കൽ കോളെജുകളിൽ ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കാനുള്ള അനുമതി നല്കി. കോഴിക്കോട് മെഡിക്കൽ കോളെജിൽ ടെർഷ്യറി കാൻസർ കെയർ സെന്റർ നിർമ്മിച്ച് ഉദ്ഘാടനം നടത്തി.

സംസ്ഥാനത്ത് കാൻസർ രോഗ ചികിത്സക്കും, നിയന്ത്രണത്തിനും WHOയുടെ മാർഗ്ഗ നിർദ്ദേശാനുസരണം കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി രൂപികരിച്ചു. കേരളത്തിൽ നിലവിലുള്ള പൊതുമേഖലയിലെയും സ്വകാര്യ മേഖലയിലെയും കാൻസർ ചികിത്സാകേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ഏകീകൃതമായ കാൻസർ ചികിത്സ സംവിധാനങ്ങൾ എല്ലാ പ്രദേശങ്ങളിലുള്ളവർക്കും പ്രാപ്യമാകുന്ന രീതിയിൽ കേരള കാൻസർ ഗ്രിഡ് രൂപവത്കരണം പുരോഗമിക്കുന്നു. സംസ്ഥാനത്ത ആകെയുള്ള കാൻസർ രോഗികളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കേരള കാൻസർ രജിസ്ട്രിയും രൂപികരിക്കും.

കാൻസർ ചികിത്സാരംഗത്തെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആർ.സി.സി-യിൽ 187.22 കോടി രൂപ ചെലവിൽ 14 നിലക്കെട്ടിടത്തിന്റെ പണി ആരംഭിച്ചു. 2020 ഡിസംബറോടെ പണി പൂർത്തിയാകും, ഇത് കൂടാതെ വിവിധ പദ്ധതികളിലായി ഉപകരണങ്ങൾ സ്ഥാപിക്കുവാനും നിർമ്മാണപ്രവർത്തനങ്ങൾക്കുമായി 150 കോടിയോളം രൂപ ചെലവാക്കി.

കൊച്ചി കാൻസർ സെന്ററിൽ പ്രതിവർഷം 25,000-ഓളം പേർക്ക് ചികിത്സ ലഭ്യമാക്കാനുള്ള സൗകര്യം ഒരുക്കാൻ കെട്ടിടം പണിയുവാനും ഉപകരണങ്ങൾ വാങ്ങുവാനുമായി കിഫ്ബി പദ്ധതി വഴി 385 കോടി രൂപ അനുവദിച്ചു.

മലബാർ കാൻസർ സെന്ററിൽ ചികിത്സോപകരണങ്ങൾ സ്ഥാപിക്കുന്നതിനായി 10 കോടി രൂപ ചെലവഴിച്ചു. ഇതുകൂടാതെ മാസ്റ്റർ പ്ലാനിന്റെ ഭാഗമായിട്ടുള്ള പീഡിയാടിക് ഓങ്കോളജി വിഭാഗത്തിന്റെയും ലബോറട്ടറി വിഭാഗത്തിന്റെയും പണി പൂർത്തീകരിച്ചുവരുന്നു.

സംസ്ഥാന ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ ജില്ലാ ക്യാൻസർ കെയർ പ്രോഗ്രാം ആരംഭിച്ചു. ആരോഗ്യവകുപ്പിൽ ഓങ്കോളജിസ്റ്റുകളുടെ ദൗർലഭ്യം കണക്കിലെടുത്ത് ആരോഗ്യവകുപ്പിന്റെ കീഴിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് റീജിയണൽ ക്യാൻസർ സെന്ററുകളിൽ പരിശീലനം നല്കിയാണ് ഈ കേന്ദ്രങ്ങൾ പ്രവൃത്തിക്കുന്നത്. 21 ആശുപത്രികളിലായി പ്രവൃത്തിക്കുന്ന ഈ കേന്ദ്രങ്ങളിലൂടെ അറുപതിനായിരത്തിലേറെ കീമോതെറാപ്പി നല്കുന്നതിനും 3000 ലേറെ പുതിയ കേസുകൾ കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ട്.

282 a. ഡോക്ടർമാരുടെ ഒഴിവു നികത്തും.

2059 ഡോക്ടർമാരുടെയും (അസിസ്റ്റന്റ് സർജൻ) 57-അസിസ്റ്റന്റ് ഡെന്റൽ സർജൻമാരുടെയും ഒഴിവുകൾ നികത്തി.

b. കാലാകാലങ്ങളിൽ മുടങ്ങിയ ജീവനക്കാരുടെ പ്രൊമോഷൻ സമയബന്ധിതമായി നടപ്പാക്കും. ഡോക്ടർമാർക്ക് റിസർച്ചിന് അവസരമുണ്ടാക്കും.

പ്രമോഷനുകൾ യഥാസമയം നടത്താൻ നടപടി എടുത്തു.

c. ആദിവാസിമേഖലകളിൽ സേവനത്തിനു സന്നദ്ധരാകുന്ന ഡോക്ടർമാർക്ക് പ്രത്യേക പരിഗണനയും ആനുകൂല്യവും നല്കും.

ആദിവാസിമേഖലകളിൽ സേവനം അനുഷ്ഠിക്കുന്ന ഡോക്ടർമാർക്ക് മാസം ഇരുപതിനായിരം രൂപ അധികം വേതനം നല്കിവരുന്നുണ്ട്.

283 a. സോഷ്യൽ ഹോസ്പിറ്റൽ എന്ന പേരിൽ സഹകരണമേഖലയും സന്നദ്ധസംഘടനകളും അടക്കം ഒന്നിച്ച് കുറഞ്ഞ നിരക്കിൽ സേവനം ലക്ഷ്യംവച്ചുള്ള ആശുപത്രികൾ സ്ഥാപിക്കും.

ആരംഭിച്ചിട്ടില്ല.

b. എം.ആർ.ഐ. സ്കാനിങ് സൗകര്യം ചെറിയ നിരക്കിൽ സന്നദ്ധസംഘടനകളുമായി ചേർന്നു നടപ്പാക്കും.

KHRWS, HLL, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി എന്നിവയുമായി സഹകരിച്ച് എം.ആർ.ഐ സ്കാനിങ് ചെറിയ നിരക്കിൽ നടപ്പിലാക്കിവരുന്നുണ്ട്. KHRWS-ന കീഴിൽ മഞ്ചേരി, തൃശ്ശൂർ മെഡിക്കൽ കോളെജുകളിൽ സി.ടി.സ്കാൻ സ്ഥാപിച്ചു. കോഴിക്കോട് മെഡിക്കൽ കോളെജിൽ ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിനു 5.8 കോടി രൂപ ചെലവിൽ സ്പെക്ട് സി. ടി. ഗാമ ക്യാമറയും റേഡിയോളജി വിഭാഗത്തിൽ ആറുകോടി രൂപ ചെലവിൽ അത്യാധുനിക 128 സൈസ് കാർഡിയാക് സി.ടി. സ്കാനും സ്ഥാപിച്ചു.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുത്തുപറമ്പ് താലൂക്ക് ആശുപത്രി, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി, കൊല്ലം വിക്ടോറിയ ആശുപത്രി, തിരുവനന്തപുരം ജനറൽ ആശുപത്രി എന്നിവിടങ്ങളിലായി 4 പുതിയ എ.സി.ആർ ലാബുകൾ ആരംഭിച്ചിട്ടുണ്ട്.

ആലപ്പുഴ, കോട്ടയം മെഡിക്കൽ കോളെജുകളിൽ സി.ടി സ്കാൻ പുതിയത് ആരംഭിച്ചു. മഞ്ചേരി മെഡിക്കൽ കോളെജിൽ മാമ്മോഗ്രാം സ്ഥാപിച്ചു, ആലപ്പുഴ മെഡിക്കൽ കോളെജിൽ പുതിയ എം.ആർ.ഐ സ്ഥാപിച്ചു. കോട്ടയം മെഡിക്കൽ കോളെജിൽ എം.ആർ.ഐ അനുവദിച്ചു. എറണാകുളം മെഡിക്കൽ കോളെജിൽ എം. ആർ.ഐ ഉൾപ്പടെയുള്ള ഇമേജ് സെന്റർ സ്ഥാപിക്കുന്നതിന് 25 കോടി അനുവദിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളെജിൽ 2 അൾട്രാ സൗണ്ട് സ്കാനിംഗ് മെഷീൻ, എൻഡോസ്കോപ്പി മെഷീൻ, കോഴിക്കോട് മെഡിക്കൽ കോളെജിൽ എക്കോ മെഷീൻ, വീഡിയോ എൻഡോസ്കോപ്പി മെഷീൻ, 16 സ്ലൈസ് സി. ടി സ്കാൻ മെഷീൻ എന്നിവ സ്ഥാപിച്ചു.

284 മെഡിക്കൽ സർവ്വകലാശാല രൂപവത്ക്കരണസമിതിയുടെ ശുപാശ അനുസരിച്ചുള്ള ഗവേഷണകേന്ദ്രങ്ങൾ സർവ്വകലാശാലയുടെ കീഴിൽ ആരംഭിക്കും. ഹെൽത്ത് സർവ്വീസസിലെ ഡോക്ടർമാർ, നഴ്സുമാർ, ഫാർമസിസ്റ്റുകൾ തുടങ്ങിയവർക്കു തുടർവിദ്യാഭ്യാസപരിപാടി നടത്താനും കുഹാസ് മുൻകൈയെടുക്കും. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ ആരോഗ്യ പ്രോജക്ടുകൾ തയ്യാറാക്കാൻ കുഹാസ് സഹായിക്കും.

തൃപ്പൂണിത്തുറ ആയുർവ്വേദ കോളെജിൽ ആയുർവ്വേദഗവേഷണത്തിനുള്ള സ്ഥാപനത്തിന്റെ പണി പുരോഗമിക്കുന്നു. സ്കൂൾ ഓഫ് ഹെൽത്ത് പോളിസി ആൻഡ് പ്ലാനിങ് പ്രവർത്തനം ആരംഭിച്ചു. സ്കൂൾ ഓഫ് ഫാമിലി ഹെൽത്ത് സ്റ്റഡീസ് പ്രവത്തനം ആരംഭിച്ചു. എട്ടു ഗവേഷണകേന്ദ്രങ്ങൾ ആരോഗ്യസർവ്വകലാശാലയുടെ കാമ്പസിൽ പ്രവർത്തനം ആരംഭിച്ചു. ഇതിനായി ആരോഗ്യ സർവ്വകലാശാലയിൽ 175 തസ്തികകൾ സൃഷ്ടിച്ചു.

285 മെഡിക്കൽ കോളെജുകളെ സെന്റർ ഓഫ് എക്സലൻസ് ആക്കും. മൂന്നു മെഡിക്കൽ കോളെജുകളെ എയിംസ് നിലവാരത്തിൽ ഉയർത്തും.

സെന്റർ ഓഫ് എക്സലൻസ് ആക്കുന്നതിന്റെ ഭാഗമായി ഓരോ മെഡിക്കൽ കോളെജിനും മാസ്റ്റർ പ്ലാൻ തയ്യാറാ

ക്കി നടപ്പാക്കാനുള്ള പ്രവർത്തങ്ങൾക്കു തുടക്കം കുറിച്ചു. എറണാകുളം മെഡിക്കൽ കോളെജിന് 368.75 കോടിയുടെ പദ്ധതിക്ക് KIIFB വഴി അംഗീകാരം നല്കി നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു.

തിരുവനന്തപുരം മെഡിക്കൽ കോളെജിന് 717 കോടിയുടെ പദ്ധതിക്ക് KIIFB വഴി അംഗീകാരം നല്കി. ആദ്യ ഘട്ടം എന്ന നിലയിൽ 58 കോടി രൂപയുടെ ഭരണാനുമതി നല്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളെജുകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു SPV ആയി HLL, INKEL എന്നിവരെ ചുമതലപ്പെടുത്തി.

തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, തൃശ്ശൂർ മെഡിക്കൽ കോളെജുകളിൽ (നിലവിലുള്ളവയിൽനിന്ന് അധികമായി) കഴിഞ്ഞ വർഷം 72-ഉം ഈ വർഷം 75-ഉം പി. ജി സീറ്റുകൾ കൂടി MCIയുടെ അംഗീകാരത്തോടെ ലഭ്യമാക്കി.

എല്ലാ മെഡിക്കൽ കോളെജുകളിലും ആർദ്രം പദ്ധതിയുടെ ഭാഗമായി ഒ.പി.കൾ വിപുലീകരിക്കാനുള്ള പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. എസ്.എ.ടി. യിൽ പീഡിയാട്രിക് കാർഡിയോളജി, റീ-പ്രൊഡക്ടീവ് മെഡിസിൻ, പീഡിയാട്രിക് നെഫ്രോളജി മുതലായ സ്പെഷ്യാലിറ്റി കോഴ്സുകൾ തുടങ്ങാൻ വേണ്ട തസ്തികകൾ അനുവദിച്ചു. സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളെജിൽ DM Endocrinology കോഴ്സ് ആരംഭിച്ചു.

മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ 'പേഷ്യന്റ് ഫ്രണ്ട്‌ലി ട്രാൻസ്ഫോർമേഷൻ ഓഫ് ഔട്ട് പേഷ്യന്റ് സർവ്വീസ്' എന്ന പദ്ധതിക്കായി 51.8184 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളെജിൽ DM Nephrology കോഴ്സ് ആരംഭിച്ചു. 12 കോടി രൂപ ചെലവിൽ എം. ആർ. ഐ സ്കാൻ സ്ഥാപിക്കാനുള്ള നടപടി പൂർത്തിയായിവരുന്നു. കേരളത്തിൽ ആദ്യമായി ഡെന്റൽ വിഭാഗത്തിൽ തിരുവനന്തപുരം ഡെന്റൽ കോളെജിനോട് അനുബന്ധിച്ച് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ ടെക്നോളജി ആരംഭിക്കാൻ അനുമതി നല്കി. കേരളത്തിൽ ആദ്യമായി ബി.എസ്സി. ഡയാലിസിസ് ടെക്നോളജി കോഴ്സ് ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളെജുകളിൽ ആരംഭിക്കാൻ അനുമതി നല്കി

ആലപ്പുഴ, കോഴിക്കോട്, മെഡിക്കൽ കോളെജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളെജിൽ ലെവൽ 2 ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്താനുള്ള പ്രവർത്തനം പുരോഗമിക്കുന്നു. സംസ്ഥാനത്ത് നടപ്പിലാക്കുന്ന സമ്പൂർണ ട്രോമ കെയർ സംവിധാനത്തിന്റെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളെജിന് 11.27 കോടി രൂപയുടെ കോമ്പ്രിഹെൻസീവ് ഭരണാനുമതി നല്കുകയും ആദ്യഘട്ടമായി 7.5കോടി രൂപ അനുവദിക്കുകയും ചെയ്തു. മികച്ച ട്രോമ കെയർ പരിശീലനത്തിന് മെഡിക്കൽ കോളെജിൽ സ്ഥാപിക്കുന്ന 10 കോടി രൂപയുടെ അത്യാധുനികസൗകര്യങ്ങളോടുകൂടിയ സ്റ്റേറ്റ് ഓഫ് ദ ആർട്ട് സിമുലേഷൻ സെന്ററിന്റെ MoU-വും പ്രൊപ്പോസലും അംഗീകരിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. തിരുവനന്തപുരം മെഡിക്കൽ കോളെജിൽ എമർജൻസി മെഡിസിൻ വിഭാഗം ശക്തിപ്പെടുത്തുന്നതിന് 106 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. മൾട്ടിസ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തനക്ഷമം ആക്കി. ഇ-ഹെൽത്ത് പദ്ധതിപ്രകാരം രോഗികളുടെ സൗകര്യം വർദ്ധിപ്പിക്കാൻ ഒ.പി.യിൽ ടോക്കൺ സംവിധാനവും അപ്പോയിന്റ്മെന്റ് സംവിധാനവും ഏർപ്പെടുത്തി.പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിൽ കാത്ത് ലാബ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.

കോട്ടയം മെഡിക്കൽ കോളെജിൽ 5.31 കോടി രൂപ മുടക്കി പുതിയ സി. ടി സ്കാൻ സ്ഥാപിച്ചു. ട്രോമ കെയർ സംവിധാനത്തോടുകൂടിയ പുതിയ അത്യാഹിത വിഭാഗം (36കോടി) ബ്ലോക്ക് പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. എം.ആർ.ഐ സ്കാൻ വാങ്ങാൻ അനുമതി നല്കി. കേരളത്തിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളെജിൽ ട്രാൻസ്ജെൻഡർമാർക്കു മാത്രമായി ഒ.പി. സംവിധാനം ആരംഭിച്ചു. രണ്ടാമത്തെ കാത്ത് ലാബ് അനുവദിച്ചു. എമർജൻസി മെഡിസിൻ വിഭാഗം ആരംഭിക്കുന്നതിന് 17 തസ്തിക അനുവദിച്ചു.

ആലപ്പുഴ മെഡിക്കൽ കോളെജിൽ 21.47 കോടി രൂപ മുതൽ മുടക്കിൽ സ്റ്റേറ്റ് ട്രോമാ കെയർ യൂണിറ്റിന്റെ നിർമ്മാണം ആരംഭിച്ചു.

തൃശ്ശൂർ മെഡിക്കൽ കോളെജിൽ 8.60 കോടി രൂപ ചെലവഴിച്ച് കാർഡിയോളജി വിഭാഗത്തിൽ കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനായി 19 തസ്തികകളും കാർഡിയോ തൊറാസിക് വിഭാഗം ആരംഭിക്കാൻ 14 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കേടായ ടെലി കൊബാൾട്ട് മെഷീൻ ഒരുകോടി രൂപ ചെലവഴിച്ച് ഉപയോഗപ്രദമാക്കി ക്യാൻസർ രോഗികൾക്കുള്ള റേഡിയേഷൻ ചികിത്സ പുനഃസ്ഥാപിച്ചു. ക്യാൻസർ രോഗികൾക്കായി കീമോ ഡേ കെയർ സെന്റർ പണികഴിപ്പിച്ചു. സി. ടി സ്കാനർ സ്ഥാപിച്ചു.

മഞ്ചേരി മെഡിക്കൽ കോളെജിൽ ക്യാൻസർ നിർണ്ണയത്തിനുള്ള വിവിധ ഉപകരണങ്ങൾ വാങ്ങാൻ 99 ലക്ഷം രൂപ അനുവദിച്ചു. അൾട്രാ സൗണ്ട് മെഷീൻ, ആർത്രോസ്കോപ്പും അനുബന്ധഉപകരണങ്ങളും, ഇ.എൻ.റ്റി. എച്ച്.ഡി. സെറ്റ്, കമ്പ്യൂട്ടർ റേഡിയോഗ്രഫി എന്നീ ഉപകരണങ്ങൾ വാങ്ങാനുള്ള നടപടികൾ സ്വീകരിച്ചു. മഞ്ചേരി മെഡിക്കൽകോളേജിൽ കാത്ത് ലാബ് ആരംഭിച്ചു.

എറണാകുളം മെഡിക്കൽ കോളെജിൽ 8 കോടിരൂപ ചെലവഴിച് കാത്ത് ലാബ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. തസ്തികകൾ സൃഷ്ടിച്ച്, നെഫ്രോ, കാർഡിയോ, ന്യൂറോ വിഭാഗങ്ങൾ ഉൾപ്പടെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആരംഭിച്ചിട്ടുണ്ട്. എം.ആർ.ഐ ഉൾപ്പടെയുള്ള ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് ഇമേജ് സെന്റർ നിർമ്മിക്കാൻ 25 കോടി രൂപയുടെ അനുമതി നല്കി.

കോഴിക്കോട് മെഡിക്കൽ കോളെജിൽ 44.50 കോടി രൂപ ചിലവിൽ ടെർഷ്യറി കാൻസർ സെന്ററിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിൽ 5.8 കോടി രൂപ ചെലവിൽ സ്പെക്ട് സി.ടി ഗാമ ക്യാമറയും റേഡിയോളജി വിഭാഗത്തിൽ ആറുകോടി രൂപ ചെലവിൽ അത്യാധുനിക 128 സൈസ് കാർഡിയാക് സി.ടി സ്കാനും സ്ഥാപിച്ചു.

പാരിപ്പള്ളി മെഡിക്കൽ കോളെജിൽ 8 കോടി രൂപ മുതൽമുടക്കിൽ സ്ഥാപിക്കുന്ന കാത്ത് ലാബിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടക്കുന്നു. 2.5 കോടി രൂപ ചെലവഴിച്ച് സി.ടി സ്കാൻ സ്ഥാപിച്ചു.

286 **a. കെ.എസ്.ഡി.പി നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് ഉത്പാദനം കൂടുതൽ വിപുലീകരിക്കും. പൊതുമേഖലയിൽ ഏതാനും ഔഷധക്കമ്പനികൾകൂടി ആരംഭിക്കും.**

കെ.എസ്.ഡി.പിക്ക് ആവശ്യമുള്ള ഓർഡറുകൾ കെ.എം.എസ്.സി.എൽ.ൽനിന്നു നല്കുന്നുണ്ട്.

b. മെഡിക്കൽ സർവ്വീസസ് കോർപറേഷ(കെ.എം.എസ്.സി.എൽ)ന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തും.

ഇതിനായി ബജറ്റിൽ കൂടുതൽ തുക വകയിരുത്തി പ്രവർത്തനം വ്യാപിപ്പിച്ചുവരുന്നു. മരുന്നുകളുടെ വിതരണം കാര്യക്ഷമമായി നടത്തിവരുന്നുണ്ട്. മുടങ്ങിക്കിടക്കുന്ന ഓഡിറ്റുകൾ നടത്താനുള്ള നടപടികൾ സ്വീകരിച്ചു. അഗ്രിഗേറ്റർ മോഡലിൽ 315 ആംബുലൻസുകളുടെ ശൃംഖല കേരളം മുഴുവൻ സ്ഥാപിക്കുവാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. അപകടങ്ങളിലും മറ്റ് അത്യാഹിതങ്ങളിലും പെടുന്ന ആളുകളെ അതിവേഗം ആശുപത്രികളിൽ എത്തിക്കുകയും യഥാസമയം ചികിത്സ നല്കുവാനും ഇതുവഴി സാധിക്കും.

c. ചികിത്സാമാനദണ്ഡങ്ങളും നിർദ്ദേശകതത്വങ്ങളും പ്രൊഫഷണൽ സംഘടനകളുടെയും അക്കാദമിക്ക് വിദഗ്ധരുടെയും സഹായത്തോടെ തയ്യാറാക്കി അഭിപ്രായ സമന്വയത്തോടെ നടപ്പിലാക്കും.

ഇവ തയ്യാറാക്കി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് ഉൾപ്പെടുത്തിയുള്ള ആരോഗ്യനയം സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

287 **കേരളത്തിലെ സ്വകാര്യമേഖലയിൽ പണിയെടുക്കുന്ന എല്ലാ നഴ്സുമാർക്കും ന്യായമായ മിനിമം വേതനവും മറ്റ സേവനവ്യവസ്ഥകളും നടപ്പിലാക്കും. തൊഴിൽസംരക്ഷണം ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കും.**

നഴ്സുമാർ ഉൾപ്പെടെയുള്ള സ്വകാര്യാശുപത്രിജീവനക്കാരുടെ മിനിമം വേതനം പുതുക്കി വിജ്ഞാപനം പുറപ്പെടുവിച്ചു. നഴ്സുമാരുടെ അടിസ്ഥാനശമ്പളം ഇരുപതിനായിരം രൂപയായി നിജപ്പെടുത്തിയാണ് വേതനം പുതുക്കിയത്. ഇതിനുപുറമെ നിയമപരമായ മറ്റ് ആനുകൂല്യങ്ങളും ഉറപ്പുവരുത്തിയിട്ടുണ്ട്. കിടക്കകളുടെ എണ്ണം കണക്കാക്കി ശമ്പളത്തിൽ ആനുപാതികമായ വർദ്ധന ലഭിക്കും. 39 മുതൽ 102 ശതമാനം വരെ വർദ്ധനയാണ നഴ്സുമാരുടെയും ജീവനക്കാരുടെയും മിനിമം വേതനത്തിൽ വരുത്തിയത്.

288 **കേരളത്തിലുള്ള ഗവേഷണസ്ഥാപനങ്ങളെ ബന്ധപ്പെടുത്തി ഒരു ആധുനിക ഔഷധഗവേഷണകേന്ദ്രം സ്ഥാപിക്കും.**

പരിഗണനയിലാണ്.

289 **a. രോഗപ്രതിരോധപ്രവർത്തനത്തിലും ആരോഗ്യസംരക്ഷണത്തിലും ആയുഷ് സമ്പ്രദായങ്ങളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തി രോഗാതുരത കുറയ്ക്കാൻ ശ്രമിക്കും.**

ആയുഷ് സമ്പ്രദായങ്ങളിലുള്ള ചികിത്സ വ്യാപിപ്പിച്ചു. പുതിയ 10 ഹോമിയോ ഡിസ്പെൻസറികളും 4 പുതിയ ആയുർവേദ ഡിസ്പെൻസറികളും ആരംഭിച്ചു. ഇതോടെ എല്ലാ പഞ്ചായത്തിലും ആയുർവേദ ചികിത്സാ സ്ഥാപനങ്ങളുള്ള സംസ്ഥാനമായി കേരളം മാറി. ആയുഷ് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 157 പുതിയ തസ്തികകൾ സൃഷ്ടിച്ചു. ആയുഷ് ചികിത്സാസമ്പ്രദായങ്ങളുടെ ശാസ്ത്രീയ അടിത്തറ വിപുലപ്പെടുത്തുന്നതിനും ലോകസമക്ഷം പ്രസിദ്ധപ്പെടുത്തുന്നതിനും 2019 ഫെബ്രുവരി 15 മുതൽ മുതൽ 19 വരെ തിരുവനന്തപുരത്ത് 'ഇൻറർനാഷണൽ ആയുഷ് കോൺക്ലേവ്' സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി നടന്ന അന്താരാഷ്ട്രസെമിനാറിൽ പൊതുജനാരോഗ്യമേഖലയുടെ വിവിധതലങ്ങളിൽ ആയുഷ് ചികിത്സാസമ്പ്രദായങ്ങളുടെ ഇടപെടലുകളും വിശാല സാധ്യതകളും എന്ന വിഷയമാണ് ചർച്ച ചെയ്തത്. ആയുർവേദവിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ പ്രവൃത്തിക്കുന്ന 'Traditional Knowledge Innovation Kerala' (TKIK) ബൗദ്ധികസ്വത്തവകാശസംരക്ഷണത്തിനായി CSIR -TKDL (ന്യൂഡൽഹി)-യുമായി ധാരണാപത്രം ഒപ്പ് വച്ചു. ആയുർവേദ രംഗത്തെ വ്യാജപേറ്റന്റുകളെ ഫലപ്രദമായി തടയാൻ ഇത് സഹായകമായിട്ടുണ്ട്. പാരമ്പര്യ അറിവു

കളിൽ (താളിയോലകളിൽ രേഖപ്പെടുത്തിയിട്ടുള്ള) നിന്ന് കണ്ടെത്തുന്ന വൈദ്യവിജ്ഞാനം ക്രോഡീകരിച്ച് കേരളീയ ഔഷധവിജ്ഞാനം എന്ന പേരിൽ പുസ്തകരൂപത്തിൽ TKIK പ്രസിദ്ധീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 3 സീരിസ് പുസ്തകങ്ങൾ പുതുതായി പ്രസിദ്ധീകരിച്ചു.

നാഷണൽ ആയുഷ് മിഷന്റെ നേതൃത്വത്തിൽ 10 ആയുഷ് വെൽനസ് (യോഗ ആൻഡ് നാച്ചുറോപ്പതി) സെൻസറുകളും 3 ആയുഷ് ഹോളിസ്റ്റിക് സെൻസറുകളും (ആയുർവേദം, ഹോമിയോപ്പതി, സിദ്ധ, യുനാനി ചികിത്സാ സമ്പ്രദായങ്ങൾ) ആരംഭിച്ചു. നേത്രചികിത്സാ പദ്ധതിയായ 'മിഴി', എൻഡോസൾഫാൻ ബാധിതർക്കുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റായ 'സാന്ത്വനം', മോട്ടോർ ന്യൂറോൺ അസുഖനിയന്ത്രണത്തിനുള്ള പദ്ധതിയായ 'പ്രാണശക്തി', 8 ജില്ലകളിൽ, ആയുഷ് ഗ്രാമം, പദ്ധതി എന്നിവ തുടങ്ങി. ട്രാൻസ്ജെൻഡർ വിഭാഗത്തിൽ പെട്ടവരുടെ സമഗ്ര ചികിത്സ ലക്ഷ്യമിട്ട് 'നിസർഗ്ഗ' എന്ന പേരിൽ സ്പെഷ്യൽ പ്രോജക്ട് ഹോമിയോപ്പതി വകുപ്പിൽ ആരംഭിച്ചു.

b. ആയുർവ്വേദ കോളെജുകളുടെ അടിസ്ഥാനസൗകര്യങ്ങൾ സി.സി.ഐ.എം. നിബന്ധനകൾ അനുസരിച്ചുമെച്ചപ്പെടുത്തും.

കണ്ണൂർ, തൃപ്പുണിത്തുറ, തിരുവനന്തപുരം, ആയുർവേദ കോളെജുകളിൽ മെഡിക്കൽ ഓഫീസർ, ആർ.എം.ഒ, എമർജൻസി മെഡിക്കൽ ഓഫീസർ, പ്രൊഫസർ, നഴ്സിംഗ് സൂപ്രണ്ട് തുടങ്ങിയ 36 തസ്തികകൾ സൃഷ്ടിച്ചു. തിരുവനന്തപുരം ആയുർവേദ കോളെജിൽ പുതിയ പേവാർഡ് ബ്ലോക്ക് പൂർണതോതിൽ പ്രവർത്തനം ആരംഭിച്ചു. പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ അത്യാധുനിക സജ്ജീകരണങ്ങളോടു കൂടിയ പുതിയ ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ എന്നിവ പ്രവർത്തനമാരംഭിച്ചു. കണ്ണൂർ ആയുർവേദ കോളെജിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മാണം അവസാനഘട്ടത്തിലാണ്.

290 രോഗപ്രതിരോധം, ആരോഗ്യസംരക്ഷണം എന്നീ മേഖലകളിൽ നമ്മുടെ പരമ്പരാഗതവൈദ്യമായ ആയുർവ്വേദമടക്കമുള്ള ആയുഷ് സമ്പ്രദായങ്ങളിൽ പ്രസക്തമായവ പ്രയോജനപ്പെടുത്തും.

പകർച്ചവ്യാധിപ്രതിരോധപ്രവർത്തനങ്ങളിൽ ആയുഷ് വിഭാഗം ഫലപ്രദമായ ഇടപെടൽ നടത്തി. സർക്കാരുടെ മസ്ഥതയിൽ ഏഷ്യയിലെതന്നെ ആദ്യസംരംഭമായ 'സ്പോർട്സ് ആയുർവേദ ആശുപത്രി' (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് ആയുർവേദ ആൻഡ് റിസർച്ച്) ഉദ്ഘാടനം ചെയ്തു. ഇതിനാവശ്യമായ 28 തസ്തികകൾ സൃഷ്ടിച്ചു. വേദനപരിചരണം, തൈറോയിഡ് രോഗങ്ങൾ, വന്ധ്യതാനിവാരണം, ജീവിതശൈലീരോഗങ്ങൾ, വാർദ്ധക്യപരിചരണം എന്നിവയിൽ ഊന്നൽ കൊടുത്ത് പുതിയ ക്ലിനിക്കുകൾ ആരംഭിച്ചു. ജീവിതശൈലീരോഗങ്ങളെ പ്രതിരോധിക്കാനും ചികിത്സിക്കാനും ഹോമിയോപ്പതി-ആയുർവേദം-നാച്ചുറോപ്പതി-യോഗ ചികിത്സ സംയോജിപ്പിച്ച് ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ വ്യാപിപ്പിച്ചു. യോഗ, നാച്ചുറോപ്പതി സമ്പ്രദായങ്ങളെ ഏകോപിപ്പിച്ച് ആയുഷ് വെൽനെസ്സ് സെന്ററുകൾ പുതുതായി ആരംഭിച്ചു. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ കാസർഗോഡ് യോഗ & നാച്ചുറോപ്പതി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന്റെ ശിലാസ്ഥാപനം നടന്നു.

ഹോമിയോപ്പതി: സാംക്രമികരോഗനിയന്ത്രണത്തിനുള്ള 'റാപ്പിഡ് ആക്ഷൻ എപിഡെമിക് കൺട്രോൾ സെൽ ഇൻ ഹോമിയോപ്പതി' (RAECH) യുടെ പ്രവർത്തനം സംസ്ഥാനമാകെ വ്യാപിപ്പിച്ചു. കണ്ണൂർ ജില്ലാ ആശുപത്രിയോട് അനുബന്ധിച്ച് നിലവിലുള്ള വന്ധ്യതാനിവാരണ പദ്ധതിയായ 'ജനനി' വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഈ ആശുപത്രിയെ മികവിന്റെ കേന്ദ്രമാക്കാനുള്ള നടപടികൾ ആരംഭിച്ചു. ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ 10 സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിച്ചു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സർക്കാർ ഹോമിയോ ആശുപത്രികളിൽ ക്യാൻസർ സാന്ത്വന പരിചരണ കേന്ദ്രങ്ങൾ (പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സെൻറർ) ആരംഭിച്ചു. ആധുനിക ജീവിതശൈലിരോഗങ്ങളായ പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗം, തുടങ്ങിയവയെ പ്രതിരോധിക്കുന്നതിനും ചികിത്സിക്കുന്നതിനുമായി ഹോമിയോപതി, നാച്ചുറോപ്പതി, യോഗ തുടങ്ങിയ ചികിത്സാസമ്പ്രദായങ്ങൾ സംയോജിപ്പിച്ചുകൊണ്ട് സംസ്ഥാനത്തെ എല്ലാ ജില്ല ഹോമിയോ ആശുപത്രികളിലും ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ (ആയുഷ്മാൻഭവഃ) ആരംഭിച്ചു. സുസജ്ജമായ ഫിസിയോതെറാപ്പി യൂണിറ്റോടുകൂടിയ വയോജന പരിചരണകേന്ദ്രങ്ങൾ (ജെറിയാട്രിക് കെയർ സെന്ററുകൾ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, വയനാട്, കോട്ടയം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ ആരംഭിച്ചു. ഇടുക്കി വയനാട് ജില്ലകളിലെ ആരോഗ്യ സേവന സൗകര്യം ദുർലഭമായ ദുർഘട മേഖലകളിലെ ജനങ്ങളുടെ ആരോഗ്യപരിചരണത്തിനായി സ്പെഷ്യാലിറ്റി മൊബൈൽ ക്ലിനിക്കുകൾ ആരംഭിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 42 ഹോമിയോ ഡിസ്പെൻസറികളെ ഭൗതികസേവന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി മാതൃകാ സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ ആയി അപ്ഗ്രേഡ് ചെയ്തു. 14 ജില്ലാ ഹോമിയോ ആശുപത്രികൾ NABH നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂട്ടനാട്, ഹരിപ്പാട്, ചമ്പക്കുളം തുടങ്ങിയ തീരദേശ മേഖലകളിൽ രോഗികൾക്കായി ഫ്ലോട്ടിംഗ് ഹോമിയോ ഡിസ്പെൻസറികൾ ആരംഭിച്ചു.

291 **ജില്ലാ ആശുപത്രികളിൽ എല്ലാ ക്ലിനിക്കൽ സ്പെഷ്യാലിറ്റികളും താലൂക്ക് ആയുർവ്വേദ ആശുപത്രികളിൽ തെരെഞ്ഞെടുത്ത രണ്ടു സ്പെഷ്യാലിറ്റികളും ആരംഭിച്ച് അഷ്ടാംഗ സ്പെഷ്യാലിറ്റി ചികിത്സയുടെ ലഭ്യത ഉറപ്പുവരുത്തും.**

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ സ്പെഷ്യാലിറ്റികൾ ആരംഭിച്ച് ജില്ലാ ആശുപത്രികളും തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളും വികസിപ്പിക്കാൻ നടപടി സ്വീകരിച്ചു. എല്ലാ ജില്ലാ ആശുപത്രികളിലും പ്രസൂതി, കൗമാരം, വൃദ്ധജനപരിപാലനം, യോഗ എന്നീ സ്പെഷ്യാലിറ്റി ചികിത്സകൾ ആരംഭിച്ചു. തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ മാനസികം, പാലിയേറ്റിവ് കെയർ (സ്നേഹധാര) എന്നീ ചികിത്സകൾ ആരംഭിച്ചു. പുതിയ 15 പഞ്ചകർമ്മയൂണിറ്റുകൾ വിവിധ ആശുപത്രികളിൽ അനുവദിച്ചു.

292 **ആയുർവ്വേദത്തെ തെളിവധിഷ്ഠിതമായി (Evidence Based Medicine) ശാസ്ത്രീയമായി വികസിപ്പിക്കാനും കേരളത്തിന്റെ പരമ്പരാഗത വൈദ്യമേഖലയിലെ സമഗ്രഗവേഷണത്തിനുമായി ഒരു ആയുർവ്വേദഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കും.**

കണ്ണൂരിൽ അന്താരാഷ്ട്ര ആയുർവേദഗവേഷണകേന്ദ്രം സ്ഥാപിക്കാൻ 2016-17-ൽ 20 ലക്ഷം രൂപയും 2017-18-ൽ അഞ്ചുകോടി രൂപയും 2018-19-ൽ ആറുകോടി രൂപയും അനുവദിച്ചു. അന്താരാഷ്ട്ര ആയുർവേദഗവേഷണ കേന്ദ്രത്തിന് കണ്ണൂരിലെ കല്യാടിൽ ഫെബ്രുവരി മാസം ശിലാസ്ഥാപനം നടത്തി.

293 **a. ആയുർവ്വേദൗഷധസസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കാൻ പ്രാദേശിക സഹകരണസംഘങ്ങളിലൂടെ ഔഷധസസ്യക്കൃഷി വ്യാപിപ്പിക്കും.**

സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡിന്റെ നേതൃത്വത്തിൽ ഔഷധസസ്യക്കൃഷി വ്യാപിപ്പിക്കാൻ പ്രവർത്തനം സംഘടിപ്പിച്ചു. എല്ലാ വീടുകളിലും ഒരു വേപ്പും, കറിവേപ്പും വളർത്തുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ ഗൃഹചൈതന്യം പദ്ധതിയിൽ കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 16 ലക്ഷത്തോളം ആര്യവേപ്പിന്റെയും കറിവേപ്പിന്റെയും തൈകൾ നട്ടുവളർത്തി. ഗ്രാമപ്പഞ്ചായത്ത് തലത്തിൽ ഔഷധസസ്യക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രാമീണം' പദ്ധതി മുഖേന കഴിഞ്ഞ മൂന്ന് വർഷങ്ങളായി 200 ഏക്കറിൽ ഔഷധസസ്യങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ നട്ടുവളർത്തിവരുന്നു. കാവ് സംരക്ഷണ പദ്ധതി പ്രകാരം 65 കാവുകളിൽ 120 ഓളം ഏക്കറിൽ ഔഷധസസ്യങ്ങൾ വെച്ചുപിടിപ്പിച്ച് സംരക്ഷിച്ചുവരുന്നു. ഔഷധിയുടെ നേതൃത്വത്തിൽ പരിയാരം സബ്സെന്ററിൽ അഞ്ച് ഹെക്ടർ സ്ഥലത്ത് പുതിയ ഔഷധസസ്യത്തോട്ടം ആരംഭിച്ചു. ഈ വർഷം അഞ്ച് ഹെക്ടറിൽക്കൂടി ഔഷധസസ്യത്തോട്ടം ആരംഭിക്കും.

b. ഔഷധസംഭരണം, വിപണനം, മൂല്യവർദ്ധിതോത്പന്നങ്ങളുടെ നിർമ്മാണം എന്നിവയിൽ പൊതുജനപങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്കരിക്കും.

വനസംരക്ഷണസമിതികൾ, വനവികസനയേജൻസികൾ, ആദിവാസിസമൂഹത്തിന്റെ കൂട്ടായ്മ, സഹകരണസംഘങ്ങൾ എന്നിവയിലൂടെ ഔഷധസസ്യങ്ങൾ മൂല്യവർദ്ധിതോല്പന്നമാക്കി ശേഖരിക്കുന്ന രീതി ഔഷധിയിൽനടപ്പിലാക്കി. ആധുനികനിലവാരത്തിലുള്ള പാക്കിങ് സംവിധാനം ഔഷധിയിൽ ആരംഭിച്ചു. ബോധവൽക്കരണത്തിന്റെ ഭാഗമായി തൃശ്ശൂർ ഔഷധിയിൽ ഔഷധസസ്യം വിജ്ഞാനവ്യാപനകേന്ദ്രം ആരംഭിച്ചു.

294 **സ്വാശ്രയ മെഡിക്കൽ കോളെജുകളിലെ പഠനനിലവാരം ഉറപ്പുവരുത്താൻ അക്കാഡമിക് ഓഡിറ്റ് യൂണിവേഴ്സിറ്റി തലത്തിൽ നടപ്പാക്കും.**

അക്കാഡമിക് ഓഡിറ്റ് നടത്തുവാനുള്ള തീരുമാനം ആരോഗ്യസർവ്വകലാശാല എടുത്തിട്ടുണ്ട്.

295 **ആയുർവ്വേദൗഷധനിർമ്മാണമേഖലയുടെ വികസനത്തിനും അതു കേരളത്തിന്റെ സാമ്പത്തിക വികസനത്തിന പ്രയോജനപ്പെടുത്താനും അസംസ്കൃത ഔഷധങ്ങളുടെ ലഭ്യത ഉറപ്പുവരുത്താനും അശാസ്ത്രീയ ഔഷധ ഉപയോഗം തടയാനും ശാസ്ത്രീയ ഔഷധ ഉപയോഗം പ്രോത്സാഹിപ്പിക്കാനുമായി കേരളത്തിന് ഒരു ആയുർവ്വേദ ഔഷധനയം ഉണ്ടാക്കും.**

2019 ഫെബ്രുവരിമാസം തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഇന്റർനാഷണൽ ആയുഷ് കോൺക്ലേവിൽ ആയുർവേദ ഔഷധനയം സംബന്ധിച്ച് വിദഗ്ധർ പങ്കെടുത്ത ശില്പശാല നടത്തി. പ്രസ്തുത ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് "ആയുർവേദ ഔഷധനയം" രൂപവത്ക്കരിക്കുന്നതിന് പ്രവർത്തനമാരംഭിച്ചു.

296 **പരമ്പരാഗത ഔഷധമേഖലയിൽ പ്രവർത്തിയെടുക്കുന്നവരുടെ തൊഴിൽസംരക്ഷണം ഉറപ്പുവരുത്താനും അവരുടെ വൈദഗ്ധ്യവികസനത്തിനും ഔഷധനിർമ്മാണടെക്നിഷ്യൻ കോഴ്സ്, ഔഷധസംഭരണപരിശീലനം, ഫാർമസിസ്റ്റ്, പഞ്ചകർമ്മടെക്നിഷ്യൻ എന്നിവയിൽ സ്ഥിരമായ കോഴ്സുകൾ നടത്തി ഈ മേഖലയിലെ മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കും.**

ആയുർവേദമേഖലയിൽ യോഗ & പ്രകൃതി ചികിത്സ കോഴ്സ് പുതുതായി ആരംഭിച്ചു. തെറാപ്പിസ്റ്റ് കോഴ്സിന്റെ ഒരു പുതിയ ബാച്ച് പരിശീലനം പൂർത്തിയാക്കി.

തെറാപ്പിസ്റ്റ്, ഫാർമസിസ്റ്റ്, നഴ്സിങ് തുടങ്ങിയ പാരാ മെഡിക്കൽ വിഭാഗങ്ങളുടെ സർട്ടിഫിക്കറ്റ് കോഴ്സുകൾ പുതിയ ബാച്ച് 2018 - 19 വർഷം ആരംഭിച്ചു.

297 **ആയുർവ്വേദ ഡ്രഗ് കണ്ട്രോൾ വിഭാഗം ശക്തിപ്പെടുത്താൻ നിർമ്മാണയൂണിറ്റുകൾക്ക് ആനുപാതികമായി ഡ്രഗ് ഇൻസ്പെക്ടർ തസ്തികളും അതിന് ആനുപാതികമായി സീനിയർ ഡ്രഗ് ഇൻസ്പെക്ടർ, അഡിഷണൽ ഡ്രഗ് കണ്ട്രോളർ എന്നി തസ്തികകളും അനുവദിക്കും.**

ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു.

298 **ഔഷധനിർമ്മാണടെക്നിഷ്യൻ കോഴ്സ്, ഔഷധസംഭരണപരിശീലനം, ഫാർമസിസ്റ്റ്, പഞ്ചകർമ്മ ടെക്നിഷ്യൻ, എന്നിവയിൽ സ്ഥിരമായ കോഴ്സുകൾ നടത്തി ഈ മേഖലയിലെ മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കും. ഇതിൽ പരമ്പരാഗതവൈദ്യമേഖലയിൽനിന്നുള്ളവർക്ക് മുൻഗണന നല്കും.**

ആയുർവേദമേഖലയിൽ യോഗ & പ്രകൃതി ചികിത്സ കോഴ്സ് പുതുതായി ആരംഭിച്ചു. തെറാപ്പിസ്റ്റ്, ഫാർമസിസ്റ്റ്, നഴ്സിങ് തുടങ്ങിയ പാരാമെഡിക്കൽ വിഭാഗങ്ങളുടെ സർട്ടിഫിക്കറ്റ് കോഴ്സുകൾ പുതിയ ബാച്ച് 2018 - 19 വർഷം ആരംഭിച്ചു.

299 **എല്ലാ പഞ്ചായത്തിലും സർക്കാർ ആയുർവ്വേദ, ഹോമിയോ ഡിസ്പെൻസിറികൾ തുടങ്ങാനായിട്ടില്ല. അവ ആരംഭിക്കാൻ നടപടി സ്വീകരിക്കും.**

സർക്കാർ / എൻ.എച്ച്.എം. ആയുർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത നാലു പഞ്ചായത്തുകളിൽക്കൂടി സർക്കാർ ഡിസ്പെൻസറികൾ പുതുതായി ആരംഭിച്ചു. ഇതോടുകൂടി എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ചികിത്സാസ്ഥാപനങ്ങൾ ഉള്ള സംസ്ഥാനമായി കേരളം മാറി. ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഘട്ടംഘട്ടമായി പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി 10 പുതിയ ഡിസ്പെൻസറികൾ ആരംഭിച്ചു.

300 **ഏകീകൃത കേരള മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ നടപ്പിൽവരുത്തും.**

കരട് തയ്യാറാക്കിവരുന്നു.

301 കേരളത്തിലെ ഉയരുന്ന രോഗാതുരത കുറയ്ക്കാൻ ആരോഗ്യം നിലനിർത്താനുതകുന്ന ഭക്ഷണം, ജീവിതക്രമം, വ്യായാമം, കായികവിനോദം, സാംസ്കാരിക പരിപാടികൾ എന്നിവ പ്രോത്സാഹിപ്പിക്കാൻ ബഹുജനസംഘടനകളുമായി സഹകരിച്ച് ഒരു സാമൂഹികാരോഗ്യമിഷൻ നടപ്പാക്കും.

ആർദ്രം മിഷനിൽ ഈ കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. നാഷണൽ ആയുഷ് മിഷന്റെ നേതൃത്വത്തിൽ ഇത്തരം കാര്യങ്ങൾ പരിഗണിച്ച് വിവിധ ആയുഷ്മേഖലയെ സംയോജിപ്പിച്ച് ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

302 **സിദ്ധ-യുനാനി സമ്പ്രദായങ്ങൾക്കു പ്രചാരമുള്ള സ്ഥലങ്ങളിൽ അവയുടെ സേവനം ആയുഷ് മിഷൻ വഴി ലഭ്യമാക്കാൻ നടപടി സ്വീകരിക്കും.**

പുതുതായി എട്ടു സിദ്ധ യൂണിറ്റുകൾ ആരംഭിച്ചു. നിലവിലുള്ള സിദ്ധ ആശുപത്രിയുടെ കെട്ടിടനിർമ്മാണപ്രവർത്തനങ്ങൾ പൂർത്തികരിച്ചു. നാഷണൽ ആയുഷ് മിഷൻ ആരംഭിക്കുന്ന ആയുഷ് ഹോളിസ്റ്റിക് സെന്ററുകളിൽ സിദ്ധ, യുനാനി ചികത്സാസമ്പ്രദായങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ കേന്ദ്രസഹായത്തോടെ പുതിയ യുനാനി ഗവേഷണ-ചികിത്സാകേന്ദ്രം ആരംഭിച്ചു.

303 **a. ഹോമിയോപതിയിലെ ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കാൻ ഒരു സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടും ഡോക്ടർമാരെയും പാരാമെഡിക്കൽ ജീവനക്കാരേയും പരിശീലിപ്പിക്കാൻ ഒരു സ്ഥിരം ട്രെയിനിങ് സെന്ററും ആരംഭിക്കും.**

ഹോമിയോപ്പതി കോളെജിന്റെ നേതൃത്വത്തിൽ പാരാമെഡിക്കൽ വിഭാഗത്തിനും അദ്ധ്യാപകർക്കും ട്രെയിനിങ് പ്രോഗ്രാം നടത്തി. സ്ഥിരം ട്രെയിനിങ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

b. വിവിധവിഷയങ്ങളിൽ പി.ജി. കോഴ്സുകളും നഴ്സിങ്, ഡിഫാം കോഴ്സുകളും തുടങ്ങും.

ആയുർവേദവിഭാഗത്തിൽ വ്യത്യസ്തവിഷയങ്ങളിലായി മൂന്നു പി. ജി കോഴ്സുകളും ഹോമിയോയിൽ രണ്ടു കോളെജുകളിൽ പി. ജി. കോഴ്സുകളും അനുവദിച്ചു. ആയുർവേദ പി. ജി ഡിപ്ലോമ കോഴ്സിന് അനുമതി നല്കി. ആയുർവേദ നഴ്സിങ്, ഫാർമസിസ്റ്റ് കോഴ്സുകളുടെ പുതിയ ബാച്ച് 2018 - 19 വർഷം ആരംഭിച്ചു. ഹോമിയോപ്പതിയിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസി (CCP) പുതിയ ബാച്ച് ആരംഭിച്ചു.

304 **a. ഹോമിയോപതി ഔഷധനിർമ്മാണരംഗത്തു പ്രവൃത്തിക്കുന്ന ഹോംകോയെ സെന്റർ ഓഫ് എക്സലൻസ് ആയി വികസിപ്പിക്കും.**

ഹോമിയോ മരുന്നുത്പാദനകേന്ദ്രമായ 'ഹോംകോ'-യെ സെന്റർ ഓഫ് എക്സലൻസ് ആക്കി മാറ്റുന്നതിന്റെ ഭാഗമായി ഹോംകോയുടെ നവീകരണത്തിനും വികസനത്തിനും 52.88 കോടിയുടെ വികസനപദ്ധതിക്ക് ഭരണാനുമതി നല്കി. WHO, GMP മാനദണ്ഡങ്ങൾ പാലിച്ചു

കൊണ്ടുള്ള പുതിയ ഫാക്ടറിക്കെട്ടിടത്തിന് ആലപ്പുഴ വലിയ കലവൂരിൽ 1.84 ഏക്കറിൽ നിർമ്മാണം അവസാനഘട്ടത്തിലാണ്. ഹോംകോയുടെ ഗുണനിലവാര പരിശോധനവിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ അത്യാധുനിക ഉപകരണങ്ങൾ സ്ഥാപിച്ചു.

b. ഹോമിയോഷതി കോളെജ്, ഫാർമസി കോളെജ്, ഹോംകോ എന്നിവിടങ്ങളിലുള്ള ഭൂമി ഉപയോഗപ്പെടുത്തി ഹോമിയോഷതി ഔഷധങ്ങൾക്ക് ആവശ്യമായ ഔഷധസസ്യകൃഷി പ്രോത്സാഹിഷിക്കും.

ഹോമിയോപ്പതി കോളെജ്, ഫാർമസി കോളെജ് എന്നിവിടങ്ങളിലെ ഭൂമിയിൽ ഔഷധസസ്യകൃഷിക്ക് തുടക്കം കുറിച്ചു. ഹോംകോയുടെ ഭൂമിയിൽ ഹോമിയോ മരുന്ന് നിർമ്മാണത്തിനുള്ള ഔഷധസസ്യകൃഷി നടന്നുവരുന്നു. ഇതു വ്യാപിപ്പിക്കാൻ തീരുമാനം എടുത്തിട്ടുണ്ട്.

305 തെരുവുനായ്ക്കളിൽനിന്നു ജനങ്ങളെ സംരക്ഷിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കും.

തെരുവുനായ്ക്കളെ വന്ധീകരിക്കാനുള്ള എ.ബി.സി. പദ്ധതി തദ്ദേശഭരണസ്ഥാപനങ്ങൾവഴി ഊർജ്ജിതമായി നടപ്പാക്കിവരുന്നു. തെരുവുനായ്ക്കളുടെ ആക്രമണത്തിന് ഇരയായവർക്കു ചികിത്സയ്ക്കായി ആവശ്യമായ മരുന്നുകൾ കൃത്യസമയത് എത്തിച്ചുകൊടുക്കാൻ ആരോഗ്യ വകുപ്പിനു കഴിഞ്ഞു.

പൊതുവിദ്യാഭ്യാസം

306 ഓരോ ക്ലാസ്സിലും ആർജ്ജിക്കേണ്ട ഭാഷാപരവും ഗണിതപരവുമായ ശേഷി കുട്ടിയുടെ കഴിവിനനുസരിച്ചു പരമാവധി നേടിയെന്ന് ഉറപ്പുവരുത്തും. ഓരോ ഘട്ടത്തിലും നേടേണ്ട പ്രാഥമികശേഷി കുട്ടി കൈവരിച്ചു എന്ന് ഉറപ്പുവരുത്താനുള്ള ഉപാധി എന്നതിനുപകരം നിരന്തരവിലയിരുത്തൽ എന്നാൽ അന്തിമപരീക്ഷയ്ക്ക് / പൊതുപരീക്ഷയ്ക്ക് 20 ശതമാനം സ്കോർ നല്കുന്ന ഒരു ഏർപ്പാട് എന്നായി മാറി. ഇതിനൊരു പരിഹാര കർമ്മപരിപാടിക്കു രൂപം നല്കും.

പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനുള്ള കർമ്മപദ്ധതി ആരംഭിച്ചു. അടിസ്ഥാനസൗകര്യവികസനത്തിന് വലിയ പ്രാധാന്യം നല്കി. അധ്യായനവർഷം ആരംഭിക്കുന്നതിനു മുമ്പു തന്നെ പുസ്തകം നല്കുന്നു. യൂണിഫോം സൗജന്യമായി വിതരണം ചെയ്യുന്നു. പൊതുവിദ്യാഭ്യാസയജ്ഞനത്തിലൂടെ പൊതുവിദ്യാഭ്യാസരംഗത്തെ കുട്ടികളുടെ ഭാഷാപരവും ബുദ്ധിപരവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പശ്ചാത്തലമൊരുക്കി.

ഭാഷാശേഷി വികസിപ്പിക്കാൻ മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരലീ ഹിന്ദി എന്നിവയും പഠനപിന്തുണ ആവശ്യമുള്ളവർക്ക് 10-ാം ക്ലാസ് വരെ 'ശ്രദ്ധ' എന്ന പരിപാടിയും നടപ്പിലാക്കി. നിരന്തരവിലയിരുത്തൽ കൂടുതൽ ഫലപ്രദമാക്കുന്നതു സംബന്ധിച്ച് പഠനങ്ങൾ എസ്.സി.ഇ.ആർ.ടി നടത്തിയിട്ടുണ്ട്. ഇതിന്റെ കരട് സമീപനരേഖ വികസിപ്പിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള മെച്ചപ്പെടുത്തലുകൾ 2018-19 അക്കാദമികവർഷം നടത്തിയിട്ടുണ്ട്. ഇതിന്റെ തുടർച്ച 2019-20 അക്കാദമിക വർഷം ഉണ്ടാകും. കഴിഞ്ഞവർഷങ്ങളിൽ ഭാഷാശേഷീ വികാസത്തിനാണ് ഊന്നൽ നല്കിയിരുന്നത്. അത് തുടരും. അതോടൊപ്പം ഗണിതത്തിനായിരിക്കും പ്രൈമറിതലത്തിൽ 2019-20 അക്കാദമിക വർഷം ഊന്നൽ നല്കുക.

307 കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ആരംഭിച്ച പാഠ്യപദ്ധതി പരിഷ്കരണം അട്ടിമറിക്കാൻ നടന്ന നീക്കങ്ങൾ തിരുത്തും. പാഠപുസ്തകങ്ങളിലും പഠനപ്രവർത്തനങ്ങളിലും വരുത്തിയ പരിഷ്കാരങ്ങൾ കർശനപരിശോധനയ്ക്ക വിധേയമാക്കും.

പാഠപുസ്തകങ്ങളിലും പഠനപ്രവർത്തനങ്ങളിലും നടത്തിയ പരിഷ്ക്കാരങ്ങൾ കർശനമായ പരിശോധനയ്ക്ക് എസ്.സി.ഇ.ആർ.ടി വിധേയമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. തുടർപരിഷ്കരണത്തിനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. നവോത്ഥാനം, കൃഷി, പ്രളയ, പ്രളയാനന്തരപ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ പുതിയ പാഠപുസ്തകങ്ങളിൽ ഉൾച്ചേർത്തിട്ടുണ്ട്.

308 a. പ്രീപ്രൈമറി തലം മുതൽ ഹയർസക്കെൻഡറി തലം വരെ മാതൃഭാഷാപഠനം നിർബ്ബന്ധമാക്കും. ബന്ധഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷാപഠനം കൂടുതൽ മെച്ചപ്പെടുത്തേണ്ടത് പൊതുവിദ്യാലയങ്ങളെ ആകർഷകമാക്കാനുള്ള പ്രധാനപ്പെട്ട ഉപാധികളിൽ ഒന്നാണ്.

ഇതിനായുള്ള പ്രവർത്തനം വേഗത്തിൽ നടക്കുന്നു. മലയാളഭാഷാപരിപോഷണത്തിനായി 'മലയാളത്തിളക്കം' പദ്ധതി വിജയകരമായി നടത്തി. അവധിക്കാലത്തെ അദ്ധ്യാപകപരിശീലനത്തിൽ ഇംഗ്ലീഷ് ഭാഷാപരിശീലനത്തിനു പ്രധാനപരിഗണന നല്കിയിട്ടുണ്ട്. പ്രൈമറിതലത്തിൽ ഹലോ ഇംഗ്ലീഷ് പരിപാടി വ്യാപകമായി

നടപ്പാക്കുന്നു. ഭാഷാശേഷികൾ ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളാണ് അക്കാദമിക മാസ്റ്റർ പ്ലാനിലൂടെയും ഓരോ സ്കൂളും തയ്യാറാക്കിയ ആക്ഷൻ പ്ലാനിലൂടെയും നടപ്പാക്കിയത്. മലയാളഭാഷാപഠന വ്യാപനത്തിനുള്ള മലയാളഭാഷാനിയമം കൊണ്ടുവന്നിട്ടുണ്ട്.

b. ഭാഷയിൽ പ്രാവീണ്യം നേടത്തക്ക തരത്തിലുള്ള ഇംഗ്ലീഷ് പഠനത്തിന് ഒട്ടേറെ മാതൃകകൾ ഇപ്പോൾത്തന്നെ കേരളത്തിലുണ്ട്. അവ വ്യാപിപ്പിക്കും.

ഇംഗ്ലീഷ് ഭാഷാപഠനം മെച്ചപ്പെടുത്താനായി നടന്ന പ്രവർത്തനങ്ങൾ വിശകലനം ചെയ്ത് അതിന്റെ വ്യാപനം നടത്തുന്നുണ്ട്. ഈ വർഷം കൂറെക്കൂടി ചിട്ടപ്പെടുത്തി നടപ്പാക്കും.

309 **കുട്ടികളുടെ പഠനസമയം (അദ്ധ്യാപക-വിദ്യാർത്ഥി ആശയവിനിമയസമയം) 200 പ്രവൃത്തിദിവസം (1000 മണിക്കൂർ) ഉറപ്പുവരുത്തും. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പുനഃക്രമീകരിക്കുന്ന കാര്യം പരിശോധിക്കും.**

ഇതിനായുള്ള പ്രായോഗികനിർദ്ദേശം എസ്.സി.ഇ.ആർ.ടി. തയ്യാറാക്കുകയും കരിക്കുലം കമ്മറ്റിയുടെ അംഗീകാരം തേടുകയും ചെയ്തിട്ടുണ്ട്. അപ്രതീക്ഷിതമായി വന്ന പ്രകൃതിക്ഷോഭം, പകർച്ചവ്യാധികൾ എന്നിവ പ്രശ്നമുണ്ടാക്കിയെങ്കിലും പ്രാദേശികമായ ഇടപെടലിലൂടെ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കൻഡറി തലങ്ങളിൽ 200 അദ്ധ്യയനദിനങ്ങൾ 2018-19-ൽ ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. 203 പ്രവൃത്തിദിനം വരത്തക്ക വിധം 2019-20 ലെ അക്കാദമിക കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്.

310 **a. നമ്മുടെ നാട്ടിലെയും വിദേശത്തെയും വൻകിടയും ഇടത്തരവുമായ സ്കിൽ (നൈപുണി) ആവശ്യങ്ങൾക്കു യോജിച്ച തരത്തിൽ ഐടിഐ, പോളിടെക്നിക്, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സംവിധാനങ്ങളുടെ പൊതുചട്ടക്കൂട് മൊത്തത്തിൽ അഴിച്ചു പണിയും.**

സർക്കാർ ഐ ടി ഐകളിൽ പഠിക്കുന്ന ടെയിനിമാർക്ക് വിദേശ രാജ്യങ്ങളിലെ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പരിശീലനം നല്കുന്നതിനായി ടെക്നിക്കൽ എക്സ്ചേഞ്ച് പ്രോഗ്രാം നടപ്പിലാക്കി. ആദ്യ ബാച്ചിലെ 57 ടെയിനികൾക്ക് സിങ്കപ്പൂരിൽ 5 ദിവസത്തെ പരിശീലനം നല്കി.

b. തൊഴിൽവകുപ്പും പൊതുവിദ്യാഭ്യാസവകുപ്പും സാങ്കേതികവിദ്യാഭ്യാസവകുപ്പും വെവ്വേറെയായി പരസ്പരബന്ധമില്ലാത്ത വിവിധ പരിശീലനപദ്ധതികൾ നടപ്പാക്കുന്ന രീതി നിർത്തലാക്കി പകരം ഏറ്റവും നൂതനമായ സാങ്കേതികനൈപുണ്യപരിശീലനം ലഭ്യമാക്കാനുള്ള ഏകീകൃതമായ പദ്ധതി തയ്യാറാക്കും.

സംസ്ഥാനത്തെ വിവിധവകുപ്പുകൾ നടത്തുന്ന നൈപുണ്യവികസനപദ്ധതിയുടെ ഏകോപനത്തിനും ഇവ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുമായി സംസ്ഥാന സ്കിൽ ഡവലപ്മെന്റ് മിഷന് രൂപം നല്കി. കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസിനെ (KASE) സംസ്ഥാന സ്കിൽ ഡവലപ്മെന്റ് മിഷനായി അംഗീകരിച്ച് ഉത്തരവായി. നൈപുണ്യ വികസന പദ്ധതികളുടെ ഏകോപനത്തിനുള്ള തുടർനടപടികൾ എടുത്തുവരുന്നു.

c. സാങ്കേതികവിദ്യാഭ്യാസം ദേശീയമാനദണ്ഡങ്ങൾക്ക് അനുസൃതമായി സംവിധാനം ചെയ്യും.

നടപടി ആരംഭിച്ചു.

311 **അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പാക്കിവരുന്ന വ്യാവസായിക പങ്കാളിത്തത്തോടുകൂടിയ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളെക്കൂടുതൽ വിശാലമായ അടിത്തറയുള്ളതും (പൊതുമേഖലയുടെ പങ്കാളിത്തംകൂടിയുള്ള) എന്നാൽ സ്കിൽ ഡെവലപ്മെന്റ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള ചാനൽ പാർട്ണർ മാതൃക അതേപടി നിലനിർത്തുന്നതുമായ രീതിയിൽ പുനഃസംഘടിപ്പിക്കും. ജില്ലാപഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളെ പോളിടെക്നിക്കുകളും ഐടിഐകളും വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളുമായി ഹബ്ബ് ആൻഡ് സ്പോക് മാതൃകയിൽ ബന്ധിപ്പിക്കും.**

നടപടി ആരംഭിച്ചിട്ടുണ്ട്.

312 **സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളാണ് വൊക്കേഷണൽ കോഴ്സുകൾക്കു പഠിക്കുന്നത് എന്ന് ഉൾക്കൊണ്ടുള്ള സമീപനം സ്വീകരിക്കും. അവരുടെ ക്ഷേമത്തിന് അനുയോജ്യമായവിധം ഈ സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ കാലോചിതമായി പരിഷ്കരിക്കും.**

പാഠ്യപദ്ധതി മെച്ചപ്പെടുത്തൽ പ്രക്രിയ പൂർത്തിയാക്കുക, തൊഴിൽനൈപുണി കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ നിജപ്പെടുത്തുക എന്നിവ ചെയ്യുന്ന മുറയ്ക്ക് സ്ഥാപനങ്ങളിലെ സൗകര്യം നവീകരിക്കാൻ കഴിയും. ദേശീയാടിസ്ഥാനത്തിൽ നടപ്പാക്കുന്ന എൻ.എസ്.ക്യു.എഫ്. പശ്ചാത്തലത്തിൽ കൂടുതൽ ചർച്ചകൾ ആവശ്യമാണ്. എൻ.എസ്.ക്യു.എഫ്. ഉൾച്ചേർത്ത് പൈലറ്റടിസ്ഥാനത്തിൽ കഴിഞ്ഞ വർഷം കോഴ്സുകൾ ആരംഭിച്ചു. ഇത് കുറച്ചുകൂടി വിപുലപ്പെടുത്തും. പത്ത് ഐറ്റിഐകളെ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തി.

313 **ഇന്ന് വൊക്കേഷണൽ വിദ്യാർത്ഥികൾ ഉന്നതവിദ്യാഭ്യാസത്തിന്റെ ധാരയിലേക്കു കടക്കാൻ അനേകം പ്രയാസങ്ങൾ നേരിടുന്നുണ്ട്. ഇവ ഒഴിവാക്കി വൊക്കേഷണൽ വിദ്യാഭ്യാസവും ഉന്നത വിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം ശക്തിപ്പെടു**

മാറുന്ന പൊതുവിദ്യാലയങ്ങൾ: ഉയരുന്ന കെട്ടിടങ്ങളും ഹൈടെക് ആകുന്ന ക്ലാസ് മുറികളും.



ഹരിപ്പാട് ഗവ. ഗേൾസ് എച്ച് എസ് എസ്.



പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിലൂടെ വികസിപ്പിച്ച അടിസ്ഥാനസൗകര്യം. പുറത്തൂർ ജി.എച്ച്.എസ്.എസിലെ പുതിയ കെട്ടിടം.

ത്തും. ഉന്നതവിദ്യാഭ്യാസത്തിന് പോകാത്ത മറ്റു കുട്ടികൾക്കായി നാട്ടിലുള്ള വിവിധ തൊഴിലുകൾ ചെയ്യാൻ ആവശ്യമായ പരിശീലനം നല്ല നിലവാരത്തിൽ നല്കും.

വി.എച്ച്.എസ്.ഇ-യിൽ കാലോചിതമായ പരിഷ്കരണം നടത്തുന്നതിനുള്ള നടപടികൾ ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടങ്ങിയിട്ടുണ്ട്. ഇതോടൊപ്പം ഉന്നതവിദ്യാഭ്യാസകേന്ദ്രങ്ങളുടെയും തൊഴിലിടങ്ങളുടെയും പിന്തുണയോടെ ഹയർസെക്കണ്ടറി സ്കൂളുകളിൽ 'സ്കൂൾ വർക്ക് ഷോപ്പുകൾ' എന്ന ആശയം ഇത്തവണത്തെ ബഡ്ജറ്റിൽ മുന്നോട്ടുവച്ചിട്ടുണ്ട്.

314 **പ്രീസ്കൂൾ വിദ്യാഭ്യാസം പ്രാഥമികവിദ്യാഭ്യാസവുമായി ബന്ധിപ്പിക്കാനുള്ള പരിശ്രമം ശക്തിപ്പെടുത്തും. പ്രീസ്കൂളദ്ധ്യാപകരുടെ സേവനവേതനനിരക്കുകൾ മെച്ചപ്പെടുത്തുകയും ഇൻസർവ്വീസ് പരിശീലനം ഉറപ്പുവരുത്തുകയും ചെയ്യും. പ്രീസ്കൂൾ വിദ്യാഭ്യാസത്തിനായി ഒരു മോഡൽ കരിക്കുലത്തിന് അടിയന്തരമായി രൂപം നല്കും. പ്രീസ്കൂൾ ക്ലാസുമുറികളിലെ ഭൗതികസൗകര്യങ്ങൾ ആകർഷകവും കൗതുകം ജനിപ്പിക്കുന്നതുമാക്കും.**

പ്രീ സ്കൂൾ വിദ്യാഭ്യാസം പ്രാഥമികവിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തുന്നതു സംബന്ധിച്ച് ചർച്ചകൾ നടക്കുന്നു. പ്രീസ്കൂൾ പഠനം മെച്ചപ്പെടുത്താൻ വേണ്ട പാഠ്യപദ്ധതി ചട്ടക്കൂട് 'കളിപ്പാട്ടം' എന്ന പേരിൽ എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയിട്ടുണ്ട്. ഇവ ഉപയോഗിച്ച് പരിശീലനം ആരംഭിച്ചു. പ്രീപ്രൈമറികേന്ദ്രങ്ങളിൽ മാസ്റ്റർ പ്ലാനും നിർവ്വഹണപദ്ധതിയും എസ്.എസ്.കെ യുടെ നേതൃത്വത്തിൽ നടപ്പാക്കിവരുന്നു. ഭൗതികസാഹചര്യം മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിലിരിക്കുന്ന അങ്കണവാടികളെയും പ്രീപ്രൈമറി സംവിധാനത്തേയും ഉൾപ്പെടുത്തി പ്രീ സ്കൂൾ ഘടകം മെച്ചപ്പെടുത്തു

ന്നതിനായി ക്ലസ്റ്റർ രീതി നിർദ്ദേശിക്ക പ്പെട്ടിട്ടുണ്ട്. ഇതി നായുള്ള നയരേഖ എസ്.സി.ഇ.ആർ.ടി തയ്യാറാക്കാന ണ്ട്. അതിന്റെ ഭാഗമായി വിവിധ ഡിപ്പാർട്ടുമെന്റുകൾ ചേർന്ന് ശില്പശാല നടത്തി. കരട് രേഖ വികസിപ്പിക്കു ന്ന പ്രവർത്തനം പുരോഗമിച്ചുവരുന്നു. സർക്കാരംഗീകൃത പ്രീപ്രൈമറി അധ്യാപികമാർക്കും ആയമാർക്കും ഹോണ റേറിയം വർദ്ധിപ്പിച്ച് നല്കിയിട്ടുണ്ട്.

315 **a. ഓരോ വിദ്യാർത്ഥിയുടെയും കഴിവുകൾ കണ്ടെ ത്താനും അഭിരുചിക്കനുസൃതമായി പരമാവധി വി കസിപ്പിക്കാനുമുള്ള പൊതുവിടങ്ങളായി സ്കൂളുകൾ മാറേണ്ടതാണ്. എല്ലാ കുട്ടികൾക്കും കല, കായിക, പ്രവൃത്തിപരിചയ വിദ്യാഭ്യാസം കിട്ടത്ത ക്ക രീതിയിൽ പ്രവർത്തനപദ്ധതികൾ തയ്യാറാ ക്കും.**

പാഠ്യപദ്ധതിയുടെ ഉള്ളിൽനിന്നുകൊണ്ട് മെച്ചപ്പെടുത്താ നുള്ള ശ്രമങ്ങൾ നടത്തുന്നു. അദ്ധ്യാപകപരിശീലന ത്തിൽ ഈ ദർശനം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അക്കാദ മിക മാസ്റ്റർപ്ലാനിലൂടെയും ആക്ഷൻപ്ലാനിലൂടെയും പ്രായോഗികവത്ക്കരിക്കാൻ ചിലയിടങ്ങളിൽ കഴി ഞ്ഞിട്ടുണ്ട്. ഈ വർഷം ഈ പ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കുന്നതാണ്. കഴിഞ്ഞ രണ്ടുവർഷമായി കുട്ടി കളുടെ വ്യത്യസ്തങ്ങളായ പ്രതിഭകളെ കണ്ടെത്താനും അവ പരിപോഷിപ്പിക്കാനും വേണ്ടി 'ടാലന്റ് ലാബ്', വിദ്യാലയങ്ങളിൽ കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പി ക്കാൻ എസ്.എസ്.കെ യുടെ നേതൃത്വത്തിൽ 'സർഗ്ഗവി ദ്യാലയ' പദ്ധതികൾ നടപ്പാക്കി.

b. സ്കൂൾ ക്ലസറ്ററുകളുടെ അടിസ്ഥാനത്തിൽ ഒഴിവു ദിവസങ്ങളിൽ ഓരോ ഇനത്തിലും വിവിധ കേന്ദ്ര ങ്ങളിൽ പരിശീലനം നല്കാൻ ഏർപ്പാടുണ്ടാക്കും.

നടപടി സ്വീകരിച്ചുതുടങ്ങിയിട്ടില്ല.

316 **a. അക്കാദമിക്ക് മോണിറ്ററിംഗ് ശക്തിപ്പെടുത്തി മുന്നോട്ടുപോകും. പഞ്ചായത്ത്, എഇഒ, ഡിഇഒ തലത്തിൽ കഴിവുള്ളവരും സീനിയറുമായിട്ടുള്ള അദ്ധ്യാപകരെയുൾപ്പെടെ പങ്കെടുപ്പിച്ചുകൊണ്ടു ള്ള സ്ഥിരം മോണിറ്ററിംഗ് സമിതികൾ ഉണ്ടാവുക യും അതിന് കൃത്യമായ പ്രവർത്തനപദ്ധതി വിക സിപ്പിക്കുകയും ചെയ്യും.**

പദ്ധതി വികസിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞവർഷം കെ.ഇ-.ആർ വ്യവസ്ഥക്ക് അനുസൃതമായ മോണിറ്ററിംഗ് ശക്തി പ്പെടുത്തിയിട്ടുണ്ട്. ഖാദർ കമ്മിറ്റി ഇത്തരം കാര്യങ്ങളെ സംബന്ധിച്ചു റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിരുന്നു. ഇതു പരിശോധിച്ച് നടപടികളെടുക്കും.

b. പുതിയ പാഠ്യപദ്ധതി ശരിയായ രീതിയിൽ നട പിലാക്കാൻ പറ്റുന്ന വിധം അദ്ധ്യാപകരുടെ പ്രീ സർവ്വീസ്, ഇൻസർവ്വീസ് പരിശീലനങ്ങൾ പുനഃ സംവിധാനം ചെയ്യും.

കൂടുതൽ മെച്ചപ്പെട്ട നിലയിലാണ് ഈ അവധിക്കാലപ രിശീലനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്. ക്ലാസുമുറികൾ ഹൈടെക്കായ പുതിയ സാഹചര്യവും മെ ച്ചപ്പെടുത്തലിനു സഹായകമായി. ഹയർസെക്കണ്ടറി യിൽ 10 ദിവസം നീണ്ടുനിന്ന അധ്യാപകപരിവർത്തന പദ്ധതി റസിഡൻഷ്യലായി നടപ്പാക്കി. അധ്യാപകർ വലിയ തോതിൽ ഇത് സ്വീകരിച്ചിട്ടുണ്ട്. ഒന്നുമുതൽ 10 വരെയുള്ള അധ്യാപകർക്കും ഈ വർഷം അധ്യാപക പരിശീലനം എന്ന ആശയം ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടു ണ്ട്. അതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു.

317 **a. അക്കാദമികതലത്തിൽ അദ്ധ്യാപകരെ ഗവേ ഷകരാക്കി മാറ്റാനുള്ള കർമ്മപരിപാടികൾക്ക് രൂപം കൊടുക്കും.**

ഗവേഷണ തത്പരരായ അദ്ധ്യാപകരിൽ നിന്നു കിട്ടുന്ന പ്രൊപ്പോസൽസിന്റെ അടിസ്ഥാനത്തിൽ എസ്.സി.ഇ. ആർ.ടി അക്കാദമിക/സാമ്പത്തിക സഹായം നല്കുന്നു. ഗവേഷണ രീതിശാസ്ത്രം അധ്യാപകരെ പരിചയപ്പെടു ത്താനുള്ള ഒരു സർട്ടിഫിക്കറ്റ് കോഴ്സ് എസ്.സി.ഇ. ആർ.ടി ഈ വർഷം ആഗസ്റ്റ് മാസത്തോടെ തുടങ്ങുന്നതാണ്.

b. കെസിഎഫ് 2007 ന്റെ കാഴ്ചപ്പാടനുസരിച്ച് ഭര ണസംവിധാനം ഏകോപിപ്പിക്കും. ബ്ലോക്ക്, ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ അക്കാദമികമേൽനോട്ട ത്തിന് മുൻതൂക്കം നല്കി പുനഃസംഘടിപ്പിക്കും.

രണ്ടു മുതൽ പ്ലസ് ടു വരെയുള്ള സംവിധാനങ്ങളുടെ ഏകോപനത്തിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പി ക്കാൻ നിയോഗിച്ച കമ്മറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ ഒന്നാം ഭാഗം സർക്കാരിന്റെ പരിഗണനയിലാണ്. ഇതു പരിശോധിച്ച് നടപ്പിലാക്കും.

318 **അദ്ധ്യാപകനിയമനം, തസ്തികനിർണ്ണയം, സ്ഥ ലംമാറ്റം, പ്രൊമോഷൻ ഉൾപ്പെടെയുള്ള ഭരണപ രമായ പ്രവർത്തപനങ്ങൾ ഓൺലൈൻ സംവി ധാനത്തിലൂടെയാക്കും. കുട്ടികൾക്കായി 'ക്ലാസ്' (ക്രിയേറ്റീവ് ലേണിംഗ് അസസ്മെന്റ് സിസ്റ്റം ഫോർ സ്റ്റുഡന്റ്സ്) എന്ന സോഷ്യൽ മീഡിയാ പ്ലാറ്റ്ഫോം ഏർപ്പെടുത്തും.**

ഭരണപരമായ പ്രവർത്തനങ്ങൾ പൂർണ്ണമായും ഓൺ ലൈനാക്കാനുള്ള പ്രവർത്തനങ്ങൾ ജൂൺ മാസത്തോ ടെ ആരംഭിക്കും. സ്ഥലംമാറ്റം ഓൺലൈൻ സംവിധാന ത്തിൽ ആക്കിക്കഴിഞ്ഞു.

319 **a. നിലവിലുള്ള പിടിഎ, എസ്എംസി, എസ്എം ഡിസി സംവിധാനങ്ങൾ ഏകോപിപ്പിച്ച് നിലവിലെ ആശയക്കുഴപ്പം പരിഹരിക്കും. പൊതു വിദ്യാലയങ്ങൾക്കു പുറമെ അംഗീകാരമുള്ള എല്ലാ വിദ്യാലയങ്ങൾക്കും ഇത് ബാധകമാക്കും.**

ഏകോപനം നിലവിൽ വരുന്നതോടുകൂടി ഈ പ്രശ്നങ്ങളും അഭിമുഖീകരിക്കാൻ കഴിയും. എസ്.എം.സി എന്നത് വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായുള്ള സമിതിയാണ്. പി.ടി.എ എന്നാൽ കൂറെക്കൂടി ജനപങ്കാളിത്തം ഉറപ്പാക്കുന്ന സംവിധാനമാണ്. ഇവയുടെ ഫലപ്രദമായ ഏകോപനം സംബന്ധിച്ച ധാരണ വികസിപ്പിക്കാം.

b. ഓരോ സ്കൂളും മികവിന്റെ കേന്ദ്രങ്ങളായി മാറുന്നതിന് ആവശ്യമായ ഹ്രസ്വകാല, ദീർഘകാല പദ്ധതികൾക്ക് രൂപംകൊടുക്കും.

പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലാക്കാൻ സമഗ്രപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

- ഇതിനായി ആവശ്യമായ മാർഗ്ഗരേഖകൾ വികസിപ്പിച്ചു. അക്കാദമിക മാസ്റ്റർ പ്ലാനും നിർവ്വഹണപ്ലാനും എല്ലാ സ്കൂളുകളും തയ്യാറായിട്ടുണ്ട്.
- പഠനത്തെളിവുകൾ സമൂഹത്തോടു വിനിമയം ചെയ്യാൻ 'പഠനോത്സവങ്ങൾ'.
- 4752 സ്കൂളുകളിൽ ഐ.ടി അടിസ്ഥാനസൗകര്യം.
- 14,000 സ്കൂളുകളിൽ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ്.
- 45,000 ക്ലാസ് മുറികൾ ഹൈടെക്കായി മാറി.
- അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്താൻ 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതം.
- 395 സ്കൂളുകൾക്ക് 3 കോടി രൂപ വീതം.
- 444 സ്കൂളുകൾക്ക് 1 കോടി രൂപ വീതം .
- എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചാലഞ്ച് ഫണ്ട്.

320 **a. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള വിദ്യാഭ്യാസത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കും. ഇവിടത്തെ പഠനനിലവാരം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കും. ഇതിനായി എസ്എസ്എ പദ്ധതിയുടെ കീഴിൽ പ്രവൃത്തിക്കുന്ന ഐഇഡിസിയും വിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള ഐഇഡിഎസ്എസ്ഉം മറ്റ് സംവിധാനങ്ങളും ഏകോപിപ്പിക്കും. സാമൂഹികക്ഷേമവകുപ്പ്, ആരോഗ്യവകുപ്പ്, വികലാംഗക്ഷേമവകുപ്പ് എന്നിവയുടെ പ്രവർത്തനങ്ങളെ ഇതുമായി കൂട്ടിയോജിപ്പിച്ച് സമഗ്രമായ പദ്ധതിക്ക രൂപം കൊടുക്കും.**

വിദ്യാഭ്യാസവകുപ്പിനു കീഴിലുള്ള ഏകോപനം ഇതിനകം സാദ്ധ്യമാക്കിയിട്ടുണ്ട്. മറ്റു വകുപ്പുകൾ തമ്മിലുള്ള ഏകോപനം കൂറെക്കൂടി കാര്യക്ഷമമാകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

b. പാങ്ങപ്പാറയിൽ പ്രവൃത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനത്തെ സംസ്ഥാനതലഗവേഷണസ്ഥാപനമായി മാറ്റി പ്രവർത്തനപരിപാടികളുടെയെല്ലാം നേതൃത്വം വഹിക്കാനാവശ്യമായ ചുമതല നല്കും.

നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

321 **കേന്ദ്രസർക്കാരിന്റെ ധനസഹായപദ്ധതികളായ സർവ്വശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷാ അഭിയാൻ എന്നിവയുടെ നടത്തിപ്പ് പുനഃസംഘടിപ്പിക്കും. പഞ്ചായത്ത്, ബ്ലോക്കുതല സംവിധാനങ്ങൾ ഉണ്ടാക്കി പദ്ധതികളെ പ്രവർത്തനനിരതമാക്കും.**

കേന്ദ്രസർക്കാർതന്നെ എസ്.എസ്.എ, ആർ.എം.എസ്.എ പദ്ധതികളെ ഉദ്ഗ്രഥിച്ച് സമഗ്രശിക്ഷാ എന്ന പുതിയ പദ്ധതിക്കു രൂപം നല്കിയിട്ടുണ്ട്. ഇതനുസരിച്ച് - 2 മുതൽ +2 വരെ ഉദ്ഗ്രഥിതപദ്ധതിയാണ്. സമഗ്രശിക്ഷാ കേരളത്തിനായി സൊസൈറ്റി രജിസ്റ്റർചെയ്തു. തുടർനടപടികൾ സർക്കാർ സ്വീകരിച്ചു.

322 **a. പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലത്തിൽ വിദ്യാഭ്യാസോന്നമനത്തിന് സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കും.**

മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ രീതിശാസ്ത്രം വികസിപ്പിച്ചിട്ടുണ്ട്. സ്കൂൾതല മാസ്റ്റർ പ്ലാനുകളുടെ ക്രോഡീകരണം കൂറെയേറെ പഞ്ചായത്തുകളിൽ നടന്നിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങളെ ഇതുമായി ബന്ധിപ്പിക്കുന്ന പ്രവർത്തനം കൂറേക്കൂടി കാര്യക്ഷമമാക്കാം.

b. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, തദ്ദേശഭരണഡിപ്പാർട്ട്മെന്റ്, എംപി, എംഎൽഎ എന്നിവരുടെ വിവിധ ഫണ്ടുകൾ ഇതനുസരിച്ച് ലഭ്യമാക്കാനുള്ള കൃത്യമായ മാർഗ്ഗരേഖ ഉണ്ടാക്കും.

മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന സ്ഥാപനങ്ങളിൽ പൈലറ്റ് ഘട്ടം എന്ന തലത്തിൽ ഫണ്ടിന്റെകൂടി ഏകോപനസാദ്ധ്യത പരിഗണിച്ചുകൊണ്ടു നടപടി സ്വീകരിച്ചവരുന്നു. ഈ സാധ്യതകൾ എങ്ങിനെയെല്ലാം പ്രയോജനപ്പെടുത്താം എന്നത് കിലയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ ഇംപ്ലിമെന്റിങ്ങ് ഓഫീസർമാർക്കായി നടത്തിയ പരിശീലനത്തിൽ വിശദീകരിച്ചിട്ടുണ്ട്.

c. സംസ്ഥാനവരുമാനത്തിന്റെ നാലു ശതമാനമെങ്കിലും പൊതുവിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കും.

വിദ്യാഭ്യാസത്തിന്റെ ചെലവ് 2018-19ൽ 15,500 കോടിയായി ഉയർത്തി. 2019-20ൽ 16,000 കോടി രൂപയാണ് ബജറ്റ് വിഹിതം.

323 **സ്കൂളുകളിലെ ഉച്ചഭക്ഷണസംവിധാനത്തിൽ കൃത്യത ഉറപ്പാക്കുകയും നിശ്ചിത രീതി കൊണ്ടുവരികയും ചെയ്യും. പോഷകഗുണമുള്ള ആഹാരം ഇതിന്റെ ഭാഗമാക്കും.**

ഉച്ചഭക്ഷണം കൂടുതൽ മെച്ചപ്പെടുത്താനുള്ള പരിശ്രമ

ങ്ങൾ അതത് സ്കൂളുകളുടെ സാദ്ധ്യതകൂടി പരിഗണിച്ചു സംസ്ഥാനത്തെമ്പാടും നടക്കുന്നു. ഉച്ചഭക്ഷണം പാകം ചെയ്യാൻ എൽ.പി.ജി. വിലയും ഉച്ചഭക്ഷണപാചക ക്കൂലിയും പാചകച്ചെലവും വർദ്ധിപ്പിച്ചു. ഗ്രാമീണമേഖലയിൽ ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യവസ്തുക്കളുടെയും കുടിവെള്ള ത്തിന്റെയും ലബോറട്ടറിപരിശോധന നടത്തുന്നു.

324 ഹയർസെക്കൻഡറിവരെ പൂർണ്ണമായും സൗജന്യവിദ്യാഭ്യാസം നല്കുന്നതിനുള്ള പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കും. പഠനസാമഗ്രികൾ, യൂണിഫോം, ഭക്ഷണം, യാത്രാസൗകര്യമൊരുക്കൽ എന്നിവ പൂർണ്ണമമായും സൗജന്യമാക്കും.

1 മുതൽ 8 വരെ ക്ലാസുകളിൽ എല്ലാ കുട്ടികൾക്കും സൗജന്യ യൂണിഫോം (രണ്ട് ജോടി)

1 മുതൽ 8 വരെ ക്ലാസുകളിൽ എല്ലാ കുട്ടികൾക്കും സൗജന്യപാഠപുസ്തകം.

1 മുതൽ 8 വരെ ക്ലാസുകളിൽ ആവശ്യമുള്ള എല്ലാ കുട്ടികൾക്കും എല്ലാ പ്രവൃത്തിദിനത്തിലും ഉച്ചഭക്ഷണവും ആഴ്ചയിൽ രണ്ടുദിവസം പാലും ഒരു ദിവസം പുഴുങ്ങിയ മുട്ടയും നല്കിവരുന്നു. നിരവധി സ്കൂളുകളിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും മറ്റ് സ്പോൺസർമാരുടെയും സഹായത്തോടെ പ്രഭാതഭക്ഷണം, ലഘുഭക്ഷണം എന്നിവയും നല്കുന്നു. പാൽ/മുട്ട നല്കാത്ത ദിവസങ്ങളിൽ പഴവർഗ്ഗങ്ങൾ നല്കുന്നതുകൂടി പരിഗണിച്ചുവരുന്നു.

325 കുട്ടികൾക്ക് വേണ്ടിയുള്ള സമഗ്ര ആരോഗ്യ പോഷകാഹാര പരിപാടി കാലോചിതമായി പരിഷ്കരിക്കും. ഇതിന്റെ ചുമതലയിൽനിന്നും പ്രഥമാദ്ധ്യാപകരെ ഒഴിവാക്കി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ ഏൽപിക്കും. മുഴുവൻ കുട്ടികളുടെയും കായികക്ഷമത ഉറപ്പുവരുത്തുന്ന രീതിയിൽ ആരോഗ്യകായിക വിദ്യാഭ്യാസത്തെ മാറ്റും.

പരിശോധിച്ചുവരുന്നു.

326 പഠനസാമഗ്രികൾ, പാഠപുസ്തകം, കൈപുസ്തകം എന്നിവയുടെ അച്ചടി, വിതരണം എന്നിവ സമയബന്ധിതമായി നിർവ്വഹിക്കും.

കൃത്യമായി മോണിറ്റർ ചെയ്യുന്നു. സംസ്ഥാനത്തെ ചരിത്രത്തിലാദ്യമായി വാർഷികപരീക്ഷ അവസാനിക്കുന്ന ദിവസം അടുത്ത അക്കാദമികവർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങൾ വിതരണം ചെയ്തു. കഴിഞ്ഞ വർഷത്തേതുപോലെ ഈ വർഷവും പഠനസാമഗ്രികൾ അവധിക്കാലത്തുതന്നെ വിതരണം ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ നല്ല നിലയിൽ മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്.

327 ആധുനിക വിദ്യാഭ്യാസകാഴ്ചപ്പാടിന് അനുസൃതമായി സ്കൂൾ സംവിധാനം പുനഃസംഘടിപ്പിക്കും. ക്ലാസ്സ്മുറികൾ സ്മാർട്ട് ക്ലാസ്സ് റൂം ആക്കും. 8, 9, 10, 11, 12 എന്നീ ക്ലാസുകളെല്ലാം വെബ് ബേസ്ഡ് ഇന്ററാക്റ്റീവ് വീഡിയോ കോൺഫറൻസിങ് സൗകര്യമുള്ളവയാക്കും.

ഏതാണ്ട് പൂർത്തിയാക്കി. സാങ്കേതിക കാരണങ്ങളാൽ (സ്കൂൾ ഭൗതികസൗകര്യം) ചില ക്ലാസുകൾ ഒഴികെ പ്രവർത്തനം പൂർത്തിയാക്കി. 8-12 വരെയുള്ള ക്ലാസുകൾക്കായി 60,000 ലാപ്ടോപ് 43,422 പ്രൊജക്ടർ എന്നിവ വിന്യസിച്ചു. വെബ് ബേസ്ഡ് ഇന്ററാക്റ്റീവ് വീഡിയോ കോൺഫറൻസിങ് സംവിധാനം വിക്ടേഴ്സിനെ ശക്തിപ്പെടുത്തി സജ്ജമാക്കും. പ്രൈമറി സ്കൂളുകൾക്കും 'കമ്പ്യൂട്ടർ ലാബ്' എന്നത് ഈ വർഷം ജൂലൈയോടു കൂടി സാർത്ഥകമാകും.

328 സ്കൂൾ അന്തരീക്ഷം ശിശുസൗഹൃദവും പരിസ്ഥിതി സൗഹൃദവും ആക്കണം. ജൈവപച്ചക്കറികൾ ഉത്പാദിപ്പിക്കൽ, മാലിന്യസംസ്കരണപദ്ധതി നടപ്പിലാക്കൽ എന്നിവ കുട്ടികളുടെ പങ്കാളിത്തത്തോടെയും സാമൂഹികപിന്തുണയോടെയും നടപ്പിലാക്കും.

വളരെ ഫലപ്രദമായി വ്യാപകമായി നടക്കുന്നു. അടുക്കളപച്ചക്കറിത്തോട്ടം വ്യാപകമാക്കി. പ്ലാസ്റ്റിക്മുക്ത ക്യാമ്പസ് എന്ന നിലയിലേക്ക് സ്കൂൾ ക്യാമ്പസുകൾ മാറിയിട്ടുണ്ട്. ജൈവവൈവിധ്യത്തെയും കൃഷിയെയും പരിസ്ഥിതിയെയും കുറിച്ച് വിദ്യാർത്ഥികളെയും ബഹുജനങ്ങളെയും ബോധവത്ക്കരിക്കുന്നതിന് 'ക്യാമ്പസ് ഒരു പാഠപുസ്തകം' എന്ന സങ്കല്പം യാഥാർത്ഥ്യമാക്കി. കേരളത്തിലെ 12,000 സ്കൂളുകളിൽ ജൈവവൈവിധ്യ ഉദ്യാനങ്ങൾ പ്രാവർത്തികമായി.

329 പൊതുവിദ്യാഭ്യാസമേഖലയിലെ അനുബന്ധസ്ഥാപനങ്ങളായ എസ്സിഇആർറ്റി, സീമാറ്റ്, എസ്ഐഇറ്റി, ഐടി@സ്കൂൾ എന്നിവയുടെ ഘടന, ചുമതല എന്നിവ പുനർനിർണ്ണയിക്കേണ്ടതുണ്ട്. എസ്സിഇആർറ്റിയെ അന്തർദ്ദേശീയദേശീയരംഗത്ത് അറിയപ്പെടുന്ന അക്കാദമിക് വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ പ്രവൃത്തിക്കുന്ന സ്വയംഭരണസ്ഥാപനമാക്കി മാറ്റും.

എസ്.സി.ആർ.ടി യുടെ നേതൃത്വത്തിൽ സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള വിദഗ്ധരെ പങ്കെടുപ്പിട്ടുകൊണ്ട് അക്കാദമികയോഗങ്ങൾ നടത്തിയിട്ടുണ്ട്.

330 a. ഐടി@സ്കൂളിന്റെ 2011-2016 കാലത്തെ അവസ്ഥ അതിവശോചനീയവും നിർജ്ജീവവുമാണ്. ഐടി രംഗത്തുള്ള പ്രഗത്ഭരുടെ സേവനം ലഭ്യമാക്കി വിദ്യാഭ്യാസരംഗത്തെ ഭരണപരമായും അക്കാദമികമായും നവീകരിക്കാൻ ഉതകുന്ന വിധത്തിൽ ഐടി@സ്കൂളിനെ ശക്തിപ്പെടുത്തും.

ഐടി@സ്കൂൾ കൈറ്റാക്കി മാറിയിട്ടുണ്ട്. കൈറ്റിന്റെ നേതൃത്വത്തിൽ 14,000 സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർ

നെറ്റ് നല്കി. സ്കൂളുകളിൽ 8-12 വരെയുള്ള 45,000 ക്ലാസ് റൂമുകൾ ഹൈടെക് ആക്കുന്നതിന് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. കൈറ്റിന്റെ കുട്ടികളുടെ ഐ.ടി കൂട്ടായ്മയായ 'ലിറ്റിൽ കൈറ്റ്സ്'' ഐ.ടി ക്ലബ്ബുകൾ 1898 ഹൈസ്കൂളുകളിൽ. ഹൈടെക് ക്ലാസുമുറികളിൽ വിനിമയം നടത്തുന്നതിനായി 'സമഗ്ര' പോർട്ടൽ. ഓൺലൈൻ അധ്യാപകപരിശീലനസംവിധാനം ഒരുക്കി.

b. എസ്ഐഇറ്റിയെ ഐടി@സ്കൂളുമായി സംയോജിപ്പിക്കും.

ഖാദർ കമ്മിറ്റി റിപ്പോർട്ടിൽ ഐ.ടി @ സ്കൂൾ എസ്.ഐ-.ഇ.റ്റി.യും ഏകോപിപ്പിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി, കേരളം എന്ന സ്ഥാപനം വികസിപ്പിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

331 **മത്സ്യത്തൊഴിലാളി, പട്ടികജാതി-പട്ടികവർഗ്ഗ മേഖലകളിലെ കുട്ടികൾ പഠനത്തിൽ ഇപ്പോഴും വളരെ പിന്നാക്കമാണ്. ഇതിനു പ്രധാന കാരണം വീടുകളിൽ പഠനസൗഹൃദ അന്തരീക്ഷമില്ലായ്മയാണ്. ഇതു മറികടക്കാനുള്ള മാർഗ്ഗമായി സമീപപ്രദേശത്തുള്ള ലൈബ്രറികളെയോ മറ്റോ പഠനവിടുകളായി രൂപാന്തരപ്പെടുത്തും. ഓരോരുത്തരുടെയും പ്രത്യേക ആവശ്യങ്ങൾ കണക്കിലെടുത്തു പ്രത്യേക പിന്തുണയും കുട്ടികൾക്കു നല്കും.**

ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനും കൃത്യസമയത്ത് വിതരണം ചെയ്യാനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 'പഠനവീടുകളുമായി' ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. പട്ടികജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ കൂടുതലുള്ള ടൈബൽ മേഖലകളിലെ കുട്ടികൾക്ക് ദ്വിദിന ശാസ്ത്രകൃാമ്പ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയവുമായി സഹകരിച്ച് സംഘടിപ്പിച്ചു. പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ, ഊരുവിദ്യാകേന്ദ്രങ്ങൾ എന്നിവ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

332 **അൺഎയ്ഡഡ് വിദ്യാഭ്യാസമേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്നവിധം സമഗ്രമായ നിയമനിർമ്മാണം കൊണ്ടുവരും. അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സേവനവേതന വ്യവസ്ഥകൾ ശരിയായ രീതിയിൽ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും.**

നിയമനിർമ്മാണനടപടികൾ അവസാന ഘട്ടത്തിലാണ്.

333 **സർക്കാർ സ്കൂളുകളിലെ പ്രീപ്രൈമറി ജീവനക്കാർക്കു നല്കുന്ന ആനുകൂല്യങ്ങൾ എയ്ഡഡ് മേഖലയിലെ പ്രീപ്രൈമറി ജീവനക്കാർക്കും നല്കും.**

പരിശോധിച്ചുവരുന്നു.

ഉന്നതവിദ്യാഭ്യാസം

334 **സ്വാശ്രയസ്ഥാപനങ്ങളിൽ സാമൂഹികനീതിയും അക്കാദമികമികവും ഉറപ്പുവരുത്താനുള്ള നിയമ, ഭരണനടപടികൾ സ്വീകരിക്കും.**

സർവകലാശാലകളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയവിദ്യാഭ്യാസസ്ഥാപനങ്ങളിൽ സാമൂഹികനീതി ഉറപ്പു വരുത്തുന്നതിനായി കേന്ദ്രീകൃത ഏകജാലകസംവിധാനത്തിലൂടെയുള്ള പ്രവേശനനടപടികൾ കാര്യക്ഷമമാക്കിയിട്ടുണ്ട്. സംവരണവും മെറിറ്റും അനുസരിച്ചുതന്നെ പ്രവേശനം നടത്താനും വിദ്യാർത്ഥികളിൽ നിന്ന് അധിക ഫീസ് ഈടാക്കുന്നത് തടയാനും സാധിച്ചിട്ടുണ്ട്.

സ്വാശ്രയസ്ഥാപനങ്ങളുടെ അക്കാഡമികമികവും ഗുണമേന്മയും ഉറപ്പു വരുത്തുന്നതിനായി SAAC (State Assessment and Accreditation Centre) ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. NACC, SAAC എന്നിവയുടെ വിലയിരുത്തലിൽ മെച്ചപ്പെട്ട ഗ്രേഡ് ലഭിക്കുന്ന സ്ഥാപനങ്ങൾക്കായിരിക്കും പുതിയ പ്രോഗ്രാമുകൾ തുടങ്ങാൻ അനുമതി നല്കുന്നത്.

335 സർവ്വശകലാശാലാതലത്തിൽ കേന്ദ്രീകൃത സിലബസോ കേന്ദ്രസിലബസോ അപ്രായോഗികമാണ്. സിലബസ് നിർമ്മാണം സർവ്വകലാശാലകൾക്കു വിടും. പ്രാദേശികാവശ്യങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് പഠനഗവേഷണപ്രവർത്തനങ്ങൾ രൂപവത്ക്കരിക്കാൻ മുൻകൈയെടുക്കും.

എല്ലാ സർവ്വകലാശാലകളിലും സിലബസ് പരിഷ്കരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബിരുദ-ബിരുദാനന്തര മേഖലകളിൽ വിദഗ്ധരെ ഉൾപ്പെടുത്തി സിലബസ് രൂപവത്ക്കരണത്തിനായി ശില്പശാലകൾ സംഘടിപ്പിച്ചു. ഫലപ്രാപ്തിയിലൂന്നിയ വിദ്യാഭ്യാസം ലക്ഷ്യമാക്കി സിലബസ് പരിഷ്കരിക്കുന്നതിനായി എല്ലാ സർവകലാശാലകളിലെയും ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് ഉന്നതവിദ്യാഭ്യാസകൗൺസിലിന്റെ ആഭിമുഖ്യത്തിൽ പരിശീലനം നല്കി.

336 **a. ജ്ഞാനോത്പാദനത്തിനു ശേഷിയും യോഗ്യതയുമുള്ള വിദ്യാർത്ഥികളെ കണ്ടെത്താനും വളർത്തിയെടുക്കാനുമായി വിദ്യാർത്ഥിപ്രോജക്ടുകൾക്ക് ഊന്നൽ കൊടുക്കും.**

അക്കാഡമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി. ഇതിലൂടെ ലക്ഷ്യമിടുന്നത് ജ്ഞാനോത്പാദനശേഷിയാണ്.

b. ഗവേഷണത്തിൽ വിദ്യാർത്ഥികൾക്ക് താത്പര്യമുണ്ടാക്കാൻ പഠനകാലയളവിൽ അവരെ ഗവേഷണസ്ഥാപനങ്ങളിൽ പോസ്റ്റ് ചെയ്യുന്നതാണ്. അതോടൊപ്പം സംയുക്ത ബഹുവൈജ്ഞാനിക, അന്തർവൈജ്ഞാനിക കോഴ്സുകളും ആവിഷ്കരിക്കും. കേരളത്തിന്റെ വികസനാവശ്യങ്ങൾ പരിഹരിക്കുന്നവിധമുള്ള ഗവേഷണപ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കുന്നതിനുള്ള നടപടി സ്വീകരിക്കും.

ഗൗരവതരമായ ഗവേഷണം പ്രോത്സാഹിപ്പിക്കാൻ കൈരളി ഗവേഷണപുരസ്കാരം ഏർപ്പെടുത്തി. 'Walk with Scholar' പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കി. എൻജിനീയറിങ് വിദ്യാർത്ഥികളിൽ ഗവേഷണാഭിരുചി വളർത്തുന്നതിനും അധ്യാപകരുടെ ഗവേഷണ വൈദഗ്ധ്യം പ്രയോജനപ്പെടുത്തുന്നതിനുമായി 'TrEST Park' തിരുവനന്തപുരത്ത് സ്ഥാപിച്ചു. ബഹുവൈജ്ഞാനിക കോഴ്സുകൾ ആരംഭിക്കുന്നത് ഉൾപ്പെടെ കരിക്കുലം നവീകരണത്തിന് സർവ്വകലാശാലകൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. വിവിധ സർവ്വകലാശാലകൾ വാർഷിക ബഡ്ജറ്റിൽ പുതിയ കോഴ്സുകളുടെ നടത്തിപ്പിനായി നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്.

337 **കേരളത്തിൽനിന്ന് എല്ലാ വിഷയങ്ങളിലും റഫറിയിങ്ങിന് അടിസ്ഥാനത്തിലുള്ള ജേണലുകൾ ആരംഭിക്കാൻ പ്രോത്സാഹിപ്പിക്കുന്നതാണ്. ഇതിനു മുൻകൈ എടുക്കാവുന്നവിധം കോളെജുകളെയും ഡിപ്പാർട്ടുമെന്റുകളെയും മുന്നോട്ടുകൊണ്ടുവരുന്നതിനുള്ള ഇടപെടൽ നടത്തും. ഈ സംരംഭത്തിന് ഉദാരമായ സാമ്പത്തിക പിന്തുണനല്കുന്നതുമാണ്.**

നടപടി സ്വീകരിച്ചുവരുന്നു.

338 **a. അഫിലിയേറ്റു ചെയ്യപ്പെട്ടിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളെജുകളുടെ സൗകര്യങ്ങളും വിദ്യാഭ്യാസനിലവാരവും ഉയർത്തുന്നതിന് ഒരു പ്രത്യേക പദ്ധതി അത്യന്താപേക്ഷിതമാണ്. ആധുനികസൗകര്യങ്ങൾ സജ്ജീകരിക്കാൻ ഒരു മാച്ചിങ് ഗ്രാന്റ് പദ്ധതി തുടങ്ങും.**

കോളെജുകളുടെ വികസനത്തിനായുള്ള വിവിധ പദ്ധതികളിലായി റൂസ ഒന്നാം ഘട്ടത്തിന് 143.8 കോടി രൂപയും രണ്ടാംഘട്ടത്തിന് 111.75 കോടി രൂപയും അനുവദിച്ചു. ഇതിൽ യഥാക്രമം 56.73 കോടി രൂപയും 44.70 കോടി രൂപയും സംസ്ഥാനസർക്കാർ വിഹിതമാണ്.

KIIFBI വഴി അഞ്ചു കോളെജുകൾ പൈതൃകകോളെജുകളായി ഉയർത്തുന്നതിനുള്ള സാമ്പത്തികസഹായം അനുവദിച്ചു. അക്കാഡമികനിലവാരം മെച്ചപ്പെടുത്തുന്നതിനായി സർവ്വകലാശാലാതലത്തിൽ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

b. ഉദാരമായ സാമ്പത്തികപിന്തുണയോടെ വിവിധ മേഖലകളിൽ ഗവേഷണപ്രോജക്ടുകൾ എടുക്കാൻ ഈ സ്ഥാപനങ്ങളെ പ്രേരിപ്പിക്കും. ഇത്തരം പ്രോജക്ടുകൾക്കു നല്കുന്ന ധനസഹായത്തിന്റെ നാലിലൊന്ന് എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകളുടെ ഭാഗമായി സ്ഥാപനങ്ങൾക്ക് എടുക്കാം എന്ന സമീപനം സ്വീകരിക്കണം.

നടപടി ആരംഭിക്കേണ്ടിയിരിക്കുന്നു

339 **a. നിയമനം ലഭിക്കുന്ന അദ്ധ്യാപകർക്ക് സർവ്വീസിൽ പ്രവേശിക്കുന്നതിനു മുമ്പ് ബന്ധപ്പെട്ട നിയമങ്ങൾ, പഠനസമ്പ്രദായം, പരീക്ഷാനടത്തിപ്പ്, മൂല്യനിർണ്ണയം, വിദ്യാർത്ഥിപ്രവേശനം, പാഠ്യേതരപ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് പരിശീലനം നല്കും.**

ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഇത് സംബന്ധിച്ച നടപടികൾ കൈക്കൊണ്ടുവരുന്നു.

b. സർവ്വീസിലുള്ള അദ്ധ്യാപകർക്ക് ഓരോ രണ്ടു വർഷം കൂടുമ്പോഴും പഠനവിഷയത്തിലും മൂല്യനിർണ്ണയത്തിലും ഉയർന്നതലത്തിലുള്ള പരിശീലനം നല്കും. അക്കാദമി, സ്റ്റാഫ് കോളെജുകളിലെ പാഠ്യക്രമവും ഇതിന് അനുസൃതമായി നവീകരിക്കും. യൂണിവേഴ്സിറ്റി ജീവനക്കാരുടെ ഒഴിവുകൾ നികത്തും.

ഉന്നതവിദ്യാഭ്യാസകൗൺസിലിന്റെ ആഭിമുഖ്യത്തിൽ ആദ്യഘട്ടമായി ആയിരം അധ്യാപകർക്ക് പരിശീലനം നല്കുന്നു. സർവ്വകലാശാലകളിലെ അധ്യാപക ഒഴിവുകൾ നികത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അനധ്യാപകവിഭാഗത്തിൽ ഇതിനോടകം 1913 ജീവനക്കാരെ നിയമിച്ചുകഴിഞ്ഞു.

അക്കാദമിക് സ്റ്റാഫ് കോളെജ് ഇല്ലാതിരുന്ന മഹാത്മാഗാന്ധി സർവകലാശാലയിൽ അധ്യാപകർക്കും അധ്യാപകേതര ജീവനക്കാർക്കും പരിശീലനം നല്കുന്നതിനായി യു.ജി.സി മാതൃകയിൽ ഒരു മാനവവിഭവശേഷി വികസന പരിശീലന കേന്ദ്രം ആരംഭിച്ചു.

340 **a. സർവ്വകലാശാലാകേന്ദ്രങ്ങളെയാണ് ഉന്നതവിദ്യാഭ്യാസത്തിന്റെ സിരാകേന്ദ്രങ്ങളായി മാറ്റേണ്ടത്. സർവ്വകലാശാലാകേന്ദ്രങ്ങളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ പൂർണ്ണമായും നികത്തുകയും ചെയ്യും. പുതിയ വകുപ്പുകളും അതിന് ആവശ്യമായ പിന്തുണസംവിധാനങ്ങളും സൃഷ്ടിക്കും.**

സർവ്വകലാശാലകളിലെ അനധ്യാപക തസ്തികകളിൽ

ഒഴിഞ്ഞുകിടക്കുന്നവയിൽ പി.എസ്.സി. വഴി നിയമനം നടന്നുവരുന്നു. ഓരോ വർഷവും നൂതനമായ രണ്ടു പുതിയ പ്രോഗ്രാമുകളെങ്കിലും ആരംഭിക്കാൻ സർവകലാശാലകൾക്ക് നിർദേശം നല്കിയിട്ടുണ്ട്. ഇത്തരം പ്രോഗ്രാമുകൾക്ക് ആവശ്യമെങ്കിൽ തസ്തികകൾ Tenure Track അടിസ്ഥാനത്തിൽ അനുവദിക്കുന്നതിന് നടപടികൾ കൈക്കൊള്ളും. നൂതന പ്രോഗ്രാമുകൾക്കായി സർവകലാശാലകളിൽ അധ്യാപകതസ്തികകൾ അനുവദിച്ചു. മഹാത്മാഗാന്ധി സർവകലാശാലയിൽ ബയോഇൻഫർമാറ്റിക്സ് പഠന കേന്ദ്രം സ്ഥാപിച്ചു.

b. ഡിപ്പാർട്ടുമെന്റ് ലൈബ്രറികൾ, മ്യൂസിയങ്ങൾ, ലബോറട്ടറികൾ തുടങ്ങിയവ അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തും. ഓരോ സർവ്വകലാശാലാകേന്ദ്രവും ഏറ്റവും ഉന്നതമായ മികവിന്റെ കേന്ദ്രങ്ങളായി മാറ്റും.

ഡിപ്പാർട്ട്മെന്റ് ലൈബ്രറികൾ, മ്യൂസിയങ്ങൾ, ലബോറട്ടറികൾ തുടങ്ങിയവ അന്തർദേശീയനിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാരിന്റെ പ്രോത്സാഹജനകമായ നടപടികളുടെ ഭാഗമായി കേരളത്തിലെ സർവ്വകലാശാലകൾ ദേശീയ നിലവാരത്തിലേക്ക് ഉയരുന്നുണ്ട്. NIRF റാങ്കിങ്ങിലെ ആദ്യ 100 സർവ്വകലാശാലകളുടെ പട്ടികകളിൽ കേരളത്തിൽ നിന്ന് 4 സർവ്വകലാശാലകളും ആദ്യ അമ്പതിൽ 2 സർവ്വകലാശാലകളും ഉൾപ്പെട്ടിട്ടുണ്ട്. കേരള സർവകലാശാല പട്ടികയിൽ 22-ആം സ്ഥാനം നേടിയത് മികച്ച മുന്നേറ്റമാണ്.

341 **കേരളത്തിൽ കൂടുതൽ ഉന്നതവിദ്യാപീഠങ്ങൾ സ്ഥാപിക്കും. ഉന്നതഗവേഷണസ്ഥാപനങ്ങൾ കേരളത്തിലേക്കു കൊണ്ടുവരാൻ കേന്ദ്രസർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തും. കേരളത്തിലെ ഉന്നതവിദ്യാപീഠങ്ങളിൽ ഏറ്റവും ഉന്നതമായ വിദ്യാഭ്യാസനിലവാരം ഉറപ്പുവരുത്താനുള്ള ലൈബ്രറി, അദ്ധ്യാപകർക്കുള്ള സൗകര്യങ്ങൾ, വിദ്യാർത്ഥികൾക്കുള്ള ഉദാരമായ സ്കോളർഷിപ്പുകൾ, ആഗോളപ്രതിഭകളുടെ ഹ്രസ്വകാലസന്ദർശനപരിപാടികൾ, ലബോറട്ടറികൾ എന്നിവ ഉറപ്പുവരുത്തും. ഇവയെല്ലാം സ്റ്റെക്കിന്റെ അനുബന്ധസ്ഥാപനങ്ങളാക്കുന്ന ഇന്നത്തെ നിലപാടു തിരുത്തും. ഇവർക്ക് പൂർണ്ണ ഓട്ടോണമി നല്കുകയും ഏകോപനം, അവലോകനം, പൊതുദിശ നിർണ്ണയിക്കൽ എന്നിവയിൽ കൗൺസിലിന്റെ ചുമതല ഒതുക്കുകയും ചെയ്യും.**

കേന്ദ്രസർക്കാരിന്റെ ഉന്നതഗവേഷണസ്ഥാപനങ്ങൾ സംസ്ഥാനത്തു സ്ഥാപിക്കുവാൻ പദ്ധതികൾ സമർപ്പിക്കും. ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിൽ ആധുനികമായ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പുവരുത്തി സ്മാർട്ട് ക്ളാസ് റൂമുകൾ സ്ഥാപിച്ചു. പകുതിയോളം സർക്കാർ ആർട്സ് & സയൻസ് കോളെജുകളിൽ വീഡിയോ സ്ട്രീമിങ് മുഖേന പ്രഗത്ഭരുടെ ക്ളാസുകൾ ലഭ്യമാക്കിവരുന്നു.

342 **ആയുർവ്വേദത്തെ കേന്ദ്രീകരിച്ചുള്ള അതിവിപുലമായ ഒരു ഉന്നത ബയോടെക്നാളജി ഗവേഷണ സ്ഥാപനം കേരളത്തിൽ അത്യന്താപേക്ഷിതമാണ്. ശാസ്ത്രഗവേഷണത്തിന് കേന്ദ്രീകൃതമായ റിസർച്ച് ലബോറട്ടറികളുടെ സ്ഥാപനം പ്രധാനമാണ്. അത്തരത്തിലുള്ള ഗവേഷണലാബ് സർവ്വകലാശാലാകേന്ദ്രങ്ങളുമായി, പ്രത്യേകിച്ച് കൊച്ചി സർവ്വകലാശാലയുമായി, ബന്ധപ്പെട്ട് സ്ഥാപിക്കും.**

ആയുർവേദത്തെ തെളിവാധിഷ്ഠിതമായി വികസിപ്പിക്കാനും ഗവേഷണത്തിനും വേണ്ടി കണ്ണൂരിൽ അന്താരാഷ്ട്ര ആയുർവേദഗവേഷണകേന്ദ്രം സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. വിദഗ്ധരെ സംഘടിപ്പിച്ച് ഒരു ദേശീയ സെമിനാർ സംഘടിപ്പിക്കുകയും പ്രാഥമിക പ്രോജക്ട് തയ്യാറാക്കുകയും ചെയ്തു.

343 **സർവ്വകലാശാലാഗ്രന്ഥാലയങ്ങളെ അന്തർദ്ദേശീയനിലവാരമുള്ള ഗവേഷണകേന്ദ്രങ്ങളായി മാറ്റും. പഴയ പുസ്തകങ്ങളും രേഖകളുമെല്ലാം ഡിജിറ്റൈസ് ചെയ്യും. ലൈബ്രറി, പുസ്തകമെടുക്കാൻ മാത്രമല്ല, കുട്ടികൾക്കുള്ള ഒരു പഠനകേന്ദ്രം കൂടിയാക്കി മാറ്റും. നൂറുകണക്കിന് കുട്ടികൾക്ക് ഒരുമിച്ചിരിക്കാൻ ആവശ്യമായ വിശാലമായ ഹാളുകൾ, ഇന്റർനെറ്റ് സൗകര്യം എന്നിവ ലൈബ്രറികളിൽ ലഭ്യമാക്കും.**

സർവകലാശാലാഗ്രന്ഥാലയങ്ങളിൽ വിപുലമായ അടിസ്ഥാനസൗകര്യ വികസനങ്ങൾ നടപ്പിലാക്കുകയും വേഗതയുള്ള ഇന്റർനെറ്റ് സംവിധാനങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഗവേഷണപ്രബന്ധങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. ഗവേഷണവിദ്യാർത്ഥികളും അധ്യാപകരും കേരളത്തിലെ സർവകലാശാലാഗ്രന്ഥാലയങ്ങളെ ഏറ്റവും മികച്ച ഗവേഷണകേന്ദ്രങ്ങളായി കണക്കാക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

344 **സ്കോളർഷിപ്പ് ഫണ്ടിലേക്ക് സർക്കാർ ഗ്രാന്റിനു പുറമേ സംഭാവനകളും എൻഡോവ്മെന്റുകളും ചേർത്തു വിപുലീകരിക്കും. ഇന്ന് നല്കുന്ന മെരിറ്റ് സ്കോളർഷിപ്പ് തുക ഇരട്ടിയെങ്കിലും ആക്കി വർദ്ധിപ്പിക്കും.**

ഉന്നതവിദ്യാഭ്യാസരംഗത്ത് ഈ വിഷയത്തിൽ നടപടി സ്വീകരിക്കേണ്ടിയിരിക്കുന്നു.

345 **പ്രധാന ഗവേഷണകേന്ദ്രങ്ങളിലും സ്വയംഭരണ**

ഡിപ്പാർട്ടുമെന്റുകളിലും ഫെല്ലോഷിപ്പുകൾ സ്ഥാപിക്കും. വിദഗ്ധപരിശോധനയുടെ അടിസ്ഥാനത്തിൽ അംഗീകരിക്കപ്പെടുന്ന ഗവേഷണ പ്രോജക്ടുകളെ മുൻനിർത്തി ഒരു നിശ്ചിതകാലയളവിലേക്കാണ ഫെലോഷിപ്പുകൾ നല്കുക. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന ഫെലോകൾ സ്വന്തം ഗവേഷണം കൂടാതെ അവർ പ്രവൃത്തിക്കുന്ന കേന്ദ്രത്തിന്റെ വികസനത്തിൽ പങ്കാളിയാകാനുള്ള ഉത്തരവാദിത്വവും ഏറ്റെടുക്കുന്ന വിധവുമായിരിക്കും ഇത്.

കൈരളി ഗവേഷണപദ്ധതിയിൽ ഇതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം സർവ്വകലാശാലകളും ഇതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

346 **കലാവൈജ്ഞാനിക മേഖലകളിലെ പഠനഗവേഷണപ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും വിവിധ കലാവൈജ്ഞാനിക സമ്പത്തുകളെ ബന്ധപ്പെടുത്താനും അന്താരാഷ്ട്രനിലവാരത്തിലുള്ള മികവിന്റെ കേന്ദ്രം സ്ഥാപിക്കാൻ നടപടി സ്വീകരിക്കും.**

കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സ് എന്ന സ്ഥാപനത്തെ മികവിന്റെ കേന്ദ്രമാക്കുകയെന്ന ലക്ഷ്യത്തോടെ കോഴ്സുകളുടെ ഘടനയിൽ മാറ്റം വരുത്തുകയും വിദഗ്ദരായ ഫാക്കൽറ്റിയെ നിയമിക്കുകയും ചെയ്തു.

347 **സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ, സെനറ്റ് തുടങ്ങിയ സർവ്വകലാശാലാഭരണസമിതികളുടെ ഘടന, അധികാരപരിധി, അംഗങ്ങളുടെ തെരഞ്ഞെടുപ്പ് തുടങ്ങിയവ നാളിതുവരെയുള്ള അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ കർശനമായ പരിശോധനയ്ക്ക വിധേയമാക്കി അഭിപ്രായസമന്വയത്തോടെ ഉചിതമായ മാറ്റങ്ങൾ വരുത്തും.**

സർവ്വകലാശാലകളിൽ ജനാധിപത്യസ്വഭാവത്തോടെ പ്രവർത്തിക്കുന്ന ഭരണ, അക്കാദമിക് സമിതികൾ ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത സമിതിയുടെ ഊർജ്ജിതമായ പങ്കാളിത്തത്തോടെ സർവ്വകലാശാലകളെ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. സർവകലാശാലാനിയമങ്ങളും ചട്ടങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടക്കുന്നു.

348 **ജനാധിപത്യപരമായ പ്രവർത്തനനങ്ങളും അക്കാദമികസ്വയംഭരണവും ഉന്നതവിദ്യാഭ്യാസരംഗത്ത് ഉറപ്പുവരുത്തും. വിദ്യാർത്ഥികളുടെ ജനാധിപത്യപരമായ അവകാശങ്ങൾ ഉന്നതവിദ്യാഭ്യാസമേഖലയിൽ ഉറപ്പുവരുത്തും.**

ജനാധിപത്യപരമായ പ്രവർത്തനങ്ങളും അക്കാദമിക് സ്വയംഭരണവും ഉന്നതവിദ്യാഭ്യാസരംഗത്ത് ഉറപ്പുവരുത്തി. സർവകലാശാലാസമിതികളിൽ വിദ്യാർത്ഥിപ്രാതിനിധ്യം ഉറപ്പാക്കി.

349 **കോളെജ് ക്ലസ്റ്ററുകൾ എന്ന ആശയം കേരളം മുഴുവൻ വ്യാപിപ്പിക്കുകയും അതിന് ഇന്നുള്ള തടസ്സങ്ങൾ ഒഴിവാക്കുകയും ചെയ്യും. അക്കാദമിക് സംഘാടനത്തിനും പരിശോധനയ്ക്കുമുള്ള സംവിധാനങ്ങളായി ക്ലസ്റ്ററുകളെ വികസിപ്പിക്കുകയും സാമൂഹികതലത്തിൽ കോളെജുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന സംവിധാനങ്ങളായി അവയെ മാറ്റുകയും ചെയ്യും.**

ഉന്നതവിദ്യാഭ്യാസകൗൺസിൽ മുഖേന ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

350 **കേരളത്തിലെ സർവ്വകലാശാലകളിൽ നടക്കുന്ന വിദൂരപഠനസംവിധാനങ്ങൾ ഏകോപിപ്പിച്ചു പൊതുക്രമീകരണം ഏർപ്പെടുത്തും. ആവശ്യമെങ്കിൽ അഭിപ്രായസമന്വയമുണ്ടാക്കി ഒരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ ശ്രമിക്കും.**

സംസ്ഥാനത്ത് ഒരു ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതിനെകുറിച്ചു പഠിക്കുന്നതിന് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയാലുടൻ നടപടി സ്വീകരിക്കും.

351 **a. സ്വാശ്രയസ്ഥാപനങ്ങളിൽ ഉൾപ്പെടെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും ജനാധിപത്യാവകാശങ്ങളും സംഘടനാസ്വാതന്ത്ര്യവും പരിരക്ഷിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കും.**

സ്വാശ്രയസ്ഥാപനങ്ങളിലെ അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ നിയമാനുസൃതമാക്കുന്നതിനും അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സംഘടനാസ്വാതന്ത്ര്യം പരിരക്ഷിക്കുന്നതിനുമുള്ള സമഗ്രമായ നിയമനിർമാണം അന്തിമഘട്ടത്തിലാണ്.

b. സ്വാശ്രയകോളെജുകളിൽ മിനിമം അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടെന്ന് സർവ്വകലാശാലകൾ പരിശോധിച്ച് ഉറപ്പുവരുത്തും. ഉന്നതവിദ്യാഭ്യാസരംഗത്തെ കേന്ദ്രഏജൻസികളും സർവ്വകലാശാലകളും നിർദ്ദേശിക്കുന്ന യോഗ്യതയുള്ളവരെ മാത്രമേ അദ്ധ്യാപകരും ജീവനക്കാരുമായി നിയമിക്കാൻ പാടുള്ളൂവെന്ന് വ്യവസ്ഥചെയ്യും.

സർവ്വകലാശാലകൾ ഇത്തരത്തിലുള്ള പരിശോധനകൾ നടത്തിയിട്ടുണ്ട്. അധ്യാപകതസ്തികകളിൽ നിയമനം ലഭിക്കുന്നവർ നിശ്ചിത യോഗ്യതയുള്ളവരായിരിക്കണമെന്ന് നിയമംമൂലം നിഷ്കർഷിക്കും.

c. സ്വാശ്രയസ്ഥാപനങ്ങളിൽ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്കു മാന്യമായ നിലയിലുള്ള സേവന വേതനവ്യവസ്ഥകൾ ഉറപ്പുവരുത്താൻ നിയമനിർമ്മാണം കൊണ്ടുവരും.

സ്വാശ്രയസ്ഥാപനങ്ങളിലെ അധ്യാപക-അനധ്യാപക ജീവനക്കാരുടെ സേവന വേതനവ്യവസ്ഥകളും യോഗ്യതയും ഉറപ്പു വരുത്തുന്നതിനുള്ള സമഗ്രമായ നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

352 **കേരളത്തിന്റെ വികസനപ്രശ്നങ്ങളെ അഭിസംബോധനചെയ്യുന്ന തരത്തിലുള്ള ഗവേഷണപ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കുന്നവിധം കേരളത്തിലെ ഗവേഷണ സ്ഥാപനങ്ങളെ രൂപപ്പെടുത്തും. കേരള ശാസ്ത്രസാങ്കേതികഗവേഷണ കൗൺസിലിന്റെയും ഗവേഷണ സ്ഥാപനങ്ങളുടെയും പ്രവർത്തനം വിശദമായ പരിശോധനയ്ക്കു വിധേയമാക്കി ആവശ്യമായ തിരുത്തലുകൾ വരുത്തും.**

പ്രാദേശികാവശ്യങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള പങ്കാളിത്തഗവേഷണവും തുടർപ്രവർത്തനങ്ങളും നടത്തുന്നതിന് സർവ്വകലാശാലകൾക്ക് നിർദേശം നല്കിയിട്ടുണ്ട്. ഗവേഷണസ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി എടുത്തു.

353 **കേരളത്തിലെ അഞ്ച് എൻജിനീയറിങ് കോളെജുകൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ എക്സലൻസ് ആയി ഉയർത്തും. ഇവിടെ അന്താരാഷ്ട്രനിലവാരമുള്ള അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തും.**

നടപടി സ്വീകരിച്ചുവരുന്നു.

354 **വിദ്യാഭ്യാസവായ്പാകുടിശ്ശികയും ബാങ്കുകളുടെ നടപടികളും ഗൗരവമായ സാമൂഹികപ്രശ്നമായിട്ടുണ്ട്. ജോലി ലഭിക്കുന്നതുവരെ തിരിച്ചടവിനു നിർബന്ധിക്കാൻ പാടില്ല. ജോലി ലഭിച്ചാലും വരുമാനത്തിലെ നിശ്ചിതശതമാനത്തിലധികം തിരിച്ചടവ് വരാൻ പാടില്ല. ഇത്തരമൊരു തീരുമാനത്തിലേക്ക് എത്താനായി പരിശ്രമിക്കും. പലിശയ്ക്കു സബ്സിഡി നല്കും.**

ഉന്നതവിദ്യാഭ്യാസത്തിനു വായ്പ എടുത്തവരെ സഹായിക്കാൻ 900 കോടി രൂപയുടെ വായ്പാസഹായപദ്ധതി നടപ്പാക്കി.

355 **കലാലയങ്ങളിൽനിന്നും അല്ലാതെയുമായി നൂതനാശയങ്ങളുമായി എത്തുന്നവർക്ക് സാമ്പത്തിക സഹായം നല്കും. കലാലയങ്ങളിൽനിന്നും സർവ്വകലാശാലാഗവേഷണസ്ഥാപനങ്ങളിൽ നിന്നും ഉയർന്നുവരുന്ന നൂതനാശയങ്ങൾ പൊതുമേഖല, സർക്കാർമേഖല എന്നീ രംഗങ്ങളിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കും.**

കലാലയങ്ങളിലെയും സർവകലാശാലകളിലെയും വിദ്യാർത്ഥികളുടെ നൂതനാശയങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സർവകലാശാലകളിൽ Business Incubation & Innovation Centres ആരംഭിച്ചു. മഹാത്മാഗാന്ധി സർവകലാശാലയിൽ പ്രസ്തുത കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 10,000 രൂപ വീതം 121 സ്റ്റുഡന്റ് സ്റ്റാർട്ടപ്പുകൾക്ക് ധനസഹായം നല്കി. ഈ സ്റ്റാർട്ടപ്പുകളെല്ലാംതന്നെ സാങ്കേതികവിദ്യാവ്യാവസായികാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി വ്യവസായങ്ങൾക്ക് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മറ്റു സർവകലാശാലകളിലും സമാനമായ രീതിയിൽ ഈ ആശയം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

സാമൂഹികസുരക്ഷ

356 **അസംഘടിതമേഖലയിലെ തൊഴിലാളികളെ മുഴുവൻ ക്ഷേമനിധിവലയത്തിൽ കൊണ്ടുവരും. ക്ഷേമനിധിയംഗങ്ങളുടെ എണ്ണം അമ്പതുലക്ഷത്തിൽനിന്ന് ഒരു കോടിയായി ഉയർത്തും. തൊഴിലുറപ്പുതൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, വിവിധ പരമ്പരാഗതവ്യവസായത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയ കൂലിവേലക്കാരെയെല്ലാം ബി.പി.എൽ ആയി കണക്കാക്കി സാമൂഹികസുരക്ഷാവലയത്തിൽ കൊണ്ടുവരും.**

തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധിബോർഡുകളിലെ തൊഴിലാളികളുടെ എണ്ണം 78,91,422 ആയി ഉയർന്നു. അസംഘടിതമേഖലയിലെ തൊഴിലാളികളെ മുഴുവൻ ക്ഷേമനിധിവലയത്തിൽ കൊണ്ടുവരുന്നതിന് കേരള അസംഘടിതതൊഴിലാളി സാമൂഹികസുരക്ഷാ ബോർഡ് മുഖേന നടപടി. അസംഘടിതമേഖലയിൽ ജോലി ചെയ്യുന്നവർക്ക് വേതനം ബാങ്ക് വഴി വിതരണം ചെയ്യുന്ന WPS പദ്ധതി സംസ്ഥാനത്ത് ആകെ നടപ്പിലാക്കി. കേരള കർഷകതൊഴിലാളി ക്ഷേമനിധി ബോർഡിന് മുൻ യു ഡി എഫ് സർക്കാർ യാതൊരു സാമ്പത്തിക സഹായവും അനുവദിക്കാത്തതിനാൽ കുടിശ്ശികയായ അധിവർഷ ആനുകൂല്യം വിതരണം ചെയ്യുന്നതിന് 130 കോടി രൂപ അനുവദിച്ചു.

30 ലക്ഷം തൊഴിലുറപ്പു തൊഴിലാളികളെ ക്ഷേമനിധി

വലയത്തിൽ കൊണ്ടുവരുന്നതിനുള്ള പ്രഖ്യാപനം 2019-20 ലെ ബഡ്ജറ്റിൽ നടത്തി. ഇതിന്റെ അടിസ്ഥാനത്തിൽ തൊഴിലുറപ്പു തൊഴിലാളികളുടെ ക്ഷേമനിധി ആക്ട് തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

357 **മിനിമം ക്ഷേമപെൻഷൻ ആദ്യവർഷം 1000 രൂപയാക്കുകയും തുടർന്നുള്ള വർഷങ്ങളിൽ വർദ്ധിപ്പിക്കുകയും ചെയ്യും. ഈ മിനിമം പെൻഷനു പുറമെ തൊഴിലാളികൾക്ക്, പ്രത്യേകിച്ച് സ്ഥിരവരുമാനക്കാർക്ക്, ഓരോ മാസവും അധികതുക അടച്ച് അംഗമാകാൻ പറ്റുന്ന കോണ്ട്രിബ്യൂട്ടറി പെൻഷനും ഉണ്ടാക്കാവുന്ന സംവിധാനം ഏർപ്പെടുത്തും. ക്ഷേമപെൻഷനുകൾ കൃത്യമായി വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തും. ഇവ നേരിട്ടു വീടുകളിൽ എത്തിക്കാനുള്ള സംവിധാനമുണ്ടാക്കും. സാമൂഹികസുരക്ഷാപെൻഷൻ പദ്ധതി കൂടുതൽ വിപുലമാക്കാനുള്ള സംവിധാനം ഉണ്ടാക്കും.**

കുറഞ്ഞ പെൻഷൻ ആദ്യവർഷം 1000 രൂപയായും അടുത്തവർഷം 1100 രൂപയായും വർദ്ധിപ്പിച്ചു. നിലവിൽ ക്ഷേമപ്പെൻഷനുകൾ 1200 രൂപയായി ഉയർത്തിയിട്ടുണ്ട്. സർക്കാർ സഹായത്തോടെ നല്കുന്ന ക്ഷേമനിധി പെൻഷനുകളും ഇതേ നിരക്കിൽ വർദ്ധിപ്പിച്ചാണ് വിതരണം ചെയ്യുന്നത്. ക്ഷേമപ്പെൻഷനുകൾ ആവശ്യക്കാർക്കു വീടുകളിൽ എത്തിച്ചു നല്കിപ്പോരുന്നു. പെൻഷൻ ഉപഭോക്താക്കളുടെ എണ്ണം 35,83,886 ൽ നിന്നും 45,45,358 ആയി ഉയർന്നു. മൂന്നു കൊല്ലംകൊണ്ട് 17,510 കോടി രൂപയാണ് സാമൂഹികസുരക്ഷാപെൻഷനുകളായി ഈ സർക്കാർ വിതരണം ചെയ്തത്.

358 **a. ക്ഷേമനിധിയംഗങ്ങളുടെ മുഴുവൻ കുടുംബാംഗങ്ങൾക്കും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് നല്കും. പെൻഷന്റെ കാര്യത്തിലെന്നപോലെ ഇതിനും എല്ലാവർക്കും സൗജന്യമായി ലഭിക്കുന്ന മിനിമം ആരോഗ്യപരിരക്ഷയും അധികപ്രീമിയം അടച്ചാൽ ലഭ്യമാകുന്ന അധിക ആരോഗ്യപരിരക്ഷയും ഉണ്ടായിരിക്കും.**

നിലവിലുള്ള ക്ഷേമനിധിബോർഡ് അംഗങ്ങൾക്കു പുറമെ അന്ത്യോദയ-അന്നയോജനയിലും മുൻഗണനാപട്ടികയിലും ഉൾപ്പെട്ട റേഷൻ കാർഡുടമകൾ, ആയിരം രൂപയോ അതിൽ താഴെയോ ഇപിഎഫ് പെൻഷൻ വാങ്ങുന്നവർ, കേരള ആഭരണനിർമ്മാണതൊഴിലാളി ക്ഷേമനിധിബോർഡ് അംഗങ്ങൾ, പൂട്ടിക്കിടന്ന കശുവണ്ടി ഫാക്ടറികളിലെ ഇഎസ്ഐ ആനുകൂല്യം ലഭിക്കാത്ത തൊഴിലാളികൾ, ഓച്ചിറയിൽ അന്തേവാസികളായി കഴിയുന്ന 204 വയോജനങ്ങൾ, ചികിത്സാർഥം സംസ്ഥാനമുൻഗണനാലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള റേഷൻകാർഡുടമകൾ, കേരള കള്ളുചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങൾ (പ്രീമിയം / വിഹിതം ക്ഷേമനിധിബോർഡ് നല്കുന്നത്), ക്ഷേമനിധിബോർഡിൽനിന്നു ചികിത്സാനുകൂല്യം ലഭിക്കാത്ത ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് അംഗങ്ങളായ തൊഴിലാളികൾ എന്നിവരെക്കൂടി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി. ക്ഷേമബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കും.

അഞ്ച് ലക്ഷം രൂപ വരെ കവറേജ് ലഭ്യമാകുന്ന കാരുണ്യ ആരോഗ്യസുരക്ഷാപദ്ധതി നിലവിൽവന്നു. നേരത്തേ നിലവിലുണ്ടായിരുന്ന ആരോഗ്യസുരക്ഷാ പദ്ധതിയിൽ അംഗങ്ങളായ മുഴുവൻപേരെയും കാരുണ്യ ആരോഗ്യസുരക്ഷാപദ്ധതിയിലേയ്ക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. 1000 കോടി രൂപയോളമാണ് വാർഷികപ്രീമിയമായി സർക്കാരിനുവരുന്ന ചെലവ്. സംസ്ഥാനലോട്ടറിയുടെ നടത്തിപ്പിൽനിന്നു വരുന്ന അറ്റാദായത്തിൽ നിന്നാണ് ഇത് നല്കുന്നത്.

b. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വിപുലപ്പെടുത്തുകയും അർഹതയുള്ളവർക്കെല്ലാം അതു ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യും.

കാരുണ്യ ആരോഗ്യസുരക്ഷാപദ്ധതി നിലവിൽ വന്നു.

c. 1000 രൂപയിൽത്താഴെ പെൻഷൻ വാങ്ങുന്ന പി.എഫ് പെൻഷൻകാർക്ക് ആരോഗ്യ ഇൻഷ്വറൻസ് നടപ്പിലാക്കാൻ പരിശ്രമിക്കും. പി.എഫ് പെൻഷൻകാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കേന്ദ്രസർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തും.

1000 രൂപയിൽ താഴെ പെൻഷൻ വാങ്ങുന്ന പെൻഷൻ വാങ്ങുന്ന ഇ പി എഫ് പെൻഷൻകാർക്ക് ആരോഗ്യ ഇൻഷൂറൻസ് നടപ്പിലാക്കി.

359 **a. പാചകത്തൊഴിലാളികൾക്കു ക്ഷേമനിധി അനുവദിക്കും. ഇവരെ ഇ.എസ്.ഐ പരിധിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കും. ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കാനുള്ള നടപടിയും സ്വീകരിക്കും.**

കേരള അസംഘടിതതൊഴിലാളി സാമൂഹിക സുരക്ഷാ ബോർഡിൽ 642 പാചകത്തൊഴിലാളികൾക്ക് അംഗത്വം. സ്കൂൾ പാചക തൊഴിലാളികളെ ഇ എസ് ഐ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസവകുപ്പുമായി ചേർന്ന് തൊഴിൽവകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

b. ഇ.എസ്.ഐ സ്കീം അർഹതയുള്ള എല്ലാ വിഭാഗത്തിനും ലഭ്യമാക്കുന്നതോടൊപ്പം പരിധി സംസ്ഥാനത്തൊട്ടാകെ ആക്കുകയും ചെയ്യും.

ഇ എസ് ഐ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും 01.02.2017 മുതൽ പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ട്.

മുൻസിപ്പൽ, കോർപ്പറേഷൻ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്ന കരാർ, കാഷ്വൽ തൊഴിലാളികളെ പദ്ധതിയിൽ ഉൾപ്പെടുത്തി കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടുതൽ തൊഴിൽ വിഭാഗങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

പത്തനംതിട്ട, കട്ടപ്പന, മുക്കം (കോഴിക്കോട്) എന്നിവിടങ്ങളിൽ ഇഎസ്ഐ ഡിസ്പെൻസറികൾ ആരംഭിച്ചു. മൂന്നാർ, അടിമാലി, സുൽത്താൻ ബത്തേരി, മാനന്തവാടി എന്നിവിടങ്ങളിൽ ഇഎസ്ഐ ഡിസ്പെൻസറികൾ ഉടൻ ആരംഭിക്കും.

360 വീട്ടുജോലിക്കാർക്ക് വേണ്ടിയുള്ള ക്ഷേമനിധി പ്രവർത്തനക്ഷമമാക്കുകയും ആകർഷകമാക്കുകയും ചെയ്യും.

വീട്ടു ജോലിക്കാർക്ക് വേണ്ടിയുള്ള ക്ഷേമ പദ്ധതികൾ കേരള അസംഘടിതതൊഴിലാളി സാമൂഹികസുരക്ഷാ ബോർഡ് മുഖേന നടപ്പിലാക്കിവരുന്നു. 15,239 തൊഴിലാളികൾക്ക് നിലവിൽ ക്ഷേമനിധി അംഗത്വം.

361 തുച്ഛവരുമാനക്കാരായ സ്വകാര്യക്ഷേത്രജീവനക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്തും. ക്ഷേത്രജീവനക്കാർക്കു സമയബന്ധിതഗ്രേഡുകൾ അനുവദിക്കും.

ക്ഷേത്രജീവനക്കാർക്കായി അസംഘടിതതൊഴിലാളി സാമൂഹികസുരക്ഷാബോർഡ് മുഖേന വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കിവരുന്നു, നിലവിൽ 3106 ക്ഷേത്രജീവനക്കാർക്ക് ക്ഷേമനിധി അംഗത്വം.

362 തൊഴിൽ നഷ്ടപ്പെട്ട കള്ളുചെത്തുതൊഴിലാളികൾ, ചാരായത്തൊഴിലാളികൾ, ബാർത്തൊഴിലാളികൾ എന്നിവർക്ക് തൊഴിൽ ലഭ്യമാക്കാനുള്ള പാക്കേജ് നടപ്പിലാക്കും.

2014-15 ലെ അബ്കാരി നയത്തിന്റെ ഭാഗമായി ബാറുകൾ അടച്ചുപൂട്ടിയത് മൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ പുനരധിവാസത്തിനായി സുരക്ഷ സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കി. ഗുണഭോക്താക്കൾക്ക് 4% വാർഷികപലിശയ്ക്ക് 2,50,000 രൂപ വായ്പയായും 50,000 രൂപ സബ്സിഡിയായും നല്കുന്നു.

ശിശുസംരക്ഷണം

363 a. കുട്ടികൾക്കുനേരെയുള്ള ആക്രമണങ്ങളും പീഡനങ്ങളും ലൈംഗികാതിക്രമങ്ങളും ഇല്ലായ്മ ചെയ്യുവാനുള്ള ബോധവൽക്കരണവും നിയമസംവിധാനങ്ങളും ഉറപ്പുവരുത്തും.

വയനാട് ആദിവാസിമേഖലയിൽ കുട്ടികൾക്കെതിരെ വർദ്ധിച്ചുവരുന്ന പീഡനങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. എല്ലാ ജില്ലകളിലും ശരണബാല്യം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കണ്ണൂർ ജില്ലയെ ബാലസൗഹൃദജില്ലയായി മാറ്റുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. നിയമാനുസൃതമല്ലാത്ത ദത്തെടുക്കൽ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ജില്ലാ തലത്തിലെ ജുവനൈൽ ജസ്റ്റിസ് ബോർഡുകളും ചൈൽഡ് വെൽഫെയർ കമ്മറ്റികളും പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

b. കുട്ടികളുടെയും തദ്ദേശസ്വയംഭരണസർക്കാരുകളുടെയും രക്ഷാകർത്തൃസമിതികളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തിയുള്ള ജാഗ്രതാസമിതി രൂപവത്ക്കരിക്കും.

സംസ്ഥാനത്തൊട്ടാകെ ജാഗ്രതാസമിതികൾ രൂപവത്ക്കരിച്ചുവരുന്നു.

364 a. സംസ്ഥാനത്ത് കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിനുവേണ്ടി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളായ ആരോഗ്യകിരണം, താലോലം, കാരുണ്യ, അമ്മയും കുഞ്ഞും തുടങ്ങിയവ പുനഃസംഘടിപ്പിക്കും.

സംസ്ഥാനത്തെ കുട്ടികളുടെ മാരകമായ അസുഖങ്ങൾക്കു ചികിത്സ നല്കാൻ ജില്ലാ ആശുപത്രികളും മെഡിക്കൽ കോളെജുകളും വഴി താലോലം പദ്ധതിയും തിരുവനന്തപുരം ആർ.സി.സി, മലബാർ കാൻസർ സെന്റർ, ജില്ലാ ആശുപത്രികൾ എന്നിവവഴി കാൻസർ സുരക്ഷാപദ്ധതിയും കേരള സാമൂഹികസുരക്ഷാമിഷൻ നടപ്പിലാക്കിവരുന്നു.

ജനനം മുതൽ 18 വയസ്സ് വരെ കുട്ടികൾ നേരിടുന്ന എല്ലാ തീവ്രരോഗങ്ങൾക്കും രോഗങ്ങളുടെ തോതനുസരിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യമായി ഹൃദയശസ്ത്രക്രിയകൾ നടത്തുന്നതിനുള്ള 'ഹൃദ്യം' പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുവരെ 1341 പേർക്ക് സൗജന്യമായി ശസ്ത്രക്രിയ നടത്തി

ടൈപ്പ് വൺ പ്രമേഹരോഗം ബാധിച്ച കുട്ടികൾക്കും, കൗമാരക്കാർക്കും സമഗ്രപരിരക്ഷ നല്കുന്നതിന് സാമൂഹിക സുരക്ഷാ മിഷൻ 'മിഠായി' പദ്ധതി നടപ്പിലാക്കുന്നു.

ശ്രുതിതരംഗം പദ്ധതി തുടങ്ങുന്നതിനുമുമ്പ് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികൾക്ക് സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്യുന്നതിന് 'ധ്വനി'

പദ്ധതി നടപ്പാക്കി.

ഓട്ടിസം, സെറിബ്രൽ പാൾസി ബാധിതരും, ശ്രവണ ശേഷിയില്ലാത്തവരുമായ കുട്ടികൾക്കും ചികിത്സാസം വിധാനങ്ങളും പുനരധിവാസപ്രവർത്തനങ്ങളും കേരള സാമൂഹികസുരക്ഷാമിഷൻ വഴി നടപ്പിലാക്കി വരികയാ ണ്. ആരോഗ്യകിരണം പദ്ധതി കാര്യക്ഷമമായി നടപ്പി ലാക്കുന്നുണ്ട്.

b. അമ്മമാർക്കും കുട്ടികൾക്കും വേണ്ടിയുള്ള ആശുപ ത്രികളുടെ എണ്ണവും അവർ നല്കുന്ന സേവനങ്ങളും വർദ്ധിപ്പിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യും.

കൊടുങ്ങല്ലൂർ, ചാവക്കാട്, പൊന്നാനി, തളിപ്പറമ്പ് താലൂ ക്കാശുപത്രികൾ, ഇരിങ്ങാലക്കുട, തൃശ്ശൂർ, തലശ്ശേരി ജനറൽ ആശുപത്രികൾ എന്നിവിടങ്ങളിൽ അമ്മമാർ ക്കും കുട്ടികൾക്കും വേണ്ടിയുള്ള പ്രത്യേക ആശുപത്രിയു ടെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. പുതിയ തസ്തികക ളും ഇതിനായി സൃഷ്ടിച്ചിട്ടുണ്ട്. താലൂക്ക് ആശുപത്രി കളിലും ജില്ലാ ആശുപത്രികളിലും കുട്ടികൾക്കുള്ള സേവനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക ഇടപെടൽ നടത്തിയിട്ടുണ്ട്. പ്രസവം നടക്കുന്ന എല്ലാ ആശുപത്രിയിലെയും ലേബർ റൂം നവീകരണത്തിനായു ള്ള 'ലക്ഷ്യ' പദ്ധതിക്ക് തുടക്കം കുറിച്ചു. പ്രസവാനന്തരം അമ്മയെയും കുഞ്ഞിനേയും സൗജന്യമായി വീട്ടിലെ ത്തിക്കുന്ന 'മാതൃയാനം' പദ്ധതി ആരംഭിച്ചു.

പാർപ്പിടം

365 **ഇ.എം.എസ് പാർപ്പിടപദ്ധതിയും എം.എൻ ലക്ഷംവീട് പദ്ധതിയും പുനരാവിഷ്കരിക്കും. കേന്ദ്ര ഐ.എ.വൈ. വീടുപദ്ധതിയുമായി സം യോജിപ്പിച്ചായിരിക്കും ഇതു നടപ്പാക്കുക. ഇതിനു പ്രാരംഭമായി പണി തീരാത്ത വീടുകളുടെ പൂർണ്ണ ലിസ്റ്റ് തയ്യാറാക്കുകയും അവയുടെ പണി പൂർത്തി കരിക്കാനുള്ള പ്രത്യേക പദ്ധതിക്കു രൂപം നല്കുക യും ചെയ്യും. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് തങ്ങൾക്ക് ഇഷ്ടമുള്ള സ്ഥലത്ത് ഭൂമി വാങ്ങുന്നതി നുള്ള അനുവാദം നല്കുകയും സർക്കാർ നിശ്ചയിച്ച ഫെയർ വാല്യുവിനെക്കാൾ നിശ്ചിതശതമാനം തുക അധികസഹായമായി നല്കുകയും ചെയ്യും. സർക്കാർതന്നെ ഭൂമി അക്വയർ ചെയ്ത ഭൂരഹിതർ ക്ക് പാർപ്പിടനിർമ്മാണത്തിനായി നല്കുന്ന കാര്യവും ആലോചിക്കും. പ്രതിവർഷം ഒരു ലക്ഷം വീടുവീതം നിർമ്മിച്ച് അഞ്ചുവർഷംകൊണ്ട് എല്ലാ വർക്കും വീട് ഉറപ്പുവരുത്തും.**

എല്ലാവർക്കും സുരക്ഷിതവും മാന്യവുമായ ഭവനം ഉറപ്പുവ രുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച ലൈഫ് ഭവനപദ്ധതിയിൽ ഇതിനോടകം 90,863 പേർക്ക് സ്വ ന്തമായി വീട് ലഭിച്ചു. ഏകദേശം 1.30 ലക്ഷം വീടുകളുടെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു.

വിവിധ സർക്കാർപദ്ധതികളിൽ ഭവനനിർമ്മാണ സഹായം ലഭിച്ചിട്ടും പല കാരണങ്ങളാൽ ഭവന നിർമ്മാ ണം പൂർത്തീകരിക്കാൻ സാധിക്കാത്ത കുടുംബങ്ങളുടെ വീടു നിർമ്മാണമാണ് ഒന്നാം ഘട്ടത്തിൽ ലൈഫ് മിഷൻ ലക്ഷ്യം വച്ചത്. ഈ വിഭാഗത്തിൽ 50,447 വീടുകൾ താമസയോഗ്യമായിക്കഴിഞ്ഞു.

ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മിച്ചു നല്കുക എന്ന താണ് രണ്ടാം ഘട്ടം ലക്ഷ്യം വച്ചത്. ഒരു ഗുണഭോക്താ വിന് 4 ലക്ഷം രൂപ ലഭ്യമാക്കിക്കൊണ്ട് 40 ചതുരശ്രമീ റ്റർ വിസ്തീർണമുള്ള വീട് നല്കാനാണ് പദ്ധതി വിഭാവനം ചെയ്തത്. 85,004 പേർക്ക് ഇതിനകം ഭവനനിർമ്മാണ സഹായം അനുവദിച്ചു. 8,744 പേർ വീടുപണി പൂർത്തീ കരിക്കുകയും ചെയ്തു.

ഭൂമിയില്ലാത്ത ഭവനരഹിതർക്ക് ഭവനസമുച്ചയങ്ങൾ നിർമ്മിച്ച് അവിടെ വീട് അനുവദിക്കുക എന്നതാണ് മൂ ന്നാംഘട്ടത്തിൽ ലക്ഷ്യമിടുന്നത്. 14 ജില്ലകളിലും ഇതി നുള്ള ഭൂമി കണ്ടെത്തി നിർമ്മാണത്തിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഇടുക്കി ജില്ലയിലെ അടിമാ ലിയിൽ 24 കോടി രൂപ ചെലവിൽ 217 ഫ്ലാറ്റുകളുള്ള ഭവ നസമുച്ചയത്തിന്റെ ഉദ്ഘാടനം 2019 ഫെബ്രുവരിയിൽ കഴിഞ്ഞു. കേവലം ഫ്ലാറ്റ് നിർമ്മിച്ചു കൈമാറുക എന്നത ല്ല പദ്ധതി ലക്ഷ്യമിടുന്നത്. താമസക്കാർക്കാവശ്യമായ ആരോഗ്യകേന്ദ്രം, അങ്കണവാടി, തൊഴിൽ പരിശീലന കേന്ദ്രം, ലൈബ്രറി എന്നീ സൗകര്യങ്ങൾ കൂടി സമുച്ചയ ത്തിൽ സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്.

നഗരപ്രദേശങ്ങളിലെ പി.എം. എ.വൈ. - ലൈഫിൽ 2,50,000 രൂപ കൂടി സംസ്ഥാനസർക്കാർ അധികം അനുവദിച്ച് വീടിന്റെ യൂണിറ്റ് കോസ്റ്റ് നാലുലക്ഷം രൂപയായി ഉയർത്തി. ഗ്രാമപ്രദേശങ്ങളിലെ പി.എം.എ. വൈ. ലൈഫിൽ 2,80,000 രൂപകൂടി സംസ്ഥാനസർ ക്കാർ അധികം അനുവദിച്ച് യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപയായി ഉയർത്തി. നഗരങ്ങളിൽ പി.എം.എ.വൈ. ലൈഫിൽ 65,269 ഗുണഭോക്താക്കൾ വീടുനിർമ്മാണം ആരംഭിച്ചു. 10,090 പേർ വീടുപണി പൂർത്തീകരിച്ചു. ഗ്രാമീണ മേഖലയിൽ 16,985 പേർക്ക് വീട് അനുവദിച്ചു. 15,484 വീട് പണി പൂർത്തീകരിച്ചു.

366 **1000 ചതുരശ്രയടി വരെയുള്ള വീടുകൾ അഞ്ച് സെന്റിൽ കുറഞ്ഞ സ്ഥലത്ത് നിർമ്മിക്കാൻ ഒരു അനുമതിയും വേണ്ടതില്ല. 1500 ചതുരശ്രയടി വരെയുള്ള സൗരോർജ്ജപാനലുകൾ സ്ഥാപിച്ച വീടുകളുടെ നിർമ്മാണത്തിനും അനുമതികൾ വേ ണ്ടെന്നു വയ്ക്കും. 1000 ചതുരശ്രയടി വരെയുള്ള വീടു**

കൾക്കു കെട്ടിടനികുതി ഒഴിവാക്കും.

പരിശോധിക്കുന്നു.

367 **കടലോരത്തും ഇതരതീരങ്ങളിലുമുള്ള 1500 ചതുരശ്രയടി വരെയുള്ള വീടുകൾക്കും 2010നു മുമ്പ് നിർമ്മിച്ചിട്ടുള്ളവയ്ക്കും ബിൽഡിങ് ലൈനിന്റെ അടിസ്ഥാനത്തിൽ സി.ആർ.ഇസഡ് ഇളവു നല്കും. കേന്ദ്രനിയമത്തിന്റെ പരിധിയിൽ വരുന്ന മേഖലയിൽ ഇതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തും.**

100 സ്ക്വയർ മീറ്റർ വരെ വിസ്തീർണമുള്ള വാസഗൃഹങ്ങൾക്ക് CRZ ഇളവുകൾ ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിക്കുന്ന അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കാനുള്ള അധികാരം കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി ജില്ലാതല കമ്മിറ്റിയ്ക്ക് കൈമാറി.

ജനുവരി 2019 ന് കേന്ദ്രസർക്കാർ സി.ആർ.ഇസഡിന്റെ പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ വിജ്ഞാപനത്തിൽ പ്രഖ്യാപിച്ചിട്ടുള്ള ഇളവുകൾ ലഭ്യമാക്കുന്നതിനുള്ള കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കാനുള്ള നടപടികൾ ഉടൻ ആരംഭിക്കും.

368 **വൻകിട കെട്ടിടസമുച്ചയങ്ങൾക്ക് പ്ലാനിംഗ് സെസ് ഏർപ്പെടുത്തും. ഈ തുക വീടില്ലാത്തവർക്കു വീടു നിർമ്മിച്ചുനല്കാൻ ഉപയോഗിക്കും.**

നടപ്പായിട്ടില്ല.

പൊതുവിതരണം

369 **a. കേരളത്തിലെ ബിപിഎൽ പരിധി ഗണ്യമായ ഒരു വിഭാഗം പാവപ്പെട്ടവരെ പൊതുവിതരണസമ്പ്രദായത്തിൽനിന്നു പുറത്താക്കുന്ന സ്ഥിതിയാണ് ഉണ്ടാക്കിയിരിക്കുന്നത്. എ.എ.വൈ-ബി.പി.എൽ കുടുംബങ്ങൾക്കു സൗജന്യമായി അരി വിതരണം ചെയ്യും.**

സൗജന്യമായി നല്കിവരുന്നു. ബിപിഎൽ വിഭാഗക്കാരോട് കൈകാര്യച്ചെലവായി ഒരു രൂപ വീതം ഈടാക്കുന്നുണ്ട്.

b. വിവിധ അസംഘടിതമേഖലാ തൊഴിലാളിവിഭാഗങ്ങളെയും തൊഴിലുറപ്പുതൊഴിലാളികളെയും ബിപിഎൽ ആയി പരിഗണിച്ച് അവർക്കുകൂടി സൗജന്യറേഷൻ നല്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കും.

അസംഘടിതമേഖലയിൽ ജോലി നോക്കുന്ന തൊഴിലാളികളുടെ റേഷൻകാർഡ് മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്താൻ നിലവിലുള്ള മാനദണ്ഡങ്ങളിൽ പുനഃക്രമീകരണം വരുത്തി.

370 **2013-ൽ പുതുക്കേണ്ട റേഷൻ കാർഡുകൾ ഇതുവരെ (2016 ഏപ്രിൽ) വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഒരു വർഷംകൊണ്ട് റേഷൻ കാർഡ് വിതരണം പൂർത്തീകരിക്കും. ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന പരാതികൾ പരിഹരിക്കും.**

ദേശീയഭക്ഷ്യഭദ്രതാനിയമം 2013 പ്രകാരം പുതുക്കിയ റേഷൻ കാർഡുകൾ വിതരണം പൂർത്തിയാക്കി. ഭക്ഷ്യഭദ്രതാനിയമം 2013 പ്രകാരം പൂർത്തിയാക്കിയിരുന്ന റേഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട് ലഭ്യമായ പരാതികൾ എ.ആർ.ഡി. തലത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് പരിശോധിച്ചും ഫീൽഡ്തല വെരിഫിക്കേഷൻ നടത്തിയും കൂടാതെ മറ്റു വകുപ്പുകളുടെ വിവരങ്ങൾ റേഷൻ കാർഡ് സംബന്ധിച്ച വിവരങ്ങളുമായി മാപ്പിംഗ് നടത്തിയും മുൻഗണനാപട്ടികയിലെ 3.16 ലക്ഷം അനർഹരെ കണ്ടെത്തി അവരെ ഒഴിവാക്കി ആ ഒഴിവിലേക്ക് അർഹരായിട്ടുള്ളവരെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

371 **a. പൊതുകമ്പോളത്തിലെ വിലനിലവാരം പിടിച്ചു നിർത്താൻ കഴിയുന്ന തരത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനെ മാർക്കറ്റ് ഇന്റർവെൻഷനു പ്രാപ്തമാക്കും.**

സർക്കാറിന്റെ വിപണി ഇടപെടൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിലെത്തിയശേഷം 52 വിൽപ്പനശാലകൾ പുതിയതായി ആരംഭിക്കുകയും നിലവിലുള്ള വിൽപ്പനശാലകൾ കൂടുതൽ സൗകര്യങ്ങളോടെപ്പെടുത്തി അപ്ഗ്രേഡ് ചെയ്യുകയും ചെയ്തു.

പുതുതായി ആരംഭിച്ചത് - 40 മാവേലി സ്റ്റോറുകളും 8 സൂപ്പർ മാർക്കറ്റുകളും 4 മാവേലി സൂപ്പർ സ്റ്റോറുകളും.

അപ്ഗ്രേഡ് ചെയ്തത് - 38 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായും 12 മാവേലി സ്റ്റോറുകൾ മാവേലി സൂപ്പർ സ്റ്റോറുകളായും ഒരു മാവേലി സ്റ്റോർ പീപ്പിൾസ് ബസാറായും ഉയർത്തുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ 3 സൂപ്പർ മാർക്കറ്റുകൾ പീപ്പിൾസ് ബസാറായും ഉയർത്തി.

കഴിഞ്ഞ ഒരു വർഷക്കാലം മാത്രം 26 വിൽപ്പനശാലകൾ ആരംഭിക്കുകയും 39 എണ്ണം അപ്ഗ്രേഡ് ചെയ്യുകയുമുണ്ടായി. വിൽപ്പനശാലകളുടെ നവീകരണത്തിനായി 2018-19 സാമ്പത്തികവർഷം പ്ലാൻ ഫണ്ടിൽ 8 കോടി രൂപയാണ് സർക്കാർ സപ്ലൈകോയ്ക്ക് വകയിരുത്തിയിട്ടുള്ളത്. ഇതിലൂടെ, 86 വിൽപ്പനശാലകളുടെ നവീകരണപ്രവൃത്തികൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

വിപണിയിടപെടലിനായി മുൻസർക്കാരുകളെക്കാൾ കൂടുതൽ തുകയാണ് ഈ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. 2016-17, 2017-18, 2018-19 സാമ്പത്തികവർഷങ്ങളിലായി 200 കോടി രൂപ വീതമാണ് വിപണിയിടപെടലിനത്തിൽ സപ്ലൈകോയ്ക്ക് വകയിരുത്തിയത്. ഈ കൊടുംവേനൽക്കാലത്ത് കൂപ്പിവെള്ളം 11 രൂപയ്ക്ക് സപ്ലൈകോ ഔട്ട്ലെറ്റ് വഴി ലഭ്യമാക്കിത്തുടങ്ങി.

b. കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾ സമഗ്രമായി അന്വേഷിച്ച് അഴിമതിയും വെട്ടിപ്പും നടത്തിയവരെ ശിക്ഷിക്കുകയും കൺസ്യൂമർഫെഡിന്റെ ബാദ്ധ്യതകൾ ഒറ്റത്തവണ തീർപ്പാക്കുകയും ചെയ്യും.

കൺസ്യൂമർഫെഡിലെ അഴിമതികൾ അവസാനിപ്പിക്കാൻ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വാങ്ങൽ സുതാര്യവും മത്സരാധിഷ്ഠിതവും ആക്കിയതിലൂടെ കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള സാധനങ്ങൾ വാങ്ങാൻ വഴിതെളിഞ്ഞിട്ടുണ്ട്. കൺസ്യൂമർഫെഡ് ബാധ്യതകൾ മിക്കതും ഇതിനകം സെറ്റിൽ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

c. സഹകരണസംഘങ്ങളുടെ അതിവിപുലമായ ശൃംഖല ഉത്സവകാലത്തെ കമ്പോളയിടപെടലിന് ഉപയോഗപ്പെടുത്താനുള്ള നടപടി സ്വീകരിക്കും.

കഴിഞ്ഞ ഓണം, ക്രിസ്തുമസ്, റംസാൻ കാലത്ത് നടത്തിയ വിപണിയിടപടൽ പ്രശംസ നേടിയിട്ടുണ്ട്.

372 മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തും. അടുത്ത അഞ്ചു വർഷത്തേക്കു മാവേലി സ്റ്റോറുകളിലെ ഉത്പന്നങ്ങളുടെ വില ഉയർത്തുന്നതല്ല.

പൊതുവിപണിയിലേതിനേക്കാൾ 60% വരെ വിലക്കുറവിൽ 14 ഇനം അവശ്യസാധനങ്ങളാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ള സബ്സിഡിനിരക്കിൽ സപ്ലൈകോ വിൽപ്പനശാലകളിലൂടെ വിൽക്കുന്നത്. ഇവയുടെ വില, ഈ സർക്കാറിന്റെ പ്രകടനപത്രികയിലെ പ്രഖ്യാപനം അനുസരിച്ച് വർദ്ധിപ്പിച്ചിട്ടില്ല. അതേസമയം, വാങ്ങൽവിലയിലെ കുറവിന് ആനുപാതികമായി അധികകിഴിവ് ഉപഭോക്താക്കൾക്ക് നല്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴത്തെയും ഇപ്പോഴത്തെയും വിലകൾ ചുവടെ നല്കുന്നു.

Sl. No.	ഇനം	സപ്ലൈകോയിലെ സബ്സിഡി വിൽപന വില (രൂപ കി.ഗ്രാമിന്)	
		25/05/16	29/04/19
1	ചെറുപയർ	74.00	59.00
2	ഉഴുന്ന് ബോൾ	66.00	60.00
3	വൻകടല	43.00	39.00
4	വൻപയർ	45.00	45.00
5	തുവരപ്പരിപ്പ്	65.00	40.00
6	മുളക്	75.00	75.00
7	മല്ലി	92.00	75.00
8	പഞ്ചസാര	22.00	22.00
9	വെളിച്ചെണ്ണ	88.00	90.00*
10	ജയ അരി	25.00	25.00
11	കുറുവ അരി	25.00	25.00
12	മട്ട അരി	24.00	24.00
13	പച്ചരി	23.00	23.00
14	ആന്ധ്ര അരി		25.00

*ചരക്ക് സേവന നികുതിനിരക്ക് വർദ്ധിച്ചതിനാലാണ് വെളിച്ചെണ്ണ രണ്ടു രൂപ കൂടിയത്

2016-17 സാമ്പത്തികവർഷം മുതൽ വിപണിയിടപെടലിലൂടെ ഉപഭോക്താക്കൾക്ക് നൽകിയിട്ടുള്ള അളവും സർക്കാർ സപ്ലൈകോയ്ക്ക് നൽകിയിട്ടുള്ള ഗ്രാന്റും ചുവടെ നൽകുന്നു.

സാമ്പത്തിക വർഷം	സബ്സിഡി ആയി ഉപഭോക്താക്കൾക്ക് ആകെ നൽകിയ തുക	വിപണി ഇടപെടലിനായി സർക്കാർ സപ്ലൈകോയ്ക്ക് അനുവദിച്ച തുക
2016-17	431.60/-	200.00/-
2017-18	446.96/-	200.00/-
2018-19	281.93/-	200.00/-

* 2018-19 സാമ്പത്തികവർഷം സർക്കാർ 100 കോടി രൂപ അനുവദിച്ചതിനുപുറമേ വിപണിയിടപെടലിനുവേണ്ടി 100 കോടി രൂപ സപ്ലൈകോയ്ക്ക സർക്കാർ ഗാരണ്ടിയിൽ വായ്പ ലഭ്യമാക്കിയിട്ടുണ്ട്.

373 ഭക്ഷ്യധാന്യവിപണിയിലെ തട്ടിപ്പുകൾ, കരിഞ്ചന്ത, പൂഴ്ത്തിവെപ്പ്, അവധിവ്യാപാരം, കൃത്രിമവിലക്കയറ്റം മുതലായവ തടയുന്നതിന് ജസ്റ്റിസ് വാധ്വ കമ്മിറ്റി റിപ്പോർട്ട് ശുപാർശചെയ്യുന്ന വിധത്തിലുള്ള പരാതിപരിഹാരക്കമ്മിഷൻ രൂപവത്ക്കരിക്കുന്നതാണ്.

വാധ്വ കമ്മിറ്റി ശുപാർശപ്രകാരം കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്, മറിച്ചുവിൽപ്പന എന്നിവ തടയുന്നതിനായി പരിശോധന സംവിധാനം വകുപ്പുതലത്തിൽ ശക്തിപ്പെടുത്തി. ജില്ലാതല പരാതിപരിഹാര ഉദ്യോഗസ്ഥരായി അഡീഷണൽ ഡിസ്ട്രിക് മജിസ്ട്രേറ്റുമാരെ നിയമിച്ച് പ്രവർത്തനം നടത്തിവരുന്നു. വകുപ്പിലെ ഉദ്യോഗസ്ഥർ നിരന്തരം പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. റേഷൻ സംവിധാനത്തിലെ പൊതുജനങ്ങളുടെ പരാതി സ്വീകരിക്കാനായി ഒരു കോൾ സെന്റർ പ്രവൃത്തിക്കുന്നുണ്ട്. റേഷൻ കടകളിൽ ഇപോസ് കമ്പ്യൂട്ടർവൽക്കരണനടപടികൾ പൂർത്തീകരിച്ചു. പൊതുവിതര

ണശൃംഖലയുടെ പ്രവർത്തനം കൂടുതൽ സുതാര്യവും കാര്യക്ഷമവും ആക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

374 **a. കേരളത്തിലെ റേഷൻകടശൃംഖല ഇന്നത്തെ പരിമിതമായ റേഷൻ വിറ്റുവരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിലനിർത്താനാവില്ല. അതുകൊണ്ട് ഇവയെ ഒരു നിയന്ത്രിതവിലവിപണനശൃംഖലയായി വളർത്തിയെടുക്കാനായി വൈവിദ്ധ്യവത്കരിക്കുകയും ആധുനികീകരിക്കുകയും ചെയ്യും.**

റേഷൻകടനവീകരണത്തിന്റെ ഭാഗമായി കടകൾക്ക് ഏകീകൃതമാതൃക തയ്യാറാക്കുകയും അത് നടപ്പിൽ വരുത്തുന്നതിന് ഒരു കടയ്ക്ക് 2500 രൂപ വീതം നല്കുന്നതിനായി 3.5 കോടി രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി നല്കുകയും റേഷൻ വ്യാപാരികൾക്കുള്ള ഈ തുക മുൻകൂർ ആയി വിതരണം ചെയ്യുകയും ഉണ്ടായി. റേഷൻ കടകളുടെ നവീകരണപ്രവൃത്തികൾ 90 % പൂർത്തിയാക്കിയിട്ടുണ്ട്.

റേഷൻകടവൈവിധ്യവൽക്കരണത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി കണ്ണൂർ ജില്ലയിൽ നിർവ്വഹിക്കുകയുണ്ടായി. ഈ പദ്ധതി മറ്റു ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ വകുപ്പിൽ നടന്നുവരുന്നു.

ഭക്ഷ്യഭദ്രതാനിയമം 2013ന്റെ ഭാഗമായുള്ള end to end computerisation വകുപ്പിൽ സമ്പൂർണ്ണമായി നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. അവസാനഘട്ടമായി ഇ-പോസ് മെഷീനുകൾ electronic weighing balance-മായി ബന്ധിപ്പിക്കുന്ന പദ്ധതിക്കുള്ള ഭരണാനുമതി 2018-19 സാമ്പത്തികവർഷത്തിൽ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പു സാമ്പത്തികവർഷത്തിൽ പൂർത്തീകരിക്കും.

സംസ്ഥാനത്തെ ചില്ലറ റേഷൻ വ്യാപാരികളുടെ നിലവിലുള്ള കമ്മീഷൻ പാക്കേജ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻപ്രകാരം അടിസ്ഥാനകമ്മീഷനായി 18,000 രൂപയും ഭക്ഷ്യധാന്യങ്ങളുടെ വിൽപ്പനയ്ക്ക് ആനുപാതികമായി അധികകമ്മീഷനും ലഭ്യമാകും.

സംസ്ഥാനത്തുടനീളം ഏത് കാർഡുടമയ്ക്കും ഏത് റേഷൻ കടയിൽനിന്നും റേഷൻ വാങ്ങുന്നതിനുള്ള പോർട്ടബിലിറ്റി സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

b. പാചകവാതകവിതരണരംഗത്തെ അപാകങ്ങളും ക്രമക്കേടുകളും പരിഹരിക്കാൻ സംസ്ഥാനസർക്കാർ ഇടപെടും.

പാചകവാതകമേഖലയിലെ പ്രശ്നങ്ങൾ പഠിക്കാനും പരിഹാരം നിർദ്ദേശിക്കാനുമായി രൂപവത്ക്കരിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിൽ നടപടി എടുത്തുവരുന്നു. പാചകവാതക വിതരണരംഗത്തെ അപാകങ്ങളും ക്രമക്കേടുകളും പരിഹരിക്കാൻ സംസ്ഥാനസർക്കാർ ഇടപെടുവരുന്നു.

375 **കേരളത്തെ വിശപ്പില്ലാസംസ്ഥാനമാക്കി മാറ്റും. ആവശ്യമുള്ളവർക്കെല്ലാം ഒരു നേരത്തെ ഊണ സൗജന്യമായി നല്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കും. ആദ്യം പരീക്ഷണാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ നടപ്പിലാക്കും. സ്വകാര്യമേഖലയെക്കൂടി പങ്കെടുപ്പിക്കാനുതകുന്ന നടപടികൾ സ്വീകരിക്കും.**

2018-19 സാമ്പത്തികവർഷം വിശപ്പു രഹിത കേരളം പദ്ധതി സുഭിക്ഷ എന്ന് പുനർനാമകരണം ചെയ്യുകയുണ്ടായി. ഈ പദ്ധതിയ്ക്ക് 2018-19 സാമ്പത്തികവർഷം അനുവദിച്ച തുകയിൽനിന്ന് ഒരുകോടി രൂപവീതം തൃശ്ശൂർ, പത്തനംതിട്ട ജില്ലകൾക്കും, 61 ലക്ഷം രൂപ വീതം കൊല്ലം, കോട്ടയം ജില്ലകൾക്കും ഈ പദ്ധതി ആരംഭിച്ചു കഴിഞ്ഞിരുന്ന ആലപ്പുഴ ജില്ലയ്ക്ക് 20 ലക്ഷം രൂപയും അനുവദിച്ചു. ഇതിനുപുറമേ 10 ലക്ഷം രൂപ ഈ പദ്ധതികളുടെ പ്രചാരണപ്രവർത്തനങ്ങൾക്കായും നീക്കിവച്ചിട്ടുണ്ട്. ഇതിന്റെ ഗുണം അർഹതപ്പെട്ടവർക്ക് ലഭിക്കുന്നതിനായി സംസ്ഥാനതലത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

376 **മിതമായ നിരക്കിൽ മെച്ചപ്പെട്ട ഭക്ഷണം നല്കുന്നതിന് അക്രെഡിറ്റഡ് ഹോട്ടലുകളുടെ ശൃംഖല കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കും.**

പരിഗണനയിലാണ്.

ഇതരസംസ്ഥാനത്തൊഴിലാളികൾ

377 **a. ഇതരസംസ്ഥാനത്തൊഴിലാളികൾക്കയി 2010 ലെ കേരളസർക്കാർ ക്ഷേമപദ്ധതി സമൂലമായി പരിഷ്കരിച്ച് ആകർഷകകമാക്കും.**

കുടിയേറ്റത്തൊഴിലാളി ക്ഷേമപദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളിൽ വർദ്ധന. മരണാനന്തരസഹായം 10,000 രൂപയിൽനിന്നും 25,000 രൂപയായും ജോലിക്കിടയിൽ അപകടമരണം സംഭവിച്ചാൽ അനുവദിക്കുന്ന ധനസഹായം 50,000 രൂപയിൽനിന്നും 2 ലക്ഷം രൂപയായും ഉയർത്തി. പരമാവധി ചികിത്സാസഹായം 2000 രൂപയിൽനിന്ന് 20,000 രൂപയായും കുറഞ്ഞ റിട്ടയർമെന്റ് ആനുകൂല്യം 10,000 രൂപയിൽനിന്ന് 25,000 രൂപയായും പരമാവധി റിട്ടയർമെന്റ് ആനുകൂല്യം 25,000 രൂപയിൽനിന്ന് 50,000 രൂപയായും വർദ്ധിപ്പിച്ചു. സംസ്ഥാനത്തിനകത്ത് മരണപ്പെടുന്ന അതിഥിത്തൊഴിലാളികളുടെ മൃതദേഹം സ്വദേശത്ത് എത്തിക്കുവാൻ 50,000 രൂപ



അതിഥിത്തൊഴിലാളികൾക്കായി പാലക്കാട് കഞ്ചിക്കോട്ട് സംസ്ഥാനസർക്കാർ നിർമ്മിച്ചുനല്കിയ 'അപ്നാ ഘർ' പാർപ്പിടസമുച്ചയം.

വരെ ചിലവഴിക്കുവാൻ ജില്ലാ ലേബർ ഓഫീസർമാർക്ക് അനുമതി നല്കി.

b. കേന്ദ്രസംസ്ഥാനനിയമങ്ങളുടെ ചട്ടക്കൂടിനെ അടിസ്ഥാനമാക്കി, ഇതര സംസ്ഥാനത്തൊഴിലാളികളെ സംബന്ധിച്ച് ഒരു സമഗ്രനിയമനിർമ്മാണം കൊണ്ടുവരും.

ഇതു സംബന്ധിച്ച നടപടി സ്വീകരിച്ചുവരുന്നു.

378 **a. ഇതരസംസ്ഥാനത്തൊഴിലാളികൾക്ക് ന്യായമായ നിരക്കിൽ വൃത്തിയും വെടിപ്പുമുള്ള പാർപ്പിടം നല്കാനാവശ്യമായ സാമൂഹികസുരക്ഷാപദ്ധതി തയ്യാറാക്കും.**

അതിഥിത്തൊഴിലാളികൾക്കായി അപ്ന ഘർ എന്ന പേരിൽ പാർപ്പിടപദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ആദ്യ പ്രോജക്ട് പാലക്കാട് കഞ്ചിക്കോട്ട് പ്രവർത്തനമാരംഭിച്ചു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പദ്ധതിക്കായി സ്ഥലം ഏറ്റെടുത്തു.

b. ആർ.എസ്.ബി.വൈ ദേശവ്യാപകമായി ഉപയോഗിക്കപ്പെടാൻ അവകാശമുള്ള ആരോഗ്യപരിരക്ഷ ആയതിനാൽ ഇവരെ ആരോഗ്യ ഇൻഷ്വറൻസ് വലയത്തിൽ കൊണ്ടുവരും.

അതിഥിത്തൊഴിലാളികൾക്കായി 15,000 രൂപയുടെ സൗജന്യ ചികിത്സയും 2 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസും ഉറപ്പ് നല്കുന്ന ആവാസ് പദ്ധതി നടപ്പിലാക്കി. 52 സർക്കാരാശുപത്രികൾ മുഖേന അഷ്വറൻസ് മാതൃകയിൽ സൗജന്യചികിത്സ ലഭ്യമാക്കി ഇതിനകം 3,73,704 തൊഴിലാളികൾ റജിസ്റ്റർ ചെയ്തു.

വയോജനങ്ങൾ

379 **സാമൂഹികാരോഗ്യ ആശുപത്രി മുതൽ മുകളിലേക്ക് എല്ലാ തട്ടുകളിലും വയോജനങ്ങൾക്കു വേണ്ടിയുള്ള പ്രത്യേക ആരോഗ്യസംവിധാനങ്ങൾ ഉണ്ടാക്കും.**

എല്ലാ ജില്ലകളിലേയും ഒരു പ്രധാന ആശുപത്രിയിൽ വയോജനസൗഹൃദവാർഡുകൾ സജ്ജീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വയോജന ക്ലിനിക്കുകളും പ്രത്യേക ഒ.പി യും മിക്ക ആശുപത്രികളിലും ആരോഗ്യകേന്ദ്രങ്ങളിലും നടപ്പിലാക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത വയോജന ആരോഗ്യ പദ്ധതിയായ നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് കെയർ ഓഫ് എൽഡേർലി യിലൂടെ 5 ജില്ലകളിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ വയോജനവാർഡുകളും സജ്ജീകരിച്ചിട്ടുണ്ട്. ഈ ജില്ലകളിലെ ജില്ലാ ആശുപത്രികളിൽ പ്രത്യേക വയോജന

ഒ.പിയും ഫിസിയോതെറാപ്പി യൂണിറ്റും പ്രവർത്തിച്ചു വരുന്നു.

കൃത്രിമദന്തങ്ങൾ, കൃത്രിമശ്രവണസഹായികൾ തുടങ്ങിയ മുതിർന്ന പൗരരുടെ പ്രധാന ആവശ്യങ്ങൾ ആരോഗ്യവകുപ്പിന്റെ പദ്ധതിയിലൂടെ വിതരണം ചെയ്തിട്ടുണ്ട്. വയോജന ആരോഗ്യ ക്യാമ്പുകളും ക്ലിനിക്കുകളും ഉപജില്ലാതലത്തിൽ സജീവമാണ്.

380 സാന്ത്വനപരിപാലനശൃംഖല സാർവ്വത്രികമാക്കും.

സംസ്ഥാനത്തൊട്ടാകെ സാന്ത്വനപരിപാലനപരിപാടികൾക്കു തുടക്കം കുറിച്ചിട്ടുണ്ട്.

381 a. വയോജനങ്ങൾക്കായുള്ള പകൽവീടുകളുടെ എണ്ണം വർദ്ധിപ്പിക്കും. വിനോദത്തിനും കൂട്ടായ പ്രവർത്തനങ്ങൾക്കും ലഘുഭക്ഷണത്തിനും വേണ്ടിയുള്ള സൗകര്യങ്ങൾ ഇത്തരം കേന്ദ്രങ്ങളിൽ ഉറപ്പുവരുത്തും.

വയോജനങ്ങൾക്കായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടത്തുന്ന പകൽ പരിപാലനകേന്ദ്രങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾക്കു പുറമെ കെയർ ഗിവർമാരുടെ സേവനം, യോഗ, മെഡിറ്റേഷൻ, കൗൺസെലിങ്, വൈദ്യപരിശോധന, പോഷകാഹാരം തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഇവയെ സായംപ്രഭ ഹോമുകളാക്കി മാറ്റുന്ന പദ്ധതി ആരംഭിച്ചു. പ്രാരംഭമായി 70 പകൽവീടുകളെ സായംപ്രഭ ഹോമുകളാക്കി മാറ്റുന്നതിനായി 1.96 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

65 വയസ്സിനു മുകളിൽ പ്രായമുള്ള പൗരർക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യചികിത്സ, സൗജന്യമരുന്ന്, കൗൺസിലിംഗ് എന്നിവ നല്കുന്ന വയോമിത്രം പദ്ധതി മുഴുവൻ നഗരപ്രദേശങ്ങളിലും നടപ്പിലാക്കി. അടുത്ത ഘട്ടം എന്ന നിലയിൽ മുഴുവൻ ബ്ലോക്ക് പഞ്ചായത്തുകളിലും നടപ്പാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിൽ ആരംഭിച്ചു.

സാമൂഹികനീതിവകുപ്പിലെ ചുമതലയിൽ പതിനാറ് ഗവൺമെന്റ് വൃദ്ധസദനങ്ങൾ ആണ് ഉള്ളത്. വൃദ്ധസദനങ്ങളെ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ പ്രാരംഭ ഘട്ടം എന്ന നിലയിൽ കണ്ണൂർ ജില്ലയിലെ ഗവൺമെൻറ് വൃദ്ധസദനത്തെ തെരഞ്ഞെടുക്കുകയും സെക്കൻഡ് ഇന്നിംഗ്സ് പ്രോജക്ട് എന്ന പേരിൽ മോഡൽ ഓൾഡ് ഏജ് ഹോം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

പല്ലുകൾ നഷ്ടപ്പെട്ട 60 വയസ്സ് കഴിഞ്ഞ വായോജനങ്ങൾക്ക് കൃത്രിമദന്തനിര നല്കുന്ന മന്ദഹാസം പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ 60 വയസ്സ് കഴിഞ്ഞ ബി. പി. എൽ വിഭാഗത്തിൽപ്പെട്ട മുതിർന്ന പൗരർക്ക് സൗജന്യമായി ഗ്ലൂക്കോമീറ്റർ നല്കുന്ന പദ്ധതി പ്രകാരം 14,000 പേർക്ക് ഇതിനകം വിതരണം പൂർത്തിയായി.

b. വയോജനങ്ങളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് സമഗ്രമായപഠനം നടത്തി പ്രശ്നങ്ങൾ പരിഹരിക്കാൻ ഇടപെടും.

സ്വകാര്യവൃദ്ധസദനങ്ങളിലെ പ്രശ്നങ്ങൾ പഠിക്കാൻ റിട്ട യേർഡ് ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ അദ്ധ്യക്ഷനായി രൂപവത്ക്കരിച്ച ഉന്നതസമിതി റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിലെ ശുപാർശകൾ പഠിച്ച് നടപ്പാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

ട്രാൻസ്ജെൻഡർ വിഭാഗം

382 ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ മേഖലകളിൽ ട്രാൻസ്ജെൻഡറിനു പ്രത്യേക പരിഗണന നല്കാൻ ഉതകുന്ന നിലയിലുള്ള ട്രാൻസ്ജെൻഡർ പോളിസി നടപ്പിലാക്കും.

ട്രാൻസ്ജെൻഡറുകൾക്കായി സംസ്ഥാനത്തു നയം രൂപവത്ക്കരിച്ചിട്ടുണ്ട്. ട്രാൻസ്ജെൻഡറുകൾക്ക് ഐ.ഡി കാർഡ് വിതരണം, സ്കോളർഷിപ്പ്, തുടർവിദ്യാഭ്യാസം, ഡ്രൈവിങ് പരിശീലനം, നൈപുണ്യവികസനപരിശീലനം തുടങ്ങിയ വിവിധ ക്ഷേമ, പുനരധിവാസപദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. ട്രാൻസ്ജെൻഡർ സെൽ രൂപവത്ക്കരിച്ചു. ട്രാൻസ്ജെൻഡർമാർക്ക് പ്രത്യേകം ഒ.പി. സംവിധാനം കോട്ടയം മെഡിക്കൽ കോളെജിൽ നടപ്പിലാക്കി. ബോധവൽക്കരണപരിപാടിയുടെ ഭാഗമായി 43 ശില്പശാലകൾ നടത്താനും തീരുമാനിച്ചിട്ടുണ്ട്. ട്രാൻസ്ജെൻഡർ ക്ഷേമപദ്ധതികൾ നടപ്പിലാക്കാൻ 10 കോടി രൂപ നടപ്പു സാമ്പത്തികവർഷം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ട്രാൻസ്ജെൻഡർസമൂഹത്തിന്റെ സമഗ്രപുരോഗതിക്കായി മഴവില്ല് പദ്ധതിക്ക് 2018 മെയ് 16ന് തുടക്കം കുറിച്ചു. ട്രാൻസ്ജെൻഡർ സെൽ രൂപവത്ക്കരിച്ച് പദ്ധതി പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടപ്പാക്കിവരുന്നു.

ലിംഗമാറ്റശസ്ത്രക്രിയയ്ക്ക് 2 ലക്ഷം രൂപ വരെ സഹായം നല്കുന്നു. ശസ്ത്രക്രിയ കഴിഞ്ഞവർക്ക് പ്രതിമാസം 3000 രൂപ വീതം തുടർചികിത്സയ്ക്കും ആരോഗ്യസംരക്ഷണത്തിനുമായി ഒരു വർഷത്തേക്ക് നല്കിവരുന്നു.

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് മൂന്നു ലക്ഷം രൂപ വരെ കുറഞ്ഞ പലിശനിരക്കിൽ വായ്പ നല്കുന്ന പദ്ധതി വനിതാ വികസന കോർപറേഷൻ മുഖേന നടപ്പിലാക്കിവരുന്നു. ട്രാൻ

സ്ജെൻഡർ വ്യക്തികൾക്ക് (ട്രാൻസ്മെൻ, ട്രാൻസ് വുമൺ) ഹ്രസ്വകാലതാമസത്തിനായി തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ ഷോർട്ട് സ്റ്റേ ഹോമുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സംസ്ഥാനത്തെ ഗവൺമെന്റ്, എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളെജുകളിൽ ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക് 2 സീറ്റ് അധികമായി അനുവദിച്ചു ഉത്തരവായി. ഇന്ത്യയിലാദ്യമായി Transgenderസഹകരണ സംഘം രൂപീകരിച്ചു.

ഭിന്നശേഷിക്കാർ

383 **a. ബഡ്സ് സ്കൂളുകൾക്കുള്ള സംസ്ഥാനസർക്കാരിന്റെ ധനസഹായം ഗണ്യമായി ഉയർത്തും. അദ്ധ്യാപകർക്കുള്ള വേതനം ഉയർത്തും.**

SCERT പുതുതായി ആരംഭിച്ച പാഠ്യപദ്ധതിയനുസരിച്ച് കേരളത്തിലെ മുഴുവൻ ബഡ്സ് സ്കൂളുകളിലെയും എം.ആർ സ്പെഷ്യൽ സ്കൂളുകളിലെയും അദ്ധ്യാപകർക്കു പരിശീലനം നല്കുന്ന പദ്ധതിക്ക് 14 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

b. ഓട്ടിസം ബാധിച്ച മുഴുവൻ കുട്ടികൾക്കും സാമൂഹികപരിചരണം ഉറപ്പുവരുത്തും.

ഓട്ടിസം ബാധിച്ച കുട്ടികൾക്ക് നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരമുള്ള നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. ഓട്ടിസം സ്പെക്ട്രം ഡിസോർഡർ ബാധിച്ചകുട്ടികളുടെവിവിധപുനരധിവാസപരിപാടികൾ സാമൂഹികസുരക്ഷാമിഷൻ മുഖേന നടപ്പിലാക്കിവരുന്നു.

ഓട്ടിസം ബാധിതരുടെ സമഗ്രപരിരക്ഷക്കായി അനുയാത്ര പദ്ധതിയുടെ ഭാഗമായി രൂപവത്ക്കരിക്കപ്പെട്ട നിരവധി ഘടകങ്ങൾ ഉൾപ്പെടുന്ന പദ്ധതിയാണ് 'സ്പെക്ട്രം'. ഇതിന്റെ ഭാഗമായി 5 മെഡിക്കൽ കോളെജുകളിൽ ഓട്ടിസം സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു. കൂടാതെ അന്തർദേശിയ നിലവാരത്തിലുള്ള ഗവേഷണ സൗകര്യത്തോടുകൂടിയ ഓട്ടിസം റീഹാബിലിറ്റേഷൻ ആൻഡ് റീസേർച്ച് സെന്റർ NIPMRൽ ആരംഭിച്ചു.

കോഴിക്കോട് മെഡിക്കൽ കോളെജിൽ ഓട്ടിസം സെന്റർ സ്ഥാപിക്കാൻ 26.56 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

c. അർഹതയുള്ള എല്ലാ സ്പെഷ്യൽ സ്കൂളുകളെയും എയ്ഡഡ് സ്കൂളുകളായി മാറ്റും. മറ്റുള്ള സ്ഥാപനങ്ങൾക്കു പ്രത്യേകധനസഹായവും സർക്കാർ നല്കും.

നൂറു കുട്ടികൾക്കു മുകളിൽ ഉള്ള സ്പെഷ്യൽ സ്കൂളുകളെ 'എ' ഗ്രേഡ് ആയും 50 കുട്ടികൾക്കു മുകളിൽ ഉള്ള സ്പെഷ്യൽ സ്കൂളുകളെ 'ബി' ഗ്രേഡ് ആയും 25 കുട്ടികൾക്ക് മുകളിൽ ഉള്ള സ്പെഷ്യൽ സ്കൂളുകളെ 'സി' ഗ്രേഡ് ആയും തരംതിരിച്ച് ധനസഹായം നല്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മാനദണ്ഡങ്ങൾക്കു വിധേയമായി 'എ' ഗ്രേഡ് സ്കൂളുകൾക്ക് പരമാവധി 83.05 ലക്ഷം, 'ബി' ഗ്രേഡ് സ്കൂളുകൾക്ക് പരമാവധി 51.55 ലക്ഷം, 'സി' ഗ്രേഡ് സ്കൂളുകൾക്ക് 19.48 ലക്ഷം രൂപയാണ് ഗ്രാന്റായി ഒരു വർഷത്തേക്ക് അനുവദിക്കുക.

384 **a. വികലാംഗകോർപ്പറേഷൻ പുനഃസംഘടിപ്പിക്കും. ജില്ലാകേന്ദ്രങ്ങളിൽ ഓഫീസ് അനുവദിക്കും.**

വികലാംഗക്ഷേമകോർപറേഷൻ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. കോർപറേഷന് തിരുവന്തപുരത്തിനു പുറമെ കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിലാണ് ഓഫീസുകൾ ഉണ്ടായിരുന്നത്. നടപ്പു വർഷം കണ്ണൂർ, പാലക്കാട്, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ ഓഫീസുകൾ ആരംഭിക്കുന്നതിനു ഭരണാനുമതി നല്കിയിട്ടുണ്ട് പ്രവർത്തനം നടക്കുന്നു.

ഭിന്നശേഷിനയം നടപ്പിലാക്കിയതിൽ മികവ് പുലർത്തിയ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കേന്ദ്രസർക്കാർ സാമൂഹികനീതിവകുപ്പ് ദേശീയ അവാർഡ് നല്കിവരുന്നു. 2018-ലെ ദേശീയ അവാർഡ് കേരള സംസ്ഥാന വികലാംഗ കോർപറേഷന് ലഭിച്ചിട്ടുണ്ട്, സംസ്ഥാനത്തിന് ഇതുപോലൊരു അവാർഡ് ലഭിക്കുന്നത് ആദ്യമായാണ്.

കേരളത്തിലെ ചലനപരിമിതി ഉള്ള 2.63 ലക്ഷം പേർക്ക് മുച്ചക്രവാഹനം, ഇലക്ട്രോണിക് വീൽ ചെയർ എന്നിവ വിതരണം ചെയ്യുന്ന 'ശ്രുതയാത്ര' പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ആയിരത്തോളം സഹായ ഉപകരണങ്ങൾ വിതരണം ചെയ്തു, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ALIMCO-യുമായി സഹകരിച്ച് സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ ക്യാമ്പുകൾ നടത്തി ഭിന്നശേഷിക്കാർക്ക് വിവിധ സഹായ ഉപകരണങ്ങൾ വിതരണം ചെയ്തു.

ഭിന്നശേഷികരായ 12 വയസ്സുവരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും 20,000 രൂപ സ്ഥിര നിക്ഷേപം നല്കുന്ന പദ്ധതിയായ 'ഹസ്തദാനം' നടപ്പാക്കിവരുന്നു.

ഈടു വച്ച് ലോൺ എടുക്കാൻ കഴിയാത്ത നിർധനരായ ഭിന്നശേഷിക്കാർക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനായി 25,000 രൂപ വരെ ധനസഹായം നല്കുന്ന ആശ്വാസം പദ്ധതിക്ക് ഒരു കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്.

കാഴ്ചവൈകല്യമുള്ള ആയിരം പേർക്ക് വോയ്സ് എൻ

ഹാൻസ് സോഫ്റ്റ്വെയറോടു കൂടിയ സ്മാർട്ട് ഫോൺ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഭിന്നശേഷിക്കാർക്കുള്ള ഉപകരണനിർമ്മാണ കേന്ദ്രം (MRST സെന്റർ) ആധുനികീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് 200 ലക്ഷം രൂപ അനുവദിച്ചു.

b. ഇതുപോലെതന്നെ സാമൂഹികസുരക്ഷാമിഷനും സമൂലമായ പുനഃസംഘാടനത്തിനു വിധേയമാക്കും.

കേരള സാമൂഹികസുരക്ഷാ മിഷൻ പ്രവർത്തനങ്ങൾ പുനഃസംഘടിപ്പിച്ച് സേവനം താഴെത്തട്ടിൽ സമയബന്ധിതമായി എല്ലാ ഗുണഭോക്താക്കൾക്കും എത്തിച്ചുനല്കാനുള്ള തുടർനടപടികൾ മിഷൻ സ്വീകരിക്കും.

65 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യചികിത്സ, സൗജന്യമരുന്ന്, കൗൺസിലിംഗ് എന്നിവ നല്കുന്ന വയോമിത്രം പദ്ധതി മുഴുവൻ നഗരപ്രദേശങ്ങളിലും നടപ്പിലാക്കി. അടുത്ത ഘട്ടം എന്ന നിലയിൽ മുഴുവൻ ബ്ലോക്ക് പഞ്ചായത്തുകളിലും നടപ്പാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിൽ ആരംഭിച്ചു.

മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ : മാനസിക വൈകല്യമുള്ള പലർക്കും പ്രത്യേകിച്ച് കുട്ടികൾക്ക് ഇതുമായി ബന്ധപ്പെട്ട സേവനങ്ങൾ നല്കുന്ന കേന്ദ്രങ്ങളിൽ എത്തിപ്പെടാൻ കഴിയാത്ത അവസ്ഥയുണ്ട് ഇവർക്ക് താമസിക്കുന്ന പ്രദേശത്തു സേവനങ്ങൾ എത്തിച്ചു കൊടുക്കുന്ന പദ്ധതിയാണിത്. സംസ്ഥാനത്താകമാനം നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതി കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ആരംഭിച്ചു.

വൈകല്യങ്ങൾ ബാധിച്ച കുട്ടികൾക്ക് പ്രത്യേക പരിചരണം നല്കുന്നതിന്റെ ഭാഗമായി സ്പെഷ്യൽ അങ്കണവാടി പൈലറ്റ് പ്രൊജക്ട് കോഴിക്കോട് ജില്ലയിൽ ചെയ്തു വരുന്നു.

കേരളത്തെ അംഗപരിമിതസൗഹാർദ്ദസംസ്ഥാനമാക്കിയെടുക്കുക എന്ന ലക്ഷ്യത്തോടെ അംഗപരിമിത പരിപാലനമേഖലയിലെ അന്താരാഷ്ട്രകാഴ്ചപ്പാടുകൾക്കനുസൃതമായുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി 'അനുയാത്ര' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പ്രാഥമികപ്രതിരോധപ്രവർത്തനങ്ങൾ മുതൽ സുസ്ഥിരമായ പുനരധിവാസം വരെയുള്ള 25 പദ്ധതികൾ നടപ്പാക്കുന്നു.

ടൈപ്പ് വൺ പ്രമേഹരോഗം ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്രപരിരക്ഷ നല്കുന്നതിന് സാമൂഹിക സുരക്ഷാ മിഷൻ 'മിഠായി' പദ്ധതി നടപ്പിലാക്കുന്നു.

ശ്രുതിതരംഗം പദ്ധതി തുടങ്ങുന്നതിനുമുമ്പ് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികൾക്ക് സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്യുന്നതിന് 'ധ്വനി' പദ്ധതി നടപ്പാക്കി.

c. ഓർഫനേജുകൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കും.

ഓർഫനേജുകൾക്കുള്ള ധനസഹായം 1100 രൂപയായി വർദ്ധിപ്പിച്ചു.

385 കെ.എസ്.ആർ.ടി.സി, ജില്ലാ ആശുപത്രി, കളക്ടേറ്റ്, താലൂക്ക് ഓഫീസ്, സിവിൽ സ്റ്റേഷൻ തുടങ്ങിയ സ്ഥാപനങ്ങളിൽ വികലാംഗർക്കു ബങ്കുവച്ചു തൊഴിൽ നടത്താൻ അനുമതി നല്കും.

വികലാംഗക്ഷേമകോർപറേഷൻ ജാമ്യമില്ലാതെ 25,000 രൂപവരെ സ്വയംതൊഴിൽവായ്പയായി 5 ശതമാനം പലിശനിരക്കിൽ മൂന്നുവർഷത്തേക്കു നല്കുന്നു. ബങ്കുകൾ വച്ചു നടത്താവുന്ന ചെറുകച്ചവടം മുതൽ നിർമ്മാണയൂണിറ്റുകൾവരെ നടത്താനാണു ലോൺ നല്കിവരുന്നത്.

386 സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ വികലാംഗരുടെ സംവരണം പൂർണ്ണമായും നടപ്പിലാക്കും.

മൂന്നുശതമാനം സംവരണം എന്നത് നാലുശതമാനം ആയി ഉയർത്തേണ്ട നടപടികൾ പുരോഗമിക്കുന്നു. എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷിക്കാർക്കു നാലുശതമാനം സംവരണം ഏർപ്പെടുത്തികൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. അതിനായുള്ള കെ.ഇ.ആർ ഭേദഗതി പുരോഗമിക്കുന്നു.

പട്ടികജാതിക്ഷേമം

387 പട്ടികജാതിക്കാരുടെ ഭൂവുടമസ്ഥത മെച്ചപ്പെടുത്താൻ കഴിയാവുന്ന എല്ലാ നടപടികളും കൈക്കൊള്ളണം. ഇതിനായി ഓരോ പ്രദേശത്തും ലഭ്യമായ പുറമ്പോക്കുഭൂമി, മിച്ചഭൂമി എന്നിവ 22,000ത്തോളം വരുന്ന ഭൂരഹിതകുടുംങ്ങൾക്ക് അടിയന്തരമായി വിതരണം ചെയ്യും. എല്ലാവർക്കും കിടപ്പാടമെങ്കിലും ഉറപ്പുവരുത്തും.

ഭൂരഹിതർക്ക് വാസസ്ഥലം ഒരുക്കുന്നതിന് ലൈഫ് മിഷന്റെ മൂന്നാം ഘട്ടത്തിൽ ഫ്ലാറ്റുകൾ നിർമ്മിച്ചു വരികയാണ്. ഈ പദ്ധതിയുടെ മുൻഗണനാമാനദണ്ഡങ്ങളിൽ മുന്തിയ പരിഗണനയാണ് പട്ടികജാതിവിഭാഗത്തിന് നല്കിയിരിക്കുന്നത്. പട്ടികജാതിക്കാർ കൈവശം വെച്ചു വരുന്ന പുറംപോക്ക് ഭൂമിയിൽ പട്ടയം നല്കുന്നതിന് ചിലയിടങ്ങളിൽ കഴിഞ്ഞിട്ടുണ്ട്.

388 **തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, പട്ടികജാതി വികസനവകുപ്പ് എന്നിവ ഭൂമിവാങ്ങാൻ ധനസഹായം നല്കുന്ന പദ്ധതികളിൽ പട്ടികജാതി കുടുംബങ്ങൾക്ക് തങ്ങൾക്കിഷ്ടമുള്ള പ്രദേശത്ത് ഭൂമി കണ്ടുപിടിക്കാൻ സ്വാതന്ത്ര്യം നല്കും. അതത് തദ്ദേശഭരണസ്ഥാപനത്തിന്റെ പരിധിയിൽ കണ്ടുപിടിക്കുന്ന ഭൂമിയുടെ വിപണിവില അവർക്ക് ധനസഹായമായി നല്കും.**

പട്ടികജാതിവികസനവകുപ്പ് കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ 12,952 ഭൂരഹിതകുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനുള്ള സ്ഥലം വാങ്ങുവാൻ സഹായം നല്കിയിട്ടുണ്ട്. ലൈഫ് മിഷന്റെ ഭാഗമായി നടത്തുന്ന ഈ പ്രവർത്തനം രണ്ട് വർഷംകൊണ്ട് പൂർത്തീകരിക്കാൻ കഴിയും. അതീവദുർബ്ബലവിഭാഗങ്ങളിൽപ്പെട്ട 120 കുടുംബങ്ങൾക്കു കൂടി സ്ഥലം വാങ്ങുവാൻ സഹായം അനുവദിച്ചു.

389 **നിലവിലുള്ള വീടുകളിൽ പഠിക്കുന്ന കുട്ടികൾ ഉണ്ടെങ്കിൽ അവർക്ക് സ്വന്തമായ ഒരു പഠനമുറി വീടിന്റെ ഭാഗമായി പുതുതായി നിർമ്മിക്കാൻ ധനസഹായം നല്കും.**

11,196 പഠനമുറികൾ നിർമ്മിക്കുവാൻ അനുമതി നല്കി. 4342 എണ്ണം പൂർത്തിയായി. മറ്റുള്ളവയുടെ നിർമ്മാണം പുരോഗതിയിലാണ്.

390 **ഓരോ ആവാസസങ്കേതത്തിനും മിനിമം വേണ്ടുന്ന അടിസ്ഥാനസൗകര്യങ്ങൾ നിശ്ചയിക്കും. ഇതിനുപുറമേ ഓരോ പ്രദേശത്തിന്റെയും പ്രത്യേകത കണക്കിലെടുത്ത് വെള്ളക്കെട്ട് ഒഴിവാക്കൽ തുടങ്ങി അധികമായി വേണ്ടുന്ന സൗകര്യങ്ങൾകൂടി നിർണ്ണയിക്കും. ഇവ ഒരു പാക്കേജായി മുഴുവൻ സങ്കേതങ്ങളിലും അഞ്ചുവർഷംകൊണ്ട് ലഭ്യമാക്കാൻ പ്രത്യേക പരിപാടി തയ്യാറാക്കും.**

40 പട്ടികജാതി കുടുംബങ്ങളെങ്കിലും ഉള്ള 280 സങ്കേതങ്ങളുടെ സമഗ്രവികസനത്തിനായി അംബേദ്കർ ഗ്രാമവികസനപദ്ധതി നടപ്പാക്കിവരുന്നു. 5 സങ്കേതങ്ങളിലെ പ്രവർത്തനം പൂർത്തിയായി. മുൻസർക്കാർ പാതിവഴിയിൽ ഉപേക്ഷിച്ചിരുന്ന 104 സങ്കേതങ്ങളിലെ വികസനപരിപാടികൾ പൂർത്തിയാക്കി.

391 **പട്ടികജാതിവിദ്യാർത്ഥികൾക്കിടയിൽ തോൽവിയുടെയും കൊഴിഞ്ഞുപോക്കിന്റെയും നിരക്ക് കൂടുതലാണെന്ന കാര്യം കണക്കിലെടുത്ത് ഇതു പരിഹരിക്കാൻ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് സ്കൂളുകളിൽത്തന്നെ പ്രത്യേക പരിശീലനം തുടർച്ചയായി നല്കുന്നതിനു സൗകര്യം ഉണ്ടാക്കും. ഇതോടൊപ്പം 25ൽ കൂടുതൽ പട്ടികജാതി കുടുംബങ്ങൾ പാർക്കുന്ന സങ്കേതങ്ങൾ കേന്ദ്രീകരിച്ച് പട്ടികജാതിവിദ്യാർത്ഥികൾക്ക് ഗൃഹാന്തരീക്ഷത്തിൽനിന്നു മാറി പഠിക്കാനുള്ള പഠനവീട് പദ്ധതി ആവശ്യമുള്ളിടങ്ങളിൽ ആവിഷ്കരിക്കും.**

പൊതുവിദ്യാലയങ്ങളുടെ നിലവാരത്തിലുണ്ടായ ഉയർച്ച കൊഴിഞ്ഞുപോക്ക് കുറയുവാൻ കാരണമായിട്ടുണ്ട്. വിസ്തൃതി കുറഞ്ഞ വീടുകളോട് അനുബന്ധിച്ച് മേശ, കസേര, അലമാര, ഫാൻ, പേഴ്സണൽ കമ്പ്യൂട്ടർ മുതലായ എല്ലാ സൗകര്യങ്ങളുമുള്ള പഠനമുറികൾ നിർമ്മിക്കുവാൻ ഒരു കുടുംബത്തിന് രണ്ട് ലക്ഷം രൂപ വീതം ധനസഹായം നല്കുന്ന പഠനമുറി എന്ന പദ്ധതി ആരംഭിച്ചു. വൾനറബിൾ ഗ്രൂപ്പിൽപ്പെട്ട അരുന്ധതിയാർ, ചക്ലിയർ, വേടൻ, നായാടി, കള്ളാടി വിഭാഗക്കാരുടെ സങ്കേതങ്ങളിൽ അർഹമായ എല്ലാ വീടുകളോടും ചേർന്ന് പഠനമുറികൾ നിർമ്മിക്കുവാൻ അനുമതി നല്കിയിട്ടുണ്ട്.

392 **പട്ടികജാതിക്കുട്ടികൾക്കുവേണ്ടിയുള്ള പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളെ ആധുനികീകരിക്കും. താമസസൗകര്യവും ഭക്ഷണവും മികച്ചതാക്കുക മാത്രമല്ല, ഹോസ്റ്റലുകളിൽ കമ്പ്യൂട്ടർ ലാബ്, മുറികളിൽ ഇന്റർനെറ്റ് സംവിധാനം എന്നിവ ഉറപ്പുവരുത്തും. പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ കാര്യത്തിൽ കുട്ടികളുടെ പഠനസഹായത്തിന് 20 കുട്ടികൾക്ക് ഒന്ന് എന്ന തോതിലെങ്കിലും ട്യൂട്ടർമാരെ നിയമിക്കും. ഇവയുടെ നടത്തിപ്പിന്റെ ഉത്തരവാദിത്വം ജില്ലാപഞ്ചായത്തുകൾക്കായിരിക്കും. ജില്ലാപഞ്ചായത്ത് സോഷ്യൽ ഓഡിറ്റ് സമിതിയെ നിശ്ചയിച്ച് മൂന്നുമാസത്തിലൊരിക്കൽ പ്രവർത്തനം വിലയിരുത്തി ആവശ്യമായ തിരുത്തലുകൾ വരുത്തും.**

മുൻവർഷം പൂർത്തീകരിച്ചു.

393 **a. പട്ടികജാതിവിദ്യാർത്ഥികൾക്കു വേണ്ടിയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ മൾട്ടിമീഡിയ സൗകര്യങ്ങളുള്ള സ്മാർട് ക്ലാസ്റൂം, കളിസ്ഥലം, പോഷകസമൃദ്ധമായ ഭക്ഷണം എന്നിവ ഉറപ്പുവരുത്തും. ഹൈസ്കൂൾതലം മുതൽ കുട്ടികൾക്ക് സ്വന്തമായി കമ്പ്യൂട്ടറുകളും ലഭ്യമാക്കും.**

പുതിയ എംആർഎസിനുള്ള കെട്ടിടം കണ്ണൂർ ജില്ലയിലെ പെരിങ്ങോം എന്ന സ്ഥലത്ത് കിഫ്ബി മുഖേന ആരംഭിച്ചു. നിലവിലുള്ള 9 എംആർഎസുകളിൽ 8 സ്ഥലത്ത് സ്മാർട് ക്ലാസ് റൂം സ്ഥാപിച്ചു. കളിസ്ഥലം ഉണ്ട്. പോഷകസമൃദ്ധമായ ഭക്ഷണം നല്കുന്നുണ്ട്. കമ്പ്യൂട്ടർ പഠനസൗകര്യം ഉണ്ട്. ഓരോ കുട്ടിക്കും കമ്പ്യൂട്ടർ നല്കുന്നത് പരിഗണിക്കും.

b. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പിന് സ്കൂൾ മാനേജ്മെന്റ് സമിതികൾ രൂപവത്കരിക്കും.

മാനേജ്മെന്റ് കമ്മിറ്റി, പിടിഎ, എക്സിക്യൂട്ടീവ് കമ്മി

റ്റി എന്നിവ നിലവിലുണ്ട്.

394 **a. പട്ടികജാതിവിദ്യാർത്ഥികൾക്കു നല്കുന്ന പഠന ധനസഹായം പ്രൈമറി, അഫർപ്രൈമറി തലങ്ങളിൽ മാസത്തിൽ 750 രൂപയും ഹൈസ്കൂൾ, ഹയർ സക്കെൻഡറി തലങ്ങളിൽ 1000 രൂപയും ആക്കി വർദ്ധിപ്പിക്കും. ഓരോ മൂന്നു വർഷം കൂടുമ്പോഴും ജീവിതച്ചെലവുകൾക്കനുസരിച്ച് തുക പുതുക്കി നിശ്ചയിക്കും.**

പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് എല്ലാ ക്ലാസുകൾക്കും (1 മുതൽ 8 വരെ) 2000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. 9, 10 ക്ലാസുകളിലെ കുട്ടികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് ലഭിച്ചുവരുന്നുണ്ട്.

b. ബിരുദബിരുദാനന്തരതലത്തിലുള്ള വിദ്യാർത്ഥികൾക്കു കോളെജ് ഹോസ്റ്റലിൽ താമസിക്കാൻ ചുരുങ്ങിയത് 3000 രൂപ സ്റ്റൈപ്പന്റ് നല്കും. കോളെജു വിദ്യാർത്ഥികൾക്കു സ്വന്തമായി കമ്പ്യൂട്ടർ നല്കും.

കോളെജ് ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾക്ക് അനുവദിച്ചിരുന്ന ഗ്രാന്റ് 3500 രൂപയിൽനിന്നു 4500 രൂപയായി ഉയർത്തി. തിരുവനന്തപുരത്തെ ഹോസ്റ്റലുകളിലെ തിരക്ക് പരിഗണിച്ച് സ്വകാര്യഹോസ്റ്റലുകളിൽ താമസിക്കുന്നതിന് 200 വിദ്യാർത്ഥികൾക്ക് പ്രത്യേക സഹായമായി 4500 രൂപ നല്കുന്ന പദ്ധതി ആരംഭിച്ചു. തദ്ദേശഭരണസ്ഥാപനങ്ങൾ മുഖേന എല്ലാ ബിരുദവിദ്യാർത്ഥികൾക്കും ലാപ്ടോപ് നല്കുന്നുണ്ട്. പ്രൊഫഷണൽ ബിരുദ-ബിരുദാനന്തരപഠനത്തിന് പട്ടികജാതി വകുപ്പും ലാപ്ടോപ് അനുവദിച്ചുവരുന്നുണ്ട്.

395 **പട്ടികജാതിവിദ്യാർത്ഥികളിൽ തോൽവിമൂലം പഠനം നിർത്തുന്ന നല്ലൊരു ഭാഗം പ്രൊഫഷണൽ വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേക ഫിനിഷിങ് സ്കൂളുകൾ ആരംഭിക്കും.**

ബി.ടെക് തോറ്റ കുട്ടികൾക്ക് ഡിഗ്രി പരീക്ഷ വീണ്ടുമെഴുതുന്നതിന് കോച്ചിംഗ് നല്കുവാൻ ഇതിനോടകം ആരംഭിച്ച പദ്ധതി തുടർന്നുവരുന്നു.

396 **പ്രൊഫഷണൽ കോളെജുകളിൽ പഠിക്കുന്ന പട്ടികജാതി, ആദിവാസി കുട്ടികൾക്ക് സൗജന്യമായി ലാപ്ടോപ്പുകൾ ലഭ്യമാക്കും. മിടുക്കരായ മറ്റു സർവ്വകലാശാലാവിദ്യാർത്ഥികൾക്കും ഇതേ ആനുകൂല്യം ലഭിക്കും.**

തദ്ദേശഭരണ സ്ഥാപനങ്ങളും പട്ടികജാതിവികസന വകുപ്പും പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ സർക്കാർ വന്നശേഷം എംബിബിഎസ്, ബിഎഎംഎസ്, ബിഎച്ച്എംഎസ്, ബിഡിഎസ്, കമ്പ്യൂട്ടർ/ഇലക്ട്രോണിക്സ് വിഷയങ്ങളിലെ ഡിഗ്രികൾ, എംബിഎ എന്നീ കോഴ്സുകൾക്ക് പുതുതായി ഈ ആനുകൂല്യം ലഭ്യമാക്കി.

397 **സംഘടിതമേഖലയിൽ ജോലിയുള്ളവർ ഒഴികെയുള്ള മുഴുവൻ പട്ടികജാതികുടുംബങ്ങളെയും ബിപിഎൽ ആയി കണക്കാക്കി റേഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കും.**

നടപടി എടുത്തുവരുന്നു.

398 **പ്രാദേശികസർക്കാരുകളുടെ പട്ടികജാതിക്കാർക്കായുള്ള പ്രത്യേക പദ്ധതികൾ കഴിഞ്ഞ ഒന്നര പതിറ്റാണ്ടു കാലത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഒരു സമഗ്രവിലയിരുത്തിലിനു വിധേയമാക്കി മാർഗ്ഗരേഖകൾ കാലാനുസൃതമായി പരിഷ്കരിക്കും.**

പഠനം നടത്തുവാൻ ചുമതലപ്പെടുത്തിയ GIFT-ന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കും.

399 **പ്രാദേശികസർക്കാരുകൾക്ക് തങ്ങളുടെ പ്രദേശത്തെ ഓരോ പട്ടികജാതികുടുംബത്തിനും പ്രത്യേക പരിഗണന നല്കുന്ന തരത്തിൽ കുടുംബാധിഷ്ഠിതസമീപനം പട്ടികജാതിവികസന പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കും. പട്ടികജാതിവികസനപദ്ധതികൾ ആസൂത്രണം ചെയ്യാൻ വർഷത്തിലൊരിക്കൽ പഞ്ചായത്ത്/മുനിസിപ്പൽ തലത്തിൽ പട്ടികജാതിക്കാരുടെ പ്രത്യേക ഗ്രാമസഭകൾ വിളിച്ചുചേർക്കും.**

ഓരോ കുടുംബത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, തൊഴിലും വിദ്യാഭ്യാസവും ലഭ്യമാക്കുക എന്നതിന് പ്രാധാന്യം നല്കുന്ന സമഗ്രവികസന പദ്ധതികൾ ആവിഷ്കരിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

400 **എല്ലാ ജില്ലയിലും പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമനിരോധനനിയമപ്രകാരമുള്ള കേസുകൾ കൈകാര്യം ചെയ്യാൻ പ്രത്യേക കോടതികൾ സ്ഥാപിക്കും.**

നിലവിൽ നാല് ജില്ലകളിൽ മാത്രമാണ് പ്രത്യേകകോടതികളുള്ളത്. സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നതിനൊപ്പം പുതിയ കോടതികൾ സ്ഥാപിക്കുന്ന പരിഗണനാലിസ്റ്റിൽ ഈ പ്രത്യേക കോടതികൾ ഉൾപ്പെടുത്തും.

401 **a. എല്ലാ ജില്ലയിലും പട്ടികജാതി-പട്ടികവർഗ്ഗ വ്യവസായസംരംഭകർക്കു പുതിയ വ്യവസായസംരംഭങ്ങൾ തുടങ്ങാൻ പ്രത്യേക സാമ്പത്തികപാക്കേജ് നടപ്പിലാക്കും.**

സ്റ്റാർട്ട് അപ്പുകൾ ആരംഭിക്കുന്നതിന് പട്ടികജാതി വികസനവകുപ്പ് സ്റ്റാർട്ട്അപ് ഡ്രീംസ് എന്ന പ്രൊജക്ട് ആരംഭിച്ചിട്ടുണ്ട്. ഈ സർക്കാർ വന്ന ശേഷം പട്ടികജാതി

പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ കീഴിലും സ്റ്റാർട്ട് അപ്പുകൾ ആരംഭിക്കുന്നതിന് 50 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്ന പദ്ധതി തുടങ്ങിയിട്ടുണ്ട്. 28,375 പേർക്ക് വിവിധ മേഖലകളിലായി തൊഴിൽ നല്കി.

b. പട്ടികജാതി-പട്ടികവർഗ്ഗ സ്റ്റാർട്ടപ്പുകൾ എല്ലാ ജില്ലയിലും ആരംഭിക്കാൻ പദ്ധതികൾ തയ്യാറാക്കും.

സ്റ്റാർട്ട് അപ് മിഷന്റെ കീഴിൽ സ്റ്റാർട്ട് അപ് ഡ്രീംസ് എന്ന പദ്ധതി നടന്നുവരുന്നു.

പട്ടികവർഗ്ഗക്ഷേമം

402 **a. ആദിവാസിയൂരുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് 34 ഊരുകളുടെ ക്ലസ്റ്റർ അടിസ്ഥാനത്തിൽപദ്ധതികൾക്ക് രൂപംനല്കും.**

ആദിവാസി ഊരുകളുടെ അടിസ്ഥാനസൗകര്യ വികസനം നടപ്പിലാക്കുന്നതിനായി അംബേദ്കർ സെറ്റിൽമെന്റ് വികസനപദ്ധതി പ്രകാരം തെരഞ്ഞെടുത്ത 101 കോളനികളിലെ പ്രവൃത്തികൾ ഈ വർഷം പൂർത്തീകരിക്കും

b. ഊരുകളിലേക്കുള്ള റോഡുകൾ, കുടിവെള്ളം, വൈദ്യുതിസാദ്ധ്യത ഇല്ലാത്തിടത്ത് സോളാർ സംവിധാനം, അങ്കണവാടികൾ, പാർപ്പിടം, പഠനവീട്, മണ്ണുസംരക്ഷണപ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം ഉറപ്പുവരുത്തും.

അംബേദ്കർ സെറ്റിൽമെന്റ് വികസനപദ്ധതി തുടർച്ചയായി നടപ്പാക്കിവരുന്നു.

403 **വാർപ്പുമാതൃകയിലുള്ള വീടുകൾക്കു പകരം കുടുംബത്തിന്റെ ആവശ്യങ്ങളും താത്പര്യവും മനസ്സിലാക്കിക്കൊണ്ടായിരിക്കും പാർപ്പിടപദ്ധതി ആവിഷ്കരിക്കുക. അട്ടപ്പാടിയിൽ വിജയകരമായി നടപ്പിലാക്കിയ മാതൃകയായിരിക്കും ഇതിനായി സ്വീകരിക്കുക.**

കുടുംബങ്ങളുടെ ആവശ്യങ്ങളും താത്പര്യവും മനസ്സിലാക്കി വീടുകളുടെ നിർമ്മാണത്തിലും തറവിസ്തീർണ്ണത്തിലും ആവശ്യമായ മാറ്റങ്ങൾ വരുത്തി പാർപ്പിടപദ്ധതി ആവിഷ്കരിച്ചുവരുന്നു. LIFE പദ്ധതിയിൽ ഇത് സംബന്ധിച്ച് പ്രത്യേക നിർദ്ദേശമുണ്ട്. 2016-17 കാലഘട്ടത്തിൽ അനുവദിച്ചതും പൂർത്തിയാക്കാത്തതുമായ 12,205 വീടുകളിൽ 6572 വീടുകൾ 2017-18 ലും 3320 വീടുകൾ 2018-19 ലും പൂർത്തീകരിച്ചു. കൂടാതെ വകുപ്പിന്റെ വിവിധ പദ്ധതികൾ മുഖേന 2016-17, 2017-18 വർഷങ്ങളിൽ അനുവദിച്ച 9961 വീടുകൾ പൂർത്തീകരിച്ചു. ലൈഫ് മിഷനിൽ 9896 പേർക്ക് വീട് നിർമ്മിച്ചുനല്കും.

404 **a. ആദിവാസികൾക്ക് അവരുടെ ഭൂമിയിലുള്ള അവകാശം സംരക്ഷിക്കാനും അവരുടെ സുരക്ഷിതത്വം ഉറപ്പാക്കാനുമുള്ള നടപടികൾ കൈക്കൊള്ളും.**

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വനാവകാശനിയമം, ഭൂമിവാങ്ങി നൽകൽ പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം തുടങ്ങിയ പദ്ധതികൾ പ്രകാരം 2824 പേർക്ക് 3123.62 ഏക്കർ ഭൂമി വിതരണം നടത്തിയിട്ടുണ്ട്. നിലവിൽ 5723 പുതിയ അപേക്ഷകൾ ലഭിച്ചതിൽ നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു.

b. ആദിവാസികളുടെ സമഗ്രവികസനത്തിന് ഭൂപ്രശ്നം പരിഹരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഭൂരഹിതരായ മുഴുവൻ ആദിവാസികുടുംബങ്ങൾക്കും ഒരേക്കർ ഭൂമിയെങ്കിലും പതിച്ചു നല്കുന്നതിനുള്ള നടപടി സ്വീകരിക്കും.

സംസ്ഥാനത്ത് ആകെ 12,666 ആദിവാസിഭൂരഹിതരുണ്ടെന്നാണ് ലൈഫ് മിഷന്റെ കണക്ക്. ഇതിൽ 2824 പേർക്ക് ഇതിനകം ഭൂമി നല്കി. വനാവകാശനിയമപ്രകാരം 5723 പേർക്ക് ഭൂമി നല്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നുണ്ട്. 4119 പേർക്ക് നിക്ഷിപ്തവനഭൂമിവിതരണപദ്ധതി, ഭൂമി വാങ്ങിനൽകൽ പദ്ധതി എന്നിവ പ്രകാരം ഭൂമി ലഭ്യമാക്കും. ഇതോടെ ആദിവാസിഭൂപ്രശ്നം സമയബന്ധിതമായി പരിഹരിക്കപ്പെടും.

c. തരിശുകിടക്കുന്ന ഭൂമി ഏറ്റെടുത്തു കൃഷി ചെയ്യാൻ അതതുപ്രദേശത്തെ ഗ്രാമപഞ്ചായത്തുകൾ ആദിവാസികൾക്ക് അവസരം നല്കും.

പട്ടികവർഗ്ഗ മേഖലയിലെ തരിശുഭൂമി കണ്ടെത്തി ഭൂവുടമകളുടെ സ്വയംസഹായസംഘങ്ങൾ രൂപവത്ക്കരിച്ച് കൃഷിക്ക് ഉപയുക്തമാക്കുംവിധം 10 കോടി രൂപയുടെ ഒരു പുതിയ പദ്ധതി ഈ വർഷം നടപ്പാക്കും. പുറമെ വകുപ്പിന്റെ കീഴിലുള്ള പട്ടികവർഗ്ഗ ഉണഭോക്താക്കളുടെ ഫാമുകളായ ആറളം, ചീങ്ങേരി, അട്ടപ്പാടി ഫാമിംഗ് സൊസൈറ്റി എന്നിവിടങ്ങളിൽ വാണിജ്യാടിസ്ഥാനത്തിൽ വിവിധതരം കൃഷി ചെയ്യുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

d. തോട്ടംമേഖലകളുള്ള ജില്ലകളിൽ പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ ഇതിനായി ഉപയോഗപ്പെടുത്തും.

നടപടി സ്വീകരിച്ചുവരുന്നു.

e. ഇതോടൊപ്പം 2005ലെ വനാവകാശനിയമം കേരളത്തിൽ ശാസ്ത്രീയമായി നടപ്പാക്കും.

വനാവകാശനിയമം കാര്യക്ഷമമായി നടപ്പിലാക്കിവരു

ന്നു. വനാവകാശനിയമപ്രകാരം 8112 അപേക്ഷകർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. 164 പേർക്ക് 757 ഏക്കർ ഭൂമിയുടെ വനാവകാശ രേഖ നല്കി.

405 **ആദിവാസികളുടെ ഊരുകളിൽ സ്വന്തമായി ഭൂമിയുള്ളവർക്ക് അവിടെ കൃഷി ചെയ്യാനും സ്വാശ്രയമായ ഭക്ഷ്യോത്പാദനത്തിനും ഉതകുന്ന പദ്ധികൾ നടപ്പിലാക്കി ഭക്ഷ്യസുരക്ഷയും പോഷകാഹാരലഭ്യതയും ദീർഘകാലത്തേക്ക് ഉറപ്പിക്കും.**

2018-19 വർഷം ഭക്ഷ്യസുരക്ഷയും പോഷകാഹാര ലഭ്യതയും ഉറപ്പുവരുത്തുന്നതിനായി 77,445 കുടംബങ്ങൾക്ക് ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്തു. പട്ടികവർഗ്ഗമേഖലയിൽ കൃഷി വ്യാപിപ്പിക്കുന്നതിന് നിരവധി പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിവരുന്നു. പാരമ്പര്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലറ്റ് വില്ലേജ് പദ്ധതി അട്ടപ്പാടിയിൽ നടപ്പിലാക്കി. ആറളത്തും സുഗന്ധഗിരിയിലും ചീങ്ങേരിയിലും മറ്റ് പ്രദേശങ്ങളിലും പ്രത്യേക കാർഷിക പാക്കേജ് നടപ്പിലാക്കാൻ തീരുമാനിച്ചു.

406 **a. ആദിവാസിയുവതിയുവാക്കളുടെ തൊഴിൽസേനകൾ രൂപവത്ക്കരിച്ച് ചെറുകിട കാർഷികയന്ത്രവത്ക്കരണത്തിൽ അവർക്കു പരിശീലനം നല്കും.**

ഗോത്രജീവിക ജീവിക പദ്ധതി പ്രകാരം വിവിധ ഗ്രൂപ്പുകൾ രൂപവത്ക്കരിച്ച് തൊഴിൽപരിശീലനം നടന്നുവരുന്നു. കെട്ടിടനിർമ്മാണമേഖലയിൽ 7 ഇനങ്ങളിലുള്ള പരിശീലനം നല്കി. പുതിയ തൊഴിൽമേഖലയിൽ സംരംഭകത്വം ആരംഭിക്കുന്നതിനുള്ള സഹായം നല്കിവരുന്നു. ഇതിനു പുറമെ അട്ടപ്പാടിയിൽ വസ്തുനിർമ്മാണ മേഖലയിൽ പരിശീലനം നല്കി അപ്പാരൽ പാർക്ക് പദ്ധതി നടപ്പിലാക്കി. കാർഷികമേഖലയിൽ വിവിധ തൊഴിൽ കണ്ടെത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

b. എല്ലാ ക്ഷേമപെൻഷനുകളും ആദിവാസിവിഭാഗങ്ങൾക്കു ലഭിക്കുമെന്ന് ഉറപ്പുവരുത്തും. എല്ലാവർക്കും റേഷൻ കാർഡ് ഉറപ്പുവരുത്തും.

എല്ലാ ആദിവാസിവിഭാഗങ്ങൾക്കും അർഹതപ്പെട്ട ക്ഷേമപെൻഷൻ ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും റേഷൻ കാർഡ് ലഭ്യമാക്കാൻ സിവിൽ സപ്ലൈസ് വകുപ്പ് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. റേഷൻകാർഡ് ലഭ്യമാകാത്ത കുടുംബങ്ങൾ ഉണ്ടെങ്കിൽ കണ്ടെത്തി റേഷൻകാർഡ് ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം എസ്.ടി പ്രൊമോട്ടർമാർക്കും, ജില്ലാതല ഉദ്യോഗസ്ഥർക്കും നല്കിയിട്ടുണ്ട്.

407 **വിവിധ കാരണങ്ങളാൽ പഠനം നിർത്തുന്ന ആദിവാസിക്കുട്ടികൾക്ക് പ്രത്യേക പരിശീലനത്തിലൂടെയും താമസസൗകര്യം നല്കിയും പഠനം പൂർത്തിയാക്കാനുള്ള സാമൂഹികസഹായകേന്ദ്രങ്ങൾ ഓരോ ജില്ലയിലും ഉണ്ടാക്കും. 23 മാസത്തെ ഫിനിഷിങ് സ്കൂൾ പരിപാടികൾ ഈ സാമൂഹിക സഹായകേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് നടത്തും.**

മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ കേന്ദ്രീകരിച്ച് ഫിനിഷിംഗ് സ്കൂൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുന്നതിനും വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിനും ഗോത്രബന്ധു (മെന്റർടീച്ചർ), ഗോത്രസാരഥി (വാഹനസൗകര്യം), സാമൂഹികപഠനമുറികൾ എന്നിവ നടപ്പിലാക്കി.

408 **പരമ്പരാഗതതൊഴിൽമേഖല എന്ന നിലയിൽ വനമേഖലയിൽനിന്നു ശേഖരിക്കുന്ന വനവിഭവങ്ങൾ ശാസ്ത്രീയമായി ശേഖരിക്കാനും വിപണനം ചെയ്യാനുള്ള സംസ്കരണ, വിപണനകേന്ദ്രങ്ങൾ ആദിവാസിജനസാന്ദ്രത കൂടിയ വനമേഖലകൾ കേന്ദ്രീകരിച്ച് ആസൂത്രണം ചെയ്യും.**

പരമ്പരാഗത തൊഴിൽമേഖല എന്ന നിലയിൽ വനമേഖലയിൽനിന്ന് ശേഖരിക്കുന്ന വനവിഭവങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും പട്ടികജാതി-പട്ടികവർഗ്ഗ ഫെഡറേഷൻ മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. ഗദ്ദിക വിപണന മേളകളിൽ വൻ തോതിൽ ഉൽപ്പന്നങ്ങൾ വിറ്റഴിയുന്നുണ്ട്. വനവിഭവങ്ങൾ വിപണനം ചെയ്യുന്നതിന് എറണാകുളത്ത് ടൈബൽ അബോർഡ് കോംപ്ലക്സ് ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ട്.

409 **a. റസിഡൻഷ്യൽ സ്കൂളുകളുടെ താമസസൗകര്യം, ഭക്ഷണം, വിനോദസൗകര്യങ്ങൾ, പഠനസൗകര്യങ്ങൾ എന്നിവ ഉന്നതനിലവാരത്തിൽ ഉള്ളവയാണെന്ന് ഉറപ്പുവരുത്തും. ഇന്റർനെറ്റ് സൗകര്യങ്ങളും കമ്പ്യൂട്ടർ ലാബും ശാസ്ത്രലബോറട്ടറികളും പാഠ്യാനുബന്ധപ്രവർത്തനനങ്ങൾക്കുള്ള സൗകര്യങ്ങളും ഉറപ്പുവരുത്തും.**

എം.ആർ.എസ് അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി എല്ലാ സ്കൂളുകളിലും സ്മാർട്ട് ക്ലാസ്റൂം, കമ്പ്യൂട്ടർ ലാബ്, മൾട്ടി സ്പോർട്സ് പ്ലേ ഗ്രൗണ്ട്, സയൻസ് ലാബ്, പബ്ലിക് അഡ്രസ് സിസ്റ്റം, അടുക്കളയിൽ സ്റ്റീമർ തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നിർവ്വഹണത്തിന്റെ അന്തിമഘട്ടത്തിലാണ്.

b. റസിഡന്റ് സ്കൂളുകളിലെ അദ്ധ്യാപകർ, ട്യൂട്ടർമാർ എന്നിവരുടെ എണ്ണം വർദ്ധിപ്പിക്കുകയും വിദ്യാർത്ഥി-അദ്ധ്യാപക-ട്യൂട്ടർ അനുപാതം വർദ്ധിപ്പിക്കുകയും ചെയ്യും.

വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുന്നതിന് ആനുപാതികമായി അദ്ധ്യാപകതസ്തികകൾ സൃഷ്ടിക്കുന്നുണ്ട്.

c. ആദിവാസി വിഭാഗങ്ങൾക്കിടയിലുള്ള അദ്ധ്യാപകർക്ക് അവരുടെ പ്രദേശത്തെ സ്കൂളുകളിൽ നിയമനത്തിനു മുൻഗണന നല്കും.

കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പഠനം ഗോത്രഭാഷയിലൂടെ നല്കുന്നതിനും ഗോത്രബന്ധു എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വയനാട് ജില്ലയിലെ സ്കൂളുകളിൽ 241 പട്ടികവർഗ്ഗക്കാരായ അദ്ധ്യാപകരെയും അട്ടപ്പാടിയിൽ 26 അദ്ധ്യാപകരെയും നിയമിച്ചിട്ടുണ്ട്.

410 **മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ താമസിച്ചു പഠിക്കുന്ന കുട്ടികളുടെ കാര്യത്തിൽ അവരുടെ പഠനശേഷികൾ ഓരോ ക്ലാസിലും വിലയിരുത്തി ആവശ്യമായ പരിഹാരബോധനപ്രവർത്തനങ്ങൾ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടപ്പിലാക്കും. ഇതിനായി പ്രത്യേകം അദ്ധ്യാപകരെ ചുമതലപ്പെടുത്തും. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി അദ്ധ്യാപകരെ ലഭ്യമാക്കും.**

ഒന്നും മുതൽ 5 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് സ്പെഷ്യൽ ട്യൂഷൻ, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്, കരിയർ ഗൈഡൻസ് ക്ലാസ്, എല്ലാ വിദ്യാർത്ഥികൾക്കും സ്കൂൾ ക്ലാസ് സമയത്തിന് മുമ്പും ശേഷവും പ്രത്യേക ക്ലാസുകൾ, ഹയർസെക്കൻഡറി സയൻസ് ബാച്ചുകൾ ഉള്ള സ്കൂളുകളിൽ മെഡിക്കൽ എഞ്ചിനീയറിംഗ് കോച്ചിംഗ് ക്ലാസ്സുകൾ എന്നിവ നല്കിവരുന്നു.

411 **വീടുകളിൽനിന്നു വന്നു പഠിച്ചുപോകുന്ന കുട്ടികൾ കൂടുതലുള്ള ഊരുകൾ കേന്ദ്രീകരിച്ച് ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ പഠനവീടുകൾക്കു രൂപം നല്കും. ഓരോ ഊരിനും വിദ്യാഭ്യാസത്തിൽ പരിശീലനം നേടിയ ഒരു ഫെസിലിറ്റേറ്ററെ മാന്യമായ വേതനം നല്കി നിയമിക്കും. കുട്ടികൾക്കു രാവിലെയും വൈകിട്ടും ഭക്ഷണം നല്കുകയും പഠനസൗകര്യം ഒരുക്കുകയും ചെയ്യും.**

സംസ്ഥാനത്ത് ആകെ 600 സാമൂഹിക പഠനമുറികൾ ആരംഭിക്കും. നൂറ് സാമൂഹിക പഠനമുറികൾ പ്രവർത്തനം ആരംഭിച്ചു. എല്ലാ കേന്ദ്രങ്ങളിലും ആവശ്യമായ ഫെസിലേറ്റർമാരെ നിയമിച്ചിട്ടുണ്ട്. ബാക്കി സാമൂഹിക പഠനമുറികൾ പൂർത്തിയാക്കുത്തിന് നടപടി സ്വീകരിച്ചുവരുന്നു.

412 **ആദിവാസിക്കുട്ടികൾക്കായുള്ള പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾക്ക് ആധുനിക കെട്ടിട സൗകര്യങ്ങളും പഠനസൗകര്യങ്ങളും പോഷകസമൃദ്ധമായ ഭക്ഷണവും ഇന്റർനെറ്റ് സൗകര്യങ്ങളും ഉറപ്പുവരുത്തും.**

കഴിഞ്ഞവർഷം നടപ്പാക്കിയിട്ടുണ്ട്.

413 **ആദിവാസിയൂരുകളിൽ മാസംതോറും മെഡിക്കൽ സംഘത്തിന്റെ സന്ദർശനവും ആരോഗ്യമോണിറ്ററിംഗും ഉറപ്പുവരുത്തും. ആവശ്യമുള്ളവർക്ക പ്രത്യേകപരിചരണം അങ്കണവാടി വഴി നല്കും. അങ്കണവാടികൾ വഴി കൃത്യമായി അയൺ ഗുളികകളുടെ വിതരണം ഉറപ്പാക്കും.**

മെഡിക്കൽ യൂണിറ്റുകൾ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ വർഷം 6 പുതിയ മൊബൈൽ മെഡിക്കൽ ഡിസ്പെൻസറികൾ കണ്ണൂർ, കാസർഗോഡ്, വയനാട്, കൊല്ലം, പാലക്കാട്, ഇടുക്കി ജില്ലകളിൽ ആരംഭിച്ചു. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേനയാണ് ആരംഭിച്ചത്. നിലവിൽ 14 യൂനിറ്റുകൾ പ്രവർത്തിച്ചുവരുന്നു. അങ്കണവാടികൾ വഴി അയൺ ഗുളികകൾ കൃത്യമായി വിതരണം ചെയ്തുവരുന്നുണ്ട്. കൂടാതെ മെഡിക്കൽ യൂണിറ്റുകൾ മുഖേനയും അയൺ ഗുളിക നൽകുന്നു.

ജനനി ജന്മരക്ഷ പദ്ധതിയിൽ 11,880 പേർക്കും സിക്കിൾസെൽ അനീമിയ രോഗികളായ 711 പേർക്കും സഹായം നല്കിവരുന്നു. സമഗ്ര ആരോഗ്യ പദ്ധതിക്കായി 25 കോടി രൂപ ചിലവഴിച്ചു.

414 **ആദിവാസിയൂരുകളിൽ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പുവരുത്തും. ആദിവാസിമേഖലയിലെ ആരോഗ്യകേന്ദ്രങ്ങളിലെ സൗകര്യങ്ങൾ വിപുലീകരിക്കുകയും കൂടുതൽ ഡോക്ടർമാരെയും ജീവനക്കാരെയും നിയോഗിക്കുകയും ചെയ്യും.**

ആർദ്രം മിഷനിലൂടെ ആരോഗ്യവകുപ്പ് ഇതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ 5 ഒ.പി. ക്ലിനിക്കുകൾ ഐ.പി.ക്ലിനിക്കുകളായി മാറ്റുന്നതിനുള്ള നടപടികൾ നടക്കുന്നു.

415 **a. നിലവിലുള്ള പൊതുവിതരണസമ്പ്രദായത്തിൽ അരിക്കൊപ്പം ഭക്ഷ്യയെണ്ണ, പയറുവർഗ്ഗങ്ങൾ, റാഗി, തുവര മുതലായ ഭക്ഷ്യയിനങ്ങൾ ഉൾപ്പെടുത്തിയ കിറ്റുകൾ റേഷൻ കടകളിലൂടെ നല്കും.**

റേഷൻ സാധനങ്ങളുടെ വാതിൽപ്പുറവിതരണ സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്. അട്ടപ്പാടിയിലെ 192 ഊരുകളിൽ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കി. വയനാട് ജില്ലയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. മലപ്പുറം ജില്ലയിൽ നടപ്പിലാക്കുന്നതിനുള്ള നടപടി നടക്കുന്നു. ക്രമേണ മറ്റു ജില്ലകളിലും പദ്ധതി നടപ്പിലാക്കും. ആദിവാസിയൂരുകളിൽ റേഷൻസാധനങ്ങൾ നേരിട്ടെത്തിക്കുന്ന പദ്ധതി തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിൽ നടപ്പാക്കി.

b. റേഷനിങ്ങിനു രേഖപ്പെടുത്താൻ ബയോമെട്രിക് റീഡർ ഉള്ള കാർഡ് സംവിധാനം ഏർപ്പെടുത്തും. ഇതോടൊപ്പം ഓരോ ഊരിലെയും 18 വയസ്സിനു താഴെയുള്ള പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 60 വയസ്സിനു മുകളിൽ പ്രായമുള്ള വൃദ്ധർ, ആറു വയസിനു താഴെയുള്ള കുട്ടികൾ എന്നിവർക്ക് പോഷകഭക്ഷണം വീടുകളിലെത്തിക്കും.

കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയിലൂടെ പരാമർശിച്ചിട്ടുള്ള 18 വയസ്സിന് താഴെയുള്ള പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 60 വയസ്സിന് മുകളിൽ പ്രായമുള്ള വൃദ്ധർ, 6 വയസ്സിന് താഴെയുള്ള കുട്ടികൾ എന്നിവർക്ക് പോഷകഭക്ഷണം ലഭ്യമാക്കുന്നു.

416 **a. ആദിവാസിയൂരുകൂട്ടങ്ങൾക്ക് കൂടുതൽ അധികാരം നല്കും. ഊരുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അവരുടെ തീരുമാനം ത്രിതലപഞ്ചായത്തുകൾ അംഗീകരിക്കുക എന്നത് ബാദ്ധ്യസ്ഥമാക്കും.**

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഊരുകൂട്ടങ്ങളുടെ ശാക്തീകരണത്തിനായി ശക്തമായ നടപടി കൈക്കൊണ്ടിട്ടുണ്ട്. ഊരുകൂട്ടയോഗങ്ങൾ കൂടുന്നതിനുള്ള ചെലവ് ഒരു ഊരുകൂട്ടയോഗത്തിന് 500 രൂപ എന്നത് 2500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഊരുകൂട്ടതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതികൾ രൂപവത്ക്കരിച്ചുവരുന്നു.

b. അതത് ഊരിൽ നടക്കുന്ന എല്ലാ വികസനപ്രവർത്തനങ്ങൾക്കും സാമൂഹികതെളിവെടുപ്പ് നടത്താൻ ഊരുകൂട്ടങ്ങൾക്ക് അധികാരം നല്കും.

സോഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നതാണ്.

c. ഊരുകൂട്ടങ്ങൾക്ക് ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെടുന്ന ഒരു നിർവ്വാഹകസമിതി ഉണ്ടാക്കും. അങ്ങനെ ഗ്രാമപഞ്ചായത്തിലെ എല്ലാ ഊരുകളുടെയും നിർവ്വാഹകസമിതി അംഗങ്ങൾ ചേർന്നതാകും പഞ്ചായത്തുതല ഗ്രാമസഭ.

ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നുണ്ട്.

417 **a. സംസ്ഥാനത്തെ ആദിവാസിസ്ഥിതി സംബന്ധിച്ച് ഒരു സ്ഥിതിവിവരറിപ്പോർട്ട് ഓരോ വർഷവും സംസ്ഥാനസർക്കാർ തയ്യാറാക്കും.**

സംസ്ഥാനത്തെ പട്ടികവർഗ്ഗമേഖലയിലെ സ്ഥിതിവിവരകണക്ക് അടിസ്ഥാനവിവരശേഖരം തുടങ്ങിയ വിവരങ്ങൾ തയ്യാറാക്കുന്നതിനും ഡിജിറ്റലായി സൂക്ഷിക്കുന്നതിനും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ പ്രമോട്ടർമാർക്കും ഇതിനായുള്ള സംവിധാനങ്ങൾ ഏർപ്പാടാക്കുകയും പരിശീലനങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. വിവരശേഖരണം നടന്നുവരുന്നു.

b. പദ്ധതിച്ചെലവുകളും ഭൗതികനേട്ടങ്ങളും ദൗർബല്യങ്ങളും ഈ റിപ്പോർട്ടുകളിൽ വിശകലനം ചെയ്യും. ബ്ലോക്കുകൾ തിരിച്ചുള്ള കണക്കുകളും ഇതിൽ ലഭ്യമാക്കും. ഈ റിപ്പോർട്ട് ആദിവാസി സംഘടനകൾ, സിവിൽസമൂഹ സംഘടനകൾ, രാഷ്ട്രീയപ്രസ്ഥാനങ്ങൾ, ആദിവാസിയൂരുകളുടെ പ്രതിനിധികൾ എന്നിവരടങ്ങുന്ന ജനസഭ വിളിച്ചുചേർത്ത് സോഷ്യൽ ഓഡിറ്റിനു വിധേയമാക്കും.

സോഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിക്കുന്നതാണ്.

പരിവർത്തിതക്രൈസ്തവർ

418 **പരിവർത്തിതക്രൈസ്തവർക്ക് സർക്കാരിൽനിന്നു സഹായം ലഭിക്കാനുള്ള പ്രധാനപ്പെട്ട ഒരു സംവിധാനം പരിവർത്തിതക്രൈസ്തവവികസന കോർപ്പറേഷനാണ്. ഇതിന്റെ പ്രവർത്തനം ഇപ്പോൾ (2016) പരിതാപകരമാണ്. ഇവ ഫലപ്രദമാക്കാനുള്ള നടപടികൾ സ്വീകരിക്കും.**

കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും പുതിയ പദ്ധതികൾ ആരംഭിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വായ്പകളുടെയും ധനസഹായത്തിന്റെയും തുക മൂന്നിരട്ടിവരെ വർദ്ധിപ്പിക്കുകയുണ്ടായി. രണ്ടു ലക്ഷം രൂപയുണ്ടായിരുന്ന കൃഷിഭൂമിവായ്പ നാലു ലക്ഷം രൂപയായും ഒരു ലക്ഷം രൂപയുണ്ടായിരുന്ന വ്യക്തിഗത വായ്പ മൂന്നു ലക്ഷം രൂപയായും വർദ്ധിപ്പിക്കുകയുണ്ടായി. അതുപോലെ മറ്റ് വായ്പാപദ്ധതികളിലും വിദ്യാഭ്യാസപ്രോത്സാഹന സമ്മാനത്തിനും വർദ്ധന വരുത്തുകയുണ്ടായി. ഇതുകൂടാതെ ലക്ഷ്യവിഭാഗങ്ങളിലെ സർക്കാരുദ്യോഗസ്ഥർക്ക് അഞ്ച് ലക്ഷം രൂപ വരെയുള്ള വാഹനവായ്പയും ഉയർന്ന വരുമാനക്കാർക്ക് അഞ്ച് ലക്ഷം രൂപവരെയുള്ള വ്യക്തിഗതവായ്പയും 10 ലക്ഷം രൂപ വരെയുള്ള വ്യവസായവായ്പയും അനുവദിക്കുന്ന പുതിയ വായ്പാപദ്ധതികളും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപ്പിലാക്കി. കോർപ്പറേഷന്റെ ഓഡിറ്റ് 2004-05 മുതൽ മുടങ്ങിക്കിടക്കുകയായിരുന്നു. ഓഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും 2009-10 വരെയുള്ള ഓഡിറ്റ് പൂർത്തീകരിക്കുകയും ചെയ്തു.

419 **a. പരിവർത്തിതക്രൈസ്തവവിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ കൊടുക്കാൻ വകയിരു**

ത്തിയിട്ടുള്ള നോൺപ്ലാൻ ഫണ്ട് ആവശ്യമായ തരത്തിലുള്ളതല്ല. അതിനാൽ ഈ വിഹിതം ഇരട്ടിയാക്കാനുള്ള നടപടി സ്വീകരിക്കും.

സംസ്ഥാനത്തെ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠിക്കുന്ന പരിവർത്തിതക്രൈസ്തവവിദ്യാർത്ഥികൾ ഉൾപ്പെടുന്ന ഒഇസി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യയിനത്തിൽ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 189 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. കഴിഞ്ഞവർഷം (2018-19) നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയ 182 കോടി രൂപയ്ക്ക് പുറമെ, പദ്ധതി ഇനത്തിൽ ബജറ്റ് വിഹിതമായ 41 കോടി രൂപയും പുറമെ, 200 കോടി രൂപ അധികമായി അനുവദിക്കുകവഴി ഈ ഇനത്തിൽ വരും വർഷങ്ങളിൽ കുടിശ്ശികയില്ലാതെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യാൻ സാധിക്കും. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷംമാത്രം, ഈ ഇനത്തിൽ 932.36 കോടി രൂപ അനുവദിക്കുകയുണ്ടായി.

b. പട്ടികജാതിക്കാർക്കുള്ള എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും പരിവർത്തിതക്രൈസ്തവർക്കും തുല്യയളവിൽ നല്കും.

നല്കിവരുന്നുണ്ട്.

420 **പരിവർത്തിതക്രൈസ്തവരുടെ കുടിശ്ശികയായ കടങ്ങൾ പട്ടികജാതിക്കാരുടേതുപോലെ എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിക്കും.**

കേരള സംസ്ഥാന പരിവർത്തിതക്രൈസ്തവ ന്യൂപാർശിതവിഭാഗ വികസന കോർപറേഷനിൽനിന്നു വായ്പ എടുത്തിട്ടുള്ളതും തിരിച്ചിടവു കാലാവധി അവസാനിച്ചിട്ടുള്ളതും കുടിശ്ശികയായി കിടക്കുന്നതുമായ വായ്പകൾ 01.03.2019 മുതൽ 31.03.2019 വരെയുള്ള കാലയളവിൽ വായ്പ പൂർണമായി അടച്ച് തീർപ്പാക്കുന്നവർക്ക് പിഴപ്പലിശ പൂർണമായും ഒഴിവാക്കി നല്കി.

പിന്നാക്കസമുദായ ക്ഷേമം

421 **a. പിന്നാക്കസമുദായവികസന കോർപ്പറേഷനു കൂടുതൽ പണം ലഭ്യമാക്കുന്നതാണ്.**

ഇതിനായി ധനവകുപ്പിനോട് പ്രത്യേകം അഭ്യർത്ഥിച്ചിട്ടുണ്ട്.

b. കുമാരപിള്ളക്കമ്മിഷൻ അടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസസഹായം വർദ്ധിപ്പിക്കുന്നതാണ്.

മുന്നോക്ക-പിന്നോക്ക സമുദായക്കാർക്കാണ് ഒരു ലക്ഷം വാർഷികവരുമാനപരിധിക്കു വിധേയമായി ലംപ്സം ഗ്രാന്റും സ്റ്റൈപ്പെന്റും നല്കുന്നുണ്ട്.

c. കാസർഗോഡ് തുളു ക്രിസ്ത്യാനികളുടെ അവശതകൾ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കും. പിന്നാക്കക്ഷേമവകുപ്പ് ന്യൂപവത്ക്കരിക്കും.

പിന്നോക്കസമുദായക്ഷേമവകുപ്പ് നിലവിലുണ്ട്.

ന്യൂനപക്ഷക്ഷേമം

422 **a. സച്ചാർ കമ്മിറ്റി ന്യൂപാർശയുടെ ഭാഗമായുള്ള പാലൊളിക്കമ്മിറ്റി ന്യൂപാർശകൾ നടപ്പിലാക്കും.**

പാലൊളിക്കമ്മിഷൻ ന്യൂപാർശകൾ നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചു.

b. ഹജ്ജ് കമ്മിറ്റിയ്ക്ക് സ്ഥിരം ഗ്രാന്റ് അനുവദിക്കും. വഖഫ് ബോർഡിനുള്ള ധനസഹായം വർദ്ധിപ്പിക്കും.

ഹജ്ജ് കമ്മിറ്റിക്കുള്ള ഗ്രാന്റ് ഇൻ എയ്ഡ് ആയി 2017-18ൽ 29 കോടി രൂപ അനുവദിച്ചു. വഖഫ് ബോർഡിന് അഡ്മിനിസ്ട്രേറ്റീവ് വെൽഫെയർ ഗ്രാന്റായി 1.2 കോടി രൂപയും അനുവദിച്ചു. കോഴിക്കോട് ആസ്ഥാനമായി വഖഫ് ട്രിബ്യൂണൽ ന്യൂപവത്ക്കരിച്ച് ഉത്തരവായി.

മുന്നാക്കവികസനകോർപ്പറേഷൻ

423 **ദേവസ്വം ബോർഡുകളുടെ പരിധിയിൽ വരാത്ത ക്ഷേത്രങ്ങൾ നവീകരിക്കാനും അവിടത്തെ ശാന്തിക്കാർക്കും മറ്റു ജീവനക്കാർക്കും മാന്യമായ വേതനം ലഭ്യമാക്കാനുമുള്ള പദ്ധതി നടപ്പിലാക്കും. മുന്നാക്കവിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളെ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും. ഇതിനായി തുക വകയിരുത്തും.**

ദേവസ്വം ബോർഡുകളുടെ പരിധിയിൽ വരാത്ത, സ്വകാര്യ ട്രസ്റ്റുകളുടെയും കുടുംബങ്ങളുടെയും അധീനതയിൽ പ്രവൃത്തിക്കുന്ന, ധാരാളം ക്ഷേത്രങ്ങളുണ്ട്. ഇവയിൽ വരുമാനത്തിൽ പിന്നാക്കം നിൽക്കുന്ന ക്ഷേത്രങ്ങളെ നവീകരിക്കാനും അവിടത്തെ ശാന്തിക്കാർക്കും മറ്റു ജീവനക്കാർക്കും മാന്യമായ വേതനം ലഭ്യമാക്കാനുമുള്ള നടപടി പുരോഗമിക്കുകയാണ്. മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് ദേവസ്വം നിയമനങ്ങളിൽ 10% സംവരണം ഏർപ്പെടുത്തുന്നതിന് സർക്കാർ ദേവസ്വങ്ങൾക്ക് അനുമതി നല്കിയിട്ടുണ്ട്. എല്ലാ നിയമനങ്ങളിലും മുന്നോക്കക്കാർക്ക് 10% സംവരണം ഏർപ്പെടുത്തിയ ഭരണഘടനാഭേദഗതി കേരളത്തിന്റെ സാഹചര്യത്തിനനുസരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

സ്ത്രീപദവിയും വികസനവും

424 **സ്ത്രീകൾക്കുവേണ്ടി ഒരു പ്രത്യേക വകുപ്പ് ആരംഭിക്കും. വകുപ്പിനുകീഴിൽ നേരിട്ടു വരുന്ന സ്കീമുകൾക്കു പുറമേ ജൻഡർ ഓഡിറ്റിനും സ്ത്രീകളെ സംബന്ധിക്കുന്ന മറ്റു വകുപ്പുകളിലെ സ്കീമുകളെ ഏകോപിപ്പിക്കാനുമുള്ള ചുമതല ഈ മന്ത്രാലയത്തിനുണ്ടാകും.**

സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക വകുപ്പ് രൂപികരിച്ചു. തിരുവനന്തപുരം ജില്ലയിലെ പൂജപ്പുരയിൽ വനിതാ ശിശു വികസനവകുപ്പ് ഡയറക്ടറേറ്റ് പ്രവർത്തനം ആരംഭിച്ചു. വകുപ്പുരൂപവത്ക്കരണവുമായി ബന്ധപ്പെട്ട റൂൾസ് ഓഫ് ബിസിനസ്സ് ഭേദഗതി ചെയ്തിട്ടുണ്ട്. ജില്ലാതലത്തിൽ ഓഫീസർമാരെ നിയമിച്ച് പ്രവർത്തനം തുടങ്ങി.

425 **കേരളത്തിലെ സ്ത്രീ തൊഴിൽ പങ്കാളിത്തം 2021 ആകുമ്പോൾ നിലവിലുള്ള 15 ശതമാനത്തിൽനിന്നു 18 ശതമാനമായി ഉയർത്താനുള്ള നടപടി സ്വീകരിക്കും. ഇതിനാവശ്യമായ പരിശീലനങ്ങളും തൊഴിൽ പ്രോത്സാഹനങ്ങളും തുടർച്ചയായ മോണിറ്ററിങ്ങും ഉറപ്പുവരുത്തും. പരമ്പരാഗതമല്ലാത്ത പുതിയ തൊഴിൽ മേഖലകളിലേക്കു സ്ത്രീകൾ കടന്നുചെല്ലുന്നതിന് വനിതാഘടകപദ്ധതിയുടെ ഭാഗമായി പ്രോജക്ടുകൾ ഉറപ്പുവരുത്തും.**

സ്ത്രീകളെ തൊഴിൽ മേഖലയിലേക്കു കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ സാമൂഹികനീതിവകുപ്പിനുകീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിലുള്ള സ്ത്രീകൾക്ക് വിവിധ തരത്തിലുള്ള വൊക്കേഷണൽ ടെയിനിങ് നല്കിവരുന്നു. സംസ്ഥാന വനിതാവികസനകോർപ്പറേഷൻ സമൂഹത്തിലെ എല്ലാ വിഭാഗത്തിലുംപെടുന്ന വനിതകൾക്കായി വിവിധ പരിശീലനങ്ങൾ നല്കി അവരെ തൊഴിൽ ചെയ്യാൻ പ്രാപ്തിയുള്ളവരാക്കി മാറ്റുന്നു.

സ്ത്രീകൾക്ക് സ്വയംപര്യാപ്തത നേടിക്കൊടുക്കുന്ന രീതിയിൽ പുരുഷന്മാർ മാത്രം ഇടപെട്ടിരുന്ന പ്ലമിങ്, വയറിംഗ്, ഡ്രൈവിംഗ്, മേസ്തിരിപ്പണി എന്നിവയിൽ പരിശീലനം കൊടുക്കാൻ ULCCS, Habitat, നിർമ്മിതി കേന്ദ്രം എന്നിവയുമായി ധാരണയായിട്ടുണ്ട്. ജെൻഡർ പാർക്ക് കേന്ദ്രീകരിച്ചും, വനിത-ശിശു വികസന വകുപ്പിലെ ഹോമുകൾ കേന്ദ്രീകരിച്ചുമാണ് ആദ്യത്തെ പരിശീലനം വിഭാവനം ചെയ്തിരിക്കുന്നത്.

426 **സർക്കാർ പാർപ്പിടപദ്ധതികളും ഭൂവിതരണവും സ്ത്രീയുടെ പേരിലോ സംയുക്തപേരിലോ ആയിരിക്കും.**

നടപ്പിലാക്കി.

427 **നഗരങ്ങളിൽ ഏറ്റവും കൂടുതൽ സ്ത്രീകൾ പണിയെടുക്കുന്ന ഗാർഹികതൊഴിലാളികളുടെ ക്ഷേമനിധി വിപുലീകരിക്കും. ഇന്ന് ഹോംനഴ്സുമാരുടെ കമ്പോളം കൂടുതൽ സംഘടിതമായിട്ടുണ്ട്. ഇതുപോലൊരു സംവിധാനം വീട്ടുജോലിക്കാർക്കും ഉണ്ടാക്കും.**

ഗാർഹികതൊഴിലാളികൾക്കുകൂടി അംഗത്വം എടുക്കാവുന്ന അസംഘടിതതൊഴിലാളി സാമൂഹിക സുരക്ഷാ

നവോത്ഥാനമൂല്യങ്ങളിൽ അധിഷ്ഠിതമായ തുല്യാവകാശത്തിനായി കേരളീയസ്ത്രീകൾ തീർത്ത വനിതാമതിൽ



ബോർഡ് പുനഃസംഘടിപ്പിച്ച് ശക്തിപ്പെടുത്തി. ആനുകൂല്യവർദ്ധന സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു.

428 **വിദേശത്തു ജോലിക്കു പോകുന്ന സ്ത്രീകൾക്കു പ്രത്യേക രജിസ്ട്രേഷനും നിരന്തരസമ്പർക്കവും സൃഷ്ടിക്കാനുള്ള സംവിധാനങ്ങളുണ്ടാക്കും.**

നോർക്ക വഴി ഇതിനു സംവിധാനമുണ്ടാക്കിവരുന്നു.

429 **a. ശൗചാലയങ്ങൾ, വിശ്രമകേന്ദ്രങ്ങൾ, ശിശുപരിചരണസൗകര്യം, യാത്രാക്രമീകരണം, സമയക്രമീകരണം, സുരക്ഷാക്രമീകരണം, ലൈംഗികപീഡനവിരുദ്ധസമിതികൾ എന്നിവ ഉറപ്പുവരുത്തുവാൻ തൊഴിലുടകമളെ സന്നദ്ധമാക്കും.**

തൊഴിൽവകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

b. സർക്കാരോഫീസുകൾ മുഴുവൻ സ്ത്രീസൗഹൃദമാക്കി മാറ്റുന്നതിനുള്ള പ്രത്യേക ജെൻഡർ ഓഡിറ്റിംഗ് നടത്തുകയും നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കുകയും ചെയ്യും.

ജെൻഡർ ഓഡിറ്റിന് ആവശ്യമായ അടിസ്ഥാനവിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഓരോ ഡിപ്പാർട്മെന്റിന്റെയും ഫണ്ട് വിഹിതവും ഫണ്ട് വിനിയോഗിച്ച രീതിയും പ്ലാനിംഗ് ബോർഡുമായി ചേർന്ന് ശേഖരിച്ചുകൊണ്ടിരിക്കുന്നു. ജെൻഡർ ഓഡിറ്റ് റിപ്പോർട്ട് ഈ വർഷം അവസാനം പൂർത്തിയാക്കാനാവും.

430 **ആശുപത്രികൾ സ്ത്രീസൗഹാർദ്ദപരമാകുകയും പ്രസവാശുപത്രികൾ ആധുനികീകരിക്കുകയും ചെയ്യും. പ്രസവവാർഡുകളിൽ സ്വകാര്യതയും സുരക്ഷിതത്വവും ഉറപ്പാക്കും.**

ഏഴുകോടി രൂപ ഇതിനായി പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. പ്രസവവാർഡുകളിൽ സ്വകാര്യതയും സുരക്ഷിതത്വവും ഉറപ്പ് വരുത്താൻ പ്രത്യേക മുറികൾ സജ്ജീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

431 **സംസ്ഥാനബജറ്റിൽ ജൻഡർ ഓഡിറ്റും ജൻഡർ ബജറ്റിംഗും പുനഃസ്ഥാപിക്കും. ബജറ്റിൽ പത്തു ശതമാനം തുക സ്ത്രീകൾക്കായുള്ള പ്രത്യേക പ്രോജക്ടുകൾക്കു മാറ്റിവയ്ക്കും. ഇതു സംബന്ധിച്ചൊരു പ്രത്യേക പ്രസ്താവന വാർഷികബജറ്റിന്റെ ഭാഗമായി നിയമസഭയിൽ അവതരിപ്പിക്കും.**

നടപ്പിലാക്കി.

432 **a. ബാലപീഡനനിരോധനനിയമം (2012), ഗാർഹികപീഡനനിരോധനനിയമം (2005), തൊഴിൽ സ്ഥലത്തെ ലൈംഗികപീഡനങ്ങൾ അവസാനിപ്പിക്കാനുള്ള നിയമം (2013) ഇവയെല്ലാം അവയുടെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് കർശനമായി നടപ്പിലാക്കും.**

ബാലപീഡനനിരോധനനിയമം (2012) നടപ്പിലാക്കാൻ ICPS പദ്ധതിയുടെ കീഴിൽ 14 ജില്ലാ ശിശുസംരക്ഷണഓഫിസർമാർ പ്രവൃത്തിക്കുന്നുണ്ട്. വിഷമസാഹചര്യങ്ങളിൽ കഴിയുന്ന കുട്ടികളെ കണ്ടെത്തുന്ന പദ്ധതിയായ 'കരുതൽ' കുട്ടികൾക്ക് മാനസിക സാമൂഹികസഹായം നല്കുന്നതിനുള്ള പദ്ധതിയായ 'കാവൽ' എന്നിവ കാര്യക്ഷമമായി നടത്തിവരുന്നു. ലൈംഗിക പീഡനത്തിനെതിരായുള്ള നിയമം POCSO Act (Protection of Child from Sexual Offence)-ന്റെ അവബോധം കുട്ടികളുമായി ബന്ധപ്പെട്ട വകുപ്പുകൾക്കു നല്കുക എന്ന ഉദ്ദേശത്തോടെ പൊലീസ് ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, ICDS functionaries, CWC, അഡ്വക്കേറ്റുമാർ എന്നിങ്ങനെയുള്ളവർക്കുള്ള ബോധവൽക്കരണക്ലാസുകൾ നടത്തിവരുന്നു. ആശാ വർക്കേഴ്സ്, ആരോഗ്യപ്രവർത്തകർ, പോസ്റ്റ് മെട്രിക് & പ്രീ മെട്രിക് ഹോസ്റ്റൽസ്, അനാഥാലയം എന്നിവിടങ്ങളിലെ അന്തേവാസികളെ കേന്ദ്രീകരിച്ച് ബോധവൽക്കരണക്ലാസുകൾ ദൃശ്യമാദ്ധ്യമങ്ങളുപയോഗിച്ച് നല്കി വരുന്നു.

തൊഴിൽസ്ഥലത്തെ ലൈംഗികപീഡനങ്ങൾ അവസാനിപ്പിക്കാനുള്ള നിയമപ്രകാരം എല്ലാ സ്ഥാപനങ്ങളിലും ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി (ICC) രൂപവത്ക്കരിക്കാനുള്ള നിർദ്ദേശം എല്ലാ കളക്ടർമാർക്കും നല്കിയിട്ടുണ്ട്. ജെൻഡർ അഡ്വൈസറി ബോർഡിന്റെ നിർദ്ദേശപ്രകാരം പ്രചാരണത്തിന്റെ ഭാഗമായി ഓഫീസുകളിലും ആശുപത്രികളിലും മറ്റു തൊഴിലിടങ്ങളിലും പോസ്റ്ററുകളും സ്റ്റിക്കറുകളും പതിക്കാനുള്ള നടപടി ആയിട്ടുണ്ട്. അസംഘടിതമേഖലകളിൽ ലോക്കൽ കംപ്ലയിന്റ് സെൽ രൂപവത്ക്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഗാർഹികപീഡനനിരോധനനിയമം 2012 നടപ്പിലാക്കുന്നതിനായി 14 ജില്ലകളിലും വിമൺ പ്രൊട്ടക്ഷൻ ഓഫീസർമാർ പ്രവർത്തിച്ചുവരുന്നു. സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി 'കൈത്താങ്ങ്' എന്ന കർമ്മസേന രൂപവത്ക്കരിച്ച് പ്രതിരോധിക്കാനായുള്ള പദ്ധതി സാമൂഹികനീതിവകുപ്പ് മുഖേന നടപ്പാക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളെ ചെറുക്കാൻ എല്ലാ തട്ടിലുമുള്ള ജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും സേവനദാതാക്കൾക്കുമുള്ള നിയമ ബോധവൽക്കരണത്തിനും കാര്യക്ഷമത വർദ്ധിപ്പിക്കാനുമായി 'ശ്രദ്ധ' പദ്ധതി സാമൂഹികക്ഷേമബോർഡുമായി ചേർന്ന് നടപ്പാക്കിവരുന്നു.

b. സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ കുറയ്ക്കാൻ വേണ്ടിയുള്ള സ്ത്രീസൗഹൃദഗ്രാമ/നഗര പദ്ധതി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴി നടപ്പിലാക്കും.

സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി 'കൈത്താങ്ങ്' എന്ന കർമ്മസേന രൂപവത്ക്കരിച്ച്

പ്രതിരോധിക്കാനായുള്ള പദ്ധതി വനിതാ ശിശു വികസന മുഖേന നടപ്പാക്കുന്നു. സംസ്ഥാനത്തെ 14 ജില്ലകളിലെ തെരഞ്ഞെടുത്ത 70 പഞ്ചായത്തുകളിലെ 350 വാർഡുകളിലായി പൈലറ്റടിസ്ഥാനത്തിൽ നടപ്പാക്കുന്ന പദ്ധതിക്ക് 27,30,000 രൂപ അനുവദിച്ചിട്ടുണ്ട്. സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ കുറയ്ക്കാനുള്ള പ്രതിരോധ ക്യാംപെയ്നുകൾ സംസ്ഥാനവ്യാപകമായി നടക്കുന്നുണ്ട്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കീഴിലുള്ള കുടുംബശ്രീ വഴി 'സ്നേഹിത' എന്ന ഷോർട്ട് സ്റ്റേ ഹോം തുടങ്ങിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ 'സഖി' എന്ന വൺ സ്റ്റോപ്പ് സെന്റർ വനിതാ-ശിശു വികസന വകുപ്പിനു കീഴിൽ തിരുവനന്തപുരം, കണ്ണൂർ (കൃത്തുപറമ്പ് ആശുപത്രി), തൃശ്ശൂർ (ഇരിങ്ങാലക്കുട ആശുപത്രി) വയനാട്, മലപ്പുറം ജില്ലകളിൽ പ്രവർത്തിച്ചുതുടങ്ങി. മറ്റ് ജില്ലകളിൽ ആരംഭിക്കുന്നതിന് കേന്ദ്രസർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്, തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

433 **a. സ്ത്രീസൗഹാർദ്ദപരമായ പുനരധിവാസകേന്ദ്രങ്ങൾ ആധുനികസൗകര്യങ്ങളോടെ ആരംഭിക്കും.**

ലൈംഗികമായിപീഡിപ്പിക്കപ്പെട്ട 18 വയസ്സിനു താഴെയുള്ള കുട്ടികൾക്കായി നിർഭയ എന്ന പേരിൽ പുനരധിവാസകേന്ദ്രങ്ങൾ 13 എണ്ണം 11 ജില്ലകളിലായി ഇപ്പോൾ നിലവിലുണ്ട്. എല്ലാ ജില്ലയിലും നിർഭയ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ നടന്നുവരുന്നു. നിർഭയ കേന്ദ്രം ഇല്ലാത്ത ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നിവിടങ്ങളിൽ നിർഭയ കേന്ദ്രങ്ങൾ ഉടനെ ആരംഭിക്കും. നിർഭയ ഹോമുകളിലെ 12 വയസ്സിനു താഴെയുള്ള കുട്ടികൾക്കു വേണ്ടി ഒരു മോഡൽ ഹോം (SOS) തിരുവനന്തപുരത്ത് ആരംഭിച്ചു. കോഴിക്കോട്ട് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

b. ഷോർട്ട് സ്റ്റേ ഹോമുകൾ സന്നദ്ധസംഘടനകളും മറ്റുമായി ചേർന്നു സ്ഥാപിക്കും.

വനിതകൾക്ക് സുരക്ഷിതമായി രാത്രി തങ്ങുവാൻ ഒരിടം നല്കാനായുള്ള 'എന്റെ കൂട്' പദ്ധതി കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ നടപ്പിലാക്കിവരുന്നു. കേരള സംസ്ഥാന വനിതാവികസനകോർപ്പറേഷൻ കേന്ദ്ര-സംസ്ഥാനസർക്കാർ സഹായത്തോടെ ജില്ലകൾതോറും വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ / ഷീ ലോഡ്ജ് എന്നിവ സ്ഥാപിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

434 **വനിതാകമ്മിഷന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ ഇതുവരെയുള്ള ചെയർപേഴ്സൺമാരുടെ കൂട്ടായ്മയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും കൂടുതൽ ഫലപ്രദമാക്കാനുള്ള നടപടികൾക്കു രൂപം നല്കുകയും ചെയ്യും. ജാഗ്രതാസമിതികളുമായി വനിതാകമ്മിഷന്റെ ബന്ധം കൂടുതൽ ശക്തിപ്പെടുത്തും.**

വനിതാകമ്മിഷന്റെ നേതൃത്വത്തിൽ എല്ലാ പഞ്ചായത്തുകളിലും ജാഗ്രതാസമിതികൾ രൂപവത്ക്കരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ ICDS പ്രവർത്തകർക്ക് ജാഗ്രതാസമിതിയുടെ ആവശ്യകതയെ കുറിച്ചുള്ള നാലു ദിവസം നീണ്ടുനിൽക്കുന്ന ശില്പശാലകൾ നടക്കുന്നുണ്ട്.

435 **a. സ്ത്രീകളുടെ സർവ്വതോമുഖമായ വികസനം ലക്ഷ്യം വച്ച് ആരംഭിച്ച ജൻഡർ പാർക്ക് ആ ലക്ഷ്യത്തിൽനിന്നകന്നു മാറുന്ന സ്ഥിതിക്ക് മാറ്റം വരുത്തും.**

സ്ത്രീകളുടെ സർവ്വതോമുഖമായ വികസനംതന്നെ തിരിച്ചു കൊണ്ടുവരുന്ന രീതിയിലേക്ക് ജെൻഡർ പാർക്ക് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലൈബ്രറി, മ്യൂസിയം, നിയമം എന്നി മേഖലകളിലെ പ്രവർത്തനത്തെ മുന്നോട്ട് കൊണ്ടുപോകാനായി പലതവണ മീറ്റിങ്ങുകൾ കൂടുകയുണ്ടായി. 2019 - 20-ൽ ഈ മേഖലകളിലെ പ്രവർത്തനം തുടങ്ങുന്നതിനു നടപടി സ്വീകരിച്ചുവരുന്നു.

b. സ്ത്രീകളുടെ നൈപുണിവികസനത്തിനും തൊഴിൽ പരിശീലനത്തിനും ഉപജീവനത്തിനുമുതകുന്ന വിവിധ പരിപാടികൾ ഏകോപിക്കാനും ജൻഡർ പാർക്കിനെ പര്യാപ്തമാക്കും.

ജെൻഡർ പാർക്കിന്റെ വികസനത്തിനായി ഏഴ് മേഖലകളിലായി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ലൈബ്രറി, ഗവേഷണം, മ്യൂസിയം, നിയമം എന്നീ മേഖലകളിലെ പ്രവർത്തനം ആരംഭിക്കാനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ നാല് മേഖലകൾക്കുമുള്ള കെട്ടിടങ്ങളും തയ്യാറായിക്കൊണ്ടിരിക്കുന്നു. മറ്റു മൂന്ന് മേഖലകളായ സാംസ്കാരികകേന്ദ്രം, നൈപുണ്യപരിശീലനകേന്ദ്രം, ഉത്പാദനകേന്ദ്രം എന്നിവയുള്ള ആശയനിർമ്മിതിയാണ് അന്താരാഷ്ട്രസെമിനാറിലൂടെ ഉദ്ദേശിക്കുന്നത്.

436 **a. സ്ഥിരം നിയമ-ലിംഗാവബോധ പരിശീലനകേന്ദ്രം സ്ഥാപിക്കും. ന്യായാധിപർ, കൗൺസിലർമാർ, പ്രൊട്ടക്ഷൻ ഓഫീസർമാർ, ലീഗൽ സർവ്വീസ് അതോറിറ്റിയിൽ രജിസ്റ്റർ ചെയ്ത അഭിഭാഷകർ, പാരാലീഗൽ വോളന്റിയർമാർ എന്നിവർക്ക് പരിശീലനം ലഭ്യമാക്കും.**

'സധൈര്യം മുന്നോട്ട്' എന്ന ശീർഷകത്തിൽ തുടങ്ങുന്ന ജെൻഡർ സാക്ഷരതയജ്ഞത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. ജൻഡർ സാക്ഷരതയുടെ ഭാഗമായി നിയമജ്ഞർക്ക് പരിശീലനം കൊടുക്കുകയും പൊതുജനത്തിന് തിരിച്ച് നിയമവും ജൻഡറും തമ്മിലുള്ള അഭേദ്യമായ ബന്ധ

ത്തെ കുറിച്ചുള്ള അവബോധം കൊടുക്കുകയും ചെയ്യുന്ന രീതിയിൽ മോഡ്യൂളുകൾ തയ്യാറാക്കിയിട്ടുണ്ട്.

b. പൊതുവിടങ്ങളിലെ അതിക്രമങ്ങൾക്കെതിരെ നിയമനിർമ്മാണം നടത്തും. വനിതാപൊലീസിന്റെ എണ്ണം വർദ്ധിപ്പിക്കും. വൈവാഹിക സ്വത്തവകാശ നിയമം പാസാക്കും.

ആഭ്യന്തരവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. (ബന്ധപ്പെട്ട ഖണ്ഡിക കാണുക) നിയമനിർമ്മാണം നടത്തുന്ന കാര്യം പരിശോധനയിലാണ്.

437 സ്ത്രീപഠനത്തിനും ബോധവൽക്കരണത്തിനും വേണ്ടി ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കും.

സ്ത്രീപഠനത്തിനും ബോധവത്കരണത്തിനും സ്ത്രീകളുടെ നൈപുണിയും തൊഴിൽ പരിശീലനവും വർദ്ധിപ്പിക്കുന്ന രീതിയിലുമുള്ള മികവിന്റെ കേന്ദ്രമായി ഉയർത്തുവാനുള്ള ശ്രമമാണ് ജെൻഡർ പാർക്കിൽ നടക്കുന്നത്. ഒരു വർഷത്തിനുള്ളിൽ ജെൻഡർ പാർക്കിന്റെ ഏഴു മേഖലകളും പ്രവർത്തനക്ഷമമാക്കാനും അന്താരാഷ്ട്രശ്രദ്ധ പിടിച്ചുപറ്റുന്ന ഒരു കേന്ദ്രമായി മാറ്റുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

438 നിരാലംബരായ വിധവകളെ സംരക്ഷിക്കാൻ പ്രത്യേക സ്കീമിന് രൂപം നല്കും.

അഭയസ്ഥാനമില്ലാത്ത വിധവകൾക്ക് അഭയവും കുടുംബ ചുറ്റുപാടും നല്കുന്ന ബന്ധുക്കൾക്കുള്ള ധനസഹായപദ്ധതിയാണ് 'അഭയകിരണം'. വനിതാ ശിശു വികസന വകുപ്പ് മുഖേനനടപ്പാക്കുന്ന ഈ പദ്ധതിയിലൂടെ പ്രതിമാസം 1000 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 55 വയസ്സിനു താഴെ പ്രായമുള്ള വിധവകളായ സ്ത്രീകൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനായി ഒറ്റത്തവണ ധനസഹായമായി 30,000 രൂപ അനുവദിക്കുന്ന സഹായഹസ്തം പദ്ധതി നടപ്പാക്കി.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സർക്കാർ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് 3000 രൂപയും ആറാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്ക് 5000 രൂപയും +1, +2, ITI ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 7500 രൂപയും ഡിഗ്രി തലത്തിലും അതിനുമുകളിലും പഠിക്കുന്നവർക്ക് 10,000 രൂപ വീതവും കേരള സാമൂഹികസുരക്ഷാമിഷൻ മുഖേന വിദ്യാഭ്യാസധനസഹായം നല്കുന്നു. വിധവകളുടെ മക്കൾക്ക് വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് ട്യൂഷൻ ഫീസ്, ഹോസ്റ്റൽ, മെസ്സ് ഫീസ് എന്നിവ നല്കുന്നതിനായി ആവിഷ്കരിച്ച കുട്ടികൾക്കായുള്ള ഉന്നതവിദ്യാഭ്യാസധനസഹായ പദ്ധതിയായ 'പടവുകൾ' നടപ്പാക്കി. പബ്ലിക് സർവ്വീസ് നിയമനങ്ങളിൽ വിധവകൾക്ക് പ്രായപരിധി ഇളവ് അനുവദിച്ചു.

വിധവകളുടെ സാമ്പത്തികശാക്തീകരണവും, സംരംഭകത്വപ്രചാരണവും വർദ്ധിപ്പിക്കാൻ സംരംഭകത്വ വികസനപരിപാടികൾ പഞ്ചായത്ത് തലത്തിൽ വനിതാവികസനകോർപറേഷൻ നടപ്പിലാക്കിവരുന്നു. ജില്ലതോറും 10 കേന്ദ്രങ്ങളിലായി ത്രിദിന സംരംഭകത്വവികസന പരിശീലനപരിപാടികൾ വിധവകൾക്കായി സംഘടിപ്പിച്ചു. പരിശീലനപരിപാടിയിൽ പങ്കെടുക്കുന്നവർക്ക് 1000 രൂപ സ്റ്റൈപന്റ് നല്കിയിരുന്നു. തൊഴിൽലന്വേഷകരായ വിധവകൾക്ക് സ്വയംപര്യാപ്തി നേടുന്നതിനും സ്വന്തമായി യൂണിറ്റുകൾ ആരംഭിക്കുന്നതിനും വനിതാ വികസനകോർപ്പറേഷൻ സ്വയംതൊഴിൽ വായ്പ അനുവദിച്ചുവരുന്നു. സ്ത്രീകൾ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ലളിതമായ വ്യവസ്ഥകളോടെ കുറഞ്ഞ പലിശനിരക്കിൽ (സ്വയംതൊഴിൽ വായ്പ 6%, മൈക്രോഫിനാൻസ് പദ്ധതി 5%, വിദ്യാഭ്യാസസഹായം 3 -4%) വായ്പകൾ ലഭ്യമാക്കിവരുന്നു. കുറഞ്ഞ പലിശ നിരക്കിൽ 30 ലക്ഷം രൂപ വരെയും ന്യൂ സ്വർണമ എന്ന പേരിൽ 4% മാത്രം പലിശനിരക്കിൽ ഒരു ലക്ഷം രൂപ വരെയും വിധവകൾക്ക് വായ്പ നല്കുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

കുടുംബശ്രീ

439 a. കുടുംബശ്രീയായിരിക്കും സംസ്ഥാനസർക്കാരിന്റെ പിന്തുണയും ധനസഹായവുമുള്ള സ്ത്രീകളുടെ അയൽക്കൂട്ടസംവിധാനം.

ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു. കുടുംബശ്രീയ്ക്ക് സർക്കാരിന്റെ എല്ലാ പിന്തുണയും ധനസഹായവും ഉറപ്പാക്കിയിട്ടുണ്ട്. പ്രളയദുരിതാശ്വാസപ്രവർത്തനങ്ങളിലും സജീവമായ ഇടപെടൽ ഉണ്ടായിട്ടുണ്ട്. ഗൃഹോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് ഒരു ലക്ഷം രൂപവരെ വായ്പ നല്കി.

b. ഇപ്പോൾ കുടുംബശ്രീയിൽ 50 ശതമാനത്തോളം കുടുംബങ്ങൾ അംഗങ്ങളാണ്. ഇത് 75 ശതമാനമായി ഉയർത്തും.

എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീ അംഗസംഖ്യയിൽ 12% വർദ്ധന ഉണ്ടായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2,58,035 അയൽക്കൂട്ടങ്ങളിലായി 39 ലക്ഷം കുടുംബങ്ങളായിരുന്ന കുടുംബശ്രീയിൽ അംഗങ്ങളായി ഉണ്ടായിരുന്നത്. കുടുംബശ്രീ സംഘടനാസംവിധാനത്തെ ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ട് നടത്തിയ ഇടപെട

ലിലൂടെ അർഹരായ മുഴുവൻ പേരെയും അയൽക്കൂട്ടത്തിൽ അംഗമാക്കുവാൻ കഴിഞ്ഞു. ഒപ്പം നിർജ്ജീവമായ 5416 അയൽക്കൂട്ടങ്ങളെ വീണ്ടും സജീവമാക്കുന്നതിനും കഴിഞ്ഞു. ഇപ്പോൾ കുടുംബശ്രീയിൽ 2,91,507 അയൽക്കൂട്ടങ്ങളും 43,93,579 അംഗങ്ങളുമുണ്ട്. ഭിന്നശേഷിക്കാരുടെ 572 ഉം വയോജനങ്ങളുടെ 1793 ഉം എസ് ടി വിഭാഗത്തിൽ 212 ഉം തീരദേശമേഖലയിൽ 327 ഉം ട്രാൻസ്ജെന്ററുകളുടെ 19ഉം ഇതരസംസ്ഥാനതൊഴിലാളികളുടെ നാലും അയൽക്കൂട്ടങ്ങളും രൂപവത്ക്കരിച്ചിട്ടുണ്ട്.

c. കേന്ദ്ര-സംസ്ഥാന-പ്രാദേശിക സർക്കാരുകളുടെ വനിതാശാക്തീകരണ ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളുടെ പൊതുവേദിയായിട്ടായിരിക്കും കുടുംബശ്രീ പ്രവൃത്തിക്കുക. കുടുംബശ്രീക്ക് കഴിഞ്ഞ രണ്ട് വർഷം 50 കോടി രൂപ വീതമാണ് ലഭിച്ചത്. ഇത് 150 കോടി രൂപയായി ഉയർത്തും.

കഴിഞ്ഞ മൂന്നു വർഷം സംസ്ഥാനസർക്കാർ കുടുംബശ്രീയ്ക്ക് ബഡ്ജറ്റിൽ ഏറ്റവും ഉയർന്ന തുകയാണ് അനുവദിച്ചത്. 2016-17 ൽ 130 കോടിയും 2017-18 ൽ 161 കോടിയും 2018-19 ൽ 188.62 കോടിയും ആണ് അനുവദിച്ചത്. 2019-20 ൽ 182.25 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

440 കുടുംബശ്രീക്ക് ബാങ്കുകളിൽ നിന്ന് നാലു ശതമാനം പലിശയ്ക്ക് വായ്പ ഉറപ്പാക്കും. പലിശ സബ്സിഡി സർക്കാർ നേരിട്ട് ബാങ്കുകൾക്ക് നല്കും.

നാലു ശതമാനം പലിശയ്ക്ക് വായ്പ ഉറപ്പാക്കി. പലിശ സബ്സിഡി ബാങ്കുകൾവഴി നല്കിവരുന്നു. 2016-17 വർഷത്തിൽ 35,689 അയൽക്കൂട്ടങ്ങൾക്കും 17-18 ൽ 49,564 അയൽക്കൂട്ടങ്ങൾക്കും 18-19 ൽ 1,03,211 അയൽക്കൂട്ടങ്ങൾക്കുമായി യഥാക്രമം 1335 കോടിയും 2259 കോടിയും 4132 കോടിയും രൂപ വായ്പയായി നല്കി. കഴിഞ്ഞ മൂന്നു വർഷമായി 137.99 കോടി രൂപയാണ് പലിശസബ്സിഡിയായി നല്കിയത്.

441 കുടുംബശ്രീക്ക് കൂടിശികയായിട്ടുള്ള റിവോൾവിംഗ് ഫണ്ട്, സംഘകൃഷി സബ്സിഡി, ആശ്രയ ധനസഹായം, സൂക്ഷ്മതൊഴിൽസംരംഭങ്ങൾക്കുള്ള സഹായം എന്നിവ ഉടൻ കൊടുത്തുതീർക്കും.

കൊടുത്തു തീർത്തു.

442 a. കുടുംബശ്രീയിലെ അഴിമതിയെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാരെ ശിക്ഷിക്കും.

ന്യൂട്രിമിക്സ്, മീഡിയാശ്രീ എന്നിവയുമായി ബന്ധപ്പെട്ട പരാതികളിൽ അന്വേഷണം നടക്കുന്നു.

b. സ്ത്രീസൗഹൃദമല്ലെന്ന് തെളിഞ്ഞിട്ടുള്ള എല്ലാ മിഷൻ ഉദ്യോഗസ്ഥരെയും നീക്കം ചെയ്യും.

ഇപ്രകാരമുള്ള ഉദ്യോഗസ്ഥരെ നീക്കം ചെയ്തിട്ടുണ്ട്.

c. സുതാര്യമായ രീതിയിൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കുടുംബശ്രീയിലെ പ്രവൃത്തിപരിചയവുംകൂടി കണക്കിലെടുത്ത് മിഷൻ പുനഃസംഘടിപ്പിക്കും



ചെറുകിട ഉല്പന്നങ്ങളും സേവനങ്ങളുമൊരുക്കി കുടുംബശ്രീ കോഴിക്കോട്ടു തുറന്ന മഹിളാമാൾ

കുടുംബശ്രീ ജില്ലാ/സംസ്ഥാന മിഷനുകളിൽ പ്രവൃത്തി പരിചയവും കഴിവും ഉള്ള പ്രൊഫഷനുകളെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചു പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

443 സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് കടക്കെണിയിലായിട്ടുള്ള തൊഴിൽസംരംഭകരെ സഹായിക്കാൻ പദ്ധതി ആവിഷ്ക്കരിക്കും. ഇത്തരം പോരായ്മകൾ ആവർത്തിക്കില്ലെന്ന് ഉറപ്പുവരുത്താൻ സ്വയംതൊഴിൽ സ്കീമുകളുടെ നടത്തിപ്പിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തും.

സ്വയംതൊഴിൽസംരംഭങ്ങൾ ആരംഭിച്ച് കടക്കെണിയിലായിട്ടുള്ള സംരംഭകരെ സഹായിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചു. ഇത്തരം പോരായ്മകൾ ആവർത്തിക്കാതിരിക്കാൻ ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്, റിവോൾവിംഗ് ഫണ്ട് എന്നിവ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള സ്വയംതൊഴിൽ സംരംഭങ്ങളുടെ അവസ്ഥ വിശദമായി പഠിക്കുന്നതിനായി സർവേ നടത്തി. കടക്കെണിയിലായ 337 യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിന് സഹായം നല്കി.

444 കുടുംബശ്രീ ഉത്പന്നങ്ങൾക്ക് സർക്കാർ തലത്തിലുള്ള വിപണി ഉറപ്പാക്കും. ഇതിന് എല്ലാ പഞ്ചായത്തുകളിലും നഗരങ്ങളിലും ബ്രാൻഡു ചെയ്ത കടകൾ ആരംഭിക്കും. സിവിൽ സപ്ലൈസ് സ്റ്റോറുകളിൽ കുടുംബശ്രീ ഉത്പന്നങ്ങൾക്കു മുൻഗണന നല്കും.

കുടുംബശ്രീ ഉല്പന്നങ്ങൾക്ക് വിപണി ഉറപ്പാക്കുന്നതിന്റെ ഭാഗമായി 245 ബ്ലോക്ക് നഗര പ്രദേശങ്ങളിൽ കൃത്യമായി മാസച്ചന്തകൾ സംഘടിപ്പിച്ചു. വിവിധ പഞ്ചായത്ത്, നഗര പ്രദേശങ്ങളിൽ 544 നാനോ മാർക്കറ്റുകൾ സ്ഥാപിച്ചു. ഹോർട്ടികോർപ്പ്, അഗ്രിഹൈപ്പർ മാർക്കറ്റിന് പുറമേ സപ്ലൈകോ ഔട്ട്ലെറ്റുകളിലും കുടുംബശ്രീ ഉല്പന്നങ്ങൾ ലഭ്യമാക്കി. പത്തനംതിട്ടയിലും വയനാട്ടിലും ജില്ലാതല മാർക്കറ്റ് ആരംഭിച്ചു. മറ്റ് ജില്ലകളിൽ മിനി സൂപ്പർ മാർക്കറ്റ് പദ്ധതി പുരോഗമിക്കുന്നു. 100 സ്ഥലങ്ങളിൽ പഞ്ചായത്ത്/നഗരസഭയുമായി ബന്ധപ്പെട്ട് സ്ഥിരം വിപണനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 28 ടൂറിസ്റ്റ്, തീർത്ഥാടന കേന്ദ്രങ്ങളിൽ ഉല്പന്നവിപണനത്തിനായി കിയോസ്ക്കുകൾ സ്ഥാപിച്ചു. സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് നടന്ന മേളകളിൽ 313 സ്റ്റാളുകൾ കുടുംബശ്രീ നടത്തുകയും 1,26,86,141 രൂപയുടെ വിപണനം നടത്തുകയും ചെയ്തു. ഇതിനുപുറമേ 107 ട്രേഡ് ഫെയറുകളിലൂടെ 2,70,80,832 രൂപയും 73 ഭക്ഷ്യമേളകളിലൂടെ 2,36,16,686 രൂപയും കുടുംബശ്രീ യൂണിറ്റുകൾക്ക് ലഭിച്ചു. ഹോം ഷോപ്പ് സംവിധാനത്തിലൂടെ മാസം തോറും 80 ലക്ഷം രൂപയുടെ വിറ്റുവരവ് കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ ഉല്പാദകർക്ക് ലഭിക്കുന്നു. ഇതിനു പുറമേ ഓൺലൈൻ മാർക്കറ്റിംഗ് ഉൾപ്പെടെയുള്ള പുതിയ വിപണനമാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്തു. ഓൺലൈൻ വിപണന സ്ഥാപനമായ ആമസോണിൽ നിലവിൽ 67 കുടുംബശ്രീ ഉല്പന്നങ്ങൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്. അടുത്ത ഘട്ടം ലിസ്റ്റു ചെയ്യാനായി 219 ഉല്പന്നങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്.

445 ആശ്രയ പദ്ധതി വിപുലീകരിക്കും. അഗതികളായ മുഴുവൻ കുടുംബങ്ങൾക്കും ആശ്രയ പദ്ധതിയിലൂടെ സമ്പൂർണ്ണസുരക്ഷിതത്വം ഉറപ്പുവരുത്തും.

കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതികുടുംബങ്ങളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള അഗതിരഹിത കേരളം പദ്ധതി കുടുംബശ്രീ തുടക്കം കുറിച്ചു.

ആശ്രയ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി പുതിയ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് തീരുമാനിക്കുകയും അതിന്റെ ഭാഗമായി അഗതികളെ കണ്ടെത്തുന്നതിനുള്ള സർവേ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു. 1.5 ലക്ഷം ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ഗുണം ലഭിക്കും. പദ്ധതി നടപ്പിലാക്കാൻ 932 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഡി പി ആർ അംഗീകരിച്ചു.

സഹകരണമേഖല

446 ജില്ലാബാങ്കുകളും സംസ്ഥാനസഹകരണ ബാങ്കും സംയോജിപ്പിച്ച് സംസ്ഥാനാടിസ്ഥാനത്തിൽ ഒരു സംസ്ഥാനസഹകരണ ബാങ്കിന് രൂപം നല്കും.

കേരള ബാങ്ക് രൂപവത്ക്കരണനടപടികൾ അന്തിമഘട്ടത്തിലാണ്. 2018 ഒക്ടോബർ 3-ന് 19 വ്യവസ്ഥകളോടെ റിസർവ് ബാങ്കിൽനിന്നു കേരള ബാങ്ക് രൂപവത്ക്കരണത്തിനു തത്വത്തിലുള്ള അനുമതി ലഭിച്ചു. 2019 മാർച്ച് 29-ന് പ്രസ്തുത വ്യവസ്ഥകൾ പാലിച്ചുകൊണ്ടുള്ള അന്തിമാനുമതിയപേക്ഷ നബാർഡ് മുഖാന്തരം റിസർവ് ബാങ്കിന് സമർപ്പിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം കേരള ബാങ്ക് നിലവിൽ വരും.

447 a. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി സഹകരിച്ച് കാർഷികവികസനത്തിനുള്ള സമഗ്രപരിപാടികൾ ആവിഷ്കരിക്കുകയും കാർഷികവായ്പകൾ 70 ശതമാനമായെങ്കിലും ഉയർത്തുകയും ചെയ്യും.

പ്രാഥമിക കാർഷികവായ്പാ സംഘങ്ങളിൽ (PACS) നിന്നുമുള്ള കാർഷികവായ്പാതോത് വർദ്ധിച്ചിട്ടുണ്ട്. ചെറുകിട കാർഷികവായ്പക്കാരിൽ 80 ശതമാനവും സഹകരണസംഘങ്ങളെയാണ് വായ്പയ്ക്കായി സമീപിക്കുന്നത്. KISAN CARD കളുടെ വിതരണം നബാർഡ് മാനദണ്ഡപ്ര

കാരം വിപുലീകരിച്ചിട്ടുണ്ട്.

b. കർഷക പ്രൊഡ്യൂസർ കമ്പനികൾക്കും കർഷക സംരംഭകർക്കും ഉദാരമായ വ്യവസ്ഥയിൽ വായ്പ നല്കും. കാർഷിക അനുബന്ധമേഖലകളിൽ വായ്പ നല്കുന്നതിന് ബൈലോകൾ ഭേദഗതി ചെയ്യും.

നടപടികൾ പുരോഗമിച്ചുവരുന്നു

448 **സഹകരണരംഗത്തെ അധികഫണ്ട് ജില്ലാതലത്തിലോ സംസ്ഥാനതലത്തിലോ തദ്ദേശസ്വയംഭരണസർക്കാരുകൾക്കോ സംസ്ഥാന സർക്കാരിനോ സാമൂഹികവികസനപ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിക്കും. ഇ.എം.എസ്. ഭവനപദ്ധതിയിൽ ഉപയോഗപ്പെടുത്തിയതുപോലെ അടിസ്ഥാനസൗകര്യവികസനത്തിന് ഉൾപ്പെടെ ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കും.**

പ്രളയാനന്തരപുനർനിർമ്മാണം, ഉപജീവനമാർഗങ്ങൾ പുനഃസൃഷ്ടിക്കൽ, ലളിതവ്യവസ്ഥയിൽ വായ്പകൾ അനുവദിക്കൽ തുടങ്ങിയ കാര്യങ്ങളിൽ സഹകരണമേഖല മാതൃകാപരമായ നടപടികൾ സ്വീകരിച്ചുവരുന്നു. CARe Loan പദ്ധതിക്കുകീഴിൽ സർക്കാർ പ്രഖ്യാപിച്ച RKLS (റിസർജന്റ് കേരള ലോൺ സ്കീം) പ്രകാരം 34,936 ഗുണഭോക്താക്കൾക്ക് 388.10 കോടി രൂപ സഹകരണബാങ്കുകളിലൂടെ പലിശരഹിതവായ്പയായി നല്കി. നവകേരള നിർമ്മിതിയിൽ സഹകരണമേഖല സുപ്രധാനപങ്കു വഹിച്ചു വരുന്നു.

449 **നെൽക്കൃഷി, പച്ചക്കറിക്കൃഷി തുടങ്ങിയവയ്ക്കുള്ള ഹ്രസ്വകാലകാർഷികവായ്പാവിതരണവുമായി ബന്ധപ്പെട്ട പോരായ്മകൾ പരിഹരിക്കാനും കാർഷികോത്പാദനം വർദ്ധിപ്പിക്കാനും ഉത്പന്നങ്ങളുടെ വിപണനത്തിനും പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാക്കും. പ്രാഥമികകാർഷിക വായ്പാസംഘം പ്രസിഡന്റ്, സെക്രട്ടറി, കൃഷിവകുപ്പുദ്യോഗസ്ഥൻ, പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് തുടങ്ങിയവർ അംഗങ്ങളായുള്ളതായിരിക്കും ഈ സമിതി.**

നെൽക്കൃഷി, പച്ചക്കറിക്കൃഷി, ജൈവകൃഷി എന്നിവയുടെ പ്രോത്സാഹനത്തിനായി നിരവധി പദ്ധതികൾ നടന്നുവരുന്നു. പാലക്കാട് ജില്ലയിൽ ആധുനിക നെല്ല് സംഭരണ, സംസ്കരണ മില്ല് സ്ഥാപിക്കുന്നതിന് തുടക്കം കുറിച്ചു. ഇടുക്കി ജില്ലയിൽ പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കാൻ ജില്ലാബാങ്ക് മുഖേന പലിശരഹിത വായ്പാപദ്ധതി നടപ്പാക്കിവരുന്നു. സഹകരണ സംഘങ്ങളുടെ സൂപ്പർമാർക്കറ്റുകൾ, നീതി സ്റ്റോറുകൾ, കൺസ്യൂമർ ഫെഡ് എന്നിവയിലൂടെ വിപണിശൃംഖല രൂപവത്ക്കരിക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു.

450 **സ്വന്തം ഫണ്ടിൽ അധികം സഞ്ചിതനഷ്ടമുള്ള സംസ്ഥാനസഹകരണബാങ്കിൽ സംസ്ഥാന സർക്കാരിന്റെ ഓഹരിമൂലധനപങ്കാളിത്തം വർദ്ധിപ്പിക്കുകയും അപ്പെക്സ് സംഘങ്ങൾക്കു നല്കിയിട്ടുള്ളതും നിഷ്ക്രിയവായ്പ ആയി തീർന്നതുമായ വായ്പകൾ സ്റ്റാൻഡേർഡ് വായ്പകളാക്കുകയും ചെയ്യും.**

സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന-ജില്ലാസഹകരണബാങ്കുകളിലെ അപ്പക്സ് സഹകരണസംഘങ്ങളുടെ നിഷ്ക്രിയവായ്പ ഒറ്റത്തവണ തീർപ്പാക്കുന്നതിനായി 306.75 കോടി രൂപ അനുവദിച്ചു നല്കി. കേരളസംസ്ഥാന സഹകരണബാങ്ക് 12 വർഷങ്ങൾക്കു ശേഷം സഞ്ചിതനഷ്ടം നികത്തി അറ്റലാഭം നേടി.

451 **കേരളത്തിലെ സഹകരണബാങ്കുകളെ ബന്ധിപ്പിച്ച് കോർ ബാങ്കിംഗ് നെറ്റ്വർക് ഏർപ്പെടുത്തും. എല്ലാ ബാങ്കുകളുടെയും ചെക്ക്ബുക്ക്, ഒപ്പുകൾ എന്നിവ ഓൺലൈനിലൂടെ പരിശോധിച്ച് ഉടൻ പണം ട്രാൻസ്ഫർ ചെയ്യാനുള്ള സംവിധാനം ഈ നെറ്റ്വർക്കിലുണ്ടാകും.**

കേരള ബാങ്ക് രൂപവത്ക്കരണ നടപടികളുടെ ഭാഗമായി ഏകീകൃത കോർ ബാങ്കിംഗ് സോഫ്റ്റ് വെയർ നടപ്പാക്കുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചു. 2019-20 സാമ്പത്തികവർഷം ഇത് പ്രവർത്തനക്ഷമമാകും. ഇതിനു ശേഷം, എല്ലാവിധ ആധുനിക ബാങ്കിംഗ് സേവനങ്ങളും സഹകരണമേഖലയിലൂടെ എല്ലാ വിഭാഗം ജനങ്ങൾക്കും നല്കാനാവും.

452 **ബ്ലേഡുകാരെ ഉന്മൂലനം ചെയ്യാൻ സഹകരണപ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ അവയെ കുടുംബശ്രീയുമായി സഹകരിപ്പിച്ച് ഡിസ്ട്രിബ്യൂഷൻ കളക്ഷൻ നെറ്റ്വർക്ക് ഉണ്ടാക്കും.**

ബ്ലേഡുകാരെ ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെ സഹകരണമേഖലയിൽ 'മുറ്റത്തെ മുല്ല' എന്ന പേരിൽ കുടുംബശ്രീയുമായി ചേർന്ന് ഒരു മൈക്രോഫിനാൻസ് പദ്ധതി നടപ്പാക്കി. പാലക്കാട് ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കിയ പദ്ധതി വൻ വിജയമായതിനെ തുടർന്ന് തൻവർഷം സംസ്ഥാനത്തിലെ മറ്റ് ജില്ലകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്.

453 **തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ സ്ഥാപിക്കപ്പെട്ട യൂത്ത് കോഓർഡിനേഷൻ കൗൺസിലുകൾ, യൂത്ത് കോഓർഡിനേറ്റർമാർ, യൂത്ത് സെന്ററുകൾ എന്നിവ സംബന്ധിച്ചുള്ള നിയമങ്ങൾ കൂടുതൽ ശക്തമാക്കും. ജില്ലാടിസ്ഥാനത്തിൽ വികസനരംഗത്തെ യുവജനകൂട്ടായ്മ ഉറപ്പുവരുത്താനായി കോഓർഡിനേഷൻ കൗൺസിലുകൾ രൂപവത്ക്കരിക്കും. യുവജനക്ഷേമബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കും.**

ഇതിനാവശ്യമായ നടപടികൾ ഉടൻ നടപ്പിലാക്കും. കോർഡിനേഷൻ കൗൺസിൽ രൂപവത്ക്കരണവുമായി ബന്ധപ്പെട്ട പരിശോധനകൾ നടക്കുന്നു. യുവജനക്ഷേമ ബോർഡ് പുതിയ പദ്ധതികൾ ഏറ്റെടുത്ത് കാര്യക്ഷമമായി പ്രവൃത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

454 **a. സ്പോർട്സ് കൗൺസിൽ, യുവജനക്ഷേമ ബോർഡ് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കും.**

സ്പോർട്സ് കൗൺസിൽ, യുവജനക്ഷേമ ബോർഡ് സംയുക്തമായി പ്രവർത്തനങ്ങൾ ചെയ്യുവരുന്നു. ഫിഫാ ലോകകപ്പിന്റെ ഭാഗമായി സംയുക്തമായി ലോകകപ്പ് ക്വിസ് മത്സരം, കൂട്ടയോട്ടം, ബിഗ് സ്ക്രീനിൽ മത്സര പ്രദർശനം എന്നിവ നടത്തിയിട്ടുണ്ട്. കായികവകുപ്പുമായി സഹകരിച്ച് നാടൻ കളികൾ പരിപോഷിപ്പിക്കുവാൻ 'കളിത്തട്ട്' എന്ന പേരിൽ പുതിയ പദ്ധതി ആവിഷ്ക്കരിച്ചുവരുന്നു.

b. തൊഴിൽവകുപ്പ്, വിദ്യാഭ്യാസവകുപ്പ്, സാംസ്കാരിക വകുപ്പ്, സാമൂഹികക്ഷേമവകുപ്പ് എന്നിവയുമായും യുവജനക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുള്ള സംവിധാനം കൊണ്ടുവരും.

ഇതു സംബന്ധിച്ച പദ്ധതികൾ നടന്നുവരുന്നു. കേരള സംസ്ഥാന യുവജനക്ഷേമബോർഡും കേരള സംസ്ഥാന യുവജനകമ്മിഷനും സംയുക്തമായി കുസാറ്റുമായി സഹകരിച്ച് കരിയർ ഫെസ്റ്റ് 2009 എന്ന പേരിൽ ഒരു തൊഴിൽ മേള സംഘടിപ്പിക്കുകയുണ്ടായി. തൊഴിൽ മേളയിൽ പങ്കെടുത്ത 4792 പേരിൽ 528 പേർ വിവിധ കമ്പനികളുടെ ചുരുക്കപ്പട്ടികയിൽ ഇടം നേടിയിട്ടുണ്ട്.

c. കേരള യൂത്ത് ഫോറത്തെ കേരള യുവത്വത്തിന്റെ ഏറ്റവും വലിയ ഒത്തുചേരലായി വിപുലീകരിക്കും.

ഡിസാസ്റ്റർ മാനേജ്മെന്റ്, ദുരിതാശ്വാസ പ്രവർത്തനം, മാലിന്യനിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, ബോധവൽക്കരണപ്രവർത്തനങ്ങൾ തുടങ്ങിയ അടിയന്തരപ്രാധാന്യമുള്ള പ്രവർത്തനങ്ങളിൽ ഇടപെടാൻ കഴിയുന്ന ഒരു സന്നദ്ധസേവനസേന (വാളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സ്) രൂപവത്ക്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 18 നും 25 നും ഇടയിൽ പ്രായമുള്ള ആയിരം പേർക്ക് ദുരന്തനിവാരണമേഖലയിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. ഒരുലക്ഷം പേർ ഇതിൽ അംഗങ്ങളായിട്ടുണ്ട്.

യൂത്ത് ക്ലബ്ബുകളുടെ ശാക്തീകരണം ലക്ഷ്യമാക്കി വിവിധ മേഖലകളിൽ ക്ലബ്ബുകൾ നടത്തുന്ന ഇടപെടലുകൾ പൊതുസമൂഹത്തിന് മുന്നിൽ റിയാലിറ്റി ഷോയിലൂടെ അവതരിപ്പിക്കുന്ന യൂത്ത് കേരളാ എക്സ്പ്രസ്സ് എന്ന പദ്ധതി യുവജനക്ഷേമബോർഡ് സംഘടിപ്പിച്ചിട്ടുണ്ട്.

455 **a. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ അടിമുടി പുനഃസംഘടിപ്പിക്കും.**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനങ്ങളിൽ നൂതനാശയങ്ങളും ആധുനികീകരണവും ഉൾപ്പെടെ ദ്രുതഗതിയിലുള്ള മാറ്റങ്ങളും നടപടികളുമാണ് ഉണ്ടായിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലുമായി രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്ത് അവർക്ക് ഇ-സേവനങ്ങൾ നല്കുന്നതിനായി ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ പോർട്ടൽ പ്രവർത്തനമാരംഭിച്ചു. www.employment.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ മുഖാന്തരം രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, റീരജിസ്ട്രേഷൻ, വ്യക്തിഗത വിവരങ്ങളുടെ അപ്ഡേഷൻ, സീനിയോറിറ്റി ലിസ്റ്റ് തുടങ്ങിയ എല്ലാ സേവനങ്ങളും എവിടെനിന്നും എല്ലായ്പ്പോഴും ലഭ്യമാണ്. ജില്ലാതലം വരെയുള്ള 29 ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പിലാക്കി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലെ എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി. ബാക്കിയുള്ള ഓഫീസുകളിൽ ഈ-ഓഫീസ് സംവിധാനം നടപ്പിലാക്കിവരുന്നു.

ഭാരതത്തിലെ ആദ്യത്തെ ടൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം കരിയർ ഡവലപ്മെന്റ് സെന്റർ പാലോട് പ്രവർത്തനമാരംഭിച്ചു. സംസ്ഥാനത്തെ ആദ്യത്തെ ഭിന്നശേഷിസൗഹൃദ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (മോഡൽ കൈവല്യ സെന്റർ) കായംകുളം ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം പ്രവർത്തനമാരംഭിച്ചു.

b. എല്ലാതരം തൊഴിലവസരങ്ങളെയും (സ്വകാര്യ മേഖല ഉൾപ്പെടെ) വിദ്യാഭ്യാസ അവസരങ്ങളെയും ഏകോപിപ്പിക്കുന്ന കരുത്തുറ്റ സംവിധാനമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മാറ്റും.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സംസ്ഥാനത്തെ

സർക്കാർ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേക്കുള്ള താൽക്കാലികനിയമനങ്ങളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനയാണ് ഉണ്ടായിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 33,956 പേർക്ക് സ്ഥിരം/താൽക്കാലിക നിയമനം നല്കിയിട്ടുണ്ട്.

സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കാൻ എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനം ഊർജിതമാക്കിയിട്ടുണ്ട്. നിലവിൽ 10 ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവൃത്തിക്കുന്നു. ഗ്രാമീണമേഖലയിലെ ഉദ്യോഗാർത്ഥികൾക്കും വിദ്യാർത്ഥികൾക്കും തൊഴിൽ-വിദ്യാഭ്യാസ മേഖലകളിലെ നൂതനപ്രവണതകളെക്കുറിച്ചും കാലാനുസൃതമാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നല്കി. അനുയോജ്യമായ തൊഴിലും ഉന്നതവിദ്യാഭ്യാസവും നേടിയെടുക്കാൻ സഹായിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന നൂതനപദ്ധതിയാണ് കരിയർ ഡവലപ്മെന്റ് സെന്റർ. നിലവിലുള്ള 4 കരിയർ ഡവലപ്മെന്റ് സെന്ററുകളിലായി 10,909 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

456 **അപ്രഖ്യാപിതനിയമനനിരോധം പിൻവലിക്കും. തസ്തികകൾ വെട്ടിക്കുറയ്ക്കുന്ന രീതി അവസാനിപ്പിക്കും. അഡ്വൈസ്മെമ്മോ ലഭിച്ച് 90 ദിവസത്തിനകം നിയമനഉത്തരവ് ലഭിക്കുമെന്ന് ഉറപ്പുവരുത്തും. ഓരോ വകുപ്പുകളിലും ഉണ്ടാകുന്ന ഒഴിവുകൾ 10 ദിവസത്തിനകം പി.എസ്.സിയെ അറിയിക്കുമെന്ന് ഉറപ്പുവരുത്തും.**

നിയമനനിരോധം പൂർണ്ണമായും പിൻവലിച്ചു. നിയമനങ്ങളിൽ സർവ്വകാലറെക്കോർഡ്. മൂന്ന് വർഷത്തിനകം 1,03,567 പേർക്ക് പി.എസ്.സി വഴി അഡ്വൈസ് മെമ്മോ നല്കി. തസ്തികകൾ വെട്ടിക്കുറയ്ക്കുന്ന രീതി അവസാനിപ്പിച്ചു. 17,916 തസ്തികകൾ മൂന്നു വർഷത്തിനുള്ളിൽ സൃഷ്ടിച്ചു. അഡ്വൈസ് മെമ്മോ ലഭിച്ച് 90 ദിവസത്തിനകം നിയമനയുത്തരവ് നല്കുന്നതിനുള്ള കർശന നിർദ്ദേശം നല്കിയിട്ടുണ്ട്.

ഒരോ വകുപ്പിലുമുണ്ടാകുന്ന ഒഴിവുകൾ 10 ദിവസത്തിനകം റിപ്പോർട്ട് ചെയ്യിക്കാൻ നടപടി സ്വീകരിച്ചു. ഇതിനായി പ്രത്യേക സോഫ്റ്റ്വെയർ ഉണ്ടാക്കി. പി.എസ്.സിക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നുണ്ടോയെന്നുള്ള പരിശോധന കർശനമാക്കി.

ജനാധിപത്യ അധികാര വികേന്ദ്രീകരണം

457 **a. ജനാധിപത്യ അധികാരവികേന്ദ്രീകരണത്തിന്റെ നഷ്ടപ്പെട്ട ജനകീയപങ്കാളിത്തവും സുതാര്യതയും പുനഃസൃഷ്ടിക്കും.**

ജനകീയാസൂത്രണത്തിന്റെ ജനകീയപങ്കാളിത്തം ഉറപ്പാക്കാൻ ആസൂത്രണസമിതികൾ തന്നെ രൂപവത്ക്കരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്ക് പരിശീലനം നല്കി. ഇതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിന് വെബ്സൈറ്റ് സംവിധാനവും ആരംഭിച്ചു. ഗ്രാമസഭകളിലുള്ള അഭിപ്രായങ്ങൾ രേഖപ്പെടുത്താനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുമായിരുന്നു ഇത്. വികസനപ്രവർത്തനങ്ങളുടെ വിവിധ പ്രോജക്ടുകളുടെ രൂപവത്ക്കരണവും അംഗീകാരം നല്കലും നിർവഹണവും സമയബന്ധിതമാക്കി. പദ്ധതി രൂപവൽക്കരണം നിർവഹണ പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമായ മോണിറ്ററിംഗ് ഏർപ്പെടുത്തി. 2019-20 വർഷത്തെ പദ്ധതികൾ 2018 ഡിസംബർ 31 നകം തയ്യാറാക്കി. 2017-18 സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ് 90.09 ശതമാനവും 2018-19 ലെ പദ്ധതിച്ചെലവ് 92.98 ശതമാനവുമായിരുന്നു. ഇത് സർവകാലറെക്കോർഡാണ്.

b. ജനകീയപങ്കാളിത്ത സംഘടനാസംവിധാനങ്ങൾക്ക് നിയമപരിരക്ഷ നല്കുന്നതിനായി കേരള പഞ്ചായത്ത് രാജ് മുനിസിപ്പൽ നിയമത്തിൽ ഭേദഗതി വരുത്താൻ നടപടികൾ സ്വീകരിക്കും. ഇതിനായി ഗ്രാമസഭകൾ ഫലപ്രദമാക്കും.

ഗ്രാമസഭകൾ സജീവമാകാൻ മന്ത്രിമാർ, എം.എൽ.എ. മാർ തുടങ്ങിയ ജനപ്രതിനിധികളെ പങ്കെടുപ്പിച്ച് ഗ്രാമസഭകൾക്ക് ഊർജ്ജം പകരുന്നതിനുള്ള പ്രത്യേക പരിപാടി സംഘടിപ്പിച്ചു. ഗ്രാമസഭകളിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ വിപുലമായ ക്യാമ്പയിൻ സംഘടിപ്പിച്ചു. ഈ ആവശ്യത്തിനായി നിയമഭേദഗതിയുള്ള നടപടികൾ പരിഗണനയിലാണ്.

c. ഗ്രാമസഭയുടെ ഉപഘടകങ്ങളായി കുടുംബശ്രീ അയൽക്കൂട്ടങ്ങളെയും റസിഡന്റ്സ് അസോസിയേഷനുകളെയും പുരുഷ സ്വയംസഹായസംഘങ്ങളെയും അംഗീകരിക്കും. ഗ്രാമസഭയ്ക്കു മുമ്പേ അജണ്ട കുറിപ്പ് ഈ സംഘങ്ങൾക്കു ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കും.

പരിശോധിച്ചുവരുന്നു.

458 **അധികാരവികേന്ദ്രീകരണം ഫലപ്രദമാക്കാനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കാനും എല്ലാ തട്ടുകളിലുമുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഒറ്റ വകുപ്പിനു കീഴിൽ കൊണ്ടുവരും. പഞ്ചായത്തുകൾ, നഗരവികസനം, ഗ്രാമവികസനം എന്നീ മൂന്നു വകുപ്പുകളും**

ചേർത്ത് ഒരു മന്ത്രിയും ഒരു സെക്രട്ടറിയും ഒരു പൊതുകേഡറും ഉള്ള വകുപ്പാക്കി മാറ്റും.

തദ്ദേശസ്വയംഭരണവകുപ്പിലെ പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പുകൾ ഒരു മന്ത്രിയുടെ കീഴിൽ കൊണ്ടുവന്നു. മേൽവകുപ്പുകൾ കൂട്ടിച്ചേർത്ത് തദ്ദേശസ്വയംഭരണപൊതുസർവീസ് ഗ്രൂപ വത്ക്കരിച്ചും അതിന്റെ തലവനായി പ്രിൻസിപ്പൽ ഡയറക്ടറെ നിയമിച്ചും ഉത്തരവായി. വിശേഷാൽ ചട്ടത്തിന്റെ കരട് ലോക്കൽ ഗവൺമെന്റ് കമ്മിഷൻ തയ്യാറാക്കി സർക്കാരിനു സമർപ്പിച്ചു. ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തി നഗരസഭാജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചു.

459 നഗരസഭകൾക്ക് സമാന്തരമായി പ്രവൃത്തിക്കുന്ന അധികാരകേന്ദ്രങ്ങളായ വികസന അതോറിറ്റികൾ അധികാരവികേന്ദ്രീകരണത്തിന്റെയും പ്രാദേശികഭരണസംവിധാനത്തിന്റെയും സത്തയ്ക്ക് എതിരാണ്. ഇത്തരം സമാന്തര അധികാരസ്ഥാപനങ്ങളെ പരമാവധി കുറയ്ക്കും.

തിരുവനന്തപുരം (TRIDA), കൊച്ചി (GCDA), ഗോശ്രീ (GIDA) എന്നീ മൂന്ന് വികസന അതോറിറ്റികൾ ഒഴികെയുള്ള എല്ലാ വികസന അതോറിറ്റികളും 2017 മാർച്ച് മാസത്തോടെ പിരിച്ചുവിട്ട് പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ട്.

460 a. അറിയാനുള്ള അവകാശവും സേവനാവകാശ നിയമവും പൗരാവകാശരേഖയും അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കും.

വിവരാവകാശനിയമവും സേവനാവകാശനിയമവും ഫലപ്രദമായി നടപ്പാക്കാൻ എല്ലാ വകുപ്പുകളിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തി. മന്ത്രിസഭാതീരുമാനങ്ങൾ സർക്കാർ വെബ്സൈറ്റുകളിൽ കുറിപ്പ് അടക്കം പ്രസിദ്ധീകരിക്കാൻ നടപടി എടുത്തു.

b. ജനകേന്ദ്രീകൃതമായ ഭരണവ്യവസ്ഥ തദ്ദേശഭരണതലത്തിൽ ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കും.

941 ഗ്രാമപ്പഞ്ചായത്തുകളും പൗരവാകാശരേഖ പ്രസിദ്ധീകരിച്ചു. നഗരസഭകളിൽ പൗരാവകാശരേഖ പുനഃപ്രസിദ്ധീകരിച്ചു. കൊല്ലം, കോട്ടയം ജില്ലകളിലെ എല്ലാ പഞ്ചായത്തുകളും ജനസൗഹൃദപഞ്ചായത്തുകളായി പ്രഖ്യാപിച്ചു. പ്രാദേശികാസൂത്രണം കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി രണ്ടാംഘട്ട ജനകീയാസൂത്രണം ആരംഭിച്ചു. നവകേരളസൃഷ്ടിക്കായുള്ള വിവിധ മിഷനുകൾ ജനകീയമായി നടപ്പിലാക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചു. ഭരണവ്യവസ്ഥ ശക്തിപ്പെടുത്താൻ വകുപ്പുകളെ ഏകീകരിക്കാനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ജനപ്രതിനിധികളെ ഭരണരംഗത്തും വികസനപ്രവർത്തനരംഗത്തും ശാക്തീകരിക്കാനുള്ള പരിശീലനങ്ങൾ കൂടുതൽ ജനങ്ങളിലെത്തിക്കുന്നതിന്റെ ഭാഗമായി ഗ്രാമ വികസന വകുപ്പിനു കീഴിലുള്ള അഞ്ച് പരിശീലന കേന്ദ്രങ്ങളെ കിലയുമായി സംയോജിപ്പിച്ചു.

എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിംഗ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എഞ്ചിനീയർമാരുടെ 194 തസ്തികകൾ സൃഷ്ടിച്ച് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും എഞ്ചിനീയർ മാരുടെ സേവനം ലഭ്യമാക്കി.

461 a. വികേന്ദ്രീകൃതപരിശീലനസംവിധാനങ്ങൾ മേഖലാടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിലും സജ്ജമാക്കും. സമയബന്ധിതമായും കാര്യക്ഷമമായും പരിശീലനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കും.

സംസ്ഥാനത്തെ വികേന്ദ്രീകൃതഭരണപരിശീലനകേന്ദ്രമായ കിലയ്ക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു മുഴുവൻസമയ ഡയറക്ടറെ നിയമിച്ചു. അടുത്ത അഞ്ചുവർഷത്തേക്കുള്ള (13-ാം പഞ്ചവത്സരപദ്ധതി) പരിശീലനപരിപാടികൾ തയ്യാറാക്കിയിട്ടുണ്ട്. അതുപ്രകാരം ജില്ലാടിസ്ഥാനത്തിലും മേഖലാടിസ്ഥാനത്തിലും സമയബന്ധിതമായ പരിശീലനങ്ങൾ ചിട്ടപ്പെടുത്തി നടപ്പിലാക്കിവരുന്നു. ഇതിനായി ഒരു വാർഷികപരിശീലനകലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. പരിശീലനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കാൻ പുതിയപരിശീലകരെ ഉപയോഗപ്പെടുത്തുന്നു.

b. വിവിധ വികസനവകുപ്പുകളുടെ കീഴിൽ പ്രവൃത്തിക്കുന്ന പരിശീലനസ്ഥാപനങ്ങളുടെ പരിശീലനങ്ങളിലെ പാഠ്യപദ്ധതിയും തദ്ദേശസ്വയംഭരണവകുപ്പിന്റെ പരിശീലനപാഠ്യപദ്ധതിയും തമ്മിൽ ഏകോപനം ഉറപ്പാക്കും.

എസ്.ഐ.ആർ.ഡി., അഹാഡ്സ്, സി.സി.പി.ആർ.എം. എന്നീ മൂന്ന് എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ കിലയുമായി ചേർന്ന് പാഠ്യപദ്ധതിയും ഏകോപനവും ഉറപ്പാക്കാനുള്ള നടപടി സ്വീകരിച്ചു. വിവിധ വകുപ്പുകളുമായി ബന്ധമുള്ള വിഷയങ്ങൾ, ജനകീയാസൂത്രണം, ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാഭ്യാസസംരക്ഷണയജ്ഞം എന്നിവയുടെ ഭാഗമായുള്ള പരിശീലനങ്ങളുടെ വിഷയവുമായി ഏകോപനം ഉറപ്പുവരുത്തുന്നുണ്ട്.

462 എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഓഫീസുകളും സമയബന്ധിതമായി ഐഎസ്ഒ സർട്ടിഫിക്കേഷൻ ഉറപ്പാക്കാനുള്ള നടപടി സ്വീകരിക്കും.

എല്ലാ പഞ്ചായത്തുകളും ഐ.എസ്.ഒ. അംഗീകാരം നേടുക എന്ന ലക്ഷ്യം വച്ച് ആർ.ജി.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനുള്ള

നടപടിയാരംഭിച്ചു. കൺസൾട്ടേഷൻ ചുമതല കിലയെ ഏൽപ്പിച്ചു. പഞ്ചായത്ത് ഡയറക്ടേറ്റ്, ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ, 700 ഗ്രാമപ്പഞ്ചായത്തുകൾ എന്നിവ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടി.

463 **a. ജില്ലാപദ്ധതി തയ്യാറാക്കാൻ നിലവിലുള്ള നിയമം റദ്ദാക്കും.**

കഴിഞ്ഞ സർക്കാരിന്റെ അവസാനകാലത്ത് കൊണ്ടുവന്ന് കേരള നഗരഗ്രാമാസൂത്രണനിയമം 2016 സമഗ്രമായി പരിഷ്ക്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുൻ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ് അദ്ധ്യക്ഷനായ സമിതി സമർപ്പിച്ച കരട് നിയമം സർക്കാർ വിവിധ വകുപ്പുകളുമായി കൂടിയാലോചിച്ച് അന്തിമരൂപം നല്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ടൗൺ പ്ലാനേഴ്സ് അസ്സോസ്സിയേഷൻ, CREDAI തുടങ്ങിയ സംഘടനകളുമായി പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലുള്ള ചർച്ച പൂർത്തിയാക്കിയിട്ടുണ്ട്. പുതിയ നിയമനിർമ്മാണത്തിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

b. അധികാരവികേന്ദ്രീകരണത്തിന്റെ ആദർശങ്ങൾക്കും ഭരണഘടനയ്ക്കും വിരുദ്ധമായുള്ളതാണ് ടൗൺ ആൻഡ് കൺട്രി പ്ലാനിംഗിന്റെ കീഴിൽ ജില്ലാ പദ്ധതി രൂപവത്ക്കരിക്കാനുള്ള നിക്കം. ഈ നടപടി തിരുത്തും.

ജില്ലാ ആസൂത്രണസമിതികൾ സർക്കാർ നോമിനികളായി സാങ്കേതികവിദഗ്ധരെയും സാമൂഹികപ്രവർത്തനപാരമ്പര്യമുള്ളവരെയും ഉൾപ്പെടുത്തി പുനഃസംഘടിപ്പിച്ചു. ജില്ലാപദ്ധതി തയ്യാറാക്കാനുള്ള പുതിയ മാർഗ്ഗരേഖ അംഗീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 14 ജില്ലകളിലെയും ജില്ലാപദ്ധതി തയ്യാറാക്കി. ജില്ലാപദ്ധതികളുടെ നിർവ്വഹണത്തിനായി 40 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി.

464 **a. ജില്ലാ ആസൂത്രണസമിതിയെ ശക്തിപ്പെടുത്തും.**

ജില്ലാ ആസൂത്രണസമിതികൾ സർക്കാർ നോമിനികളായി സാങ്കേതികവിദഗ്ധരെയും സാമൂഹികപ്രവർത്തനപാരമ്പര്യമുള്ളവരെയും ഉൾപ്പെടുത്തി പുനഃസംഘടിപ്പിച്ചു. ജില്ലാപദ്ധതി തയ്യാറാക്കാനുള്ള മാർഗ്ഗരേഖ അംഗീകരിച്ചു.

b. പദ്ധതി സംബന്ധിച്ച തർക്കകാര്യങ്ങളുടെ അപ്പീൽ അതോറിറ്റി സ്ഥാനത്തുനിന്നും കളക്ടറെ മാറ്റും.

നടപടി സ്വീകരിച്ചിട്ടില്ല.

c. ജില്ലാപദ്ധതി തയ്യാറാക്കുന്നതിന്റെ ചുമതല ഡിപിസിയിൽ നിക്ഷിപ്തമാക്കും. പദ്ധതിരേഖയുടെയും പരിശോധനയുടെയും അംഗീകാരം നല്കുന്നതിന്റെയും പൂർണ്ണചുമതല ഡിപിസിയ്ക്ക് ആകുന്ന വിധത്തിൽ പുനഃക്രമീകരണം നടത്തും.

ജില്ലാപദ്ധതി മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ഡി.പി.സി.യുടെ നേതൃത്വത്തിലാണ് ജില്ലാപദ്ധതികൾ തയ്യാറാക്കിയത്. പദ്ധതിരേഖ പരിശോധനയുടെയും അംഗീകാരം നൽകലിന്റെയും പൂർണചുമതല ഡി. പി.സി. യിൽ നിക്ഷിപ്തമാക്കി.

465 **റോഡ് പശ്ചാത്തലസൗകര്യങ്ങൾക്കുവേണ്ടി മുതൽമുടക്കാൻ പരമാവധി പരിധിയും ഉത്പാദനമേഖലയിൽ ചെലവഴിക്കാൻ മിനിമം പരിധിയും നിശ്ചയിക്കും.**

ഇരുമേഖലകളിലും പരിധി നിശ്ചയിച്ചു. പൊതുവിഭാഗത്തിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ പൊതുവികസനഫണ്ടിന്റെ 30 ശതമാനം ഉല്പാദനമേഖലയിൽ വകയിരുത്താൻ നിശ്ചയിച്ചു. പശ്ചാത്തലമേഖലയിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകളിൽ യഥാക്രമം 30 ശതമാനം, 25 ശതമാനം, 40 ശതമാനം എന്ന പരിധി നിശ്ചയിച്ചു. നഗരമേഖലയിൽ പൊതുവിഭാഗം ഫണ്ടിന്റെ 10 ശതമാനം ഉല്പാദനമേഖലയിലും പരമാവധി 50 ശതമാനം പശ്ചാത്തലമേഖലയിലും വിനിയോഗിക്കാൻ വ്യവസ്ഥ ചെയ്തു.

466 **സംസ്ഥാനബജറ്റ് വിഹിതത്തിനുപുറമെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് തനതു വരുമാനം കണ്ടെത്താനും അധികവിഭവസമാഹരണസാദ്ധ്യതകൾ പ്രയോജനപ്പെടുത്താനും ആവശ്യമായ സ്വാതന്ത്ര്യം നല്കും. ആവശ്യമായ സാഹചര്യങ്ങളിൽ സർക്കാർ ഗ്യാരണ്ടിയോടെ വായ്പയെടുക്കാൻ അനുവാദം നല്കും.**

ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടതുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ തനതു ഫണ്ട് പൂർണമായും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി സംസ്ഥാനത്തെ പകുതിയിലധികം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നൂറുശതമാനം നികുതി 2018-19 വർഷത്തിൽ പിരിച്ചെടുത്തു.

467 **തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഗ്രാന്റുകൾ 12 മാസഗഡുക്കളായി മുൻകൂറായി നല്കുന്ന സമ്പ്രദായം പുനഃസ്ഥാപിക്കും.**

മൂന്നുമാസത്തെ വികസനഫണ്ട് മുൻകൂറായി നാലു ഗഡുക്കളായി നല്കുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്.

468 **മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയെ സംയോജിപ്പിച്ചുകൊണ്ടുള്ള സംയോജിതവും സമഗ്രവുമായ സ്ഥലജല ആസൂത്രണം പ്രാദേശികതലത്തിൽ ഏറ്റെടുക്കും.**

മണ്ണ്, ജല ജൈവസമ്പത്തിന്റെ സംരക്ഷണം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വികസനലക്ഷ്യങ്ങളിൽ പ്ര

ധാനപ്പെട്ട ഒന്നാണ്. പ്രകൃതിവിഭവപരിപാലനത്തിനായി നീർത്തടാടിസ്ഥാനത്തിൽ ശാസ്ത്രീയമായ ആസൂത്രണത്തോടെ പൊതുഭൂമിയിൽ വിവിധ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കിവരുന്നു. പരമാവധി മഴവെള്ളം ഭൂമിയിൽ താഴ്ത്തുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനുമുള്ള പ്രവൃത്തികളാണ് ഏറ്റെടുത്തുവരുന്നത്. മഴക്കുഴികൾ, കോണ്ടൂർ ട്രഞ്ച്, കോണ്ടൂർ ടെറസ്സിംഗ്, മണ്ണ് കയ്യാല, കല്ല് കയ്യാല, ചെക്ക് ഡാമുകൾ, വനവത്ക്കരണപ്രവൃത്തികൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതികളിലും ഏറ്റെടുത്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽത്തന്നെ സംസ്ഥാനത്തെ 152 ബ്ലോക്കുകളിൽ ഇപ്രകാരമുള്ള 14,174 പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്.

ഹരിതകേരളമിഷന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെയും വിവിധ വകുപ്പുകളെയും അണിനിരത്തി വിപുലമായ ജലസംരക്ഷണകൃഷിയിനിലൂടെ ചുവടെ ചേർത്തിരിക്കുന്ന നേട്ടങ്ങൾ കൈവരിച്ചു.

18,840കി മീ. പുഴകളും തോടുകളും നീർച്ചാലുകളും പുനരുജ്ജീവിപ്പിച്ചു. 8675 കുളങ്ങൾ നിർമ്മിച്ചു. 9889 കുളങ്ങൾ നവീകരിച്ചു. തത്ഫലമായി 80,66,058 ഘനമീറ്റർ വെള്ളത്തിന്റെ സംഭരണം സാധ്യമായി.

14,72,39 ഏക്കർ വൃഷ്ടിപ്രദേശപരിപാലനം പൂർത്തീകരിച്ചു.

പാറമടകളിൽ ശേഖരിക്കപ്പെട്ടിരിക്കുന്ന ജലം പരിശോധനകൾക്ക് ശേഷം നിർമ്മാണപ്രവൃത്തികൾക്കും കൃഷിയാവശ്യത്തിനും വ്യാവസായികാവശ്യത്തിനും നല്കുവാനും ഈ ആവശ്യങ്ങൾക്ക് ശുദ്ധജലം വിനിയോഗിക്കാതിരിക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

12,892 കുളങ്ങൾ നിർമ്മിച്ചു. 9,889 കുളങ്ങൾ നവീകരിച്ചു.

പരിസ്ഥിതി ദിനത്തിൽ 1.97 കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. ഈ ആവശ്യത്തിനായി 2 കോടി തൈകളുടെ ഉല്പാദനവും ഹരിതകേരളമിഷന്റെ നേതൃത്വത്തിൽ നടന്നു.

469 **ഓരോ തദ്ദേശസ്വയംഭരണസ്ഥാപനത്തിലും ചെറുകിടയന്ത്രവത്കൃത കാർഷികതൊഴിലുകൾ ചെയ്യാൻ തയ്യാറുള്ള യുവതീയുവാക്കളെ ഉൾപ്പെടുത്തിയുള്ള തൊഴിൽസേനകൾ രൂപവത്ക്കരിക്കും. ഇത്തരം തൊഴിൽസേനാംഗങ്ങൾക്ക് സ്ഥിരവരുമാനവും സാമൂഹികസുരക്ഷയും ഉറപ്പാക്കും. കൃഷിയുമായി ബന്ധപ്പെട്ട എല്ലാ സാങ്കേതികവൈദഗ്ധ്യവും ലഭ്യമാക്കി ഇവരെ സേവനകേന്ദ്രമാക്കി മാറ്റും.**

തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ നെൽക്കൃഷിയുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യാൻ 43 ലേബർ ബാങ്കുകൾ രൂപവത്ക്കരിച്ചു. കോഴിക്കോട്, ആലപ്പുഴ, എറണാകുളം ജില്ലകളിലെ ലേബർ ബാങ്കുകൾ രൂപവത്ക്കരിക്കാൻ ആവശ്യമായ പരിശീലനം നല്കി. തിരുവനന്തപുരം, കൊല്ലം, ജില്ലകളിൽക്കൂടി പദ്ധതി തുടങ്ങാൻ പ്രോജക്ട് തയ്യാറാക്കുന്നു.

470 **a. പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെടുത്തിയുള്ള വിപുലമായ ജനകീയകാമ്പയിൻ ആവിഷ്കരിക്കും.**

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പദ്ധതിനിർവ്വഹണം ജനകീയാസൂത്രണപദ്ധതിയിലൂടെ വിജയകരമായി പൂർത്തിയാക്കിയതുവഴി 2017-18 ൽ 90.09ഉം, 2018-19 ൽ 92.98ഉം ശതമാനം പദ്ധതിവിഹിതം ചെലവഴിക്കാൻ കഴിഞ്ഞു.

b. എല്ലാ മേഖലകളിലെയും പദ്ധതികളെ ഇതുമായി ബന്ധപ്പെടുത്തും. എന്നാൽ മുഖ്യമായും മാലിന്യസംസ്കരണം, ജൈവകൃഷി, തൊഴിലുറപ്പ് എന്നിവയെ ആസ്പദമാക്കിയായിരിക്കും ഈ പുതിയ ജനകീയപ്രസ്ഥാനം. ഈ ജനകീയപ്രസ്ഥാനം സൃഷ്ടിക്കുന്ന പുതു അന്തരീക്ഷവും ഇച്ഛാശക്തിയും ഉപയോഗപ്പെടുത്തി കേരളത്തിലെ അധികാരവികേന്ദ്രീകരണത്തെ ഒരു പുതിയ വിതാനത്തിലേക്ക് ഉയർത്തും.

വൃത്തിയും ജലസമൃദ്ധിയും ജൈവകൃഷിയും വീണ്ടെടുക്കുന്നതിനായി ഹരിതകേരളം മിഷൻ ആരംഭിച്ചു. തൊഴിലുറപ്പപദ്ധതിയിൽ ഈ മേഖലയ്ക്ക് കൂടുതൽ ഊന്നൽ നല്കിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉറവിടമാലിന്യ സംസ്ക്കരണത്തിനു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. ഇങ്ങനെ ഉല്പാദിപ്പിക്കുന്ന ജൈവവളം ഉപയോഗപ്പെടുത്തി ജൈവകൃഷി വ്യാപിപ്പിക്കാനുള്ള പദ്ധതികളും ജനകീയാസൂത്രണ പരിപാടിയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കുന്നുണ്ട്.

പ്രവാസിക്ഷേമം

471 **വിദേശത്ത് ജോലിക്ക് പോകാൻ ശ്രമിക്കുന്നവർക്ക് സർക്കാർ സഹായം നല്കും. ഉയർന്ന വിമാനനിരക്ക് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ പ്രവാസികളോടു കാണിക്കുന്ന വിവേചനം അവസാനിപ്പിക്കാൻ കേന്ദ്രസർക്കാരിനെ ഇടപെടുവിക്കാനുള്ള തീവ്രശ്രമം നടത്തും. കേരളത്തിന്റെ തനതായ വിമാനക്കമ്പനി ആരംഭിക്കും. കുടിയേറ്റക്കാർക്കു ക്ഷേമവും പ്രോത്സാഹനവും ഉറപ്പുവരുത്തുന്ന ഒരു**

സമഗ്രകുടിയേറ്റനിയമത്തിനു പരിശ്രമിക്കും.

വിദേശത്ത് ജോലിക്ക് പോകാൻ ശ്രമിക്കുന്നവർ ചതിക്കുഴിയിൽ പെടാതിരിക്കാൻ വേണ്ടത്ര ജാഗ്രതാനിർദ്ദേശങ്ങൾ, പത്ര, ദൃശ്യ, മാധ്യമപ്രചാരണങ്ങൾ എന്നിവ വ്യാപകമായി ചെയ്യുവരുന്നു. നിലവിൽ തൊഴിലന്വേഷകർക്കായി യു.എ.ഇ, സൗദി, കുവൈറ്റ്, ബഹ്റൈൻ, ഖത്തർ എംബസി അറ്റസ്റ്റേഷൻ ചെയ്യുകൊടുക്കാനുള്ള സംവിധാനം നോർക്ക ഏർപ്പെടുത്തിയിട്ടുണ്ട്.

വിദേശത്ത് തൊഴിലന്വേഷകർക്കായി ജോബ് പോർട്ടൽ സംവിധാനം ഉടൻ നിലവിൽ വരും. നഴ്സുമാർ, ഡോക്ടർമാർ, പാരമെഡിക്കൽ, എഞ്ചിനീയർമാർ വീട്ടുജോലിക്കാർ തുടങ്ങിയവരെ സ്വകാര്യറിക്രൂട്ടിംഗ് എജൻസികൾ ഈടാക്കുന്നതിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ നോർക്കാ റൂട്ട്സ് വഴി ജി.സി.സി. രാജ്യങ്ങളിലേക്ക് റിക്രൂട്ട് ചെയ്യുന്നു. ഇംഗ്ലണ്ടിലേക്ക് നഴ്സിംഗ് റിക്രൂട്ട്മെന്റ് നടത്താനുള്ള നടപടികൾ തുടങ്ങി. ജർമ്മനിയിലേക്കുള്ള റിക്രൂട്ടമെന്റ് നടപടികൾ സ്വീകരിച്ചുവരുന്നു.

അന്തർദേശീയകുടിയേറ്റപഠനകേന്ദ്രം ഉടൻ ആരംഭിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഉയർന്നരവിമാന നിരക്ക് മൂലം മലയാളികൾ അനുഭവിച്ചു വരുന്ന ബുദ്ധിമുട്ട് നിരന്തരമായി കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി നടപടികൾ എടുപ്പിക്കാൻ ശ്രമിച്ചുവരുന്നു.

472 സംസ്ഥാനസർക്കാർ, പുതിയ തൊഴിൽസാദ്ധ്യതയെക്കുറിച്ചുള്ള വിവരങ്ങൾ തൊഴിലന്വേഷകർക്ക് എത്തിച്ചുകൊടുക്കുക, ഫിനിഷിങ് സ്കൂൾ നടത്തുക, കുടിയേറ്റത്തിനാവശ്യമായ വായ്പ ഉദാരമായി ലഭ്യമാക്കുക എന്നിവ ഏറ്റെടുക്കും.

കേരളത്തിൽനിന്നുള്ള തൊഴിലന്വേഷകർക്ക് വിദേശതൊഴിൽക്കമ്പോളത്തിലെ വെല്ലുവിളികൾ നേരിടുന്നതിന് നോർക്ക റൂട്ട്സിന്റെ പരിശീലനപദ്ധതി. സാങ്കേതിക വിദ്യ, സോഫ്റ്റ് സ്കിൽ എന്നിവയിൽ സംസ്ഥാന വ്യാവസായികപരിശീലനവകുപ്പിന്റെ കീഴിലുള്ള വിവിധ ഐ.ടി.ഐകൾ, പോളിടെക്നിക്കുകൾ, എൽബിഎസ് സെന്ററുകൾ എന്നിവ മുഖേന Skill upgradation പരിശീലനവും സർട്ടിഫിക്കറ്റും നല്കുന്നു.

473 പ്രവാസികളെക്കുറിച്ചുള്ള സമഗ്രമായ ഡാറ്റ ബേസ് തയ്യാറാക്കും. സ്ഥിരമായി വിദേശത്ത്, പ്രത്യേകിച്ച് പാശ്ചാത്യരാജ്യങ്ങളിൽ, താമസിക്കുന്ന മലയാളികളുടെ പുതിയ തലമുറകളെ മലയാളവും മലയാള സംസ്കാരവും പരിചയപ്പെടുത്തിക്കൊടുക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കും. മാത്രമല്ല, ഭാഷാപഠനപ്രോത്സാഹനത്തിനുള്ള മലയാളം മിഷന്റെ പ്രവർത്തനം വിപുലപ്പെടുത്തും.

വിദേശമലയാളികളുടെ സമഗ്ര വിവരശേഖരണത്തിനായി വിപുലമായ ഓൺലൈൻ ഡാറ്റ ബേസ് ഉടൻ തയ്യാറാക്കുന്നതാണ്. ലോകകേരളസഭയുടെ ഭാഗമായി നടത്താനുദ്ദേശിക്കുന്ന സാംസ്കാരികോത്സവങ്ങളിലൂടെ കേരളത്തിന്റെ ഭാഷ, കല, സാംസ്കാരിക മൂല്യങ്ങൾ എന്നിവ പുതുതലമുറയിലേക്ക് പകർന്നുനല്കാൻ കഴിയും. മലയാളം മിഷന്റെ പ്രവർത്തങ്ങൾ ഊർജിതമായി നടന്നുവരുന്നു.

474 പ്രവാസിസംഘടനകളുടെ മേഖലാതല, ആഗോളതല സമ്മേളനങ്ങളും ആശയവിനിമയവും വർഷത്തിലൊരിക്കലെങ്കിലും സംഘടിപ്പിക്കും.

ലോകകേരളസഭയുടെ പ്രഥമസമ്മേളനം 2018 ജനുവരിയിൽ നടത്തുകയുണ്ടായി. രണ്ടാമത്തെ സമ്മേളനം 2020 ജനുവരി ആദ്യവാരം നിയമസഭാസമുച്ചയത്തിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ലോകകേരള സഭയുടെ മേഖലാസമ്മേളനം 2019 ഫെബ്രുവരി 15, 16 തിയതികളിൽ ദുബായിൽ കൂടി.

ലോകകേരളസഭയുടെ പ്രഥമസമ്മേളനത്തിൽ ഉരുത്തിരിഞ്ഞുവന്ന തീരുമാനങ്ങളിൽ മുഖ്യമായതായിരുന്നു ലോകകേരളസഭ സെക്രട്ടറിയേറ്റ് രൂപവത്ക്കരിക്കുക, ഏഴ് വിഷയമേഖലാ സ്റ്റാൻഡിങ് കമ്മിറ്റികൾ രൂപവത്ക്കരിക്കുക എന്നിവ.

- കേരളത്തിന്റെ തനത് സാഹചര്യങ്ങൾ കണക്കിലെടുത്ത് പ്രവാസിമലയാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് വിവിധ മേഖലകളിലെ വിദ്ഗധരെ ഉൾപ്പെടുത്തി ഏഴ് വിഷയ മേഖലാസ്റ്റാൻഡിങ് കമ്മിറ്റികൾ രൂപവത്ക്കരിച്ചു.
- ഇവ സമർപ്പിക്കുന്ന ശുപാർശകൾ നടപ്പിലാക്കുവാൻ സാധ്യമായവ കണ്ടെത്തി നടപ്പിൽ വരുത്തുന്നതിന് ഒരു സ്വതന്ത്ര സംവിധാനമായി ചീഫ് സെക്രട്ടറി സെക്രട്ടറിയും നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറുമായി ലോകകേരളസഭ സെക്രട്ടേറിയറ്റ് രൂപവത്ക്കരിച്ചു.
- സ്റ്റാൻഡിങ് കമ്മിറ്റികൾ സമർപ്പിച്ച 48 ശുപാർശകളിൽ നടപ്പിലാക്കാൻ സാധ്യമായ താഴെ പറയുന്ന 10 ശുപാർശകൾ തെരഞ്ഞെടുത്തു.

1. **എൻ.ആർ.ഐ ഇൻവെസ്റ്റ്മെന്റ് കമ്പനി**

   എൻ.ആർ.ഐ ഇൻവെസ്റ്റ്മെന്റ് കമ്പനിയെ ഒരു മാതൃകമ്പനിയായി രൂപവത്ക്കരിക്കുവാൻ തീരുമാനിച്ചു. അതിൽ ടൂറിസം, എൻ.ആർ.ഐ ടൗൺ ഷിപ്പ്, പൊതുമേഖലാ സ്ഥാപനങ്ങൾ, എയർപോർട്ട്, മരുന്നുകളുടെയും മെഡിക്കൽ ഉപകരണങ്ങളുടെയും നിർമ്മാണമേഖലയിൽ ഒരു കമ്പനി രൂപവത്ക്കരണം മുതലായ മേഖലകളിൽ ഇൻവെസ്റ്റ് ചെയ്യുന്നതിന്

2. **എൻ.ആർ.ഐ കോഷ്പറേറ്റീവ് സൊസൈറ്റി**

   പ്രവാസികളുടെ ഉന്നമനം ലക്ഷ്യമാക്കി പഞ്ചായത്ത് തലത്തിൽ തൊഴിലധിഷ്ഠിത സംരംഭങ്ങൾ തുടങ്ങുന്നതിന്

3. **എൻ.ആർ.ഐ ബാങ്ക്**

   എൻ.ആർ.ഐ ബാങ്ക് നടപ്പാക്കുന്നതിന്റെ പ്രായോഗികത പരിശോധിച്ചുവരുന്നു.

4. **എൻ.ആർ.ഐ കൺസ്ട്രക്ഷൻ കമ്പനി**

   വൃദ്ധസദനങ്ങൾ, ഭവനപദ്ധതികൾ, റോഡ്/ബിൽഡിങ് എന്നീ പദ്ധതികൾക്കായി.

5. **വനിത എൻ.ആർ.ഐ സെൽ**

   കുടിയേറ്റക്കാരായ വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്.

6. **മൈഗ്രേഷൻ ഫെസിലിറ്റേഷൻ സെന്റർ, പ്രീ എംബാർക്ക്മെന്റ് ഓറിയന്റേഷൻ സെന്റർ**

   വിദേശരാജ്യങ്ങളിൽ ജോലിചെയ്യുന്ന വനിതകളോടുള്ള ചൂഷണം അവസാനിപ്പിക്കുന്നതിന്.

7. **ഹൈ പവർ കമ്മിറ്റി**

   നൈപുണ്യം മെച്ചപ്പെടുത്തുക, ഉന്നതവിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുക, സ്കിൽ ഡെവലപ്മെന്റ് സെന്റർ സ്ഥാപിക്കുക, വിദേശഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുക, വിദേശരാജ്യങ്ങളിലെ സർവ്വകലാശാലകളുമായി ആശയവിനിമയം നടത്തുന്നതിന് student exchange programme സംഘടിപ്പിക്കുക എന്നീ വിഷയങ്ങളിൻമേൽ പഠനം നടത്തുന്നതിന്.

8. **അന്താരാഷ്ട്ര മൈഗ്രേഷൻ സെന്റർ**

   കുടിയേറ്റപഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്.

9. **യൂത്ത് ഫെസ്റ്റിവലുകൾ**

   മേഖലാടിസ്ഥാനത്തിൽ കടുത്ത മത്സരങ്ങൾ ഒഴിവാക്കി യൂത്ത് ഫെസ്റ്റിവലുകൾ.

10. **പ്രസിദ്ധീകരണം**

    പ്രവാസികളുടെ സാഹിത്യസൃഷ്ടികൾക്കായി ഒരു പ്രസിദ്ധീകരണം.

പ്രസ്തുത ശുപാർശകൾ 2019 ഫെബ്രുവരി 15, 16 തീയതികളിൽ ദുബായിൽ നടന്ന മേഖലാസമ്മേളനത്തിൽ അവതരിപ്പിക്കുകയും ലോകകേരളസഭാംഗങ്ങൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ശുപാർശകൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതുകൂടാതെ പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി എല്ലാ ജില്ലയിലും ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി രൂപവത്ക്കരിച്ച് പ്രവർത്തിച്ചു വരുന്നു.

475 **രോഗബാധിതർക്കും അപകടം സംഭവിക്കുന്നവർക്കും തൊഴിൽ നഷ്ടമാകുന്നവർക്കുമെല്ലാം സംരക്ഷണം നല്കാൻ സ്കീം ഉണ്ടാക്കും. മലയാളികൾ കൂട്ടതലായുള്ള രാജ്യങ്ങളിൽ കേരളത്തിൽനിന്നുള്ള ഒരു ഉദ്യോഗസ്ഥയെ/നെ ഇതിനായി നിയമിക്കും. മൃതദേഹം നാട്ടിലേക്കു കൊണ്ടുവരാനുള്ള കാലതാമസം ഒഴിവാക്കും. ജയിലിൽ കിടക്കുന്നവർക്കും കേസിൽ ഉൾപ്പെട്ടവർക്കും നിയമപരമായ അവകാശങ്ങൾ നിഷേധിക്കപ്പെട്ടവർക്കും നിയമസഹായം നല്കുന്നതിനുവേണ്ടി അഭിഭാഷകരുടെ പാനൽ ഓരോ മേഖലയിലും രൂപവത്ക്കരിക്കും.**

അസുഖബാധിതരായി നാട്ടിലേയ്ക്ക് മടങ്ങുന്ന വിദേശമലയാളികളെ അല്ലെങ്കിൽ വിദേശത്ത് മരണപ്പെടുന്ന മലയാളികളുടെ മൃതദേഹം കേരളത്തിലെ ഏത് വിമാനത്താവളത്തിൽനിന്നും അവരുടെ വീട്ടിലേക്കോ അവർ ആവശ്യപ്പെടുന്ന ആശുപത്രിയിലേക്കോ സൗജന്യമായി എത്തിക്കുന്ന പദ്ധതി നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് നടപ്പിലാക്കി. കൂടാതെ വിദേശത്ത് മരണപ്പെടുന്ന മലയാളികളുടെ ഭൗതിക മൃതദേഹം സൗജന്യമായി നാട്ടിലെത്തിക്കുന്ന പുതിയ പദ്ധതിയും ഈ വർഷം നടപ്പിലാക്കുകയാണ്.

തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശജയിലുകളിൽ കഴിയുന്ന പ്രവാസിമലയാളികൾക്ക് ആവശ്യമായ നിയമസഹായം നല്കുന്നതിനു ലീഗൽ ലെയ്സൺ ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ വർഷം പദ്ധതി നടപ്പിലാക്കും.

476 **വിദേശത്തുനിന്നു തിരികെ വരുന്നവർക്കു മുൻകൂറായി പേരു രജിസ്റ്റർ ചെയ്യാനും അവരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും നോർക്കയുമായി ചർച്ച ചെയ്യാനുമുള്ള സൗകര്യം ഉണ്ടാക്കും. കുടിയേറ്റത്തിന്റെ കാലാവധി തീരുംമുമ്പു ജോലി നഷ്ടപ്പെട്ടു വരുന്നവരെ പുനരധിവസിപ്പിക്കാൻ പ്രത്യേക സംവിധാനം ഉണ്ടാക്കും.**

പ്രവാസികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (പ്രവാസി പുനരധിവാസ പദ്ധതി). തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽസംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നല്കി വരുന്നു. ഇത് പ്രകാരം 30 ലക്ഷം രൂപ വരെയുള്ള വായ്പയ്ക്ക് 15% ക്യാപിറ്റൽ സബ്സിഡിയും (പരമാവധി 3 ലക്ഷം രൂപ) 3% പലിശസബ്സിഡിയും നല്കി വരുന്നു.

നിലവിൽ താഴെ പറയുന്ന ധനകാര്യസ്ഥാപനങ്ങൾ മുഖേനയാണ് പ്രവാസി പുനരധിവാസപദ്ധതി നടപ്പിലാക്കിവരുന്നത്.

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
2. യൂണിയൻ ബാങ്ക്
3. സൗത്ത് ഇന്ത്യൻ ബാങ്ക്

4. കെ.എസ്.ബി.സി.ഡി.സി
5. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമീണ വികസന ബാങ്ക്.
6. സംസ്ഥാന പട്ടികജാതി/വർഗ്ഗ വികസന കോർപ്പറേഷൻ.
7. കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന കോർപ്പറേറ്റീവ് സൊസൈറ്റി
8. ബാങ്ക് ഓഫ് ബറോഡ
9. സിൻഡിക്കേറ്റ് ബാങ്ക്
10. ഫെഡറൽ ബാങ്ക്
11. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ
12. ഇന്ത്യൻ ഓവർസീസ് ബാങ്ക്
13. കാലിക്കറ്റ് ജില്ലാ സഹകരണ ബാങ്ക്

477 **പ്രവാസികളുടെ കഴിവുകളെയും സമ്പാദ്യത്തെയും വികസനമേഖലകളിലേക്ക് ആകർഷിക്കാൻ ഉതകുന്ന കൃത്യമായ സ്കീമുകൾക്കു രൂപം നല്കും.**

പ്രവാസികളുടെ സമ്പാദ്യം കേരളത്തിലെ വിവിധ സംരംഭകത്വ /വാണിജ്യമേഖലകളിൽ നിക്ഷേപം നടത്തി പ്രസ്തുത നിക്ഷേപം കാര്യക്ഷമമായി വിനിയോഗിക്കാനുള്ള സഹായങ്ങൾ നല്കുന്നതിന് നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കേരളത്തിലെ സംരംഭ/നിക്ഷേപസാധ്യതകളും മേഖലകളും പ്രവാസിമലയാളികളായ നിക്ഷേപകരുടെ മുമ്പിൽ കാര്യക്ഷമമായി അവതരിപ്പിച്ച് നിക്ഷേപത്തിന് സജ്ജരാക്കുക എന്നതാണ് ഉദ്ദേശം.

478 **കേരളവികസനനിധി രൂപവത്ക്കരിക്കും. നിശ്ചിത തുകയുള്ള ഡെപ്പോസിറ്റ് പ്രഖ്യാപിത പ്രവാസിസംരംഭങ്ങളിൽ ഓഹരിയായി നിക്ഷേപിക്കാൻ തയ്യാറുള്ള പ്രവാസികൾക്ക്, പ്രവാസം മതിയാക്കി മടങ്ങിയെത്തുമ്പോൾ യോഗ്യതയുള്ള സ്വതമായ തൊഴിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിൽ നേടുന്നതിനുള്ള അവകാശം ഉണ്ടായിരിക്കും. ഗൾഫിൽനിന്നു മടങ്ങിവരുമ്പോൾ നാട്ടിലൊരു തൊഴിൽ ഉറപ്പുവരുത്താനുള്ള നിക്ഷേപം എന്ന നിലയിൽ ഇത്തരം സംരംഭം വളരെയധികം ആകർഷകമായിരിക്കും.**

തിരികെ വന്ന പ്രവാസിമലയാളികൾക്ക് നാട്ടിൽ തൊഴിലവസരങ്ങൾ കണ്ടുപിടിക്കുന്നതിനും സേവനം നല്കുന്നതിനായിട്ടുള്ള പദ്ധതി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന ആവിഷ്കരിക്കുന്നു.

479 **നിധിക്കുപുറമേ, സർക്കാരിന്റെകൂടി പങ്കാളിത്തമുള്ള പ്രവാസിമലയാളികളുടെ സംയുക്തസംരംഭമായ ഇൻകെൽ മാതൃകയിൽ വ്യവസായസംരംഭങ്ങൾ ആരംഭിക്കും.**

എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനി രൂപവത്ക്കരിക്കുവാൻ തിരുമാനിച്ചിട്ടുണ്ട്.

480 **പ്രവാസികൾക്കു സംരംഭങ്ങൾ ആരംഭിക്കാൻ പ്രത്യേക വായ്പാസൗകര്യങ്ങൾ വർദ്ധിപ്പിക്കും. സംരംഭകരാവാൻ സാദ്ധ്യതയുള്ള പ്രവാസികളുമായി, പ്രത്യേകിച്ച് പ്രൊഫഷണലുകളുമായി, നാട്ടിലേക്കുള്ള മടക്കത്തിനു മുമ്പേതന്നെ ആശയവിനിമയം നടത്താൻ ഒരു ഏജൻസി സ്ഥാപിക്കും. നിക്ഷേപകർക്ക് ഏകജാലകസംവിധാനത്തിലൂടെ ആവശ്യമായ അനുവാദങ്ങളും നല്കും.**

ഇത് സംബന്ധിച്ച് നിക്ഷേപകർക്കും സംരംഭകർക്കും മാർഗ്ഗനിർദ്ദേശങ്ങൾ നല്കാൻ മുംബൈ ആസ്ഥാനമായി പ്രവൃത്തിക്കുന്ന ഇന്റ് അഡ്വൈസറി കൗൺസിൽ മുഖേന നോർക്കാ സെന്ററിൽ എൻ.ബി.എഫ്.സി. പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

481 **പ്രവാസികളുടെ സഹകരണസംഘങ്ങൾ പ്രോത്സാഹിപ്പിക്കും.**

കേരളത്തിൽ പ്രവാസിസംഘടനകളുടെ പ്രവർത്തനം വിപുലപ്പെടുത്താനുള്ള ഊർജ്ജിത ശ്രമങ്ങൾ നടക്കുന്നു. ഇതിലേക്കായി സഹകരണസംഘങ്ങൾക്ക് സാമ്പത്തികസഹായം നല്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തികവർഷം 100 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

482 **വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും ആരോഗ്യസ്ഥാപനങ്ങളുടെയും മറ്റും വികസനത്തിനു പ്രവാസി സംഭാവനകൾക്കു വലിയ പങ്കു വഹിക്കാനാവും. ഇത്തരം സംഭാവനകൾ പ്രോത്സാഹിപ്പിക്കാൻ, പ്രവാസികൾ നല്കുന്ന ഓരോ രൂപയ്ക്കും തുല്യമായ തുക അല്ലെങ്കിൽ ആനുപാതികമായ തുക സർക്കാരിൽനിന്നു നല്കുന്നതിനുള്ള ഒരു സ്കീമിനു രൂപം നല്കും.**

ഇത്തരം ഒരു പദ്ധതിയുടെ രൂപരേഖ തയ്യാറാക്കാൻ വിദഗ്ധരുമായി ആലോചിച്ചുവരുന്നു.

483 **വിദേശത്തുള്ള വ്യവസായവാണിജ്യസംരംഭകരായ പ്രവാസികളുമായി സജീവബന്ധം പുലർത്തുന്നതിനുവേണ്ടി കേരള പ്രവാസി വാണിജ്യ ചേംബറുകൾക്കു രൂപം നല്കും. ഓരോ വിദേശമേഖലയ്ക്കും പ്രത്യേക ചേംബറുകൾ ഉണ്ടാകും. ഇവയും കേരളത്തിലെ ചേംബറുകളും തമ്മിൽ സൗഹൃദബന്ധം വളർത്തിയെടുക്കും.**

എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനി രൂപീകരിക്കുവാൻ തിരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള പ്രൊപ്പോസൽ അന്തിമഘട്ടത്തിലാണ്. തുടർനടപടികളുടെ ഭാഗമായി പ്രവാസികളുടെ ഇടയിൽനിന്ന് ഒരു വിഷയ

നിർണ്ണയസമിതിക്ക രൂപം നല്കിക്കഴിഞ്ഞു.

484 **പ്രവാസി പ്രൊഫഷണൽ സംഘടനകൾ എല്ലാ രാജ്യങ്ങളിലും രൂപവത്ക്കരിക്കും. ഈ സംഘടനകളെ കേരളത്തിലെ ഗവേഷണസ്ഥാപനങ്ങളുമായും വ്യവസായസംരംഭങ്ങളുമായും ബന്ധപ്പെടുത്തും.**

അതത് രാജ്യങ്ങളിൽ പ്രൊഫഷണലുകളെ കണ്ടെത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.

485 **വിദേശത്തു ജോലി ചെയ്യുന്നവരും തിരിച്ചുവന്നവരും മറ്റു സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവരുമായ മുഴുവൻ മലയാളികൾക്കുംവേണ്ടി പ്രത്യേകം വിഭാഗങ്ങൾ നോർക്കയിൽ ഉണ്ടാക്കും. വിദേശത്തു ജോലി ചെയ്യുന്ന പ്രവാസികൾക്കു വേണ്ടി പ്രത്യേക മേഖലാ ഉപവകുപ്പുകളും ഉണ്ടാവും. ഇതിന്റെ നടത്തിപ്പുചുമതല പ്രൊഫഷണലുകളെ ഏൽപ്പിക്കും.**

പ്രത്യേക വിഭാഗങ്ങൾ നോർക്കയിൽ നിലവിൽവന്നു കഴിഞ്ഞു. ഇത് കൂടുതൽ വിപുലീകരിക്കാനായി പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ട്.

486 **ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും. അംശദായവും റിട്ടയർമെന്റ് പെൻഷനും വർദ്ധിപ്പിക്കും.**

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രവാസി ക്ഷേമനിധി അംഗസംഖ്യ 1.5 ലക്ഷം ആയിരുന്നു. ഇതുവരെയുള്ള കാലയളവിൽ 4 ലക്ഷത്തോളമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. പ്രവാസി ക്ഷേമനിധി അംഗത്വം കൂടുതൽ വർദ്ധിപ്പിക്കുന്നതിനും ക്ഷേമപദ്ധതികൾ കൂടുതൽപേരിൽ എക്കെത്തിക്കുന്നതിനുമുള്ള ഊർജ്ജിത ബോധവത്കരണപരിപാടികളും കാമ്പയിനകളും ബോർഡ് സംഘടിപ്പിച്ചുവരുന്നു.

പ്രവാസിക്ഷേമബോർഡ് നല്കുന്ന പ്രവാസി പെൻഷൻ 2000 രൂപയാക്കി 2017 സെപ്തംബർ മുതൽ വർദ്ധിപ്പിച്ചിട്ടുള്ളത് ഈ സർക്കാരാണ്. നിലവിലുള്ള പെൻഷൻ തുക അപര്യാപ്തമാണെന്നിരിക്കെ നിക്ഷേപാധിഷ്ഠിത പ്രതിമാസവരുമാനപദ്ധതിയായ പ്രവാസി ഡിവിഡന്റ് പദ്ധതിക്ക് ബോർഡ് രൂപം നല്കിയിട്ടുണ്ട്. കേരള പ്രവാസിക്ഷേമബോർഡ് വിഭാവനം ചെയ്യുന്ന പ്രവാസി ഡിവിഡന്റ് പദ്ധതിക്ക് തത്വത്തിലുള്ള അംഗീകാരം സർക്കാർ നല്കിയിട്ടുണ്ട്.

സമ്പൂർണ്ണ അംഗത്വ ഓൺലൈൻ ഡിജിറ്റൈസേഷൻ നടപ്പിലാക്കിയതിന്റെ പശ്ചാത്തലത്തിൽ ലോകത്തിന്റെ ഏതുകോണിൽനിന്നും ക്ഷേമബോർഡിൽ അംഗത്വമെടുക്കുന്നതിനും അംഗത്വകാർഡും തിരിച്ചറിയൽ കാർഡും ഡിജിറ്റൽ പോർട്ടൽ സംവിധാനത്തിൽനിന്ന് പ്രിന്റ് ചെയ്യുന്നതിനും സൗകര്യം ലഭ്യമാക്കി.

പ്രവാസി പരാതിപരിഹാരത്തിനും പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുമുള്ള ടോൾ ഫ്രീ നമ്പർ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

പ്രവാസിജനസംഖ്യ കൂടുതലുള്ള മലപ്പുറം ജില്ലയിൽ ബോർഡ് ഒരു ലെയ്സൺ ഓഫീസ് ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുണ്ട്. ബോർഡ് ഓഫീസ് കൂടുതൽ പ്രവാസീ സൗഹൃദമാക്കുന്നതിനുള്ള പരിശ്രമങ്ങൾ തുടരുന്നു.

487 **പ്രവാസിവകുപ്പിനായുള്ള ബജറ്റവിഹിതം ഗണ്യമായി ഉയർത്തും. വിദേശത്തുനിന്നുള്ള പ്രവാസീപണവരുമാനത്തിന്റെ ഒരു ചെറു നിശ്ചിത ശതമാനം എല്ലാ വർഷവും പ്രവാസീക്ഷേമത്തിനായി വകയിരുത്തും.**

2019-20 സാമ്പത്തികവർഷത്തിൽ നോർക്ക വകുപ്പിന് 81 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

488 **ഇടതുപക്ഷജനാധിപത്യമുന്നണിസർക്കാർ ആരംഭിച്ച പലിശരഹിതധനകാര്യസ്ഥാപനം ഇന്നു നിർജ്ജീവമാണ്. ഈ സ്ഥാപനത്തെ പുനരുദ്ധരിക്കും; വിപുലീകരിക്കും.**

ഇതിനായുള്ള നിയമതടസ്സങ്ങൾ നീക്കാനുള്ള ശ്രമത്തിലാണ്.

489 **പ്രവാസികൾ വിദേശരാജ്യങ്ങളിലെ നിയമ-ക്രമസമാധാന പ്രശ്നങ്ങളാൽ തിരിച്ചെത്തേണ്ടിവരുമ്പോൾ അവരുടെ തുടർജീവിതത്തിനു പ്രയോജനകരമായ രീതിയിൽ ധനകാര്യസ്ഥാപനങ്ങളുമായി ചേർന്ന് ഇളവേറിയ വ്യവസ്ഥകളോടെ വായ്പാ സ്വയംതൊഴിൽസംരഭ സഹായപദ്ധതി ആവിഷ്കരിക്കും.**

പ്രവാസികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (പ്രവാസി പുനരധിവാസ പദ്ധതി). തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽസംരംഭങ്ങൾ സർക്കാർനടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നല്കിവരുന്നു. ഇതു പ്രകാരം 30 ലക്ഷം രൂപ വരെയുള്ള വായ്പയ്ക്ക് 15% ക്യാപിറ്റൽ സബ്സിഡിയും (പരമാവധി 3 ലക്ഷം രൂപ) 3% പലിശ സബ്സിഡിയും നല്കിവരുന്നു.

490 **വൈജ്ഞാനികഗ്രന്ഥങ്ങൾ, ബാലസാഹിത്യം തുടങ്ങിയവയിലെ കുറവു പരിഹരിക്കാനായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, മലയാളസർവ്വകലാശാല, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ പ്രവർത്തനങ്ങൾ വിപുലികരിക്കും.**

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനാവശ്യമായ നടപടി പുതിയ ഭരണസമിതി കൈക്കൊണ്ടിട്ടുണ്ട്. അതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ക്യാമ്പസ് സെമിനാർ എന്നിവയിലൂടെ പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. വൈജ്ഞാനികഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണങ്ങൾ ഊർജ്ജിതമാണ്. സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനുള്ള കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിപുലീകരണപ്രവർത്തനങ്ങൾ നടത്തിവരുന്നു. കേരളചരിത്രം ഓൺലൈൻ മാധ്യമത്തിലൂടെ പഠിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിക്കും തുടക്കം കുറിച്ചിട്ടുണ്ട്.

491 **സമൂഹത്തിൽ വായനയുടെ വ്യാപനം ഉറപ്പുവരുത്താനായി പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്ക് മലയാള വായനാഭിരുചി ഉണ്ടാക്കാനും ക്ലാസ്റൂം ലൈബ്രറികൾ ഉണ്ടാക്കാനുമായി 'ഒരു കുട്ടിക്ക് ഒരു പുസ്തകം' എന്ന പദ്ധതി നടപ്പിലാക്കും.**

വായനയുടെ വസന്തം എന്ന പേരിൽ വിപുലമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സ്കൂൾലൈബ്രറികൾ ശക്തിപ്പെടുത്താൻ പഠിച്ച പള്ളിക്കുടത്തിലെ പുസ്തകശാലയ്ക്ക് ഒരു പുസ്തകം സംഭാവന ചെയ്യുക - ഈ ക്യാമ്പയിൻ കഴിഞ്ഞ വർഷം വായനാദിനത്തോടു ചേർന്ന് ആരംഭിച്ചിരുന്നു. ഈ വർഷവും വായനാദിനത്തോടുചേർന്ന് കൂടുതൽ വിപുലമായി നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ തുടർച്ച എല്ലാ വർഷവും തുടരും. മുഴുവൻ ക്ലാസുമുറികളിലും ലൈബ്രറി എന്നത് കോഴിക്കോട് ജില്ലയിൽ പ്രാവർത്തികമാക്കി.

492 **വിവരസാങ്കേതികവിദ്യ, നവമാദ്ധ്യമങ്ങൾ എന്നിവയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ ഗ്രന്ഥശാലാനിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തും. വിവരസാങ്കേതികവിദ്യയുടെ ശേഷി നേടുന്നതിനും അതിലൂടെ വിവരവിനിമയത്തിൽ നേരിട്ട് ഇടപെടുന്നതിനുമുള്ള ഒരു ഇടമായി വായനശാലയെ മാറ്റാനായി സമ്പൂർണ്ണ സാക്ഷരതാപ്രസ്ഥാനം പോലെ സമ്പൂർണ്ണ വായനാപ്രസ്ഥാനത്തിനു തുടക്കം കുറിക്കും. വായനശാലകൾക്കുള്ള ഗ്രാന്റ് ഇന്നത്തേതിന്റെ മൂന്നു മടങ്ങായി ഉയർത്തും. ലൈബ്രേറിയന്മാരുടെ ഓണറേറിയം മാന്യമായ ജീവിതത്തിന് ഉതകുന്ന നിലയിൽ വർദ്ധിപ്പിക്കും. ലൈബ്രറികളിലുള്ള അപൂർവ്വഗ്രന്ഥങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ ഒരു പ്രത്യേക സ്കീമിനു രൂപം നല്കും.**

വിവരസാങ്കേതികവിദ്യ അടിസ്ഥാനമാക്കി ഗ്രന്ഥശാലകൾ നവീകരിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഗ്രന്ഥശാലകൾക്കുള്ള ഗ്രാന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. സമ്പൂർണ്ണ വായനാപ്രസ്ഥാനം ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

493 **a. സ്കൂളുകളിൽ കലാപോഷണത്തിനാവശ്യമായ സാഹചര്യങ്ങൾ പ്രബലപ്പെടുത്തും. സർക്കാർ സ്കൂളുകളിൽ കലാദ്ധ്യാപകരെ നിയമിക്കും.**

100 കുട്ടികളിൽ കൂടുതലുള്ള സർക്കാർ യു.പി സ്കൂളുകളിൽ കലാ-കായിക-പ്രവൃത്തിപരിചയ അദ്ധ്യാപകരെ സമഗ്രശിക്ഷ കേരളം വഴി നിയമിക്കാൻ നടപടി സ്വീകരിച്ചു. 2510 അദ്ധ്യാപകരുടെ സേവനം 2018-19 ലഭ്യമാക്കി. കലാ-കായികവിദ്യാഭ്യാസത്തിന് അനുഗുണമായ ഭൗതികസാഹചര്യങ്ങൾ ഏർപെടുത്തിക്കൊണ്ട് വിദ്യാലയങ്ങളെ ആരോഗ്യ-മാനസിക-സാംസ്കാരിക-വികാസത്തിന്റെ അടിസ്ഥാനകേന്ദ്രങ്ങളാക്കി വികസിപ്പിക്കാൻ കലാ-കായിക-സാംസ്കാരികപാർക്കുകൾ സ്ഥാപിക്കാനുള്ള പദ്ധതിക്കായി 2018-19-ൽ ഏഴു കോടി രൂപ അനുവദിച്ചു. ഈ വർഷം ഇത് കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതാണ്. 2685 അധ്യാപകരെ നിയമിക്കാനുള്ള അനുവാദം സമഗ്രശിക്ഷയുടെ ഈ വർഷത്തെ പ്രോജക്ട് വഴി ലഭിച്ചിട്ടുണ്ട്. സാംസ്കാരികവകുപ്പിന്റെ ഫെലോഷിപ്പ് പദ്ധതിയിലൂടെയും കുട്ടികളിൽ കലാസാംസ്കാരിക വ്യാപനത്തിനുള്ള പ്രവർത്തനം നടപ്പിലാക്കി.

b. സ്കൂൾ കലാമേളകളുടെ മാനുവൽ, നടത്തിപ്പുരീതികൾ എന്നിവ അടിമുടി പരിഷ്കരിക്കും, ചെലവുകുറഞ്ഞതാക്കും, വികേന്ദ്രീകരിക്കും, മത്സരസ്വഭാവം കുറയ്ക്കും.

മാനുവൽ പരിഷ്ക്കരിച്ചു. ഒന്നുമുതൽ എട്ടുവരെ ക്ലാസ്സുകളിലെ കുട്ടികളിൽനിന്നു കലോത്സവത്തിനു ഫണ്ട് ശേഖരിക്കുന്നത് നിർത്തലാക്കി. മേളയുടെ നടത്തിപ്പിനു സർക്കാർ ഫണ്ട് അനുവദിച്ചു.

c. സായാഹ്നങ്ങളിലും ഒഴിവുദിവസങ്ങളിലും സ്കൂളുകളെ കലാപഠനകേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള സ്കീമുകൾ ആവിഷ്കരിക്കും.

കലാകായികസാംസ്കാരിക പാർക്ക് എന്ന ആശയം പ്രാവർത്തികമാക്കാൻ പദ്ധതി തയ്യാറായിട്ടുണ്ട്.

494 **a. സാഹിത്യ അക്കാദമിയെ കേന്ദ്രസാഹിത്യ അക്കാദമിയുടെ രീതിയിൽ പുനഃസംഘടിപ്പിക്കും.**

അക്കാദമി പുനഃസംഘടിപ്പിക്കുന്ന കാര്യം വിപുലമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ മാത്രമെ ചെയ്യുവാൻ കഴിയുകയുള്ളൂ. ഇക്കാര്യം പരിശോധിക്കുന്നതാണ്.

b. പ്രാദേശികസാഹിത്യസമിതികൾക്ക് ഗ്രാന്റ് നൽകണം. സാഹിത്യകാരർക്ക് ക്ഷേമപദ്ധതികൾ തുടങ്ങണം.

പ്രാദേശികസാഹിത്യസമിതികൾ, കലാസാംസ്കാരിക സംഘടനകൾ എന്നിവയുടെ പ്രവർത്തനങ്ങൾക്ക് സർക്കാർ സഹായം നല്കാൻ നിലവിലുള്ള മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചു. കേരള കൾച്ചറൽ കൗൺസിൽ രൂപവത്ക്കരിച്ചു.

കലാസാംസ്കാരികപ്രവർത്തകർക്കുള്ള ക്ഷേമനിധികൾ ഈ സർക്കാർ വന്ന ശേഷം ആയിരം രൂപയിൽനിന്നും മൂവായിരം രൂപയായും ചികിത്സാ ആനുകൂല്യം 75,000 രൂപയിൽനിന്ന് ഒരുലക്ഷം രൂപയായും ഉയർത്തി.

കൂടുതൽ ആളുകളെ ചേർക്കുന്നതിന് ക്യാമ്പുകൾ നടത്തുന്നുണ്ട്. സാംസ്കാരികവകുപ്പ് നല്കുന്ന കലാകാര പെൻഷൻ 750 രൂപ ആയിരുന്നത് 1500 രൂപയാക്കി വർദ്ധിപ്പിച്ചു. കലാകാരർക്കുള്ള ചികിത്സാപദ്ധതിയുടെ മാനദണ്ഡങ്ങൾ പരിഷ്കരിച്ചു. പരമാവധി ചികിത്സാസഹായം 10,000 രൂപ ആയിരുന്നത് ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു.

c. മറ്റ ഭാഷകളിലേക്കും മറിച്ചുമുള്ള വിവർത്തനങ്ങൾ സാദ്ധ്യമാക്കും.

സാഹിത്യ അക്കാദമി വഴി നടപടി സ്വീകരിച്ചുവരുന്നു.

d. സാമ്പ്രദായരീതികളിൽനിന്നു വ്യത്യസ്തമായി ലിറ്റററി ഫെസ്റ്റിവെലുകൾ കേരളത്തിൽ സംഘടിപ്പിക്കും.

ഐഎഫ്എഫ്കെ മാതൃകയിൽ അന്താരാഷ്ട്രപുസ്തകോത്സവം സാഹിത്യ അക്കാദമി നേതൃത്വത്തിൽ നടത്തും.

495 **a. ഫോക്ലോർ അക്കാദമിയെ ഔപചാരികവും അനൗപചാരികവുമായ ഗവേഷണങ്ങൾക്കു പ്രാപ്തമാക്കും.**

ഇതിനുള്ള പ്രവർത്തനം ഫോക്ലോർ അക്കാദമി ഏറ്റെടുക്കുന്നതാണ്.

b. വിപുലവും സുസജ്ജവുമായ ഒരു ഫോക്ലോർ മ്യൂസിയം സ്ഥാപിക്കും. കേരളത്തിലെ പ്രധാന കേന്ദ്രങ്ങളിൽ സംഗീത നാടകോത്സവങ്ങൾ നടത്താനുള്ള പണം ലഭ്യമാക്കും.

പാലക്കാട് നിലവിൽ ഫോക്ലോർ അക്കാദമിയുടെ കീഴിൽ നാട്യകലാമ്യൂസിയം പ്രവർത്തിച്ചുവരുന്നു. പ്രധാന കേന്ദ്രങ്ങളിൽ സംഗീത-നാടകോത്സവങ്ങൾ ഇതിനോടകം സംഘടിപ്പിച്ചിട്ടുണ്ട്.

496 **a. തിരുവനന്തപുരം ഫിലിം ഫെസ്റ്റിവെലിനു സ്ഥിരം വേദിയുണ്ടാക്കും.**

കിഫ്ബി വഴി നടപടി സ്വീകരിച്ചുവരുന്നു. പ്രവൃത്തി ഈ വർഷം തുടങ്ങും. ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

b. ഫിലിം സൊസൈറ്റികൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കും.

ഫിലിം സൊസൈറ്റികളെ സഹായിക്കാനും നല്ല സിനിമകളെ ഗ്രാമീണതലത്തിൽ പ്രദർശിപ്പിക്കാനുമായി സംസ്ഥാനത്തെ നാല് മേഖലകളായി തിരിച്ച് നാല് ടൂറിംഗ് ടാക്കീസ് സംവിധാനം നടപ്പിൽവരുത്തിയിട്ടുണ്ട്.

c. പ്രാദേശികചലച്ചിത്രോത്സവങ്ങൾക്കു സർക്കാർ ധനസഹായം നല്കും.

പ്രാദേശികചലച്ചിത്രോത്സവങ്ങൾക്ക് സർക്കാർ പ്രോത്സാഹനം നല്കുന്നുണ്ട്.

d. സംസ്ഥാനത്തെ പ്രധാനപട്ടണങ്ങളിൽ സ്ഥിരം ഗാലറികൾക്കു രൂപം നല്കും. ചിത്രകാരർക്കു പെയിന്റിങ് എക്സിബിഷനുള്ള ധനസഹായം ലഭ്യമാക്കും. കൊച്ചി ബിനാലേക്കുള്ള ധനസഹായം തുടരും.

എല്ലാ ജില്ലകളിലും നിർമ്മിക്കുന്ന സാംസ്കാരികസമുച്ചയത്തിൽ ഇതിനുള്ള സൗകര്യം ഉണ്ടാക്കുന്നുണ്ട്. അതിനുള്ള ഒട്ടാകെ അടങ്കൽ 480 കോടി രൂപ കിഫ്ബി അംഗീകരിച്ചു. ടെണ്ടർ നടപടികളും അംഗീകരിച്ചിട്ടുണ്ട്. 11 ജില്ലകളിൽ ഡിപിആറിന് അനുമതി ലഭിച്ചു. കാസർഗോഡ്, പാലക്കാട്, കൊല്ലം ജില്ലകളിൽ നിർമ്മാണ പ്രവൃത്തിക്ക് കിഫ്ബി അനുമതി ലഭ്യമായി. നിർമ്മാണ നടപടികൾ ആരംഭിച്ചു.

497 **a. കലാസമിതികൾക്കും ക്ലബുകൾക്കും സർക്കാർ ധനസഹായം നല്കും.**

കലാസമിതികൾക്കും ക്ലബ്ബുകൾക്കും ധനസഹായം നല്കുന്നതിനുള്ള ബജറ്റ് വിഹിതം വർദ്ധിപ്പിച്ചു

b. കേന്ദ്ര അക്കാദമികളുടെ സഹായവും മറ്റും ഇവർക്കു ലഭിക്കാൻ അവരെ സഹായിക്കാൻ പ്രത്യേക സെല്ലിനു കേരള സംഗീത നാടക അക്കാദമിയിൽ രൂപം നല്കും.

സംഗീത നാടക അക്കാദമി എക്സിക്യൂട്ടീവ് നടപടി സ്വീകരിച്ചിട്ടുണ്ട്.

c. കലാസമിതികൾക്കു തനതായ നാടകം അവതരിപ്പിക്കാൻ പ്രത്യേകധനസഹായം ലഭ്യമാക്കും.

കേരള സംഗീത നാടക അക്കാദമിയുടെ ഒരു പ്രധാന ചുമതലയായി ഡോകുമെന്റേഷനെ മാറ്റും.

ദിവസം ഒരു നാടകം എന്നുള്ള നിലയിൽ പ്രാദേശിക നാടകസംഘങ്ങൾക്ക് അവർ സൃഷ്ടിക്കുന്ന നാടകങ്ങൾക്കു സൗജന്യ പ്രദർശനത്തിനവും അതിനുള്ള ധനസഹായവും സംഗീത നാടക അക്കാദമി വഴി നടപ്പിലാക്കുന്നുണ്ട്. മൂന്നൂറിലധികം നാടകസംഘങ്ങൾക്ക് സഹായം നല്കിക്കഴിഞ്ഞു.

498 കേരളത്തിന്റെ തനതുസംസ്കാരത്തെയും ചരിത്രത്തെയും ജീവിതത്തെയും അറിയാനുള്ള അവസരമൊരുക്കും. അതിനായി കല, ശാസ്ത്രം, വിദ്യാഭ്യാസം എന്നിവ വഴി പൊതുബോധം ഉണ്ടാക്കാൻ കഴിയുന്ന തരം പൊതുവിടങ്ങൾ എന്ന രീതിയിൽ സാംസ്കാരിക ഇടനാഴികൾക്കുള്ള സ്കീമിനു രൂപം നല്കും.

നാട്ടരങ്ങ് എന്ന പേരിൽ സാംസ്കാരിക ഇടനാഴികൾ രൂപവത്ക്കരിക്കാൻ പദ്ധതി തയ്യാറാക്കി. സ്ഥിരം നാടകവേദിയും സ്ഥാപിക്കുന്നുണ്ട്.

499 കലാമണ്ഡലത്തിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കും, പരിഷ്കരിക്കും.

2016 ലെ പുതിയ യുജിസി റഗുലേഷൻ അനുസരിച്ച് കലാമണ്ഡലത്തിന്റെ ഭരണതലത്തിലുള്ള പുനഃസംഘാടനവും വിപുലീകരണവും നടത്തി. പുതിയ വൈസ് ചാൻസലറെ നിയമിച്ചു.

500 മ്യൂസിയങ്ങൾ സംബന്ധിച്ച് ബഹുതലങ്ങളായ നവീനപരിപ്രേക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ അവയുടെ ശൃംഖല സ്ഥാപിക്കും.

കേരളത്തിലെ ഓരോ ജില്ലയുടെയും തനതായ പൈതൃകം കാത്തു സൂക്ഷിക്കുന്നതിനും അത് വരുംതലമുറയ്ക്ക് കൈമാറുന്നതിനുമായി കേരളത്തിലെ എല്ലാ ജില്ലകളിലും ജില്ലാ പൈതൃകമ്യൂസിയങ്ങൾ സ്ഥാപിക്കാൻ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, തൃശ്ശൂർ, ഇടുക്കി, വയനാട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ ചെമ്പുക്കാവിൽ ജില്ലാ പൈതൃക മ്യൂസിയം സന്ദർശകർക്കായി തുറന്നു കൊടുത്തിട്ടുണ്ട്. തിരുവനന്തപുരം ശ്രീപാദം കൊട്ടാരം, പാലക്കാട് ജില്ലാ പൈതൃകമ്യൂസിയം, കോന്നിയിലെ പത്തനംതിട്ടജില്ലാ പൈതൃകമ്യൂസിയം, എറണാകുളം ബാസ്റ്റൺ ബംഗ്ലാവ്, ഇടുക്കി, വയനാട് ജില്ലാ പൈതൃകമ്യൂസിയം എന്നിവയുടെ സജ്ജീകരണം നടന്നുവരുന്നു.

മലപ്പുറംജില്ലാ പൈതൃകമ്യൂസിയം സജ്ജീകരിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിൽ നിലവിൽ താലൂക്കാഫീസ് പ്രവർത്തിക്കുകയാണ്. കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

മുഖ്യമന്ത്രി പ്രഖ്യാപിച്ച 'ഭിന്നശേഷിസൗഹൃദകേരളം' എന്ന നയത്തിന് അനുസൃതമായി 'ഭിന്നശേഷിസൗഹൃദ മ്യൂസിയം' എന്ന ആശയം സാക്ഷാത്കരിക്കുന്നതിനായി വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങളെ റാമ്പുകളും ശുചിമുറികളും വീൽ ചെയറുകളും വീഡിയോ, ആഡിയോ സൗകര്യങ്ങളുമൊരുക്കി ഭിന്നശേഷി സൗഹൃദം ആക്കി വരുന്നു.

കണ്ണൂർ ഇംഗ്ലീഷ് പള്ളി, പയ്യാമ്പലം ഗേൾസ് ഹൈസ്ക്കൂൾ കെട്ടിടം, ഹാൻവീവ് കെട്ടിടം, വാഴവേലിൽ തറവാട് തുടങ്ങിയ പൈതൃകമന്ദിരങ്ങളെ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചു.

നൂറ്റെൺപതോളം പുരാവസ്തുസ്മാരകങ്ങളുടെ ശാസ്ത്രീയ സംരക്ഷണപ്രവൃത്തികൾ നടപ്പാക്കിയതോടൊപ്പം ഇവിടങ്ങളിൽ പ്രവൃത്തിക്കുന്ന മ്യൂസിയങ്ങളെ കേവല പ്രദർശനശാലകൾ എന്ന നിലയിൽനിന്നു തീമാറ്റിക് മ്യൂസിയങ്ങൾ എന്ന പുതിയ സങ്കൽപ്പത്തിലേക്ക് പരിവർത്തനപ്പെടുത്താൻ നടപടി സ്വീകരിച്ചു. പയ്യന്നൂർ ഗാന്ധിസ്മൃതി മ്യൂസിയം സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

പുരാവസ്തുസ്മാരകങ്ങളെക്കുറിച്ചും മ്യൂസിയങ്ങളെക്കുറിച്ചും വ്യാപകമായ അവബോധമുണ്ടാക്കുന്നതിന് നൂതനസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഷോർട്ട് ഫിലിമുകളും ഫീച്ചറുകളും തയ്യാറാക്കി.

മ്യൂസിയം വകുപ്പിന് കീഴിൽ കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമപ്പഞ്ചായത്തിൽപ്പെട്ട ചന്തപ്പുരയിൽ തെയ്യം മ്യൂസിയം ആരംഭിക്കുന്നതിന് ശിലാസ്ഥാപനം നടത്തി.

കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമപ്പഞ്ചായത്തിലെ കോട്ടം ദേശത്ത് AKG സ്മൃതി മ്യൂസിയം സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കണ്ണൂരിൽ ഹാൻവീവിന്റെ ഉടമസ്ഥതയിലുള്ള, 200 വർഷം പഴക്കമുള്ള, ബ്രിട്ടീഷ് ഭരണകാലത്ത് നിർമ്മിതമായ, കൊളോണിയൽ മാതൃകയിലുള്ള പൈതൃക കെട്ടിടം പുരാവസ്തുവകുപ്പ് മുഖേന പുനരുദ്ധരിച്ച് സംരക്ഷണം നടത്തി മ്യൂസിയം മൃഗശാലാ വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഏറ്റെടുത്ത് മ്യൂസിയം സജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

മ്യൂസിയം ബോട്ടാണിക്കൽ ഗാർഡനിൽ വർഷങ്ങളോളം പ്രവർത്തനരഹിതമായി കിടന്ന മ്യൂസിയം ബാന്റ് സ്റ്റാൻഡ് നവീകരിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

1880-ൽ സ്ഥാപിതമായ നേപ്പിയർ മ്യൂസിയത്തിന്റെ സമ്പൂർണ്ണനവീകരണത്തിന് തുടക്കം കുറിച്ചു.

വിശ്വവിഖ്യാത ചിത്രകാരനായ രാജാരവിവർമ്മയുടെ പെയിന്റിംഗുകളുടെ സംരക്ഷണപ്രവൃത്തികൾ ആരംഭിക്കുന്നതോടൊപ്പം ശ്രീചിത്രാ ആർട്ട് ഗ്യാലറിയുടെ പുതിയ കെട്ടിട നിർമ്മാണത്തിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു.

റാമ്പുകളും ശുചിമുറികളും വീൽ ചെയറുകളും വീഡിയോ, ആഡിയോ സൗകര്യങ്ങളുമൊരുക്കി മ്യൂസിയം ഭിന്നശേഷിസൗഹൃദം ആക്കിവരുന്നു.

2019-20 വർഷം നവോത്ഥാനമ്യൂസിയം ആരംഭിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം കനകക്കുന്നുകൊട്ടാരം സംരക്ഷിക്കാനും പത്തുകോടി രൂപ ചെലവിൽ ഡിജിറ്റൽ മ്യൂസിയം ആരംഭിക്കാനും ഭരണാനുമതി നല്കി.

501 **പ്രാദേശികപത്രപ്രവർത്തകർക്കു ക്ഷേമനിധി ഫലപ്രദമാക്കും.**

പരിശോധിച്ചുവരുന്നു

502 **സംസ്ഥാനത്തെ മാദ്ധ്യമപ്രവർത്തനപഠനകോഴ്സുകൾക്കു പൊതുരൂപം നല്കും. സംസ്ഥാനത്തിന്റെ ചരിത്രവും സംസ്കാരവും പഠനവിഷയങ്ങളിൽ ഉൾപ്പെടുത്തും. മാദ്ധ്യമപ്രവർത്തനം സാമൂഹികപ്രവർത്തനമാണ് എന്ന കാഴ്ചപ്പാടോടെ പാഠ്യപദ്ധതി പുനഃസംവിധാനം ചെയ്യും.**

ഇതിനായി വിദഗ്ദരുടെ യോഗം മീഡിയ അക്കാദമി വിളിച്ചു ചേർത്തു. മാധ്യമപ്രവർത്തനം സാമൂഹികപ്രവർത്തനമാണെന്ന കാഴ്ച്ചപ്പാട് ഉയർത്തിപ്പിടിക്കുന്ന സിലബസിന് അന്തിമരൂപം നല്കിവരുന്നു.

സാമൂഹികമാറ്റത്തിന് ഒന്നര നൂറ്റാണ്ടിലധികമായി മലയാള മാധ്യമങ്ങൾ വഹിച്ച പങ്കിനെപ്പറ്റിയുള്ള അറിവ് പുതുതലമുറയ്ക്കും പത്രപ്രവർത്തകർക്കും പകർന്നുനല്കുന്നതിനായി മാധ്യമചരിത്രയാത്ര സംഘടിപ്പിച്ചു.

503 **അപ്പർ പ്രൈമറി തലം മുതൽ പാഠ്യപദ്ധതിയിൽ മാദ്ധ്യമസാരക്ഷരത ഉൾക്കൊള്ളിക്കും.**

കേരള മീഡിയ അക്കാദമിയും പൊതുവിദ്യാഭ്യാസ വകുപ്പും ചേർന്ന് വിദ്യാലയങ്ങളിൽ മീഡിയ ക്ലബുകൾ രൂപവത്ക്കരിച്ചുവരുന്നു. വിദ്യാർത്ഥികൾക്ക് മാധ്യമപരിചയത്തിനായി 25 കൈപ്പുസ്തകങ്ങളും തയ്യാറാക്കിയിട്ടുണ്ട്.

504 **മാദ്ധ്യമപഠനങ്ങൾക്കുള്ള അടിസ്ഥാനസൗകര്യവികസനം ഒരു കടമയായി സംസ്ഥാനസർക്കാർ ഏറ്റെടുക്കും. ഇതിനായി ഇപ്പോൾ വായനശാലകളിലും സ്ഥാപനങ്ങളിലും സംഘടനകളുടെയും വ്യക്തികളുടെയും കൈവശവുമുള്ള എല്ലാ മാദ്ധ്യമ ഉത്പന്നങ്ങളുടെയും പൊതു ആർക്കൈവ്സ് ഉണ്ടാക്കും. ഇവ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും വിജ്ഞാനതാത്പര്യമുള്ളവർക്കും റഫറൻസ് നടത്താനുള്ള സംവിധാനമാക്കി മാറ്റും.**

മീഡിയാ അക്കാദമിയും ASAPയും ചേർന്ന് ഡിപ്ലോമാ കോഴ്സുകൾ ജില്ലകളിൽ നടത്തിവരുന്നു. നാലുലക്ഷം മാദ്ധ്യമപേജുകൾ ഡിജിറ്റൈസ് ചെയ്ത് ആർക്കൈവ് ചെയ്തതിനു പുറമെ കൂടുതൽ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന നടപടികൾക്കായി പബ്ലിക് റിലേഷൻസ് വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

505 **മാദ്ധ്യമപഠനങ്ങൾക്കു സർവ്വകലാശാലകളിൽ വേറിട്ട വകുപ്പുകൾ ആരംഭിക്കും. ഈ രംഗത്ത് ബിരുദബിരുദാനന്തര കോഴ്സുകൾ നടപ്പിലാക്കും.**

എല്ലാ സർവ്വകലാശാലകളിലും സിലബസ് പരിഷ്കരണത്തിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മാദ്ധ്യമപഠനങ്ങൾക്കായി വേറിട്ട വകുപ്പുകൾ നിവലവിലില്ലാത്ത ഇടങ്ങളിൽ ബിരുദബിരുദാനന്തര കോഴ്സുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുന്നതാണ്.

506 **വൈദ്യുതിബോർഡിന്റെ തൂണുകൾ ഉപയോഗിച്ച് ഡിജിറ്റൽ കേരള നെറ്റ് വർക്ക് സ്ഥാപിക്കും. അഞ്ചുവർഷത്തിനുള്ളിൽ 100 രൂപയ്ക്ക് വീട്ടിനും 300 രൂപയ്ക്ക് ചെറുകിടവ്യാപാരസ്ഥാപനങ്ങൾക്കും 1000 രൂപയ്ക്ക വ്യവസായസ്ഥാപനങ്ങൾക്കും ഇന്റർനെറ്റ് കണക്ഷൻ ഇതിലൂടെ ലഭ്യമാക്കും. ചെറുകിട കേബിൾ ഓപ്പറേറ്റർമാർക്ക് പ്രത്യേകപരിഗണന നല്കുകയും വാടക കുറയ്ക്കുകയും ചെയ്യും.**

BEL, റെയിൽടെൽ എന്നിവരുടെ നേതൃത്വത്തിലുള്ള കൺസോർഷ്യത്തിലൂടെ KFON പ്രോജക്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

മലയാളവും ഭാഷാസാങ്കേതികവിദ്യയും

507 **ഭരണഭാഷ മലയാളമാക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തും. ഇഗവേണൻസ് മലയാളത്തിൽത്തന്നെ നടപ്പിലാക്കാനുള്ള ഇടപെടൽ നടത്തും. ഭാഷാന്യൂനപക്ഷങ്ങളുടെ എല്ലാവിധ അവകാശങ്ങളും സംരക്ഷിക്കും. അവരുടെ ഭാഷാപഠനത്തിനും ഉപയോഗത്തിനുമുള്ള എല്ലാ സംവിധാനവും ഉറപ്പുവരുത്തും.**

നിയമപരമായി ഇംഗ്ലീഷും ന്യൂനപക്ഷഭാഷകളും ഉപ

യോഗിക്കേണ്ട സാഹചര്യങ്ങളിലൊഴികെയുള്ള എല്ലാ ആവശ്യങ്ങൾക്കും മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്ന ഭരണഭാഷാപ്രഖ്യാപനം നടത്തി. എല്ലാ ജില്ലയിലും ഭരണഭാഷാവബോധപരിപാടി സംഘടിപ്പിച്ചു. 'ഭരണമലയാളം' ഓൺലൈൻ നിഘണ്ടുവും മൊബൈൽ ആപ്ലിക്കേഷനും പ്രാവർത്തികമാക്കി.

508 **നരേന്ദ്രൻ കമ്മിറ്റിയുടെ നിർദ്ദേശം മുൻനിർത്തി കോടതിഭാഷ മലയാളമാക്കാനുള്ള നടപടികൾ സ്വീകരിക്കും. കേരളത്തിലെ തൊഴിൽപരീക്ഷകൾ, മെഡിക്കൽ, എൻജിനീയറിങ് പ്രവേശനപരീക്ഷകൾ എന്നിവ മലയാളത്തിൽ എഴുതാൻ അവസരമുണ്ടാക്കും. ഗവേഷണപ്രബന്ധങ്ങളടക്കം മലയാളത്തിൽ സമർപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കും.**

കോടതിഭാഷ മലയാളത്തിലാക്കുന്നതിന്റെ ഭാഗമായി വിദഗ്ധന്മാരുടെ ഒരു സമിതിക്ക് ഹൈക്കോടതി രൂപം നല്കുകയും ആവശ്യമായ സാങ്കേതികപരിജ്ഞാനമുള്ളവരെ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചുവരികയുമാണ്. പി.എസ്.സി പരീക്ഷകൾക്കും ഡിഗ്രിതലത്തിലുള്ള പരീക്ഷകൾക്കും മലയാളം ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചു. മലയാളഭാഷാപരിചയം സർക്കാർജോലിക്കു നിർബന്ധമാക്കിയിട്ടുണ്ട്.

509 **ബിരുദതലംവരെ മലയാളപഠനം നിർബ്ബന്ധമാക്കും. മലയാളമാദ്ധ്യമത്തിലുള്ള പഠനത്തിനു പ്രോത്സാഹനം നല്കും. പ്രൈമറി ക്ലാസ് മുതൽ തന്നെ മലയാളം കമ്പ്യൂട്ടിങ് പഠനഭാഗമാക്കും.**

കേരളപാഠ്യപദ്ധതിക്കു പുറമേ സംസ്ഥാനത്തിനകത്തു കേന്ദ്രപാഠ്യപദ്ധതി പ്രകാരം പ്രവൃത്തിക്കുന്ന സ്കൂളുകളിലും മലയാളഭാഷ നിർബ്ബന്ധമാക്കി. മലയാളം കമ്പ്യൂട്ടിങ് പഠനത്തിന്റെ ഭാഗമാക്കാനുള്ള പ്രവർത്തനം നടന്നുവരുന്നു. 2018-19 അദ്ധ്യയനവർഷം മുതൽ പത്താം ക്ലാസ് വരെ മലയാളപഠനം നിർബ്ബന്ധമാക്കി.

510 **വിജ്ഞാനമണ്ഡലത്തിലുണ്ടാകുന്ന മാറ്റങ്ങൾ കണ്ടെത്താനും അതു മലയാളത്തിൽ കൊണ്ടുവരാനുമുള്ള ഇടപെടൽ നടത്താനുള്ള സ്ഥാപനമാക്കി മലയാളസർവ്വകലാശാലയെ മാറ്റും. ഭാഷയുടെ പ്രയോഗത്തിന്റെയും വികാസത്തിന്റെയും സാദ്ധ്യതകൾ സമഗ്രമായി കണ്ടെത്താനും വിനിയോഗിക്കാനും പര്യാപ്തമായ വിധത്തിൽക്കൂടി മലയാളസർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ പുനഃക്രമീകരിക്കും. ഇതുമായി മറ്റു സർവ്വകലാശാലകളെയും എല്ലാ സാംസ്ക്കാരികസ്ഥാപനങ്ങളെയും സംഘടനകളെയും കൂട്ടിയിണക്കും. ഇന്ത്യൻ ഭാഷകൾ തമ്മിലുള്ള വിവർത്തനം പരമാവധി പ്രോത്സാഹിപ്പിക്കും.**

മലയാളസർവ്വകലാശാലയ്ക്ക് ഭൂമി ഏറ്റെടുക്കാനുള്ള പ്രവർത്തനം അന്തിമഘട്ടത്തിലാണ്. അത്യാധുനികമായ ലൈബ്രറിയും പ്രസാധനകേന്ദ്രവും സ്ഥാപിച്ചു. പഠനമാധ്യമം മലയാളഭാഷയാണ്. ഗവേണപ്രബന്ധങ്ങൾ ഉൾപ്പെടെ മലയാളഭാഷയിലാണ്. ഓൺലൈൻ മലയാള നിഘണ്ടുവിന്റെ പ്രവർത്തനം നല്ല പുരോഗതി കൈവരിച്ചിട്ടുണ്ട്.

എംഎച്ച്ആർഡിയുടെ ആഭിമുഖ്യത്തിൽ മലായാളം ക്ലാസിക്കൽ ഭാഷയായി ഒരു മികവ് കേന്ദ്രം സ്ഥാപിക്കുന്നതിന് സംസ്ഥാനസർക്കാർ നിർദ്ദേശിച്ചത് മലയാളസർവ്വകലാശാലയെ ആണ്. ഇംഗ്ലീഷിലും മറ്റു ഭാരതീയഭാഷകളിലുമുള്ള വൈജ്ഞാനികകൃതികൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്താനുള്ള പ്രാരംഭനടപടികൾ ആയി. മലയാളത്തിലെ ക്ലാസിക്കൽ കൃതികൾ പുനരവതരിപ്പിക്കാനും ചിലത് ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്താനും സാധ്യമായി. തഞ്ചാവൂരിലെ മലയാളം സർവ്വകലാശാലയിൽ ചെയർ സ്ഥാപിക്കാൻ പ്രാരംഭനടപടിയായി. മോയിൻകുട്ടിവൈദ്യർ സ്മാരകവുമായി ചേർന്ന് അറബിമലയാളം വിജ്ഞാനകോശം നിർമ്മിക്കാൻ തീരുമാനിച്ചു. സാംസ്കാരിക പൈതൃകമ്യൂസിയം സജ്ജമായി.

511 **ഭാഷയുടെ വർഗ്ഗീയവൽക്കരണം ചെറുക്കുക, ലിംഗസമത്വം, ജാതിനിരാസം, മതനിരപേക്ഷത, ആവിഷ്ക്കാരവൈവിദ്ധ്യം എന്നിവയെ ആധാരമാക്കി ജനാധിപത്യപരമായ തുല്യത ഉറപ്പാക്കുമാറു ഭാഷാപ്രയോഗങ്ങൾ നവീകരിക്കാനുള്ള നടപടി സ്വീകരിക്കും.**

ഈ കാര്യങ്ങൾ മുൻനിർത്തിയാണ് കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിച്ചുവരുന്നത്.

512 **ലോകനിലവാരത്തിൽ രചിക്കപ്പെട്ട ശാസ്ത്രകൃതികൾ, തത്വചിന്താപരമായ കൃതികൾ തുടങ്ങിയവയെല്ലാം മലയാളത്തിൽ ലഭ്യമാക്കാനുള്ള ഇടപെടൽ നടത്തും. മൂന്നാംലോകരാജ്യങ്ങളിലെ ഭാഷകളിൽനിന്നുള്ള കൃതികളുടെ വിവർത്തനത്തിനുൾപ്പെടെ പ്രോത്സാഹനം നല്കിക്കൊണ്ട് ബഹുസ്വരതയ്ക്ക പ്രോത്സാഹനം നല്കും. ഇതിലേക്കായി ഒരു വിവർത്തനനയം ഉണ്ടാക്കും. ഭാഷാഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള സ്ഥാപനങ്ങളെ ഇത്തരത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കും. പുതിയ ഗവേഷണപ്രബന്ധങ്ങൾ മലയാളത്തിൽ കൊണ്ടുവരാനും നടപടി സ്വീകരിക്കും.**

വിശ്വപ്രസിദ്ധമായ കൃതികളും ഇന്ത്യയിലെ ഇതരഭാഷകളിലുള്ള കൃതികളും മലയാളത്തിൽപരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുന്നതോടൊപ്പം വികസ്വരരാജ്യങ്ങളിലെ കൃതികൾ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന

തിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

513 കമ്പ്യൂട്ടർ, മൊബൈൽ ഫോൺ എന്നിവയിലെല്ലാം അടിസ്ഥാനഭാഷയായി മലയാളത്തെ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കും.

ഭാഷാഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ച ഭരണശബ്ദാവലി മൊബൈൽ ആപ്പ് ഭരണഭാഷാരംഗത്ത് ഇക്കാര്യത്തിലുള്ള ഒരു ചുവടുവയ്പ്പാണ്. 'ഭരണമലയാളം' ഓൺലൈൻ നിഘണ്ടുവും മൊബൈൽ ആപ്ലിക്കേഷനും പ്രാവർത്തികമാക്കി.

514 കേരളത്തിനകത്തുമാത്രം സംസാരിക്കുന്ന ആദിവാസിഭാഷകൾക്ക് കേരളത്തിനു പുറത്തു സംഘടിതമായ സംരക്ഷകരില്ല. ആ ജനതകളുടെ ഭാഷാപരമായ അവകാശങ്ങളുടെ സംരക്ഷണവും വികസനവും ഉറപ്പാക്കും. ആദിവാസികൾ ഉൾപ്പെടെ ഭാഷാന്യൂനപക്ഷങ്ങൾക്ക് അവരുടെ മാതൃഭാഷയിൽ വിദ്യാഭ്യാസവും വ്യവഹാരങ്ങളും നിർവ്വഹിക്കാൻ സൗകര്യമുണ്ടാക്കും. ഈ വിഭാഗത്തിന് രണ്ടാംഭാഷയെന്ന സ്ഥാനം മലയാളത്തിനു നല്കും.

ആദിവാസിമേഖലയിലെ വാമൊഴിയായുള്ള 40 ഓളം ഭാഷകളിലെ വിജ്ഞാനം സംരക്ഷിക്കാൻവേണ്ടി ഗോത്രഭാഷാലഘുവിജ്ഞാനകോശം രചിക്കാനുള്ള നടപടി പുരോഗമിച്ചുവരുന്നു.

515 കേരളത്തിലെത്തുന്ന ഇതരസംസ്ഥാനത്തൊഴിലാളികളെ തുല്യപൗരരാക്കി മാറ്റാനും കേരളത്തിന്റെ സാംസ്കാരികവും രാഷ്ട്രീയവുമായ ചലനാത്മകതയുടെ ഭാഗമാക്കിത്തീർക്കാനും കഴിയുന്ന വിധത്തിൽ അവരെ മലയാളത്തിൽ അറിവുള്ളവരാക്കി മാറ്റാനുള്ള സാക്ഷരതാപ്രസ്ഥാനത്തിന് ആരംഭം കുറിക്കും.

നിരക്ഷരതാനിർമ്മാർജ്ജനം ലക്ഷ്യമാക്കി സാക്ഷരതാമിഷന്റെ 'അക്ഷരലക്ഷം' പരിപാടി, തീരദേശത്തിനായി 'അക്ഷരസാഗരം', പട്ടികവർഗവിഭാഗങ്ങൾക്കായി 'സമഗ്ര', പട്ടികജാതി മേഖലയ്ക്കായി 'നവചേനത', ഇതരസംസ്ഥാനത്തൊഴിലാളികൾക്കായി 'ചങ്ങാതി' ട്രാൻസ്ജെൻഡർ വിഭാഗത്തിനായി 'സമന്വയ' പദ്ധതികൾ നടപ്പിലാക്കി.

കായികരംഗം

516 അന്തർദ്ദേശീയ സ്പോട്സ് മത്സരങ്ങൾ നടത്താൻ ഉതകുന്ന രീതിയിലുള്ള സൗകര്യങ്ങൾ സമയബന്ധിതമായി സൃഷ്ടിക്കും. ഇതിനായി ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കും.

കേരളത്തിലെ കായികവികസനത്തിനായി കിഫ്ബി മുഖേന അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാൻ സംസ്ഥാനകായികവകുപ്പ് പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിവരുന്നു. 14 ജില്ലകളിലും അന്താരാഷ്ട്രനിലവാരത്തിലുള്ള സൗകര്യങ്ങളോടുകൂടിയ വിവിധോദ്ദേശ്യകളിസ്ഥലങ്ങൾ, 33 പഞ്ചായത്ത് സ്റ്റേഡിയങ്ങൾ എന്നിവയിൽ 46 പദ്ധതികളുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിക്കുകയും 37 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നല്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 20 പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു. ദേശീയഗെയിംസിന്റെ ഭാഗമായി നിർമ്മിച്ചതും കായികവകുപ്പിന്റെ കീഴിലുള്ളതുമായ മറ്റ് സ്റ്റേഡിയങ്ങൾ നവീകരിക്കുന്ന പ്രവർത്തനങ്ങളും നടന്നുവരികയാണ്. കൂടാതെ കായികവകുപ്പിന്റെ പദ്ധതിവിഹിതത്തിൽ ഉൾപ്പെടുത്തി പുതുതായി കളിസ്ഥലങ്ങൾ നവീകരിച്ചുവരുന്നുണ്ട്. ഈ പദ്ധതികൾ പൂർത്തിയാകുന്നതോടെ എല്ലാ ജില്ലകളിലും സിന്തറ്റിക് ട്രാക്ക് യാഥാർത്ഥ്യമാവുകയും കൂടുതൽ ദേശീയ-അന്തർദേശീയ മത്സരങ്ങൾക്ക് കേരളം വേദിയാവുകയും ചെയ്യും. കൂടുതൽ പരിശീലനപദ്ധതികൾ ആവിഷ്ക്കരിക്കുവാനും ഇതിലൂടെ സാധിക്കും.

517 എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പരിശീലനം ചെയ്യുവാൻ യോഗ്യമായ ഒരു 200/400 മീറ്റർ ട്രാക്കും അനുബന്ധമായ മൈതാനവും ഉറപ്പുവരുത്താൻ ഇടപെടും.

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച ജില്ലാസ്റ്റേഡിയങ്ങളും പഞ്ചായത്ത് സ്റ്റേഡിയങ്ങളും കായികവകുപ്പിന്റെ പദ്ധതിവിഹിതത്തിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റികളിലും ട്രാക്കുകളും മൈതാനങ്ങളും നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 57 സ്റ്റേഡിയങ്ങളും കായികവകുപ്പിന്റെ കീഴിൽ വിവിധ പദ്ധതികളും നടന്നുവരുന്നു.

518 കേരളം സ്പോട്സ് കൗൺസിലിന്റെ കീഴിൽ വിവിധ കായികയിനങ്ങൾക്കായി സ്പോട്സ് ഹോസ്റ്റലുകൾ സ്കൂളുകളിലും കോളെജുകളിലുമായി നടത്തുന്നുണ്ട്. ഇവയുടെ നടത്തിപ്പിനായി നല്കിവരുന്ന തുക വർദ്ധിപ്പിക്കുകയും സൗകര്യങ്ങൾ സായി സ്പോട്സ് ഹോസ്റ്റലുകൾക്കു സമാനമാക്കുകയും ചെയ്യും.

സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 28 സെൻടലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകൾ, 54 കോളെജ് സ്പോർട്സ് ഹോസ്റ്റലുകൾ, 26 സ്കൂൾ

സ്പോർട്സ് ഹോസ്റ്റലുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഇവിടങ്ങളിലെ കായികതാരങ്ങൾക്ക് പ്രതിദിനം ഡി.എ 150 രൂപയിൽനിന്ന് 200 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രതിമാസം 100 രൂപ വാഷിങ് അലവൻസും നല്കിവരുന്നു. പ്രസ്തുത ഹോസ്റ്റലുകൾക്ക് പുറമേ അത്ലറ്റിക്സ്, വോളീ ബോൾ, ഫെൻസിങ് എന്നി കായികയിനങ്ങളിൽ എലൈറ്റ് ട്രെയിനിങ് സെന്ററുകൾ ഉണ്ട്. അവയിലെ കായികതാരങ്ങൾക്ക് പ്രതിദിനം 400 രൂപ നിരക്കിൽ ബോർഡിങ് ചാർജ്ജ് അനുവദിച്ചിട്ടുണ്ട്.

519 **പൊതുജനാരോഗ്യസംരക്ഷണത്തിനായി കായികരംഗം ഉപയോഗിക്കപ്പെടുത്തുന്ന ബൃഹദ് പദ്ധതിക്കു രൂപം നല്കും.**

കേരള സാക്ഷരത മിഷൻ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കാനും നഴ്സറിതലം മുതൽ മുതിർന്നപൗരർ വരെയുള്ള അബാലവൃദ്ധം ജനങ്ങൾക്കും ശാരീരിക-കായികക്ഷമത വർദ്ധിപ്പിക്കാനും 'കേരള കായികക്ഷമത മിഷൻ വിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ, ആരോഗ്യവകുപ്പുകളുടെ സഹകരണത്തോടെ ആരംഭിക്കുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് സ്പോട്സ് കൗൺസിൽ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

കായികവകുപ്പ് സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ എന്ന പേരിൽ 9 സ്റ്റേഡിയങ്ങളിൽ ഹെൽത്ത് ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ട്.

520 സ്പോട്സും അതിനോട് ബന്ധപ്പെട്ടു കിടക്കുന്ന ശാസ്ത്രശാഖകളും ദിനംപ്രതി വളർച്ച നേടിക്കൊണ്ടിരിക്കുന്നു. സ്പോട്സിനോടു ചേർന്നുകിടക്കുന്ന ശാസ്ത്രശാഖകളിലെ കണ്ടുപിടിത്തങ്ങൾ നാം ഫലപ്രദമാംവിധം ഉപയോഗിക്കുന്ന സംവിധാനം ഉണ്ടാക്കും.

യൂണിവേഴ്സിറ്റികളുമായി ചേർന്നു സെന്റർ ഓഫ് എക്സലൻസ് സ്ഥാപിച്ച് ഈ രംഗത്തു നടപടി സ്വീകരിച്ചുവരികയാണ്. സ്പോർട്സ് മെഡിസിൻ വിപുലീകരിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ കായികവകുപ്പ് സ്വീകരിച്ചുവരികയാണ്.

521 **അന്തർസർവ്വകലാശാലാമത്സരങ്ങൾക്കു ശേഷം ഒരു സംയുക്ത സർവ്വകലാശാലാടീമിനെ തെരഞ്ഞെടുക്കുകയും അവരെ സംസ്ഥാന ലീഗ് ചാമ്പ്യൻഷിപ്പുകളിൽ ഒരു ടീമായി പങ്കെടുപ്പിക്കുകയും ചെയ്യുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യു നടപ്പിലാക്കും.**

സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളെ പങ്കെടുപ്പിച്ചുകൊണ്ട് കോളെജ് ഗെയിംസ് മത്സരങ്ങൾ നടത്തിവരുന്നു.

522 **a. ഗ്രാമീണ സ്പോട്സിൽനിന്നു കണ്ടെടുത്ത പ്രതിഭകളെ മിനുക്കുപണി ചെയ്യു പ്രഫഷണലുകൾ ആക്കാനുള്ള പദ്ധതികൾ നടപ്പിലാക്കും.**

പ്രൈമറിതലം മുതൽ ഓരോ കുട്ടിയും കായികവിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതത് സ്ക്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിയ്ക്കും അനുയോജ്യമായ കായിക ഇനം തെരഞ്ഞെടുക്കുന്നതിനു സാഹചര്യമൊരുക്കുകയും ചെയ്യുന്ന പ്ലേ ഫോർ ഹെൽത്ത് പദ്ധതി, നഗര-ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ തൽപ്പരരായ ചെറിയ പ്രായത്തിലുള്ള കുട്ടികളെ കണ്ടെത്തി വിദഗ്ധ പരിശീലനം നല്കി മികച്ച ഫുട്ബോൾ താരങ്ങളായി വളർത്തിയെടുക്കുന്നതിനുവേണ്ടിയുള്ള ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്), സ്ക്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നല്കുന്ന സ്പ്ലാഷ്, ടെന്നീസിൽ തൽപ്പരരായ 4 മുതൽ 9 വയസ്സിനടിയിൽ പ്രായമുള്ള കുട്ടികൾക്ക് വിദഗ്ധ പരിശീലനം നല്കുന്ന ഗ്രാസ്റൂട്ട് ലെവൽ ടെന്നീസ് പരിശീലന പദ്ധതി, എയിസ്, ബാസ്ക്കറ്റ്ബോൾ പരിശീലന പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.

b. കേരളോത്സവമത്സരങ്ങളിൽ വിജയികളാവുന്നവരെ ഉൾക്കൊള്ളിച്ച് പരിശീലനക്യാമ്പുകൾ ആരംഭിക്കും.

കേരളോത്സവം മത്സരങ്ങൾ പരിഷ്കരിച്ച് പുതിയ രീതിയിലാക്കി പരിശീലനപദ്ധതികൾ ആവിഷ്ക്കരിക്കുവാൻ പദ്ധതി തയ്യാറാക്കിവരുന്നു.

c. കായികതാരങ്ങൾക്ക് ഓരോ വർഷവും തൊഴിൽ നല്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കും.

എല്ലാ വർഷവും മികച്ച 50 കായികതാരങ്ങളെ സംസ്ഥാനസർക്കാർ സർവ്വീസിൽ നിയമിക്കുന്ന പദ്ധതി നിലവിലുണ്ട്. ഇതിന്റെ ഭാഗമായി 2010 മുതൽ 2014 വരെയുള്ള 248 ഒഴിവുകളിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2015 മുതൽ 2018 വരെയുള്ള നിയമനം നടത്തുവാനുള്ള അപേക്ഷ ക്ഷണിക്കുവാനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. സംസ്ഥാന പബ്ലിക് സർവ്വിസ് കമ്മിഷൻ നിയമനങ്ങളിൽ ഒരുശതമാനം കായികതാരങ്ങൾക്കായി സംവരണം ചെയ്യാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിൽ നടന്ന 35-ാമത് ദേശീയ ഗെയിംസിൽ സ്വർണ്ണമെഡൽ നേടിയ 72 കായിക താരങ്ങൾക്ക് നിയമനം നല്കി. അതുപൊലെ സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കായികതാരങ്ങൾക്കും ഏഷ്യൻ ഗെയിംസിൽ മെഡൽ നേടിയ കായികതാരങ്ങൾക്കും നിയമനം നല്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

523 **a. കേരളത്തിലെ പൊതുമേഖല, സർക്കാർ സ്ഥാപനങ്ങളിൽ സ്പോട്സ് ടീമുകൾ ഉണ്ടാക്കും.**

ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇലക്ട്രിസിറ്റി ബോർഡിലും കേരള പൊലീസിലും ടീമുകൾ രൂപവത്ക്കരിച്ച് പരിശീലനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള ഇലക്ട്രിസിറ്റി ബോർഡിൽ 25 കായിക താരങ്ങൾക്കും കേരളാ പൊലീസിൽ 60 കായിക താരങ്ങൾക്കും നിയമനം നല്കിയിട്ടുണ്ട്. കേരളാ പൊലീസിൽ 146 ഹവീൽദാർ തസ്തിക സൃഷ്ടിച്ച് നിയമന നടപടികൾ തുടങ്ങിയിട്ടുണ്ട്.

b. കേരളത്തിലെ ഗ്രാമങ്ങളിൽ കായികരംഗത്തെ ഏകോപിപിച്ച് സുഗമമായ മുന്നേറ്റത്തിനു വഴിയൊരുക്കുന്ന സംവിധാനങ്ങൾ സൃഷ്ടിക്കും. ജനകിയാസൂത്രണപദ്ധതിയുടെ നടത്തിപ്പുകാലഘട്ടത്തിൽ ചില പഞ്ചായത്തുകളിൽ പ്രവർത്തനമാരംഭിച്ച ഗ്രാമപഞ്ചായത്ത് സ്പോട്സ് കൗൺസിലുകളെ മാതൃകയാക്കും.

കേരള സ്പോർട്സ് ആക്ട് കാലോചിതമായി പരിഷ്കരിച്ചു. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ രൂപവത്ക്കരിക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

524 **സ്പോട്സ് കൗൺസിലുകൾ ജനാധിപത്യപരമായി പുനഃസംഘടിപിക്കാൻ നടപടി സ്വീകരിക്കും. ജില്ലയ്ക്ക താഴോട്ടും വേരോട്ടമുള്ള വിധത്തിൽ ഈ സംവിധാനത്തെ മാറ്റിത്തീർക്കും.**

കേരള സ്പോർട്സ് ആക്ട് കാലോചിതമായി പരിഷ്ക്കരിച്ച് ജില്ലകളിൽ ജനാധിപത്യരീതിയിൽ സ്പോർട്സ് കൗൺസിലുകൾ നിലവിൽ വന്നു. സംസ്ഥാനത്ത് സ്പോർട്സ് കൗൺസിൽ ജനാധിപത്യവത്ക്കരിക്കുന്നതിന്റെ ഭാഗമായുള്ള പുനഃസംഘാടനം അവസാനഘട്ടത്തിലാണ്.

അതുപോലെ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുതല സ്പോർട്സ് കൗൺസിലുകൾ രൂപവത്ക്കരിയ്ക്കുന്നതിനു വിഭാവനം ചെയ്തിട്ടുണ്ട്.

ഇന്ത്യയ്ക്കുതന്നെ മാതൃകയായ സ്തുത്യർഹമായ പ്രവർത്തനങ്ങളാണ നിലവിൽ കേരളം കാഴ്ചവെച്ചുകൊണ്ടിരിക്കുന്നത്. നിയമസഭ പാസ്സാക്കിയ ആക്ട് മുഖേന സ്പോർട്സ് കൗൺസിൽ രൂപവത്ക്കരിച്ചിട്ടുള്ള ഏകസംസ്ഥാനം കേരളമാണ്.

525 **കേരളകായികരംഗത്ത് ഏറ്റവും സ്തുത്യഹർമായ പ്രവർത്തനം നടത്തിവന്നിരുന്നവരാണ് സ്പോട്സ് ക്ലബുകൾ. സ്പോട്സ് ക്ലബ്ബുകൾക്ക ധനസഹായം നല്കാനുള്ള പദ്ധതി ആരംഭിക്കും.**

സംസ്ഥാന യുവജനക്ഷേമബോർഡിന്റെ നേതൃത്വത്തിൽ ക്ലബ്ബുകളെ ശാക്തീകരിക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്നു. അതുപോലെ ആയിരം യുവാ ക്ലബ്ബുകൾ രൂപവത്ക്കരിച്ച് പ്രവർത്തനം നടന്നുവരികയാണ്. പ്രസ്തുത ക്ലബ്ബുകൾക്ക് പി.എസ്.സി പരിശീലനം, കായിക പരിശീലനം എന്നീ പ്രവർത്തനങ്ങൾക്ക് ധനസഹായം നല്കുന്നു. കായികവകുപ്പ് ക്ലബ്ബുകൾക്ക് കായികോപകരണങ്ങൾ വാങ്ങാൻ ധനസഹായം അനുവദിച്ചുവരുന്നു.

526 **2024 ഒളിമ്പിക്സ് ലക്ഷ്യംവെച്ച് പ്രത്യേക പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കും. ഈ പദ്ധതിയിലേക്ക് കായികതാരങ്ങളുടെ തെരഞ്ഞെടുപ്പ് കേരളോത്സവങ്ങളിൽനിന്നും, കേരളത്തിലെ സർവ്വകലാശാലകൾക്കായി സംഘടിപിക്കുന്ന അത്ലറ്റിക് മീറ്റിൽനിന്നും സ്കൂൾ അത്ലറ്റിക് മീറ്റിൽനിന്നും അസോസിയേഷൻ സംഘടിപിക്കുന്ന സംസ്ഥാന ജൂനിയർ അത്ലറ്റിക് മീറ്റുകളിൽനിന്നും പ്രത്യേക തെരഞ്ഞെടുപ്പിനായി കായികതാരങ്ങളെ വിളിച്ചുചേർത്തതിൽനിന്നും നടത്തും.**

2020, 2024 ഒളിമ്പിക്സുകളിൽ മെഡൽ ലക്ഷ്യം മുൻനിർത്തി കായികതാരങ്ങൾക്ക് അന്തർദ്ദേശീയനിലവാരത്തിലുള്ള പരിശീലനം നല്കാനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ച പദ്ധതിയാണ് 'ഓപ്പറേഷൻ ഒളിമ്പിയ'. ആർച്ചറി, അത്ലറ്റിക്സ്, ബാഡ്മിന്റൺ, ബോക്സിങ്, കനോയിംഗ് & കയാക്കിംഗ്, സൈക്ലിങ്, ഫെൻസിങ്, റോവിങ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റസ്ലിങ് എന്നീ 11 കായികയിനങ്ങളിലായി ഏകദേശം 225 കായികതാരങ്ങൾക്ക് പരിശീലനം നല്കുന്ന പദ്ധതിയാണിത്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ വിദഗ്ധാംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ തെരഞ്ഞെടുത്തതാണ് ഇവരെ.

527 **2006ലെ ഇടതുപക്ഷസർക്കാർ കൊണ്ടുവന്ന സ്പോട്സ് ആക്ട് കാലോചിതമായ മാറ്റങ്ങൾ വരുത്തി പുനഃസ്ഥാപിക്കും. അവയിൽ ജനാധിപത്യ വ്യവസ്ഥകൾ നിലനിർത്തുന്നതായി ഉറപ്പുവരുത്തും.**

സ്പോർട്സ് ആക്ട് കാലോചിതമായി പരിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

528 **കായികക്ഷമതാപദ്ധതി, കായികവിദ്യാഭ്യാസപാഠ്യപദ്ധതി, സ്പോട്സ് കമ്മിഷൻ റിപ്പോർട്ട് എന്നിവയുടെമേലുള്ള നടപടികൾ യുഡിഎഫ് (2016) സർക്കാർ മരവിപിച്ചിരിക്കുകയാണ്. സ്പോട്സ് കമ്മിഷൻ റിപ്പോർട്ടിന്റെ നിർദ്ദേശങ്ങൾ നടപിലാക്കാൻ നടപടി സ്വീകരിക്കും.**

സ്പോർട്സ് കമ്മിഷൻ റിപ്പോർട്ടിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള സാക്ഷരതാ

മിഷന്റെ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിയ്ക്കുന്നതിനും നഴ്സറിതലം മുതൽ മുതിർന്നപൗരർ വരെയുള്ള അബാലവൃദ്ധം ജനങ്ങൾക്കും ശാരീരിക കായികക്ഷമത വർദ്ധിപ്പിക്കാനും 'കേരള കായികക്ഷമതാ മിഷൻ' വിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ, ആരോഗ്യവകുപ്പുകളുടെ സഹകരണത്തോടെ ആരംഭിക്കാനുള്ള നടപടികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്വീകരിച്ചുവരുന്നു.

529 **കളരിപ്പയറ്റുപോലുള്ള ആയോധനകലകൾ പ്രോത്സാഹിപ്പിക്കും.**

കളരിപ്പയറ്റ്, വുഷു, തയ്കോൺഡോ, കരാട്ടേ എന്നി ആയോധനകലകൾക്ക് കേരള സ്റ്റേറ്റ് സ്പോട്സ് കൗൺസിൽ അംഗീകാരം നല്കിയിട്ടുണ്ട്. ഇവയുടെ ഉന്നമനത്തിനായി ആവശ്യമായ പ്രോത്സാഹനം കൗൺസിൽ നല്കിവരുന്നു.

530 **സ്പോട്സ് ഡയറക്ടറേറ്റ്, സ്പോട്സ് കൗൺസിലുകൾ എന്നിവ രണ്ടായി നിലനിൽക്കുന്നു. ഇവ സ്പോട്സ് കൗൺസിലിന്റെ ജനാധിപത്യക്രമം പുനരുജ്ജീവിപിച്ച് ഏകശിലാമാതൃകയിലാക്കി ഇന്ത്യയ്ക്കാകെ മാതൃകയാക്കും.**

ഇതിനു വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കായിക, യുവജനകാര്യാലയം, സ്പോർട്സ് കൗൺസിൽ, ഒളിമ്പിക്സ് അസോസിയേഷൻ, വിവിധ അസോസിയേഷനുകൾ എന്നിവ ഒരു കുടക്കീഴിലാക്കുന്നതിന് കായികഭവൻ നിർമ്മിക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

531 **നിലവിലുള്ള കായികവിദ്യാഭ്യാസപാഠ്യപദ്ധതി (BPEd, MPEd, NIS Coaching Diploma) പുനഃക്രമീകരിക്കും. പഠനനിലവാരം ഉയർത്താനാവശ്യമായ നടപടികൾ സ്വീകരിക്കും.**

ഇതിനുവേണ്ടിയുള്ള നടപടികൾ വിവിധ യൂണിവേഴ്സിറ്റികൾ ആരംഭിച്ചിട്ടുണ്ട്. കായികവിദ്യാഭ്യാസകോളെജുകളിൽ പഠന നിലവാരമുയർത്തുന്നതിനുവേണ്ടി കൂടുതൽ ഗവേഷണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

532 **a. ജി.വി. രാജ സ്പോട്സ് സ്കൂൾ, കണ്ണൂർ സ്പോട്സ് ഡിവിഷൻ, അയ്യങ്കാളി സ്പോട്സ് സ്കൂൾ എന്നിവ സ്പോട്സ് കൗൺസിലിന്റെ കീഴിലാക്കാനുള്ള നടപടികൾ സ്വീകരിക്കും.**

ജി.വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവ സംസ്ഥാനകായികവകുപ്പിന്റെ നിയന്ത്രണത്തിലാണ്. പ്രസ്തുത സ്കൂളുകൾ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനു നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതുപോലെ പുതുതായി കണ്ണൂർ സ്പോർട്സ് ഡിവിഷൻ മാതൃകയിൽ 3 സ്കൂളുകൾ ആരംഭിക്കുവാൻ കായികവകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

b. കായികവിദ്യാർത്ഥികളുടെ പഠനസൗകര്യത്തിനുള്ള പ്രത്യേക ഇടപെടൽ ഉണ്ടാകും.

അദ്ധ്യാപക-രക്ഷാകർതൃസമിതിയുടെ പ്രവർത്തനത്തിലൂടെയും ആവശ്യമായ അദ്ധ്യാപകരുടെയും മറ്റു ജീവനക്കാരുടെയും സേവനം കൃത്യമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

c. അവർക്ക് തൊഴിൽ ഉറപ്പുവരുത്താനും ഇടപെടും.

2010 മുതൽ 2014 വരെയുള്ള സ്പോട്സ് ക്വാട്ടാ നിയമനം അടിയന്തരപ്രാധാന്യത്തോടെ നടത്താൻ സ്പെഷ്യൽ സെൽ രൂപവത്ക്കരിച്ചു. അതിന്റെ ഭാഗമായി 248 കായികതാരങ്ങൾക്കു നിയമനം നല്കുന്നതിനു റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നടപടി സ്വീകരിച്ചുവരികയാണ്. സർക്കാർ സർവ്വീസിൽ പ്രതിവർഷം 50 കായികതാരങ്ങൾക്ക് നിയമനം നല്കുന്ന നടപടി നിലവിലുണ്ട്. പി.എസ്.സി നടത്തുന്ന നിയമനങ്ങളിൽ ഒരുശതമാനം കായികതാരങ്ങൾക്കായി സംവരണം ചെയ്യാനുള്ള നടപടി പുരോഗമിച്ചുവരുന്നു.

533 **a. കേരളത്തിന്റെ വ്യത്യസ്തലങ്ങളിലുള്ള കുട്ടികൾക്കു പ്രാഥമികപരിശീലനം നല്കി പ്രതിഭകളെ കണ്ടെത്തുന്ന പുതിയ ദീർഘകാലപരിശീലനപദ്ധതി ആവിഷ്ക്കരിക്കും.**

ഇവർക്കു പ്രാഥമികപരിശീലനം നല്കാൻ കൗൺസിലിന്റെ കീഴിൽ 108 ഡേ ബോർഡിങ് സെന്ററുകൾ പ്രവർത്തിക്കുന്നു. ഇത്തരത്തിൽ തെരഞ്ഞെടുക്കുന്ന കായികതാരങ്ങൾക്ക് പരിശീലനത്തിനുപുറമേ ലഘുഭക്ഷണം നല്കാൻ പ്രതിദിനം 25 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു.

പ്രൈമറിതലം മുതൽ ഓരോ കുട്ടിയും കായികവിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതത് സ്കൂളുകളിൽത്തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിയ്ക്കും അനുയോജ്യമായ കായികഇനം തെരഞ്ഞെടുക്കുന്നതിനു സാഹചര്യമൊരുക്കുകയും ചെയ്യുന്ന പ്ലേ ഫോർ ഹെൽത്ത് പദ്ധതി, നഗര-ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ തൽപ്പരരായ ചെറിയ പ്രായത്തിലുള്ള കുട്ടികളെ കണ്ടെത്തി വിദഗ്ധ പരിശീലനം നല്കി മികച്ച ഫുട്ബോൾ താരങ്ങളായി വളർത്തിയെടുക്കുന്നതിനുവേണ്ടിയുള്ള ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്), സ്കൂൾക്കുട്ടികൾക്ക് നീന്തൽ പരിശീലനം നല്കുന്ന സ്പ്ലാഷ്, ടെന്നീസിൽ തൽപ്പരരായ 4 മുതൽ 9 വയസ്സിനടിയിൽ പ്രായമുള്ള കുട്ടികൾക്ക് വിദഗ്ധ പരിശീലനം നല്കുന്ന ഗ്രാസ്റൂട്ട് ലെവൽ ടെന്നീസ് പരി

ശീലനപദ്ധതി, എയിസ്, ബാസ്ക്കറ്റ്ബോൾ പരിശീല നപദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.

b. കേരളത്തിലെ സ്പോട്സ്മേഖലയെ സംബന്ധിച്ചുള്ള വിവരങ്ങളെല്ലാം ഉൾക്കൊള്ളുന്ന വിപുലമായ ഒരു സ്പോട്സ് വെബ്സൈറ്റ് ആരംഭിക്കും. കേരളത്തിലെ ടൂർണ്ണമെന്റുകൾ, കോച്ചിങ് സംവിധാനങ്ങൾ തുടങ്ങിയവ സംബന്ധിച്ച എല്ലാ വിവരങ്ങളും അതിൽ ലഭ്യമാക്കും.

കൗൺസിലിന്റെ നിലവിലുള്ള വൈബ് സൈറ്റ് പരിഷ്കരിച്ച് കൂടുതൽ വിവരങ്ങൾ ഉൾക്കൊള്ളുന്ന പുതിയ വെബ്സൈറ്റ് കൊണ്ടുവരും. സ്പോർട്സ് കൗൺസിലിനു കീഴിലുള്ള അസോസിയേഷൻ മത്സരങ്ങൾ സുഗമവും സുതാര്യവുമാക്കുന്നതിനും വേണ്ടി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തും.

അഴിമതിവിമുക്തകേരളം

534 a. അഴിമതിക്കും കാര്യക്ഷമതയില്ലായ്മയ്ക്കും എതിരെ വലിയൊരു ബഹുജനകാമ്പയിൻ ആരംഭിക്കും.

ഭരണതലത്തിലും ഉദ്യോഗസ്ഥതലത്തിലുമുള്ള അഴിമതി ഒഴിവാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനവ്യാപകമായി മേൽക്കാലയളവിൽ വില്ലേജ് ഓഫീസ്, കൺസ്യൂമർഫെഡ് ഗോഡൗൺ, പട്ടികജാതി-പട്ടികവർഗ ഹോസ്റ്റൽ, കോർപ്പറേഷൻ/മുനിസിപ്പാലിറ്റി, പൊലീസ് സ്റ്റേഷനുകൾ, വനംവകുപ്പ് തടി ഡിപ്പോകൾ, കേരള സ്റ്റേറ്റ് ബിവറേജ് കോർപ്പറേഷൻ, കൺസ്യൂമർഫെഡ് എന്നിവയുടെ കീഴിലുള്ള ഔട്ട്ലെറ്റുകൾ, സർക്കാർ ഉദ്യോഗസ്ഥരുടെ സ്വകാര്യ ട്യൂഷൻ സെന്ററുകൾ തുടങ്ങിയ സ്ഥലങ്ങളിൽ മിന്നൽ പരിശോധനകൾ നടത്തി. ഇത്തരത്തിൽ വിവിധ വകുപ്പുകളിലെ 79 ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യാനും 1118 ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലനടപടികൾ സ്വീകരിക്കാനും ശുപാർശ ചെയ്തിട്ടുണ്ട്. അഴിമതിക്കാരായ ഉദ്യോഗസ്ഥരെ സംബന്ധിക്കുന്ന രഹസ്യറിപ്പോർട്ട് തയ്യാറാക്കി രഹസ്യമായി നിരീക്ഷിച്ചുവരുന്നു. സർക്കാർ വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും വിജിലൻസ് സംവിധാനം കാര്യക്ഷമമാക്കി.

b. സംശുദ്ധമായ സിവിൽ സർവ്വീസും അഴിമതിരഹിതപൊതുപ്രവർത്തനവും ഉറപ്പുവരുത്താൻ അഴിമതിനിരോധനനിയമത്തിലും കേരള ലോകായുക്ത നിയമത്തിലും സമഗ്രമായ മാറ്റങ്ങൾ വരുത്തും.

വിജിലൻസിനെ സ്വതന്ത്ര ഏജൻസിയാക്കുന്നതിന്റെ ഭാഗമായി വിജിലൻസ് ആക്ടിന്റെ കരടുരേഖ ഉണ്ടാക്കി. അതു നിയമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

c. പൊതുപ്രവർത്തകരുടെ സ്വത്തുവിവരങ്ങളെക്കുറിച്ചു ജനങ്ങൾക്കു സുതാര്യവും വിശ്വാസയോഗ്യവുമായ നിലയിൽ വിവരങ്ങൾ നല്കാനും അന്യസംസ്ഥാനങ്ങളിലോ അന്യരാജ്യങ്ങളിലോ അവർക്കുള്ള സ്വത്തുക്കൾ പൊതുജനമദ്ധ്യത്തിൽ വെളിച്ചം കാണാനും ഇന്നുള്ള സംവിധാനം അപര്യാപ്തമാണ്. ഇവയെക്കുറിച്ചെല്ലാം പരിശോധിച്ചു നിർദ്ദേശങ്ങൾ മൂന്നുമാസത്തിനുള്ളിൽ നല്കാൻ ഒരു കമ്മിഷനെ നിയോഗിക്കും.

മന്ത്രിമാരുടെ സ്വത്തുവിവരങ്ങൾ വെബ്സൈറ്റിൽ ആദ്യവർഷം മുതലേ ലഭ്യമാണ്. മറ്റൊരു സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരികയാണ്.

d. വിജിലൻസിനെ സ്വതന്ത്ര അന്വേഷണയേജൻസിയാക്കും. ഇതിനാവശ്യമായ നിർദ്ദേശങ്ങളും മേൽപറഞ്ഞ കമ്മിഷന്റെ പരിഗണനാവിഷയമായിരിക്കും.

വിജിലൻസ് സംവിധാനം സംബന്ധിച്ച് ഭരണപരിഷ്ക്കാരക്കമ്മിഷന്റെ ശുപാർശകളും വിജിലൻസ് മാനുവൽ പരിഷ്കരണവും പരിശോധിച്ചുവരുന്നു.

535 യു.ഡി.എഫ് സർക്കാർ അവസാനവർഷം (2015-16) വയൽ നികത്താൻ നല്കിയിട്ടുള്ള എല്ലാ പെർമിറ്റുകളും നഗരാസൂത്രണനിബന്ധനകളിൽനിന്നു നല്കിയിട്ടുള്ള ഒഴിവുകളും പുനഃപരിശോധിക്കും.

എല്ലാ ഉത്തരവുകളും മന്ത്രിസഭ പുനഃപരിശോധിച്ചു. ചില ഉത്തരവുകൾ റദ്ദാക്കി. മറ്റു ചിലതു ഭേദഗതി വരുത്തി.

536 എല്ലാ നിർമ്മാണപ്രവൃത്തികൾക്കും ഇ-ടെൻഡർ നിർബ്ബന്ധമാക്കും. ഇ-പ്രൊക്യയർമെന്റ് സംവിധാനം നടപ്പിലാക്കും.

അഞ്ചു ലക്ഷത്തിൽ കൂടുതൽ എസ്റ്റിമേറ്റുള്ള എല്ലാ നിർമ്മാണപ്രവൃത്തികളും ഇ-ടെണ്ടർ വഴിയാണ് നടപ്പാക്കുന്നത്. കമ്പ്യൂട്ടർ, ഐടി ഉപകരണങ്ങൾക്ക് ഏകീകൃത ഇ-പ്രൊക്യയർമെന്റ് ഏർപ്പെടുത്തിക്കഴിഞ്ഞു. മറ്റു സാധനങ്ങൾ ഗ്ലോബൽ ഇ-മാർക്കറ്റ് എന്ന കേന്ദ്രസർക്കാരിന്റെ സോഫ്റ്റ്വെയർ ഉപയോഗിച്ച് വാങ്ങാൻ അനുമതി നല്കുന്നുണ്ട്.

537 എല്ലാ നിർമ്മാണപ്രവൃത്തികൾക്കും പി.എം. ജി.എസ്.വൈ മാതൃകയിൽ മോണിറ്ററിങ് സംവിധാനം സൃഷ്ടിക്കും. എല്ലാ നിർമ്മാണപ്രവൃ

ത്തികളും ജി.ഐ.എസ് പ്ലാറ്റ്ഫോമിൽ കൊണ്ടുവരികയും പുരോഗതി സംബന്ധിച്ച ഫോട്ടോ പൊതുജനങ്ങൾക്കു കാണാൻ ലഭ്യമാക്കുകയും ചെയ്യും. സോഷ്യൽ ഓഡിറ്റ് നിർബ്ബന്ധമാക്കും.

പദ്ധതിയിലുൾപ്പെടുന്ന നിർമ്മാണപ്രവൃത്തികൾ പ്ലാൻ സ്പേസ് എന്ന ഐടി സങ്കേതം വഴി വിശകലനം ചെയ്യുവരുന്നു. പ്ലാൻ സ്പേസിൽ ജിയോ ടാഗിംഗ്/ഫോട്ടോ ലഭ്യമാക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. വകുപ്പുകൾ തെരഞ്ഞെടുത്ത പ്രധാന പദ്ധതികൾ ഈ രീതിയിൽ പരിശോധിച്ചുവരുന്നു. പ്ലാൻ സ്പേസ് പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിന് തീരുമാനമെടുക്കേണ്ടതുണ്ട്.

538 **a. എല്ലാ വകുപ്പുകളിലും പ്രാദേശികാടിസ്ഥാനത്തിൽ പൗരാവകാശരേഖ തയ്യാറാക്കും.**

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഇതിനകം നടപ്പാക്കിയ പൗരാവകാശരേഖ സർക്കാരിന്റെ സേവനവകുപ്പുകളിൽ എല്ലാംതന്നെ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മുഖ്യമന്ത്രിയുടെ ഓഫീസിൽ സമർപ്പിക്കുന്ന പരാതികളുടെയും അപേക്ഷകളുടെയും തൽസ്ഥിതി അറിയുന്നതിനുള്ള ഓൺലൈൻ സംവിധാനം നിലവിലുണ്ട്. ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായം നൂറ് മണിക്കൂറിനുള്ളിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതി പുരോഗമിച്ചുവരുന്നു. ഭരണനിർവ്വഹണം കാര്യക്ഷമവും സുതാര്യവുമാക്കാൻ ഇ-ഗവേർണൻസ് നടപ്പിലാക്കുന്നു.

b. എല്ലാ വർഷവും പ്രാദേശികതലത്തിൽ സർക്കാർ ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് സംഘടിപ്പിക്കും.

കേരളത്തിന്റെ പുനനിർമ്മാണ ഉദ്യമത്തിന്റെ ഭാഗമായുള്ള പദ്ധതികളിലെല്ലാം സോഷ്യൽ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തിയതാണ് എറ്റവും പ്രധാന ചുവടുവെയ്പ്പ്. മരാമത്തു വകുപ്പിൽ അഴിമതി അവസാനിപ്പിക്കാൻ ശക്തമായ നടപടികൾ സ്വീകരിച്ചു. സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കി.

ക്രമസമാധാനപാലനവും പൊലീസും



പൊലീസിൽ നിയമനം ലഭിച്ച 74 ആദിവാസിയുവാക്കൾ മുഖ്യമന്ത്രിക്കൊപ്പം.
ആൾക്കൂട്ടക്കൊലയ്ക്ക് ഇരയായ മധുവിന്റെ സഹോദരി ചന്ദ്രിക മുഖ്യമന്ത്രിയുടെ വലതുവശത്ത്

539 **ക്രമസമാധാനനില മെച്ചപ്പെടുത്താൻ ശക്തമായി ഇടപെടും. വർഗ്ഗീയപ്രചരണങ്ങളെയും അത്തരം സംഘർഷങ്ങൾ കുത്തിപ്പൊക്കാനുള്ള ശ്രമങ്ങളെയും ശക്തമായി നേരിടും. ഭൂമാഫിയകൾ, ബ്ലേഡ് മാഫിയകൾ, ഗുണ്ടാസംഘങ്ങൾ, മദ്യമയക്കുമരുന്ന് വിപണനസംഘങ്ങൾ, പെൺവാണിഭ സംഘങ്ങൾ മുതലായ സാമൂഹികവിരുദ്ധശക്തികൾക്കെതിരെ ശക്തമായ നടപടി സ്വീകരിച്ച് സ്വൈരജീവിതം ഉറപ്പാക്കും.**

പ്രളയദുരന്തഘട്ടത്തിൽ എണ്ണയിട്ട യന്ത്രം കണക്കെ പ്രവർത്തിച്ച പൊലീസ് സംവിധാനം അക്ഷരാർത്ഥത്തിൽ ജനകീയസേനയാവുകയായിരുന്നു. ബഹുജനങ്ങളുമായി ചേർന്ന് രക്ഷാപ്രവർത്തനത്തിന് സജീവമായി പ്രവർത്തിച്ചു. കേരളം കൈവരിച്ച നവോത്ഥാനമൂല്യങ്ങളെ തകർക്കുവാനുള്ള ശ്രമങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിച്ച് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കിയും വർഗീയപ്രചരണങ്ങളെ നേരിട്ടും സമാധാനാന്തരീക്ഷം നിലനിർത്തി.

12 പുതിയ പൊലീസ് സ്റ്റേഷനുകൾ കഴിഞ്ഞ വർഷം പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ചു. 11 പൊലീസ് സ്റ്റേഷനുകളിലായി 390 പുതിയ തസ്തികകൾ അനുവദിച്ചു. ഇതിനുപുറമെ 2 കൺട്രോൾ റൂമുകൾക്കായി 80 തസ്തികകൾ അനുവദിച്ചു.

കുറ്റാന്വേഷണം കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ ക്രൈംബ്രാഞ്ച് ജില്ലാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിച്ചു. ഗൗരവമായ കേസുകൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാനത്ത് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തി.

സ്ത്രീസുരക്ഷ മുൻനിർത്തി ആറ് ജില്ലകളിൽ പുതുതായി പിങ്ക് കൺട്രോൾ റൂമുകൾ പ്രവർത്തനമാരംഭിച്ചു. ഇതിനോടൊപ്പം പയ്യന്നൂരും താനൂരും പുതിയ കൺട്രോൾ റൂമുകൾ സ്ഥാപിക്കുവാൻ അനുമതി നല്കിയിട്ടുണ്ട്. 1515 എന്ന ടോൾഫ്രീ നമ്പറിൽ 24 മണിക്കൂറും പ്രവൃത്തിക്കുന്ന കൺട്രോൾ റൂം സംവിധാനം ഏർപ്പെടുത്തി.

തീരദേശസുരക്ഷ മുൻനിർത്തി 200 പേരെ 14 തീരദേശ പൊലീസ് സ്റ്റേഷനുകളിൽ കോസ്റ്റൽ വാർഡന്മാരായി നിയമിച്ചു. ഇതിന് ഓഖി ദുരന്തത്തിനിരയായവരുടെ കുടുംബത്തിന് മുൻഗണന നല്കി. ആറു ശിശുസൗഹൃദ പൊലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. 54 പൊലീസ് സ്റ്റേഷനുകളിൽക്കൂടി നടപ്പിലാക്കും. നാല് തീരദേശ പൊലീസ് സ്റ്റേഷനുകൾ ആരംഭിച്ചു.

ബാങ്കുകൾ, ധനകാര്യസ്ഥാപനങ്ങൾ, ജ്വലറികൾ, ഫാക്ടറികൾ എന്നിവയുടെ CCTV അധിഷ്ഠിതമായ സുരക്ഷാ സംവിധാനം പൊലീസുമായി ബന്ധപ്പെടുത്തി നിർവ്വഹിക്കുന്നതിനായി ഒരു പദ്ധതി 'Central Intrusion Monitoring System (CIMS)' നടപ്പിലാക്കുന്നതിന് അനുമതി നല്കി.

ഇടയ്ക്കിടെ പ്രഖ്യാപിക്കപ്പെട്ട മിന്നൽഹർത്താലിൽ ഉണ്ടായ അക്രമങ്ങൾ ശക്തമായി നേരിട്ട പൊലീസ് അതിന്റെ ഗ്രഡ്ഢാലോചനയും പുറത്തുകൊണ്ടുവന്നു. ഹർത്താലിന്റെ മറവിൽ സ്വകാര്യസ്വത്തുക്കൾ നശിപ്പിക്കുന്നവർക്കെതിരെ കർശനശിക്ഷ ഉറപ്പാക്കുന്ന സ്വകാര്യ സ്വത്ത് സംരക്ഷണ ഓർഡിനൻസ് കൊണ്ടുവന്നു. സ്വകാര്യസ്വത്തിന് ഉണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കുന്നതിന് ഇതിൽ വ്യവസ്ഥ ചെയ്യുന്നു.

Emergency Response Support System (ERSS) സംസ്ഥാനത്തെ 5 നഗരങ്ങളെ ബന്ധപ്പെടുത്തി ആരംഭിച്ചിട്ടുണ്ട്. 112 എന്ന എമർജൻസി നമ്പരിലേക്ക് അടിയന്തര സഹായത്തിനായി പൊതുജനങ്ങൾക്ക് പൊലീസ് സഹായം ആവശ്യപ്പെടാം. ഈ സംവിധാനം വഴി വളരെ വേഗവും കാര്യക്ഷമവുമായ പൊലീസ് സഹായം ഉറപ്പ് വരുത്തുവാൻ സാധിക്കുന്നു. സൈബർ കേസുകളുടെ അന്വേഷണം കാര്യക്ഷമമാക്കി. അന്വേഷണരീതികളും മറ്റും ആധുനികീകരിച്ചു.



പൊലീസ് ആസ്ഥാനത്ത് അതിഥികളെ സ്വീകരിക്കുന്ന റോബോട്ട് മുഖ്യമന്ത്രിക്ക് സല്യൂട്ട് നൽകുന്നു

540 ലോ & ഓർഡറും ക്രൈം ഇൻവെസ്റ്റിഗേഷനും വേർതിരിക്കും. ഇതിനായി എല്ലാ പൊലീസ് സ്റ്റേഷനിലും പ്രത്യേക സംവിധാനം ഉണ്ടാക്കും.

ക്രമസമാധാനപാലനവും കുറ്റാന്വേഷണവും രണ്ടു വിഭാഗങ്ങളാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. പൊലീസ് സ്റ്റേഷനുകളിൽ സിഐമാരെ സ്റ്റേഷൻ അധികാരികളായി നിയമിച്ചുത്തരവായി. ചില സ്റ്റേഷനുകളിൽ സിഐമാരേക്കാൾ ഉയർന്ന പൊലീസ് ഉദ്യോഗസ്ഥരെ സ്റ്റേഷൻ അധികാരികളായി നിയമിക്കാനുള്ള നിർദ്ദേശം സർക്കാർ പരിഗണിക്കുന്നുണ്ട്.

541 പൊലീസ് സ്റ്റേഷനുകളിൽ പൗരാവകാശരേഖ പ്രസിദ്ധീകരിക്കും.

പരാതികൾ നല്കാനും സ്വീകരിക്കാനുമുള്ള നടപടികൾ ആധുനികസാങ്കേതികവിദ്യയുടെ ഉപയോഗത്തിലൂടെ സുതാര്യമാക്കിയിട്ടുണ്ട്. ഒരോ പൊലീസ് സ്റ്റേഷനും പ്രത്യേക വെബ്സൈറ്റുകൾ തുടങ്ങാനുള്ള നടപടി സ്വീകരിച്ചുവരുന്നു. പൗരാവകാശരേഖ പ്രസിദ്ധീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പൊലീസിന്റെ ഭാഗത്തുനിന്നു തെറ്റായ നടപടികൾ ഉണ്ടാകുന്ന ഘട്ടങ്ങളിലെല്ലാം ശക്തമായ നടപടി സ്വീകരിക്കാനും തയ്യാറായിട്ടുണ്ട്.

542 ജനമൈത്രി സുരക്ഷാപദ്ധതി എല്ലാ പൊലീസ് സ്റ്റേഷനുകളിലേക്കും വ്യാപിപ്പിക്കും. കേരള സ്റ്റുഡന്റ് പൊലീസ് കേഡറ്റ് പദ്ധതി വ്യാപകമായി നടപ്പാക്കും. റസിഡന്റ്സ് അസോസിയേഷനുകളുടെ പിന്തുണയോടെ ജനമൈത്രി സംവിധാനം കാര്യക്ഷമമാക്കി നടപ്പിലാക്കും. പൊലീസ് ജനങ്ങളോടു മര്യാദയോടെ പെരുമാറുമെന്നും ലോക്കപ്പുകളിൽ മനുഷ്യാവകാശധ്വംസനം നടക്കില്ല എന്നും ഉറപ്പുവരുത്തും.

ജനമൈത്രി പദ്ധതി എല്ലാ പൊലീസ് സ്റ്റേഷനിലേക്കും വ്യാപിപ്പിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി 145 സർക്കാർ സ്കൂളുകളിൽ എസ്. പി.സി യൂണിറ്റുകൾ അനുവദിച്ചു. ഇതിൽ 120 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുകയും 25 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

543 സംസ്ഥാനത്ത് ഒരു വനിതാ ബറ്റാലിയൻ സ്ഥാപിക്കും. മൊത്തം പൊലീസ്സേനയുടെ 15 ശതമാനം എന്ന നിരക്കിലേക്കു വനിതാപൊലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കും.

സംസ്ഥാനത്ത് ഒരു വനിതാബറ്റാലിയൻ നിലവിൽ വന്നു. വനിതാബറ്റാലിയൻ തിരുവനന്തപുരത്ത് മേനംകുളത്ത് പ്രവർത്തനമാരംഭിച്ചു. ഇതിനുപുറമെ പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റിൽ 21 വനിതാപൊലീസ് തസ്തികയും സൃഷ്ടിച്ചു. 200 താത്കാലിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

മൊത്തം പൊലീസ്സേനയുടെ 15 ശതമാനം നിരക്കിലേക്കു വനിതാപൊലീസിന്റെ അംഗസംഖ്യ ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുതുടങ്ങി.

നൂതനസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി മനുഷ്യരൂപമുള്ള റോബോട്ട് സ്വന്തമാക്കുന്ന ഇന്ത്യയിലെ ആദ്യത്തെ പൊലീസായി.

544 സംസ്ഥാനത്ത് വ്യവസായസംരക്ഷണസേന രൂപവത്ക്കരിക്കും.

പ്രധാനമായി പുതുതായി നിലവിൽവന്ന മെട്രോ റെയിൽ വേയിലും കണ്ണൂർ ഏയർപോർട്ടിലും വിഴിഞ്ഞം തുറമുഖത്തും എസ്.ഐ.എസ്.എഫിന്റെ സേവനം ഏർപ്പെടുത്തി.

545 ട്രാഫിക് അപകടനിവാരണത്തിനും നിയന്ത്രണത്തിനുമായി സംസ്ഥാനാടിസ്ഥാനത്തിൽ പ്രത്യേകം പരിശീലനം നല്കിയ പൊലീസ് വിഭാഗം രൂപവത്ക്കരിക്കും. ട്രാഫിക് ഫൈൻ ഈടാക്കുന്നത് ഇലക്ട്രോണിക്സംവിധാനം വഴിയാക്കിമാറ്റിയും ക്യാമറകൾ സ്ഥാപിച്ചും അഴിമതിക്കുള്ള സാദ്ധ്യത ഇല്ലാതാക്കും.

സംസ്ഥാനത്ത് ട്രാഫിക് രംഗത്തെ ശക്തമായ ഇടപെടലിലൂടെ വാഹനാപകടങ്ങൾ കുറയ്ക്കാനായി. റോഡപകടങ്ങൾ കുറയ്ക്കുന്നതിനു നിരവധി പദ്ധതികൾ സർക്കാരും പൊലീസും മോട്ടോർവാഹനവകുപ്പും മറ്റ് ഏജൻസികളും ആവിഷ്കരിച്ചിട്ടുണ്ട്.

ITES (Integrated Digital Traffic Enforcement System) : ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവരെ കണ്ടെത്തുന്നതിനും ഓവർ സ്പീഡ് കണ്ടെത്തുന്നതിനും അതുവഴി അത്തരത്തിൽ നിയമലംഘനം നടത്തുന്നവരിൽനിന്ന് പിഴയീടാക്കുവാനും റോഡ് സുരക്ഷ ഉറപ്പ് വരുത്തുന്നതിനുമായി പൊലീസ് വകുപ്പ് നടപ്പിൽവരുത്തുവാൻ പോകുന്ന പ്രോജക്ടാണ് ITES.

ട്രാഫിക് ഫൈൻ ഈടാക്കാനുള്ള ഓൺലൈൻ സംവിധാനം നിലവിൽവന്നിട്ടുണ്ട്. അപകടനിവാരണത്തിനും ട്രാഫിക് നിയന്ത്രണത്തിനുമായി പ്രത്യേക വിഭാഗം രൂപവത്ക്കരിക്കാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. പ്രധാനറോഡുകളിൽ കൂടുതൽ ക്യാമറ സ്ഥാപിച്ച് ട്രാഫിക് നിരീക്ഷണം ശക്തമാക്കി. ദേശീയപാതകളെയും മറ്റു പ്രധാനപാതകളെയും യോജിപ്പിച്ച് സംയോജിതട്രാഫിക് സംവിധാനം ആരംഭിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. ആദ്യപടിയായി എറണാകുളം നഗരത്തിൽ ഈ സംവിധാനം നിലവിൽവരും.

UAE യുടെ Best 'M' Government Service Award - 6th Edition സംസ്ഥാനപൊലീസിന്റെ മൊബൈൽ ആപ്ലിക്കേഷൻ ആയ 'Traffic Guru' വിന് ലഭിച്ചിട്ടുണ്ട്. യുഎഇ പ്രധാനമന്ത്രി ആണ് പ്രസ്തുത അവാർഡ് നല്കിയത്.

546 പൊലീസിനു നല്കിയ പരാതിയിന്മേൽ എടുത്ത നടപടി പൊതുജനങ്ങളെ അറിയിക്കാൻ ഡിജിറ്റൽ പെറ്റിഷൻ മോണിറ്ററിങ് സംവിധാനം പൊതുജനങ്ങൾക്ക് എല്ലാവർക്കും ലഭ്യമാകത്തക്കവിധത്തിൽ നടപ്പിലാക്കും.

പൊലീസിൻ പരാതി നല്കുന്നത് ഉൾപ്പെടെയുള്ളവ ഓൺലൈനായി നല്കാൻ തുണ എന്ന പേരിൽ പൊലീസിന്റെ പൊതുജനസൗഹാർദ്ദപോർട്ടൽ കഴിഞ്ഞ വർഷം നിലവിൽ വന്നു. ഈ പോർട്ടൽവഴി പരാതി ഓൺലൈനായി അയയ്ക്കാം. എഫ്ഐആർ ഡൗൺലോഡ് ചെയ്യാനുള്ള സംവിധാനവും ഈ പോർട്ടലിലുണ്ട്. എംപ്ലോയി വെരിഫിക്കേഷൻ, പൊലീസ് നല്കുന്ന സ്വഭാവസർട്ടിഫിക്കറ്റ് എന്നിവയ്ക്കും ഈ പോർട്ടൽ ഉപയോഗിക്കാം. വിവിധ പരിപാടികൾ, സമരങ്ങൾ, ഉത്സവാഘോഷങ്ങൾ, മൈക്ക് പെർമിഷൻ എന്നിവയ്ക്കുള്ള അനുമതിയും ഈ പോർട്ടൽ ഉപയോഗിച്ച് ലഭിക്കും. എല്ലാ സ്റ്റേഷനും പ്രത്യേക വെബ്സൈറ്റ് ആരംഭിക്കാനും സർക്കാർ നടപടി ആരംഭിച്ചു. FICCI Award for Best Practices in Smart Policing 2018 എന്ന അവാർഡ് ലഭിച്ചു.

547 കമാൻഡോ വിഭാഗം, ആഭ്യന്തരസുരക്ഷാ ഇന്റലിജൻസ് വിഭാഗം, ആഭ്യന്തരസുരക്ഷാ അന്വേഷണവിഭാഗം എന്നിവ സംയോജിപ്പിച്ച് സംസ്ഥാന ഭീകരവിരുദ്ധ ടാസ്ക്ഫോഴ്സ് രൂപവത്ക്കരിക്കും. സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷി പൊലീസ് സേനയിൽ സൃഷ്ടിക്കും.

2019 ഫെബ്രുവരി 16-ലെ ഉത്തരവു പ്രകാരം ഭീകരവിരു

ദ്ധ ടാസ്ക്ഫോഴ്സ് രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നു. 210 അംഗങ്ങളുള്ള കമാൻഡോസേന പരിശീലനം നടക്കുന്നു. കേരളത്തിൽ ആദ്യമായി വനിതാകമാൻഡോകളുടെ പരിശീലനം പൂർത്തിയാക്കി. സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ സെൽ രൂപവത്ക്കരിക്കാനുള്ള നടപടി അന്തിമഘട്ടത്തിലാണ്. അതുവഴി എല്ലാ സ്റ്റേഷനുകളിലും കേസന്വേഷണത്തിൽ സൈബർ വിഭാഗത്തിന്റെ സേവനം കൂടുതൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്താൻ കഴിയും. വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണം, സൈബർ ഇടങ്ങളിലെ നിരീക്ഷണം എന്നിവയും ഈ വിഭാഗം കൈകാര്യം ചെയ്യും. ടെക്നോപാർക്കിൽ ആരംഭിച്ച സൈബർ ഡോമിന് അന്താരാഷ്ട്ര അംഗീകാരം ലഭ്യമായി.

548 ജയിലുകളിൽ ആധുനികീകരണം നടപ്പിലാക്കും.

ജയിൽ വകുപ്പിന്റെ ആധുനികീരണത്തിന്റെ ഭാഗമായി പുതുതായി പണികഴിപ്പിക്കുന്ന ജയിലുകളിൽ മുട്ടം ജയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിയ്യൂർ അതീവ സുരക്ഷാജയിൽ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് സജ്ജമാണ്. തവന്നൂർ സെൻട്രൽ ജയിൽ ആദ്യഘട്ടനിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കി രണ്ടാംഘട്ടനിർമ്മാണം എട്ടുമാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതാണ്. മലമ്പുഴ ജില്ലാജയിൽ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനത്തിന് സജ്ജമാണ്. സ്പെഷ്യൽ സബ്ജയിൽ ഇരിങ്ങാലക്കുട 80% പ്രവൃത്തികൾ പൂർത്തിയായി. കൂത്തുപറമ്പിൽ സ്പെഷ്യൽ സബ്ജയിൽ നിർമ്മിക്കുന്നതിനായി 302 ലക്ഷം രൂപയ്ക്ക് തുക വകയിരുത്തി ഭരണാനുമതി നല്കിയിട്ടുണ്ട്. തളിപ്പറമ്പ് സബ്ജയിൽ സ്ഥാപിക്കുന്നതിന് 2019-2020 വർഷത്തെ വാർഷികപദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജയിലുകളെയും കോടതികളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം 2019 ഒക്ടോബർ 2 ന് നിലവിൽ വരും

549 ഫയർ & റെസ്ക്യൂ സർവ്വീസ് നവീകരിക്കുകയും സേനയുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യും.

പ്രളയകാലത്ത് ജീവൻരക്ഷാപ്രവർത്തനങ്ങളിൽ ഫയർഫോഴ്സ് വഹിച്ച പങ്ക് ഏറെ അംഗീകാരം നേടിയതായിരുന്നു. ഒറ്റപ്പെട്ട ആളുകളുടെ വിവരങ്ങൾ ശേഖരിച്ച് യഥാസമയം കൈമാറുന്നതിന് ഫയർഫോഴ്സ് പൊലീസിനോടൊപ്പം ജനപങ്കാളിത്തത്തോടെ ചെറുതല്ലാത്ത പങ്ക് വഹിച്ചിട്ടുണ്ട്.

ആധുനികസൗകര്യങ്ങളുള്ള വാഹനങ്ങളും രക്ഷാപ്രവർത്തന ഉപകരണങ്ങളും കഴിഞ്ഞ വർഷത്തിൽ വകുപ്പിന് സ്വന്തമാക്കാൻ കഴിഞ്ഞു. ഉയർന്ന കെട്ടിടങ്ങളിലെ അപകടങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾക്കും അഗ്നിശമനപ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്ന ലോകോത്തരനിലവാരമുള്ള സംവിധാനങ്ങൾ ഇന്ന് ഫയർഫോഴ്സിന് ഉണ്ട്. ഭാവിയിൽ ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ കൂടുതൽ കാര്യക്ഷമമായി രക്ഷാപ്രവർത്തനം നടത്തുന്നതിനായി സിവിൽ ഡിഫൻസ് സംവിധാനം രൂപവത്ക്കരിക്കാനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

550 അർദ്ധസൈനികവിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കും. ഹോം ഗാർഡുളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇടപെടും.

തിരിച്ചെത്തുന്ന സൈനികരുടെ ക്ഷേമത്തിനായി സംസ്ഥാനത്ത് പ്രത്യേകവകുപ്പ് പ്രവർത്തിച്ചുവരുന്നു. വിമുക്തഭടരുടെ വീടുകൾക്കു നികുതിയിളവു നടപ്പാക്കി. വീരമൃത്യു വരിക്കുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കാൻ മുഖ്യമന്ത്രിയുടെ സൈനികക്ഷേമനിധിയിൽനിന്നു നല്കുന്ന സഹായം 15,000 രൂപയിൽനിന്ന് 50,000 രൂപയാക്കി വർദ്ധിപ്പിച്ചു. മരണമടയുന്ന വിമുക്തഭടരുടെ അവകാശിക്കു നല്കുന്ന മരണാനന്തരസഹായം 5000 രൂപയിൽനിന്ന് 10,000 രൂപയായി വർദ്ധിപ്പിച്ചു. ധീരതാപുരസ്കാരജേതാക്കൾക്കുള്ള ക്യാഷ് അവാർഡ് വർദ്ധിപ്പിച്ചു. ഭവനനിർമ്മാണത്തിനുള്ള സാമ്പത്തികസഹായം ഒരുലക്ഷത്തിൽനിന്നു രണ്ടുലക്ഷമായി വർദ്ധിപ്പിച്ചു.

551 കോടതികളുടെ അടിസ്ഥാനസൗകര്യങ്ങൾ സമയബന്ധിതമായി വർദ്ധിപ്പിക്കും.

ചെങ്ങന്നൂർ, പെരുമ്പാവൂർ, ഹരിപ്പാട്, വൈക്കം, ചങ്ങനാശേരി, മൂവാറ്റുപുഴ, പെരിന്തൽമണ്ണ, കൽപ്പറ്റ, പാലാ, കോഴിക്കോട് എന്നിവിടങ്ങളിലെ കോടതിസമുച്ചയനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ആറ്റിങ്ങൽ കോടതി സമുച്ചയത്തിന്റെ അഡീഷണൽ ബ്ലോക്ക് നിർമ്മിക്കാനുള്ള പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്. തലശ്ശേരി കോടതി സമുച്ചയം നിർമ്മിക്കുന്നതിനുള്ള 50.14 കോടി രൂപയുടെ പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷം മുതൽ കൂടുതൽ നിർമ്മാണ പദ്ധതികൾക്ക് അംഗീകാരം നല്കുന്നതാണ്.

മദ്യനയം

552 a. മദ്യം കേരളത്തിൽ ഗുരുതരമായ ഒരു സാമൂഹികവിപത്തായി മാറിയിട്ടുണ്ട്. മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ സഹായകരമായ നയമായിരിക്കും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സ്വീകരിക്കുക. മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കാൻ യു.ഡി.എഫ്

കാലത്ത് ഉള്ളതിനേക്കാൾ കൂടുതൽ ശക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും. ഇതിനായി സാക്ഷരതാപ്രസ്ഥാനത്തിന്റെ മാതൃകയിൽ അതിവിപുലമായ ഒരു ജനകീയ ബോധവൽക്കരണ പ്രസ്ഥാനത്തിനു രൂപം നല്കും.

ലഹരിക്ക് അടിമപ്പെട്ടവരെ അതിൽ നിന്നും മോചിപ്പിക്കുന്നതിനായി സംസ്ഥാന ലഹരിവർജ്ജന മിഷൻ വിമുക്തിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലും സർക്കാർ ആശുപത്രികളോടനുബന്ധിച്ച് ഡീ-അഡിക്ഷൻ സെന്ററുകൾ തുടങ്ങി. കൗൺസിലിങ്ങും ചികിത്സയും നടത്തിവരുന്നു. സംസ്ഥാനത്ത് ഒരു മാതൃകാ ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

എല്ലാ ജില്ലകളിലും വിമുക്തിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ 14 ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, 14 ജില്ലാ മാനേജർ, 3 റിസർച്ച് ഓഫീസർ തസ്തികകൾ സൃഷ്ടിച്ച് നിയമനനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

b. ഡി അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കും. മദ്യവർജ്ജനസമിതിയും സർക്കാരുമായുള്ള സഹകരണം ശക്തിപ്പെടുത്തും.

സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചു. ആശുപത്രികളുടെ പട്ടിക ചുവടെ ചേർക്കുന്നു.

നം.	ആശുപത്രി	ജില്ല
1.	താലൂക്ക് ഹെഡ് ക്വാട്ടേഴ്സ് ആശുപത്രി, നെടുങ്ങോലം	കൊല്ലം
2.	താലൂക്ക് ഹെഡ് ക്വാട്ടേഴ്സ് ആശുപത്രി, ചാലക്കുടി	തൃശ്ശൂർ
3.	താലൂക്ക് ഹെഡ് ക്വാട്ടേഴ്സ് ആശുപത്രി, പയ്യന്നൂർ	കണ്ണൂർ
4.	താലൂക്ക് ഹെഡ് ക്വാട്ടേഴ്സ് ആശുപത്രി, റാന്നി	പത്തനംതിട്ട
5.	ജനറൽ ഹോസ്പിറ്റൽ, പാല	കോട്ടയം
6.	താലൂക്ക് ഹെഡ് ക്വാട്ടേഴ്സ് ആശുപത്രി, മൂവാറ്റുപുഴ	എറണാകുളം
7.	ജനറൽ ഹോസ്പിറ്റൽ, നെയ്യാറ്റിൻകര	തിരുവനന്തപുരം
8.	ജനറൽ ഹോസ്പിറ്റൽ, കൽപ്പറ്റ	വയനാട്
9.	ജില്ലാ ആശുപത്രി, ചെങ്ങന്നൂർ	ആലപ്പുഴ
10.	ടെബൽ സ്പ്യാലിറ്റി ഹോസ്പിറ്റൽ, കോട്ടത്തറ	പാലക്കാട്
11.	താലൂക്ക് ഹെഡ് ക്വാട്ടേഴ്സ് ആശുപത്രി, നീലേശ്വരം	കാസർഗോഡ്
12.	ബീച്ച് ആശുപത്രി, കോഴിക്കോട്	കോഴിക്കോട്
13.	ജില്ലാ ആശുപത്രി, പൈനാവ്	ഇടുക്കി
14.	ജില്ലാ ആശുപത്രി, നിലമ്പൂർ	മലപ്പുറം

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാ കൗൺസലിങ്ങ് സെന്റർ പ്രവർത്തനമാരംഭിച്ചു.

553 മദ്യം പോലെ സാമൂഹികഭീഷണിയായി കഞ്ചാവും മയക്കുമരുന്നും വ്യാപകമാവുകയാണ്. ഇതിനെതിരെ അതികർശനമായ നടപടികൾ സ്വീകരിക്കും.

കഞ്ചാവ്, മയക്കുമരുന്ന് ഉപയോഗവും വ്യാപനവും തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 16,000ത്തോളം എൻ.ഡി.പി.എസ്. കേസുകൾ എടുത്തിട്ടുണ്ട്. ഇത് സർവ്വകാലറെക്കോഡാണ്.

554 സ്കൂളുകളിൽ മദ്യത്തിനെതിരെയുള്ള ബോധവത്ക്കരണം എട്ടു മുതൽ 12 വരെ ക്ലാസ്സുകളിൽ ഉൾപ്പെടുത്തും. മദ്യം ഉപയോഗിക്കാനുള്ള പ്രായപരിധി 23 ആയി ഉയർത്തും.

മയക്കുമരുന്ന വ്യാപനം തടയുന്നതിന്റെ ഭാഗമായി ഹൈസ്കൂൾ/ഹയർസെക്കൻഡറി തലത്തിലുള്ള എല്ലാ സ്കൂളുകളിലും കോളെജ്കളിലും ലഹരിവിരുദ്ധ ബോധവൽക്കരണക്ലബ്ബുകൾ ആരംഭിച്ച് നിരവധി ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. നിലവിൽ സംസ്ഥാനത്ത് 3272 ലഹരിവിരുദ്ധക്ലബ്ബുകൾ പ്രവൃത്തിക്കുന്നുണ്ട്. (സ്കൂൾ തലം 2761, കോളെജ് തലം 511)

7-ാം ക്ലാസിലെ സയൻസ് പുസ്തകത്തിൽ പ്രാണവായുവും ജീവരക്തവും, അന്നപഥത്തിലൂടെ എന്നീ അദ്ധ്യായങ്ങളിൽ ബോധവൽക്കരണവിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 8-ാം ക്ലാസിലെ സയൻസ് പുസ്തകത്തിൽ തലമുറകളുടെ തുടർച്ചയ്ക്കായി എന്ന 14-ാം അദ്ധ്യായത്തിൽ ബോധവൽക്കരണവിഷയങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ഹയർ സെക്കൻഡറി ഒന്നാം വർഷം ഹോം സയൻസിലെ അഡോളസെൻസ് ചാംസ് ആൻഡ് ചലഞ്ചസ് എന്ന യൂണിറ്റിലും ബോധവൽക്കരണവിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 10, 12 ക്ലാസുകളിലെ സിലബസിൽ ബോധവൽക്കരണവിഷയം ഉൾപ്പെടുത്തുവാൻ SCERT യുമായി ചേർന്ന് നടപടി സ്വീകരിച്ചു വരുന്നു.

555 **a. സംസ്ഥാനസർക്കാർ ബജറ്റുചെലവ് ഇന്നുള്ള തിൽനിന്നു ഗണ്യമായി ഉയർത്തി സംസ്ഥാന വരുമാനത്തിന്റെ 17-18 ശതമാനമാക്കും. എന്നാൽ ഇതേ തോതിൽ സംസ്ഥാനനികുതിവ രുമാനവും വർദ്ധിപ്പിച്ച് റവന്യൂക്കമ്മി ഇല്ലാതാക്കു കയോ പരമാവധി കുറയ്ക്കുകയോ ചെയ്യും. വായ്പ യായി എടുക്കുന്ന പണം മൂലധനച്ചെലവു കൾക്കായിരിക്കും വിനിയോഗിക്കുക.**

ബജറ്റ് ചെലവ് ഗണ്യമായി ഉയർന്നിട്ടുണ്ട്. 2015-16-ൽ 87,032 കോടി രൂപയായിരുന്ന ആകെ ചെലവെങ്കിൽ 2019-20 ൽ 1,41,980 കോടി രൂപയായി ഉയരുന്നു. പ്രകട നപത്രികയിലെ വാഗ്ദാനങ്ങൾക്ക് അനുസരിച്ച പണം നല്കിയതിന്റെ അടിസ്ഥാനത്തിലാണ് ഈ വർദ്ധന ഉണ്ടായിട്ടുള്ളത്.

സാമൂഹികസുരക്ഷ, വികസനമേഖലകളിലെ ചെലവ് 2015-16-ൽ 35,000 കോടി രൂപയായിരുന്നത് 2017-18-ൽ 44,400 കോടി രൂപയും 2018-19-ൽ 49,000 കോടി രൂപയായും ഉയർന്നു. 2019-20 ൽ 68,728 കോടി രൂപയായും ഉയരുന്നു. കാർഷികമേഖലയുടെ ചെലവ് ഇതേ കാലയളവിൽ 4,380 കോടിയിൽനിന്ന് 7,322 കോടിയായി ഉയർന്നു. ആരോഗ്യമേഖലയുടേത് 5,500 കോടിയിൽനിന്ന് 15,525 കോടിയായി ഉയർന്നു. വിദ്യാ ഭ്യാസത്തിന്റേത് 14,100 കോടിയിൽനിന്നു 21,089 കോടിയായി ഉയർന്നു.

യുഡിഎഫിന്റെ അഞ്ചു കൊല്ലംകൊണ്ട് സാമൂഹികസുര ക്ഷാപെൻഷനുകൾക്കായി 9,270.10 കോടി രൂപ ചെല വഴിച്ച സ്ഥാനത്ത് മൂന്നു കൊല്ലം കൊണ്ട് എൽഡിഎഫ് സർക്കാർ 17,510 കോടി രൂപയാണ് ചെലവഴിച്ചത്. പെൻഷൻ ഉപഭോക്താക്കളുടെ എണ്ണം 35,83,886 ൽ നിന്നും 2019 മാർച്ചിൽ 45,45,358 ആയി ഉയർന്നു.

ഭക്ഷ്യപൊതുവിതരണം, നെല്ലുസംഭരണം തുടങ്ങിയ അടിസ്ഥാനമേഖലകളിലും ചെലവ് ഗണ്യമായി ഉയർ ന്നു. കെഎസ്ആർടിസിക്കു കഴിഞ്ഞ സാമ്പത്തികവർ ഷം 1000 കോടി രൂപ നല്കി.

ശമ്പള, പെൻഷൻ പരിഷ്കരണകുടിശിക യുഡിഎഫ് സർക്കാർ നല്കാതെ മാറ്റിവയ്ക്കുകയാണ് ചെയ്തത്. ഇത് യഥാസമയം കൊടുത്തുതീർത്തു. 2017-18ൽ 19 ശതമാന മാണ്. ക്ഷാമബത്ത കുടിശിക പണമായിത്തന്നെ ജീവന ക്കാർക്ക് വിതരണം ചെയ്തു. ഇതുമൂലം ശമ്പള, പെൻഷൻ ചെലവുകളിലെ വാർഷികവർദ്ധന സാധാരണഗതി യിൽ 10 ശതമാനമായി.

വർദ്ധിച്ച ഈ ചെലവുകൾ തടസമില്ലാതെ നിർവഹിക്ക ണമെങ്കിൽ 20 ശതമാനംകണ്ടു വരുമാനവളർച്ചയുണ്ടാക ണം. 2006-11-ലെ എൽഡിഎഫ് സർക്കാരിന്റെ കാലത്ത് ഏതാണ്ട് 20 ശതമാനംകണ്ടു വരുമാനം വളർ ന്നു. യുഡിഎഫിന്റെ അഞ്ചുവർഷത്തെ ശരാശരി 10 ശത മാനത്തിൽ താഴെയാണ്. ഈ സർക്കാരിന്റെ ആദ്യവർ ഷം ഈ പ്രവണത തുടർന്നു. 2017-18-ൽ ജിഎസ്ടി നടപ്പിലായതോടെ നഷ്ടപരിഹാരമടക്കം ഈ വരുമാന ത്തിൽ 14 ശതമാനം വർദ്ധന ഉണ്ടാവുന്നുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ, മോട്ടോർവാഹനനികുതി, സ്റ്റേറ്റ് എക്സൈസ് എന്നിവയിലും വളർച്ചാപ്രവണത പ്രകട മായിട്ടുണ്ട്. സംസ്ഥാനസർക്കാരിന്റെ വരുമാനവളർച്ച 20 ശതമാനത്തിലെത്തിച്ച് റെവന്യൂ കമ്മി ആഭ്യന്തര വരുമാനത്തിന്റെ ഒരു ശതമാനമായി കുറയ്ക്കാനും ധനക്ക മ്മി മൂന്നു ശതമാനത്തിൽ നിയന്ത്രിക്കാനുമുള്ള കൃത്യമായ റോഡ് മാപ്പ് നടപ്പിലാക്കിവരുന്നു.

b. ബജറ്റിനുപുറത്ത് പ്രത്യേക വികസനയേജൻസി കൾ വഴി വിപുലമായ തോതിൽ വായ്പയെടുത്ത് പശ്ചാത്തലസൗകര്യവികസനം നടത്തും. ഇത്തര മൊരു പുരോഗമന ധനകാര്യനയമായിരിക്കും ഇട തുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സ്വീകരി ക്കുക.

ബജറ്റിനുപുറത്ത് പശ്ചാത്തലസൗകര്യസൃഷ്ടിയ്ക്കായി ധന സമാഹരണം നടത്തി മുതൽ മുടക്കാൻ കിഫ്ബി വലിയ മുന്നേറ്റം കൈവരിച്ചു. കിഫ്ബി ഇതിനോടകം അനുവദി ച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ഇവയാണ്.

വകുപ്പ്	പദ്ധതികളു ടെ എണ്ണം	തുക
പി.ഡബ്യൂ.ഡി റോഡ്സ്	147	6299.20
പി.ഡബ്യൂ.ഡി ബ്രിഡ്ജസ്	52	1407.06
പി.ഡബ്യൂ.ഡി മേൽപ്പാലങ്ങൾ	24	789.42
പി.ഡബ്യൂ.ഡി ഫ്ലൈ ഓവറുകൾ	9	635.51
പി.ഡബ്യൂ.ഡി മലയോരഹൈവേ	17	1506.25
പി.ഡബ്യൂ.ഡി തീരദേശഹൈവേ	1	52.78
പി.ഡബ്യൂ.ഡി അണ്ടർ പാസ്	1	27.59
ഊർജ്ജം	15	5200.00
ജലവിതരണ പദ്ധതികൾ	68	3489.29
വിദ്യാഭ്യാസം	76	2037.91
ആരോഗ്യം	16	1615.70
വിവരസാങ്കേതികവിദ്യ	3	1174.13
ജലഗതാഗതം	1	566.51
ഉന്നതവിദ്യാഭ്യാസം	26	562.02
സ്പോർട്സ് -യുവജനക്ഷേമം	29	601.38

ഗതാഗതം	3	556.49
വനം	4	441.67
സാംസ്കാരികം	8	194.34
പട്ടികജാതി-പട്ടികവർഗം	9	186.60
മത്സ്യബന്ധനം & തുറമുഖം	3	194.24
ദേവസ്വം	1	141.75
രജിസ്ട്രേഷൻ	6	89.88
തൊഴിൽ	5	82.50
വിനോദസഞ്ചാരം	3	72.47
ആഭ്യന്തരം	1	50.14
തദ്ദേശസ്വയംഭരണം	3	31.69
കൃഷി	1	14.28
റവന്യൂ	1	10.09
വ്യവസായ പശ്ചാത്തലസൗകര്യം (ഭൂമി ഏറ്റെടുക്കൽ)	1	12710.00
ലൈഫ് -സയൻസ് പാർക്ക് - രണ്ടാംഘട്ടം	1	301.17
പെട്രോകെമിക്കൽ ആൻഡ് ഫാർമ പാർക്ക്	1	1264.00
ആകെ	536	42306.06

28030.89 കോടി രൂപയുടെ 533 നിർമ്മാണപ്രവൃത്തികൾക്ക് അനുവാദം നല്കി നിർമ്മാണത്തിലേയ്ക്ക് നീങ്ങി. എൽഡിഎഫ് സർക്കാരിന്റെ കാലത്ത് 50,000 കോടി രൂപയുടെ പശ്ചാത്തലസൗകര്യസൃഷ്ടി കിഫ്ബി വഴി ബജറ്റിനു പുറത്തു നടത്തും.

ബജറ്റിന് പുറത്തുള്ള ധനസമാഹരണത്തിനും വിജയകരമായ തുടക്കമായി. മസാലബോണ്ടുകൾ വഴി 2,150 കോടി രൂപയും ബാങ്കുകൾ, ദേശീയധനകാര്യസ്ഥാപനങ്ങൾ എന്നിവ വഴിയുള്ള ധനസമാഹരണവും ഫലപ്രാപ്തിയിലെത്തി. കിഫ്ബി നേടിയെടുത്ത അന്തർദേശീയ അംഗീകാരം കേരളത്തിന്റെ പശ്ചാത്തലസൗകര്യസൃഷ്ടിയിൽ വലിയ നാഴികക്കല്ലായി മാറുകയാണ്.

556 **നികുതി വർദ്ധിക്കാനുള്ള അടിസ്ഥാനോപാധി അഴിമതിയില്ലാതാക്കുകയാണ്. ഇതിനുവേണ്ടി അഴിമതിരഹിതവാളയാറിന്റെ രണ്ടാംപതിപ്പു നടപ്പാക്കും. നികുതിഭരണത്തിലുള്ള അനധികൃത ഇടപെടലുകൾ അവസാനിപ്പിക്കും.**

ജി.എസ്.റ്റി നടപ്പിലാക്കിയതോടെ സംസ്ഥാനത്തെ നികുതിഭരണനിർവ്വഹണം കാര്യമായ മാറ്റത്തിന് വിധേയമായി. ചെക്ക്പോസ്റ്റുകൾ നിർത്തലായി. ഇ-വേ ബില്ലുകൾ സാങ്കേതികവിദ്യ ഉപയോഗിച്ച് പരിശോധന നടത്തുവാൻ സർക്കാർ കൃത്യമായ സംവിധാനം ആസൂത്രണം ചെയ്യുന്നുണ്ട്. നികുതിസേവനങ്ങൾ സമ്പൂർണ്ണമായി ഓൺലൈൻ ആയിട്ടുണ്ട്. ഇതിനുപുറമെ കാര്യക്ഷമമായ രീതിയിൽ നികുതി റിട്ടേണുകൾ പരിശോധിക്കാനാവശ്യമായ സാങ്കേതികപരിജ്ഞാനവും അവബോധവും നികുതിയുദ്യോഗസ്ഥർക്ക് നല്കാനുള്ള പരിശീലനപരിപാടികൾ ഇതിനകം നടത്തിക്കഴിഞ്ഞിട്ടുണ്ട്.

557 **a. വ്യാപാരിസൗഹൃദനയമായിരിക്കും പിന്തുടരുക. 60 ലക്ഷം രൂപ വിറ്റുവരുമാനം കവിഞ്ഞിട്ടും പൂർണ്ണ രജിസ്ട്രേഷൻ എടുക്കാത്ത വ്യാപാരികൾക്കെതിരെ സ്വീകരിച്ചിരിക്കുന്ന എല്ലാ കേസുകളും പിൻവലിക്കുകയും അവർക്കായി ഒരു ആംനസ്റ്റി സ്കീം കൊണ്ടുവരികയും ചെയ്യും.**

എല്ലാ വ്യാപാരികൾക്കുമായി 2010-11 വർഷം വരെയുള്ള നികുതികുടിശികയ്ക്ക് ആംനസ്റ്റി സ്കീം നടപ്പാക്കി. പ്രീ സംപ്റ്റീവ് രജിസ്ട്രേഷൻ എടുത്തിട്ടുള്ള ചെറുകിടവ്യാപാരികൾക്കും രജിസ്ട്രേഷൻ എടുക്കാൻ വീഴ്ചവരുത്തിയിട്ടുള്ള ചെറുകിടക്കാർക്കും വേണ്ടി പ്രത്യേക ആംനസ്റ്റി പ്രഖ്യാപിച്ചു. കേരളത്തിലെ അടയ്ക്കാവ്യാപാരികളുടെ നികുതിയ്ക്കുമേൽ ചുമത്തിയിട്ടുള്ള പിഴയും പലിശയും ഒഴിവാക്കാനുള്ള വ്യവസ്ഥ വാറ്റ് നിയമത്തിൽ ഉൾപ്പെടുത്തി.

b. ഇതുപോലെതന്നെ സി.എ.ജി റിപ്പോർട്ടുകളിൽ നികുതിചോർച്ചയുടെയും ക്രമക്കേടുകളുടെയും ആയിരക്കണക്കിനു കുറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇവയാകെ പരിശോധിച്ച് ഒരൊറ്റത്തവണ തീർപ്പാക്കൽ സമ്പ്രദായം ഇനം തിരിച്ചു നടപ്പാക്കും.

സിഎജി റിപ്പോർട്ടുകളിലൂടെ കണ്ടെത്തിയ നികുതിചോർച്ച പരിഹരിക്കാൻ ഊർജിതനടപടികൾ സ്വീകരിച്ചു.

c. വ്യാപാരികളെ പങ്കാളികളാക്കി, നികുതിയോഫീസുകളിൽ സോഷ്യൽ ഓഡിറ്റു നടത്തും. സുതാര്യത ഉറപ്പുവരുത്തുന്ന ഇഗവേണൻസ് സമ്പ്രദായം ശക്തിപ്പെടുത്തും.

ചരക്കുസേവനനികുതി സമ്പ്രദായത്തിന്റെ ഭാഗമായി സമ്പൂർണ സിസ്റ്റംനവീകരണം നടപ്പിലാകുന്നു. സംസ്ഥാന ചരക്കുസേവന കൗൺസിൽ രൂപവത്ക്കരിച്ചു. പരാതി പരിഹാരസെല്ലുകളും ടാക്സ് കോർണറുകളും ആരംഭിച്ചു. പരാതികൾക്ക് സത്വരപരിഹാരനടപടികൾ ഉറപ്പാക്കി. വാറ്റ് കാലത്തെ കുടിശികയും പരാതികളും പരിഹരിക്കാൻ നടപടികൾ സ്വീകരിക്കും.

558 **നിലവിലുണ്ടായിരുന്ന നികുതി സോഫ്റ്റ് വെയർ ഏഴെട്ടു വർഷം മുമ്പ് രൂപം നല്കിയതിൽനിന്ന് ഒരുപടിപോലും മുന്നോട്ടു പോയിട്ടില്ല. ഇതുവരെയുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഒട്ടേറെ പഴുതുകൾ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സോഫ്റ്റ്വെയർ സമഗ്രമായി പുതുക്കും. ഇ-ഗവേണൻസിലൂടെ ലഭ്യമാകുന്ന അതിവിപുലമായ വിവരശേഖരം ഫലപ്രദമായി ഉപയോഗിച്ച് നികുതിവെട്ടിപ്പു തടയും.**

ജിഎസ്റ്റി നടപ്പിലായതോടെ നിലവിലുള്ള സോഫ്റ്റുവെ

യറിന്റെ പ്രവർത്തനം വാറ്റ് അരിയർ അസെസ്മെന്റുകൾ നടത്താൻ മാത്രമായി പരിമിതപ്പെട്ടു. നികുതിച്ചോർച്ച ഉണ്ടായിരുന്ന ഗോൾഡ് കോമ്പൌണ്ടിംഗ്, കരാർപ്പണി എന്നീ മേഖലകളിലെ പരിശോധനകൾക്കായി പ്രത്യേക സ്ക്രൂട്ടിണി മൊഡ്യൂളുകൾ വികസിപ്പിക്കുകയും അവ ഉപയോഗിച്ച് പരിശോധന നടത്തി അഡീഷണൽ നികുതി ഡിമാൻഡുകൾ സൃഷ്ടിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

559 **റിട്ടേൺ സ്ക്രൂട്ടിണി പൂർണ്ണമാക്കും. ഇതിന് എത്ര പേർ വേണമെന്നു പരിശോധിച്ച് ആവശ്യമെങ്കിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കും. പ്രഥമദൃഷ്ട്യാ തെറ്റു കണ്ടാൽ സ്ക്രൂട്ടിണിക്കാരുതന്നെ ഓഡിറ്റ് വിസിറ്റ് നടത്തുന്നതാണ് അഭിലഷണീയം.**

ചെക്ക്പോസ്റ്റ് ഇല്ലാതായതിനെത്തുടർന്ന് അധികമായി ലഭിച്ച ജീവനക്കാരുടെ സേവനവും പുതിയതായി രൂപം നല്കിയ സ്ക്രൂട്ടിണി മൊഡ്യൂളുകളും ഉപയോഗിച്ച് തെരഞ്ഞെടുക്കപ്പെട്ട വ്യാപാരമേഖലകളിൽ മുൻവർഷങ്ങളിലെ റിട്ടേൺ സ്ക്രൂട്ടിണി ഊർജിതമായി നടത്തുന്നു.

560 **ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തും. ഇന്റേണൽ ഓഡിറ്റ് വിഭാഗം വിപുലീകരിച്ച് കൗണ്ടർചെക്ക് സാർവ്വത്രികമാക്കി നികുതിവരുമാനം ഗണ്യമായി ഉയർത്തും.**

വകുപ്പിലെ ഓഡിറ്റ് അസെസ്മെന്റ് വിഭാഗം ഇന്റേണൽ ഓഡിറ്റ് വിഭാഗത്തിൽ ലയിപ്പിച്ച് സംസ്ഥാനാടിസ്ഥാനത്തിൽ ഇന്റേണൽ ഓഡിറ്റ് വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തിവരുന്നു.

561 **ഒരു പ്രത്യേക ഡാറ്റാ മൈനിംഗ് വിഭാഗം ഹെഡ്ക്വാർട്ടേഴ്സിൽ ഉണ്ടാക്കി റിട്ടേണുകളുടെ സ്ക്രൂട്ടിണിയും പരിശോധനയും കൃത്യമായി അവലോകനം ചെയ്യുകയും കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യും.**

വകുപ്പിന്റെ ആസ്ഥാനത്ത് ഡാറ്റാ മൈനിങ് വിഭാഗം രൂപവത്ക്കരിച്ചു. ഈ ടീം നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന നികുതിചോർച്ചയുടെ വിവരങ്ങൾ യഥാസമയം അസെസ്മെന്റ് ഓഫീസുകളിലേക്കു നല്കുകയും അവയുടെ തുടർനടപടികൾ മോണിറ്റർ ചെയ്യുകയും ചെയ്യുന്നു. നികുതി റിട്ടേൺ പരിശോധന കൃത്യമായ വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിലാക്കുകയാണ് ലക്ഷ്യം.

562 **ജിഎസ്ടി കേരളത്തിനു ഗുണകരമായിരിക്കും എന്നു തീർച്ചയയാണ്. എല്ലാ സ്റ്റേക്ഹോൾഡർ മാരുമായും ചർച്ചകൾ നടത്തി പുതിയ നികുതി നടപ്പാക്കാനുള്ള സംവിധാനം ഒരുക്കും.**

സംസ്ഥാനത്ത് ജിഎസ്ടി സമ്പ്രദായം നടപ്പിലാക്കി. ജിഎസ്ടി നടപ്പിലാക്കുന്നതിന് അനിവാര്യമായ ഇൻഫർമേഷൻ സിസ്റ്റം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാർ പരാജയപ്പെട്ടു. നികുതിനിരക്കുകൾ നിരന്തരമായി മാറ്റിമറിക്കുക, റിട്ടേണുകളും കണക്കുകളും സംബന്ധിച്ച ഡാറ്റ സംസ്ഥാനങ്ങൾക്ക് പങ്കുവയ്ക്കാതിരിക്കുക, ഇ-വേബിൽ കാര്യക്ഷമമായി നടപ്പാക്കുന്നതിൽ അമാന്തം കാണിക്കുക എന്നീ കാര്യങ്ങളിലുള്ള അവധാനതയില്ലായ്മ ജിഎസ്ടിയിൽ നിന്നുള്ള വരുമാനം പ്രതീക്ഷിച്ച തോതിൽ ഉയരാതിരിക്കാൻ കാരണമായി. എന്നാൽ നഷ്ടപരിഹാരമടക്കം ജിഎസ്ടി കൗൺസിലിൽ കേരളം സ്വീകരിച്ചിട്ടുള്ള കർശനമായ നിലപാടുകൾ ഒരു പരിധിവരെ സംസ്ഥാനത്തിന് സഹായകരമായി. എല്ലാത്തരം ഉണഭോക്താക്കളുമായി ചർച്ചകൾ നടത്താൻ സംസ്ഥാനത്ത് ജിഎസ്ടി ഫെസിലിറ്റേഷൻ കമ്മിറ്റി രൂപവത്ക്കരിച്ച് പ്രവർത്തനം നടത്തുന്നു.

സംസ്ഥാനത്തിന്റെ ശക്തമായ നിലപാടുമൂലം മറ്റു സംസ്ഥാനങ്ങൾ ഏജന്റുമാർ മുഖാന്തരം നടപ്പാക്കുന്ന ഭാഗ്യക്കുറികളുമേലുള്ള ജിഎസ്ടി നിരക്ക് 28 ശതമാനമായി ഉയർത്തി നിലനിർത്താനും സംസ്ഥാനഭാഗ്യക്കുറിയുടെ നികുതി 12 ശതമാനമായി നിലനിർത്താനും സാധിച്ചിട്ടുണ്ട്. അന്യസംസ്ഥാനലോട്ടറിമാഫിയ ഈ നിരക്ക് ഏകീകരിക്കുന്നതിനായി നടത്തുന്ന സർവ്വശ്രമങ്ങളെയും സംസ്ഥാനസർക്കാർ ശക്തമായി പ്രതിരോധിക്കുന്നുണ്ട്.

563 **ഉത്പാദനസംസ്ഥാനങ്ങൾക്ക് അധികമായി ഒരു ശതമാനം നികുതി ഏർപ്പെടുത്താനും പരമാവധി ജിഎസ്ടി നികുതിനിരക്കുകൾക്കു ഭരണഘടനാഭേദഗതി വ്യവസ്ഥ ചെയ്യാനുമുള്ള നീക്കങ്ങൾ ചെറുക്കും. നികുതിനിരക്കുകൾ നിശ്ചയിക്കാൻ അന്തർസംസ്ഥാന കൗൺസിലിന് അധികാരം വിട്ടുകൊടുക്കണം. കേന്ദ്രപിന്തുണയില്ലാതെ ഒരു തീരുമാനവും എടുക്കാൻ പറ്റില്ല എന്നുള്ള അവസ്ഥയിലും മാറ്റം വരുത്തണം.**

ജിഎസ്ടി കൗൺസിലിൽ സംസ്ഥാനം ശക്തമായി ഇടപെട്ടതിന്റെ അടിസ്ഥാനത്തിൽ ഉത്പാദനസംസ്ഥാനങ്ങൾക്ക് അധികമായി ഒരു ശതമാനം നികുതി ഏർപ്പെടുത്താനുള്ള നീക്കം തടയാൻ കഴിഞ്ഞു. ഒരുകോടി രൂപവരെ വിറ്റുവരവുള്ള ചെറുകിടവ്യാപാരികൾക്ക് ഒരു ശതമാനം കോമ്പൗണ്ടിംഗ് നിരക്ക് ഏർപ്പെടുത്താനും ഹോട്ടൽ, റെസ്റ്റോറന്റ് മേഖലയിൽ ഉണ്ടായിരുന്ന ജിഎസ്ടി നിരക്ക് പതിനെട്ടിൽനിന്ന് അഞ്ചു ശതമാനമായി കുറച്ചുകൊണ്ടുവരാനും ജിഎസ്ടി കൗൺസിലിൽ സംസ്ഥാനം ശക്തമായ നിലപാടെടുത്തത് അനുകൂലതീരുമാനത്തിലെത്താൻ സഹായകമായി.

564 **a. ട്രഷറിയുടെ സമൂലമായ ആധുനികീകരണം നടപ്പാക്കും. കോർ ബാങ്കിങ് മാത്രമല്ല, കെട്ടിലും**

മട്ടിലും ട്രഷറി ആധുനികീകരിക്കും. എടിഎം സംവിധാനം ഏർപ്പെടുത്തും.

സംയോജിതധനകാര്യമാനേജ്മെന്റ് സിസ്റ്റം (Integrated Finance Management System) പൂർണമായും നടപ്പിലാക്കി. ട്രഷറി അക്കൗണ്ടുകളെ ബാങ്കുകളുമായും അവയുടെ സൗകര്യങ്ങളുമായും ബന്ധിപ്പിച്ചുവരുന്നു. യൂട്ടിലിറ്റി പേമെന്റുകൾക്കും മറ്റു സാമ്പത്തികസർവീസുകൾക്കും ട്രഷറികൾ സജ്ജമായി. ട്രഷറികളിൽ ഉയർന്ന ബാൻഡ് വിഡ്ത്തിലുള്ള കണക്ടിവിറ്റി നല്കി. കമ്പ്യൂട്ടർ ഉപകരണങ്ങൾ പുതുക്കി നല്കുന്നു. ട്രഷറി കെട്ടിടനിർമ്മാണപരിപാടി പുനരുജ്ജീവിപ്പിച്ചു.

b. ശമ്പളവും പെൻഷനും ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടുവഴി ആയിരിക്കും. ഇതുവഴി ശമ്പളത്തിന്റെ ഗണ്യമായൊരു കാഷ് ബാലൻസ് സർക്കാരിന്റെ വെയ്സ് ആൻഡ് മീൻസ് അഡ്ജസ്റ്റ്മെന്റിനു ലഭ്യമാകും.

സർക്കാർജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും ട്രഷറികളിലാക്കാനുള്ള പ്രവർത്തനങ്ങൾക്കു തുടക്കമായി.

c. വിവിധ മണ്ഡലങ്ങളിൽ ട്രഷറിയിൽ ഡെപ്പോസിറ്റ് സമാഹരിക്കാൻ ആനുപാതികമായി പുതിയ മൂലധനച്ചെലവുപദ്ധതികൾക്ക് അനുവാദം നല്കുന്ന സ്കീം പുനരാരംഭിക്കും. പ്രത്യേക അനുമതിയില്ലെങ്കിൽ സർക്കാർ വകുപ്പുകളും അർദ്ധസർക്കാർ ഏജൻസികളും അവരുടെ പണം ട്രഷറിയിൽത്തന്നെ സൂക്ഷിക്കണം.

പബ്ലിക് അക്കൗണ്ടിൽ പണം സൂക്ഷിക്കുന്നതിന് കേന്ദ്രസർക്കാർ കർശനമായ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്. സംസ്ഥാനസഞ്ചിതനിധിയിൽനിന്ന് പണം മാറി വിവിധ അക്കൗണ്ടിൽ സൂക്ഷിക്കുന്ന പ്രവണത ഇപ്പോൾ കർശനമായി നിയന്ത്രിക്കുകയാണ്. കരാറുകാർക്കോ ഉപഭോക്താക്കൾക്കോ വിതരണക്കാർക്കോ പണം നേരിട്ടു കൈമാറുന്നതിനുള്ള നടപടികളാണു സ്വീകരിക്കുന്നത്. സാമ്പത്തികാച്ചടക്കത്തിനു കർശനമായ മുൻഗണനയാണ് നല്കുന്നത്.

565 **a. ബജറ്റിനു പുറത്തു വായ്പയെടുക്കാനുള്ള സ്കീമുകൾ ആവിഷ്കരിക്കും. അതിൽ ഏറ്റവും പ്രധാനം സംസ്ഥാന-ജില്ലാ റോഡുകൾ ആധുനികീകരിക്കാനുള്ള ഏജൻസിയായിരിക്കും. പൊതുമേഖലാസ്ഥാപനങ്ങളുടെ വികസനത്തിന് വായ്പയെടുക്കാൻ അവരെ പ്രാപ്തരാക്കും.**

പശ്ചാത്തലസൗകര്യസൃഷ്ടിക്കുള്ള കിഫ്ബി വഴി ബജറ്റിനു പുറത്ത് പണം സമാഹരിച്ച് വലിയ തോതിലുള്ള പശ്ചാത്തലസൗകര്യസൃഷ്ടി പുരോഗമിക്കുകയാണ്. 28,030.89 കോടി രൂപയുടെ 533 നിർമ്മാണപ്രവൃത്തികൾക്ക് അനുവാദം നല്കി നിർമ്മാണത്തിലേയ്ക്ക് നീങ്ങി. എൽഡിഎഫ് സർക്കാരിന്റെ കാലത്ത് 50,000 കോടി രൂപയുടെ പശ്ചാത്തലസൗകര്യസൃഷ്ടി കിഫ്ബി വഴി ബജറ്റിനു പുറത്തു നടത്തും.

ബജറ്റിന് പുറത്തുള്ള ധനസമാഹരണത്തിനും വിജയകരമായ തുടക്കമായി. മസാലബോണ്ടുകൾ വഴി 2,150 കോടി രൂപയും ബാങ്കുകൾ, ദേശീയധനകാര്യ സ്ഥാപനങ്ങൾ എന്നിവ വഴിയുള്ള ധനസമാഹരണവും ഫലപ്രാപ്തിയിലെത്തി. കിഫ്ബി നേടിയെടുത്ത അന്തർദേശീയ അംഗീകാരം കേരളത്തിന്റെ പശ്ചാത്തലസൗകര്യസൃഷ്ടിയിൽ വലിയ നാഴികക്കല്ലായി മാറുകയാണ്. പൊതുപശ്ചാത്തലസൗകര്യസൃഷ്ടിയ്ക്ക് എൽഡിഎഫ് സർക്കാർ സർവകാലറെക്കോഡ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.

പ്രവാസി ചിട്ടികൾ 2018 നവംബർ മാസത്തിൽ ആരംഭിച്ചിട്ടുണ്ട്. പ്രവാസി ചിട്ടികളുടെ യൂറോപ്യൻ എഡിഷൻ ലണ്ടനിൽ 2019 മെയ് മാസത്തിൽ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. സമ്പൂർണ്ണമായും വെബ് അധിഷ്ഠിതമായിട്ടുള്ള ചിട്ടി നടത്തിപ്പാണ് പ്രവാസി ചിട്ടി. ചിട്ടിയിൽ ചേരുന്നതുമുതൽ നറുക്കെടുപ്പും ലേലത്തുകവിതരണവും വരെ സമ്പൂർണ്ണമായും കമ്പ്യൂട്ടറധിഷ്ഠിതമാണ്. കെഎസ്എഫ്ഇയുടെ പ്രവാസി ചിട്ടി ഒരു വിർച്വൽ ബ്രാഞ്ചാണ്. ജാമ്യരേഖകളുടെ പരിശോധനയും അംഗീകാരവും ചിട്ടി രജിസ്ട്രേഷനും മറ്റു നിയമപരമായ നടപടികളുമെല്ലാം ഇത്തരത്തിൽ വെബ് അധിഷ്ഠിതമാണ്. കേരളത്തിൽ ഇന്നേവരെ ഉണ്ടായിട്ടുള്ള ഏറ്റവും സമഗ്രമായ ഒരു സാമ്പത്തിക വിനിമയ കമ്പ്യൂട്ടർ പ്രോഗ്രാമാണ് പ്രവാസി ചിട്ടിയുടേത്.

b. റെയിൽവേ വികസനത്തിനുള്ള സംയുക്തസംരംഭം വിപുലമാക്കും.

റെയിൽവേ വികസനത്തിനായി കേന്ദ്രവും സംസ്ഥാനവും ചേർന്ന് പ്രത്യേക കമ്പനി രൂപവത്ക്കരിച്ചിട്ടുണ്ട്. അതിനുപുറമെ സ്വകാര്യമേഖലയുമായി ചേർന്നു ചില സംയുക്തസംരംഭങ്ങൾ റെയയിൽവേ സ്റ്റേഷൻ നവീകരണത്തിനും ലക്ഷ്യമിട്ടിട്ടുണ്ട്.

c. തദ്ദേശഭരണസ്ഥാപനങ്ങൾ വായ്പയെടുത്ത് പാർപ്പിടപദ്ധതി പുനരാരംഭിക്കും.

സർക്കാർ ഗ്യാരന്റിയോടെ ലൈഫ് പദ്ധതിക്കായി ഹഡ്കോയിൽനിന്നുള്ള വായ്പ ലഭ്യമാക്കി. വീട് നിർമ്മാണം പുരോഗമിക്കുന്നു.

566 **സഹകരണസംഘങ്ങളുടെ കൈയിൽ വളരെ വലിയ മിച്ചഫണ്ടുണ്ട്. അതിന്റെ ന്യായമായ വിനിയോഗമില്ലാത്തത് അവരുടെ ധനസ്ഥിതിയെയും പ്രതികൂലമായി ബാധിക്കുന്നു. ഇത് ഉപയോഗപ്പെടുത്തി ആനുവിറ്റി സ്കീമിന്റെ അടിസ്ഥാനത്തിൽ ഗ്രാമീണ പശ്ചാത്തലസൗകര്യസൃഷ്ടിക്കായി പ്രത്യേകകമ്പനി രൂപവത്ക്കരിക്കും. ആനുവിറ്റി സ്കീമായതുകൊണ്ട് സംഘങ്ങളുടെ പണത്തിനു**

കൃത്യമായി പലിശയും തിരിച്ചടവും ഉറപ്പാണ്.

പശ്ചാത്തലസൗകര്യ സൃഷ്ടിയിൽ കിഫ്ബി നടത്തുന്ന വൻമുതൽ മുടക്കിന്റെ പശ്ചാത്തലത്തിൽ പദ്ധതിക്ക് ഇപ്പോൾ സാംഗത്യമില്ല.

567 **ധനപരമായ നടപടിക്രമങ്ങൾ ലഘൂകരിക്കും. ബജറ്റിനു മുമ്പ് വിശദവും കൃത്യവുമായ സ്കീമുകൾ തയ്യാറാക്കി അംഗീകാരം വാങ്ങിയാൽ അതിന്മേൽ പിന്നെ ധനവകുപ്പിന്റെ ഇടപെടലുണ്ടാകില്ല. ബജറ്റ് രേഖകളിൽത്തന്നെ ഇത്തരത്തിലുള്ള പ്രോജക്ടുകൾ പ്രത്യേകം രേഖപ്പെടുത്തിയിരിക്കും. ഏപ്രിൽ ഒന്നുമുതൽ അവ നടപ്പിലാക്കാൻ ഒരു തടസവും ഉണ്ടാകില്ല. സാമ്പത്തികനടപടിക്രമങ്ങൾ സംബന്ധിച്ച് സമയബന്ധിതമായി പഠനം നടത്തി ആവശ്യമായ മാറ്റങ്ങൾ വരുത്തും.**

പദ്ധതിച്ചെലവ് 2017-18-ൽ സർവകാലറെക്കോഡിൽ എത്തി. 90 ശതമാനത്തിനു മേലെയാണ് പദ്ധതിച്ചെലവ്. ഡിപ്പാർട്ട്മെന്റ് വർക്കിങ് ഗ്രൂപ്പിന്റെ ധനാനുമതിപരിധി 10 കോടി രൂപയാക്കി ഉയർത്തി. 2018-19-ലെ ബജറ്റ് 2018 മാർച്ച് 31-നുമുമ്പ് സമ്പൂർണമായും പാസാക്കി.

568 **സിഎജി റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചുകഴിഞ്ഞാൽ രണ്ടു മാസത്തിനകം പരിഹാരനടപടികൾ എടുത്തതു സംബന്ധിച്ച് റിപ്പോർട്ടു സമർപ്പിക്കും.**

ബന്ധപ്പെട്ട സെക്രട്ടറിമാർക്കു നിർദ്ദേശം നല്കിയിട്ടുണ്ട്.

569 **പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി തീരുമാനമെടുത്തു കഴിഞ്ഞാൽ രണ്ടുമാസത്തിനകം ആക്ഷൻ ടേക്കൺ റിപ്പോർട്ട് നൽകണം. അങ്ങനെ പൂർത്തീകരിക്കപ്പെടുന്ന റിപ്പോർട്ടുകൾ നിയമസഭയിൽ ചർച്ച ചെയ്യും. ഈ നടപടിക്രമത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനനടപടി സ്വീകരിക്കും. സിഎജി റിപ്പോർട്ടിന്മേലുള്ള നടപടിക്രമങ്ങൾ വർഷങ്ങൾ നീട്ടിക്കൊണ്ടുപോയി പരിഹാരനടപടി അപ്രസക്തമാക്കുന്ന സ്ഥിരം ശൈലിയാണ് മരാമത്ത്, ജലസേചനം പോലുള്ള വകുപ്പുകൾക്കുള്ളത്. അധികച്ചെലവ് തൊട്ടടുത്ത വർഷത്തിനുള്ളിൽ റെഗുലറൈസ് ചെയ്യണം. ഇതിൽ വീഴ്ചവരുത്തുന്ന വകുപ്പുകൾക്കെതിരെ നടപടി സ്വീകരിക്കും.**

നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് യഥാസമയം അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ നല്കാത്ത വകുപ്പുദ്യോഗസ്ഥർക്കടതിരെ നടപടി സ്വീകരിക്കുകയോ അവരുടെ വിശദീകരണം ആവശ്യപ്പെടുകയോ ചെയ്തിട്ടുണ്ട്. നിലനില്ക്കുന്ന കാലതാമസം ഒഴിവാക്കാൻ പ്രത്യേക നടപടി സ്വീകരിക്കുന്നുണ്ട്.

570 **പഞ്ചായത്തിലേക്കുള്ള ധനവിന്യാസം പന്ത്രണ്ടു മാസ ഗഡുക്കളായി മുൻകൂറായി നല്കുന്നത് പുനഃസ്ഥാപിക്കും.**

നടപ്പിലാക്കി.

571 **ഭാവിയിൽ ആവശ്യമായിവരുന്ന ചെലവിനെക്കുറിച്ചു ധാരണയില്ലാതെ വൻകിടപദ്ധതികൾ പ്രഖ്യാപിക്കുന്നത് ഇപ്പോൾ പതിവായിട്ടുണ്ട്. ഒരു വർഷത്തിലേറെക്കാലം ദൈർഘ്യം വരുന്ന ഏതു പദ്ധതിയും അഞ്ചുവർഷക്കാല പ്രവർത്തനച്ചെലവുപ്ലാൻ തയ്യാറാക്കിയാൽ മാത്രമേ അനുവാദം നല്കാൻ പാടുള്ളൂ. ഈ പദ്ധതി നടപ്പാക്കാൻ വരും വർഷങ്ങളിൽ വേണ്ടുന്ന തുക ഭാവിബജറ്റുകളിൽ ഉൾപ്പെടുത്തപ്പെടും എന്നുറപ്പുണ്ടാക്കും.**

പഞ്ചവത്സരപദ്ധതി ശുപവത്ക്കരിച്ചു. ഇതിനനുസരിച്ച് വാർഷികപദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുന്നു.

572 **ഔട്ട്കം ബജറ്റിങ് സമ്പ്രദായത്തിലേക്കു മാറും. ഓരോ പദ്ധതിയിലും പണം ചെലവഴിച്ചോ ഇല്ലയോ എന്നു മാത്രമല്ല, അതു ചെലവഴിച്ചതിന്റെ ഭാഗമായി ഭൗതികനേട്ടങ്ങളെന്തെന്നും അവയുടെ പ്രത്യാഘാതങ്ങളെന്തെന്നും തുടർച്ചയായി പരിശോധിക്കപ്പെടും. രണ്ടുവർഷത്തെ തയ്യാറെടുപ്പുണ്ടെങ്കിൽ കേരളത്തിന് ഔട്ട്കം ബജറ്റിലേക്കു പോകാൻ കഴിയും.**

കൃഷി തുടങ്ങിയ ചില വകുപ്പുകളിൽ ഔട്ട്കം ബജറ്റ് നടപ്പാക്കിയിട്ടുണ്ട്. ഇതു വ്യാപിപ്പിക്കും.

573 **ജൻഡർ ബജറ്റിങ് പുനരാരംഭിക്കും. ഇതു സംബന്ധിച്ച് ഒരു രേഖ ബജറ്റിനോടൊപ്പം നിയമസഭയിൽ അവതരിപ്പിക്കും.**

ജെൻഡർ ആൻഡ് ചൈൽഡ് ബജറ്റിങ് നിലവിൽവന്നു.

574 **മുൻബജറ്റിനെക്കുറിച്ചുള്ള ഒരു പരിസ്ഥിതിയവലോകനറിപ്പോർട്ടും നിയമസഭയിൽ സമർപ്പിക്കും. ഇപ്പോൾ പണം ചെലവാക്കിയതിനെക്കുറിച്ചുള്ള റിവ്യൂവും ധനഭാവിയെക്കുറിച്ചുള്ള പദ്ധതിയും മാത്രമേ ബജറ്റിനോടൊപ്പം സമർപ്പക്കേണ്ടതുള്ളൂ. കേരളത്തിലെ ബജറ്റുകൾ സ്ത്രീസൗഹൃദവും പരിസ്ഥിതിസൗഹൃദവുമാക്കും.**

നടപടി സ്വീകരിച്ചു.

575 **ബാങ്കുപലിശയ്ക്കുമുകളിൽ പരമാവധി മൂന്നു ശതമാനമാക്കി സ്വകാര്യപണമിടപാടുകാരുടെ പലിശനിരക്ക് നിജപ്പെടുത്തും. സ്വകാര്യപണമിടപാടുകാരെ നിയന്ത്രിക്കാൻ കുറ്റമറ്റതും കർക്കശവുമായ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തും. കൊള്ളപ്പലിശക്കാർക്കതിരെ ഓരോ ജില്ലയിലും ഒരു**

ജൂഡീഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ പരാതി പരിഹാര ഫോറം സംഘടിപ്പിക്കും. എം.പി, എം.എൽ.എമാർ, ജൂഡീഷ്യൽ ഓഫീസർമാർ, പൊലീസ് പ്രതിനിധികൾ എന്നിവർ ഉൾക്കൊള്ളുന്ന ഈ കമ്മിറ്റി ഉയർന്നുവരുന്ന പ്രശ്നങ്ങൾ പരിശോധിച്ച് ജൂഡീഷ്യൽ ഓഫീസർക്കു റിപ്പോർട്ടു നല്കും.

ശക്തമായ നടപടി സ്വീകരിച്ചുവരുന്നു.

തൊഴിൽനയം

576 **മിനിമം ദിവസക്കൂലി 500 രൂപയാക്കാനുള്ള നടപടി സ്വീകരിക്കും.**

രാജ്യത്ത് ഏറ്റവും ഉയർന്ന മിനിമം കൂലി നിലവിലുള്ള സംസ്ഥാനമാണ് കേരളം. 80 തൊഴിൽ മേഖലകളാണ് മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിനകം 26 മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചു. വിവിധ മേഖലകളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. തൊഴിലാളികളുടെ മിനിമം വേതനം 600 രൂപയായിരിക്കണമെന്ന കാഴ്ചപ്പാട് ഉൾപ്പെടുത്തികൊണ്ട് സംസ്ഥാന സർക്കാരിന്റെ തൊഴിൽ നയം അംഗീകരിച്ച് നടപ്പാക്കിവരുന്നു.

577 **അങ്കണവാടി ജീവനക്കാർ, ആശാവർക്കേഴ്സ്, പാചകത്തൊഴിലാളികൾ തുടങ്ങിയ സ്കീം വർക്കേഴ്സിന്റെയും പഞ്ചായത്തുകളിലെ പാലിയേറ്റീവ് നഴ്സുമാരുടെയും ഓണറേറിയം ഉയർത്താൻ നടപടി സ്വീകരിക്കും. യു.ഡി.എഫ് സർക്കാർ അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിച്ചെങ്കിലും അതിനായി പണമൊന്നും വകയിരുത്തിയിരുന്നില്ല. തദ്ദേശഭരണസ്ഥാപനങ്ങളുടെ മേൽ ഈ ഭാരം അടിച്ചേൽപിച്ചിരിക്കുകയാണ്.**

പാചകത്തൊഴിലാളികൾക്കു നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ വേതനം ഉറപ്പാക്കുന്ന കാര്യത്തിൽ വിദ്യാഭ്യാസവകുപ്പുമായി ചർച്ച നടത്തിയിട്ടുണ്ട്. അങ്കണവാടി, ആശാ ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിച്ചിട്ടുണ്ട്. അംഗനവാടി ആശജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കാനുള്ള തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

578 **സൂപ്പർ മാർക്കറ്റുകളിലെയും ഷോപ്പിങ് മാളുകളിലെയും സമാനസ്ഥാപനങ്ങളിലെയും തൊഴിലാളികളുടെ സേവനവേതനവ്യവസ്ഥകളും തൊഴിൽ സാഹചര്യവും മിനിമം നിലവാരമുള്ളതാക്കാൻ സംസ്ഥാനസർക്കാർ ഇടപെടും.**

ലേബർ കമ്മിഷണറേറ്റിലെ എൻഫോഴ്സ്മെന്റ് വിഭാഗം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനങ്ങളിൽ തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് തൊഴിൽ വകുപ്പ് സജീവമായി ഇടപെട്ടു വരുന്നു. തൊഴിലാളികൾക്ക് കൂടുതൽ പരിരക്ഷ ഉറപ്പ് വരുത്തുന്നത് ലക്ഷ്യമിട്ട് കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ ഭേദഗതി വരുത്തി നിയമനിർമ്മാണം നടത്തി. ഇതിലൂടെ അസംഘടിതമേഖലയിലെ തൊഴിലാളികൾക്ക് പ്രത്യേകിച്ച് സ്ത്രീത്തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ ഇരിപ്പിടം ഉറപ്പുവരുത്താൻ കഴിഞ്ഞു.

സംവരണനയം

579 **സാമൂഹികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ കൈപിടിച്ചുയർത്തുന്നതിനുള്ള സംവരണത്തെ അട്ടിമറിക്കാനുള്ള പരിശ്രമമാണ് ആർ.എസ്.എസ്. നടത്തിക്കൊണ്ടിരിക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും വിദ്യാഭ്യാസപരമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കും സർക്കാരുദ്യോഗങ്ങളിൽ ഇന്നുള്ള തോതിൽ സംവരണം തുടരണമെന്ന നയത്തിൽ എൽ.ഡി.എഫ്. ഉറച്ചുനിൽക്കുന്നു. ഓരോ സമുദായത്തിനും അർഹതപ്പെട്ട സംവരണാനുകൂല്യം മുഴുവൻ അവർക്കുതന്നെ കിട്ടുമെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അതോടൊപ്പം, മുന്നാക്കസമുദായങ്ങളിലെ പാവപ്പെട്ടവർക്ക് 10 ശതമാനം സംവരണം ഏർപ്പെടുത്തുകയും വേണം. ഈ രണ്ടു കാര്യങ്ങളും നടപ്പിൽവരാൻ ഉചിതമായ ഭരണഘടനാഭേദഗതി ആവശ്യമാണ്. ഇത്തരമൊരു ഭരണഘടനാഭേദഗതി നടപ്പിൽ വരുത്താൻ എൽ.ഡി.എഫ്. പരിശ്രമിക്കുന്നതായിരിക്കും.**

സംവരണാനുകൂല്യം ഉറപ്പുവരുത്താൻ പ്രത്യേക പരിശോധനകൾ നടത്തി. പട്ടികജാതി പട്ടികവർഗവിഭാഗങ്ങൾക്ക് അർഹതപ്പെട്ട സംവരണത്തിൽനിന്നു കുറവ് കണ്ടെത്തി. ഈ വിഭാഗത്തിൽപെട്ടവർക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റിനുള്ള നടപടി തുടങ്ങി. അതോടൊപ്പം

പട്ടികവർഗവിഭാഗത്തിൽ തീർത്തും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിൽനിന്നും 100 പേർക്ക് പൊലീസ്, എക്സൈസ് വകുപ്പുകളിൽ പ്രത്യേകനിയമനം നല്കി. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുന്നാക്കവിഭാഗക്കാർക്ക് ദേവസ്വം ബോർഡിൽ പത്തുശതമാനം സംവരണം ഏർപ്പെടുത്താൻ തീരുമാനിച്ചു. 1995 മുതൽ സ്ഥിരനിയമനം നടത്തിയിട്ടില്ലാത്ത തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോഡുകളിൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖാന്തരം സംവരണതത്വം പാലിച്ചു 26 പട്ടികജാതിക്കാരെയും 180 പിന്നാക്കവിഭാഗക്കാരെയും ശാന്തിമാരായി നിയമിച്ചു. തിരുവിതാംകൂർ ദേവസ്വം ബോര്ഡിതൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ തസ്തികകളിലും സംവരണതത്വം പാലിച്ചു നിയമനങ്ങൾ നിടപ്പിലാക്കി. പിന്നാക്കവിഭാഗത്തിന്റെ സംവരണത്തോത് ഉയർത്തി നിശ്ചയിക്കുകയും ചെയ്തു. ഈഴവസമുദായത്തിനു 14 ൽ നിന്നു 17 ഉം പട്ടികജാതി-പട്ടികവർഗവിഭാഗത്തിനു 10 ൽ നിന്ന് 12 ഉം മറ്റു പിന്നാക്കവിഭാഗങ്ങൾക്കു മൂന്നിൽനിന്ന് 6 ശതമാനവും ആയി വർധിപ്പിച്ചു. തസ്തികമാറ്റനിയമനങ്ങൾക്ക് സംവരണം ഏർപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

580 **എസ്.സി-എസ്.ടി സംവരണം സ്വകാര്യമേഖലയിലേക്കുകൂടി വ്യാപിപ്പിക്കാൻ പരിശ്രമിക്കും.**

ഏയിഡഡ് മേഖലയിൽ എസ്.സി.എസ്.ടി വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തുന്ന കാര്യം ഹൈക്കോടതി വിധിയെത്തുടർന്ന് തടസ്സപ്പെട്ടിട്ടുണ്ട്. ഇതിനെതിരെ സുപ്രീംകോടതിയിൽ അപ്പീൽ നിലവിലുണ്ട്.

581 **പരിവർത്തിതക്രൈസ്തവർക്ക് പട്ടികജാതിക്കാർക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന ആവശ്യം ന്യായയുക്തമാണെന്ന് എൽ.ഡി.എഫ്. കരുതുന്നു. ഇതു പ്രായോഗികമായി നടപിലാക്കുമ്പോൾ നിലവിലുള്ള പട്ടികജാതി വിഭാഗങ്ങൾ അനുഭവിച്ചുവരുന്ന ആനുകൂല്യങ്ങൾ പൂർണ്ണമായും സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം അവരുടെ സംഘടനകളുമായി ചർച്ച ചെയ്ത് അഭിപ്രായസമന്വയം ഉണ്ടാക്കാൻ നടപടികൾ സ്വീകരിക്കും.**

നടപ്പായി. പരിവർത്തിത ക്രൈസ്തവർക്ക് പട്ടികജാതിക്കാർക്കുള്ള വിദ്യാഭ്യാസാനുകൂല്യം നല്കിവരുന്നുണ്ട്.

582 **വിവിധ മതവിഭാഗങ്ങളിൽപ്പെട്ട നാടാർ സമുദായത്തിലെ സംവരണം സംബന്ധിച്ച ആക്ഷേപം പരിശോധിച്ചു നടപടി സ്വീകരിക്കും.**

ഹരിഹരൻ നായർ കമ്മിഷൻ റിപ്പോർട്ടിന്റെ കാര്യത്തിൽ ഹൈക്കോടതിയിൽ കേസ് നിലവിലുണ്ട്. ഹൈക്കോടതി വിധി വന്നശേഷം പിന്നോക്കവിഭാഗകമ്മിഷനുമായി കൂടിയാലോചിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കും.

ഭരണപരിഷ്ക്കാരം

583 **ഇ.കെ. നായനാർ അദ്ധ്യക്ഷനായുള്ള ഭരണപരിഷ്ക്കാരക്കമ്മിഷൻ റിപ്പോർട്ട് നടപിലാക്കും. ഇതു സമയബന്ധിതമായി പൂർത്തികരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഒരു മേൽനോട്ടക്കമ്മിഷനെ നിയോഗിക്കും.**

മുൻ ഭരണപരിഷ്ക്കാരകമ്മിഷൻ ശിപാർശചെയ്ത കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പാക്കി വിജ്ഞാപനം പുറപ്പെടുവിച്ചു. ആധുനികകാലത്തെ ഭരണരീതികൾ പരിഷ്കരിക്കുന്നതു സംബന്ധിച്ചു പഠിക്കാൻ മുൻമുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ അദ്ധ്യക്ഷനായ കമ്മിഷനെ നിയോഗിച്ചു. കമ്മിഷന്റെ മൂന്ന് റിപ്പോർട്ടുകൾ സർക്കാരിനു ലഭിച്ചിട്ടുണ്ട്. ഇവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പരിശോധനയിലാണ്.

584 **എല്ലാ ഉദ്യോഗസ്ഥരുടെയും സ്ഥലംമാറ്റത്തിനു കൃത്യമായ മാനദണ്ഡം ആവിഷ്കരിക്കും. ശാസ്ത്രീയമായ പ്രവൃത്തിയവലോകനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ പുനർവിന്യാസം നടപ്പാക്കും. പങ്കാളിത്തപെൻഷൻ പദ്ധതി പുനഃപരിശോധിക്കും.**

സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും സ്ഥലംമാറ്റത്തിനു മാനദണ്ഡം നിശ്ചയിച്ച് ഉത്തരവായി. സ്ഥലംമാറ്റങ്ങൾ പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരമാണ് നടത്തിവരുന്നത്. പ്രവർത്തനരഹിതമായ പദ്ധതികളിലും മറ്റുമുള്ള ജീവനക്കാരുടെ പുനർവിന്യാസം നടപ്പിലാക്കി. പങ്കാളിത്തപ്പെൻഷൻ പുനഃപരിശോധിക്കാൻ സമിതി രൂപവത്ക്കരിച്ചു. വർക്കിങ് അറേഞ്ജ്മെന്റ് നിരുത്സാഹപ്പെടുത്താനും ഡെപ്യൂട്ടേഷൻ നിയമാനുസൃതമാക്കാനുമുള്ള നടപടിയും സ്വീകരിച്ചു.

585 **ശമ്പളപരിഷ്കരണം പത്തുവർഷത്തിൽ ഒരിക്കലാക്കണം എന്ന ശമ്പളപരിഷ്കരണക്കമ്മിഷന്റെ നിർദ്ദേശം തള്ളിക്കളയും.**

നിർദ്ദേശം തള്ളിക്കളഞ്ഞു.

586 **സെക്രട്ടേറിയറ്റടക്കം വരുന്ന സ്റ്റേറ്റ് സിവിൽ സർവ്വീസ് കേഡർ രൂപവത്ക്കരിക്കും. അതിനായി എല്ലാ സർവ്വീസ് സംഘടനകളുമായും ചർച്ച**

ചെയ്ത് ഒരു പൊതുധാരണ ഉണ്ടാക്കുന്നതാണ്.

സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തി പൊതുധാരണയിലെത്തിയശേഷമാണ് വിജ്ഞാപനം പുറപ്പെടുവിച്ചത്. സംവരണം തസ്തികമാറ്റ നിയമനങ്ങൾക്കും ബാധകമാക്കണമെന്നുള്ള ആവശ്യം പരിഗണിച്ച് ചട്ടത്തിൽ ഭേദഗതി വരുത്താനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

587 **സെക്രട്ടേറിയറ്റ് തലത്തിൽ കേന്ദ്രസർക്കാരിനെപ്പോലെ ഡയറക്ടറേറ്റ് രീതിയിൽ വികേന്ദ്രീകൃതവും ഫലപ്രദവുമായ സംവിധാനം കൊണ്ടുവരും. ഇതിന്റെ ഭാഗമായി ജീവനക്കാർക്ക് എന്തെങ്കിലും പ്രയാസമുണ്ടെങ്കിൽ അവ പരിഹരിക്കും.**

നടപടി തുടങ്ങിയിട്ടില്ല.

588 **എൽ.എസ്.ജി.ഡി എൻജിനീയറിങ് വിങ് തദ്ദേശ ഭരണസ്ഥാപനങ്ങളുടെ അഭേദ്യഭാഗമാക്കും.**

2016ലെ ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്ന പ്രസ്തുതനിർദ്ദേശം 2017 മേയ് മാസം മുതൽ സംസ്ഥാനധനകാര്യക്കമ്മിഷന്റെ പരിഗണനയിലാണ്. തദ്ദേശസ്വയംഭരണ പൊതുസർവീസ് രൂപവത്ക്കരിക്കപ്പെടുന്നതോടെ എൽ.എസ്.ജി.ഡി. എൻജിനീയറിങ് വിഭാഗം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അഭേദ്യഭാഗമാകും. തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപവത്ക്കരിക്കാനുള്ള നിയമഭേദഗതി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ചട്ടം രൂപവത്ക്കരിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

589 **ഭരണനിർവ്വഹണമാന്വലുകൾ സമഗ്രമായി പരിഷ്കരിക്കും.**

നടപടി ആരംഭിച്ചിട്ടില്ല. ഭരണപരിഷ്കാരക്കമ്മീഷൻ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

590 **a. ഭരണരംഗം കൂടുതൽ സുതാര്യവും കാര്യക്ഷമമവും ആക്കാൻ വിവരസാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തും.**

നടപ്പിലാക്കിവരുന്നു. ഇ-ഓഫീസ് കൂടുതൽ വകുപ്പുകളിൽ നടപ്പാക്കി. ഓൺലൈൻ അപേക്ഷ, ഓൺലൈൻ വഴിയുള്ള അനുമതി തുടങ്ങിയവ വിവിധ വകുപ്പുകളിൽ നടപ്പാക്കിവരുന്നു. സെക്രട്ടേറിയറ്റിൽ പഞ്ചിങ് ശമ്പളവുമായി ബന്ധിപ്പിച്ചു. മറ്റു വകുപ്പുകളിലും ഇക്കാര്യം സമയബന്ധിതമായി നടപ്പാക്കാൻ നടപടി പുരോഗമിക്കുന്നു. 2019 ഓടെ എല്ലാ വകുപ്പുകളിലും പഞ്ചിംഗ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റെക്കോർഡ്, ശമ്പളം, പെൻഷൻ (PRISM) തുടങ്ങിയവ ഓൺലൈൻ ആക്കിയിട്ടുണ്ട്. സർവ്വീസ് ബുക്കുകൾ ഇ-സർവ്വീസ് ബുക്കുകളാക്കുന്ന കാര്യം പുരോഗമിക്കുന്നു. പൊതുമരാമത്തുവകുപ്പിൽ പ്രൈസ് (PRICE) സോഫ്റ്റ്വെയർ ഏർപ്പെടുത്തി. ഇ-ടെൻഡറിങ് സമ്പ്രദായമാണ് നടത്തിവരുന്നത്.

ഇ-ഗവേണൻസ് ശക്തമാക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റിൽ ഇഫയലിങ് സിസ്റ്റം സ്ഥാപിച്ചു. ഇതിന്റെ ഭാഗമായി ഫയലുകൾ വേഗത്തിൽ തീരുമാനം എടുക്കാൻ സാധിക്കുന്നു. ഡയറക്ടറേറ്റിനു പുറമേ ജില്ലാ മൃഗസംരക്ഷണഓഫീസുകളിലും രണ്ടാംഘട്ടമായി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തും.

വകുപ്പിന്റെ പ്രധാന പദ്ധതിയായ ഗോസുരക്ഷ പദ്ധതിയുടെ മോണിറ്ററിങ് പൂർണ്ണമായും വകുപ്പുതന്നെ രൂപകൽപന ചെയ്ത സോഫ്റ്റ്വെയറിലൂടെയാണ് നടത്തുന്നത്. വകുപ്പിന്റെ മറ്റു പ്രവർത്തനങ്ങൾ വിലയിരുത്താനുള്ള സോഫ്റ്റ്വെയറും തയ്യാറാക്കിയിട്ടുണ്ട്.

കർഷകരജിസ്ട്രേഷൻ പൂർണ്ണമായും ഓൺലൈൻ ആക്കുകയും കർഷകരുടെ ഉരുക്കളെ ജിയോ ടാഗിങ്ങിലൂടെ മാപ്പിങ് ചെയ്യുകയും ചെയ്യുന്ന നടപടിയും പുരോഗമിക്കുന്നു. നാളിതുവരെ എട്ടുലക്ഷം കർഷകരെ ഓൺലൈനായി രജിസ്റ്റർ ചെയ്യുകയും 80,000 കർഷകരുടെ വീടുകൾ ജിയോ ടാഗ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽപറഞ്ഞ വിവരശേഖരണത്തിനായി 3745 ടാബ്ലെറ്റ് കംപ്യൂട്ടറുകൾ വകുപ്പിലെ സാങ്കേതികോദ്യോഗസ്ഥർക്ക് രണ്ടു വർഷമായി നല്കിയിട്ടുണ്ട്.

b. ഇ-ഗവേർണൻസ്, എം-ഗവേർണൻസ് മുൻനിർത്തിയുള്ള ചട്ടപരിഷ്കരണം കൊണ്ടുവരും.

സജീവപരിഗണനയിലാണ്.

591 **a. ചോദ്യങ്ങൾ എഴുതി ഫയലുകൾ തിരിച്ചയയ്ക്കുന്ന സംവിധാനം അവസാനിപ്പിച്ച് സംശയങ്ങളും തടസ്സവാദങ്ങളും സുരക്ഷിത ഇമെയിലിലൂടെ നിവൃത്തിവരുത്താൻ സംവിധാനം ഏർപ്പെടുത്തും.**

ഇന്റർഓഫീസ് ഇമെയിൽ സംവിധാനം കാര്യക്ഷമമായി നടപ്പാക്കുന്നു.

b. ജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾക്കു സേവനകേന്ദ്രങ്ങൾ ഏർപ്പെടുത്തും. ഈ സേവനകേന്ദ്രങ്ങളിൽ എല്ലാ സർക്കാർ വകുപ്പുസേവനങ്ങളും ലഭ്യമാക്കും. ഈ കേന്ദ്രത്തെ നിരീക്ഷിക്കാനുള്ള സംവിധാനമുണ്ടാക്കി അഴിമതി കുറയ്ക്കും.

ഭൂമി കരമൊടുക്കുന്നതിനും വെള്ളക്കരം സ്വീകരിക്കുന്നതിനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള സർട്ടിഫിക്കറ്റുകൾ പൂർണ്ണമായും ഓൺലൈൻ മുഖാന്തരം ലഭ്യമാക്കുകയും അവ ആധികാരികരേഖയായിരിക്കുമെന്ന് ഉത്തരവാക്കുകയും ചെയ്തു. സർക്കാരിന്റെ സേവനങ്ങൾ ലഭ്യമാവുന്ന തരത്തിൽ കൂടുതൽ മൊബൈൽ ആപ്പുകൾ

തയ്യാറാക്കിവരുന്നു. നിലവിൽ പൊലീസ്, റവന്യൂ, തദ്ദേശസ്വയംഭരണം, കൃഷി, വൈദ്യുതി, ഐ.ടി വകുപ്പുകൾ ഈ രംഗത്ത് ശ്രദ്ധേയമായ ഇടപെടൽ നടത്തിയിട്ടുണ്ട്.

അക്ഷയ കേന്ദ്രങ്ങളിലൂടെ സർക്കാർസേവനങ്ങൾക്കുള്ള ഫീസ് അടയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്തി. എം -കേരളം എന്ന മൊബൈൽ ആപ്പും തയ്യാറാക്കിയിട്ടുണ്ട്.

592 **നിശ്ചിതരീതിയിൽ പി.ടി.ഡി (പ്രൊപ്പോസൽ ടു ഡിസ്പോസൽ) സംവിധാനമുണ്ടാക്കും. ഒരു സംരംഭം നിർദ്ദേശിക്കപ്പെട്ടാൽ അംഗീകാരത്തിന് 60 ദിവസവും നടപ്പിൽ വരുത്താൻ 90 ദിവസവും എന്ന ടാർജറ്റ് നടപ്പിലാക്കും.**

ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി സംവിധാനം അംഗീകരിക്കപ്പെട്ടു.

593 **ജില്ലാക്കോടതിവരെയുള്ള വ്യവഹാരങ്ങൾ മലയാളത്തിലാക്കാനുള്ള സംവിധാനം ഉണ്ടാക്കും. കേസുകൾ വേഗത്തിൽ തീർക്കാൻ ജുഡീഷ്യറിയിലുള്ള ഒഴിവു നികത്തും.**

ഹൈക്കോടതിയിലും സബോർഡിനേറ്റ് കോടതികളിലും വ്യവഹാരം മലയാളത്തിലാക്കാനുള്ള കാര്യത്തിൽ ഹൈക്കോടതിനിർദ്ദേശത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. ജുഡീഷ്യറിയിൽ ഒഴിവുകൾ യഥാസമയം നികത്തുന്നു. ദീർഘകാലമായി കോടതി ആവശ്യപ്പെട്ടിട്ടും അനുവദിച്ചുനല്കാത്തതടക്കം 319 പുതിയ തസ്തികകൾ ഹൈക്കോടതിയിലും 931 തസ്തികകൾ കീഴ്ക്കോടതികളിലും സൃഷ്ടിച്ചു.

594 **കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കും. മറ്റുള്ളവ പരിഷ്കരിക്കും. ഇതിനായി മുന്നോട്ടുവയ്ക്കപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങൾ അടിയന്തരമായി പരിശോധിച്ച് നയപരമായി അംഗീകരിക്കാവുന്നവയെല്ലാം സമയബന്ധിതമായി നടപ്പിലാക്കും. ഇതിനുള്ള ഒരു അഞ്ചുവർഷകാര്യപരിപാടി നിയമമന്ത്രാലയം തയ്യാറാക്കും.**

കാലഹരണപ്പെട്ട നിയമം, നിയമപരിഷ്കരണം എന്നിവ പരിശോധിക്കാൻ നിയമകമ്മിഷനെ നിയോഗിച്ചു.

595 **പൗരാവകാശസംരക്ഷണനിയമം പാസ്സാക്കും. പാർശ്വവത്കൃതസമൂഹങ്ങൾക്കും സ്ത്രീകൾക്കും പൂർണ്ണപൗരാവകാശം ഉറപ്പാക്കും.**

സ്ത്രീകളുടെ അവകാശങ്ങളും സുരക്ഷയും സാമൂഹികോന്നമനവും ലക്ഷ്യമിട്ട് ഒരു പ്രത്യേകവകുപ്പ് രൂപവത്കരിച്ചു. "നിർഭയ" (വനിതാസുരക്ഷാസംവിധാനം) ഒരു സീനിയർ വനിതാ പൊലീസ് ഓഫീസറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു.

596 **ആരാധനാലയങ്ങൾ സ്ഥാപിക്കാൻ നിലവിലുള്ള ചില നിയന്ത്രണങ്ങളെക്കുറിച്ച് പരാതികൾ ഉണ്ടായിട്ടുണ്ട്. അവ പരിശോധിച്ച് പരിഹാരം കണ്ടെത്തും.**

ഇതു സംബന്ധിച്ച നിയമപരമായ സാദ്ധ്യതകൾ പരിശോധിക്കും.

597 **എല്ലാ പരാതികളിലും പ്രശ്നങ്ങളിലും 30 ദിവസത്തിനുള്ളിൽ സർക്കാർതലത്തിൽ തീർപ്പുണ്ടാക്കാൻ സംവിധാനമൊരുക്കും. ഏതെങ്കിലും പരാതികളോ ആവശ്യങ്ങളോ നിരസിക്കപ്പെട്ടാൽ നീതിനിഷ്ഠമായ തീർപ്പ് ഉറപ്പാക്കാനും വ്യക്തത ഉണ്ടാക്കാനും ജനപങ്കാളിത്തത്തോടുകൂടിയ സമിതി ഉണ്ടാക്കും.**

മുഖ്യമന്ത്രിയുടെ പരാതിപരിഹാരസംവിധാനവും ദുരിതാശ്വാസനിധിയിൽനിന്നുള്ള സഹായത്തിനുള്ള അപേക്ഷ സംവിധാനവും പൂർണ്ണപമായും കമ്പ്യൂട്ടർവത്ക്കരിച്ചു. അപേക്ഷകളിലും പരാതികളിലും കൈക്കൊണ്ട നടപടി 'ഓൺലൈനിൽ' പൊതുജനങ്ങൾക്കു നിരീക്ഷിക്കാനുള്ള സംവിധാനം നിലവിലുണ്ട്. മരാമത്തുവകുപ്പിൽ പരാതികൾ, നിവേദനങ്ങൾ സോഷ്യൽ ഓഡിറ്റ് സംവിധാനത്തിന് വിധേയമാണ്. പ്രവൃത്തിയുടെ ഗുണനിലവാര പരിശോധനാവിഭാഗത്തെ വിപുലീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തു. എല്ലാ സേവനവകുപ്പുകളിലും പരാതികളിലും പ്രശ്നങ്ങളിലുമുള്ള ഇടപെടൽ ത്വരിതഗതിയിലാക്കി.

598 **ഗാർഹികത്തൊഴിലാളികളുടെ അവകാശങ്ങൾ, തൊഴിൽസാഹചര്യങ്ങൾ, സാമൂഹികസുരക്ഷിതത്വം, ചൂഷണം തടയൽ തുടങ്ങിയവ ഉൾപ്പെടുത്തി സമഗ്രനിയമം പാസ്സാക്കും.**

ഗാർഹികതൊഴിലാളികൾക്കുകൂടി അംഗത്വം എടുക്കാവുന്ന അസംഘടിതതൊഴിലാളി സാമൂഹികസുരക്ഷാ ബോർഡ് പുനഃസംഘടിപ്പിച്ച് ശക്തിപ്പെടുത്തി.

599 **എല്ലാ താലൂക്കുകളിലും കുടുംബക്കോടതി സ്ഥാപിക്കും. പരിസ്ഥിതി കോടതി / ട്രിബ്യൂണൽ ആരംഭിക്കും.**

നടപടികൾ തുടങ്ങിയിട്ടില്ല

600 **a. ആരോഗ്യകരമായ തൊഴിൽബന്ധങ്ങൾ വളർത്തിയെടുക്കും. നോക്കുകൂലി തുടങ്ങിയ അനാരോഗ്യപ്രവണതകൾക്കെതിരെ കർശനനടപടി സ്വീകരിക്കും. കേന്ദ്രസർക്കാരിന്റെ നിർദ്ദിഷ്ട തൊഴിൽനിയമഭേദഗതികൾക്ക് എതിരായുള്ള സമീപനമായിരിക്കും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കൈക്കൊള്ളുക.**

സംസ്ഥാനത്ത് ആരോഗ്യകരമായ തൊഴിലാളി-തൊഴിലുടമാബന്ധം വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുൻനിർത്തി തൊഴിൽനയം പ്രഖ്യാപിച്ചു. തൊഴിൽ മേഖലയിലെ അനഭിലഷണീയപ്രവണതകൾ അവസാനിപ്പിച്ചു. 2018 മെയ് ഒന്നുമുതൽ നോക്കുകൂലി അവസാനിപ്പിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു. സർക്കാർനിർദ്ദേശം ലംഘിക്കുന്നവർക്കെതിരെ കർശനനടപടി.

b. തൊഴിൽനിയമങ്ങൾ പരിഷ്കരിച്ച് തൊഴിലാളിക്കു തൊഴിലും വരുമാനവും ഉറപ്പുവരുത്തും.

വിവിധ തൊഴിൽനിയമങ്ങൾ തൊഴിലാളിപക്ഷത്ത് നിന്നുകൊണ്ട് ഭേദഗതി ചെയ്യാൻ നടപടി. മിനിമം വേതന നിയമം കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമം, വ്യവസായതൊഴിൽത്തർക്ക നിയമം, വിവിധ ക്ഷേമനിധി നിയമങ്ങൾ എന്നിവയിൽ നിയമഭേദഗതികൾ പ്രാബല്യത്തിൽ. പേമെന്റ് ഓഫ് വേജസ് നിയമം, കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേസ്) നിയമം തുടങ്ങി വിവിധ തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്യാൻ നടപടി സ്വീകരിച്ചു വരുന്നു. സർക്കാർ പ്രഖ്യാപിച്ച മിനിമം വേതനം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് ലേബർ കമ്മീഷണറേറ്റിലെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തി. തൊഴിൽനിയമ ലംഘനങ്ങൾക്കുള്ള പിഴത്തുക ഗണ്യമായി വർദ്ധിപ്പിച്ചു.

ഈ സർക്കാർ പ്രഖ്യാപിച്ച നയങ്ങൾ

- കേരളത്തിന്റെ ആരോഗ്യനയം
- കേരള വൈദ്യുതിനയം
- സംസ്ഥാന ഫിഷറീസ് നയം
- വ്യവസായനയം
- കേരള സഹകരണനയം
- വിവരസാങ്കേതികവിദ്യാനയം
- കേരളസംസ്ഥാന പൊതുമരാമത്തുനയം
- ശാസ്ത്രസാങ്കേതിക നൂതനതാ നയം
- കേരള വിനോദസഞ്ചാരനയം
- ഇവ കൂടാതെ, പരിസ്ഥിതധവളപത്രവും ഈ സർക്കാർ പ്രസിദ്ധീകരിച്ചു.

വാഗ്ദാനങ്ങൾക്കപ്പുറം

രക്ഷാപ്രവർത്തനവും പ്രളയാനന്തരപുനർനിർമ്മാണവും



- ചരിത്രത്തിൽ സമാനതകളില്ലാത്ത പ്രകൃതിദുരന്തമാണ് അതിവൃഷ്ടിയും പ്രളയവും മൂലം 2018 ഓഗസ്റ്റ് മാസത്തിൽ കേരളത്തിലുണ്ടായത്. 483 സഹോദരങ്ങളുടെ ജീവനപഹരിച്ച ഈ പ്രകൃതിക്ഷോഭം വിവിധ മേഖലകളിലായി ഇരുപത്തയ്യായിരം കോടിരൂപയിലധികം വരുന്ന നാശനഷ്ടങ്ങളാണുണ്ടാക്കിയത്. പാരിസ്ഥിതികനഷ്ടത്തിൻറെ നികത്താനാവാത്ത കണക്ക് വേറെയുമുണ്ട്. ഇതിനെ എല്ലാം കേരളം മറികടക്കുകയാണ്. പ്രളയം കേരളത്തെ തകർത്തെറിഞ്ഞപ്പോൾ പകച്ചുനിൽക്കാതെ കരുത്തോടെ കേരളം അതിനെ അതിജീവിച്ചു. ഒരു ഘട്ടത്തിൽ 3,91,494 കുടുംബങ്ങളിലെ 14,50,707 ജനങ്ങളെ രക്ഷപ്പെടുത്തി ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ചു.
- പല കാര്യങ്ങളിലും വ്യത്യസ്തത സൃഷ്ടിച്ച് മാതൃകയായ കേരളം പ്രളയത്തെ നേരിടുന്നതിലും മാതൃകയായി. ഐക്യരാഷ്ട്രസഭയും ലോകരാജ്യങ്ങളും കേരളത്തെ അഭിനന്ദിച്ചു. എല്ലാ വ്യത്യാസങ്ങളും മാറ്റിവച്ച് ഒന്നായി കേരളം മുന്നോട്ടു പോയതിന്റെ ഫലമായിരുന്നു ദുരന്തത്തെ അതിജീവിക്കാൻ അത്.
- ഇത്തരമൊരു അതിജീവനത്തിന് ഇടയായിട്ടുള്ളത് കേരളത്തിന്റെ മതനിരപേക്ഷതയുടെയും നവോത്ഥാനത്തിന്റെയും കാഴ്ചപ്പാടുകളിൽ നിന്നുകൊണ്ട് വികസിച്ച കേരളീയസമൂഹത്തിന്റെ സവിശേഷതയാണ്. പരസ്പരം പരിചയം പോലുമില്ലാത്ത ഓരോരുത്തരും ഒറ്റക്കെട്ടായിനിന്ന് ഒരു നേട്ടവും തിരിച്ചുപ്രതീക്ഷിക്കാതെ തങ്ങളുടെ അറിവും കഴിവും സമൂഹ നന്മയ്ക്കായി വിനിയോഗിച്ചു. കേരള സമൂഹത്തിന്റെ ഈ സവിശേഷത പുനർനിർമാണ പ്രവർത്തനങ്ങളുടെ അടിസ്ഥാനശക്തിയാണ്. രക്ഷാദൗത്യങ്ങളിൽ ഇവർ പകർന്ന ആർജവം തുടർന്നും വികസന നിരീക്ഷണ പ്രവർത്തനങ്ങളിലും നിലനിർത്തി മുന്നോട്ടുപോകാനാണ് ലക്ഷ്യം വെക്കുന്നത്. പ്രളയത്തിന്റെ ദുരന്തങ്ങൾ പരിഹരിക്കുന്നതിനുള്ള അടിയന്തരസഹായങ്ങളുടെ പരമ്പര തന്നെ ജനകീയപങ്കാളിത്തത്തോടെ സർക്കാർ നടപ്പിലാക്കി.

അടിയന്തരസഹായങ്ങൾ

10,000 രൂപയുടെ അടിയന്തരധനസഹായം
- 6,87,843 കുടുംബങ്ങൾക്ക്

അവശ്യസാധനങ്ങളുടെ കിറ്റ്
(വീട്ടിലേക്ക് മടങ്ങുമ്പോൾ) - 7,24,352 കുടുംബങ്ങൾക്ക്

ഭക്ഷ്യധാന്യം ഉൾപ്പെടെയുള്ള കിറ്റ്
- 10,50,838 എണ്ണം

- നഷ്ടപ്പെട്ട രേഖകളും സർട്ടിഫിക്കറ്റുകളും പ്രത്യേക സംവിധാനം ഉണ്ടാക്കി തിരിച്ചു നല്കി
- വിച്ഛേദിക്കപ്പെട്ട 25.7 ലക്ഷം വൈദ്യുതി കണക്ഷനുകൾ പുനഃസ്ഥാപിച്ചു.
- 3,00,956 കിണറുകൾ വൃത്തിയാക്കി
- വീട്ടിലേക്കു മടങ്ങിയവർക്ക് അടിയന്തരാവശ്യം നിർവ്വഹിക്കാൻ കുടുംബശ്രീ മുഖേന പലിശ രഹിത വായ്പ നല്കി. 1,44,422 കുടുംബങ്ങൾക്ക് 1272 കോടി രൂപയുടെ വായ്പയാണ് നല്കിയത്. ഉപജീവനം നഷ്ടപ്പെട്ട 50,000 പേർക്ക് തൊഴിൽ പരിശീലന പദ്ധതി കൊണ്ടുവന്നു. 246 നിർമ്മാണഗ്രൂപ്പുകൾ കുടുംബശ്രീക്കു കീഴിൽ രൂപവത്കരിച്ചു. തൊഴിലുറപ്പ് പദ്ധതിയിലേക്ക് 63,285 കുടുംബങ്ങൾക്ക് അധികമായി അംഗത്വം നല്കി ജോലി നല്കി. അമ്പത് തൊഴിൽ ദിനങ്ങൾ പ്രത്യേകമായി അധികമായി അനുവദിച്ചു. പ്രളയശേഷം 1400 കോടിരൂപയുടെ തൊഴിൽദിനങ്ങളാണ് സൃഷ്ടിച്ചത്.
- വീട് നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിക്കുക എന്നതായിരുന്നു ശ്രമകരമായ ദൗത്യം. പൂർണ്ണമായും തകർന്ന 14,888 വീടുകളുടെ പുനർനിർമ്മാണം സംസ്ഥാനത്ത് ആവശ്യമായിവന്നു. നിലവിൽ 2879വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിരിക്കുന്നു. മറ്റ് 9257 വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ എത്തിയിരിക്കുന്നു. പുറമ്പോക്കിൽ താമസിച്ചിരുന്ന 1100 പേർക്കുള്ള ഭവനനിർമ്മാണവും ആരംഭഘട്ടത്തിലാണ്. വീടും ഭൂമിയും നഷ്ടപ്പെട്ടവർക്ക് പത്ത് ലക്ഷം രൂപയും വീട് നഷ്ടപ്പെട്ടവർക്ക് നാലു ലക്ഷം രൂപയുമാണ് നല്കുന്നത്. സഹകരണവകുപ്പിന്റെ കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തിയും സ്പോൺസർഷിപ്പോടുകൂടിയും വീട് നിർമ്മാണം നടക്കുന്നുണ്ട്.
- വീടുകൾ ഭാഗികമായി തകർന്നവർക്കുള്ള ധനസഹായവിതരണവും പുരോഗമിക്കുകയാണ്. 15 ശതമാനത്തിൽ താഴെ വീട് ഭാഗികമായി തകർന്നവർക്ക് 122.09 കോടി രൂപയും 30 ശതമാനത്തിൽ താഴെ നാശനഷ്ടം ഉണ്ടായവർക്ക് 441.972 കോടി രൂപയും 60 ശതമാനത്തിൽ താഴെ നാശനഷ്ടം സംഭവിച്ചവർക്ക് 379.38 കോടി രൂപയും 75 ശതമാനത്തിൽ താഴെ 328 കോടി രൂപയും വിതരണം ചെയ്തു. ആകെ 1272.17 കോടി രൂപയാണ് ചെലവഴിച്ചത്. 2,39,254 കുടുംബങ്ങൾക്ക് ഈ സഹായം ലഭ്യമാക്കി.
- കാർഷികമേഖലയിൽ അതിജീവനം ലക്ഷ്യം കണ്ടു. പ്രളയാനന്തരം ഉള്ള നെല്ലുത്പാദനം റെക്കോർഡിലേക്ക് കുതിക്കുകയാണ് . കൃഷിവകുപ്പിന്റെ കണക്കനുസരിച്ച് 6,89,305 ടൺ നെല്ല് 2018- 19 വർഷം കേരളത്തിൽ ഉത്പാദിപ്പിച്ചു. കണക്കനുസരിച്ച് കഴിഞ്ഞവർഷം ഉത്പാദനം 6,17,260 ടൺ ആയിരുന്നു.
- 2, 38, 376 കർഷകർക്ക് 176 കോടി രൂപ സർക്കാർ നഷ്ടപരിഹാരതുക വിതരണം ചെയ്തു. സർക്കാരിന്റെ വിള ഇൻഷുറൻസ് പദ്ധതിയിൽനിന്നു 18.04 കോടി രൂപയും നല്കി. പാടങ്ങൾ കൃഷിയോഗ്യമാക്കാനും ജലസേചനസൗകര്യങ്ങൾ പുനഃസ്ഥാപിക്കാനും





രക്ഷാപ്രവർത്തനത്തിൽ ശരീരം ചവിട്ടുപടിയാക്കി മാനവികതയ്ക്ക് പുതിയ മുഖം തീർത്ത ജയ്സൽ



197.78 കോടി രൂപയും ചെലവഴിച്ചു. ആലപ്പുഴ, കോട്ടയം ജില്ലകളിൽ 270 ഇടങ്ങളിലായി മട വീഴ്ച മൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പണം ചെലവഴിച്ചു. 5650 മെടിക് ടൺ നെൽ വിത്തുകളാണ് കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തത്. ഒരുകോടി പച്ചക്കറിത്തൈകളും സൗജന്യമായി നല്കി. 12 ലക്ഷം കുരുമുളക് വള്ളികളും 50 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും വിതരണം ചെയ്തു. പച്ചക്കറിക്കർഷകർക്കായി 92 കോടി രൂപയുടെ സഹായമാണ് വിതരണം ചെയ്തത്. പ്രളയബാധിത പ്രദേശങ്ങളിലെ കാർഷികവായ്പകൾക്ക് 31.07.2018 മുതൽ ഒരു വർഷത്തേക്ക് മൊറൊട്ടോറിയം പ്രഖ്യാപിച്ചു.

- ക്ഷീരമേഖലയും പ്രളയത്തെ അതിജീവിച്ചു. പ്രളയം കേരളത്തെ ബാധിക്കുന്നതിനു മുൻപ്, ജൂലൈ മാസത്തിൽ 5.69 കോടി ലിറ്റർ ആയിരുന്ന പാലുത്പാദനം. അതിജീവനപദ്ധതികൾ നടപ്പാക്കിയ ശേഷം ജനുവരി മാസത്തിൽ 6.08 കോടി ലിറ്റർ ആയി ക്ഷീരോത്പാദനം വർദ്ധിച്ചു. ക്ഷീരവികസനവകുപ്പിന്റെ നേതൃത്വത്തിൽ നാനൂറ് പശുക്കളെ വിതരണം ചെയ്തു. 6.65 കോടി രൂപയുടെ സഹായം ക്ഷീരകർഷകർക്ക് ക്ഷീരവികസന വകുപ്പ് നല്കി. ഇതിനെ പുറമെ 22 കോടി രൂപയുടെ പ്രത്യേക പുനരധിവാസ പദ്ധതിയും നടപ്പാക്കുന്നു. ഈ പദ്ധതി പ്രകാരം നൂറ് കറവപ്പശുക്കളെ വിതരണം ചെയ്തു. ഡൊണേറ്റ് എ കൗ പദ്ധതി പ്രകാരം 134 കറവപ്പശുക്കളേയും 108 മറ്റു പശുക്കളേയും വിതരണം ചെയ്തു.
- മൃഗസംരക്ഷണവകുപ്പ് 27,363 കർഷകർക്ക് നഷ്ടപരിഹാരമായി 21.7 കോടി രൂപ വിതരണം ചെയ്തു. 2.68 കോടി രൂപ തീറ്റവിതരണത്തിനും ചെലവഴിച്ചു.
- തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി 2797.44 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി. തകർന്ന റോഡുകൾ യുദ്ധകാലാടിസ്ഥാനത്തിൽ ഗതാഗതയോഗ്യമാക്കി. മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലും 2395 സ്ഥലങ്ങളിൽ റോഡുകൾ തകർന്നു. ഈ റോഡുകളെല്ലാം ഗതാഗതയോഗ്യമാക്കി.
- മത്സ്യത്തൊഴിലാളികൾക്ക് സംസ്ഥാനമെമ്പാടും ആദരം മാത്രമല്ല, രക്ഷാപ്രവർത്തനത്തിനിടയിൽ ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി 3 കോടിയലധികം രൂപയും ചെലവഴിച്ചു. മത്സ്യക്കൃഷി മേഖലയിൽ 40 കോടി രൂപ വിനിയോഗിച്ച് പുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്തി. ചെറുകിട, ഇടത്തരം വ്യവസായ-വാണിജ്യസ്ഥാപനങ്ങൾ, കടകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിനായി ഉജ്ജീവനവായ്പ പദ്ധതി കെ എസ് ഐ ഡി സി ആവിഷ്കരിച്ചു നടപ്പാക്കുന്നു.






രക്ഷാപ്രവർത്തനത്തിൽ പങ്കാളികളായ കേന്ദ്രസൈനികവിഭാഗങ്ങളുടെ മേധാവികളെ കേരളസർക്കാർ ആദരിച്ചപ്പോൾ

കേരള പുനർനിർമ്മാണപദ്ധതി

- പ്രളയത്തിൽ തകർന്ന കേരളത്തെ അതേപോലെ പുനർനിർമിക്കാനല്ല സർക്കാർ ലക്ഷ്യം വെക്കുന്നത്. കേരളത്തിന്റെ പാരിസ്ഥിതികമായ സവിശേഷതകൾ ഉൾക്കൊണ്ടുകൊണ്ടും പ്രകൃതിദുരന്തങ്ങളെ അതിജീവിക്കുന്ന തരത്തിലുമുള്ള പുനർനിർമാണമാണ് ലക്ഷ്യം വെക്കുന്നത്. ലോകത്തെമ്പാടും ഉയർന്നുവന്നിട്ടുള്ള അറിവുകൾ ഉൾക്കൊണ്ടും വിവിധ അനുഭവങ്ങൾ സാംശീകരിച്ചും ഇത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.
- ചുവപ്പുനാടകളിൽ കുരുങ്ങാതെ വേഗം തന്നെ പുനരധിവാസപ്രവർത്തനങ്ങൾ പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെയുള്ള സംവിധാനമാണ് സർക്കാർ മുന്നോട്ടുവെച്ചിട്ടുള്ളത്. അതിന്റെ ഭാഗമായാണ് കേരള പുനർനിർമാണപദ്ധതിയും അതിന്റെ സംവിധാനങ്ങളും സർക്കാർ മുന്നോട്ടുവെച്ചിട്ടുള്ളത്.
- പ്രളയത്തിനു മുമ്പ് ഉണ്ടായിരുന്നതിനേക്കാൾ മികച്ച ജീവിതാവസ്ഥ ജനങ്ങൾക്ക് സൃഷ്ടിക്കുക എന്ന കാഴ്ചപ്പാടോടെയാണ് പുനർനിർമാണപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത്. പ്രളയത്തെ തുടർന്ന് ആഗോളവിദഗ്ധരുടെ സഹകരണത്തോടെ പുനർനിർമാണാവശ്യങ്ങളും അതിനായുള്ള വിഭവങ്ങളുടെ സാധ്യതയും കണ്ടെത്തിക്കൊണ്ട് പുനർനിർമാണപ്രവർത്തനം നടത്തുന്ന ബോധപൂർവമായ പ്രവർത്തനം ദുരന്തങ്ങൾ ഏറെ അനുഭവിച്ച രാജ്യത്തിന് പുതിയ അനുഭവമായി മാറുകയാണ്. ഇത്തരമൊരു ആസൂത്രണത്തിൽനിന്ന് വ്യക്തമാകുന്ന ഒരു കാര്യം



ആസ്തികളുടെ പുനർനിർമാണപ്രവർത്തനങ്ങൾ പൂർണതയിലെത്താൻ കുറഞ്ഞത് മൂന്നു വർഷമെങ്കിലും വേണ്ടിവരുമെന്നാണ്. നിർമിക്കപ്പെടുന്ന ആസ്തികളും ജീവനോപാധികളും ഭാവിയിൽ തകർന്നുപോകാതിരിക്കാൻ പുനർനിർമാണം ശക്തമായും കാര്യക്ഷമമായും നടത്താനാണ് ലക്ഷ്യം വെക്കുന്നത്.

- തെരഞ്ഞെടുക്കപ്പെടുന്ന ആശയങ്ങളുടെ നിർവഹണത്തിനുള്ള പദ്ധതിവിശദാംശരേഖയും നിർവഹണ സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായി നിർവഹണം ഉറപ്പാക്കുക എന്നതാണ് കേരള പുനർനിർമാണപദ്ധതിയുടെ നിർവഹണസമീപനം. പരിസ്ഥിതിസൗഹാർദവും ദുരന്താനന്തരജീവിത ക്ഷമതയും സാമൂഹികനീതിയും ഉറപ്പാക്കുന്ന പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. വിവിധ വകുപ്പുകളിലെ അനുഭവസമ്പന്നരായ ഉദ്യോഗസ്ഥരും വകുപ്പിനുള്ളിലും പുറമെയുമായി അതത് മേഖലയിൽ വൈദഗ്ധ്യമാർജിച്ചിട്ടുള്ളവർ ഉൾപ്പെടെയുള്ള വിദഗ്ധസമൂഹവുമായുള്ള ആശയവിനിമയങ്ങളിലൂടെ രൂപപ്പെട്ടുവന്നതാണ് ഈ കാഴ്ചപ്പാടുകൾ. രാജ്യത്തിന് അകത്തും പുറത്തുമുള്ള ജനതയുടെ അനുഭവങ്ങളാകെ സ്വാംശീകരിച്ചു മുന്നോട്ടുപോകുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.
- ചർച്ചകളിലൂടെ സ്വീകരിച്ച സമീപനം മൂന്ന് മുഖ്യ പ്രവർത്തനമേഖലകളെയാണ് ക്രമപ്പെടുത്തിയിട്ടുള്ളത്.
  1. പ്രകൃതിദുരന്തങ്ങളെ അതിജീവിക്കാനുള്ള കരുത്തോടെ കേരളത്തെ പുനർനിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥാപനതല-സാമ്പത്തികതല ചട്ടക്കൂടു രൂപവത്ക്കരിക്കുക.
  2. കാലാവസ്ഥാവ്യതിയാനം കൊണ്ടുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളുടെ പ്രഹരം ചെറുക്കുന്നതിനുള്ള സ്ഥാപന-സാമ്പത്തിക ശേഷികൾ ഉയർത്തുന്നതിനായി വിവിധ സ്ഥാപനങ്ങളുടെ സാങ്കേതിക ശേഷി മെച്ചപ്പെടുത്തുകയും ദുരന്താഘാതങ്ങൾ കുറയ്ക്കുന്നതിനും അതിജീവിക്കുന്നതിനും നൂതന സാമ്പത്തികസ്രോതസ്സുകൾ ഒരുക്കുകയും ചെയ്യുക
  3. ദുരന്താഘാതങ്ങൾ കുറയ്ക്കുന്നതിനും അതിജീവിക്കുന്നതിനുമുള്ള സമീപനവും നടപടികളും, എല്ലാ സുപ്രധാന അടിസ്ഥാനസൗകര്യങ്ങളുടെയും വികസനത്തിലും സേവനവിതരണത്തിലും നിശ്ചയമായും പരിഗണിച്ചിരിക്കേണ്ട മുഖ്യവിഷയമാക്കുക.

ഈ മൂന്നു പൊതുധാരകളിൽ ഊന്നുന്ന നടപടിക്രമങ്ങൾ കേരള പുനർനിർമ്മാണവുമായി ബന്ധപ്പെട്ട്, വിവിധ വികസന വകുപ്പുകൾ ആസൂത്രണം ചെയ്ത നടപ്പിലാക്കുന്നതാണ്. DPLന്റെ ആദ്യഗഡു 2019-20 വർഷത്തിൽ തന്നെ ലഭ്യമാകും.

പുനർനിർമാണത്തിന് മികവുള്ള സാങ്കേതികവൈദഗ്ധ്യം സമന്വയിപ്പിക്കുക എന്നത് പ്രധാനമാണ്. പല രംഗങ്ങളിലും നാം ഉപയോഗിക്കുന്ന സാങ്കേതികവിദ്യകളേക്കാൾ മികച്ചവ ആഗോളതലത്തിൽ ലഭ്യമാണ്. മാലിന്യനിർമാർജനം, റോഡ് നിർമാണം, തണ്ണീർത്തട പരിപാലനം എന്നിങ്ങനെ പല മേഖലകളിലും ആഗോളതലത്തിൽ മികച്ച മാതൃകകൾ ഉണ്ട്. അവ സ്വാംശീകരിച്ചുകൊണ്ടായിരിക്കും പുനർനിർമാണപ്രവർത്തനങ്ങൾ നടത്തുക. ഇതിനായി ആധുനിക വൈജ്ഞാനികമേഖലകളിൽ പ്രവൃത്തിക്കുന്നവരായ ആഗോള കേരളീയ പ്രവാസി സമൂഹത്തിന്റെയും സഹകരണം വാഗ്ദാനം ചെയ്ത ലോക രാഷ്ട്രങ്ങളുടെയും അറിവും കഴിവും പ്രായോഗികപരിചയവും ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പുനർനിർമാണ പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്.

കേരളത്തിന്റെ സ്വന്തം സൈന്യത്തിനൊരു ബിഗ് സല്യൂട്ട്!
പ്രളയരക്ഷാപ്രവർത്തനം നടത്തിയ മത്സ്യത്തൊഴിലാളികൾക്കു കേരളം നല്കിയ ആദരം



ലോക പുനർനിർമ്മാണ സമ്മേളനം

ജനീവ - മെയ് 13, 2019

മുഖ്യമന്ത്രി പിണറായി വിജയൻ ചെയ്ത പ്രസംഗം



ഞാൻ ഇവിടെ പ്രതിനിധാനം ചെയ്യുന്ന കേരള സംസ്ഥാനം ഇന്ത്യയുടെ തെക്കേ അറ്റത്തുള്ള പ്രദേശമാണ്. വൈവിധ്യമാർന്ന ഒരു പ്രകൃതിസമ്പത്ത് കേരളത്തിനുണ്ട്. കഴിഞ്ഞ 90 വർഷത്തിനിടെ ഇത്ര വലിയ ഒരു പ്രകൃതിദുരന്തം നമുക്ക് നേരിടേണ്ടിവന്നിട്ടില്ല. എന്നാൽ 2018 ആഗസ്റ്റിലുണ്ടായ സമാനതകളില്ലാത്ത വെള്ളപ്പൊക്കം സംസ്ഥാനസർക്കാരിനു മുന്നിലും പൊതുസമൂഹത്തിനു മുന്നിലും പുതിയൊരു വെല്ലുവിളിയുയർത്തി.

ഈ വെള്ളപ്പൊക്കം നമ്മുടെ സംസ്ഥാനത്തെ വളരെ പ്രതികൂലമായി ബാധിച്ചു. വിലപ്പെട്ട 453 മനുഷ്യ ജീവനുകൾ നമുക്ക് നഷ്ടപ്പെട്ടു. ഇതിനുപുറമെ 2,80,000 വീടുകൾ പൂർണ്ണമായോ ഭാഗികമായോ തകർന്നു. 1,40,000 ഹെക്ടറിൽ കാർഷികവിളനാശമുണ്ടായി. 70,000 കിലോമീറ്റർ റോഡ് ശൃംഖലയ്ക്ക് സാരമായ കേടുപാടുകൾ സംഭവിച്ചു. സംസ്ഥാനത്തിന്റെ മൊത്തം നഷ്ടം 4.4 ബില്യൺ അമേരിക്കൻ ഡോളറാണെന്ന് ഐക്യരാഷ്ട്രസഭയുടെ ഏജൻസികൾ നടത്തിയ പഠനത്തിൽ (Post Disaster Needs Assessment - PDNA) അനുമാനിച്ചിട്ടുണ്ട്.

എന്നാൽ കേരളീയസമൂഹം ഈ പ്രകൃതിദുരന്തത്തെ അസാമാന്യമായ നിശ്ചയദാർഢ്യത്തോടെയാണ് നേരിട്ടത്. പ്രത്യേകിച്ച് യുവാക്കളും വിദ്യാർത്ഥികളും അസാധാരണമായ ഇച്ഛാശക്തിയോടെ പ്രവർത്തിച്ചു. കേരള സമൂഹത്തിൽ വേരുന്നിയ നവോത്ഥാനമൂല്യങ്ങൾ ഉൾക്കൊണ്ടതുകൊണ്ടാണ് അവർക്കിത് സാധ്യമായത്. നമ്മുടെ സമൂഹം മതനിരപേക്ഷ മൂല്യങ്ങളിലധി

ഷ്ഠിതമായതിനാൽ ഈ പ്രകൃതിദുരന്തം ഉയർത്തിയ വെല്ലുവിളി നേരിടുന്നതിൽ ഏകമനസ്സോടെ പ്രവൃത്തിക്കുവാൻ സാധിച്ചു.

കേരളത്തിലെ പൊതുസമൂഹവും സർക്കാരും ഐക്യത്തോടെയും പെട്ടെന്നും ഉണർന്നു പ്രവർത്തിച്ചു. കടലിനോട് മല്ലടിച്ച് നിത്യവൃത്തി കഴിക്കുന്ന മത്സ്യത്തൊഴിലാളിസമൂഹത്തോട് നമ്മൾ പ്രത്യേകം കടപ്പെട്ടിരിക്കുന്നു. അവരുടെ സമയോചിതമായ ഇടപെടൽ ഇല്ലായിരുന്നെങ്കിൽ ഇതിലുമധികം ജീവനുകൾ പ്രളയത്തിൽ നഷ്ടപ്പെടുമായിരുന്നു.

സർക്കാർസംവിധാനം ജാഗരൂകമായി മുഴുവൻ സമയവും ഈ പ്രതിസന്ധി നേരിടാനായി പ്രവർത്തനനിരതമായിരുന്നു. മന്ത്രിമാരും ഉദ്യോഗസ്ഥരും സ്ഥിതിഗതികൾ സൂക്ഷ്മമായി വിലയിരുത്താൻ എല്ലാ ദിവസവും യോഗം ചേർന്നു. സംസ്ഥാന ഉദ്യോഗസ്ഥർക്കൊപ്പം സായുധസേനാംഗങ്ങളും ഇതിൽ മുഖ്യപങ്കുവഹിച്ചു. വീടുകളിലകപ്പെട്ടുപോയ ആളുകളെ രക്ഷപ്പെടുത്തി സുരക്ഷിതസ്ഥലങ്ങളിലെത്തിച്ചു.

ആയിരക്കണക്കിന് പൗരരുടെയും പ്രവാസി മലയാളികളുടെയും സഹായ ഏജൻസികളുടെയും സംഭാവനകൾ സംഭരിക്കാനും കാര്യക്ഷമമായി വിനിയോഗിക്കാനും സാധിച്ചു. നമ്മുടെ സംസ്ഥാനത്ത് സാധാരണസ്ഥിതി വളരെ പെട്ടെന്ന് പുനഃസ്ഥാപിക്കാൻ കഴിഞ്ഞു. അടിസ്ഥാന പശ്ചാത്തലസൗകര്യമായ വൈദ്യുതിവിതരണം റെക്കോഡ് സമയത്തിനുള്ളിൽ പുനഃസ്ഥാപിച്ചു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും സിവിൽ സമൂഹത്തിന്റെയും ബഹുജനസംഘടനകളുടെയും പങ്കാളിത്തത്തോടെ പ്രളയബാധിതവീടുകളുടെ ശുചീകരണവും കുടിവെള്ളം, മരുന്നുകൾ, മറ്റ് അവശ്യ സാധനങ്ങൾ എന്നിവയും സർക്കാർ ലഭ്യമാക്കി.

ഭാഗികമായും പൂർണ്ണമായും കേടുപാടുകൾ വന്ന വീടുകൾ പുനർനിർമ്മിക്കാൻ ഒരു സമഗ്രപദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഗാർഹികോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് അവ വീണ്ടെടുക്കാനായി സഹകരണ-വാണിജ്യ ബാങ്കുകൾ വഴി വായ്പകൾ ലഭ്യമാക്കി വനിതാ സ്വയംസഹായസംഘടനയായ കുടുംബശ്രീ വഴി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു. ഈ വായ്പകളിന്മേലുള്ള പലിശ സർക്കാർ വഹിക്കാനുള്ള തീരുമാനവും കൈക്കൊണ്ടു. പ്രളയബാധിതരായ കുടുംബങ്ങൾക്ക് നിലവിലുള്ള തൊഴിൽദാനപദ്ധതികൾ വഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സംസ്ഥാനസർക്കാരിന് കഴിഞ്ഞു. കേടുപാടുകൾ സംഭവിച്ച വീടുകളും പൂർണ്ണമായി തകർന്നുപോയ വീടുകളും കുടുംബാംഗങ്ങളുടെ പങ്കാളിത്തത്തോടെ പുനർനിർമ്മിക്കാൻ സംസ്ഥാനസർക്കാർ ധനസഹായം നല്കിവരുന്നു.

കേരളം പുനർനിർമ്മിക്കുക എന്ന ബൃഹദ് ദൗത്യമാണ് ഇപ്പോൾ സർക്കാർ ഏറ്റെടുത്തിരിക്കുന്നത്. പ്രളയത്തിനുമുമ്പ് ഉണ്ടായിരുന്നത് പുനഃസ്ഥാപിക്കുകയല്ല ഇതിന്റെ ലക്ഷ്യം. ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതിദുരന്തങ്ങളുടെ ആഘാതം താങ്ങാൻ ശേഷിയുള്ള ഒരു പുതിയ കേരളം നിർമ്മിക്കാനാണ് കേരള പുനർനിർമ്മാണത്തിലൂടെ ഉദ്ദേശിക്കുന്നത്.

കേരളപുനർനിർമ്മാണദൗത്യം ഒരു കർമ്മപദ്ധതിയായാണ് നടപ്പാക്കുന്നത്. പ്രകൃതിസൗഹൃദനിർമ്മാണരീതികൾ, നദീജലത്തിന് കൂടുതൽ ഇടം നല്കുന്ന നയങ്ങൾ, പ്രളയത്തോടൊപ്പം ജീവിക്കുകയും അതിനെ അതിജീവിക്കുകയും ചെയ്യുന്ന ശൈലി എന്നിവയാണ് ഈ ദൗത്യത്തിന്റെ മുഖ്യഘടകങ്ങൾ. കേരളസംസ്ഥാനത്തിന് സാമൂഹികസുരക്ഷാനടപടികളുടെ ദീർഘമായ ഒരു ചരിത്രമുണ്ട്. ഭൂപരിഷ്ക രണം, വിദ്യാഭ്യാസ-ആരോഗ്യമേഖലകളിലെ ഇടപടലുകൾ തുടങ്ങി നിരവധി പുരോഗമനപരമായ ഇടപെടലുകൾ നടത്തി





നെതർലൻഡ്സ് വികസനമാതൃക പഠിക്കാനെത്തിയ മുഖ്യമന്ത്രി പിണറായി വിജയനെ
അടിസ്ഥാനസൗകര്യ-ജലപരിപാലന മന്ത്രി കോറ വാൻ ന്യൂയെൻഹിസൻ സ്വീകരിക്കുന്നു

യിട്ടുള്ള സംസ്ഥാനത്തിന് ഇപ്പോഴത്തെ ദൗത്യവും ജന പങ്കാളിത്തത്തോടെ നടപ്പാ ക്കാൻ കഴിയുമെന്ന ശുഭപ്ര തീക്ഷയുണ്ട്. ശക്തമായ വികേന്ദ്രീകൃതഭരണസമ്പ്രദായം ഇക്കാര്യത്തിൽ നമുക്ക് വലിയ താങ്ങായിരിക്കും.

പുനരധിവാസപദ്ധതികൾ സമൂഹത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നവരുടെ അടിസ്ഥാനാവശ്യങ്ങ ളായ ഭക്ഷണത്തിനും പാർപ്പിടത്തിനും പരമപ്രാധാന്യം നല്കുന്നു. ഈ വിഭാഗങ്ങൾക്ക് അവ ഔദാര്യമായല്ല, മറിച്ച്, അവരുടെ അവകാശമായി ലഭ്യമാക്കുന്നത് ഉറപ്പാ ക്കുകയാണ് നമ്മുടെ ലക്ഷ്യം.

എന്റെ പ്രസംഗം ഉപസംഹരിക്കുന്നതിന് മുന്നോ ടിയായി മെയ് മാസം ഫാനി കൊടുങ്കാറ്റ് ഇന്ത്യയിലെ ഒഡീഷ സംസ്ഥാനത്തെ വളരെയധികം പ്രതികൂലമായി ബാധിച്ചതായി ഇവിടെ അറിയിക്കുകയാണ്. മനുഷ്യജീ വനുകൾക്ക് കാര്യമായ നഷ്ടമുണ്ടാകാതെ ഈ ദുരന്ത ത്തെ അതിജീവിക്കാൻ ഒഡീഷയ്ക്ക് കഴിഞ്ഞത് ആവശ്യ മായ മുന്നറിയിപ്പ് കിട്ടിയതുകൊണ്ടാണ്. മുന്നറിയിപ്പ് സംവിധാനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന്റെ പ്രാധാന്യമാണ് ഇവിടെ ശ്രദ്ധേയമാ കുന്നത്. ആഗോള താപനം കാരണം ഉണ്ടാകുന്ന കാലാവസ്ഥാവ്യതിയാന ങ്ങളും വെള്ളപ്പൊക്കവും കൊടുങ്കാറ്റും കൂടുതലുണ്ടാകുന്ന ഈ കാലഘട്ടത്തിൽ മുന്നറി യിപ്പ സംവിധാനങ്ങളുടെ പ്രാധാന്യം വളരെ വലുതാണ്.

ഏറ്റവും ദുർബലരായ വിഭാഗങ്ങളെ ഉൾപ്പെടുത്തി പുനർനിർമ്മാണം നടത്തുക എന്ന ഈ സമ്മേളനത്തി ന്റെ പ്രധാന ആശയത്തെ ഞാൻ പൂർണ്ണമനസ്സോടെ പി ന്താങ്ങുന്നു. ഇവിടെ ഞാൻ പറയാൻ ആഗ്രഹിക്കുന്ന ഒരു പ്രധാനപ്പെട്ട കാര്യം 2018ലെ വെള്ളപ്പൊക്കം കേരള സമൂഹത്തിന്റെ ഏറ്റവും വലിയ നന്മയെ പുറത്തു കൊണ്ടു വന്നു എന്നതാണ്. സാമൂഹിക, സാമ്പത്തിക വ്യത്യാസ ങ്ങൾ മറന്ന് സാഹോദര്യമനോഭാവത്തോടെ പരസ്പരം പിന്തുണ നല്കി പ്രകൃതി ദുരന്തത്തെ അതിജീവിച്ചു. ഇത് പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ വേണ്ട ഊർജ്ജം പകർന്നുനല്കും.

ഞങ്ങളുടെ അനുഭവങ്ങൾ പങ്കുവെക്കുന്നതിലും മറ്റുള്ളവരുടെ അനുഭവങ്ങളും കാര്യക്ഷമമായ പരിഹാര മാർഗ്ഗങ്ങളും മനസ്സിലാക്കുന്നതിലും ഞങ്ങൾക്ക് സന്തോ ഷമുണ്ട്. ഈ ഫോറം പുതിയതും മെച്ചപ്പെട്ടതുമായ ആശ യങ്ങൾ ലഭിക്കുന്നതിനും സംസ്ഥാനത്തിന്റെ പുനർ നിർമ്മാണം മെച്ചപ്പെട്ടതാക്കാനുമുള്ള ഒരു നാഴികക്കല്ലാ യാണ് ഞങ്ങൾ കാണുന്നത്.

ഈ ക്ഷണത്തിന് ഞാൻ ഒരിക്കൽക്കൂടി നന്ദി പറയുന്നു. വിലപ്പെട്ട ആശയങ്ങൾ കൈമാറിക്കിട്ടുമെന്ന പ്രത്യാശയും പ്രകടിപ്പിക്കുന്നു.

വിഭവസമൃദ്ധിക്ക് കിഫ്ബി

സർക്കാർ അധികാരമേൽക്കുമ്പോൾ കേരളത്തിന്റെ വികസനസങ്കൽപ്പങ്ങൾ വലുതായിരുന്നു. എന്നാൽ വിഭവലഭ്യതയാകട്ടെ പരിമിതവും. വിദേശത്തുനിന്നു കടമെടുക്കാൻ കേന്ദ്രം നിശ്ചയിച്ച പരിധി ഉയർത്താത്തതും പ്രതിസന്ധി ഉണ്ടാക്കി. ഈ ഘട്ടത്തിലാണ് കിഫ്ബി വഴി വിഭവസമാഹരണത്തിനുള്ള ആശയം സർക്കാർ മുന്നോട്ടു വെക്കുന്നത്. അഞ്ചു വർഷത്തിനുള്ളിൽ അമ്പതിനായിരം കോടി രൂപയുടെ പദ്ധതികൾ കിഫ്ബി വഴി നടപ്പാക്കാനാണ് ലക്ഷ്യമിട്ടത്. മൂന്നു വർഷം തികയുമ്പോഴേക്കും 42,363 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നല്കിക്കഴിഞ്ഞു. വിവിധ വകുപ്പുകൾക്ക് കീഴിൽ 533 പദ്ധതികൾക്കാണ് ഇതിനോടകം കിഫ്ബി അംഗീകാരം നല്കിയിട്ടുള്ളത്. ഇവയിൽ 9928 കോടി രൂപയുടെ 238 പ്രവൃത്തികൾ ടെണ്ടർ നടപടികളിലേയ്ക്ക് കടന്നു. 7893 കോടി രൂപ അടങ്കലുള്ള 193 പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു.

കേരളത്തിന്റെ പ്രധാന പദ്ധതിയായ ഹൈടെക് ക്ലാസ്റൂം പദ്ധതി 45,000 ക്ലാസ്റൂമുകളിൽ പൂർത്തിയാക്കിയത് കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ്. സാധാരണക്കാർക്ക് ആശ്രയമാകും വിധം താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂനിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ആദ്യഘട്ടവും കിഫ്ബി വഴി നടപ്പാക്കി. ആൻജിയോപ്ലാസ്റ്റിയും ആൻജിയോഗ്രാമും അടക്കമുള്ള ഹൃദ്രോഗ ചികിത്സക്കുള്ള കാത്ത് ലാബുകൾ ജില്ലാ ആശുപത്രികളിൽ നിർമ്മിക്കുന്ന പദ്ധതി നടപ്പാക്കുന്നതും കിഫ്ബി വഴി തന്നെ. വനാതിർത്തികളിൽ സോളാർ ഫെൻസിംഗ് നിർമ്മിക്കാനുള്ള പദ്ധതി പൂർത്തീകരിച്ചതും കിഫ്ബി ഫണ്ടുപയോഗിച്ചാണ്.

പൊതുവിദ്യാഭ്യാസ മേഖലയിൽ 2038 കോടി രൂപയുടെ 76 പ്രവൃത്തികൾക്ക് അംഗീകാരം നല്കി. അതിൽ 1376 കോടി രൂപയുടെ 49 പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തു. ആരോഗ്യ മേഖലയിൽ 1614.42 കോടി രൂപയുടെ പ്രവൃത്തികൾക്ക് അംഗീകാരം നല്കിയപ്പോൾ 963.33 കോടി രൂപയുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്തു. 678.02 കോടി രൂപയുടെ പ്രവൃത്തികൾ നിർമ്മാണത്തിലാണ്. 10,491 കോടി രൂപയുടെ 249 പ്രവൃത്തികൾക്കാണ് പൊതുമരാമത്ത് വകുപ്പിൽ അനുമതി നല്കിയത്. ഇതിൽ 3717 കോടി രൂപയുടെ 111 പ്രവൃത്തികൾ ടെണ്ടർ നടപടികളിലേക്കു കടക്കുകയും 3104 കോടി രൂപയുടെ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കുടിവെള്ള മേഖലയിൽ 66 പദ്ധതികൾക്കായി 3252.54 കോടി രൂപയുടെ പ്രവൃത്തികൾക്ക് അംഗീകാരം നല്കി. 1083.15 കോടി രൂപയുടെ 23 പദ്ധതികൾ നിർമ്മാണത്തിലേയ്ക്ക് നീങ്ങി. ഇങ്ങനെ സംസ്ഥാനത്തെ ജനങ്ങൾ പതിറ്റാണ്ടുകളായി ഉന്നയിക്കുന്ന വികസനപ്രശ്നങ്ങൾക്ക് പരിഹാരമേകാനുള്ള സുപ്രധാന ചുവടുവെപ്പായി കിഫ്ബി മാറിക്കഴിഞ്ഞു.



ചരിത്രമുഹൂർത്തം: ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ച് മുഖ്യമന്ത്രി പിണറായി വിജയൻ വ്യാപാരത്തിനു തുറന്നുകൊടുക്കുന്നു.

ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ നിയമസഭാ മണ്ഡലത്തിലും കിഫിബി പദ്ധതികൾ നടപ്പാക്കുന്നു.

കിഫിബിയുടെ ധനസമാഹരണത്തിനും പ്രത്യേകതകൾ ഉണ്ട്. കിഫ്ബിയിലേക്ക് നിക്ഷേപങ്ങൾ ആകർഷിക്കാനായി മസാല ബോണ്ട് പുറത്തിറക്കിയപ്പോൾ മികച്ച പ്രതികരണം ലഭിച്ചു. 2150 കോടി രൂപ മസാല ബോണ്ട് വഴി ശേഖരിച്ചു. കിഫ്ബി മസാല ബോണ്ട് പുറത്തിറക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രിയെ പങ്കെടുപ്പിച്ച ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ച് കേരളത്തിൽ അന്താരാഷ്ട്രസമൂഹത്തിന്റെ വിശ്വാസം കൂടിയാണ് രേഖപ്പെടുത്തിയത്.

ഉറച്ച കാൽവെപ്പ്

- ജനകീയ വിഷയങ്ങളിൽ നിർണ്ണായകമായ ഉറച്ച തീരുമാനമെടുത്ത മൂന്നു വർഷങ്ങളാണ കടന്നു പോകുന്നത്.
- കടകളിൽ ജോലി ചെയ്യുന്നവർക്ക് ഇരിക്കാനുള്ള അവകാശം നല്കി നിയമഭേദഗതി കൊണ്ടുവന്നു.
- നോക്കുകൂലി നിരോധനം കർശനമാക്കി തൊഴിൽ മേഖലയിലെ തെറ്റായ പ്രവണതകൾക്ക് കടിഞ്ഞാണിട്ടു.
- ടൂറിസംമേഖലയെ ഹർത്താലിൽനിന്ന് ഒഴിവാക്കാനുള്ള പൊതുതീരുമാനം ഉണ്ടാക്കി.
- വ്യവസായവികസനത്തിന് ഈസ് ഓഫ് ഡൂയിംഗ് ബിസിനസിനായി നിയമഭേദഗതി.
- ഹർത്താലിന്റെ മറവിൽ സ്വകാര്യസ്വത്തിന്മേലുള്ള അക്രമം തടയാൻ നിയമഭേദഗതി.
- അമ്പലങ്ങളിൽ ശാന്തിമാരായി പട്ടികജാതിക്കാർ ഉൾപ്പെടെയുള്ളവർക്ക് നിയമനം.
- ദേവസ്വം ബോർഡുകളിൽ മൂന്നാക്കക്കാരിലെ പിന്നാക്കക്കാർക്ക് സംവരണം.
- എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യ വൈദ്യുതി.
- ജലസ്രോതസുകളുടെ മലിനീകരണം തടയാൻ നിയമനിർമ്മാണം.
- ആരോഗ്യമേഖലയിലെ ഗ്രണനിലവാരം ഉറപ്പാക്കാൻ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ പാസാക്കി.
- ഇന്റർനെറ്റ് ഓരോ പൗരന്റെയും അവകാശമായി പ്രഖ്യാപിച്ചു.
- സ്വാശ്രയസ്ഥാപനങ്ങളിൽ ജനാധിപത്യാവകാശങ്ങൾക്ക് നടപടി സ്വീകരിച്ചു.
- പരിസ്ഥിതിസംരക്ഷണത്തിന് ഇലക്ട്രിക് വെഹിക്കിൾ നയം.
- പുത്തൻ ആശയങ്ങൾ വികസനത്തിന്.
- രാജ്യത്തെ ആദ്യ സോളാർബോട്ട്നീറ്റിലിറക്കി; ഇന്ധനലാഭം, മലിനീകരണം കുറവ്.
- ഇ-ഓട്ടോ കേരളത്തിൽതന്നെ നിർമ്മിക്കുന്നു.
- വാട്ടർ ആംബുലൻസ് നീറ്റിലിറക്കി, കുട്ടനാട് മേഖലയിലെ ജനതയ്ക്ക് ആശ്വാസമേകി.
- മാൻഹോളിലെ മാലിന്യം നീക്കാൻ ജൻ റോബോട്ടിക്സ്.
- പൊലീസ് ആസ്ഥാനത്ത് റോബോട്ട്.
- ഇലക്ട്രിക് ബസ് കേരളത്തിലെ പൊതുഗതാഗത സംവിധാന രംഗത്തേക്ക് കൊണ്ടുവന്നു.
- കേരളത്തിന്റെ സ്വന്തം കംപ്യൂട്ടർ കോക്കോണിക്സ് തയ്യാറാകുന്നു.
- ട്രാഫിക് മേഖലയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിക്കാൻ തീരുമാനം.
- പ്ലാസ്റ്റിക് ഉപയോഗിച്ച് 170 കി മീ റോഡ് നിർമ്മാണം.
- കയർ ഭ്രവസ്തും ഉപയോഗിച്ച് റോഡ് ബലപ്പെടുത്തൽ.
- ജർമ്മൻ സാങ്കേതികവിദ്യയായ ഫുൾ ഡെപ്ത് റിക്ലമേഷൻ യന്ത്രങ്ങൾ ഉപയോഗിച്ച് താറിളക്ക് റോഡ് നിർമ്മാണം.

മറ്റു ചില പ്രധാന പദ്ധതികൾ, പ്രവർത്തനങ്ങൾ

- നിർമ്മാണരംഗത്തു പുതിയ സാങ്കേതികവിദ്യകളും പരിസ്ഥിതിസൗഹൃദരീതികളും നടപ്പാക്കുന്നു. ഗ്രണമേന്മ വർദ്ധിപ്പിക്കാൻ ഉദ്യോഗസ്ഥർക്കു വിവിധതരം പരിശീലനം നൽകി. പ്ലാസ്റ്റിക് ഉപയോഗിച്ച് 170 കിലോമീറ്റർ റോഡു നിർമ്മിച്ചു. കയർ ഭ്രവസ്തും ഉപയോഗിച്ച് 6.90 കിലോമീറ്റർ റോഡ് ബലപ്പെടുത്തി. ജർമ്മൻ സാങ്കേതികവിദ്യയായ ഫുൾ ഡെപ്ത് റിക്ലമേഷൻ യന്ത്രങ്ങൾ ഉപയോഗിച്ച് റീസൈക്കിൾഡ് സോയിൽ സ്റ്റബിലൈസ്ഡ് സബ്ബേസ് തയ്യാറാക്കി 5.90 കിലോമീറ്റർ റോഡ് പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിച്ചു.
- റോഡ് സുരക്ഷയ്ക്ക് പ്രാധാന്യം നൽകിയാണ് ഈ സർക്കാർ റോഡു നിർമ്മിക്കുന്നത്. 3831 സൈൻ ബോർഡുകൾ, 18860 മീറ്റർ ക്രാഷ് ബാരിയറുകൾ, 2203.03 ച.മീറ്റർ ഡയറക്ഷൻ ബോർഡുകൾ, 5209 ഡീലീനിയേറ്റർ പോസ്റ്റ് തുടങ്ങിയവ സ്ഥാപിച്ചു. 20 ബ്ലാക്ക് സ്പോട്ടുകൾ നവീകരിക്കുന്നു.
- 2529 പാലങ്ങളുടെ ബലവും സുരക്ഷയും പരിശോധിച്ചു. അപകടാവസ്ഥയിലുള്ള 162 പാലങ്ങൾ പുനർനിർമ്മിക്കാൻ ഇൻവെസ്റ്റിഗേഷൻ ആരംഭിച്ചു. ഇതിൽ 38 പാലങ്ങൾക്ക് വിവിധ സ്കീമുകളിൽ ഭരണാനുമതി നല്കി.
- പാലങ്ങളുടെ പ്രവൃത്തികൾക്കും മേൽനോട്ടത്തിനുമായി ഒരു ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പാലം വിഭാഗം രൂപവത്ക്കരിച്ചു. കിഫ്ബി പ്രവൃത്തികൾക്കായി കേരള റോഡ് ഫണ്ട് ബോർഡിൽ ചീഫ് എഞ്ചിനീയർ കാഡറിലുള്ള പ്രോജക്ട് ഡയറക്ടറുടെ നേതൃത്വത്തിൽ എഞ്ചിനീയറിങ് വിഭാഗവും രൂപവത്ക്കരിച്ചു.
- മലബാർ ദേവസ്വം ബോർഡിനു കീഴിലെ മലപ്പുറം പന്തല്ലൂർ ഭഗവതിക്ഷേത്രം വക 400 ഏക്കർ ഭൂമി മലയാള മനോരമ അനധികൃതമായി കൈവശം വെച്ചിരുന്നത് ഹൈക്കോടതിവിധി പ്രകാരം ദേവസ്വം ബോർഡ് ഏറ്റെടുത്തു.

- അന്യാധീനപ്പെട്ട ദേവസ്വംഭൂമി തിരിച്ചെടുക്കാൻ ദേവസ്വം ട്രൈബ്യൂണൽ രൂപവത്ക്കരിക്കാനുള്ള നിയമനിർമ്മാണനടപടി അന്തിമഘട്ടത്തിൽ.
- ശബരിമലതീർത്ഥാടനത്തോട് അനുബന്ധിച്ചും ശബരിമല മാസ്റ്റർ പ്ലാൻ നിർവ്വഹണത്തിനുമായി ചെലവഴിക്കുന്ന തുക ഈ സർക്കാർ വന്നതുമുതൽ ഗണ്യമായി വർദ്ധിപ്പിച്ചു. കഴിഞ്ഞ ആറുവർഷം ആകെ ചെലവഴിച്ചത് 959.805 കോടി രൂപയാണ്. ഏതാണ്ട് ഇരുത്തോളം പണമാണ നടപ്പുസാമ്പത്തികവർഷം മാത്രം ചെലവഴിക്കാൻ പോകുന്നത്. ആകെ 917 കോടി രൂപയാണ ശബരിമലയ്ക്ക 2019-20ൽ നീക്കിവച്ചിരിക്കുന്നത്.
- ശബരിമലവികസനത്തിനുള്ള പദ്ധതിവിഹിതം ഉൾപ്പെടെയുള്ള തുക വിനിയോഗിച്ച നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സെക്രട്ടറിതലസമിതികൾ. ശബരിമലയുടെ നിർമ്മാണപ്രവർത്തനങ്ങൾ അന്താരാഷ്ട്രനിലവാരത്തിലുള്ള ഏജൻസികളെക്കൊണ്ടു നടപ്പാക്കിക്കാൻ പ്രത്യേക എസ്.പി.വി രൂപവത്ക്കരിക്കുന്നു.
- റേഷൻകടകൾ വഴി സമൃഷ്ടീകരിച്ച ആട്ട വിതരണം തുടങ്ങി
- സ്വതന്ത്രാധികാരമുള്ള ഉപഭോക്തൃഡയറക്ടേറ്റ് ആരംഭിക്കാൻ നടപടികൾ തുടങ്ങി.
- മൾട്ടിലെവൽ മാർക്കറ്റിങ് നിയന്ത്രണത്തിനു മാർഗ്ഗരേഖ തയ്യാറാക്കി വിജ്ഞാപനം ചെയ്തു.
- എല്ലാ ജില്ലയിലും ഉപഭോക്തൃസഹായകേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി തുടങ്ങി.
- വിവിധ വള്ളംകളികൾ ഒരു ടൂറിസം പ്രൊജക്ട് ആക്കുന്നതിന്റെ ഭാഗമായി ലീഗ് അടിസ്ഥാനത്തിൽ മത്സരവള്ളംകളി തുടങ്ങി.
- സംസ്ഥാനത്ത് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന ആദ്യ ടൂറിസം പദ്ധതി ജടായുപാറയിൽ തുടങ്ങി.
- മോട്ടോർ വാഹനവകുപ്പിൽ സേവനങ്ങൾക്ക് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി
- തിരുവനന്തപുരം ആർടിഒ ഓഫീസ് ഹൈടെക് ആക്കി.
- ഡാമുകളിൽ അടിഞ്ഞുകൂടിയ ചെളി നീക്കം ചെയ്യാൻ പദ്ധതി തയ്യാറാക്കുന്നു
- ഗ്രഹോപകരണവിപണിയിൽ ഇടപെടാൻ സപ്ലൈകോ വഴി പദ്ധതി തുടങ്ങി.
- സംസ്ഥാനത്ത് 11 പുതിയ ഐടിഐ
- പത്ത് ഐടിഐകളെ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്താൻ പദ്ധതി.
- സംസ്ഥാനത്തു പൊതുസ്വകാര്യപങ്കാളിത്തത്തോടെ നടപ്പാക്കുന്ന ആദ്യ ടൂറിസംപദ്ധതി ജടായുപാറ രണ്ടാംഘട്ടം പൂർത്തിയായി. മൂന്നാംഘട്ടം അടുത്തവർഷം മധ്യത്തോടെ.
- തെന്മല ഇക്കോ-ടൂറിസം പദ്ധതിയിൽ 5 കോടി രൂപ മുടക്കി ലൈറ്റ് &സൗണ്ട് ഷോ പദ്ധതി പൂർത്തിയാക്കി സഞ്ചാരികൾക്കു തുറന്നുകൊടുത്തു.
- തിരുവനന്തപുരം വേളി ടൂറിസ്റ്റ് വില്ലേജിനായി 20 വർഷം മുൻപ് ഏറ്റെടുത്ത ഭൂമിയിൽ 34 കോടി രൂപ ചെലവിൽ കൺവെൻഷൻ സെന്റർ, ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ, ഇക്കോ പാർക്ക്, അർബൻ പാർക്ക് എന്നിവയുടെ നിർമ്മാണം ആരംഭിച്ചു.കോവളം, ശംഖുമുഖം, ആക്കുളം, വർക്കല എന്നിവിടങ്ങളിൽ 60 കോടി രൂപയുടെ പദ്ധതികൾക്കു തുടക്കം കുറിച്ചു.
- 2016 നവംബർ 8 ലെ നോട്ടുനിരോധം മൂലം സഹകരണമേഖലയ്ക്കുണ്ടായ പ്രതിസന്ധികൾ സർക്കാർ കൃത്യമായ ഇടപെടലിലൂടെ അതിജീവിച്ചു.
- സാഹിത്യപ്രവർത്തക സഹകരണസംഘം പുസ്തക-സാഹിത്യോത്സവം 'കൃതി' സംഘടിപ്പിച്ചു. 'കൃതി' രാജ്യത്തെ ഒന്നാം ശ്രേണിയിൽ സ്ഥാനം പിടിച്ചു.
- സഹകരണ ബാങ്കുകളിൽനിന്നു വായ്പയെടുത്തശേഷം മരിച്ചവർ, മാരകരോഗം ബാധിച്ചവർ എന്നിവർക്കായി രൂപവത്ക്കരിച്ച റിസ്ക് ഫണ്ട് പദ്ധതിക്കു കീഴിൽ ഈ സർക്കാർ 26,041 പേർക്ക് 197,01,08,083 രൂപ സഹായധനം നല്കി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി കഴിഞ്ഞാൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സഹായധനം നല്കുന്ന നിധിയായി ഇതു വളർന്നു.
- 2018 ആഗസ്റ്റിലെ പ്രകൃതിദുരന്തത്തിൽ ദുരിതബാധിതരെ സഹായിക്കാൻ സഹകരണമേഖല CARe Kerala (Co-operative Alliance to Rebuild Kerala) എന്ന പദ്ധതി നടപ്പാക്കി. പ്രളയത്തിൽ സമ്പൂർണ്ണമായും വീടു നഷ്ടപ്പെട്ട 2000 കുടുംബങ്ങൾക്ക് 5 ലക്ഷം രൂപയുള്ള വീടു നിർമ്മിച്ചുനല്കുന്ന CARe Home പദ്ധതിയുടെ പ്രവർത്തനം ത്വരിതഗതിയിൽ നടക്കുന്നു. ഒന്നാം ഘട്ടം 2000 വീടു നല്കി. രണ്ടാംഘട്ടമായി 2000 വീടുകൾകൂടി നിർമ്മിക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്തുവരുന്നു.
- പട്ടികജാതി-പട്ടികവർഗ്ഗവികസന ഫെഡറേഷനിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. ഫെഡറേഷൻ പ്രവർത്തനലാഭം നേടി കൂടുതൽ മേഖലകളിലേക്ക്.
- പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയുടെ പിന്തുണയോടെ അട്ടപ്പാടിയിൽ സമഗ്ര ആരോഗ്യപദ്ധതി നടപ്പാക്കിവരുന്നു.
- വ്യാപാരവാണിജ്യസ്ഥാപനങ്ങൾ, ഫാക്ടറികൾ, ആശുപത്രികൾ തുടങ്ങിയവയ്ക്ക ഗ്രേഡിങ്.
- ചവറയിൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC) പ്രവർത്തനം തുടങ്ങി. ITI, ഡിപ്ലോമ, എൻജിനീയറിങ്, ഡിഗ്രി എന്നിവ കഴിഞ്ഞവർക്കു ലോകോത്തരനിലവാരത്തിൽ ഉപരിപഠനം.
- ഉന്നതനിലവാരമുള്ള സ്ഥാപനങ്ങളിൽ ഉപരിപഠനത്തിന് അവസരം കിട്ടാൻ ബിരുദവിദ്യാർത്ഥികൾക്കു മൂന്നുവർഷപരിശീലനം നല്കുന്ന ധനസ് പദ്ധതി.

മികവിനു കിട്ടിയ അംഗീകാരങ്ങൾ



ഭരണമികവിനുള്ള ഇന്ത്യ ടുഡേ പുരസ്കാരം മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയിൽനിന്ന് ഏറ്റുവാങ്ങുന്നു.

- ഐക്യരാഷ്ട്രസഭയും നീതി ആയോഗും ചേർന്ന് തയ്യാറാക്കിയ സുസ്ഥിരവികസനലക്ഷ്യസൂചികയിൽ കേരളം ഒന്നാമത്.
- ആരോഗ്യവും ക്ഷേമവും, മികച്ച വിദ്യാഭ്യാസം, ലിംഗ സമത്വം എന്നീ വിഷയങ്ങളിൽ കേരളം ഒന്നാമതെത്തി.
- വ്യവസായം, നൂതനാശയം, അടിസ്ഥാനസൗകര്യ വികസനം എന്നീ വിഷയങ്ങളിൽ രണ്ടാം സ്ഥാനം
- ദാരിദ്ര്യ നിർമ്മാർജ്ജനം, വിശപ്പു രഹിതം, ക്രമസമാധാനം, നീതി നിർവ്വഹണം തുടങ്ങിയ മേഖലകളിൽ രാജ്യത്തെ മുന്നിൽ നിൽക്കുന്ന സംസ്ഥാനങ്ങളുടെ പട്ടികയിലാണ് കേരളം
- ബാംഗ്ലൂർ ആസ്ഥാനമായുള്ള പബ്ലിക് അഫയേഴ്സ് സെന്ററിന്റെ പഠനത്തിൽ രാജ്യത്ത് ഏറ്റവും മികച്ച ഭരണം കാഴ്ച വെക്കുന്ന സംസ്ഥാനം കേരളം. തുടർച്ചയായി മൂന്നാം വർഷമാണ് ഈ അംഗീകാരം
- മികച്ച അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്ന സംസ്ഥാനങ്ങളുടെ പട്ടികയിൽ ഒന്നാമതാണ് കേരളം. മാനുഷിക പുരോഗതിക്ക് പിന്തുണ നല്കുന്ന സംസ്ഥാനങ്ങളിലും വനിത - ശിശുസുരക്ഷ രംഗത്തും കേരളം മുന്നിലെത്തി.
- ശിശുസൗഹൃദസംസ്ഥാനമായി പബ്ലിക് അഫയേഴ്സ് ഇൻഡെക്സ് തെരഞ്ഞെടുത്തതും കേരളത്തെ
- ക്രമസമാധാനരംഗത്ത് രണ്ടാം സ്ഥാനവും പരിസ്ഥിതി സംരക്ഷണരംഗത്ത് മൂന്നാം സ്ഥാനവും കേരളത്തിനാണ്.
- സൈബർ ഡോം പദ്ധതിക്ക് അന്താരാഷ്ട്രാംഗീകാരം.
- The Information Security Leadership Achievements Asia-Pacific (ISLA Asia-Pacific) Award 2018.
- മികച്ച സൈബർ സുരക്ഷയുള്ള ഫിക്കിയുടെ (ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി) സ്മാർട്ട് പൊലീസിങ് പുരസ്കാരം കേരള പൊലീസിന്റെ സൈബർ ഡോം കരസ്ഥമാക്കി.
- UAE bpsS Best 'M' Government Service Award - 6th Edition സംസ്ഥാന പൊലീസിന്റെ മൊബൈൽ ആപ്ലിക്കേഷൻ ആയ 'Traffic Guru' വിന് ലഭിച്ചു.
- SKOCH Governance Award - 2018 കേരളാ പൊലീസിന്.
- നിപ പ്രതിരോധം: കേരളത്തിന് യു.പി.യിൽ ആദരം
- എമർജൻസി മെഡിസിൻ അസോസിയേഷൻ ലീഡർഷിപ്പ് അവാർഡ് മന്ത്രി കെ.കെ. ശൈലജ ടീച്ചർക്ക്.
- മാതൃമരണ നിരക്ക് കുറഞ്ഞ സംസ്ഥാനത്തിനുള്ള പ്ര

ധാനമന്ത്രി സുരക്ഷാ മാതൃത്വ അഭിയാൻ അവാർഡ്

- 2018 ൽ രാജ്യത്തെ മികച്ച സർക്കാർ ആശുപത്രികളായി ചാലക്കുടി താലൂക്ക് ആശുപത്രിയെയും നൂൽപ്പുഴ കുടുംബാരോഗ്യകേന്ദ്രത്തെയും തെരഞ്ഞെടുത്തു.
- 2019 ൽ ഇന്ത്യയിലെ ഏറ്റവും മികച്ച പ്രാഥമികാ രോഗ്യകേന്ദ്രമായി കയ്യൂർ കുടംബാരോഗ്യകേന്ദ്രം മാറി. കണ്ണൂർജില്ലയിലെവളപട്ടണംകുടുംബാരോഗ്യകേന്ദ്രം, കാസർഗോഡ് ജില്ലയിലെ വലിയപറമ്പ കുടുംബാരോഗ്യകേന്ദ്രം എന്നിവ 97 ശതമാനം മാർക്കോടെ എൻ.കൃ.എ.എസ്. അക്രഡിറ്റേഷൻ കരസ്ഥമാക്കി
- 'ഭിന്നശേഷിനയം 2016' നടപ്പിലാക്കുന്നതിൽ മികവ് പുലർത്തിയ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കേന്ദ്രസർക്കാർ സാമൂഹികനീതിവകുപ്പ് നല്കുന്ന 2018 ലെ ദേശീയ അവാർഡ്
- എൻ.എച്ച്.എഫ്.ഡി.സി.യുടെ മികച്ച സംസ്ഥാന ചാനലൈസിംഗ് ഏജൻസി വിഭാഗത്തിൽ കേരള സംസ്ഥാന വികലാംഗകോർപറേഷൻ തെരഞ്ഞടുക്കപ്പെട്ടു
- മികച്ച പാൽ ഉൽപാദനക്ഷമതാ സംസ്ഥാനത്തിനുള്ള ഇന്ത്യാ ടുഡെ അവാർഡ് കേരളത്തിന്
- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മികച്ച നേട്ടം കൈവരിച്ച സംസ്ഥാനം കേരളം. തൊഴിലുറപ്പ് പദ്ധതിയിൽ മികവുറ്റ ജലസംരക്ഷണപ്രവർത്തനങ്ങൾക്ക് രാജ്യത്ത് ഒന്നാംസ്ഥാനം. തൊഴിലുറപ്പ് പദ്ധതിയിൽ സമയബന്ധിതമായി വേതനം വിതരണം ചെയ്യുന്നതിലെ മികവിന് മൂന്നാം സ്ഥാനം. ബെയർഫൂട്ട് ടെക്നീഷ്യൻമാരെ വിനിയോഗിക്കുന്നതിലും സംസ്ഥാനം മൂന്നാം സ്ഥാനം നേടിയിരുന്നു.
- രാജ്യത്തെ മികച്ച 12 ഗ്രാമപ്പഞ്ചായത്തുകളിൽ ആലപ്പുഴ ജില്ലയിലെ ബുധനൂർ പഞ്ചായത്തും
- ഐക്യരാഷ്ട്രസഭയുടെ ഏറ്റവും വലിയ പരിസ്ഥിതി പുരസ്ക്കാരമായ 'ചാമ്പ്യൻ ഓഫ് എർത്തിന്' കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിനെ തെരഞ്ഞെടുത്തു. സമ്പൂർണമായും സൗരോർജത്തിൽ പ്രവൃത്തിക്കുന്ന ലോകത്തെ ആദ്യത്തെ വിമാനത്താവളം എന്ന നൂതനാശയം പ്രാവർത്തികമാക്കിയതിനാണ് സിയാൽ ഈ വിശിഷ്ടബഹുമതിയ്ക്ക് അർഹമായത്.
- പരിസ്ഥിതിസംരക്ഷണം, ശുചിത്വം എന്നീ മേഖലകളിൽ മികച്ച പ്രകടനത്തിനുള്ള ഇന്ത്യാടുഡെ പുരസ്കാരം കേരളത്തിന്.
- WTM-ന്റെ മൂന്ന് അവാർഡുകൾ (2 ഗോൾഡ് അവാർഡ്, ഒരു ഹൈലി കമന്റഡ് അവാർഡ്) ഉൾപ്പെടെ ഈ ഗവൺമെന്റ് വന്നശേഷം ഉത്തരവാദിത്ത ടൂറിസം മിഷന് 10 അവാർഡുകൾ ലഭിച്ചു.

ഉപസംഹാരം

പ്രകടനപത്രികയിലെ 600 ഇന പരിപാടികൾ കൂടുതൽ ഫലപ്രദമായി നടപ്പാക്കാൻ നിങ്ങളുടെ വിലയേറിയ നിർദ്ദേശാഭിപ്രായങ്ങൾ ആവശ്യമാണ്. അവ താഴെ പറയുന്ന വിലാസത്തിൽ അയയ്ക്കാം. കവറിനു മുകളിൽ 'പ്രോഗ്രസ്സ് റിപ്പോർട്ട് സംബന്ധിച്ച നിർദ്ദേശം' എന്ന് എഴുതണം.

വിലാസം : കേരളമുഖ്യമന്ത്രി,
മുഖ്യമന്ത്രിയുടെ ഓഫീസ്,
സെക്രട്ടേറിയറ്റ് നോർത്ത് ബ്ലോക്ക്,
തിരുവനന്തപുരം
ഇമെയിൽ: chiefminister@kerala.gov.in

പിണറായി വിജയൻ സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ട്

പറഞ്ഞതിലേറെ ചെയ്തുനിറഞ്ഞ് നാലാം വർഷത്തിലേക്ക്

2016 മേയ് 24 – 2019 മേയ് 23

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് - കേരളസർക്കാർ

Printed & published by T.V. Subhash IAS., Director, Information – Public Relations Department, on behalf of Government of Kerala.

Printed at: Orange Printers Pvt. Ltd., Thiruvananthapuram | Number of Copies 6000